വാധീനത്തിലാണെല്ലാമെന്നുംസ്വാധീനമല്ലതാൻ ബുദ്ധിമാനതി
നാൽദുഃഖംകൊണ്ടുതന്നെവരട്ടോലാ ॥ മരപ്പാവകളിങ്ങാക്കിവശത്തായ്
നിട്ടുന്നപോൽ ദേഹിയുംകർമ്മവശനായ്നടത്തീടുന്നശേഷവും ॥ അമ്മ
േ!ഞാൻകാട്ടുപൂക്കീട്ടുംദുഃഖിച്ചില്ലല്ലമെങ്കിലും ഭുജിക്കണംചെയ്യുകർമ്മ
മെന്നോർത്തു,തറിയുന്നഞാൻ ॥ മരിച്ചുവിട്ടെമുത്തച്ഛൻ,ദുഃഖത്തോടും
ഭീതിയാൽ എടുത്തുകൊണ്ടുപോയെന്നെക്കാട്ടിലായുമ്മകാട്ടിൽ ॥

ഘോരപീഡയുമുണ്ടായിവഴിയിൽ, ചിലവാക്കവാൻ പണവുംപോയ് ദ്ര
വ്യവുംപോയ്, ബാലനാമെന്നോടൊത്തവർ * മാരപ്പെട്ടുമാത്രമതി
കൽ ചെന്നു ചെന്നാളനാഥയായ് ക്രൂടിയുണ്ടീവില്ലെൻ, ധാത്രേയിയാ
യൊരുനാരിയും * കനിവുള്ളൃഷിമാരോടൊത്തൃഷിപത്നികൾചൂഴവേ
ഫലവുംവരിയും തിന്നങ്ങിതനുങ്ങളിങ്ങുവരും * ദുഃഖിച്ചില്ലേണ്ട ഞാൻ
മോഹിക്കുന്നില്ലിന്നീസുഖത്തിലും വിരോധവുംമത്സരവുമില്ലൊരിക്കലുമു
ള്ളിൽമമ * രാജഭോഗത്തിനെക്കാളുംവരിഭക്ഷ്യപ്പുഉത്തമം രാജഭോഗി
ക്കനരകം, വരിതിന്നാൽവരില്ലത് * അറിവുള്ളനരൻധർമ്മമായുള്ളോ
ന്നാചരിക്കണം ഇന്ദ്രിയങ്ങളെവെന്നതാതിരിപ്പാൻനരകങ്ങളിൽ *
നല്ലീഭാരതഖണ്ഡത്തിൽനരജന്മംസുദുർല്ലഭം ആഹാരാദിസുഖംതിട്ട
മെത്രജന്മംലഭിക്കിലും * നരജന്മംലഭിച്ചുന്നാൽചെയ്യണംധർമ്മമൊക്ക
യും സ്വർഗ്ഗവുംമോക്ഷവുംകിട്ടാനന്യജന്മത്തിലില്ലത്'

വ്യാസൻപറഞ്ഞു.

അവനാലിങ്ങുരചെയ്യപ്പെട്ടാലീലാവതിലജ്ജയാൽ പുത്രശോകം
കളഞ്ഞിട്ടുകരഞ്ഞുകൊണ്ടുചൊല്ലിനാൾ * 'സാപരാധയതായ്ഞാ
നായുധാജിത്താകമ്പുന്നാൽ നിൻപിതാമഹനേക്കൊന്നീരാജ്യംകയ്ക്കൊ
ണ്ടതില്ലയോ? * പുത്രനോടവനേയന്നുതടുക്കാൻഞാനശക്തയായ് അ
പരാധംചെയ്തതെല്ലാമവൻഞാനല്ലെടൊസുത! * മരിച്ചുകർമ്മദോഷ
ത്താലവർ, നിപച്ചുകാരണം പുത്രനേയോർത്തില്ലദുഃഖമവൻകർമ്മത്തെ
യോർത്തുതാൻ * നല്ലവൻനീയെൻറപുത്രൻ, നിന്മാതാവെൻറസോദരി
*കോപവുംദുഃഖവുംനിങ്കലില്ലെനിക്കില്ലിവൂസുത! * രാജ്യംരക്ഷിക്കനീപാ
ലിച്ചീടുകന്നീ ജനങ്ങളെ ദേവീപ്രസാദാലീരാജ്യംശത്രുവാവൂലഭിച്ചു
തേ. * അവർതന്നാവാക്കകേട്ടുനമിച്ചിട്ടാനൃപാത്മജൻ പണ്ടുതന്നമ്മ
പാർത്തോരാനല്ലകൊട്ടാരമെത്തിനാൻ. * മന്ത്രിമാരെയൊക്കെവിളിച്ചു
വിരുതകന്നപാർത്തവൻ ദൈവജ്ഞരോടുചോദിച്ചാൻനന്മുഹൂർത്തദിന
ങ്ങളും * സ്വർണ്ണസിംഹാസനംനന്നായുണ്ടാക്കിച്ചിട്ടതിങ്കലായ് വ
സിക്കുംദേവിയെഭക്ത്യാപൂജിക്കാംഞാനഹർന്നിശം * ധർമ്മാർത്ഥകാമമോ
ക്ഷങ്ങളേകുംദേവിയെയാസനേ വാഴിച്ചാൽനാട്ടുവഴ്ചംഞാൻ, ശ്രീരാമാ
ദികളെന്നപോൽ * പൌരന്മാരൊക്കെയെന്നുംശ്രീദേവിയെപ്പൂജചെ
യ്യണം മാനിക്കണംസർവകാമമേകുന്നജ്ജീവശക്തിയേ * പറയപ്പെട്ടി
തുമന്ത്രിമാർ, ചെയ്തുർരാജശാസനം ശില്പിമാരെക്കൊണ്ടുദേവാലയം
ചെയ്യിച്ചുമംഗിയായ് * ബിംബവുംപണിചെയ്യിച്ചു, നന്മുഹൂർത്തത്തിൽ

തിലായ് വേദജ്ഞവിപ്രരെക്കൊണ്ടുപ്രതിഷ്ഠിപ്പിച്ചുനൃപതി ॥ ഹോ
മത്തെവിധിപോൽചെയ്തുപൂജിച്ചുദൈവതങ്ങളെ വിമാനത്തിൽദേ
വിയെയുംപ്രതിഷ്ഠിപ്പിച്ചുമന്നവൻ ॥ വാദ്യഘോഷങ്ങളുംനാനാഗാന
ഘോഷങ്ങളുംനൃപ! വിപ്രവേദധ്വനികളുംകൊണ്ടുണ്ടായവിടുത്സവം ॥

വ്യാസൻ പറഞ്ഞു

ദേവീപ്രതിഷ്ഠചെയ്യിച്ചുവേദവാദികളാൽനൃപൻ വിധിപോൽ
പൂജചെയ്യിച്ചാനൊട്ടനേകവിധത്തിലായ് ॥ പൂജചെയ്തിട്ടുഭൂപാലൻ
പിതാവിൻരാജ്യമാണ്ടതേ അയോദ്ധ്യാംകോസലത്തിങ്കൽദേവിയുംചീത്തി
യാന്നവൻ ॥ ധർമ്മംകൊണ്ടുഭരിക്കുന്നനൃപൻസിംഹാസനസ്ഥനായ് ന
ല്ലസാമന്തനൃപരെയെല്ലാംസ്വാധീനമാക്കിനാൻ ॥ ദിലീപൻ,രഘു,
ശ്രീരാമനി,വർരാജ്യത്തിലെങ്ങനെ പ്രജാരക്ഷവുമവ്വണ്ണംചെയ്താദയുമതെ
തരം ॥ വർണ്ണാശ്രമാചാരമെല്ലാംപൂർണ്ണമായിഭവിച്ചുതേ ഭുവിലാരുമ
ധർമ്മത്തിൽചിത്തംചെന്നില്ലതേവിധം ॥ ഗ്രാമങ്ങൾതോറുംക്ഷേത്രങ്ങ
ളുണ്ടാക്കിച്ചാർപ്രജകളും ദേവീപൂജയുമങ്ങുണ്ടായ് കോസലത്തിൽപ്ര
മോദമായ് ॥ സുബാഹുവുംകാശിയിങ്കൽദുർഗ്ഗാബിംബംമനോഹരം
ഉണ്ടാക്കിച്ചുപ്രതിഷ്ഠിച്ചാൻക്ഷേത്രത്തിങ്കൽഭക്തിപൂർവ്വമായ് ॥ അവി
ടെല്ലാപ്രജകളുംപ്രേമഭക്തിപുരസ്സരം വിധിപോൽപൂജയുംചെയ്താർ
വിശ്വനാഥനെയെന്നപോൽ ॥ പ്രസിദ്ധയായിതാദുർഗ്ഗാദേവിഭൂലോ
കമൊക്കെയും ദേശങ്ങൾതോറുംവർദ്ധിച്ചുദുർഗ്ഗയോടുള്ളഭക്തിയും ॥ എ
ല്ലാജാതിക്കുമക്കാലംഭാരതത്തിലശേഷവും ഭവാനിയാംദേവിപൂജ്യയായി
തെല്ലാവിധത്തിലും ॥ വേദസ്തോത്രം,ജപം,ധ്യാന,മിവയിൽസക്തി
യോടുമേ എല്ലാവരുംപരാശക്തിഭക്തന്മാർ,മാനികൾ,നൃപ! ॥ നവ
രാത്രിയിലെല്ലാരുംവിധിപോലെദിനംപ്രതി യാഗം,ഹോമം,പൂജ,യെ
ല്ലാംഭക്ത്യാസേവിക്കചെയ്തുതേ.

ശ്രീദേവീഭാഗവതം മൂന്നാംസ്കന്ധം

സുദർശനസിംഹാസനാരോഹണം

ഇരുപത്തിയഞ്ചാമദ്ധ്യായം

ഇരുപത്തിയാറാമദ്ധ്യായം

ജനമേജയൻ പറഞ്ഞു.

നവരാത്രിവ്രതന്നേരമെന്തെല്ലാംചെയ്യണംമുനേ! വിധാനംവിധി
പോൽചൊൽകശരൽകാലവിശേഷമായ് ॥ ഫലമെന്തതിലെന്താണ്ട

വിധി?യെന്നുള്ളതുംവിഭോ! വിസ്താരമായ് പറഞ്ഞാലുംകൃപയാവിപ്ര
സത്തമ!.

വ്യാസൻ പറഞ്ഞു.

കേൾക്കരാജൻ,കഥിക്കാംഞാൻനവരാത്രിവ്രതംശുഭം വിശേഷ
മായ് വിധിക്കൊത്തുശരൽക്കാലത്തുചെയ്യണം * വസന്തത്തിലുമവ്വണ്ണം
ചെയ്യണംപ്രേമപൂർവ്വമായ് കാലരോഗങ്ങളാണെല്ലാവർക്കുമീരണ്ടൃതു
ക്കളും * ശരദ്വസന്തനാമങ്ങളാർത്തിമങ്ങൾജനത്തിന് അതിനാൽശ്ശുഭ
മിച്ഛിപ്പോനിതുചെയ്യണമെന്നുമേ * ശരദ്വസന്തങ്ങൾമഹാഘോര
ങ്ങൾരണ്ടൃതുക്കളും രോഗമുണ്ടാക്കമൊട്ടേറെജനനാശംവരുത്തിടും *
വിപ്രന്മാരതിനാൽശക്ത്യാചണ്ഡികാപൂജചെയ്യണം മേടം,തുലാം,മെ
ന്നീരണ്ടുമാസവുംനവരാത്രിയിൽ * അമാവാസിയിൽനൽപൂജാദ്രവ്യ
ങ്ങൾശേഖരിക്കണം ഹവിസ്സുകൊണ്ടന്നൊരിക്കൽമാത്രംഭക്ഷിച്ചുകൊ
ള്ളണം * സമമാംശുഭദേശത്തിൽതീർക്കണംനല്ലമണ്ഡപം ധ്വജം,തൂ
ണുകളുംനാട്ടി,മുഴമീരെട്ടുചുറ്റിലായ് * അഞ്ചെഴാൻപത്തുമായിടാംമു
ഴംചുററളവിന്നു,തൂൺ പതിനാറതിന്നുവേണം,നാലതിൽമദ്ധ്യഭാഗ
മായ് * വെള്ളമണ്ണുംചാണകവുംചേർത്തുനന്നായ്തളിക്കണം തന്മദ്ധ്യേ
സമമായ് ശുഭ്രവേദിവേണമുറപ്പോടും, * അതിനൊരുമുഴംപൊക്കം,
ചുററുനാലുമുഴംനൃപ! നൽപീഠസ്ഥാനമതുതാൻവിതാനിക്കസതോര
ണം * അമാവാസ്യാരാത്രിയിൽതാൻദേവീതത്പരരായിടും അദ്ധ്യാപ
രമേറുംവേദാന്തിദ്വിജരപ്പോൾക്ഷണിക്കണം * നദി,നദ,തടാക
ത്തിൽ,കുളം,കിണർ,ഗൃഹത്തിലോ പ്രഥമാദിവസംപ്രാതസ്സ്നാനംചെ
യ്തുവിധിപ്പടി * എല്ലാദ്ദിവസവും,മുൻപിൽദ്വിജന്മാരെവരിക്കണം മധു
പർക്കാർഘ്യപാദ്യാദിയെല്ലാംപിന്നീടുനൽകണം * വസ്ത്രംഭൂഷണവും,ത
ന്റെശക്തിപോലെകൊടുക്കണം ധനമുണ്ടെങ്കിലോചെറുതുംലുബ്ധ
കാട്ടരുതൊന്നിലും * വിപ്രർക്കമോദമുണ്ടായാൽകാര്യംസമ്പൂർണ്ണമാംദൃ
ഢം ജപത്തിനൊന്നുമൂന്നഞ്ചോൻപതാവേണംദ്വിജോത്തമർ * പാ
രായണത്തിനൊരുത്തനാൽശാന്തനേയുംവരിക്കണം ചൊല്ലിക്കണംവേദമ
ന്ത്രവിധിപോൽസ്വസ്തിവാചനം * വെള്ളപ്പട്ടിട്ടുനൽസിംഹാസനം
വേദിയിൽവെച്ചതിൽ കൈനാലിലായുധംപൂണ്ടദേവിയെവയ്ക്കണംനൃ
പ! * രത്നഭൂഷണമോരോന്നുംശോഭിച്ചുംമുത്തുമാലയാൽ ദിവ്യവസ്ത്ര
ത്തോടുംശാന്തയായെല്ലാലക്ഷണത്തോടും * ശംഖ,ചക്ര,ഗദാ,പത്മ,

26 *

ധരയായ് സിംഹവാഹയായ് പതിനെട്ടുഭുജത്തോടുംവസ്ത്രാമംഗളനിത്യ
യെ • ബിംബമില്ലെങ്കിലോയന്ത്രംനവാൎണ്ണമന്ത്രമുള്ളതായ് വയ്ക്കണം,
പീഠപൂജക്കായരികിൽകലശത്തെയും • പഞ്ചപല്ലവമാകെട്ടൊത്തുവേദ
മന്ത്രംജപിച്ചുമേ തീൎത്ഥതോയംനിറച്ചുംനൽസ്വൎണ്ണരത്നങ്ങളിട്ടുമേ • പൂ
ജാദ്രവ്യങ്ങളരികിൽവയ്ക്കണം,നാലുഭാഗവും ചെയ്യിയ്ക്കണംസ്തുതിതന്നാ
യ്,ഗാനവുംവാദ്യഘോഷവും • ഹസ്താൎക്കയുതംപ്രതിപദംപൂജക്കതിവി
ശേഷമാം വിധിപോലെന്നുപൂജിച്ചാൽസാദ്ധ്യമാംസൎവ്വകാമവും • സങ്ക
ല്പംചെയ്താലിതിങ്കൽപിന്നെപ്പൂജയുടങ്ങണം ഉപവാസിച്ചോ,രാത്രിമാത്രം
ഭക്ഷിച്ചോ,പകൽമാത്രമോ • "നവരാത്രിവ്രതംശ്രേഷ്ഠംചെയ്യാൻപോ
കുന്നതിന്നീ സഹായിക്കണമംബേ"യെന്നാപേക്ഷിക്കണമാദ്യമേ • വ്ര
തത്തിനുള്ള നിയമംശക്തിക്കൊത്താചരിക്കണം മന്ത്രപൂൎവ്വംവിധിക്കൊ
ത്തു പിന്നെപ്പൂജകഴിക്കണം • ചന്ദനാഗരുകൎപ്പൂരസൗഗന്ധകുസുമങ്ങ
ളാൽ മന്ദാരം, ചമ്പകം,അശോകം,കരഞ്ജം,കരവീരകം • ബ്രാഹ്മീപുഷ്പം
പിച്ചി,നല്ല വില്വപത്രം,അല്ലാതെയും ധൂപദീപങ്ങളെക്കൊണ്ടുംപൂജിക്ക
ജഗദംബയെ • നൈവേദ്യംകൊടുത്താലും ചലമട്ടുഫലങ്ങളും നാളി
കേരം,പഴം,മാതുലിംഗം,മാതളപക്വവും • നാരങ്ങാ,പനസം,നല്ലപൂ
ൎണ്ണപക്വങ്ങളെമൂക്കവുംനിവേദിച്ചിട്ടന്നദാനംഭക്തിയായിട്ടുചെയ്യണം•
മാംസഭക്ഷിപ്പവർ,പന്നി,കാട്ടുപോത്താടി,വറ്റയെ കൊന്നിട്ടുബലി
ദാനത്തെച്ചെയ്യുന്നതു വിശേഷമാം • ദേവീസന്നിധിയിൽകൊല്ലപ്പെട്ടു
ക്കുംസ്വൎഗ്ഗമാണിട്ടം കൊല്ലുന്നവൎക്കതിനാൽപാപമില്ലൊട്ടുമേനൃ
പ! • സൎവ്വശാസ്ത്രങ്ങളുംചൊല്ലുയാഗഹിംസയഹിംസയായ് ദേവത
യ്ക്കായ്‌വിട്ടജന്തുവിന്നസ്വൎഗ്ഗതിയുംധ്രുവം • ഹോമത്തിനായ്ത്രികോണ
ത്തിൽ ചതുരശ്രത്തിലെങ്കിലും അങ്ങുണ്ടാക്കണംനല്ലതായിട്ടുമുള്ളൊരുകു
ണ്ഡവും • നാനാദ്രവ്യങ്ങളാൽവേണംത്രികാലംപൂജയെന്നുമേ പാട്ടും,
കൊട്ടും,നൃത്തവും,മായ്‌വേണമുത്സവമായത്തും • കിടക്കണംനിലത്ത
ന്നും,കുസ്തുമാമന്നമേകിയും വസ്ത്രാലങ്കരണത്താലുംകുമാരീപൂജ,ചെയ്യ
ണം • എന്നുമോരോകന്യകയോടിന്നമോരോന്നുകൂട്ടിയോ രണ്ടാമു
ന്നോകൂട്ടിയിട്ടാനിത്യമൊൻപതുവീതമോ • പൂജിക്കണംതനിക്കുള്ള
ധനത്തിന്നനുരൂപമായ് ലുബ്ധകാട്ടിടൊലാദേവീയാഗത്തിങ്കലൊരി
ക്കലും • ആണ്ടൊന്നതികയാത്തുള്ള കന്യയെപ്പൂജചെയ്യൊലാ ഗന്ധാദി
സുഖമൊന്നുംതാനറിയുന്നില്ലതൊട്ടുമേ• "കുമാരി"രണ്ടാണ്ടായുള്ളോളാം

മൂന്നാണ്ടായോൾ "ത്രിമൂർത്തി"യാം നാലാണ്ടായവൾ "കല്യാണി"യഞ്ചാണ്ടായവൾ "രോഹിണി" • ആറാണ്ടായാൾ "കാളിക"യാമേഴാണ്ടായാവൾ "ചണ്ഡിക" എട്ടാണ്ടായോൾ "ശാംഭവി" താൻ "ദുർഗ്ഗ"യാമൊമ്പതാണ്ടായവൾ • "സുഭദ്ര" പത്താണ്ടായുള്ളോളെന്നു ചൊല്ലുന്നി, തിന്മേൽ പ്രായംചെന്നോരു കന്യക ത്യാജ്യനിന്ദ്യ പൂജാർഹയല്ലതാൻ • ഈ നാമങ്ങൾകൊണ്ടു പൂജ ചെയ്യുന്നം വിധിപോലവെ മുൻചൊന്നോൻ പത്തുപേർക്കുള്ള പൂജാഫലമരുളീടാം • കുമാരീപൂജയാലുണ്ടാം ദുഃഖദാരിദ്ര്യനാശനം ശത്രുക്ഷയം ബലാധിക്യമായുസ്സും ധനപുഷ്ടിയും • ത്രിമൂർത്തീപൂജയായുസ്സും, ധർമ്മം, കാമവു, മർത്ഥവും ധനധാന്യങ്ങളും, നൽകും പുത്രപൗത്രാദിവൃദ്ധിയും • വിദ്യാർത്ഥിയും, ജയം രാജ്യമതും കാമിച്ചുള്ളോൻ സുഖാർത്ഥിയും, കാമമേകും കല്യാണീപൂജ ചെയ്യണം • ശത്രുനാശത്തിനായ് ഭക്ത്യാ കാളികാപൂജ ചെയ്യുക ഐശ്വര്യധനകാമന്മാർ ചണ്ഡികാപൂജ ചെയ്യണം • ദുഃഖദാരിദ്ര്യനാശത്തിനായും, യുദ്ധേ ജയത്തിനും മോഹനത്തിനുമായ് നിത്യം ശാംഭവീപൂജ ചെയ്യണം • ക്രൂരവൈരി നശിപ്പാനായ്, സാധിപ്പാനുഗ്രകർമ്മവും പരലോകസുഖത്തിനും ഭക്ത്യാ പൂജിക്ക ദുർഗ്ഗയെ • ഇഷ്ടങ്ങളെല്ലാം സാധിക്കാൻ പൂജിക്കുക സുഭദ്രയെ രോഹിണീപൂജ വിധിയായ് രോഗശാന്തിക്കു ചെയ്യണം • "ശ്രീരസ്തു" വെന്ന മന്ത്രത്താൽ പൂജിച്ചീടുക ഭക്തിയായ് ശ്രീ ചൺ മന്ത്രം കൊണ്ടിട്ടോ ബീജമന്ത്രങ്ങളാലെയോ • കുമാരതത്വങ്ങളെയും, ബ്രഹ്മാദ്യരെയുമാത്തവാൻ ലീലയാ സൃഷ്ടി ചെയ്യുന്നു ഈ പൂജിക്കുന്ന കുമാരിയെ • ഗുണങ്ങളാലെ മൂർത്തിയായ നാനാസ്വരൂപിയാം ത്രികാലവ്യാപിനീശക്തി. പൂജിക്കുന്നു ത്രിമൂർത്തിയെ • ഭക്തന്മാർ പൂജ ചെയ്യുന്നാളെന്നും മംഗളമേകുവോൾ ഇഷ്ടം നൽകുന്ന കല്യാണിയെപ്പൂജിക്കുന്നു ഭക്തിയായ് • ദുഷ്കർമ്മബീജത്തെയാർ കിളിർപ്പിച്ചിടുന്നുവോ എല്ലാർക്കും, ഭാരോഹിണിയെപ്പൂജിച്ചീടുന്നു ഞാനിതാ • ആ കല്പാന്തകാലത്തിൽ ബ്രഹ്മാണ്ഡം സചരാചരം ലയിപ്പിക്കുന്നു ഈ പൂജിച്ചീടുന്ന കാളികയെയുമേ • കോപമുള്ളവളാച്ചണ്ഡമുണ്ഡരെക്കൊന്ന ചണ്ഡിക പൂജിക്കുന്നേൻ കോട്ടം പാപം കെടുക്കുന്നവളെയുമേ • അകാരണത്തിൽനിന്നുണ്ടായെന്നു വേദങ്ങളോതിടും സുഖമേകും ശാംഭവിയാം ദേവിയെപ്പൂജ ചെയ്തിടാം • കോട്ടം ദുഃഖം കെടുക്കുന്നോൾ ഭക്തരെക്കാത്തിടുന്നവൾ വിജ്ഞാത്മമറിവാകുന്ന ദുർഗ്ഗയെപ്പൂജ ചെയ്തിടാം • പൂജിച്ചാൽ തന്റെ ഭക്തർക്കു നന്മയെല്ലാം വരുത്തിടും തിന്മ

യെപ്പൊക്കടിക്കം, ഞാൻപൂജിക്കുന്നസ്സമ്പ്രദായം * കുമാരികളെപ്പിന്ന ങ്ങളാൽപൂജിക്കണം വസ്ത്രാലങ്കാരമാല്യങ്ങൾ നല്ലഗന്ധങ്ങളാലെയും.

ശ്രീമദ്ദേവീഭാഗവതം മൂന്നാം സ്കന്ധം

നവരാത്രിവ്രതവിധി.

ഇരുപത്താറാമദ്ധ്യായം.

ഇരുപത്തേഴാമദ്ധ്യായം

വ്യാസൻ പറഞ്ഞു

ഹീനാംഗം, കുഷ്ഠം, നാററമുള്ളോൾ, ദുഷ്കുലത്തിൽ ജനിച്ചവൾ നാംഗം മുഴുവനില്ലാത്തോൾ, ബാഹ്യരോമങ്ങളുള്ളവൾ * കോങ്കണ്ണി, യൊററ കണ്ണുള്ളോൾ, കണ്ണില്ലാതെ ജനിച്ചവൾ അഴകില്ലാത്തവൾ, രോഗമുള്ളോൾ, തീണ്ടാറിരിപ്പവൾ * ദരിദ്രോൾ, കന്യപെററവളുള്ളോൾ, ഗോളകാ, ശിശ്രുവായവൾ ഇവയൊന്നകന്യമാർ, കൊള്ളുകില്ലപൂജയ്ക്കൊരിക്കവും * അഴകുള്ളോൾ, രോഗമററോൾ, നല്ലവരി.ൃണാദിനായും തന്ന പ്പൂജനിരപ്പോളും, കൊള്ളാം പൂജിക്കുവാൻനൃപ! * ബ്രാഹ്മണീസർവ്വ കാര്യാർത്ഥം വിജയത്തിനും വൈശ്യസ്ത്രീകൾലാഭമതിനും, സ വ്വസമ്മതം * സജാതിയെവിദ്വൻ, ബ്രാഹ്മണക്ഷത്രിയജാതിയെ ശൂ ദ്രജാതിയെയും വൈശ്യൻ, നാലും പൂജിക്കശൂദ്രരാം * സജാതിസ്ത്രീകൾ താൻശില്പികൾക്കപൂജികളങ്ങനെ നവരാത്രിവിധിക്കൊത്തുകന്യാപൂ ജിക്കകെപ്പോഴും * നവരാത്രികളിൽപ്പൂജകഴിക്കാൻശക്തിയററവർ വിശേഷമായഷ്ടമിയിൽപ്പൂജചെയ്തീടണം സദാ * ദക്ഷയാഗം നശിപ്പി ച്ചുഭദ്രകാളി, യെങ്കിൽ യോഗിനിക്കൂട്ടമൊത്തതാ യതിയഷ്ടമിയാംദിനം * അതുകൊണ്ടഷ്ടമിക്കന്നുപൂജചെയ്യുവിശേഷമായ് പലമട്ടായനൈ വേദ്യം, ഗന്ധമാല്യാനുലേപനം * മാംസങ്ങളും, പായസങ്ങൾ, ഹോമം, ബ്രാഹ്മണഭോജനം ഫലം, പുഷ്പങ്ങ, ളിവയാൽസന്തോഷിപ്പിക്കണമംബ യെ നവരാത്രിയുപവസിപ്പാൻശക്തിയില്ലാതിരിക്കിലോ ഉപവാസിക്ക ദിനംമൂന്നുമാത്രംകിട്ടീടുമാഫലം * സപ്തമ്യഷ്ടമിയുംപിന്നെമഹാനവമി യിങ്ങനെ മൂന്നനാൾപൂജചെയ്യുകിലുംകിട്ടീടുമുഴുവൻഫലം * പൂജയും, ഹോമവും, കന്യാപൂജയും, വിപ്രഭുക്തിയും കൊണ്ടാവ്രതംപൂർണ്ണമായി

തീരുമെന്നോതിടുന്നതേ ॥ പലദാനങ്ങളും,ഭൂവിൽ,മറേറാരോരോ വ്രതങ്ങളും നവരാത്രിവ്രതത്തിന്നു സമമായിബ്ഭവിച്ചീടാ ॥ ധനധാന്യങ്ങളും നിത്യം സുഖം സന്താനവൃദ്ധിയും ആയുരാരോഗ്യവും സ്വർഗ്ഗം മോക്ഷവും നൽകുമീവ്രതം ॥ പുത്രനെയോ ധനത്തെയോ വിദ്യയെയോ കൊതിക്കുകിൽ സൌഭാഗ്യമകാമ്പുമോടീവ്രതം നോല്ക്കണം ശുഭാംഗിയായ് ॥ വിദ്യാർത്ഥികളീവ്രതംകൊണ്ടു വിദ്യയെല്ലാം ലഭിച്ചീടും രാജ്യഭ്രഷ്ടനതാം ഭൂപൻ രാജ്യത്തെയാണ്ടിടും ദ്രുതം ॥ ജന്മാന്തരത്തിൽ നോല്ക്കാത്തതാരാണീയുത്തമം വ്രതം ദാരിദ്ര്യം,രോഗവും,പുത്രനില്ലായ്മയു,മവർക്കുതാൻ ॥ ഭർത്താവും, ധനവും,പുത്രന്മാരു,മില്ലാത്തനാരിമാർ നോറ്റതില്ലീവ്രതം മുൻപിലെന്നായൂഹിച്ചുകൊള്ളുക ॥ നവരാത്രിവ്രതം ഭൂവിലനുഷ്ഠിക്കാത്തമാനവർ സമ്പത്തുമാണ്ടു സുഖം പൂണ്ടുമാളിച്ചീടുന്നതെങ്ങനെ? ॥ രക്തചന്ദനസമ്മിശ്രമായ വില്വപത്രങ്ങളാൽ അംബയെപ്പൂജചെയ്യുന്നവൻ മന്നിൽ മന്നവൻ ॥ ആരാധ്യാരാൽസേവിതയല്ല,ദിവ്യയാം । ജഗദംബാ,മംഗളസിദ്ധിയേകുവോരം । ഭദ്രദം,വൈരികളൊത്തുദുഃഖിയാ । യിരിപ്പവൻ താനു,മവൻ ധരിത്രിയിൽ ॥ സമസ്തകാമങ്ങളുമാണ്ടു ഇഷ്ടരാം । കമലാസനം,പാശി,വിധീശർ,വിഷ്ണുവും । നമിച്ചിടുന്നി,ന്ദ്ര,നഗ്നി,സൂര്യനാം । മനുഷ്യരദ്ദേവിയെയാർ ഭജിച്ചിടാ ॥ സ്വാഹാ,സ്വധാ,യെന്നിമന്ത്രശക്തിയാൽ । തൃപ്തിപ്പെടുന്നു,പിതൃദേവസംഘവും । മുനീന്ദ്രർയാഗങ്ങളിൽ വേദമോതുമ । ച്ചരിച്ചിടുന്നായതുമമ്മയേമുദാ ॥ അക്ലിഷ്ടമായിതഖിലം വിധി സൃഷ്ടിചെയ്യു । നാക്ലിഷ്ടമായവതരിച്ചുവതന്നുവിഷ്ണു । അക്ലിഷ്ടമായിഹരിപ്പു ഹരപിന്നെതദ്രു । നാദ്ദേവിയെ,നരരു,മെന്തു ഭജിച്ചിടാത്തു? ॥ ദേവൻ,നരൻ,പറവി,പാമ്പു,പിശാചു,വൃക്ഷം । ഗന്ധർവ്വ,രാക്ഷസരു,മൊന്നിളകാൻ നിനച്ചാൽ । ആ ശക്തി വേണമവളൊട്ടകലുന്നിടാതി । ലോകത്തിലെങ്ങുമൊരിടത്തൊരുവസ്തുവില്ലാ ॥ സേവിക്കില്ലാതവാനിഷ്ടമേകുമാനല്ലചണ്ഡിയെ പുത്രപൗത്രാദികൾക്കായതുനോല്ക്കില്ലവർ വ്രതത്തെയും ॥ മഹാപാപം ചെയ്യുവർക്ക് നവരാത്രിവ്രതത്തിനാൽ പാപങ്ങളെല്ലാമില്ലാതാം വിചാരിക്കേണ്ടതില്ലതിൽ ॥ പണ്ടുകോസലരാജ്യത്തിൽ ദാരിദ്ര്യംകൊണ്ടു ദുഃഖിയായ് കുഡുംബിയാമൊരു ചെട്ടിയെകൻ വാണിരുന്നുപോലമേ! ॥ വിശാലയുമാറുണ്ടായവന്നു ബാലകിടാങ്ങൾ അവർക്കന്നുമാത്രം താനല്പം ഭക്ഷണമുള്ളൂ ॥ അന്യന്നു വേലചെയ്തേററം വിശപ്പാണെങ്കിലും കുഡുംബഭരണം,ദുഃഖമെന്നിയെ ചെയ്യുവന്ന്

വൻ • ധൎമ്മനിഷ്ഠൻ,സദാചാരതൻ,സത്യവ്രതൻ,നന്ത്യമുള്ളവൻ അസൂയ,കോപം,മദ്യ,മററവൻവെടിഞ്ഞവൻ • പിതൃദേവാതിഥികളെനിത്യംപൂജിച്ചുശേഷമായ് ഭക്ഷ്യവസ്തുഭുജിച്ചിട്ടപിന്നെനാൾകഴിക്കമായവൻ • നാമംകൊണ്ടുംഗുണംകൊണ്ടുംസുശീലൻപോഷകാവലിനം ദാരിദ്ര്യത്താൽശാന്തവിപ്രനോട്ടകേട്ടാൻവിശപ്പെട്ടിട്ടും •

സുശീലൻ പറഞ്ഞു.

ഹേബ്രാഹ്മണ!കനിഞ്ഞിട്ടുചൊല്ലണംനീമഹാമതേ! ദാരിദ്ര്യനാശംഉദ്യമമായെപ്പോഴുണ്ടാവുമെന്നതായ് • വിത്തേഛയെനിക്കില്ലാ,ധനിയാവുവാനൊരാശയും കുടുംബഭരണത്തിന്നായ്ചോദിക്കുന്നേൻചിന്താതുര! • എൻപുത്രീനന്ദനൻബാലൻവിശന്നുകരയുന്നതേ അവന്നൊരുപിടിച്ചോറുകൊടുക്കാനില്ലമൽഗൃഹേ • വിശന്നലഞ്ഞുബാലൻ മൽഗൃഹംവിട്ടുതിരിക്കവേ കണ്ണുനീരോടെതാതനൊന്നുംചെയ്യുന്നുപണമെന്നിയേ? • മകൾക്കുകല്യാണംവേണംപണമില്ലതുചെയ്‌വാൻഞാൻ പതിനൊന്നുവയസ്സായിപെൺകൊടയ്ക്കുതിട്ടമായ് • ഉഴലുന്നതിനാൽവിപ്ര!സൎവ്വജ്ഞൻനീയൊന്നിധി തപസ്സ്,ദാനം,വ്രതമോ,മന്ത്രമോ;ചൊല്ലുക • എന്തുവിധത്തിനാൽപോററുമെൻകുടുംബത്തെയിന്നുഞാൻ അതുമാത്രംധനംവേണമാശയില്ലതിനപ്പുറം • എൻകുടുംബസുഖംനിന്റെപ്രസാദത്താൽഭവിക്കണം ജ്ഞാനംകൊണ്ടൊത്തുചെയ്യാലുമതുനീവിപ്രസത്തമ! •

വ്യാസൻ പറഞ്ഞു.

അവനിങ്ങനെചോദിച്ചിട്ടാവിപ്രൻവ്രതമാണ്ടവൻ സന്തുഷ്ടനായുടൻവൈശ്യനോടുചൊന്നാൻദ്വിജോത്തമൻ: • 'വൈശ്യവൎയ്യ!ഭവാൻനോല്ക്കൂനവരാത്രിവ്രതംശുഭം ശ്രീദേവീപൂജനം,ഹോമം,കന്യാബ്രാഹ്മണഭോജനം • വേദപാരായണംദേവീജപഹോമാദിയൊക്കയും ശക്തിപോൽചെയ്കനിൻകാൎയ്യമതിനാൽസാദ്ധ്യമായ്‌വരും • നവരാത്രിവ്രതത്തെക്കാൾശ്രേഷ്ഠമായിട്ടുഭൂമിയിൽ ഒന്നുമില്ല,സുഖംനല്കുന്നതുംശുദ്ധവുമാണതു • ജ്ഞാനവും,മോക്ഷവും,നല്കുംസുഖസന്താനവൃദ്ധിയും ശത്രുനാശമതും,ചെയ്യുംനവരാത്രിവ്രതംസദാ • രാജ്യഭ്രഷ്ടൻ,ദുഃഖമാൎന്നോൻ,സീതയോടുപിരിഞ്ഞവൻ രാമൻകിഷ്കിന്ധയിൽവെച്ചിട്ടനുഷ്ഠിച്ചീവ്രതത്തിനെ • സീതാവിരഹമാംതീയാൽതപിക്കുന്നോരുരാമനാൽ നവരാത്രിവ്രതംകൊണ്ടുപൂജിക്കപ്പെട്ടദേവിയും • മഹാൎണ്ണവ

ത്തിൽ പിറയുംതീർത്തുകൈകൊണ്ടുസീതയെ കുംഭകൎണ്ണൻ,രാവണനും, സുതനാംമേഘനാദനും ॰ കൊല്ലപ്പെട്ടവനാൽഭൂപനാക്കപ്പെട്ടവിഭീഷ ണൻ രക്ഷിക്കപ്പെട്ടപിന്നീടങ്ങയോദ്ധ്യയരിയററതായ് ॰ നവരാത്രിവ്ര തത്തിന്റെഫലമാണതിശക്തിമാൻ രാമനീഭൂതലത്തിങ്കൽസുഖമാണ്ട തശേഷവും ॰

വ്യാസന പറഞ്ഞു.

വൈശ്യനംവിപ്രവാക്കാംകേട്ടിട്ടാചിജവസ്തുനേ ഗുരുവാക്കിഗ്ര ഹിച്ചാൻനന്ദയാബീജാഖ്യമന്ത്രവും ॰ ഭക്തിശ്രദ്ധകളോടൊത്തുജപി ച്ചാൻനവരാത്രിയിൽ പൂജിച്ചാൻസാദരംനാനാവിധോപകരണങ്ങ ളാൽ ॰ ജപിച്ചുവിധമായ്മായാബീജമൊൻപതുവത്സരം ഒൻപതാം കൊല്ലമൊടുവിൽമഹാഷ്ടമിനിശീഥത്തിൽ ॰ പ്രത്യക്ഷദർശനംനൽകിയ വനങ്ങൾരാത്രിയിൽ കൃതാർത്ഥനാക്കിനാൾപിന്നെയൊട്ടനേകംവര ങ്ങളാൽ ॰

ശ്രീദേവീഭാഗവതം മൂന്നാംസ്കന്ധം

കുമാരീപൂജനം ॰

ഇരുപത്താറാമദ്ധ്യായം.

——൨൭——

ഇരുപത്തേഴാമദ്ധ്യായം.

ജനമേജയൻ പറഞ്ഞു.

ശ്രീരാമൻനോററതെന്തുസ്വപദംമേവിതൻവ്രതം രാജ്യഭ്രഷ്ടനു മട്ടന്നായ്,സീതയെയാർഹരിച്ചതും? ॰

വ്യാസൻ പറഞ്ഞു.

പണ്ടയോദ്ധ്യാധിപൻശ്രീമാൻഭൂപൻദശരഥാഹ്വയൻ സൂര്യവം ശത്തിലുണ്ടായിദേവീബ്രാഹ്മണപൂജകൻ ॰ അവന്നുനാലുപുത്രന്മാരു ണ്ടായിപേരുകേട്ടവർ രാമൻ,ലക്ഷ്മണനും,ശത്രുഘ്നനും,ഭരത,നെന്നു മായ് ॰ രാജാവിന്നിഷ്ടരെല്ലാരും,സദ്ഗുണന്മാർഗ്ഗുണങ്ങളാൽ കൌസല്യാ നന്ദനൻരാമൻഭരതൻകൈകയീസുതൻ ॰ മനോഹരന്മാരായ്‌രണ്ടുപേ രെപ്പെററുസുമിത്രയും ധരിച്ചാരവർബാല്യത്തിൽതന്നെവില്ലുംശരങ്ങ ളും॰ജാതകർമ്മാദിചെയ്യപ്പെട്ടുകിഭൂപനാതിപ്രിയം അവരന്നതനോടൊക്കാല ത്തുവന്നാപേക്ഷിച്ചുകൌശികൻ ॰ യാഗരക്ഷയ്ക്കുസുതനാമീരെട്ടാണ്ടായ

രാമനെ രാമലക്ഷ്മണരെയേകിയവനായാസ്സപോത്തമൻ • കോമളന്മാര
വർവിശ്വാമിത്രനെപ്പിന്തുടർന്നുടൻ • കൊന്നുതാടകയെരാമൻവഴിയിൽ
ഘോരരൂപയെ • ശരമ്പിനാൽസമോദമേകവോളേമുനീന്ദ്രരിൽ ശ്രേഷ്ഠൻ
സുബാഹുവെക്കൊന്നുരക്ഷിച്ചാൻയാഗമങ്ങവൻ • മാരീചനെമൃതപ്രാ
യനാക്കിനീക്കിച്ചിതമ്പിനാൽ ഇരുവരുംവലുതാംയാഗരക്ഷചെയ്തിട്ടന
ന്തരംമിഥിലയ്ക്കുഗമിച്ചാരാരാമലക്ഷ്മണകൗശികർ • പാപംപോക്കി
യഹല്യക്കുമോക്ഷവുംനൽകിരാഘവൻ • വിദേഹനഗരത്തിങ്കലെത്തി
നാർമുനിയോടവർ ജനകൻപണമായ്‌വെച്ചശൈവചാപംമുറിച്ചുടൻ • ല
ക്ഷ്മ്യംശമായ് ജനിച്ചുള്ള സീതയെവേട്ടുരാഘവൻ തൻപുത്രിയാമൂർമ്മിള
യെയേകിലക്ഷ്മണനായ്‌നൃപൻ • കുശധ്വജൻറമകളർകന്യമാർരണ്ടു
പേരെയും വേട്ടു,ഭരതശത്രുഘ്നന്മാർസുശീലർമനോഹരർ • ജ്യേഷ്ഠാനു
ജന്മാരായുള്ളോരവർനാല്വരുമിങ്ങനെ വിവാഹംചെയ്തുവിധിപോൽ
മിഥിലാനഗരത്തിലായ് • രാജ്യയോഗ്യൻപുത്രനെന്നുകണ്ടുദശരഥൻനൃ
പൻ തൻരാമനായ്‌രാജ്യഭാരംകൊടുക്കാൻനിശ്ചയിച്ചതേ • വരങ്ങളാം
കൂട്ടികണ്ടപ്പോൾ,കൈകേയിപണ്ടുവൊന്നതാം വരങ്ങളെയപേക്ഷി
ച്ചാൾസപത്നീശൻപതിയോടുടൻ • ഒന്നുകൊണ്ടുമഹാൻപുത്രൻഭരത
നായിരാജ്യവും മറ്റതൊന്നാൽരാമനീരേഴാണ്ടുവനവാസവും •
കൈകേയിവാക്കിനാൽരാമൻസീതാലക്ഷ്മണസംയുതൻ അരക്കര
ധികംവാഴുംദണ്ഡകാരണ്യമെത്തിനാൻ • രാജാദശരഥൻപുത്രവിര
ഹംകൊണ്ടുദുഃഖിയായ് വെടിഞ്ഞാൻപ്രാണനേപ്പൂർവ്വശാപമോർത്താ
മഹാമതി • ഭരതൻതന്നമാതുലപുരിയിൽനിന്നുമേ സമ്മതം
രാജ്യമാണ്ടില്ലഭ്രാതൃസ്നേഹത്തെയോർക്കയാൽ • ശ്രീരാമൻപഞ്ചവടി
യിൽവെച്ചുകാമിച്ചണഞ്ഞതിടം രാവണാനുജയാംശൂർപ്പണഖയ്ക്കേകി
വിരൂപതാ • മൂക്കറുത്തവളെക്കണ്ടുഖരൻതൊട്ടുള്ളരക്കരും മ
ഹാത്മാവാംരാമനോടുയുദ്ധംചെയ്താരുഗ്രമായ് • കൊന്നാനന്തിബ
ലംചേർന്നഖരൻതൊട്ടുള്ളരക്കരെ മുനിമാർക്കുഹിതത്തിനായ്‌രാമൻ
സത്യപരാക്രമൻ • ലങ്കയിൽപോയ്‌ശൂർപ്പണഖവിരൂപഖരദൂഷണർ
ഹതരായ് രാമനാ,ലെന്നാരാവണൻതന്നോടോതിനാൾ • രാത്രിഞ്ച
രന്മാർതൻനാശംകേട്ടുകോപാന്ധനായുടൻ തേരിലേറിപ്പുറപ്പെട്ടുമാ
രീചാശ്രമമെത്തിനാൻ • രാവണൻസീതയെമോഹിപ്പിക്കാനായ
പൂർവരീതിയിൽ മായയൊന്നപൊൻമാനായ്‌വിട്ടാൻ,താൻകൊണ്ടു
പോയവാൻ • അവൻപൊൻമൃഗമായ്ത്തീർന്നുസീതാസന്നിധിയെത്തി.

ഞാൻ മായാവിയാംമൊഹനാംഗൻസഞ്ചരിച്ചുവൾമുന്നിലായ് * അ
തു കണ്ടോതിനാൾസീത,വിധിയാൽപതിയോടുടൻ ഇതിനാൽകൊ
ണ്ടുവരികാന്ത!യെന്നായ്കല്പനയെന്നപോൽ * ലക്ഷ്മണൻതന്നെയ
വിടത്താക്കിച്ചിന്തവെടിഞ്ഞുതാൻ മാനിന്റെപുറകെരാമൻപോയ
നുംവില്ലുമായുടൻ * മഹാമായാവിയാംമാനുംരാമനെക്കണ്ടമാത്രയിൽ
കണ്ടുകണ്ടില്ലയെന്നായിട്ടാടിയകാട്ടിലൊക്കയും * അടുത്തങ്ങനെക
ണ്ടപ്പോൾരാമൻകോപിച്ചുവില്ലിനെ വലിച്ചുഗ്രശരംവിട്ടുകൊന്നാൻമാ
യാമൃഗത്തിനെ * അവനുച്ചേറുമച്ചോറു ചത്തുദുഃഖാൽവിളിച്ചുതേ
"ഹാലക്ഷ്മണ!ഞാൻഹതനായ്"മായാവീ,നശചരൻ,ഖലൻ * മുഴക്ക
ത്തോടുമറ്റൊച്ചമുടനേകേട്ടുജാനകി രാമന്റെയെന്നോർത്തുദുഃഖിച്ചോതി
ലക്ഷ്മണനോടവൾ: * 'സൌമിത്രേ!പോകനീവേഗംഹതനായ്‌രഘു
നന്ദനൻ നിന്നെവിളിക്കുന്നുവേഗം,സഹായിക്കുകലക്ഷ്മണ! * സീത
യോടവനപ്പോൾചൊന്നാൻ'അംബേ!രാമൻമരിക്കിലും പോകില്ലനിന്നെത്തന്നെ
യീയാശ്രമത്തിൽവെടിഞ്ഞുഞാൻ * രാമൻകല്പിച്ചുതിവിടെയിരിക്കെ
ന്നാണെജാനകി! അതുകേൾക്കാതെഞാൻനിന്നെത്യജിച്ചീടുകയില്ലെ
ടോ * രാമനേയൊരുമായാവികാട്ടിൽദ്രോഹനയിക്കയാൽ സുന്ദരീ!നി
ന്നെവിട്ടീഞാനൊരുകാലടിവച്ചിടാ * ദൈത്യപ്പെട്ടശക്തനില്ലരാമ
നെക്കൊല്ലുവാൻമേവി രാമാജ്ഞതെറ്റിനിന്നെവിട്ടിന്നുഞാൻപോകയി
ല്ലെടോ'.

വ്യാസൻ പറഞ്ഞു.

ദൈവകല്പനയാൽസൌമ്യയാമസ്സുന്ദരിചൊല്ലിനാൾ ക്രൂരവും
കാലക്ഷണങ്ങൾചേർന്നലക്ഷ്മണനോടുടൻ: * 'അനുരാഗംനിനക്കെന്നി
ലുണ്ടെന്നായറിയുന്നുഞാൻ ഭരതൻചൊല്ലിവന്നെന്നെക്കൊണ്ടുപോക
ന്നതിന്നുനീ * നീകള്ളനധമൻ,ഞാനല്ലമറ്റുള്ളവരെപ്പോലെ രാമൻ
മരിക്കിലുംകാമാൽപതിയാക്കില്ലനിന്നെഞാൻ * ശ്രീരാമൻവരുകില്ലെ
ങ്കിൽജീവനെഞാൻകളഞ്ഞിടും ജീവിക്കില്ലവനോടെന്ന്യേവേർപാടഴലു
മാണ്ടുഞാൻ * പോകയോനില്ലയോചെയ്യുന്നിന്നിഷ്ടമറിവില്ലമേ നീതി
മാൻജ്യേഷ്ഠനിൽചേതംനിന്നിഷ്ടമിതിലെന്തപോയ്?' * അവൾതൻ
നാവാക്കുകേട്ടുലക്ഷ്മണൻദീനചിത്തനായ് സീതയോടോതിനാൻതൊ
ണ്ടവിറച്ചുതൊണ്ടുതൽക്ഷണം * 'ശ്രീ ദേവി!യെന്നോടിക്കൊടുവാ
ക്കെന്തുരച്ചുനീ? കഠിനം,വലിയാപത്തങ്ങടുത്തെന്നറിയുന്നുഞാൻ'* എ

നോതിയവളെവിട്ടകരഞ്ഞുകൊണ്ടുവീണ്ടുവാൻ അവൻജ്യേഷ്ഠൻറകാ
ല്പാട്ടുനോക്കിട്ടു,വേഗേനപോയ് നൃപ! ● ലക്ഷ്മണൻപോയനേരത്തുകപ
ടാകൃതിരാവണൻ ഭിക്ഷുവേഷംധരിച്ചിട്ടായാശ്രമത്തിലെത്തിനാൻ ●
ഭിക്ഷുവെന്നോർത്തുടൻ സീതയർഘ്യംവന്യഫലങ്ങളും സാദരംഭക്ഷണായു
ള്ള രാവണനായിനൽകിനാൾ ● ചോദിച്ചവളോടദ്ദുഷ്ടൻതാഴ്മയായ്
മൃദുവായ്;'പ്രിയേ! വനത്തിൽതനിയേവാഴുന്നീയാരാകുന്നു?സുന്ദരി! ●
നിന്നച്ഛനാരുഭ്രാതാവാർപതിയാരു?വരാനനേ! മൃഗത്തെപ്പോലെതനി
യെവാഴുന്നതിവിടെന്തിനായ് ● നിർജ്ജനകാട്ടിലെപ്പർണ്ണശാലയിൽമുനി
പത്നിപോൽ ദേവസ്ത്രീമാതിരിസൗധാർഹയാംനീയെന്തിരിപ്പതും.

വ്യാസൻ പറഞ്ഞു.

എന്നവൻവാക്കുകേട്ടിട്ടുസീതയുത്തരമോതിനാൾ പ്രാരബ്ധ
ത്താൽരാവണനെഭിക്ഷുവെന്നനിനച്ചയാൾ: ● 'ശ്രീമാൻദശരഥൻറ
പുനവനസുതർനാലുപേർ അതിൽജ്യേഷ്ഠൻരാമനെന്നകീർത്തിമാനെ
ൻറവല്ലഭൻ ● കൈകേയിതൻവരംമൂലംതാതനീരേഴുവത്സരം കാട
വനേകിയിവിടെപ്പാർക്കുന്നാനനോടുമായ് ● ജനകൻറമകൾ,സീത
യെന്നപേരാൽപ്രസിദ്ധഞാൻ ശൈവമാംവില്മുറിച്ചെന്നെവേട്ടാൻ
ശ്രീരാമനാമപ്രഭു ● രാമബാഹുബലത്താലെകാട്ടിൽവാഴുന്നനിർഭയം
പൊന്മാനെക്കണ്ടുകൊല്ലാനായ് പോയിരിക്കുന്നിതെൻപതി ● പിന്നെ
ജ്യേഷ്ഠൻറശബ്ദംതാൻകേട്ടിപ്പോൾപോയിലക്ഷ്മണൻ അവർകളുള്ളതി
നാൽപേടിയെന്യേവാഴുന്നുഞാനിഹ ● വനവാസത്തിലെവാർത്തയെ
ല്ലാംഞാനോതിയിങ്ങനെ അവർവന്നിട്ടുനിൻപൂജചെയ്തിടുംവിധിപോ
ലവെ ● യതി,വിഷ്ണുസ്വരൂപൻതാൻപൂജിച്ചെന്നതുകൊണ്ടുഞാൻ അ
ക്കർനിറയുംഘോരകാട്ടിലുണ്ടാക്കിയാശ്രമം ● ചോദിക്കുന്നേനതിന്നു
ലമെൻമുമ്പിൽസത്യമോതണം ആരുനീഭിക്ഷുവേഷത്തോടിക്കൊടുങ്കാ
ട്ടിൽവന്നവൻ?.

രാവണൻ പറഞ്ഞു.

ലങ്കേശൻഞാനരാളാക്ഷി!ശ്രീമാൻമണ്ഡോദരീപതി നിനക്കുവേ
ണ്ടിയീരൂപമെടുത്തേനബ്ജലോചനേ! ● ജനസ്ഥാനത്തുഹതരായ് ഭ്രാ
താക്കൾഖരദൂഷണർ എന്നോടോതിച്ചൊന്നന്നേയയച്ചാളിവിടെ
ത്തിഞാൻ ● രാജ്യം,ബലം,ധനമതുംവിട്ടുകാട്ടിൽവസിച്ചിടും നരനാം
രാമനെവിട്ടുരാജാവെന്നോവരിക്കനീ ● മണ്ഡോദരീക്കുമേലായ്നീവാഴ

കെൻപട്ടരാജ്ഞിയായ്‌ മാനസമാണെന്നിനക്കിഞാൻനീയെൻസ്വാമിനി
യാകുക ● ദിക്പാലരെജ്ജയിച്ചുള്ളോൻഞാൻവീഴ്ന്തുനിൻപാദങ്ങളിൽ ക
രംഗ്രഹിച്ചുനീയെന്നെനാഥയുള്ളവനാക്കുക ● നിന്നെപ്പണ്ടുനോട്ടന്നിന്നോ
ഞാൻയാചിച്ചുപണ്ടുസുന്ദരി! "പണയംചെയ്യപ്പോയ്ഞാ"നെന്നെ
ന്നോടവനമോതിനാൻ ● തദ്രചാപഭയംമൂലംഞാൻവന്നില്ലസ്വയം
വരേ അന്നതൊട്ടെൻറഹൃദയംവിരഹത്തിങ്കൽമഗ്നമായ് ● നീകാട്ടി
ലുണ്ടെന്നുകേട്ടാപ്പൂർവ്വസ്നേഹംനിമിത്തമായ് വന്നുഞാനെൻശ്രമത്തെനീ
യിപ്പോൾസഫലമാക്കുക.

ശ്രീദേവീഭാഗവതം മൂന്നാംസ്കന്ധം

രാമായണകഥാ,

ഇരുപത്തെട്ടാമദ്ധ്യായം.

ഇരുപത്തൊൻപതാമദ്ധ്യായം.

വ്യാസൻ പറഞ്ഞു.

മോഷംചെന്നാവാക്കുകേട്ടുസീതയേറെബ്ഭയത്തോടും വിറച്ചു,
റപ്പിച്ചുചിത്തം,വാക്യമീവിധമോതിനാൾ: ● കാമമോഹിതനായ്ചി
ത്തവാക്കെന്തൊട്ടുന്നുരാവണ! ധൃതിചാമിനിയല്ലീഞാൻവിശേഷിച്ചും
കുലാംഗന ● ലങ്കയ്ക്കുപോകവേഗംനീരാമൻനിന്നെവധിച്ചിടും ഞാൻ
നിമിത്തംനിനക്കിന്നുമരണംവന്നിടുംദൃഢം ● ഇതോതിയുടജത്തിങ്കൽ
പോയവൾവഹ്നിസന്നിധൌ പോകപോകെന്നുചൊല്ലീട്ടുജ്ജനദ്രോ
ഹിയരക്കനേ ● നിജരൂപമെടുത്തെത്തിയുടജത്തിലുടൻരാവൻ ഭയന്നു
കരയുംസീതയേഗ്രഹിച്ചുബലത്തിനാൽ ● "രാമ!രാമ!ലക്ഷ്മണ!"യെ
ന്നധികംവിളിക്കുട്ടിനാൾ എടുത്തുതേരിലേറ്റീട്ടാപ്പാപിവേഗംതിരിച്ചു
തേ. ● പോംവഴിക്കരുണൻപുത്രൻജടായുസ്സുതടുക്കയാൽ അവർക്കു
മ്മിലക്കാട്ടിലുണ്ടായ്വലിയസംഗരം ● അവനേക്കൊന്നുകരിപ്പക്ഷി
പോലെകരഞ്ഞിട്ടും സീതയേക്കൊണ്ടുപോയ്ലങ്കയ്ക്കായിട്ടാരാക്ഷസാ
ധിപൻ ● രാക്ഷസസ്ത്രീകളോടൊത്തുവെച്ചുശോകവനത്തിലായ് തൻ
നിഷ്ഠയിൽനിന്നിളകീലവൾസാമാദികൊണ്ടുമേ ● രാമനാമാനിനേ
ക്കണ്ടുമോദമായ്ക്കൊണ്ടുപോരവേ വരുംലക്ഷ്മണനേക്കണ്ടു'വിഷമം

ചെയ്യതെന്നുനി • തനിയേയസീതയെവിട്ടിട്ടിവിടെന്തിനുവന്നുനീ പാ പിതൻവിളികേട്ടിട്ടെന്നായിച്ചോദിച്ചു രാഘവൻ • ലക്ഷ്മണൻചൊ ല്ലിനാൻ:'സീതാവാക്ശരപ്പീഡയുമായ് പ്രഭോ!ഞാൻവന്നിവിടെയ ക്കാലയോഗത്തിനാൽദ്ദൃഢം • അവർ വേഗമാശ്രമത്തിൽ ചെന്നു നോ ക്കീട്ടു മൊഴിയാണ്ടിടൻ സീതയെത്തേടുവാനായിട്ടുടൻ ഇരണ്ടു പേരുമായ് • നിലത്തുവീണുപാകാറായ്കിടക്കുന്നജടായുവിൻ സമീപത്തെത്തിനാര ങ്ങമിങ്ങുംതേടിനടന്നവർ • 'രാവണൻകൊണ്ടുപോയിപ്പോൾസീത യേഞാൻതടുക്കയാൽ പാപി,യെന്നെയണത്തിങ്കൽവീഴ്ത്തിനാ'നെന്നുര ച്ചവൻ • ഇതോതിച്ചത്തു,തൻതാതൻസംസ്കാരാദികർമ്മം ചെയ്തതേ ശേ ഷക്രിയകളും ചെയ്തു,തിരിച്ചു രാമലക്ഷ്മണർ • കബന്ധനെക്കൊന്നുരാ മൻശാപമോക്ഷത്തെയേകിനാൻ അവന്റെവാക്കാൽസുഗ്രീവസഖ്യ വും ചെയ്തു രാഘവൻ • വീരനാം ബാലിയെക്കൊന്നാൻ,കിഷ്കിന്ധാരാജ്യ മുത്തമം സഖ്യത്തെ ചെയ്തായസുഗ്രീവന്നേകിനാൻകാര്യസാദ്ധ്യമായ • വ ർഷകാലത്തുസൗമിത്രിയോടും പാർത്തുവിട്ടതാൻ രാവണൻകൊണ്ടു പോയുള്ള പ്രിയസീതയെയോർത്തവൻ • സൗമിത്രിയോടോതിരാമൻ സീതാവിരഹപീഡയായ്: 'കൈകേയിതൻമനോഭാവമെല്ലാംസാധി ച്ചു ലക്ഷ്മണ! • ജാനകീസീതയെഞാനും,ജീവിക്കില്ലവളെനിയെ അ യോദ്ധ്യയ്ക്കവളെവിട്ടുപോകയും ചെയ്യില്ലഞാൻ • രാജ്യംപോയ്,കാ ട്ടിലായ്‌വാസ,മച്ഛൻ ചത്തു,ദുഃഖിതയായ് ദുഃഖിപ്പിക്കുന്നുദൈവമെ ന്തു ചെയ്യേണ്ടുഞാനിനി • പ്രാണികൾക്കുവരാനുള്ളതൊന്നുംമുൻപറി വാനാരാ നമുക്കപ്പ!മേലെന്തുകഷ്ടാവസ്ഥവരിക്കുമോ? • മനുവംശത്തി ലുണ്ടായരാജനന്ദനരാണുനാം പൂർവ്വകർമ്മത്തിനാൽകഷ്ടപ്പെട്ടനീകാട്ടി ലിങ്ങനെ • നീയും ഭോഗങ്ങളെവിട്ടിട്ടെന്നോടൊന്നിച്ചുവന്നതേ കർമ്മ ത്തിനാൽഭുജിക്കേണ്ടും വൻദുഃഖം നീ ഭുജിക്കുക • ആരും നമ്മുടെ വംശ ത്തിലെന്നെപ്പോലെ ദരിദ്രനായ് ദുഃഖിയായ്,ക്ഷീണനാ,യുണ്ടായില്ല ണ്ടാകയുമില്ലെടോ • ദുഃഖാബ്ധിയിൽമുങ്ങിഞാനിന്നെന്തുചെയ്യേണ്ടുല ക്ഷ്മണ! വഴിയുംകരകേറാനില്ലില്ലിങ്ങൊരുസഹായവും • ധനം,ബലവു മില്ലേകൻ,നീവീരൻകൂടിയുണ്ടുമേ സ്വകർമ്മഫലഭോഗത്തിലാരിൽകോ പിക്കുമോദര • കാട്ടിൽവന്നിന്ദ്രസമംപോലുള്ള രാജ്യമതങ്ങുപോയ് വാസവുംകാട്ടിലായ് ദൈവവിധിയെയാരറിഞ്ഞിടും • ചെറുപ്പംസീത യെന്നാലുംനമ്മോടൊത്തുതിരിച്ചവൾ ദുഷ്ടദൈവം,തരുണിയാമവൾ

ക്കുംദുഃഖമേകിനാൾ • പാതിവ്രത്യം,നല്ലശീലം,മതിസ്നേഹവുമുള്ളവൾ
അവൾക്കലങ്കയിൽപോയാലെന്തുദുഃഖംഭവിക്കുമോ? സീതയാരാവണ
ൻതന്റെവശത്താകില്ലലക്ഷ്മണ! ധൂർത്തനെപ്പോലെഞാനയാംജനകൻമ
കളുതമ* നിർബ്ബന്ധത്തിൽപ്രാണനേയുംത്യജിക്കുമവൾലക്ഷ്മണ! രാവ
ണന്റെവശത്തായിത്തീരുകില്ലെന്നുനിശ്ചയം •മരിച്ചുസീതയെന്നാകി
ൽഞാനുംപ്രാണൻകളഞ്ഞിടും ഞാൻസ്വർഗ്ഗംപ്രാപിക്കുന്നാൽഞാനിരിക്കുന്ന
തെന്തിനായ്" • ഈവണ്ണംകരയുംപങ്കജാക്ഷനാംരാമനോടൻ നീതി
മാൻലക്ഷ്മണൻസത്യവാക്കാശ്വാസത്തിനോതിനാൻ • ദീനതാന്തരതെ
കളഞ്ഞിട്ടധൈര്യപ്പെട്ടുകനിവിഭോ! രാക്ഷസാധമനേക്കൊന്നുസീതയെ
ക്കൊണ്ടുപോന്നിടാം • ആപത്തിസമ്പത്തിലധൈര്യാൽ ! സമരായ്‌വാഴുന്നാ
വർധീരർ ! ചാപലന്മാരാണിവയിൽ ! മുങ്ങിത്താഴുന്നവർരാമ. !! സുഖ
വുംദുഃഖവുംരണ്ടുംദൈവാധീനത്തിൽവന്നിടും ആത്മാവിനല്ലദേഹത്തി,
ന്നെന്തുദുഃഖിപ്പതിന്നതിൽ * രാജ്യംപോയ്കാട്ടിലജ്ഞാതവാസംസീതാവേർ
പാടുമെങ്ങനെ വന്നിടപ്പോൾ;നല്ലകാലത്തെമൊട്ടിലെല്ലാംതിരിച്ചുമാം •
സുഖദുഃഖങ്ങളെയെന്നാലുംതാന്താൻഭുജിക്കണം മറിച്ചില്ലതിനാൽ
ദുഃഖംത്യജിച്ചീടുകരാഘവ! • വാനരന്മാരങ്ങനേകംപോയിട്ടുണ്ടല്ലൊദി
ക്കിലും അറിഞ്ഞുകൊണ്ടുവന്നീടുംസീതാവാർത്തയശേഷവും • മാറ്റ്
സ്ഥിതിയറിഞ്ഞാൽഞാനവിടെപ്പോയ്പരാക്രമംകാട്ടിയാപ്പാപിയെക്കൊ
ന്നുസീതയെക്കൊണ്ടുവന്നിടാം• സൈന്യത്തോടുംഭരതശത്രുഘ്നന്മാരേവ
ന്നത്തിനാം ശത്രുക്കളെവധിച്ചീടാംദുഃഖിച്ചീടുന്നതെന്തിനായ്• ദിക്കശേ
ഷംജയിച്ചോൻപണ്ടൊരുതേരാലെയാരഘു ആ വംശത്തിൽജനിച്ചോൻ
നീദുഃഖിക്കുന്നതുയുക്തമോ• സുരാസുരരെയെല്ലാംഞാനേകൻപോരുംജ
യിക്കുവാൻസഹായിക്കിൽപിന്നെയെന്തിക്കലാധമരാവണനേ• വിദേ
ഹനേക്കൊണ്ടുവന്നാസഹായത്തിന്നുരാഘവ!കൊന്നിടാംദുഷ്ടനായ്ദേ
വശത്രുവായുള്ളരക്കനേ• സുഖസ്യാനന്തരംദുഃഖംദുഃഖസ്യാനന്തരംസുഖം
തേർവണ്ടിപോലെയാണെന്നുമാത്രംവരികയില്ലതിൽ• സുഖദുഃഖങ്ങൾവ
രവേമനസ്സൊന്നിളകീടുകിൽ ശോകാബ്ധിമഗ്നനാം,പിന്നെസ്സുഖിയാ
കില്ലാരിക്കലും • ഇന്ദ്രനുംവലുതാംദുഃഖമാണില്ലേ?പണ്ടുരാഘവ! ദേവ
ന്മാരിന്ദ്രപദമോനഹുഷന്നായ്കൊടുക്കയാൽ • ബ്രഹ്മവർഷഗണംപാ
ത്താൻതാമരപ്പൂവിനുള്ളിലായ് ദേവന്മാരറിയാതിന്ദ്രൻ,തൻപദംവിട്ട
ദീനനായ്•പിന്നെക്കാലംതിരിഞ്ഞപ്പോൾനിജസ്ഥാനത്തെമാഘവൻ

ശാപത്താൽനഹുഷൻഭൂവിൽപെരുമ്പാമ്പായിവീണുപോയ് ॰ ഇന്ദ്രാണിയെക്കാമിച്ചുപിന്നവമാനിച്ചുവിപ്രരെ അഗസ്ത്യകോപംപാമ്പാക്കിച്ചമച്ചുഭൂമിപാലനെ ॰ അതുകൊണ്ടാപത്തുവരുംനേരവുംധൈര്യമാളൊലാ ഉത്സാഹത്തിൽമനംവെച്ചുവാഴ്ണംബുദ്ധിയുള്ളവൻ ॰ സദ്ഗുണൻനീമഹാഭാഗ!സമർത്ഥൻനിജഗദ്ഗുരോ! കഷ്ടംപ്രാകൃതനെപ്പോലെയേറെശ്ശോകിപ്പതെന്തിനി ॰

വ്യാസൻപറഞ്ഞു

ലക്ഷ്മണൻവാക്യമീവണ്ണംകേട്ടിട്ടാരഘുനന്ദനൻ ദുഃഖമെല്ലാമുപേക്ഷിച്ചുമോദവാനായ്ഭവിച്ചുതേ ॰

ശ്രീദേവീഭാഗവതം മൂന്നാംസ്കന്ധം

[illegible]

ഇരുപത്തൊമ്പതാമദ്ധ്യായം

മുപ്പതാമദ്ധ്യായം

വ്യാസൻപറഞ്ഞു.

അവധീവണ്ണമോതീട്ടുനിവൃത്തിയതരത്തിലായ് വാനിൽനിന്നിട്ടുഭഗവാൻനാരദൻമുനിവന്നതെ ॰ സപ്തസ്വരാമൃതംമുഴങ്ങുന്ന"മഹതീ"വീണമീട്ടിയും ബൃഹദ്രഥംസാമഗാനംചെയ്തുംരാമനെയാണവൻ ॰ മുനിയെക്കണ്ടെഴീറ്റിട്ടുരാമ, നേകീട്ടർഘ്യമുടനെ ചെയ്താസനാർഘ്യപാദ്യങ്ങളും തെജസ്സേറുന്നവൻ ॰ ശ്രേഷ്ഠയാംപൂജചെയ്തിട്ടുതൊഴുകയ്യോടുനില്പുദേവമുനിചൊല്ലീട്ടരികിലായിരുന്നുരഘുസത്തമൻ ॰ സൌമിത്രിയോടുംദുഃഖിച്ചുവാഴുംരാമനോടായുടൻ നാരദൻകുശലപ്രശ്നംചെയ്താൻമുനിവരൻമുദാ ॰ ദുഃഖിക്കുന്നെന്തുനീരാമ!പ്രാകൃതൻനരനെന്നപോൽ സീതയെക്കൊണ്ടുപോയ്ദുഷ്ടരാവണൻതാനറിഞ്ഞതു ॰ ദേവലോകത്തുപോയപ്പോഴാകേട്ടുഞാൻസീതയെയവൻ തൻനാശമറിവില്ലാതെമോഹത്താൽകൊണ്ടുപോയതായ് ॰ നിൻജന്മംരഘുശ്രേഷ്ഠ!പൌലസ്ത്യന്റെവധത്തിനായ് ॰ അതിനായ്സീതയെക്കൊണ്ടുപോയവൻനരപാലക! ॰ മുൻജന്മത്തിങ്കൽവേദവതിയെന്നുള്ള ഋഷികന്യകാ തപിക്കുന്നൊരുസുന്ദരിയെക്കാട്ടിൽകണ്ടാൻദശാനനൻ ॰ ഭാര്യയാവാനപേക്ഷി

ച്ചാനവശ്യോദന്തരാവണൻ തള്ളിക്കളഞ്ഞവളവൻപിടിച്ചാൻവേണിയിൽബലാൽ ॥ സ്പർശംകൊണ്ടുദുഷിച്ചുള്ള ദേഹംപോക്കാൻനിനച്ചുടൻ ദശാസ്യനാട്ടുപിച്ചേറ്റംകോപിച്ചാത്താപസീമണി ॥ "ഇദ്ദേഹംവിട്ടു, ദിവ്യസ്ത്രീയായ് ഞാൻമന്നിൽജനിച്ചിട്ടും ദുഷ്ട!നിന്നുടെനാശത്തിന്നെന്നായ"ദേഹംത്യജിച്ചുടൻ ॥ അവൾലക്ഷ്മ്യംശമായ്‌വന്നുകൊണ്ടു പോയീദശാനനൻ കലനാശത്തിനായ്,മാലയെന്നോർക്കംപോലിനൊപ്പമായ് ॥ വിഷ്ണോരംശികയാൽനീയുംരാവണന്റെവധത്തിനായ് അജനാംവിഷ്ണുവിന്നംശാലജവംശേജനിച്ചതേ ॥ സതി,ധർമ്മിഷ്ഠ, വൈദേഹി നിന്നോടൊന്നിച്ചുസർവ്വദാ അവനവശയായ്പാർക്കുന്നെങ്ങനീദൈത്യമാളിക ॥ അയച്ചിന്ദ്രൻഭാജനത്തിൽകാമധേനുവിന്നുള്ളപാൽ സീതയ്ക്കു പാനത്തെവുസ്താനായ്കുടിച്ചാസ്സുധയേയവൾ ॥ പൈദാഹങ്ങളുമില്ലാതെവാഴുന്നപ്പാൽകുടിക്കയാൽ കണ്ടേൻ.തണ്ടാരിതാംകണ്ണിസീതയെ ഞാൻസുരപാത്തമ: ॥ അവനെക്കൊല്ലുവാൻതോന്നിന്നൊരുപായംപറഞ്ഞിടാം വ്രതമൊന്നുതുലാമാസത്തിങ്കൽനീയാചരിക്കണം ॥ നവരാത്രോപവാസംശ്രീദേവീപൂജയതും,നൃപ! ജപവും,ഹോമവും,വേണമുണ്ടാകംസർവ്വസിദ്ധിയും ॥ ശുദ്ധജന്തുക്കളെക്കൊന്നുദേവിക്കുബലിനൽകിനീ പത്തിലൊന്നതിൽഹോമിച്ചാൽമഹാശക്തനതാമിവാൻ ॥ വിധിവിഷ്ണുഹരന്മാരുംപണ്ടുനോററീവ്രതത്തിനെ സ്വർഗ്ഗമദ്ധ്യത്തിൽവാണീടുമിന്ദ്രനുംനോററിതങ്ങനെ ॥ സുഖിയെന്നാകിലുംനോൽക്കാംനവരാത്രിവ്രതങ്ങളും വിശേഷിച്ചുംകഷ്ടകാലമുള്ളവൻനോററുതീരണം ॥ ഈവ്രതം കൌശികൻനോററുശങ്കയില്ലതിൽരാഘവ! വസിഷ്ഠനും,കശ്യപനും,ഭൃഗുവുംനോററിതങ്ങനേ ॥ ഭാര്യയെക്കൊണ്ടുപോയപ്പോൾനോററാനിബ്ബൃഹസ്പതി അതിനാൽനോല്ക്കണംനീയുംരാവണന്റെവധത്തിനായ് ॥ വൃത്രനാശത്തിനായിന്ദ്രൻനോററീയുത്തമമാംവ്രതം ത്രിപുരാസുരരെക്കൊൽവാൻനോററാൻശങ്കരനുംപുരാ ॥ മധുനാശത്തിനായ്‌വിഷ്ണുമേരുവിൽവെച്ചുനോററതെ വിധിപോലതിനാൽനീയുംശ്രദ്ധയായ്നോല്ക്കുകീവ്രതം ॥

ശ്രീരാമൻ പറഞ്ഞു.

ദേവിയാരെന്തുമാഹാത്മ്യമെന്തുണ്ടായതെങ്ങുപേർ? വ്രതമെന്തു? വിധിപോൽചൊല്ലുസർവ്വജ്ഞനാണുനീ ॥

നാരദൻപറഞ്ഞു.

കേൾക്കരാമ!സദാനിത്യ,യാദിശക്തി,സനാതനീ ദുഷ്ടനാശംസ്വ

ങ്ങളെപ്പൂജിക്കിലേകുവോം ॰ ജന്തുക്കൾക്കൊക്കയും ബ്രഹ്മാദികൾക്കുമൂ
ലമായവൾ അപ്രകൃതിയെന്നിയെയാശ്രയിപ്പാൻ കുടിവരില്ലേതോ॰ എൻ
താതനാസൃഷ്ടിശക്തി,രക്ഷാശക്തി ഹരിക്കവൾ രുദ്രന്നു സംഹാരശക്തി,
പരാശക്തിയുമാണവൾ ॰ നല്ലതോ ചിത്തമോ ഇതാനീലോകങ്ങ
ളിലൊക്കയും അവളെല്ലാശക്തിയവൾ അവൾക്കില്ലത്തിയെങ്ങനെ!
ബ്രഹ്മാവും വിഷ്ണുവും രുദ്രനശ്വികൾ ചന്ദ്രസൂര്യന്മാരും ഇന്ദ്രാദിവിണ്ണോരെല്ലാരു
മില്ലാത്തുള്ളയുഗാദിയിൽ ॰ മൂലപ്രകൃതിയാം പൂർണ്ണസത്വാദ്ഗുണമാറ
വൾ പരമപുരുഷനോടൊത്തു കളിച്ചീടുന്നു രാഘവ! ॰ അവൾ ഗുണമായ
യ് പിന്നെ ലോകം സൃഷ്ടിച്ചിട്ടന്തെ ബ്രഹ്മാദികളെയുമുൻ സൃഷ്ടിച്ചവൾക്കു
കീട്ടശക്തികൾ ॰ അവളെയറിയുന്നോനിസ്സംസാരക്കെട്ടൊഴിഞ്ഞു പോം
വേദാന്ത,വേദംനിഷ്ടിച്ചോൾ,ബ്രഹ്മവിദ്യ,ധരിക്കനീ. ॰ ഗുണകർമ്മവി
ഭാഗംകൊണ്ടവൾക്കുള്ള രൂപഭേദങ്ങൾ ബ്രഹ്മാദികൾക്കുമെണ്ണാവ
ന്നല്ല,ഞാനെന്തു ചൊൽവതു ? ॰ സർവ്വജ്ഞനായ ശിവനുള്ള പത്താ
ന്നക്ഷരങ്ങളും ക്രീഡിച്ചീടുന്നതെല്ലാം ദേവിയുള്ളതു രാഘവ! ॰

രാമൻ പറഞ്ഞു.

ഈവ്രതത്തിന്റെ വിധിയെച്ചൊല്ലീടണം മുനേ! ഇന്നത
ന്നൊത്തു ഞാൻ ഭക്തിയായ് ദേവിപൂജയും ॰

നാരദൻ പറഞ്ഞു.

സമസ്ഥാനത്തു പീഠം വെച്ചതിൽ സ്ഥാപിച്ചു ദേവിയെ വിധിയാ
യോൻ പത്തുദിനം വസിക്കു ഉപവാസമായ് ॰ ഇക്കർമ്മത്തിന്നു ഞാനാ
ചാര്യനായിട്ടുചിച്ചിടാം ദേവകാര്യം ഫലിക്കാനായുത്സാഹിക്കാം രഘൂ
ദ്വഹ ॰

വ്യാസൻ പറഞ്ഞു.

ആവാക്കുകേട്ടുള്ളതെന്നായോദ്ധ്യാരാമൻ പ്രതാപവാൻ നല്ലപീ
ഠത്തെയുണ്ടാക്കിസ്ഥാപിച്ചാൻ മംഗളാംബയെ ॰ വിധിയൊത്തിട്ടു പൂജി
ച്ചാൻ വ്രതത്തോടംബയെ ഹരി ആയദ്രിയിൽ വെച്ചു കന്നിത്തുലാമിരണ്ടു
മാസമായ് ॰ ഉപവാസത്തോടു രാമൻ നോറ്റാനുത്തമമാം വ്രതം ഹോമ
വുംവിധിപോൽ ചെയ്താൻ പൂജയും ബലിദാനവും ॰ രാമലക്ഷ്മണർ യോജി
ച്ചുനോറ്റാർ നാരദനിഷ്ഠമായ് അഷ്ടമിക്കർദ്ധരാത്രിക്കു ദേവീഭഗവതീശി
വാ ॰ സിംഹവാഹനയായിട്ടു ദർശനം നൽകിനാൾ മുദാ ഗിരിശൃംഗത്തിൽ
നിന്നിട്ടു രാമലക്ഷ്മണരോടവൾ ॰ ഇടിവെട്ടുന്നപോൽ ചൊന്നാൾ സ
ന്തോഷിച്ചിട്ടു ഭക്തിയാൽ.

ദേവി പറഞ്ഞു.

രാമ! രാമ! മഹാബാഹോ! തോഷിച്ചേൻ നിൻ വ്രതത്തിനാൽ മനസ്സിലുള്ളിഷ്ടമായ വരം ചോദിച്ചുകൊൾകനീ ⁕ രാവണന്റെ വധത്തിന്നായ് വിണ്ണോരർത്ഥിക്കയാൽ ഭവാൻ ശുദ്ധമാം മനുവംശത്തിലുണ്ടായ് നാരായണാംശമായ് ⁕ മത്സ്യത്തിൻ വടിവായ് മുന്നം കൊന്നിട്ടാരാക്ഷസേശനെ വേദങ്ങളെ രക്ഷിച്ചു ദേവന്മാർക്ക് ഹിതത്തിനായ് ⁕ ആമതൻ വടിവാണ്ടിട്ടു ധരിച്ചു മന്ദരാദ്രിയെ സന്തോഷിപ്പിച്ചു വിണ്ണോരെപ്പാലാഴി മഥനത്തിനാൽ ⁕ പന്നിതൻ വടിവായ് പണ്ടുർവ്വിയെ തേറ്റകൊണ്ടു നീ ഉയർത്തി ഹിരണ്യാക്ഷനിഗ്രഹം ചെയ്തു രാഘവ! ⁕ കൊന്നു ഹിരണ്യകശിപുവേയും നീ നരസിംഹമായ് പ്രഹ്ലാദരക്ഷ ചെയ്യാനായിട്ടു രഘുനന്ദന! ⁕ ഇന്ദ്രാനുജനായ് പിന്നെ ദേവകാര്യത്തെ നേടുവാൻ വാമനാകൃതിയായിട്ടു ചതിച്ചു ബലിയെ ഭവാൻ ⁕ എൻ വിഷ്ണുവിന്നംശമോടും നീയപ്പരശുരാമനായ് മന്നക്ഷതി ചെയ്തിട്ടു വിപ്രർക്കായേകി ഭൂമിയേ ⁕ ഇന്നു വിണ്ണോർ ദശരഥൻ പുത്രനായി ജനിച്ചു നീ ദേവന്മാരൊക്കെയർത്ഥിച്ചിട്ടാണു രാവണപീഡയാൽ ⁕ ദേവാംശമായ് ബലം കൂടും കപികൾതേ സഹായമായ് ഭവിക്കുമിവരെല്ലാരുമെൻ ശക്തിയോടു കൂടിയോർ ⁕ ശേഷാംശമാം നിന്നനുജൻ കൊല്ലും രാവണപുത്രനെ സംശയിക്കേണ്ടിതിൽ ചെറ്റും പാപമില്ലാത്ത രാഘവ! ⁕ വസന്തകാലത്തവിടെ ഭക്ത്യാ പൂജിക്കകെന്നെ നീ പിന്നെ രാവണനെക്കൊന്നു സുഖമായ് വാഴ്ക രാജ്യവും ⁕ പതിനൊരായിരം വർഷം നന്നായാണ്ടിട്ടു മന്നിൽ നീ സ്വർഗ്ഗലോകം ഗമിച്ചാലും പിന്നെയെന്റെ രഘുനന്ദന!

വ്യാസൻ പറഞ്ഞു.

മറഞ്ഞിതോതി ദേവി, സന്തോഷിച്ചേറെ രാഘവൻ വ്രതം സമാപ്തമാക്കീട്ടു തിരിച്ചാൻ ശമീശിനേ ⁕ വിജയാപൂജയും ദാനങ്ങളും ചെയ്തിട്ടനേകമായ്. ⁕ കപിവരബലയുക്തൻ സാനുജൻ ശ്രീമണാളൻ ! തെളിവിലഖിലനാഥാപ്രേരിതൻ പൂർണ്ണകാമൻ ! ജലനിധിതടമാണ്ടസ്സേതുവും തീർത്തുകൊന്നാ ! നഗരരിപു ദശാസ്യൻ തന്നെ വൻ കീർത്തിയോടും ॥ ഭക്തിയോടാരാധകർക്കീ ദേവീചരിതമുത്തമം ഭവൻ ബുദ്ധിസുഖ

തൊട്ടുംപരമാംപദമാണിട്ടും ॥ വിസ്താരമായ്വേറെയുണ്ടുപുരാണങ്ങളനേകമായ് അവയൊന്നുമിതിന്നൊപ്പംവരില്ലെന്നൊരുറനിശ്ചയം ॥

ശ്രീദേവീഭാഗവതം മൂന്നാംസ്കന്ധം

നവരാത്രിവ്രതകഥനം

മുപ്പതാമദ്ധ്യായം

മൂന്നാംസ്കന്ധം സമാപ്തം

ശ്രീ ലളിതാംബികായൈ നമഃ

ശുഭം.

നാലാംസ്കന്ധം

ഒന്നാമദ്ധ്യായം

ജനമേജയൻ പറഞ്ഞു

വേദവ്യാസ!മുനിശ്രേഷ്ഠ!ചൊല്ലീടുന്നതിനൊടായ് ഞങ്ങൾക്കുള്ളൊരു സംശയംതീർപ്പിച്ചുപുണ്യനിധേ!വിഭോ! ॥ ശൂരസേനസുതൻ,ശ്രീമാൻ,വസുദേവൻ,പ്രതാപവാൻ ഞാൻകേട്ടിട്ടുള്ളവൻപുത്രനാവതേ ഹരിയാണതായ് ॥ ദേവന്മാർക്കുംപൂജ്യനവൻ,നാമമാനകദുന്ദുഭി അവക്ലിഷ്ടൻ,കംസകാരാഗൃഹത്തിൽപാർത്തതെന്തിനായ് ॥ ഭാര്യദേവകിയോടൊന്നിച്ചെന്തവൻതെറ്റുചെയ്തതും യയാതിവംശജൻകംസൻ പിന്നെദേവകിപുത്രരാം ॥ ആറുപേരെനിഗ്രഹിച്ചതെന്തുമൂലംമഹാമുനേ! കാരാഗൃഹത്തിൽശ്രീകൃഷ്ണനെന്തുകൊണ്ടുജനിച്ചതും ॥ ഗോകുലത്തിങ്കലവനെക്കൊണ്ടുപോയതുമെന്തിനായ്? കൃഷ്ണനാരാജജന്മംവിട്ടന്യജന്മമെടുത്തതും ॥ പിതാക്കളും,ചങ്ങലക്കെട്ടിൽവാണതുംപിന്നെയെന്തിനായ്? ജഗത്സൃഷ്ടിക്കുവിഭുതാൻ,മാതൃഗർഭത്തിൽവാണമേ ॥ പിതാക്കളും,വൃദ്ധരവരേപ്പേർപെട്ടതെന്തുതാൻ? കൃഷ്ണനാംപരമാത്മാവേജനിപ്പിച്ചോരവർക്കഹോ ॥ മഹാന്മാരുംധരിക്കാത്തമുൻകർമ്മമതുമെന്തുതാൻ? കംസൻകൊന്നോരുപുത്രന്മാരാരാർ?കല്പിലടിക്കവേ ॥ വാനിൽപോയെട്ടുകള്ളോട്ടംനിന്നബാലയുമാരവൾ? അനേകംഭാര്യമാര

ള്ള കൃഷ്ണൻഗാർഹസ്ഥ്യമെങ്ങനെ? * എന്തെല്ലാംചെയ്തു ഭഗവാനെന്നുമട്ടു
ടൽവെടിഞ്ഞതും? കൃഷ്ണന്റെ ചരിതം ഞാനിജ്ജനം ചൊല്ലീട്ടു കേൾക്ക
യാൽ * ഭൂമിഭാരം തീർത്താൻ സ്വകൃത്യമായിട്ടുമതും ധർമ്മന്റെ ത
നയന്മാരാം ചെണ്ണയുള്ള ഋഷിസത്തമർ * നരനാരായണന്മാരാം മഹാത്മാ
രാമുനീശ്വരർ ആഹാരമാശയും വിട്ടോർ വെന്നോർ കാമാദിയാവുമേ *
വിഷ്ണുവിന്നംശഭൂതന്മാർ, ജഗൽരക്ഷണത്തിനേറെനാൾ നൽതപം ചെ
യ്തു തേ പുണ്യം കൂട്ടം ബദരികാശ്രമേ * അവതാരാംശമായ് വന്നോർ കൃ
ഷ്ണാർജ്ജുനർ മഹാത്മാക്കൾ എന്നു ചൊല്ലുന്നു സർവ്വജ്ഞർ നാരദാദിമുനീശ്വ
രർ * നരനാരായണർ വാഴ്‌നിന്നമായവരെങ്ങനെ കൃഷ്ണാർജ്ജുനന്മാരാ
യിട്ടു വേറെ ദേഹമെടുത്തതും? * മോക്ഷത്തിനായുഗ്രതപം ചെയ്യുള്ള മുനി
സത്തമർ ദേഹാകർഷ്യത്താലുതെന്നു മട്ടുതപം കൂട്ടനായോഗികൾ * ശു
ദ്രൻ ധർമ്മിഷ്ഠനായിട്ടു മരിച്ചാൽ നൃപനാം ദൃഢം ശൂദ്രൻ സദാചാരനെ
ന്നാൽ ശ്രീജനായും ഭവിച്ചിടും * ശാന്തൻ നിരാശനെന്നാകിൽ ബ്രാഹ്മ
ണൻ മോക്ഷമാണെളിടും നരനാരായണർ മാത്രം കൊണ്ടെന്തു വിപരീതമായ് *
കർമ്മത്താൽ ശാന്തരാം വിപ്രവരരെങ്ങനെ ജാതരായ് പിന്നെ ക്ഷത്രിയ
വംശത്തിൽ, ശാപം കൊണ്ടായിരിക്കുമോ? * വിപ്രന്മാർ ക്ഷത്രിയന്മാരാ
യ് ഭവിക്കാനെന്തു കാരണം? നശിച്ചു യാദവർ വിപ്രശാപത്താലെന്നു കേ
ട്ടു ഞാൻ * കൃഷ്ണന്റെ വംശം ഗാന്ധാരീശാപത്താൽ പോയിതെന്നുമേ
പ്രദ്യുമ്നനെക്കൊണ്ടുപോയതെന്തുകൊണ്ടു ശംബരാസുരൻ * ജനാർദ്ദനൻ ദേവ
ദേവൻ വാസുദേവനിരിക്കവേ ദ്വാരകക്കോട്ടതന്നുള്ളിൽ കൃഷ്ണഗേഹം സു
ദുർഗ്ഗമം * അവിടീറ്റില്ലമാണിട്ടു കുട്ടിയെ കട്ടു ദൈത്യടം അവൻ ഹരിച്ചു
ള്ളതെന്തുകൊണ്ടറിഞ്ഞതില്ലെന്നു മാധവൻ * എനിക്കിതെല്ലാം സന്ദേഹം സം
ശയം തീർക്കനീ മുനേ! ശ്രീകൃഷ്ണൻ സർവ്വജ്ഞമാണപ്പോഴാം ഭാര്യമാർ ചോരരാ
ലു കഷ്ടം! * പീഡിക്കപ്പെട്ടു പഹരിക്കപ്പെട്ടെന്നതുമെന്തഹോ? മനസ്സി
നെച്ചലിപ്പിക്കും ശങ്കയുണ്ടു മഹാമുനേ! * വിഷ്ണ്വംശമായി ഭൂഭാരനാശത്തി
ന്നായ് ജനിച്ചവൻ മെന്തു മധുരാരാജ്യമുപേക്ഷിച്ചു ജനാർദ്ദനൻ * ബന്ധു
ക്കളും സൈന്യവുമായ് ദ്വാരകയ്ക്കെന്തുപോയതും? വിഷ്ണുവിന്നവതാരം
ഭൂഭാരത്തെ തീർത്തു ദുഷ്ടരെ * നിഗ്രഹിച്ചിട്ടു ധർമ്മത്തെ സ്ഥാപിക്കാനെന്നു
ചൊല്ലുവേ കൃഷ്ണനാലെന്തു കൊല്ലപ്പെട്ടില്ല ദുഷ്ടരുകളാമവർ * ഭീഷ്മദ്രോണ
വധം കൂടി ഭൂഭാരഹരണത്തിനായ് പാർത്ഥന്മാരെ ച്ചിലർ കൊണ്ടുപോയിട്ടും
കൃഷ്ണനീശ്വരൻ * സർവ്വജ്ഞൻ സൽപുമാനെന്തതറിഞ്ഞതില്ലേ? മുനീശ്വര!

മഹാന്മാർ, ധർമ്മനിഷ്ഠന്മാർ, ഉന്നതാചാരമുള്ളവർ • ദേവാംശസംഭ
വർ, കൃഷ്ണപക്ഷക്കാർ, പാണ്ഡുനന്ദനർ യുധിഷ്ഠിരൻമുതല്പേരുള്ളോർ, വി
ധിപോൽശ്രേഷ്ഠമായിട്ടം • രാജസൂയത്തെയധികംഭക്തിയോടുകഴിച്ചു
തേ പലമട്ടിൽബ്രാഹ്മണർക്കായ് ചെയ്തുദക്ഷിണയായതും • മഹാദുഃഖ
മവർക്കുണ്ടായ് സുകൃതമെന്തുപായ്? അത്രദുഃഖംവരാൻഘോര
പാപമെന്താചരിച്ചവർ • ഹോമകുണ്ഡത്തിലുണ്ടായോരയാംലക്ഷ്മ്യംശം
സതി, കൃഷ്ണനിൽ ഭക്തിയുള്ളവൾപാഞ്ചാലിയവളുംപിന്നെയങ്ങനെ •
കൂടെക്കൂടെമഹാദുഃഖംതുല്യമററാണ്ടതുംമുന്നേ തീണ്ടാറന്നോരാടയുംപൂ
ണ്ടയോൽവാഴുന്നവൾകഥം • പിടിച്ചുസഭയിൽദുസ്സാസനൻദുഃഖാൽ
നയിച്ചതേ വിരാടനഗരേരാജദാസിയായുംവസിച്ചവൾ • കരഞ്ഞുകര
രികെക്കാപ്പംകീചകൻപോയ്തടുക്കവേ പിന്നെജയദ്രഥൻകൊണ്ടു
പോയപ്പോളതിദുഃഖിയായ് • ബലമേറുംമഹാന്മാരാംപാണ്ഡവർവിട്ട
വിച്ചവൻ പൂർവ്വജന്മമഹാപാപംകൊണ്ടോപീഡകളിങ്ങനേ • വന്നു
ചേർന്നിട്ടവർദുഃഖിച്ചതുമോർക്കമഹാമതേ! എൻപൂർവ്വന്മാർശ്രേഷ്ഠമാ
യരാജസൂയംകഴിച്ചുമേ! • ശുഭകർമ്മമോപ്രാപിച്ചതീവൻദുഃഖമൊ
ക്കയും ദേവാംശജരവർക്കെന്ത് തത്തുതാൻബഹുസംശയം • ലോകംന
ശ്വരമെന്നായിട്ടറിയുംനല്ലപാണ്ഡവർ ധനത്തിനായ്ചതിച്ചിട്ടുകൊ
ന്നാർഭീഷ്മാദിയോഗ്യരേ • ഇക്കൊട്ടംപാതകംചെയ്യാൻമഹാനാംപര
മൻഹരി വാസുദേവൻപ്രേരണചെയ്തു, വർചെയ്തുകലക്ഷയം • ധന
ത്തിന്നായ്ഗുരുവാരെക്കൊല്ലാതെയുപജീവനം വരികൊണ്ടുംവേലചെ
യ്തുമുത്തമം, പിച്ചതെണ്ടിയും • മുടിഞ്ഞുപോയവംശംനീഗോളകന്മാർ
മഹാബലർ സുതന്മാരെജനിപ്പിച്ചുരക്ഷിച്ചില്ലേ? മുനീശ്വര! • കുറേ
ക്കാലംകഴിഞ്ഞെന്റെയപ്പൂപ്പനുത്തരതൻസുതൻ പാമ്പിനെമുനികണ്ഠ
ത്തിലെന്തിനാണിട്ടതുള്ളതും? • ചെയ്തിട്ടാബ്രാഹ്മണദ്വേഷംസ്വപാദശേ
ജ്ഞാതമേ മൌനിയാംമുനിയെപ്പിന്നെന്നപ്പൻശ്രദ്ധാഹിച്ചതെന്തിനായ്?
ഇരവണ്ണവുംമറവുമോരോരാശങ്കയാലാകുലംമനം അതെല്ലാംതീർക്കണംനീ
യോസർവ്വജ്ഞൻകരുണാനിധി.

ശ്രീദേവീഭാഗവതം നാലാംസ്കന്ധം

കൃഷ്ണാവതാരപ്രശ്നം

ഒന്നാമദ്ധ്യായം

രണ്ടാമദ്ധ്യായം.

സൂതൻ പറഞ്ഞു.

കേട്ടീതെല്ലാം പുരാണങ്ങളെന്നാകം സത്യവതീസുതൻ വ്യാസൻ, പാരിക്ഷിതൻ ശാന്തൻ ജനമേജയനോടുടൻ • സംശയം പോക്കിടും വാക്യം ചൊന്നാൻ വാക്യവിശാരദൻ.

വ്യാസൻ പറഞ്ഞു.

എന്മട്ടിലുകഥിക്കുന്നു കർമ്മത്തിൻ പോക്കു ദുർഘടം, വിണ്ണോരറിയാ രാജൻ! പിന്നെയെന്തീനരൻ കഥ • ഇബ്ബ്രഹ്മാണ്ഡം മുഗ്ഗുണമോടെ ന്നതാൻ ജനിപ്പിച്ചവോ അനേകം ചെല്ലാവതും കർമ്മം കൊണ്ടാണുണ്ടായതും ധ്രുവം • ആബ്രഹ്മമാറു ജീവന്മാർ കർമ്മവിത്തിൽ കിളിർത്തവർ നാനായോനിയിലുണ്ടായി ക്രൂടെക്രൂടെ മരിച്ചിടും • കർമ്മമെന്ന്യേ മറ്റെ ബന്ധമുണ്ടാകില്ലാതനാളമേ ശുഭാ, ശുഭം, മിശ്രം, മെന്നു കർമ്മവും മൂന്നു മാതിരി • ഉണ്ടെന്നായ്‌ത്തതുമറിയും ബുധന്മാർ പറയുന്നതേ കെട്ടിക്കിടക്കുന്നു മേൽവരാൻ പോകുന്നതു, അങ്ങനെ • ഇപ്പോഴും ശരീരത്തിലുള്ളതെന്നു മൂന്നു വിധം നൃപ! ബ്രഹ്മാവു തൊട്ടെല്ലാരും കർമ്മാധീനത്തിലുള്ളവർ • സുഖം, ദുഃഖം, ജരാ, മൃത്യു, സന്തോഷവ്യസനാദികൾ കാമം, ക്രോധം, ലോഭം, മെന്നീ ശരീരങ്ങൾക്കൊക്കയും • ദൈവാധീനത്തിലെല്ലാർക്കുമുണ്ടാകുന്നു നരാധിപ! രാഗദ്വേഷാദിഭാവങ്ങൾ സംസർഗ്ഗലോകത്തുമുണ്ടുതാൻ • ദേവന്മാർക്കും മനുഷ്യർക്കും പശുക്കൾക്കും പക്ഷികൾക്കുമേ ഈ വികാരങ്ങളെല്ലാം താൻ ദേഹത്തോടൊത്തിരിപ്പവ • പൂർവ്വജന്മത്തിലെ സ്നേഹവൈരങ്ങൾക്കനുരൂപമാം കർമ്മം കൂടാതെ ജന്തുവിന്നുത്ഭവമില്ലെടോ! • സൂള്ളിൻ ചുററുന്ന കർമ്മത്താൽ ചന്ദ്രന്നാക്ഷയരോഗവും കപാലിത്വം ത്രിനേത്രനാം കർമ്മത്താൽ തന്നെ നിശ്ചയം • കർമ്മമുണ്ടായതിന്നപ്പോളെന്നാർക്കുമറിവില്ലതാൻ കർമ്മത്താൽ നിലനിന്നീടുന്നിച്ചരാചരമൊക്കയും • നിത്യാനിത്യവിചാരത്തിൽ ഭ്രമിക്കുന്നൃഷിമാർ സദാ അനിത്യമോ നിത്യമോയെന്നറിഞ്ഞീടാതെ കർമ്മവും • ജഗത്തു, മായയുള്ളപ്പോൾ തോന്നീടും നിത്യമെന്നതായ് കാര്യമില്ലെന്നാകെ ചൊല്ലുന്നല്ലോ ഭേദമിരിക്കവേ • മായയെല്ലാത്തിന്നും മൂലമെന്നും നിത്യവുമാണതു് അതിനാൽ ബുധരോർക്കണം നിത്യമായ് കർമ്മബീജവും • ജഗത്തെല്ലാം ഭ്രമിക്കുന്നീ കർമ്മത്തിൽപെട്ടു ഭൂപതേ! നാനായോനിയിലൊട്ടേറെയധർമ്മവിഷയത്തിലും • തേജ

സഖിയാംവിഷ്ണുവിന്നജന്മംന്നിശ്ചയോ?നൃപ! വിട്ടുവൈകുണ്ഠവാസ
ത്തൊടൊട്ടനേകസുഖങ്ങളെ * യുഗന്തോറുംനീചയോനികളിൽജന്മ
മെത്രയെന്ന മലമൂത്രമയംവാസംതിയന്നാശിച്ചിടുന്നതും* സുഖാസനം,
ജലക്രീഡ,പൂവിറുത്തുള്ളലീലയും വിട്ടെത്തുമതിമാൻഗർഭവാസത്തിന്നാ
യ്കൊതിച്ചിടും * ഹംസതൂലികയാൽചമച്ചുള്ളൊരുനല്ലമെത്തയെ
വിട്ടെത്തുവിദ്വാൻകാമിക്കുംതലകീഴായ് വസിക്കുവാൻ * നാനാരസമെ
ഴുന്നാട്ടംപാട്ടുംകൊട്ടുംവെടിഞ്ഞവൻ നരകത്തിൽവസിച്ചീടാൻമനസ്സാ
ചിന്തചെയ്തിടും· * ലക്ഷ്മികൈഴുമെസ്തൃതമാംഗ്രഹംഗോദിരസങ്ങളെ
ബുദ്ധിമാൻവിട്ടുവിൺമൂത്രരസപാനംകൊതിക്കുമൊ? * നരകംഗർ
വാസത്തിന്നിതെയില്ലൊരിടത്തുമെ മുനിമാരതിനെപ്പേടിച്ചാണല്ലൊചെ
യ്യുന്നുവൻതപം * സുഖരാജ്യവുംവിട്ടുകാട്ടാളുന്നമനസ്വികൾ അ
തുപ്പേടിച്ചേച്ചതുമൂഢൻഗർഭവാസംകൊതിച്ചിടും * കടിക്കുംകൃമി,താഴ
ത്തായ്മൂടെകുംജാഠരാഗ്നിയും ചുററിട്ടെതൊലിയുംകഷ്ടംഗർഭത്തിൽ
സുഖമെന്തഹൊ * കല്പകാലംതടവിൽചങ്ങലയിട്ടുതന്നിടലോ
വാസംകൊള്ളാം,ഗർഭവാസംതെണ്ണവുംസുഖമല്ലതാൻ * പത്തുമാസം
ഗർഭവാസംവൻദുഃഖംപ്രസവത്തിലും കഠിനംയോനിയന്ത്രത്തിൻവെ
ളിക്കാവത്തുമങ്ങനെ * ബാല്യത്തിലതുപോൽദുഃഖംമൂകതചംജഡതാന
ഹീനതാ പാരാധീനംഭയംപിന്നെപ്പെരുതാഹമറിയാതെയും *
ബാലൻവിശന്നുകരയുമമ്മദുഃഖിക്കുമേററവും രോഗമെന്തെന്നറിയാതെ
ന്നാലെത്രൌഷധമേകാൻതുനിഞ്ഞിടും. * പലമട്ടായദുഃഖങ്ങൾബാ
ല്യത്തിങ്കൽഭവിച്ചിടും സുഖമെന്തൊന്നോർത്തതാനേജന്മമാശിച്ചിടും
സുരർ * നിരന്തരസുഖംവിട്ടുസുഖനാശംതുടങ്ങിയും വരും,പോരസുര
ന്മാരോടാശിക്കുംമൂഢനേതവൻ? * എന്തായാലുംനൃപംശ്രേഷ്ഠ!ബുധമാ
ന്യമതഭേദവും തൻകർമ്മപരിപാകമ്പോലുള്ളസുഖദുഃഖവും* ദേവ
ന്മാരനേനാമരംപെറ്റുപക്ഷികളെല്ലാരും നല്ലതൊ ചീത്തയോ ചെ
യ്യുകർമ്മംതിട്ടംഭുജിക്കണം* യാഗംതപംദാനവുംകൊണ്ടിന്ദ്രതചംനരനാ
യിടും പുണ്യംതീർന്നാൽപതിച്ചീടുമിന്ദ്രനുംശങ്കയില്ലതിൽ* രാമാവതാ
രകാലത്താവിഷ്ണുവാർവാനരരായിതെ യാദവന്മാരുമായ്കൃഷ്ണസഹായ
ത്തിന്നതേതരം * യുഗംതോറുംവിഷ്ണുവിന്നുവതാരമനേകമായ് എടുക്കും
ധർമ്മരക്ഷക്കായ്ബ്രഹ്മാവിന്നപേക്ഷയാൽ * ക്രമേണദേവിഷ്ണുവി
ന്നനാനായോനിയിലിങ്ങനെ അവതാരങ്ങളുണ്ടാകുംതേർവരുന്നിയത

ളുന്നപോൾ • ഹരിതാൻതന്നെ,സുരരെനിഗ്രഹിപ്പാൻധരിത്രിയിൽ അം
ശങ്ങളാലവതരിക്കണംവൻപൻ,നൃപോത്തമ! •അതിനാൽതാൻനല്ല
കൃഷ്ണാവതാരകഥയോതിടാം യദുവംശത്തിലുണ്ടായഭഗവാൻവിഷ്ണു
വാണവൻ • കശ്യപൻമുനിതന്നംശാവസുദേവൻപ്രതാപവാൻ ഗോ
പനായ്തീർന്നതെരാജൻ!പൂർവ്വശാപംനിമിത്തമായ് • അദിതി,സുര
സാംയെന്നരണ്ടുകശ്യപഭാര്യമാർ ദേവകീ,രോഹിണീയെന്നസഹോദരി
കളായവർ • ശാപംനിമിത്തംഭൂവിങ്കൽഗോപസ്ത്രീകളുമായിതേ വരു
ണൻവലുതാംശാപംകോപിച്ചേകിയമൂലമായ്. •

രാജാവു പറഞ്ഞു.

എന്തുകാരണംകശ്യപൻചെയ്തുണ്ടുശാപത്തെയാമുനി ഭാര്യമാരോ
ട്, മെന്മേ ജനിച്ചാ?ന്നതുമൊത്തുക. • വൈകുണ്ഠവാസിയാംലക്ഷ്മീരമണാ
ളൻപൂർണ്ണനീശ്വരൻ വിഷ്ണുവാംഗോകുലത്തിങ്കൽജനിച്ചെന്നതുമെങ്ങ
നെ? • ആദിനാരായണൻസർവ്വധരൻസുരവാൻപ്രഭ അവ്യയൻഭഗവാ
നാർതൻചൊല്പടിക്കാണിരിപ്പതു? • വൈകുണ്ഠംവിട്ടവൻകർമ്മ കെട്ടു
ള്ള നരജന്മമായ് ജനിച്ചതെന്തിന്നുമൂലംചൊന്നാലുമതിശങ്ക,മെ • മ
നുഷ്യദേഹംപ്രാപിച്ചാകഷ്ടജന്മഗതിയായവൻ ദോഷങ്ങളുട്ടമൊരോകാ
ര്യങ്ങളെച്ചെയ്യുന്നതാമുനേ! •കാമം,ക്രോധം,ശോകം,മീർഷ്യാ, സന്തോഷ
സുഖദുഃഖവും വൈരം,ഭയം,ദീനഭാവം,സത്യവും,പാപപുണ്യവും •
താഡനം,പോഷണം,താപം,ചലനം,ധാളിക്ക്യവും അനുഗ്രഹം,മോഹ
വും,ഡംഭം,കളവാ,ലന്യമായയും • മാനം,വിശ്വാസമിവയുമെറുംതൊ
വങ്ങളൊക്കയും മനുഷ്യജന്മമാണ്ടിട്ടിലുണ്ടല്ലോമുനിപുംഗവ! • നി
ത്യമാംസുഖവുംവിട്ടമ്പ് ഭഗവാൻവിഷ്ണുവെങ്ങനെ ഈവിധങ്ങളാംവന്നകൃ
ട്ടംനരജന്മമെടുത്തതും? • മന്നിൽമാനുഷനായ്തീർന്നാൽസുഖമെന്തുമു
നീശ്വര! ഗർഭവാസമതുചെയ്തതെന്തിനാണാസ്സാക്ഷാൽജഗന്മയൻ? • ഗ
ർഭദുഃഖം,ജന്മദുഃഖം,ബാല്യത്തിൽബഹുദുഃഖവും യൗവ്വനത്തിൽകാമ
ദുഃഖം,ഗൃഹസ്ഥന്നതിദുഃഖവും • ഈദുഃഖമെല്ലാമുണ്ടാകുമെന്നതുസ്പഷ്ടമു
നീശ്വര! എന്മട്ടവതരിച്ചാനമ്പ് ഭഗവാൻപലവട്ടവും • ശ്രീരാമനാമ
ച്ഛതൻരാമാവതാരമെന്നതുമുടൻ ക്ലേശമാംവനവാസത്തിലുണ്ടായി
വലുതാമഴൽ • സീതാവേർപാടിനാൽദുഃഖംപിന്നെയുംപിന്നെയും
ണം സീതയെവിട്ടഴലുമാമഹാനനുഭവിച്ചതെ • അതുപോൽകൃഷ്ണനാംകം
രാഗൃഹത്തിങ്കൽജനിച്ചതും ഗോക്കളെമേച്ചതുംശ്രീമാൻഗോകലേ

ത്തിൽഗമിച്ചതും॰ കംസനെക്കൊന്നതും,ദുഃഖമൊടാണ്ടദ്വാരകയാണ്ടതും
ഇത്തരത്തുപല സംസാരദുഃഖംപൂണ്ടെന്തുമൂലമായ്? ॰ എന്തുമൂലംതാൻ ജ്ഞാനി
താനെദുഃഖത്തിന്നായ് തുനിഞ്ഞിട്ടും സമാധാനത്തിന്നായെന്റെസംശ
യംതീർക്കനീവിഭോ.॰

ശ്രീദേവീഭാഗവതം നാലാംസ്കന്ധം.

ജന്മകാരണനിരൂപണം

മൂന്നാമദ്ധ്യായം

മൂ ന്നാ മ ദ്ധ്യാ യ ം

വ്യാസൻ പറഞ്ഞു.

ഹരിതന്നവതാരത്തിന്നനേകംകാരണംനൃപ! ദേവന്മാർക്കംശാവ
താരമെല്ലാംകാരണമൊന്നുതാൻ ॰ വസുദേവാവതാരത്തിൻകാരണം
കേൾക്കനീയുക്തമായ് ദേവകി,രോഹിണി,യെന്നുള്ളവതാരങ്ങൾരണ്ടി
ന്നാം ॰ ഹരിച്ചാനിയാഗത്തിന്നായ് വരുണഗോവിനെ കശ്യപൻ,
വരുണൻവന്നുയാചിച്ചാൻനൽകിയില്ലവൻ ॰ ഉടനേവരുണൻചെ
ന്നാലോകനാഥൻവിരിഞ്ചനെ നമിച്ചുദീനനായ്ചൊന്നാൻതൻദുഃഖം
വിസ്മയത്തൊടും ॰ 'എന്തുചെയ്യുന്നെൻപശുവേതരുന്നില്ലിന്നുകശ്യ
പൻ ഞാൻശപിച്ചേൻമാനുഷനായ്ഗോപനായ് [illegible]വാൻവിഭോ ॰
കുട്ടികളപ്പശുവില്ലാതെദുഃഖിച്ചുവരിവാഴ്കയാൽ അവൻപത്നികളും
ദുഃഖാൽഭൂമിയിൽപോയ്ജനിക്കണം ॰ മരിക്കപുത്രന്മാരൊടൊത്തുംതട
വിൽപ്പെട്ടിങ്ങനെ ഭൂമിയിൽപോയദിതിയുംദുഃഖിച്ചീടണമെന്നമായ്"

വ്യാസൻ പറഞ്ഞു.

വരുണൻതൻവാക്കുകേട്ടുവിരിഞ്ചനവിടെയുടൻ വിളിച്ചുകശ്യ
പൻതന്നോടിപ്രകാരംപറഞ്ഞുതേ ॰ 'എന്തുമൂലംമഹാഭാഗ!വരുണൻ
തന്റെഗോക്കളെ ഹരിച്ചിട്ടുകൊടുക്കാതെയന്യായംചെയ്തിടുന്നുനീ ॰
ന്യായമെല്ലാമറിഞ്ഞോൻനീ,പരദ്രവ്യാപഹാരമാം അന്യായംചെയ്ക
തെവ്വണ്ണംസർവ്വജ്ഞൻനീമഹാമതേ!' ॰ അത്ഭുതംലോഭമാഹാത്മ്യം
വൻപരെയുംവിടില്ലതു് ലോഭംനരകമേകീടുംപാപാകരമസമ്മതം॰ലോ
ഭംപോക്കാൻകശ്യപനുമിടക്കില്ലെന്നുചൊല്ലുകിൽ അതിനാൽവലുതായ്
തന്നിലോഭത്തെജയിച്ചിടുന്നജ്ഞാനി]॰ പ്രതിഗ്രഹംവെടിഞ്ഞുള്ളശ
മവൃന്ദശാന്തരാം മുനിമാർവൈഖാനസർതാൻധന്യർലോഭംതങ്ങളെ
ന്നാവർ ॰ സംസാരത്തിൽമഹാശത്രുലോഭമാണതല്ലോവും [illegible]

ഭാവിതൻ സ്വഹാൽ ശ്രേഷ്ഠനായ് തീർന്ന കശ്യപൻ • മറ്റാരെയും രക്ഷ
ചെയ്യാൻ ഭ്രമമാവും ഗോപന്മാരുതേ ഗോപുത്രനായ് ശ്രേഷ്ഠനായുള്ളൊരു
കശ്യപമുനീന്ദ്രനേ: • 'നിന്നംശേനാംശത്തിൽ ഭൂമിയിങ്കൽ മാതൃമാരോടുകൂടവേ
യദുവംശേ ജനിച്ചിട്ടു ചെയ്കനീ പശുപാലനം'. •

വ്യാസൻ പറഞ്ഞു.

ശപിച്ചേവം കശ്യപനേ വരുണൻ ബ്രഹ്മദേവനും അംശാവതാര
മതിനായ് ഭൂഭാരത്തെയകറ്റുവാൻ • ശപിച്ചുമട്ടദിതിയെ ദിതിയും
താപമൂലമായ് നിനക്കെണ്ണായ് സംഭവിച്ചീടുമെഴുനന്ദനനെന്നുമേ •

ജനമേജയൻ പറഞ്ഞു.

ശപിക്കപ്പെട്ടതെന്തിന്നു ജനനിയ്ക്ക് ഭഗവാൻ? ദിതിയാലുള്ളൊരു
ശാപവും ശോകവും ചൊൽകമാമുനേ. •

സൂതൻ പറഞ്ഞു.

വ്യാസൻ സത്യവതീപുത്രൻ ജനമേജയമന്നനാൽ ചോദിക്കപ്പെട്ട
തിന്മുഖം ചൊല്ലിനാൻ സാവധാനനായ്. •

വ്യാസൻ പറഞ്ഞു.

ദിതിയെന്നോടദിതിയും ശ്രേഷ്ഠദക്ഷന്റെ പുത്രിമാർ ഭവിച്ചാർക
ശ്യപന്നിഷ്ടഭാര്യമാരായി നല്ലവർ • അദിതിക്കിന്ദ്രനാം പുത്രൻ വീരനെ
പ്പോൾ ജനിച്ചവൻ? അപ്പോൾ ചിന്തിച്ചു ദിതി ഞാനുമുണ്ടാക്കും വീരപുത്രനെ •
ധർമ്മിഷ്ഠനായ്, വീര്യവാനായ്, ധീരനായ്, ഇന്ദ്രതുല്യനായ് എനിക്കുമൊരുമക
നേകനാം കൈകനായ് പതിയോടോതിനാൾ • സപത്നിയായ വാഴ്ത്തു
നേപ്പോൾ നിനക്കുജാതനാം സുതൻ തൊൻപുറത്തെ വൃത്താന്തത്തിലെ
ന്നാൻ കശ്യപനാം മുനി • സമ്മതിച്ചവളുമുള്ളുമെന്നിവസിച്ചുനല്ലതാം
ഗർഭത്തെയും ധരിച്ചിട്ടു വ്രതത്തിനായ് തുടങ്ങിനാൾ • ഭൂമിയിൽത്തന്നെ
ശയനം പവിത്രാംകൾ ഭക്ഷിച്ചേറ്റവും താല്പര്യത്തോടുമേറ്റോളാനാരിമണി
പയോവ്രതം • വീര്യമുള്ള ഗർഭിണിയെ ദിനം പൂർണ്ണമാസിയുടൻ ശോഭാ
വെള്ളമുള്ളതാ ജനസ്വാതത്തവളെക്കണ്ടുപോറ്റുവാൻ • ദിതിക്കിന്ദ്രസമൻ വീര
പുത്രനുണ്ടാകുമെങ്കിലോ അപ്പോഴെന്റെ സുതൻ ശക്തിഹീനനായ്
ഭവിച്ചിടും • എന്നദേഷിച്ചുതൻ പുത്രനിന്ദ്രനോടായ് പറഞ്ഞവൾ:
'നിനക്കദിതിഗർഭത്തിലുണ്ടായ് വീര്യമെഴുമരിപു • ശത്രുനാശത്തിനായി
മാർഗ്ഗമാലോചിച്ചിനീ ചെയ്കനീ ദിതിക്കുള്ളൊരു ഗർഭത്തെ നശിപ്പിപ്പതു
നല്ലതാം • സപത്നീഭാവമാളുന്നൊരാ മാതാവെക്കണ്ടു ചിന്തയും ഭക്തമെല്ലാം
പിളർക്കുന്നൊരു ഖേദവും വളരുന്നു മേ • ക്ഷയരോഗം പോലെ വൈരി വളരുന്നു

ന്നാൽനശിച്ചിടാ ബുദ്ധിമാനതിനാലുണ്ടാകുമ്പോൾതന്നെയറിക്ക ണം ● അസ്ത്രമെന്റമാറത്തൊർ തമ്പാണിതറച്ചപോൽ എഴുപട്ടു മുനീയിന്നുനശിപ്പിക്കശതക്രതോ! ● ദിതിഗർഭത്തിൻവാഴുന്നശിശുവെ മെൻപ്രിയത്തിനായ് സാമം,ദാനം,ബന്ധനമാരണമോമഹാൻനിഗ്രഹസ ചെയ്യണം' ●

വ്യാസൻ പറഞ്ഞു.

മാതൃവാക്യംകേട്ടുശക്രനാലോചിച്ചിട്ടനന്തരം പരമാതൃസമീപ ത്തിലെത്തിനാനമരാധിപൻ ● ദുർബുദ്ധിയോട്ടുദിതിതൻപാദംതൊഴു വണങ്ങിനാൻ ഉപവിഷ്ടനായ്മധുരവാക്കുചൊന്നാൻവണക്ക മായ് ●

ഇന്ദ്രൻപറഞ്ഞു.

അംബ!നീവ്രതമാണിപ്പോൾക്ഷീണിച്ചേറ്റമശക്തയായ് ശു ശ്രൂഷിപ്പാൻവന്നുഞാനാകമെന്തുചെയ്യേണമോതുക? ● നിന്നക്കാലുമമ്മേ ഞാൻതലോടാംനൽപതിവ്രതേ! ഗുരുശുശ്രൂഷയിൽപുണ്യംനിത്യമാം ഗതിയുംവരും ● എനിക്കെന്നമ്മയുംനീയുംഭേദമില്ലമ്മയാണെകേൾ' എന്നോതിക്കാലുകൾരണ്ടുംതലോടാനായ്ത്തുടങ്ങിനാൻ ● തലോടുന്ന സുഖംകൊണ്ടുകോമളാക്ഷിയുറങ്ങിനാൾ വിശ്വസിച്ചുവ്രതംകൊണ്ടു ക്ഷീണിച്ചോൾസതിയായവൾ ● ഉറങ്ങുന്നവളെക്കണ്ടുകൃശനായ്വജ്രപാ ണിയായ് സന്നാഹനായുള്ളിലേക്കുകടന്നാനിന്ദ്രനാമവൻ● അവൾതൻ ഗർഭപാത്രത്തിൽചെന്നുയോഗബലത്തിനാൽ വജ്രംകൊണ്ടിട്ടുഗർഭത്തെ യേഴായ്പ്പട്ടിന്നറുക്കിനാൻ ● വജ്രമേറ്റതിനാൽബാലൻകരഞ്ഞാനന്ന ന്നിന്ദ്രനും പതുക്കെ"മാരുദ"യെന്നവാക്കുബാലനോടോതിനാൻ ● ഉ ടനേയഴമേഴുഖണ്ഡമാക്കിമുറിച്ചവൻ അപ്പോൾനാല്പത്തൊൻപ താകുമത്രുക്കളുമായവ ● ദിതിയപ്പോളുണർന്നിന്ദ്രൻചതിചായ്ഗർ ഭംവിധം നശിപ്പിച്ചതറിഞ്ഞേറെക്കോപിച്ചാൾഘോരമാടവൾ ● ഇ തിന്നെതിരെചെയ്യുന്നായറിഞ്ഞിട്ടവൾക്രുദ്ധയായ് ശപിച്ചാളവളേയി ന്ദ്രനോടുംസത്യവ്രതസ്ഥിതാ ● എൻഗർഭംനിൻസ്വതൻവ്യാജാലെവ്വണ്ണം നഷ്ടമാക്കിയോ ത്രൈലോക്യരാജ്യവുമവണ്ണമുണ്ടാംനാശമായിടും ● പാ പിയാമമ്മയെവ്വണ്ണമെൻഗർഭംചലിപ്പിച്ചാക്കിയോ എന്റെപുത്രനയച്ചുവി ധംകൊല്ലിച്ചോൾക്രൂരയായവൾ ● അതുപോലവൾതൻപുത്രന്മാരായുള്ളവ യ്നശിച്ചുപോം പുത്രദുഃഖംപൂണ്ടുകാരാഗൃഹത്തിലവൾവാണിടും ● ഇ ത്ഥംപുത്രയതായ്തീരുമന്യജന്മത്തിലീയിവൾ ●

വ്യാസൻ പറഞ്ഞു.

ഈശാപം കശ്യപൻ കേട്ടിട്ടുചാലിൽ സ്നേഹമുള്ളവൻ സമാധാനപ്പെടുത്താനായിവണ്ണം വചനം ചൊല്ലിനാൻ • 'കോപിക്കരുതു കല്യാണി! നിന്മക്കൾ ശക്തിയുക്തരായ് സുരാരാതിന്ദ്രസഹോദരന്മാരൊത്തുള്ളവരൊന്നുതം • ഇപ്പാപം തപത്തെത്താൻ തെറ്റാപരമായുഗേ ജാംശത്താൽ നരജന്മം പൂണ്ടിവർകളെല്ലാണിട്ടും പ്രിയേ! • ശപിച്ചാൻ വരുണൻ താനംശേ ചിപ്പിച്ചുള്ളമൂലമായ് രണ്ടുശാപം കൊണ്ടുമിവർ ജനിക്കും ഗോപനാരിയായ് •

വ്യാസൻ പറഞ്ഞു.

ഭർത്താവിൻ മധുരവാക്യത്താൽ തോഷിച്ചുത്തമയാമവൾ പിന്നീട പ്രിയമായൊന്നും ചൊന്നില്ലാ വരവർണ്ണിനി • ഈവണ്ണം ചൊല്ലിനേൻ ഭൂപ! മുൻശാപത്തിന്റെ കാരണം അംശംകൊണ്ടിട്ടദിതി താനന്നേരായ് ദേവകിയായ് നൃപ •.

ശ്രീദേവീഭാഗവതം നാലാം സ്കന്ധം.
അദിതിശാപകഥനം മൂന്നാമധ്യായം.

നാലാമധ്യായം.

രാജാവു പറഞ്ഞു.

വിസ്മയിക്കുന്നു ഞാനിന്നീക്കഥ കേട്ടു മഹാമതേ! നരൻ പാപമെഴും സംസാരം വിട്ടെങ്ങനെ മുക്തനാം? • ത്രൈലോക്യസമ്പത്താണ്ടിട്ടുമിന്ദ്രൻ കശ്യപനന്ദനൻ ഈവണ്ണം ചെയ്യുവൻ പിന്നെ ദുഷ്കർമ്മം ചെയ്യാത്തവൻ • ഗർഭത്തിൽ ചെന്നഴിച്ചുവേകോനാനാ കഠിനമല്ലയോ? മാതൃശുശ്രൂഷയെന്നുള്ള വ്യാജത്തോടാണയിട്ടവൻ • ധർമ്മം ശാസിച്ചവൻ ത്രൈലോക്യത്തെ രക്ഷിച്ചുവാഴവോൻ അവനും ചെയ്തിതീവണ്ണം ചെയ്യാത്തോൻ പിന്നെയാരതാൻ? • എൻപിതാമഹന്മാർ പോരിൽ കുരുക്ഷേത്രത്തിലങ്ങനെ ക്രൂരമാം കർമ്മങ്ങൾ ചെയ്തു പാപമായുള്ളതും • കൃപരും ദ്രോണരും ഭീഷ്മർ കർണ്ണൻ പാണ്ഡവരൊക്കെയും വാസുദേവൻ പറഞ്ഞിട്ടു നിന്ദ്യകർമ്മങ്ങൾ ചെയ്തതേ • സംസാരമിതസാരം താനെന്നോർത്തോർമതിയേറിയോർ ദേവാംശമായ ധർമ്മിഷ്ഠർ ചെയ്തതെന്താണനീതികൾ? • ധർമ്മസ്ഥിതിയുമെന്നെന്തു പ്രമാണം ദൃഢമായതിൽ? ഇച്ചരിത്രങ്ങളെക്കേട്ടെന്മനം സംശയമാർന്നതേ • പ്രമാണമാപ്തവാക്യങ്ങളിലാരാപ്തൻ

യോഗ്യനല്ലയോ? വിനയാസക്തനായ് രാഗിയായീടുന്നോനുമയോഗ്യനാം ॥
കാൎയ്യാനൎഹിക്കുംവരാഗംദ്വേഷമായ്തീൎന്നിടുംദൃഢം ദ്വേഷത്തിലിഷ്ടസി
ദ്ധിക്കായ് വ്യാജംചൊല്ലുന്നതാസ്സത്തും ॥ ജരാസന്ധവധത്തിന്നായ് സ
ത്യമൂൎത്തിജനാൎദ്ദനൻ ഭീമാൎജ്ജുനന്മാൎകപടമായ് വിപ്രവേഷംധരിച്ചി
തേ ॥ ഈവണ്ണംകൃഷ്ണനാം ചെയ്യുന്നതാപ്പുന്നെന്തുപ്രമാണമായ്? യാഗത്തി
നായജ്ഞനാംചെയ്യുരിപ്പണ്ണാമല്ലയോ? ॥ ശുദ്ധമെന്ന്യേചെയ്യയാഗമെ
ന്തിനെന്നമട്ടിലുള്ളത്? പരലോകത്തിനോകീൎത്തിക്കോണോമററുഫല
ത്തിനോ? ॥ ധൎമ്മത്തിന്നാന്നാംകാൽസത്യമെന്നാണാവേദവാക്യവും
രണ്ടാംകാലതുപോൽശൌചംമൂന്നാംകാൽദയയെന്നതും ॥ നാലാംകാ
ലദ്ദാനമെന്നുംപുരാണജ്ഞർപറഞ്ഞിടും ധൎമ്മമെങ്ങനെനിന്നീടുമവയേ
വിട്ടുമംഗിയായ് ॥ ധൎമ്മമെന്ന്യേചെയ്യകൎമ്മമെല്ലാംഫലമേകിടാ ധൎമ്മ
ത്തിൽസ്ഥിരയാംബുദ്ധികാണുന്നില്ലാൎക്കുമെങ്ങുമേ ॥ ലോകേശൻവിഷ്ണു
വുംവ്യാജവടുവായ്ത്തീൎന്നുമാമുനേ! വഞ്ചിച്ചാൻബലിയെച്ചെന്നുവാമ
നൻതന്റെവേഷമായ് ॥ വേദാജ്ഞയെല്ലാംരക്ഷിപ്പാൻനൂറുയാഗ
ങ്ങളുംചെയ്യുവൻ ധൎമ്മിഷ്ഠൻ, സത്യവാൻ, നല്ല ദാനശീലൻ, ജിതേന്ദ്രി
യൻ ॥ ബലി, ആയവനെക്കൂടിസ്ഥാനഭ്രഷ്ടാക്കിനാൻഹരി ബലിയെ
വാമനൻതാനേജയിച്ചുന്നിതിൽമാമുനേ! ॥ വ്യാജംചെയ്താൻനിപുണ
നാംവടു,വഞ്ചിച്ചവെങ്കിലും വഞ്ചനയുള്ള സന്ദേഹമുണ്ടിതിൽസത്യമോ
തുക ॥ പുരാണകൎത്താമതിമാൻധൎമ്മജ്ഞൻനീമഹാമുനേ!

വ്യാസൻ പറഞ്ഞു.

ജയംബലിക്കതാൻഭൂപ!ഭൂമിദാനംനിമിത്തമായ് ത്രിവിക്രമനവ
ന്മായിനാമംവാമനനെന്നതാൻ ॥ അസത്യംമൂലമായുണ്ടായതീവാമന
നെന്നപേർ ഭേദപാരണതായിട്ടുംതീൎന്നാൻവിഷ്ണുവനന്തരം ॥ ധൎമ്മ
ത്തിനുള്ള താല്പൎയ്യംസത്യംവിട്ടന്യമല്ലതാൻ പ്രയാസംതാൻസത്യനിഷ്ഠ
ദേഹിക്കെല്ലാവിധത്തിലും ॥ ബ്രഹ്മരൂപമെന്നവുംമായാമായബലത്ത
വാം ഗുണംമൂന്നംമിശ്രമായ് താൻവിശ്വംനിൎമ്മിച്ചതായവാം ॥ അത
നാൽവ്യാജമുള്ളതാനസ്സത്യത്തെകാപ്പതെങ്ങനേ? ഗുണങ്ങളാംമിശ്രമാ
യാണീലോകത്തിൻസ്ഥിതിയെന്നമേ ॥ വൈഖാനസമുനീന്ദ്രന്മാർകെ
ട്ടുംചെയ്യുമററവർ ആശ്രയംരാഗവുംവിട്ടോർസത്യമുള്ളവരാണവർ ॥
ഉദ്യാനത്തിന്നവരെയമൎത്തുസൃഷ്ടിച്ചുവിട്ടതേ മററുള്ളതെല്ലാംത്രിഗുണം
ചേൎത്തുസൃഷ്ടിച്ചതാംനൃപ! ॥ വേദപുരാണവുംതമ്മിൽമിന്നാഭിപ്രായ

ളുമെന്നോടോ ഉന്നതമാകുന്നവേദാംഗധൎമ്മശാസ്ത്രങ്ങൾതന്നിലും • സഗു
ണസഗുണനെന്നതാൻചെയ്യും,ചെയ്കില്ലനിൎഗ്ഗുണം ഗുണങ്ങളെല്ലാം
മിത്രങ്ങൾവൈരാഗ്യമുള്ളതല്ലവ • നിവ്യാജംസ്ഥിരധൎമ്മത്താലാക്
ങ്ങാംസ്ഥിരയാംമതി? സംസാരത്തിൽജനിച്ചെങ്കിൽമോഹിക്കുംമായ
യാലവൻ • ഇന്ദ്രിയങ്ങൾമനംവാട്ടമതവശ്യവശപ്പെട്ടും ബ്രഹ്മാവു
തൊട്ടുപുല്ലോളമിച്ചരാചരജീവികൾ • ഗുണങ്ങളാൽപ്രേരിതരായ്
ചെയ്യുന്നു പലകൎമ്മവും മായാവശന്മാരെല്ലാരും,കളിക്കുന്നവരാലവർ•
മയക്കുന്നാരെയുമവർവല്ലാതാക്കുന്നു ലോകവും അസത്യവാനായ്തീരു
ന്നുകാൎയ്യങ്ങൾക്കാര്യമായ്നരൻ • ഓരോവിഷയമിച്ഛിക്കുന്നതസാദ്ധ്യ
ത്തിലാകിലോ അതിന്നായ്ചെയ്തിടുംവ്യാജംവ്യാജാൽപാപത്തിലുംപെ
ട്ടും • കാമം,ലോഭം,ക്രോധവുംതാൻ,ബലമേറുന്നവൈരികൾ അവശ്യാ
ധീനനായ്മൎത്ത്യൻകൃത്യാകൃത്യമറിഞ്ഞിടാ • സമ്പത്തുകൂടെയുണ്ടെങ്കിൽ
നല്ലഹങ്കാരവുംവരും അഹങ്കാരംമോഹമേകുംമോഹത്താൽസ്തുതിയുംവെ
രം • ദുൎവ്വാചനകളുണ്ടാകുംസംശയങ്ങളുമായതിൽ ഈൎഷ്യാസൂയാ
ദോഷമതുംപ്രകാശിക്കുംമനസ്സിലായ് • അത്യാഗ്രഹം,ദീനഭാവം,ഡംഭമ
ന്യദ്രവ്യകാംക്ഷയും അധൎമ്മബുദ്ധിയുംമൎത്ത്യൎക്കുണ്ടാം മോഹത്തിൽനിന്നു
താൻ • യാഗം,ദാനങ്ങൾ,തീൎത്ഥങ്ങൾ,വ്രതങ്ങൾ,നിയമങ്ങളും അഹ
ങ്കാരംകൊണ്ടുതന്നെചെയ്യുന്നുള്ളാകിലുംനരൻ • അഹങ്കാരംകൊണ്ടു
ചെയ്യുന്നതൊന്നുംനൽശുദ്ധമായ്വരാ രാഗലോഭങ്ങൾകൊണ്ടുള്ളകൎമ്മമെ
ല്ലാമശുദ്ധമാം • ശുദ്ധമായ്നോക്കണംദ്രവ്യശുദ്ധിയെഅറിവുള്ളവർ
പരോപദ്രവമില്ലാത്തവിത്തംകൎമ്മത്തിനുത്തമം • ദ്രോഹിച്ചാൎജ്ജിച്ച
വിത്തത്താലെത്രസൽകൎമ്മവുംനരൻ ചെയ്യുവെന്നാൽഫലിക്കുമതുവി
പരീതത്തിലാദ്ധ്യമാം • മനസ്സുശുദ്ധമാക്കണംകൎമ്മത്തിലവനപ്പലം വ
ശിച്ചോളലഭിച്ചീടുമെന്നുബോധിക്കനീനൃപ! • മനക്കലക്കമുണ്ടെങ്കിലു
ല്പ്പവുംകിട്ടുകില്ലതാൻ കൎത്താക്കളാചാൎയ്യന്മാരതുമൎത്ത്യൎക്കുമതലേവരും •
മനശ്ശുദ്ധിപ്പെട്ടുന്നാരെന്നാകിൽപൂൎണ്ണഫലംവരും ദേശം,കാലം,ക്രി
യാ,ദ്രവ്യം,മന്ത്രം,കൎത്താവിതൊക്കയും • ശുദ്ധമെന്നാലനുഭവിച്ചീടാം
പൂൎണ്ണഫലത്തെയും ശത്രുനാശം സമ്പത്തിവൃദ്ധിയിവയെത്തൊട്ടുകൎമ്മമാർ•
ചെയ്യുന്നവനതുണ്ടാകുംവിപരീതമതാംഫലം ധനാസക്തൻധരിക്കില്ല
ഗുണദോഷങ്ങളൊന്നുമേ • പ്രാരബ്ധത്താൽനൃപാപംതാൻചെ
യ്യുംപുണ്യമല്ലെടോ ദേവന്മാരസുരന്മാരുംകശ്യപൻതന്റെപുത്രരായ്,

തൻകാൎയ്യംമൂലമവരുംപരസ്പരവിരോധികൾ സതോപാതകന്മാർവേ
ന്നാരെന്നുവേദോക്തി,മാനുഷർ ॰ രാജാതകന്മാർ,തിൎയ്യക്കുകളുമത്താ
മസോത്ഭവർ സതോപാതവക്രസുരരോടവർക്കുവരൊടെന്നുമേ ॰ തി
ൎയ്യക്കുകൾക്കന്യോന്യംജാതിവൈരംവരുന്നതിൽ ദ്രോഹംതപോവി
ഘ്നമത്സരംസാരപുത്രാദൈവകം ॰ ദോഷമെന്ന്യേലോഭമൂലംപരസ്പര
വിരോധമായ് ഇസ്സംസാരമഹങ്കാരത്തിങ്കൽനിന്നുളവാകയാൽ ॰ രാഗ
ദ്വേഷങ്ങളെവിട്ടജനിച്ചിട്ടുന്നതെന്തവൻ.

ശ്രീദേവീഭാഗവതം നാലാം സ്കന്ധം.

ഭാഗധൎമ്മസ്ഥിതി നാമ നാലാമദ്ധ്യായം.

അഞ്ചാമദ്ധ്യായം.

വ്യാസൻ പറഞ്ഞു.

വല്ലതെച്ചൊൽവതെന്തിന്നാ യിസ്സംസാരത്തിൽമന്നവ! ധൎമ്മി
ഷ്ഠൻനീതിമാനേകനുണ്ടാകംപ്രിലഭിക്കപായ് ॰ സദാരാചാരമാംലോക
രാഗദ്വേഷമയംനൃപ! ഞ്ഞാക്കാലത്തിലുംപിന്നെക്കലിയിൽപറയേ
ണമോ? ॰ ചതിവീൎയ്യദ്രോഹമത്സരമെന്നുംവിണ്ണോർക്കുമുണ്ടെടോ തിൎയ്യക്ക
ൎമ്മനുഷ്യർക്കുംവിശേഷിച്ചുണ്ടാമെല്ലാവരും ॰ ദ്രോഹിക്കുന്നവനെദ്രോ
ഹിച്ചെന്നാൽപകരമാമതു ദ്രോഹമില്ലാത്തവരെദ്രോഹം ദുഷ്ട
തയല്ലയോ? ॰ ജപധ്യാനങ്ങളെച്ചെയ്യുന്നോരെൻശാന്തതാപസൻ
അവന്നുജപവിഘ്നത്തിന്നായ് ചെയ്യുന്നിതിന്ദ്രനും ॰ യോഗ്യർക്കെന്നും
കൃതയുഗമയോഗ്യർക്കെന്നുമേകലി മദ്ധ്യമക്കാരദ്ധ്യകാലംക്രിയായോഗ
ങ്ങൾചേരുവ ॰ ഒരിടത്തിലവൻസത്യധൎമ്മങ്ങളോടുജാതനാം മ
റെറല്ലാമനുഷ്ഠിക്കുമന്നുള്ള യുഗധൎമ്മവും ॰ ധൎമ്മസ്ഥിതിക്കസൽപ്രകാര
ണാംകൎമ്മവാസനാ അതങ്ങമിന്നപ്പുത്രൻ ധൎമ്മവുമവിനപ്പെ ം ॰ വ്യാ
സനനശിപ്പിക്കാംസത്യത്തെയെയുമട്ടിലാ ബ്രഹ്മാവിൻഹൃദയത്തിൽ
നിന്നുണ്ടായ് "ധൎമ്മൻ" പ്രസിദ്ധമാന ॰ ബ്രാഹ്മണൻസത്യസമ്പന്നൻ
വേദധൎമ്മതൻസദാ വിവാഹവിധിപോൽപത്തുദക്ഷപുത്രികളെയ
വൻ ॰ മഹാൻവേട്ടിട്ടുവഴിപോൽ ഗൃഹസ്ഥാശ്രമിയായിതേ അവരിൽപു
ത്രരെധൎമ്മൻജനിപ്പിച്ചതിസത്യവാൻ ॰ ഹരി,കൃഷ്ണൻ,നരൻ,പിന്നെനാ
രായണനെന്നുംനൃപ! ഹരിയുംകൃഷ്ണനുംയോഗാഭ്യാസത്തിലതിസക്തരാ

യ് • നരനാരായണന്മാരംപ്രാപിച്ചിട്ടുഹിമാദ്രിയെ ശുഭമേറുംബദരി കാശ്രമത്തിൽ ചെയ്തു പൻതപം • മഹാതപസ്വികൾ ശ്രേഷ്ഠർ പണ്ടെ യുള്ള ഋഷിസത്തമർ വിഷ്ണ്വാംശഭൂതർ വിസ്താരമേറും ഗംഗാതടത്തിലാ യ് • പരബ്രഹ്മത്തിനെ ധ്യാനംചെയ്തുകൊണ്ടിട്ടുപൂൎണ്ണമായ് ആയിരം വത്സരംഘോരതപം ചെയ്തുവസിച്ചുതെ • നരനാരായണന്മാരുടെ തപസ്സാൽ സചരാചരം ജഗത്തെല്ലാം തപിപ്പിച്ചു ശക്രനും ക്ഷോഭമാ ണ്ടവൻ • നരനാരായണർ ധൎമ്മസുതർ ധ്യാനനിഷ്ഠരായ് വസിക്ക യാലുടൻ വൃത്രാരിയാമിന്ദ്രൻ ചിന്തചെയ്തവൻ • തപസ്സിദ്ധിയി ലെന്റെ പദംകാംക്ഷമായവർ തപസ്സില്ലാതെയാക്കാനായ് വിഘ്നമെ ന്തുചെയ്യേണ്ടു? • കാമക്രോധങ്ങളേയോവൻ ലോഭത്തേയുമാവരത്തെണം എന്നാലെന്തിന്നാവതിന്റെപുറത്തുകയറ്റുവൻ • വിഘ്നംചെയ്‌വാൻ വേഗമോടുംഗന്ധമാദനമെത്തിനാൻ പുണ്യാശ്രമത്തിൽ ചെന്നിട്ടുക ണ്ടാനവരെയിന്ദ്രനും • തപസ്സുകൊണ്ടുജ്വലിച്ചും ബാലാദിത്യരെപ്പോലു മെ ഇവർ രണ്ടുപേരുമാരോ? നല്ലാഗ്നികളോയിവർ • ധൎമ്മജന്മാരൃഷി കളോ? തപസ്സാലെന്തുചെയ്യുമോ • എന്നോർത്തിട്ടുവരമേകായിച്ചൊന്നാ നിന്ദ്രനപ്പോൾ മഹാന്മാരേ! നിങ്ങൾ ധൎമ്മസുതരല്ലൊ കഥിക്കുക? • ശ്രേ ഷ്ഠമാം വരമേകിടാമതിന്നായിട്ടുവന്നു ഞാൻ നൽകാൻ വല്ലാത്തതും നൽകാം തപസ്സാൽ തുഷ്ടനായി ഞാൻ •

വ്യാസൻ പറഞ്ഞു.

മുൻപിൽനിന്നിന്ദ്രനീവണ്ണം പലവട്ടം പറഞ്ഞതും ധ്യാനത്താൽ ദൃഢചിത്തന്മാരുത്തരം ചൊല്ലിയില്ലവർ • ഭയമോഹങ്ങളേകുന്നമായ യെസ്സൃഷ്ടിചെയ്തുടൻ ഭയപ്പെടുത്തിനാൻ ചെന്നായ്, പുലി, സിംഹങ്ങളാ ലയും • തീ, കാററു, മഴയും, സൃഷ്ടിചെയ്തിട്ടുപലവട്ടവും പേടിപ്പിച്ചുപി ന്നെമായയെക്കൊണ്ടുമവരേയവൻ • ഇമ്മെയ്പ്പാടുകൊണ്ടൊന്നും പേ ടിച്ചില്ലവരൊട്ടുമെ വരച്ചുവില്ലതികാററാൽ തീയില്ലതുപോലവേ • സിംഹവ്യാഘ്രാക്രമംകൊണ്ടുമിളകീലന്ന് ജാത്രമാൽ സമർത്ഥരല്ലിവൎക്കാ ലധ്യാനഭംഗംവരുത്തുവാൻ • എന്നിന്ദ്രനവരേക്കണ്ടോർത്തുതൻ തന്നുടെമന്ദിരം ഇന്ദ്രൻതൻപുരത്തിൽപോയ് ഭക്തിച്ചാൻ ചിന്തമൂലമാ യ് • ഇളകീലീമുനിശ്രേഷ്ഠർ മായാലോകങ്ങളാലെയും മൂലപ്രകൃതിയായ നിത്യയായുള്ള ജഗദംബയായ് • മഹാമായയതാമാദിശക്തിയെയോ ൎത്തിട്ടിവർ ബ്രഹ്മാദ്യാവലിയും ദേവാസുരർ തൻമായയെയാകയും •

ആരാലുമായവരാം തന്റെ ഭക്തരോടേ സമർത്ഥനാം ദ്രോഹിപ്പാൻ കൂപ ഞെവിട്ടായവരോടെന്നുമസാദ്ധ്യമാം ॰ വാഗ്ബീജം, കാമബീജം താൻ, മായാബീജവുമങ്ങനെ ആർക്കുള്ളിലുണ്ടായവനെ ബാധിപ്പാനാർ സമർത്ഥനാം ॰ മായാമോഹിതനാമിന്ദ്രൻ വിഷ്ണുതന്നോടുമപിനാഥൻ വസന്താകാമനിവരെ വിളിച്ചീവണ്ണമോതിനാൻ: ॰ 'ഹേ കാമ! രതിയോടൊത്തുവസന്തത്തോടുമിന്നിനി അപ്സരസ്ത്രീകളോടൊപ്പം പോയ് പുക്കു ഗന്ധമാദനം ॰ നരനാരായണർതിൽ പരമാമൃഷിസത്തമർ തപസ്സുചെയ്തുവാഴുന്നോരാന്തബദരികാശ്രമേ ॰ അരികത്തവിടെച്ചെന്നിട്ടവരിൽ ശരമെയ്യുനീ കാമമാലേകിയിട്ടിന്നെൻ കാര്യത്തെ സാദ്ധ്യമാക്കണം ॰ ശരം വിട്ടവരെ മോഹിപ്പിച്ചുടൻ ചിത്തം തന്നിൽ നീ ധർമ്മജന്മാർമുനികളാണെന്നാലും വശമാക്കണം ॰ ആരാണിന്നീപ്രപഞ്ചത്തിൽ ദേവാസുരമനുഷ്യരിൽ നിൻ ബാണമേറ്റേറിട്ടു വശമാകാതപൂരുഷൻ ॰ ബ്രഹ്മാവും ഞാൻ ഹരൻ മറ്റുള്ളവരും മോഹമാണ്ടവർ നിൻശരത്താൽ ലക്ഷ്യവിഷയമായില്ലയെന്നിവരൊക്കെയും ॰ ഈദേവസ്ത്രീകളുമങ്ങേവിടുന്നു നിൻസഹായമായ് അഴകെയുണ്ടിതാകട്ടോ രവിടെക്കായ് വന്നിടും ॰ നൽതിലോത്തമയും രംഭ താനുമേ പോയതിന്നോമാം നീയേകൻമാത്രമേ പോരുംശോനില്ലവർ തമ്മിൽ ॰ കാര്യം സാധിക്കണം നിന്റെയിഷ്ടം ഞാൻ വരുത്തിടാം വരമെന്നും തരാമന്നതപസ്വികളൊടോതി ഞാൻ ॰ ഇതു കിട്ടുന്നതെന്തെങ്കിൽ ഉത്രം പെറുതേയുമായ് ഞാനിപ്പോൾ മായയേ സൃഷ്ടിച്ചുവശ്യായ് ഭീതിയേകിടുന്നാൻ ॰ എന്നിട്ടുമില്ലകിലാശ, ശരീരത്തിലുമില്ലകേടം'

വ്യാസൻ പറഞ്ഞു

അവന്റെയീ വാക്കുകേട്ടിട്ടിന്ദ്രനോടോതി മന്മഥൻ നിനിച്ചമായകാര്യത്തെച്ചെയ്യുന്നുഞാനിന്നു വാസവ! ॰ ബ്രഹ്മവിഷ്ണുമഹേശന്മാരേയോ ന്യസ്തന യോഗികൾ ;॰ ധ്യാനിച്ചിട്ടിരിക്കുന്നോനാകിലെനിക്കുവശമായിട്ടം ॰ കാമരാജം മഹാബീജം മനസ്സിൽ ചിന്ത ചെയ്തിടും ശ്രീദേവീഭക്തനെപ്പാട്ടിലാക്കാൻ ഞാൻ ശക്തനല്ലതാൻ ॰ സേവിക്കുന്നവരാം ശക്തിയേയും ദേവിയെയെന്നിലാ എൻശരത്തിനു ലാക്കായിത്തീരുകില്ലാത്തപസ്വികൾ ॰

ഇന്ദ്രൻ പറഞ്ഞു.

പോകനീയൊത്തിതെല്ലാം നീ യിവരോടും മഹാമതേ! അസാദ്ധ്യമാണീങ്കൽ കാര്യം എന്നാലും തവ സാദ്ധ്യമാം ॰

വ്യാസൻ പറഞ്ഞു.

ഇങ്ങിനെ അനേകം കല്പിച്ചിട്ടവരെല്ലാം ഗമിച്ചശേഷം നരനാരായണന്മാർ ഘോരതപം ചെയ്യുന്നായിക്കിനായ്.

ശ്രീമദ്ദേവീഭാഗവതം നാലാംസ്കന്ധം

നാരായണകഥ

അഞ്ചാമദ്ധ്യായം.

ആറാമദ്ധ്യായം.

വ്യാസൻ പറഞ്ഞു.

അക്കാലമെക്കണ്ടു ചെന്നാനാനല്ലദ്രിയിൽ വസന്തവും വണ്ടിനം നിറഞ്ഞു പൂത്തു ശോഭിച്ചെല്ലാ ലതകളും. മാ, വിലത്തി, പയിൻ, പ്ലാശു, തിലകാദ്യമരങ്ങളും പൂത്തു ശോഭിച്ചു പനയും നൽപച്ചിലമരങ്ങളും. വൃക്ഷാഗ്രങ്ങളിലുണ്ടായീ കുയിൽനാദം മനോഹരം വല്ലികൾ പൂത്തു വൃക്ഷങ്ങളിലെല്ലാം പടർന്നുടൻ. സ്നേഹത്താൽ പ്രാണികൾ ഭാര്യമാരെ കാമിച്ചു മത്തരായ് പരസ്പരം ക്രീഡ ചെയ്യാൻ സക്തരായും ഭവിച്ചശേഷം. മന്ദവും മാന്ദ്യവും ചേർന്നു വന്നാൻ മലയമാരുതൻ സുഖിപ്പിച്ചിന്ദ്രിയങ്ങളെല്ലാമൃഷികൾക്കും വരുത്തിനാൻ. രതിയോടും കാമദേവൻ ശരമഞ്ചും തൊടുത്തുടൻ നരനാരായണന്മാർ തന്നാശ്രമേ പോയ് വസിച്ചശേഷം. ആ നല്ലാശ്രമമാണിട്ടരംഭതൊട്ടുള്ള നാരിമാർ സ്വരതാനങ്ങളോടൊത്തു പാടി, നൽപ്പാട്ടറിഞ്ഞവർ. കുയിൽനാദവുമാ നല്ല പാട്ടും വണ്ടിന്റെ മുഴക്കവും കേൾക്കയുമുണ്ടന്നാരാമുനിമാർ രണ്ടുപേരുമേ. നരനാരായണന്മാരാമൃഷിമാർ; കാലമെന്നിയെ വസന്തവും പൂത്തകാടും കണ്ടു ചിന്തതുടങ്ങിനാർ. എന്തന്നിപ്പോളകാലത്തിൽ വസന്തം വന്നുചേരുവാൻ കാരണമിപ്രാണികൾക്കെല്ലാം കാമമാൽ പാരവശ്യവും. വരാത്ത കാലവ്യത്യാസമിന്നു വന്നതുമെങ്ങനെ അത്ഭുതത്താൽ കൺവിടർന്നന്നരനോടോതി മററവൻ.

നാരായണൻ പറഞ്ഞു.

ഭ്രാതാവേ! നോക്ക കീഴ്വൃക്ഷമെല്ലാം പുഷ്പിച്ചു മംഗിയായ് കുയിൽനാദം വണ്ടിനവും ചേർന്നു ശോഭിച്ചിട്ടുന്നിതാ. വസന്തസിംഹപ്പാശിൻ പൂക്കളാം തൻ വൻനഖങ്ങളാൽ ശിശിരത്തുവതാം ആനയെ കീറിവന്നിതാ. രക്താശോകങ്ങൾ കൈകളോടും പ്ലാശകാലുകളോടുമേ നീ

ചാരശോകക്രാന്തരോടും പുഷ്പാഞ്ചിതവനത്തോടും ഇന്ദീവരാക്ഷികളെ
ട്ടിക്രവളൿകാസ്ഥാനത്തോടും മുല്ലപ്പൂവാം പല്ലിനോടും പൂങ്കുലചൂഴിയോട്ടു
മേ ● ബന്ധുജീവാധരത്തോടും സിന്ധുവാരനഖത്തോടും പൂങ്കയിൽസ
രമോടും പൂക്കടമ്പാം വസനത്തോടും ● സരസകരാൽ ചിലമ്പോടും മയി
ലാഭൂഷണത്തോടും പിച്ചിപ്പൂവരത്താണോടും മന്ദമാം നടയോടും മ ●
പുത്രജീവാക്ഷവൃക്ഷങ്ങളാം രോമങ്ങളാം ചേർന്നതായ് വസന്തശ്രീയുവതി
യീയാശ്രമത്തിങ്കൽ വന്നതേ ● വന്നതെന്തിതകാലത്തിലാശ്ചര്യം തോ
ന്നിടുന്നമേ തവ പാവിത്ര്യത്തിനാണെന്നു ദേവേശ! ചിന്തചെയ്യുന്നി ●
ധ്യാനനാശത്തിനായ് ദേവസ്ത്രീകൾ പാടുന്നകേൾക്കക തപം മുടക്ക
വാൻ നമ്മോട് ഇന്ദ്രൻ ചെയ്യുന്നതാസ്ഥാനം ● അല്ലെങ്കിലിന്നീവസന്തം മു
ത്തേകിടുന്നതെന്താണ? ദേവപ്പെട്ടിന്ദ്രനീവിഘ്നം ചെയ്യുന്നതായ് തോന്നിടു
ന്നമേ ● ശീതമായ് മണമേറുന്നകാറ്റടിക്കുന്നനല്ലതായ് ഇന്ദ്രൻ ചെ
യ്യുന്നതല്ലാതില്ലമറെറാരു കാരണം ● നാരായണൻ, വിപ്രവര്യൻ,
വിളിച്ചീമട്ടരുളുമ്പോൾ കാമൻ തൊട്ടവരെല്ലാമാശ്രമത്തിൽവന്നതേ ●
നരനാരായണന്മാരങ്ങവരെയൊക്കെയും കണ്ടാളം വിസ്മയം ചേർന്ന
മനസ്സോടൊത്തുകൂടിനാർ ● കാമൻ, മേനകയും, രംഭ, തിലോത്തമ, സു
കേശിയും മനോരമ, മഹാശ്വേത, പുഷ്പഗന്ധ, പ്രമദ്വര, ● നല്ലപാട്ടറി
വോർ മന്ദഹാസം ചെയ്യുന്നഘൃതാചിയും ചന്ദ്രപ്രഭ, കുയിൽനാദം ചെന്നി
ടുംസോമ, യെന്നവർ ● വിദ്യുന്മാല, പിന്നെയംബുജാക്ഷി, കാഞ്ചനമാ
ലിനീ ഇവരൊക്കെയവർ മറ്റുനാരിമാരോടുമന്നേകേ ● പതിനാറായിര
ത്തൻപതെണ്ണം നാരികളേകമാം കാമസൈന്യമതെക്കണ്ടിട്ടവരും
വിസ്മയിച്ചുതേ ● ദിവ്യാഭരണമാണ്ടുള്ളോർ ദിവ്യമാല്യധരിച്ചുള്ളോർ ദേവ
ദാസികളെല്ലാവരും മുൻപിൽ വന്ദിച്ചുനിന്നുടൻ ● ശ്രുതിചേർന്നുള്ളൊരാ പാട്ടു
പാടിനാർ വ്യക്തമായവർ ശാസ്ത്രംപോലെ ദിവ്യമായ് കാമമാമേററം ചേ
ർത്തിടുന്നതായ് ● വിഷ്ണുവാം നരനാരായണൻ പാട്ടുകേട്ടതേ കേട്ടിട്ടവ
രോടായ് ചൊന്നാൻ പ്രീത്യാനാരായണൻ മുനി ● സുഖമായിരിക്കുന്നാ
ലും ചെയ്യാമാതിഥ്യമുത്തമം വിണ്ണിൽനിന്നിട്ടുവന്നതിഥികളായ് നിങ്ങൾ കോ
മളാംഗികൾ.

പ്രസംഗപാഠം.

നാരായണൻമുനിയുടൻ ദേവിച്ചാനഭിമാനിയായ് വിഘ്നം ചെയ്യാ
നെച്ചിന്ദ്രനിവരെയെന്നനിശ്ചയം ● നിസ്സാരമവർകളൊക്കെ സൃഷ്ടി

കാംപുത്തായിതാൻ ഇവരെക്കാൾനല്ലവരായ്കാണിക്കാമെൻത
പോബലം ॰ എന്നോതിട്ടുകരംകൊണ്ടുതുടമേലൊന്നടിച്ചവൻ സൃ
ഷ്ടിച്ചാനടനേയററമഴകുള്ളോരുനാരിയെ ॰ നാരായണോരുവിൽനി
ന്നുണ്ടായോ "ഉർവ്വശി"നല്ലവൾ അവരെല്ലാവരുംകണ്ടിട്ടുള്ളതപ്പെട്ടുനി
ന്നുപോയ് ॰ സംഭ്രമംവിട്ടുസൃഷ്ടിച്ചോരുനാരതന്നെയാമുനി അവൎക്കെ
ല്ലാംദാസിമാരായതുയന്നൊരിമാരയും ॰ ചിരിച്ചുംപൊടിയുന്നൊന്നാകാ
ശ്ചര്യങ്ങളൊട്ടുമായ മുനിമാരെനമിച്ചാഗ്രനിന്നവർതൊഴുകൈകളോട്ടം

മോഹിച്ചുഴമാറ് നികളുംസ്വനാദിമാരു। കണ്ടുതപസ്സിനെഴ
മുള്ളലയുനാവീഴ്ചും । തോരാഞ്ഞുമാണതന്നലല്ലികളുംഡ്യോബ്ധം । മു
ത്താൽപിടുന്നവരൊരീവിധമായുരച്ചാർ ॥ വാഴ്ത്തുന്നതെത്രവിധമീയറി
വററിടുന്നോർ । കണ്ടിട്ടുനിങ്ങളുടെ ധെയ്യൎത്ഥപോബലങ്ങൾ । ഞങ്ങൾ
ക്കെഴുന്നൊരുകടാക്ഷമതാംവിഷങ്ങൾ । ന്നബാധയേശുമവെൎ,നിങ്ങൾ
ക്കിളച്ചതില്ല ॥ വിഷ്ണ്വംശമീശമമവളതുമെന്നിട്ടു । താപമേവർനി
ങ്ങളുതങ്ങളറിഞ്ഞിലാനിം സംസൃഷ്ടിവണ്ണിവിഹവന്നവരല്ലതങ്ങ ।
ളിന്ദ്രന്റെകാര്യമുതെട്ടുവതിന്നുതന്നെ॥ ഞങ്ങൾക്കന ങ്ങളുടെദർശന
മെത്രഭാഗ്യം । കൊണ്ടെന്നുമാശിച്ചതറിവില്ലിതുപൂൎവ്വപുണ്യം। ഇതങ്ങൾ
ചെയ്തോരുപരാധമതിന്നുശാപ । മേകാതെ ദാമമുനിങ്ങടെശാന്തി
യത്രേ ॥ മാഹാത്മ്യമുള്ളൃഷികളുല്ലപാലംവരുത്തും । ശാപത്തിനാൽക
ളയുകില്ലതപസ്സുശേഷം ॥.

വ്യാസൻപറഞ്ഞു.

ഇതമട്ടുദേവവരനാരികൾതാഴ്മയോടും । ചൊല്ലുന്നവാണിയ
ങ്ങുകേട്ടുമുനിന്ദ്രർചൊന്നാർ । സന്തുഷ്ടർ,ധർമ്മസുതർ,വന്ദിതപാദരാണു
ശോഭി । ക്കുന്നോർ,പ്രസന്നമുഖർ,വെന്നവർകാമമെല്ലാം ॥.

നരനാരായണന്മാർപറഞ്ഞു.

ചൊല്ലുകിഷ്ടവരംനിങ്ങൾസന്തോഷത്തോടുതന്നിടാം മാൻക
ണ്ണാളീയുർവ്വശിയെക്കൊണ്ടുപോകുകവിണ്ണിനായ് ॰ ഇന്ദ്രന്നുനല്ലതാം ॰
ഴ്ചയായിട്ടീബാലയുംവരും ഞങ്ങൾതന്നീയുർവ്വശിയെപ്പുത്രിയായിതന്നതു
നായ്॥ വിണ്ണോർക്കെല്ലാംനന്മയുണ്ടാം ചൊന്നതോർക്കിലുത്തമനാത
പോൽ [illegible] പോകിലിനിമേൽചെയ്തുപോകൊലാ.

ദേവിമാർപറഞ്ഞു.

നാരായണ!സുരശ്രേഷ്ഠ!ഭക്തിയോടതിമോദമായ് നിൻപാദപ
ത്മമാണിട്ടുപോവതെങ്ങുമഹാമതേ! ॰ ഇഷ്ടമുള്ളവരംനൾകാം തെങ്ങ

ാക്കെന്നാകിൽമോദമായ് മധുസൂദന! പത്മാക്ഷ! പറയാം ഞങ്ങളാഗ്രഹം ● പതിയാകക ദേവേശ! വരമിന്നിതുനല്കിയാൽ പ്രീതിയുള്ളവരായ് നിന്നെസ്സേവിക്കാം ജഗദീശ്വര! ● നീ സൃഷ്ടിച്ചവരായുള്ളിയുർവ്വശ്യാദികളായിട്ടും കോമളാക്ഷികളും, വിണ്ണിൽ പോരട്ടെ നിന്റെയാജ്ഞയാൽ ● ഞങ്ങളീ പതിനാറായിരത്തിയൻപതു നാരിമാർ ഭുവിട്ടെപ്പാദശുശ്രൂഷ ചെയ്യാം നിങ്ങൾ ഹൃഷീകേശ! ● സാധ്വീകളിപ്രായം സത്യവാക്കാക മാധവ! ആശാമിനാരികൾക്കവധത്തിന്നൊപ്പമോതിനാർ ● കാമാർത്തകൾക്കധർമ്മിഷ്ഠതപഞ്ചമുനിമാതമായ് ചെയ്ത മാഗ്യത്തിനാൽ, വിൺവിട്ടെത്തീടസ്സുരാലത്തിന്നിതാ ● ഉപേക്ഷിപ്പതയുക്തം താൻ നീ സമർത്ഥൻ ജഗൽപതേ!.

നാരായണൻ പറഞ്ഞു.

പൂർണ്ണമായായിരം വർഷം തപഞ്ചെയ്തിവിടത്തിലായ് ജിതേന്ദ്രിയനതായ് വിഘ്നമെന്യേ തന്നെ മട്ടുനിന്നതാൻ ● സുഖദുഃഖധർമ്മവും പോക്കം കാമേച്ഛ, ഖേദമില്ലാതെ പൂർണ്ണമായ്ക്കൊണ്ടതിൽ ബുദ്ധിമാനെന്നുമോദമാണിട്ടും.

അപ്സരസ്ത്രീകൾ ചൊന്നു.

ശബ്ദാദിയങ്ങളിലും വെച്ചിട്ടുത്തമം സ്പർശമാം സുഖം ആനന്ദം സുഖമൂലം താൻ വേറെയല്ല സുഖം മുനേ! ● അതിനാൽ ഞങ്ങളുടെയീവാക്കിനെ സ്വീകരിക്കണം ഞങ്ങൾ സുഖപൂർണ്ണ സഞ്ചാരികൾ കീഗന്ധമാദനേ ● സ്വർഗ്ഗമാശിച്ചിട്ടെന്നാകിലതില്ലിതിന്നുമേലെയായ് രമിക്കുകിനല്ലിടത്താമ്ശോ ദേവസ്ത്രീകളോടൊത്തുനീ.

ശ്രീ ദേവീഭാഗവതം നാലാംസ്കന്ധം.

ഉർവ്വശീസൃഷ്ടി.

ആറാമദ്ധ്യായം.

ഏഴാമദ്ധ്യായം.

വ്യാസൻ പറഞ്ഞു.

അവർതന്നീവാക്കുകേട്ടു ധർമ്മപുത്രൻ പ്രതാപവാൻ എന്തുചെയ്യേണ്ടൂതാനിപ്പോഴെന്നുള്ളിൽ ചിന്തചെയ്തതേ ● മുനികൾക്കിന്നുതാൻ നിന്ദ്യനായീടുമിവർ സംഗമാൽ ഇതഹങ്കാരമതിനാൽ വന്നദുഃഖമസംശയം ● അഹങ്കാരം തന്നെ ധർമ്മനാശത്തിന്നാദികാരണം അതിസ്സംസാരവൃക്ഷത്തിൻ വേരായ് സജ്ജനങ്ങൾ ചൊല്ലിടും ● ഞാനതറിഞ്ഞും മൌനിയായ്

കാതിരുന്നിട്ടിങ്ങുവന്നതേ വേശ്യാസ്ത്രീസഹവാസംകൊണ്ടീടിവ...
ചേർന്നമെ * തപോനാശംചെയ്യുമാപാർത്ഥ്യൂപ്പിച്ചേർന്നാരിമാരെ ഞാ
ൻ കാമംപൂണ്ടസുന്ദരിമാരെന്നേബാധിച്ചിട്ടുന്നിതാ * ചിലന്തിതന്റെ
യേത്തീത്ത വലയാലെന്നപോലെ ഞാൻ ബദ്ധനായ് നിശ്ചയം,ചെയ്യ
തെന്തിതിൽനിന്നുവേർപെടാൻ * സംശയംവിട്ടിവരെത്തൊന്നുപേക്ഷി
ക്കുന്നവെങ്കിലോ ആശാഭംഗത്തോടും ക്രുദ്ധം ശപിച്ചുകൊണ്ടുപോമിവർ
മുക്തനായാചരിച്ചീടാംവൻതപംവിജനത്തിൽ ഞാൻ അത്തുകൊണ്ടി
ന്നുകോപിച്ചിട്ടിവരെത്തള്ളിവിട്ടിടാം.

വ്യാസൻപറഞ്ഞു.

മനസ്സാലിങ്ങുചിന്തിച്ചിട്ടങ്ങുനാരായണൻമുനി സുഖമുണ്ടാകുവാ
നുള്ളിലാലോചനതുടങ്ങിനാൻ * സന്താപംനൽകുമീക്കോപം ഞാനാമ
ത്തെമഹാരിപു കാമക്രോധങ്ങളെക്കാളുംവൻപുള്ള തിരുഭൂമിയിൽ * കോ
പാക്രാന്തൻസർവ്വഭൂതങ്ങളിലുംദ്വേഷമേകിടും നരകപ്പുകാവിന്നു ചി
റയാംഹിംസചെയ്തിടും * ഇരസിത്തമിട്ടുണ്ടായതീയാവൃക്ഷത്തെയെ
ന്നപോൽ ദേഹോത്ഭവക്രോധം ദേഹത്തെച്ചുട്ടുബലാക്കിടും *

വ്യാസൻപറഞ്ഞു.

ദീനമാനസനായ്ത്തീർന്നിട്ടോർക്കുമ്പൊഴുതങ്ങോട്ടായ് നരൻ യഥാർത്ഥവച
നം ചൊന്നാനന്നുജൻധർമ്മനന്ദനൻ.

നരൻപറഞ്ഞു.

നാരായണ! മഹാഭാഗ! കോപമൊതുക്കീടുക വധിച്ചാരിയമഹ
ങ്കാരംനശിപ്പിക്കുക ശാന്തനായ് * പണ്ടുനമ്മൾക്കഹങ്കാരദോഷത്താൽ
നഷ്ടമായ്തപം നൂറുദിവ്യമതാമേവർഷംമുഴുവൻപരമോത്തമം * പ്രഹ്
ളാദനോടഹങ്കാരംകൊണ്ടുപോർചെയ്തില്ലയോ? പലമട്ടിൽദുഃഖമു
ണ്ടായ് നമ്മൾക്കന്നു സുരോത്തമ! * കോപംകളഞ്ഞതിസ്വസ്ഥശാന്തനാ
കുമുനീശ്വര! ശാന്തമാവംതപസ്സിന്നുമൂലമെന്നാർമുനീശ്വരർ.

വ്യാസൻപറഞ്ഞു.

അവന്റെയീവാക്കുകേട്ടുശാന്തനായ്ത്തീർന്നു ധർമ്മജൻ.

ജനമേജയൻപറഞ്ഞു.

സന്ദേഹമുണ്ടു മഹർഷേ! വിഷ്ണുവിൻഭക്തനായവൻ ശാന്തൻ,മ
ഹാത്മാ,പ്രഹ്ളാദൻപണ്ടുപോർചെയ്തതെങ്ങനെ? * താപസന്മാർ,മ
ഹാശാന്തർ,ധർമ്മനന്ദനർ നരനാരായണരിവർപോരിനേറ
റതെങ്ങനെ? * എന്തുമട്ടിവരൊട്ടുണ്ടായാപ്രഹ്ളാദനസമാഗമം? ആമ

ഹാത്മാവിവരൊടായ്യുദ്ധംചെയ്യുന്നതെങ്ങനെ? ✻ പ്രഹ്ലാദനംശമ
നിഷ്ഠൻ, ജ്ഞാനവാൻ, വിഷ്ണുഭക്തൻ നരനാരായണൻസത്വഗുണത്തൊ
ടൊത്തതാപസർ✻ ഇവർതമ്മിലീവണ്ണംവിരോധംവന്നതെങ്കിൽ കേ
വലംഭ്രമമാകുന്നുതപസ്സുംധർമ്മമെന്നതും ✻ ജപമെന്നുതപസ്സുകളു,
പണ്ടുസത്യയുഗത്തിലും അവരുംവെന്നില്ലകോപാഹങ്കാരമയമാംമനം✻
ഇല്ലകോപംമത്സരവുമഹങ്കാരമതെന്നിയേ അഹങ്കാരത്തിൽനിന്നു
ണ്ടാംകാമക്രോധാദികളൊക്കയും ✻ ആയിരംകോടിവൎഷങ്ങൾചെയ്തതപം
ചെയ്യുവെങ്കിലും അഹങ്കാരമുണ്ടെങ്കിലതെല്ലാംനിഷ്പ്രയോജനം ✻ സൂ
ര്യോദയംവരുന്നേരമിരുട്ടങ്ങൾപോകുമോ? ഹ: അഹങ്കാരമൊന്നിനാ
ൽപോംപുണ്യമൊക്കയും✻ മഹാത്മാവാംപ്രഹ്ലാദൻപോരാടീവിഷ്ണു
വോടുമായ് അപ്പോളീമന്നിലെപ്പുണ്യമെല്ലാമെനിഷ്പ്രയോജനം ✻ നര
നാരായണന്മാരാംശാന്തന്മാർചെയ്തവൻതപം പോരാടിയപ്പോൾധർമ്മ
മെങ്ങുപോയിട്ടിപ്പുണ്യവും ✻ അഹങ്കാരത്തൊടീസത്വഗുണവാന്മാർ
മടങ്ങുകിൽ എന്നെപ്പോലുള്ളവർക്കുള്ള കഥയെന്തുപറവാൻമുനേ! ✻ ഉ
ണ്ടായിട്ടില്ലഹങ്കാരംവിട്ടൊരുത്തനുമേ മേലാലില്ലാകൊണ്ടതൊ
രാളുണ്ടാകുന്നുമില്ലതാൻ ✻ ഇന്ദ്രിയാദികളൊക്കെയൊതുക്കാനും കെട്ടു
പെടുവാൻ മറ്റാരുമില്ലഹങ്കാരംകെട്ടുപെട്ടോരനാദികം ✻ അഹങ്കാ
രത്തിനാൽമൂടപ്പെട്ടീലോകമശേഷവും മോഹിപ്പിക്കപ്പെട്ടുഴലുംപെറ്റം
സംസാരമെന്നതിൽ ✻ മോക്ഷമില്ലെന്നസംസാരംശൂന്യമായ്ജ്ഞാനമതെങ്ങു
വാൻ മീമാംസകമതാന്തരങ്ങളുമെന്നോതീട്ടിരിക്കുന്നതുമുനേ! ✻ മറ്റൊരുത്തൻകൂ
ടിയതെല്ലാംകാമക്രോധാദിയുക്തൻതാൻ എന്നെപ്പോലുള്ളവർക്കിനിക്ക
ലിയിൽകഥയെന്തുവാൻ.

വ്യാസൻപറഞ്ഞു.

കാര്യംകാരണമില്ലാതെയുണ്ടാകയില്ലെന്നോർക്ക! കാര്യംതോട്
കളുപോലത്താൽസംപൂർണ്ണതാനല്ലായോ നൃപ!? ✻ അഹങ്കാരത്തിലുണ്ടായി
ട്ടുണ്ടാണസംസാരകം ആയിരമതിനൊരുവാംവസ്തുക്കളതെന്യേവസ്തു
മെങ്ങനെ? ✻ ബ്രഹ്മാവുംതൊട്ടുപുല്ലോളംചരാചരമശേഷവും മായാഗു
ണങ്ങളാൽനിർമ്മിതമായുള്ളതിൽ ഉൾപ്പെട്ടിരിക്കിൽ ✻ ബ്രഹ്മവിഷ്ണുശിവരും
മോഹിപ്പിക്കപ്പെട്ടുവന്നതിൽ അഗാധമായസംസാരത്തിൽഭ്രമിക്കുന്നു
നൃപതേ! ✻ വസിഷ്ഠനാരദാദ്യർമാമുനികൾജ്ഞാനമുള്ളവർ അവരും
ബുദ്ധ്യാമോഹിക്കുന്നീസംസാരമെന്നതിൽ ✻ ദേഹവാനായുള്ളോരു

അവൻ ത്രൈലോക്യത്തിലുമില്ലതാൻ ഈശമായാഗുണമില്ലാതെശാന്ത
നായ് ബ്രഹ്മനിഷ്ഠനായ്! ॥ അഹങ്കാരത്തിൽനിന്നുണ്ടായുള്ളോരു ക്രോധാദി
യൊക്കെയും ദേഹമുള്ള ഇന്ദ്രിയങ്ങളും വിടില്ലതു മാനവ! ॥ പുരാണപഠനം
വേദശാസ്ത്രാഭ്യാസം, സ്വാദ്ധ്യായം ധ്യാനം, തീർത്ഥാടനമത്തുംചെയ്യാലുംസ്വ
ധർമ്മം ॥ കള്ളനെപ്പോലെ ചെയ്യുന്നു വിഷയഭ്രാന്തനായ് പുമാൻ
കാമക്രോധങ്ങളെല്ലാം പരന്നാക്രമിക്കുന്നു വസുധയെ ॥ കൃതത്രേതാദ്വാ
പരങ്ങളാം യുഗങ്ങളിലുമുണ്ടായ ധർമ്മംപോയ്പോകുന്നു, പിന്നെനീക്കലി
യിൽ കാൺ ॥ ദ്വാപരത്തിൽ മാത്സര്യത്തോടുമേ, ലോഭം കാപട്യമൊപ്പം ഈ
ട്ടിലാണനന്തരം വിചാരിക്കേണ്ടതില്ലതിൽ ॥ കാമക്രോധങ്ങളോരോ
ദോഷങ്ങളും മത്സരങ്ങളും വിട്ടുള്ള ചില സാധുക്കൾ ലോകേ ദുർല്ലഭ
മാണവർ.

വ്യാസൻ പറഞ്ഞു.

അവർധന്യർ സുകൃതികൾ മമമോഹങ്ങൾ വിട്ടവർ ജിതേന്ദ്രി
യന്മാർ സന്തുഷ്ടന്മാരവർ വെന്നിതു ജഗത്രയം ॥ മഹാത്മാവവൻ പിതാ
വിന്റെ പാപങ്ങൾ പോകാനായ് തീരത്തു തപസ്സിനായിട്ടവൻ, പ
ണ്ടു പാണ്ഡവർക്കും ഒന്റെ കൺവെട്ടത്തവനങ്ങനാകുമോ ലോഭം
മോഹം കൊണ്ടറിയുന്നില്ലെന്നെല്ലാം മെലിൽ ഭവിക്കുമോ? ॥ മുഢൻമ
ഭ്രാന്തിമാനൊക്കെ വിട്ടുമെന്നതുമൊക്കുമോ? നിന്ദ്യകർമ്മങ്ങളെയുമപ്പോൾ
നരകത്തെയുമപ്പുറം ॥ നരനാരായണന്മാരെ പ്രഹ്ലാദനോടു ഘോരമാ
യ് യുദ്ധം ചെയ്തു പൂർവ്വവൃത്താന്തം വിസ്തരിച്ചുരചെയ്യുക ॥ സരസ്വതീനദീതീ
രപുണ്യക്ഷേത്രമാം പ്രഹ്ലാദനവിടെപ്പോയതാലും ചെയ്തതിനെ ചെ
ന്നാലും ॥ നരനാരായണർ ശാന്തതാപസർ, മുനിസത്തമർ എന്തുഹേതു
വിനാൽ യുദ്ധം ചെയ്തതും മോനവരെയിങ്ങനെ! ॥ തീർത്ഥയാത്രയോടുതന്നെ
വൈരമുണ്ടാം പരസ്പരം ഏഷണാത്രയമാറ്റുള്ളവർ പോരങ്ങനെ
ചെയ്തതും? ॥ ധർമ്മാത്മാവായ പ്രഹ്ലാദനിരന്തരം നിത്യാർച്ചവരാം നര
നാരായണർ, യാവൻ പോർചെയ്തതുമെന്തിനായ്? ॥ ഉരശിപ്പുത്രാ
ഹിതിൻ കേൾപ്പാനവിപ്പുലമായ് ചൊല്ക.

ശ്രീദേവീഭാഗവതേ നാലാംസ്കന്ധത്തിൽ

അഹങ്കാരലക്ഷണം

ഏഴാമദ്ധ്യായം.

———

ഷഷ്ഠാമദ്ധ്യായം

സൂതൻപറഞ്ഞു.

ജനമേജയനാലേവം ചോദിക്കപ്പെട്ടമാമുനി വിസ്തരിച്ചുരചെയ്തെല്ലാം വ്യാസൻസത്യവതീസുതൻ ॥ പരീക്ഷിത്താമെന്നവന്റെവൃത്താന്തം തൽപരൻ ജനമേജയനോട്ടുള്ളിലധികം ദുഃഖമാണ്ടതേ. ॥ വിപ്രാവമാനപാപംകൊണ്ടന്തകാലയമാണ്ടോരാ പിതാവേക്കുറകേറ്റനായ് ചിന്തിച്ചു സന്തതം ॥ പുത്തെന്നനരകത്തിൽനിന്നുദ്ധരിക്കയാൽ പുത്രനെന്നുള്ളപേർസാർത്ഥമാകുന്നു മുനിവര്യരേ! ॥ ദ്വിജശാപാൽപരീക്ഷിത്തും സ്നാനദാനങ്ങളെന്നിയേ മേടയിൽപാമ്പു തൊട്ടിട്ടുമരിച്ചെന്നതറിഞ്ഞവൻ ॥ പരീക്ഷിത്താകുമച്ഛന്റെഗതികേട്ടീട്ടുപോത്തമൻ വൈരാഗ്യംപൂണ്ടുദുഃഖിച്ചു വിഹ്വലനായിതേ ॥ ഗൃഹാഗതൻ വ്യാസനോടുമേ ചോദിച്ചാൻ വലുതായിട്ടും നരനാരായണർതന്റെകഥയെല്ലാമനിന്ദിതൻ.

വ്യാസൻപറഞ്ഞു.

ദുഷ്ടൻഹിരണ്യകശിപു വധിക്കപ്പെട്ടശേഷമായ് രാജാവാക്കപ്പെട്ടവന്റെമകൻ പ്രഹ്ലാദനെന്നവൻ ॥ ദേവബ്രാഹ്മണവിശ്വാസിയദൈത്യൻരാജ്യമാളവേ യാഗങ്ങൾ യജ്ഞാർഭൂമിയിങ്കൽ ശ്രദ്ധയാചെയ്തുന്നവർ ॥ തപംധർമ്മം തീർത്ഥയാത്രയിവയെച്ചെയ്തു ബ്രാഹ്മണർ സ്വവൃത്തിയാണ്ടുവൈശ്യന്മാർ, ശൂദ്രശുശ്രൂഷചെയ്തുമം ॥ നൃസിംഹനാക്കിപ്പാതാളത്തിങ്കലാദൈത്യരാജനെ രാജ്യം വാണവിടെത്തന്നെ പ്രജാപാലനതല്പരൻ ॥ പിന്നൊരിക്കൽ ഭൃഗുസുതൻ ച്യവനൻതാപസോത്തമൻ കുളിക്കാനൊങ്കാരകണ്ഡനർമ്മദാതീർത്ഥമാണ്ടുപോ ॥ ആമഹാനദിയേക്കണ്ടിട്ടിതിലേക്കായിറങ്ങിനാൻ കടിച്ചുകരകേറുമ്പോളൊരുസർപ്പം ഭയങ്കരൻ പാതാളത്തിൽതാഴ്ത്തിയപ്പോൾ പേട്ടാമുനീശ്വരൻ ജനാർദ്ദനൻദേവദേവനായവിഷ്ണുവെയോർത്തതേ ॥ വിഷ്ണുസ്മരണചെയ്തപ്പോളപ്പാമ്പു വിഷമറ്റതായ് തെല്ലില്ല ച്യവനന് ദുഃഖം പാതാളത്തിൽനയിക്കവേ ॥ എന്നാൽശപിക്കുമെന്നോർത്തു മഹാനായുള്ള താപസൻ എന്നോർത്തുവിനയത്തോടാമുനിയേവിട്ടു സർപ്പവും ॥ സഞ്ചരിച്ചാൻ നാഗകന്യമാരാൽപൂജിതനായ്മുനി നാഗങ്ങൾക്കസുരന്മാർക്കുമുള്ള വൻപുരമാണ്ടവൻ ॥ ഒരിക്കലപ്പുരത്തിങ്കൽ ചരിക്കുമ്പോൾ ഭൃഗുപുത്രനെ കണ്ടാനീ ദൈത്യരാട്ടായ

പ്രഹ്ലാദൻധൎമ്മതല്പരൻ * മുനിയെക്കണ്ടുടൻപൂജചെയ്താൻപ്രഹ്ലാദ
ദാനവൻ ചോദിച്ചാൻ,ചൊല്ലേറുന്നഭവാൻപാതാളത്തിൽവന്നതും *
ദൈത്യന്മാൎക്കറിയാമിന്ദ്രന്റെരാജ്യമെത്തനോക്കുവാൻ ചൊല്ലിവിട്ടോഭ
വാനെന്നിസത്യംചൊൽകമുനീശ്വര?

ച്യവനൻപറഞ്ഞു.

എന്തെനിക്കിന്ദ്രനാലെന്നോടവനെന്തുരച്ചീടും ഭൂതകാൎയ്യത്തി
നായ്നിന്റെരാജ്യത്തിൽവന്നതല്ലവാൻ * സ്വതന്ത്രൻ,ഭൃഗുപുത്രൻ
ഞാൻധൎമ്മിഷ്ഠൻനീധരിക്കുക ഇന്ദ്രൻചൊല്ലിയയച്ചെന്നശങ്കവേണ്ടവ
രാസുര! * കുളിക്കാൻനൎമ്മദാപുണ്യതീൎത്ഥത്തിൽവന്നൊൻനൃപ! ഇ
റങ്ങുമ്പോൾപിടിച്ചെന്നെവലുതായൊരുസൎപ്പവും * വിഷ്ണുസ്മരണകൊ
ണ്ടപ്പോളപ്പാമ്പുവിഷമററതായ് സ്മരണത്തിന്റെമാഹാത്മ്യാലവനെ
ന്നെവെടിഞ്ഞുടൻ * ഇവിടത്തെത്തിഞാൻരാജൻ! നിന്റെകാഴ്ചലഭി
ച്ചതേ വിഷ്ണുഭക്തൻഭവാൻവിഷ്ണുഭക്തനെന്നോൎക്കുകെന്നയും.

വ്യാസൻപറഞ്ഞു.

ഇത്തരമാംവാക്കുകേട്ടുമന്നൻകശിപുനന്ദനൻ ഓരോതീൎത്ഥങ്ങ
ളെപ്പററിചോദിച്ചാനതിമുത്തോടും.

പ്രഹ്ലാദൻപറഞ്ഞു.

ഭൂമിയിൽപുണ്യതീൎത്ഥങ്ങളേതെല്ലാംമുനിസത്തമ!? വാനിൽ
പാതാളമതിലുംവിസ്തരിച്ചവചൊല്ലുക.

ച്യവനൻപറഞ്ഞു.

മനോവാക്കായശുദ്ധന്മാൎക്കെല്ലാംതീൎത്ഥങ്ങൾതാൻനൃപ! അ
ജ്ഞാനികൾക്കപ്രകാരമശുദ്ധംദേവഗംഗയും * ആദ്യംമനശ്ശുദ്ധമായി
പ്പാപവൎജ്ജിതമാകിലോ എല്ലാതീൎത്ഥങ്ങളുംശുദ്ധങ്ങളായ്തന്നെഭവി
ച്ചീടും * ഗംഗാതീരമുഴുവനംഗ്രാമങ്ങൾനഗരങ്ങളും എടത്തെരുവുമ
ങ്ങാടികളുമുണ്ടതിലംഗിയായ് * പറഞ്ഞെരുവുമവ്വണ്ണംമുക്കുവന്മാർഗൃ
ഹങ്ങളും ഹൂണൎവംഗൎഖസൎമ്ലേച്ഛരിവൎത്തൻഭവനങ്ങളും * ഇവരെ
ല്ലാംകുടിച്ചീടുന്നെന്നുംഗംഗാമൃതത്തിനെ മൂന്നുനേരംകുളിച്ചീടുന്നിഷ്ട
ബോലിവരൊക്കയും * അതിലൊക്കുമനശ്ശുദ്ധിവരുന്നില്ലസുരേശ്വര!
വിഷയാക്രാന്തചിത്തൎക്കുതീൎത്ഥത്താൽഫലമെന്തെടൊ? മനംതാൻകാ
രണംരാജൻ!വേറെയല്ലൊരുന്നോക്കുക * ശുദ്ധിയിച്ഛിപ്പവൻനിത്യംമ
നശ്ശുദ്ധിവരുത്തണം അന്യവഞ്ചനയാൽതീൎത്ഥവാസിയുംബദ്ധപാപി

യാം ॥ പാപ,മായവിടെച്ചെയ്യാലനന്തംദോഷമായ് വരും പഴ്ത്താലും സപാദ്വരാകമാട്ടിക്കായതെന്നപോൽ ॥ ദ്രവ്യശുദ്ധിയുണ്ടാകാതീൎത്ഥകോടികളിക്കിലും ഭ്രമിച്ചിപ്പവൻമുൻപെമനഃശുദ്ധിവരുത്തണം മനസ്സുശുദ്ധമായെന്നാൽദ്രവ്യവുംശുദ്ധമാകുടൻ ആചാരശുദ്ധിയുണ്ടാകമപ്പോൾതീൎത്ഥംഫലിച്ചിടും ॥ അല്ലെങ്കിൽചെയ്യുന്നതെല്ലാമുടൻതാൻ വ്യൎത്ഥമാകമേ തീൎത്ഥമാണെങ്കിൽസദാനീചസഹവാസംത്യജിക്കണം ॥ പരോപകാരവുംവേണംമനഃകായങ്ങളാൽസദാ തീൎത്ഥംചൊദിച്ചിടുന്നെങ്കിൽമഹാതീൎത്ഥങ്ങൾചൊല്ലിടാം ॥ പുണ്യനൈമിശമാണാദ്യം,പുഷ്കരം,ചക്രതീൎത്ഥവും സംഖ്യയില്ലാതെവറേയുമുണ്ടുതീൎത്ഥങ്ങൾഭൂമിയിൽ പുണ്യസ്ഥലങ്ങളുംശുദ്ധങ്ങളായുണ്ടധികംനൃപ!.

വ്യാസൻപറഞ്ഞു.

ഈവാക്കുകേട്ടുദ്യതനായ്നൃപൻനൈമിശമെത്തുവാൻ അതിസന്തോഷമോടൊത്തിട്ടയച്ചാനസുരേന്ദ്രരെ.

പ്രഹ്ളാദൻപറഞ്ഞു.

എഴുനീല്പുമഹാന്മാരേ! പോകാനൊന്നൈമിശത്തിനായ് ദൎശിക്കാമച്യുതൻപീതാംബരനപ്പങ്കജാക്ഷനെ.

വ്യാസൻപറഞ്ഞു.

വിഷ്ണുഭക്തനിതോതീട്ടാദാനവന്മാരശേഷവും സന്തോഷിച്ചവനോടൊത്തുപാതാളംവിട്ടുപോയിതേ ॥ ദിതിതൻപുത്രരായുള്ള ബലമേറുന്നദാനവർ നൈമിശാരണ്യമാണഞ്ഞാമുദാസ്നാനംകഴിച്ചുടൻ ॥ പ്രഹ്ളാദനവരോടൊത്തതീൎത്ഥന്തോറുംനടക്കവേ പുണ്യാസരസ്വതീശുഭജലയാംനദികണ്ടുതേ ॥ ആസാരസ്വതതീൎത്ഥത്തിൽസ്നാനംചെയ്തുടനേയവൻ മഹാത്മാവായപ്രഹ്ളാദൻമനസ്സപ്പോൾപ്രസന്നമായ് ॥ ഏറെശുദ്ധമതായുള്ള തീൎത്ഥത്തിൽവച്ചുദാനവൻ പ്രസന്നനായ്കഴിച്ചാൻനൽസ്നാനദാനാദിയൊക്കയും.

ശ്രീദേവീഭാഗവതത്തിൽ നാലാംസ്കന്ധം

നൈമിശതീൎത്ഥഗമനം

എട്ടാം അദ്ധ്യായം

ഒൻപതാം അദ്ധ്യായം

വ്യാസൻപറഞ്ഞു.

തീൎത്ഥസ്നാനംകഴിഞ്ഞപ്പോൾപ്രഹ്ളാദൻകണ്ടുമുമ്പിലായ് ഒരു

പേരാൽവൃക്ഷമേററംവലുതായ്നിഴലുള്ളതായ് • ചാണസ്സുവെച്ചതാ
യൊരൊവിധത്തിൽപലബാണവും കണ്ടാൻക്രൂരന്മാരുകളുമാകഴിവിൻറു
വലുള്ളതായ് • മനസ്സുകൊണ്ടു ചിന്തിച്ചാറിവ്വാണക്കൂട്ടമാരുടെ ഋഷി
മാർപുണ്യാശ്രമത്തിൽശ്രുയോതീർത്ഥസ്ഥലത്തിലായ് • ഋജുചിന്തി
കളവെണ്ണൂസ്സാജിനംജടയുമാണവർ മുനിമാർധർമ്മതനയർകാണപ്പെട്ടു
സുരേന്ദ്രനാൽ • ശാർങ്ഗ,മാജഗവംരണ്ടുനല്ലവില്ലുവർമുൻപിലായ്
ശരംതീരാത്താവനാഴികളുംതൂണങ്ങളംഗിയിൽ • ധ്യാനസ്ഥന്മാർമഹാ
ഋഗൃഷിമാർധർമ്മനന്ദനർ നരനാരായണരെയുംകണ്ടാൻപ്രഹ്ളാദ
നപ്പൊഴ് • കോപത്താൽകൺചുവന്നിട്ടിങ്ങിവർധർമ്മവിനാശമാ
യ് ഡംഭമെന്നുതുടങ്ങുന്നതെന്നുരചൊല്ലിച്ചൊന്നവൻ • ഇസ്സംസാരത്തി
ലെന്നുംഞാൻകണ്ടില്ലാകേട്ടതില്ലതാൻ വൻതപംചെയ്യയവ്വണ്ണംവില്ലു
മമ്പുംധർക്കയും • ഇതുതെററീയാളിയുഗത്തിങ്കൽകലിയിപ്പായിടാം
ബ്രാഹ്മണക്ഷത്രപംയുക്തമെന്നതിൽചാപധാരണം • ജടാധാരണമെ
ങ്ങിങ്ങാവനാഴിധരിപ്പതും ഡംഭുകാട്ടുന്നനിങ്ങൾക്കീധർമ്മാചരണയു
ക്തമായ്.

വ്യാസൻപറഞ്ഞു.

എന്നവൻവചനംകേട്ടു നരനരചൊന്നാൻനരോത്തമ! ഞങ്ങൾ
ചെയ്യുംതപസ്സിങ്കൽവെറുതേചിന്തയെന്തിനേ • സമർത്ഥരെന്തുചെ
യ്യാലുമവർക്കുഫലിച്ചിടും ഞങ്ങളിരണ്ടിനാംമന്ദ!സമർത്ഥർലോകവിശ്രു
തർ! • യുദ്ധത്തിന്നുംതപസ്സിന്നു,മെന്തുചെയ്യുന്നപിന്നെനീ നിന്റെ
വഴിപോയാലുംപലനൃണ്ണത്തിനിങ്ങനേ? • ബ്രഹ്മതേജസ്സപ്രമേയം
ഭ്രാന്തൻനീയറികയില്ലത് സുഖമിച്ചിപ്പവർവിപ്രർഗുണദോഷങ്ങളോ
ർത്തിടാ.

പ്രഹ്ളാദൻപറഞ്ഞു.

ധർമ്മച്ചിറയുറപ്പിക്കംദൈത്യേന്ദ്രൻഞാനിരിക്കവേ മന്ദതാപസ
രാംനിങ്ങൾക്കുള്ളഗർവംഫലിച്ചിടാ • ഈതീർത്ഥത്തിൽയുക്തമല്ലന്നു
ധർമ്മംപെടുമെന്നതാഴിൽ യുദ്ധത്തിനെന്തുബലമതിപ്പോൾകാട്ടുകനീ
മുനേ!.

വ്യാസൻപറഞ്ഞു.

അവന്റെയാവാക്കുകേട്ടുനരനന്തരമോതിനാൻ നിർബുദ്ധിയി
മട്ടാണെങ്കിൽയുദ്ധംചെയ്കെന്നോടിന്നുനീ • അസുരാധമനാംനിന്റെ

തലയിന്നരച്ചൊളിച്ചിടാം യുദ്ധേശ്രദ്ധാനിനക്കുണ്ടാകാതെമേലൊരിക്കലും.

വ്യാസൻപറഞ്ഞു.

അവന്റെയാവാക്കുകേട്ടുദൈത്യേന്ദ്രൻ ബലമുള്ളവൻ പ്രതിജ്ഞചെയ്യാൻപ്രഹ്ലാദനതികോപത്തോടൊത്തവൻ ॥ നരനാരായണർ ദാന്തരൃഷിമാർതപമുള്ളവർ ഈരണ്ടുപേരെയുംഞാനിന്നുമട്ടംജയിച്ചിടും.

വ്യാസൻപറഞ്ഞു.

എന്നുരച്ചങ്ങുപ്രഹ്ലാദൻവില്ലെടുത്തിട്ടതൽക്ഷണം വലിച്ചുവിട്ടിട്ടുണ്ടാക്കിച്ചെറുഞാണൊലിയേറവും ॥ നരനുംവില്ലെടുത്തിട്ടുവിട്ടാൻ ക്രൂരബാണസഹസ്രമായ് നിരന്തരമതായ്പ്രഹ്ലാദന്റെനേക്കരിശത്തോടും ॥ പ്രഹ്ലാദനേററിട്ടവയെസ്സുവർണ്ണ പുംഖങ്ങളാമമ്പുകളാൽമുറിച്ചാൻ; മുറിഞ്ഞതന്നമ്പുകൾകണ്ടുവേറെയയച്ചുകോപിച്ചു നരൻശരങ്ങൾ. ॥ അതുംമുറിച്ചുഗ്രശരങ്ങളാൽ,വിട്ടവന്റമേറി ദനുജൻശരൌഘം ॥ അതങ്ങുസ്ഥാനങ്ങൾതൊട്ടുത്തുമേലിച്ചവന്റെബാഹുക്കളിലെയ്തൃഷീന്ദ്രൻ. ॥ ആപ്പോതകാണ്മാൻസുരരിന്ദ്രനോടും വന്നാർവിമാനങ്ങളിലാസ്ഥലത്തായ് ॥ രണത്തിൽനരന്റെവീര്യം പുകഴ്ത്തിനാരങ്ങുസുരേന്ദ്രനേയും. ॥ പൊഴിച്ചുവില്ലാണ്ടുശരങ്ങൾദൈത്യൻ ഘനങ്ങൾവർഷിപ്പതുപോൽജലത്തെ ॥ എടുത്തുശാർങ്ഗംനരനപ്രമേയം ചൊരിഞ്ഞുപൊൻപുംഖമെഴുംശരൌഘം. ॥ അയച്ചുയോടാനമദാനവന്മാർക്കുടൻ ഒഴിച്ചുബാഹുഘോരയുദ്ധം! വാനോരെന്നോരിന്ദ്രാദികൾദിവ്യപുഷ്പ വർഷങ്ങൾപെയ്താരതിമോദമോടും.॥ കോപിച്ചുദൈത്യാധിപനാനരനെ അയച്ചുക്രൂരമ്പുകൾവേഗമോടും അതൊക്കയുതീക്ഷ്ണശരങ്ങൾവില്ലിൽ തൊടുത്തുവിട്ടാനരനുംമുറിച്ചാൻ. ॥ വലിച്ചുതൊട്ടുബാണങ്ങൾകൊണ്ടുപിന്നീട്ടുമാനവൻ ധർമ്മജൻപോരിനായേററനാരായണനെയെയ്തതേ ॥ നാരായണൻതാനുമുടൻക്രൂരമ്പുകളയക്കയാൽ ദുഃഖിപ്പിച്ചാനധികമായ്മുമ്പിൽനില്ക്കുന്നദൈത്യനെ ॥ കാണ്മാനായ്വാനിൽവന്നോരദ്ദേവമാനവരൊക്കയും ജയഘോഷങ്ങളോടൊത്തുതിരക്കിത്തിക്കിനിന്നതേ ॥ രണ്ടുപേരുടെയുംബാണവർഷത്താൽവാൻമറഞ്ഞുടൻ പകലുംരാത്രിയെപ്പോലെയിരുട്ടുണ്ടായിതേറവും ॥ ദേവദാനവരന്യോന്യംപറഞ്ഞാർ വിസ്മയത്തോടും അതിഘോരംരണംമുൻപിൽകണ്ടിട്ടില്ലിതിനൊപ്പ

മായ് * ഗന്ധർവ്വദേവമുനിമാർയക്ഷകിന്നരപന്നഗർ വിദ്യാധരർചാ
രണരുമേററവുംവിസ്മയിച്ചുതേ * നാരദൻപർവ്വതമുനിയിവരുംകണ്ടുനി
ല്പവേ നാരദൻചൊല്ലിനാൻപണ്ടുണ്ടായിട്ടില്ലിതുപോലവേ* താരകാ
സുരനോവൃത്രനോപോരുചെയ്തതേ മധുകൈടഭരോടൊത്തുവിഷ്ണു
വുംചെയ്തിവണ്ണമേ * പ്രഹ്ലാദൻപ്രബലൻശൂരൻനാരായണനോടൊ
പ്പമായ് യുദ്ധംചെയ്യുന്നു,വൻസിദ്ധിയുള്ളോൻവിക്രമിയെങ്കിലും.

വ്യാസൻപറഞ്ഞു.

പ്രഹ്ലാദനാരായണന്മാർരാത്രിയുംപകലൊക്കയും പിന്നയുംപി
ന്നയുംയുദ്ധംചെയ്താരതിഭയങ്കരം * നാരായണനെനാരമ്പെയ്തുപ്രഹ്ലാ
ദൻവില്ലുവേഗമായ് മുറിച്ചാനവനുംവേറെകയ്യോണ്ടാനൊരുവില്ലി
നെ* നാരായണനുടൻതന്നെവേറെയൊരുശരത്തിനാൽ ആവില്ലുംനടു
വിൽവച്ചുകയ്യുക്കാലെമുറിച്ചുതേ * മുറിഞ്ഞതെല്ലാമിട്ടിട്ടുവീണ്ടുംപൂ
ണ്ടാൻമഹാസുരൻ കോപിച്ചുനാലതുനാരായണൻഛേദിച്ചുതൽ
ക്ഷണം * ഇതുനുപലകകയ്യോണ്ടാനാവില്ലുംപോയദാനവൻ അതി
കോപാൽധർമ്മജനെയടിച്ചാൻമാറിലക്ഷണം * മുറിച്ചാൻബലവാ
നൊൻപതുനൂകരംവിട്ടഘോരമാം ഇതുനുപലക,താഡിച്ചാനവനെ
പ്പുഞ്ഞുവിട്ടുടൻ * ഇതുനുപിന്നാലുള്ള നല്ലഗദയാണ്ടിട്ടദാനവൻ അടിച്ചു
മുട്ടിൽകോപിച്ചാനാരായണമുനീന്ദ്രനെ * ഗദയേററുംപർവ്വതംപോൽ
നിന്നാനധർമ്മനന്ദനൻ സ്ഥിരചിത്തൻശക്തിയുള്ളോൻവർഷിച്ചാന
മ്പുപിന്നയും * മുറിച്ചാൻഭഗവാനപ്പോൾദൈത്യരാജന്റെവൻഗദ
വിസ്മയിച്ചാർവാനിൽവന്നുകണ്ടുനില്പോരശേഷവും * വീരരവർക
ളുക്കൊല്ലുംപ്രഹ്ലാദൻവേലെടുത്തുടൻ വേഗാൽനാരായണൻതന്റെ
മാറിടത്തിന്നുചാണ്ടിനാൻ * അതിന്റെവരവുംകണ്ടുകളിയായിട്ടൊര
മ്പിനാൽ ഏഴേഴായ്നുറുക്കിനാനേഴാൽതാഡിച്ചാനവനെമുനി * അവ
ർക്കായാത്രമത്തിങ്കലൊരുന്തൂറാണ്ടിതേവിധം ആശ്ചര്യവിസ്മയമേകുന്ന
ഘോരയുദ്ധംഭവിച്ചുതേ * ശംഖംചക്രംഗദാപത്മമിവയേനാലുകൈ
കളിൽ ധരിച്ചവൻരമാകാന്തൻപീതവസ്ത്രമണിഞ്ഞവൻ * ദൈത്യാ
രിഃഹരനാംവിഷ്ണുപ്രഹ്ലാദാന്തികമെത്തിനാൻ ഭഗവാൻവന്നതുംക
ണ്ടുപ്രഹ്ലാദൻബദ്ധഭക്തിയായ് * നമസ്കരിച്ചുതൊഴുതുകൊണ്ടിവ
ണ്ണമുണർത്തിനാൻ.

പ്രഹ്ലാദൻപറഞ്ഞു.

ദേവദേവ! ജഗന്നാഥ! ഭക്തവത്സല! മാധവ! ജയിക്കുന്നില്ലെന്നു ഞാനുപായമൊന്നിനീട്ടരേ? • യുദ്ധം ചെയ്തേൻ ഞാനൊരു ദിവ്യവത്സരം മുഴുവൻ വിഭോ! ജയിച്ചില്ലെന്നു മൂലം ഞാനതത്യുത്തരമോർക്കിൽ.

വിഷ്ണുപറഞ്ഞു.

എന്നംശമാം സിദ്ധരിവർ ജിതാത്മാക്കളാം താപസപ്രികരാം നരനാരായണന്മാർ നീയും ജയിച്ചില്ലെന്നതത്തരം? പാതാളത്തിൽ പോക നീയെൻ ഭക്തിയേറ്റമുദ്ഘമാക്കുക നിനക്കീമുനിമാരോടു വൈരം വേണ്ടാ മഹാമതേ!

വ്യാസൻപറഞ്ഞു.

കല്പിക്കപ്പെട്ടിതാ ദൈത്യൻ പോയാനസുരരോടുമായ് തപസ്സു ചെയ്യുവാനാരാൻ നരനാരായണന്മാർ നൃപ!.

ശ്രീദേവീഭാഗവതം നാലാംസ്കന്ധം
പ്രഹ്ലാദനാരായണയുദ്ധം
ഒൻപതാമദ്ധ്യായം.

പത്താമദ്ധ്യായം.

ജനമേജയൻപറഞ്ഞു.

എനിക്കീക്കഥയിൽ വന്നുചേർന്നു വലിയ സംശയം നരനാരായണന്മാർ ശാന്തർ വിഷ്ണ്വംശം പൂണ്ട താപസർ തീർത്ഥാശ്രയർ, സത്യയുക്തർ, ഫലമൂലങ്ങൾ ഭുജിപ്പവർ ധർമ്മപുത്രൻ, മഹാത്മാക്കൾ, സത്യവാന്മാർ തപോധനർ • യുദ്ധത്തിലാഗ്രഹമവർക്കുണ്ടായ്വന്നതുമെങ്ങനേ? അന്യോന്യം പോർ ചെയ്തതെന്തേ? വിട്ടിട്ടുത്തമമാം തപം • പ്രഹ്ലാദനോടൊന്നു ദിവ്യവർഷങ്ങൾ പൂർണ്ണമായ് വിട്ടു ശാന്തിസുഖം, യുദ്ധം ചെയ്തതെന്തു താപസർ • പ്രഹ്ലാദനോടാമുനിമാർ യുദ്ധം ചെയ്തതുമെങ്ങനേ? ആ യുദ്ധത്തിൻ കാരണത്തെ കഥിച്ചാലും മഹാമതേ? • കാമിനീ, കനകം, രണ്ടും കാരണം ചേർന്നിടുന്നുവാൻ അവയിൽ സക്തിയേറെയാകിൽ മട്ടുണ്ടായ് പോരതിൽ മതി? • അവർ തപം ചെയ്തതെന്തു മൂലം പറയേ! സ്വർഗ്ഗത്തിനോ സുഖത്തിനോ ളമിപ്പതിനോ മുനേ! • ഫലമെല്ലാം കൊടുക്കുന്നാചാർ തപം ചെയ്യുകിലും ആ ശാന്തമുനിമാർക്കുള്ള ഫലം കിട്ടിയതെന്തു? • തപസ്സാൽ കൃശമാം ദേഹം ദിവ്യമാമാണ്ടുവത്സരം വീണ്ടും വീണ്ടും പോരു ചെയ്തു ശ്രമപ്പെട്ടതെന്തോ • രാജ്യത്തി

ന്നോധനത്തിന്നോ ഭാര്യ്യക്കോ ഭവനത്തിന്നോ എന്തിനാണോമഹാത്മാ
വോടവർ ചെയ്യുന്നു സംഗരം? * ആശയമുള്ളവൻനിത്യധർമ്മത്തെയ
റിയുന്നവൻ സമാധാനംതകർന്നിട്ടുംപോരെന്തിമട്ടു ചെയ്യുന്നു * സൽ
ബുദ്ധിയുള്ളോൻസല്കർമ്മങ്ങളെ ച്ചെയ്യുംസദാമുനേ! ദുഃഖപ്രദങ്ങളേയി
ല്ലി,തിലെന്നോർക്കുമല്ലൊ * ധർമ്മജ്ഞർവിഷ്ണുപാദശ്രിതർസർവ്വജ്ഞന്മാർ
ണമേറിയോർ എവ്വണ്ണമഴലേകിട്ടുമധർമ്മപ്പോർ നടത്തിനാർ? * സുഖാ
രാമംബഹുഫലംസമാധിയെവെടിഞ്ഞുടൻ ഘോരയുദ്ധാനന്ദത്തിനാ
യാഗ്രഹിക്കില്ലമൂഢനും * യയാതിയാംനൃപൻപണ്ടുസ്വർഗ്ഗത്തിൽനിന്നു
ഭ്രഷ്ടനായ് അഹങ്കാരത്തിനാൽഭൂവിൽവീണതായ് കേട്ടിട്ടുണ്ടുഞാൻ *
യാഗവുംദാനവുംചെയ്തധർമ്മിഷ്ഠൻനൃപനാണേഞാൻ എന്നുച്ചരിച്ചുമാ
ത്രത്തിലിന്ദ്രൻതാഴ്ത്തിത്തള്ളിനാൻ * പോരുണ്ടാകില്ലഹങ്കാരമില്ലാഞ്ഞാ
ലതുനിശ്ചയം പുണ്യക്ഷയംവിട്ടപ്പോരിലാമുനിക്കെന്തുവാൻഫലം?.

വ്യാസൻപറഞ്ഞു.

ധർമ്മനിശ്ചയമാണുള്ളതു സർവ്വജ്ഞന്മാർമുനികൾനൃപ! മൂന്നുമട്ടാമഹ
ങ്കാരംചൊന്നാർസംസാരമൂലമായ് * ഉടലുള്ളോ[illegible]യെമട്ടുയോഗ്യനാ
മതുവിട്ടിടാൻ? കാര്യ്യംകാരണമില്ലാതെവിളങ്ങില്ലതുനിശ്ചയം * തപം,
ദാനം,യാഗമെല്ലാംസാത്വികത്താൽചെയ്തിട്ടും രാജസത്താലുമുണ്ടാകും;
കലഹംതാമസത്തിനാൽ * നല്ലതോചീത്തയോഭൂപ!പ്രവൃത്തിചെറു
തെങ്കിലും അഹങ്കാരംവിട്ടൊന്നുമുണ്ടാകില്ലൊരെടത്തുമേ * ബന്ധിപ്പ
വനഹങ്കാരത്തെക്കൊള്ളില്ലായ്മേൽവി പ്രപഞ്ചമതിനാൽസൃഷ്ടിച്ചതി
ല്ലാതാവതെങ്ങനെ? * അഹങ്കാരത്തോടൊന്നായ്ബ്രഹ്മവിഷ്ണുമഹേ
ശരും പിന്നെമററുള്ളമുനികൾക്കുള്ളവസ്ഥകഥിക്കണോ? * ജനിയും
മൃതിയുംവീണ്ടുമുണ്ടായകർമ്മതുല്യമായ് അഹങ്കാരംകൂടിയിട്ടീപ്രപഞ്ചം
തിരിയുന്നതേ * ഇസ്സംസാരത്തെവെടിയ്യുന്നരന്മാരുംസമാനൃപ! വണ്ടി
ച്ചക്രംപോലെയല്ലന്നെന്നോതുന്നറിവുള്ളവർ * വിസ്താരമാമിസ്സംസാര
ത്തിങ്കലോരോരോയോനിയിൽ വിഷ്ണുവിന്നവതാരത്തിൻസംഖ്യയേയുമ
റിഞ്ഞതാർ? * സാക്ഷാൽനാരായണൻവിഷ്ണു,മത്സ്യത്തിൻവടിവാണ്ടു
തേ കൂർമ്മം,വരാഹം,നരസിംഹവും,വടുവുമായവൻ * യുഗന്തോറുംവാ
സുദേവൻജഗന്നാഥൻജനാർദ്ദനൻ അസംഖ്യമവതാരങ്ങളെടുക്കുംകർമ്മ
ചോദിതൻ * ഏഴാമത്തേതായവൈവസ്വതമന്വന്തരത്തിലായ് ഹ
രിയാംഭഗവാൻചെയ്തോരവതാരങ്ങൾകേൾനൃപ! * ഭൃഗുവിൻശാപമാ

ണ്ടിട്ടദേവേശൻവിഷ്ണുവാംഹരി അനേകമവതാരങ്ങളെടുത്താനഖിലേശ്വരൻ.

രാജാവുപറഞ്ഞു.

സന്ദേഹമുണ്ടെൻമനസ്സിൽമഹാത്മാവേ!പിതാമഹ! ഭൃഗുവാൽ ഭഗവാൻവിഷ്ണുശപിക്കപ്പെട്ടതെന്തിനായ് * മഹിയാൾഭൃഗുവിന്നെന്താണപ്രിയംചെയ്തതുമുനേ! ശപിച്ചതെന്തുകോപത്താൽദേവേശൻവിഷ്ണുവെഭൃഗു?.

വ്യാസൻപറഞ്ഞു.

രാജാവേകേൾക്കചൊല്ലീടാംഭൃഗുവിൻശാപകാരണം കശ്യപന്റെസുതൻപണ്ടുതപൻ"കശിപു"വെന്നവൻ * വാഴുമ്പോൾദേവദൈത്യന്മാർയുദ്ധംചെയ്താർപരസ്പരം പോരാട്ടമ്പോൾജഗത്തെല്ലാം വ്യാകുലപ്പെട്ടുപോയ്നൃപ! * അവൻമരിച്ചു,പ്രഹ്ളാദൻരാജാവായിബ്ഭവിച്ചുടൻ പീഡിപ്പിച്ചാൻദേവകളെപ്രഹ്ളാദൻശത്രുനാശനൻ. പ്രഹ്ളാദനുംശക്രനുമായ്ഘോരമാംപോർതുടങ്ങിനാർ നൂറുവർഷംമുഴുവനത്യാശ്ചര്യംതോന്നിടുംപടി * നിലിമ്പരുഗ്രപ്പോർചെയ്താർപ്രഹ്ളാദൻതോറ്റുപോയുടൻ നിത്യധർമ്മമറിഞ്ഞിട്ടുമഹാവൈരാഗ്യമാണ്ടവൻ * രാജാവാക്കീട്ടു"ബലിയെ"വിരോചനതനൂജനെ തപസ്സുചെയ്വാൻപ്രാപിച്ചാൻഗന്ധമാദനപർവ്വതം * ശ്രീമാനാംബലിയുംരാജ്യമാണ്ടാൻദേവവിരോധിയായ് പരസ്പരംയുദ്ധമുണ്ടായ്പിന്നെയുംബഹുഘോരമായ് * ഇന്ദ്രനുംവിഷ്ണുവുംകൂടിസ്സഹായിച്ചതുമൂലമായ് ദേവന്മാർദൈത്യരെരാജ്യത്തിൽനിന്നോടിച്ചുപിന്നെയും * തോറ്റിട്ടുശരണംപ്രാപിച്ചീടിനാർദൈത്യർശുക്രനെ ഞങ്ങൾക്കെന്തുതുണസ്സത്തമമുനേ! മഹിമയുള്ളനീ * മന്ത്രവിചാരനാമങ്ങൾക്കുസഹായിക്കാതിരിക്കിലോ ഇവിടെപ്പാർക്കുവാൻമേലാപാതാളത്തിന്നുപോയിടാം.

വ്യാസൻപറഞ്ഞു.

ഏവഞ്ചൊല്ലുംദാനവരോടോതിശുക്രൻകൃപാനിധി ഭയംവേണ്ടാ ഇരിക്കാംഞാൻമന്ത്രൌഷധികളാൽദൃഢം * ബ്രഹ്മതേജസ്സുകൊണ്ടുംസാഹായ്യംനിങ്ങൾക്കുചെയ്തിടാം ദുഃഖംവിട്ടുസാഹമോടുവാണാലുംനിങ്ങൾ ദൈത്യരേ! *

വ്യാസൻപറഞ്ഞു.

അവർശുക്രാശ്രയംമൂലംഭയമററവരായിതേ ദേവന്മാർകേട്ടുവൃത്താന്തമെല്ലാം ചാരരെക്കൊണ്ടതാൽ * വിണ്ണോരുമിന്ദ്രനാംതമ്മിലുംലോ

ചനതുടങ്ങിനാർ ശുക്രമന്ത്രബലംമൂലംസ്ഥാനഭ്രംശംവന്നസുരവർ * ചെ
യ്യുംമുൻപേപോരിനായിപ്പോകാൻതിച്ചപ്പെട്ടതിനാർ ശേഷിച്ചോ
രെബലാൽവെന്തപാതാളത്തിങ്കലാക്കണം * എന്നോർത്തായുധവുംതാ
ങ്ങിപ്രാപിച്ചാരവർദൈത്യാര വിണ്ണോരിന്ദ്രാജ്ഞയാൽവിഷ്ണുവോടും
ദൈത്യരൊടേറ്റുടൻ * പ്രഹരിച്ചാരസുരന്മാർഭയവിഹ്വലരായിതേ ര
ക്ഷിച്ചീടണമെന്നോതിശുക്രനെയാശ്രയിച്ചവർ * ദേവപീഡിതരായ്
കണ്ടുശുക്രതരാംദൈത്യരെമുനി മന്ത്രൌഷധബലംകൊണ്ടുഭയംവേണ്ടെ
ന്നചൊല്ലിനാൻ * ശുക്രനെക്കണ്ടുദേവന്മാരവരെവിട്ടുപോയുടൻ.

ശ്രീമദ്ദേവീഭാഗവതം നാലാംസ്കന്ധം

ശുക്രശാപപ്രകരണം

പത്താമദ്ധ്യായം.

പതിനൊന്നാമദ്ധ്യായം

വ്യാസൻപറഞ്ഞു.

വിണ്ണോരങ്ങനെപോയപ്പോൾശുക്രൻദൈത്യരോടോതിനാൻ
ദൈത്യരേ!കേൾക്കുവിൻനിങ്ങൾപണ്ടുബ്രഹ്മാവുരച്ചത് * ദൈത്യനാ
ശേജ്ഞാശത്രുകൻവധിക്കുംദൈത്യരേഹരി കൊന്നാൻഹിരണ്യാക്ഷനേ
യുംവരാഹവപുവായവൻ * നൃസിംഹത്താൽനിഹതനായ്മഹാൻകശി
പുവെന്നവൻ പ്രയത്നംചെയ്തുപ്രകാരംകൊല്ലുമെല്ലാരെയുംഹരി * എൻ
മന്ത്രബലമൊട്ടുഫലിക്കുന്നില്ലവിഷ്ണുവിൽ അമ്മട്ടെൻരക്ഷയാൽനി
ങ്ങൾജയിക്കുന്നില്ലവിണ്ണോരെ! * അതുകൊണ്ടുകുറേക്കാലംനിങ്ങളെല്ലാം
ക്ഷമിക്കുവിൻ മന്ത്രത്തിന്നിന്നുപോകുന്നുഞാൻമഹാദേവസന്നിധൌ *
മഹേശനിൽനിന്നുമന്ത്രംഗ്രഹിച്ചെത്തുംക്ഷണേനഞാൻ ശരിയായതു
നിങ്ങൾക്കുതന്നീടാംദൈത്യവര്യരേ!

ദൈത്യന്മാർപറഞ്ഞു.

തോററവർബലരാംഞങ്ങളുത്രകാലവുമെങ്ങനെ? ഭൂമിയിൽസ്ഥി
തിചെയ്യാനായ് ശക്തരാകുംമുനീശ്വര! * മരിച്ചാർശക്തരെല്ലാരും
ശേഷിച്ചുചിലരാണവർ ഞങ്ങളിന്നുപോരിങ്കലേറ്റുനിൽപാനശ
ക്തർതാൻ.

ശുക്രൻപറഞ്ഞു.

ശിവങ്കൽനിന്നു മന്ത്രാർത്ഥമായെന്നു ഞാനിവിടെത്തുമേ? അന്നോ-
ളം പോയി തപം ചെയ്യിൻ ശമത്തോടെ മുനിവേഷം പൂണ്ടു സാമദാനാദികൾ
ചൊന്നാർ വിദ്വാന്മാർ കാലതുല്യമായ് ദേശകാലബലം പാർത്തു സാഹ-
ശക്തിയെടുക്കണം. ചിലപ്പോൾ ശത്രുവെ സേവിപ്പാൻ ചെയ്യണം ശത്രുസേ-
വയും ശക്തിവർദ്ധിച്ച കാലത്തിൽ കൊല്ലണം ബുധരായുള്ളവർ. ദൈത്യാജ്ഞമാ-
യിട്ടിരിക്കിലും ശാന്തരായ് വിനയത്തോടും ഞാൻ വരുംവരെയും നിങ്ങൾ ത-
പനത്തിങ്കൽ വാഴുവിൻ. ശിവങ്കൽനിന്നു മന്ത്രം ഞാൻ ഗ്രഹിച്ചു കൊ-
ണ്ടുവന്നിടാം നിങ്ങൾ വീണ്ടും പോർ ചെയ്യാം പിന്നെ മന്ത്രബലത്തിനാൽ.
ദൈത്യരോടോതിയീവണ്ണം പോയ് ശുക്രൻ നിശ്ചയത്തോടും മന്ത്ര-
ത്തിന്നായ് മഹാദേവസേവ ചെയ്യാൻ മുനീശ്വരൻ. ദേവന്മാർക്കായ
[illegible] സത്യമുള്ളവൻ പ്രഹ്ലാദനെ ച്ചൊല്ലിവിട്ടാനസു-
രർ [illegible]. വന്നാരവർ [illegible] പ്രഹ്ലാദൻ ദേവന്മാരോടു ചൊ-
ല്ലിനാൻ അസുരന്മാരാം [illegible] തപസ്സിനെ: 'പോരിന്നു
സാഹമില്ലാത്തിട്ടായുധം വെടിഞ്ഞെല്ലാം തപം ചെയ്യുന്നതിന്നുള്ളം വ-
ച്ചു [illegible]!' പ്രഹ്ലാദൻ തൻവാക്കു കേട്ടു സത്യമാണെന്നറി-
ഞ്ഞു ദേവന്മാർ [illegible] പോയിതേ. അ-
ദ്ധ്യം [illegible] ദൈത്യർ വിശ്വാസത്തോടു ദേവകൾ സ്വഗൃഹങ്ങളിലെ-
ത്തി വാണാർ ക്രീഡിച്ചു സൌഖ്യമായ്. ദൈത്യന്മാർ കപടം പൂണ്ടു ത-
പം ചെയ്യുന്ന താപസർ ശുക്രന്റെ വരവും നോക്കിപ്പാർത്താരാശ്രമപാത്ര-
മേ. കൈലാസത്തിൽ ചെന്നു ശുക്രൻ പ്രണമിച്ചാൻ ഗിരീശനെ. ഹര-
നാൽ കാര്യമെന്തെന്നു ചോദിക്കപ്പെട്ടു ചൊല്ലിനാൻ: 'ബൃഹസ്പതിയറി-
യാത്ത മന്ത്രമിപ്പോളിച്ഛിച്ചിടുന്നു ഞാൻ [illegible] ദേവകൾ ദൈത്യർ ജയി-
ക്കാനാം മഹേശ്വര!'.

വ്യാസൻപറഞ്ഞു.

അവന്റെയാവാക്കു കേട്ടു സർവ്വജ്ഞൻ ശങ്കരൻ ശിവൻ ഇനിയെന്താ-
ണു ചെയ്യേണ്ടതെന്നും താനാൽ നിനച്ചതേ. സുരദ്രോഹത്തിനായ് മന്ത്ര-
ത്തിന്നു വന്നിവനേറ്റിവൻ ശുക്രൻ ദൈത്യർക്കുള്ള [illegible] വിജയത്തി-
നായ്. പാലിക്കണം ദേവകളെ ഞാനെന്നോർത്തിട്ടു ശങ്കരൻ അവനോടു
പദേശിച്ചാനസാദ്ധ്യം കഠിനവ്രതം. തലകീഴായ് നിന്നു കണധൂമമായി
ട്ടൊരാണ്ടുനീ പാനം ചെയ്താൽ ക്ഷേമമുണ്ടാം ലഭിക്കാം മന്ത്രവും തവ. ഇതു
കേട്ടു മുനിയും നമിച്ചിട്ടു മഹേശനെ വ്രതം കല്പിച്ചുപോൽ നോല്ക്കാമെ-
ന്നുള്ളൊരാഗ്രഹത്തൊടും.

വ്യാസൻപറഞ്ഞു.

ഹരനോടിതുചൊല്ലീട്ടാചരിച്ചാനന്തതമംവ്രതം മന്ത്രത്തിന്നായ് ധൂമപാനംചെയ്യുറപ്പോടുശാന്തനായ് * ദേവന്മാരതറിഞ്ഞിട്ടാശ്ശുക്രൻറവ്രതനിഷ്ഠയും ദാനവൻതൻകപടവും,ക്രിച്ചിതുടങ്ങിനാർ * എല്ലാവരുംകൂടിയൊന്നായ്യുദ്ധത്തിന്നായൊരുങ്ങിനാർ ആയുധത്തോടുചെന്നാരാദൈത്യർവാഴുന്നദിക്കിന്നായ് * വട്ടയിട്ടായുധംപൂണ്ടുവന്നനില്പുംനിലിനവരെ ചുററിലുംകണ്ടുദൈത്യന്മാർഭയപീഡിതരായിതേ * സന്നദ്ധരാംദേവകളെക്കണ്ടപ്പോളെഴുന്നീററവർ ബദ്ധക്രുദ്ധന്മാരരോടീസ്തുത്യമൊഴിചൊല്ലിനാർ: * 'അനായുധാൻ,ഭയപ്പെട്ടോ,നാചാര്യൻ, വ്രതനിഷ്ഠനും പോരിനാകാ,വന്നതെന്താണഭയംപെടുന്നൾകിയും * നിങ്ങൾക്കസത്യവുംവേദധർമ്മവുംപോയതെന്തുവാൻ ആശ്രയിച്ചോരസ്സുഹീനർഭയന്നോരുമവധ്യർതാൻ.'

ദേവന്മാർപറഞ്ഞു.

വ്യാജമായിട്ടയച്ചില്ലേമന്ത്രത്തിന്നശ്ശുക്രനെ അറിഞ്ഞിതപവുംഞങ്ങൾ,യുദ്ധത്തിന്നശക്തന്മാകയാൽ * ആയുധത്തോടുയുദ്ധത്തിന്നൊരുങ്ങിക്കാർക്കനിങ്ങളും താഞ്ഞതിലരിയെക്കൊല്ലാമെന്നാണാനിത്യധർമ്മവും.

വ്യാസൻപറഞ്ഞു.

ആവാക്കുകേട്ടദൈത്യന്മാരാലോചിച്ചുപരസ്പരം ഓടിപ്പോയവരെല്ലാരുംഭയമൊട്ടേറെപൂണ്ടയാൽ * ശുക്രമാതാവിനെച്ചെന്നുഭയത്തോടാശ്രയിച്ചവർ രക്ഷിക്കമവരെക്കാവിട്ടഭയംനൽകിനാളവൾ.

കാവ്യമാതാവുപറഞ്ഞു.

ഭയംവേണ്ടാഭയംവേണ്ടാഭയംതെല്ലുവേർപെടുന്നുവിൻ എൻപാൎത്തുള്ളൊവൻതന്നെബ്ബയംബാധിക്കവല്ലുതാൻ * ആവാക്കുകേട്ടദൈത്യന്മാർവസിച്ചാരാശ്രമത്തിലായ് ആയുധംവെച്ചുസംഭ്രാന്തരായിട്ടാതെലെന്നിയേ * ദൈത്യരോടിയതുംകണ്ടുദേവന്മാർപിന്നിലോടിനാർ ബലാബലംനിനയ്ക്കാതെബലാൽച്ചെന്നിതിട്ടതു * കാവ്യമാതാ,തടഞ്ഞിട്ടുമാശ്രമസ്ഥിതദൈത്യരെ കൊല്ലുവാനതിസാഹസമോടുംപ്രഹരിച്ചോട്ടുദേവകൾ * പീഡിപ്പിക്കുന്നതുംകണ്ടുചൊല്ലിനാൾഭീതിയോടവൾ തപോബലംകൊണ്ടുരക്ഷിക്കാനെന്നാണിവിത്തുനെന്താൻദ്രഢം * എന്നോതിനിദ്രയെവിട്ടാളതങ്ങവരെയങ്ങുതേ ഇന്ദ്രാദികൾനിദ്രപൂണ്ടുമൂകന്മാരൊടുതുല്യരായ് * നിദ്രയിൽനിന്നാശുവൾക്കോനേകണ്ടോതിനാൻഹരി

പ്രവേശിക്കപോലിദമന്നില്‍,ക്ഷേമമാം,കൊണ്ടുപോയിടാം * ഇതോർത്ത
വേഴിപ്പുവിതൻപ്രവേശിച്ചുപുരന്ദരൻ ഭയവുംനിദ്രയുംപോയീഹരിര
ക്ഷിക്കമൂലമായ് * ഹരിരക്ഷിച്ചുഴൽപോയയോരിന്ദ്രനെക്കാണ്മൂലമായ്
ശുക്രമാതാവുകോപിച്ചിട്ടീവണ്ണംമൊഴിചൊല്ലിനാൾ: * 'ദേവന്മാർകാ
ണ്കേവിപ്പുപോട്ടുംനിന്നെപ്പുരന്ദര! തപോബലത്താൽഭക്ഷിക്കമെൻ
തപസ്സുകതീയിങ്ങനെ'.

വ്യാസൻപറഞ്ഞു.

എന്നവൾചൊല്ലവേദേവശ്രേഷ്ഠന്മാർഹരിശക്രരും അവമാനി
തരായ് സ്തംഭിച്ചവൾതൻയോഗവിദ്യയാൽ * അതിപീഡിതരായുള്ളോ
രവരെക്കണ്ടുദേവകൾ വിസ്മയിച്ചുഴലോകഷാണ്ടുകചൊല്ലാർകിലികിലാര
വം * വിളിക്കുട്ടംവിഷ്ണുവെക്കണ്ടിന്ദ്രൻവിഷ്ണുവോടോതിനാൻ ഞാന
ങ്കൾക്കിൾംതന്ദ്രവായ് തീർന്നിപ്പോൾമധുസൂദന! * നാംഭക്ഷിക്കുന്നതിൻ
മുൻപേതപസ്സാൽഗർവ്വമേറിടും ഇവളസ്തുവേകൊല്ലണംനീവിചാരംവേ
ണ്ടതിൽപ്രഭോ! * പ്രസിദ്ധനിന്ദ്രനീവണ്ണംചൊല്ലിട്ടഥ ഭഗവാൻഹരി
ചക്രത്തെയോർത്തുവേഗത്തിൽഭയമേവിട്ടമാധവൻ * ഹരിക്കധീനമാം
ചക്രമോർത്തപ്പോൾതന്നെവന്നതേ കയ്യിൽകോപിച്ചുടനിന്ദ്രനർഥി
ച്ചിട്ടുവധിക്കുവാൻ * അച്ചക്രംകൊണ്ടവൾക്കുള്ള ശിരസ്സപ്പോൾമുറിച്ചു
വൻ അവൾമരിച്ചതുകണ്ടുമോദിച്ചാനന്ദനിന്ദ്രനും * ജയിച്ചാലുംജ
യിച്ചാലുമെന്നുദേവകൾവിഷ്ണുവേ മോദിച്ചുവാഴ്ത്തി,യെല്ലാരുംതുഷ്ടരായ്
ദുഃഖശാന്തിയാൽ * ഇന്ദ്രനുംവിഷ്ണുവുംകൂടൻദുഃഖിച്ചാർസ്ത്രീവധത്തിനാൽ
ഭീതിക്കാനന്തരായുള്ള ശുക്രശാപത്തെയോർക്കയാൽ.

ശ്രീദേവീഭാഗവതം നാലാംസ്കന്ധം

ശുക്രജനനീവധം.

പതിനൊന്നാമദ്ധ്യായം.

———— :o: ————

പന്ത്രണ്ടാമദ്ധ്യായം.

വ്യാസൻപറഞ്ഞു.

അഘോരമാംവധംകണ്ടുകോപിച്ചാൻഭഗവാൻഭൃഗു ഏറെദുഃഖി
ച്ചുവിറയലോടുംവിഷ്ണുവോടോതിനാൻ.

ഭൃഗു പറഞ്ഞു.

അകാൎയ്യത്തെച്ചെയ്തുവല്ലോ! പാപശങ്കയറിയുന്ന നീ ബ്രാഹ്മണസ്ത്രീവധം ചിത്തംകൊണ്ടുമോൎക്കാവതോ ഹരേ? * നീ സത്വഗുണവാൻ, ബ്രഹ്മാ, രജോഗുണമൊടൊത്തവൻ ശിവൻ താമസനെന്നോൎത്തുമേറിച്ചെറ്റുമെവിശവാൻ? * എറ്റവും നീ താമസനായ് ചെയ്തീക്കിന്ദിതമാം തൊഴിൽ അവദ്ധ്യയാം നാരിയേ നീ കററംവില്ലെന്നു കൊന്നതും? * ശചിക്കംദ്വേഷനാം നിന്നെ വേറെയെന്തൊന്നു ചെയ്വുഞാൻ ഇന്ദ്രനുവേണ്ടിപ്പാപൻ നീ വാക്കിയെന്നെയരാൎത്തനായ് * ശപിക്കുന്നില്ലിന്ദ്രനേ ഞാൻ വിഷ്ണോ! നിന്നെശ്ശപിച്ചിടും ദുർബുദ്ധി നീ കൃഷ്ണസൎപ്പംപോലുള്ളോൻ ചതിയൻ സദാ * നിന്നെസ്സാത്വികനെന്നോൎത്തു മുനിമാർമൂഢർ താനെടോ ദുഷ്ടൻ നീ താമസൻ തന്നെ പ്രത്യക്ഷപ്പെട്ടു കേശവ! * എൻ ശാപത്താൽ നിനക്കുണ്ടാമവതാരങ്ങൾ ഭൂമിയിൽ പ്രായേണ ഗൎഭദുഃഖം തേ പാപത്താൽ സംഭവിച്ചിടും * അച്ശാപത്താൽ ധൎമ്മനാശം വരുമ്പോൾ പല കാലവും ലോകത്തിന്റെ ഹിതത്തിന്നായ് ജനിച്ചീടുന്നു ഭൂമിയിൽ.

[illegible] പറഞ്ഞു.

തേജസ്വിയുമ്പർക്കോൻമൂലം ദ്ദുഷ്പ്രതിമരിക്കവേ ഗാൎഹസ്ഥ്യം പിന്നെയെമ്മട്ടാമഹാത്മാവിന്നു വന്നതും.

വ്യാസൻ പറഞ്ഞു.

ഈവണ്ണം വിഷ്ണുവേക്കോപാൽ ശപിച്ചുബ്ഭാൎയ്യതൻ തല എടുത്തു ചേൎത്തിട്ടുടലാൽ, ചൊന്നാൻ കാൎയ്യജ്ഞനാം ഭൃഗു * ധൎമ്മമെല്ലാം ഞാനറിഞ്ഞിട്ടാചരിക്കുന്നുവെങ്കിലോ? ഹരിയാൽ ഹതയാം നിന്നെ ജ്ജീവിപ്പിക്കുന്നു ഞാനിതാ * ഞാൻ സത്യം ചൊല്ലുവോനെന്നാൽ ജീവിക്ക മതിശാലിവരം എൻ വൻ തേജോബലം കണ്ടീടട്ടേ ദേവകളൊക്കയും * സത്യം, ശൌചം, തപശ്ശക്തി, വേദവും, മേവ ചിക്കകിൽ ജീവിപ്പിക്കാം ശീതജലം തളിച്ചെൻ വൻ തപസ്സിനാൽ.

വ്യാസൻ പറഞ്ഞു.

വെള്ളം തളിച്ചുടനെയബ്ഭാൎയ്യ മന്ദസ്മിതത്തോടും പരമപ്രീതയായ് ജീവിച്ചെഴുന്നേററു സുപ്പോത്തമ! * ഉറങ്ങിയെഴുന്നേററോണമവളെക്കണ്ടു സൎവ്വരും മുനിയോടവളെ നന്നന്നെന്നെങ്ങും പുകഴ്ത്തിനാർ * ഭൃഗുവാൽ ജീവനേകപ്പെട്ടിമ്മട്ടാവരവൎണ്ണിനി വിഷ്ണുവെന്നൊമിന്ദ്രൻ കണ്ടു വിസ്മയിച്ചുവതേററവും * ഇന്ദ്രൻ ദേവകളോടോതി ജീവിപ്പിച്ചിതവളെ മുനി വൻ തപംകൊണ്ടു മന്ത്രജ്ഞനിനിയെന്തൊന്നു ചെയ്യുമോ.

വ്യാസൻ പറഞ്ഞു.

നിദ്രപോയിന്ദ്രൻ ഗേഹംവിട്ടങ്ങായിക്ഷണമെന്നിയേ ശുക്രൻമന്ത്രത്തിനായ് ചെയ്യുംവൻവ്രതംകൊണ്ടുഖേദിയായ് ॥ ഓർത്തിട്ടിന്ദ്രനാടൻതന്റെമകൾസുന്ദരിയായവൾ ജയന്തിയെന്നവളോടായ് ചിരിച്ചുകൊണ്ടിതോതിനാൻ: ॥ 'പോകപുത്രി! തപസ്സുള്ള ശുക്രനായ് നൽകിനിന്നെ ഞാൻ ശുശ്രൂഷിച്ചുവശത്താക്കുകെനിക്കായ് മുനിയെസ്സുതേ! ॥ മനസ്സിന്നിഷ്ടമാമോരോരുപചാരങ്ങൾകൊണ്ടുനീ ആശ്രമത്തിൽപോയവനെയാരാധിച്ചാറ്റുകെൻഭയം ॥ അവളപ്പൻചൊല്ലുകേട്ടുപോയാളായാശ്രമത്തിലായ് ധൂമപാനംചെയ്തുവാഴുംശുക്രനെക്കണ്ടുസുന്ദരി ॥ അവന്റെദേഹംകണ്ടപ്പൻവാക്കുമോർത്താവരാനനാ വാഴതന്നിലകയ്യോണ്ടുവീശിയാമുനിയെയുടൻ ॥ തണുപ്പംമണവുംചേർന്നുഘനമില്ലാത്തനൽജലം കൊണ്ടുവന്നുകുടിക്കാനായ്ക്കൊടുത്താളതിഭക്തിയായ് ॥ സൂര്യൻനേരെവരുന്നേരംവസ്ത്രമാംകുടയാൽനിഴൽ മറച്ചാൾതന്റെധർമ്മത്തിൽവാണിടുന്നകൃശാംഗിയാൾ ॥ പാകമായ്മധുരംചേരുംനൽഫലങ്ങളെടുത്തവൾ ഭക്ഷിക്കാനായാമുനിക്കുമുമ്പിൽകൊണ്ടന്നുവെച്ചിനാൾ ॥ ചോരൻനീളം,കിളിപോൽപച്ചനിറമാംനല്ലദർഭകൾ പൂക്കളുംനിത്യകർമ്മത്തിന്നായ്മുമ്പിൽപ്പരത്തിനിന്നവൾ ॥ ഉണ്ടാകിന്നോരുറങ്ങാനായ്തളിർകൊണ്ടാക്കിമെത്തയെ മന്ദമായ്ശുക്രനെവീശിനിന്നാളാദരവോടുടൻ ॥ വികാരങ്ങളെയുണ്ടാക്കുംഭാവഭേദങ്ങളൊന്നുമേ മുനിശാപഭയാലൊട്ടുമില്ലാഞ്ഞുജയന്തിയും ॥ മഹാത്മാവാമാമുനിക്ക്പ്രീതിയായനുകൂലമായ് നല്ലവാക്കുകളാലേറ്റംസ്തുതിച്ചാളാസ്സുഭാഷിണി ॥ ഉറക്കിലെഴുന്നീറ്റാചമിക്കാൻജലമേകിടും സമാധിനിഷ്ഠനിത്യംപോൽചെയ്യുവാനവിടാസ്സുരി ॥ ജിതാത്മാവാമാമുനിതൻവൃത്താന്തത്തെധരിക്കുവാൻ ദുഃഖമൂലംചൊല്ലിവിട്ടുദേവേന്ദ്രൻചാരന്മാരെയും ॥ ഇതുവണ്ണംവളരെക്കാലംശുശ്രൂഷിച്ചവസിച്ചവൾ കോപംവികാരവുംവിട്ടുബ്രഹ്മചര്യവ്രതത്തോടും ॥ ആയിരംവർഷമങ്ങനെപ്പോയ്പ്പോൾസന്തോഷിച്ചുമഹേശ്വരൻ വരംതരാമെന്നുചൊന്നാൻശുക്രനോടായ്പരൻമുദാ.

ഈശ്വരൻ പറഞ്ഞു.

എന്തെല്ലാമുണ്ടുലോകത്തിൽകാര്യമെന്നതൊക്കയുംഭവാൻ ഏതൊന്നവാച്യമെന്നവർമ്മതെല്ലാംനിജമിച്ചിടും ॥ ആചാര്യനാംസർവ്വഭൂതങ്ങൾക്കുംനിസ്സംശയംഭവാൻ പ്രജേശനായുംതീർന്നിടുമിന്നുനിർണ്ണയം!

വ്യാസൻപറഞ്ഞു.

ഏവംവരങ്ങളേകിമാഞ്ഞാനവിടെശ്ശിവൻ ജയന്തിയെക്കണ്ടു പിന്നെശ്ശുക്രനീവാക്യമോതിനാൻ: * 'നീയാരാർക്കുമകൾബാലേ!ചൊല്ലേണമെന്നോടിന്നെൻറകാംക്ഷയും എന്തിനായ്വന്നിവിടെനീകാൎയ്യംചൊല്ലുക സുന്ദരി! * എന്താശയമുള്ളിലുള്ളതായാലുംചെയ്യുന്നിതഞാൻ നിൻകൃത്യത്താൽതുഷ്ടനായേൻസത്യംതേ!ചേൽക്കണ്ണിവരം * ഓതിനാൾമുനിയോടപ്പോൾപ്രസന്നമുഖിയായവൾ എന്നാഗ്രഹംതപംകൊണ്ടിട്ടറിവാൻവിഭോതൻമേവാൻ'.

ശുക്രൻപറഞ്ഞു.

ഞാനറികഞ്ഞെങ്കിലുംനീയുംചൊല്ലുനിന്നാഗ്രഹത്തിനെ എന്നായാലുംക്ഷമമുണ്ടാംപ്രീതൻശുശ്രൂഷകൊണ്ടുഞാൻ.

ജയന്തിപറഞ്ഞു.

ഇന്ദ്രൻറപുത്രിഞാനെന്നെത്താതങ്കൊടുത്ത്നൾകിയച്ഛനും ജയന്തിയെന്നാണെൻനാമംജയന്തനനുജത്തിഞാൻ * ഞാനങ്ങയെയാഗ്രഹിക്കുന്നാളെനിക്കുംസാധ്യമാക്കുക നിന്നോടൊത്തുരമിച്ചീടാംധൎമ്മമായ് പ്രീതിയോടുഞാൻ.

ശുക്രൻപറഞ്ഞു.

എടോ!സുന്ദരി!എന്നോടുചേർന്നിപ്പത്തുവത്സരം ആരുംകാണാതെമട്ടായ്നിന്നിഷ്ടംപോലെരമിക്കുക.

വ്യാസൻപറഞ്ഞു.

ഇതോതിയവൾതൻപാണിഗ്രഹണംചെയ്തശുക്രനവളോടുംഗൃഹംപുക്കുവസിച്ചാൻപത്തുവത്സരം * മായകൊണ്ടുമറച്ചാരുംകാണാതവിധമാവിള ക്രതാൎത്ഥനായ്മന്ത്രമോടവനൊന്നായ്ക്കേട്ടമൈത്ര്യതം * ഗൃഹത്തിലവനെക്കാണ്മാൻസന്തോഷത്തോടുചെന്നതേ ജയന്തിയോടുംക്രീഡിക്കുംമുനിയെക്കണ്ടതില്ലവർ * ഉത്സാഹംപോയ്ദുഃഖമാണ്ടുചിന്താക്രാന്തരുമായുടൻ മായമൂടിട്ടവനെനോക്കിയുംപലവട്ടവും * കാണാഞ്ഞിട്ടുവിചാരത്താൽഭയപീഡിതരായുമേ വന്നോണം സ്വഗൃഹങ്ങൾക്കുപോയാരാദാനവോത്തമർ * രമിക്കുന്നതറിഞ്ഞേന്ദ്രൻ,മഹാത്മാവായതൻഗുരു ബൃഹസ്പതിയോടായ്ചോദിച്ചെന്തുചെയ്യേണ്ടുനാമിനി * ഇന്ദ്രനീചെന്നാസുരരെമോഹിപ്പിച്ചിട്ടമായയാൽ ബുദ്ധികൊണ്ടൊത്തതങ്ങൾക്കുകാൎയ്യസാദ്ധ്യംവരുത്തണം * ആവാക്കുകേട്ടു,മറച്ചായ്ശുക്രൻക്രീഡിച്ചിടുന്നതും അറിഞ്ഞുശുക്ര

വേഷത്തിൽ പ്രാപിച്ചസുരരെല്ലാം ॥ അവിടെപ്പോയസുരരേവിളി
ച്ചാനന്ദിതനായി അസുരന്മാരൊക്കെവന്നുകണ്ടുശുക്രനെമുൻപി
ലായ് ॥ നമിച്ചുനിന്നാരെല്ലാരുംശുക്രനന്നോത്തമോദമായ് അറി
ഞ്ഞില്ലാശുക്രവേഷംപൂണ്ടൊരഗ്ഗുരുമായയെ ॥ മായയാൽശുക്രനാംവ്യാ
ജമവരോടോതിയിങ്ങനേ: 'എൻശിഷ്യരെ! ക്ഷേമമല്ലേ? വന്നേൻനി
ങ്ങൾഹിതത്തിനായ് ॥ യഥാർത്ഥമായ്ധരിപ്പിക്കാംഞാൻപഠിച്ചോരു
വിദ്യയെ നിങ്ങൾക്കുമംഗളത്തിനായ്തോഷിച്ചീശൻതപസ്സിനാൽ' ॥
ആശ്ചര്യംകേട്ടസുരശ്രേഷ്ഠരധികംമോദമാണുടൻ കാര്യംസാധിച്ചുവെ
ന്നു,റിയാതെപുകഴ്ത്തിനാർ ॥ അഴലുംശങ്കയുംവിട്ടുമോദത്തോടുനമിച്ചു
വർ വിശ്വാസമേറിയില്ലാതെവസിച്ചാർനിരുപദ്രവം ॥

ശ്രീദേവീഭാഗവതം നാലാംസ്കന്ധം.

പന്ത്രണ്ടാമദ്ധ്യായം.

—:o:—

പതിമൂന്നാമദ്ധ്യായം.

എന്നുചെയ്താൻശുക്രവേഷംപൂണ്ടോൻ ഗുരുവനന്തരം ധീമാൻ
ദൈത്യർക്കുപതിവായ്പൌരോഹിത്യംവഹിച്ചവൻ ॥ അംഗിരസ്സിൻ
സുതൻവിദ്വാൻദേവന്മാർക്കുസദാഗുരു വ്യാജംചെയ്താൻപുറപ്പെട്ടതെ
ന്തിന്നുമുനിയായവൻ? ॥ ധർമ്മശാസ്ത്രങ്ങളിൽചൊല്ലുംമുനിമാർ,ധർമ്മ
വേത്തുവായ് സത്യമെന്നതിനാൽകിട്ടുംപരമാത്മാവുകൂടിയും ॥ ബൃഹ
സ്പതിയുമീവണ്ണംദൈത്യർക്കായ്കളവോതുകിൽ സംസാരത്തിൽസത്യ
മോതുംഗൃഹസ്ഥൻപിന്നെയാരുതാൻ? ॥ ഇല്ലാഹാരത്തിലധികംബ്ര
ഹ്മാണ്ഡംപെയ്യുവൂന്നം അതിന്നീമുനിമാർവ്യാജംപ്രവൃത്തിക്കുന്നതെ
ന്തിനായ്? ॥ വിശിഷ്ടരില്ലെങ്കിൽനാശംപ്രാപിക്കില്ലേപ്രമാണവും? വ്യാ
ജംചെയ്താൽയോഗ്യനാവതെങ്ങനെയാണീബൃഹസ്പതി? ॥ വിദ്വാന്മാർസത്വ
ത്തിൽനിന്നുണ്ടായ് നരന്മാർരാജസത്തിലും തിര്യക്കുകൾതാമസത്തിലാ
ണെന്നാർമുനീശ്വരർ ॥ പ്രത്യക്ഷമായ്സുരന്മാർതൻഗുരുവുംകളവോ
തുകിൽ രാജസൻതാമസനുമാമോതാൻനേരുള്ളവൻ? ॥ എവിടെ
സ്ഥിതിയധർമ്മത്തിന്നെന്നാണെൻസംശയം ത്രൈലോക്യവുംവ്യാജ

മായാൽജന്തുക്കൾക്കെന്തുവാൻഗതി! ● ഇന്ദ്രൻബ്രഹ്മാവിഷ്ണുവാമാദ്യന്മാ
രാംദേവസത്തമർ   എല്ലാരുംചതിവിൽപ്പെട്ടർ നരർതൻകഥയെന്ത
ഹോ? ● കാമക്രോധാദിസന്തപ്തരാശയാൽനഷ്ടബുദ്ധികൾ കള്ളന്മാർ
വിണ്ണരെല്ലാരുംതപോധനമുനീന്ദ്രരും ● വിശ്വാമിത്രൻ,വാമദേവൻ,വ
സിഷ്ഠൻ,വ്യാഴ,മങ്ങനെ   ഇവരുംപാപനിഘ്നന്മാർധർമ്മത്തിൻഗതിയെ
ന്തിതിൽ? ● പരസ്ത്രീലോലരാണിന്ദ്ര,നഗ്നി,ചന്ദ്രൻ,വിരിഞ്ചനും   മുനേ!
മർത്ത്യലോകത്തിലെവിടത്തുരചെയ്യുക ● ലോഭോപഹതരായ്ത്തീർന്നാൽ
ദേവന്മാരുംമുനീന്ദ്രരും   എവർവാക്യോപദേശത്തിനായെടുക്കേണ്ടുമാനദ.

വ്യാസൻപറഞ്ഞു.

വിഷ്ണുവെന്നെന്തുശിവനുംബ്രഹ്മാവുംവ്യാഴമിന്ദ്രനും ദേഹമുള്ളോർ
വികാരങ്ങളോടുചേർന്നേവിച്ചിട്ടു ● ബ്രഹ്മാവും,വിഷ്ണുവും,രുദ്രൻതാനും,
രാഗത്തോടൊത്തവർ   രാഗമുള്ളോരകൃത്യത്തെച്ചെയ്യയില്ലേനരാധി
പ! ● ധൂർത്തുമുഖംരാഗിയെയുംകാണാംജനകനൊപ്പമായ് സങ്കടത്തിൽ
മുങ്ങുന്നോർ ബന്ധിക്കുമേവനേയുമേ● കാരണംകൂടാതെകാര്യമുണ്ടായിട്ടു
ന്നതെങ്ങനെ? ബ്രഹ്മാവുമുതലെല്ലാർക്കുംഗുണങ്ങൾതന്നെകാരണം ● ഇ
രുപത്തഞ്ചുതത്വങ്ങളിൽനിന്നാണവർദേഹവും   മരിച്ചല്ല,മരിച്ചീടും
കാലത്തിൽശങ്കവേണ്ടിവർ● അന്യന്മാർക്കുപദേശിപ്പാൻയോഗ്യരാണേ
റമേവരും തങ്ങൾക്കില്ലാത്തകാര്യത്തിൽമോഹമുംവരാനൃപ!● കാമ
ക്രോധ,മഹങ്കാരം ലോഭം,മത്സര,മെന്നതും   ഉപേക്ഷിക്കാൻദേഹമു
ള്ളോനെവൻതാൻശക്തനായിടും● എന്നുംസംസാരമീമട്ടെന്നോർക്കുക
നൃപസത്തമ! അല്ലെങ്കിൽഗുണദോഷങ്ങൾചേർന്നതാവില്ലലോകവും ●
ചിലപ്പോൾഭഗവാൻവിഷ്ണുഘോരമായ് ചെയ്തിടുംതപം   ചിലപ്പോൾ
പലമട്ടായയാഗങ്ങളെയുംസുരേശ്വരൻ ● ചിലനേരംലക്ഷ്മിയോടുമൊ
ന്നിച്ചാവിഭവാംഹരി വൈകുണ്ഠത്തിൽതദ്വശനായ്യുവാവായികളിച്ചി
ടും ● ചിലപ്പോൾദൈത്യരോടൊത്തുബാണപീഡിതനായ്ബലോം ഭയാ
ന്വിതമാകാനന്യഥാകൾചെയ്യുംഭയങ്കരം ● ചിലപ്പോൾജയമുണ്ടാകും
തോല്ക്കുംദൈവഹിതപ്പടി വിഷ്ണുവുംസുഖദുഃഖങ്ങളുള്ളവൻതാനസംശ
യം ● ചിലപ്പോളായോഗനിദ്രബാധിച്ചിട്ടാദിശേഷനിൽ   ഉറങ്ങും,സൃ
ഷ്ടികാലത്തിലുണർന്നിടുംസ്വഭാവമായ് ● ബ്രഹ്മാവുംവിഷ്ണുവുംരുദ്രനിന്ദ്രാ
ദികൾമുനീന്ദ്രരും   താന്താങ്ങൾക്കുവിധിച്ചിട്ടുള്ളായുസ്സോളമിരുന്നിടും ●
നിശാവസാനമായാലീജഗത്തുസചരാചരം   മരിക്കുമിതിലൊട്ടുംതെസ

ന്ദേഹംവെണ്ണീറാകിലും • ഐശ്വര്യസ്സാരാൽനശിച്ചീടുംശ്രദ്ധമാവുമതലേ വതം ഉണ്ടാകുംപിന്നെയുംവിപ്രന്മാരശക്രാദിദേവകൾ • ദേഹവാനതി നാൽപ്രാപിക്കുനകാമാദിഭാവവും നിനക്കതിൽവിസ്മയിക്കാനില്ലൊ ന്നുംപാർത്ഥിവോത്തമ! • കാമക്രോധാദികൾതിങ്ങീട്ടാണിസ്സംസാരമേ, നൃപ! അവയെവിട്ടുപുരുഷൻശ്ലേശംജ്ഞാനിയായവൻ • സംസാര ത്തിൽപെടിയുള്ളോൻസ്വീകരിക്കില്ലഭാര്യയെ സർവ്വസംഗങ്ങളുംവിട്ടഭ യമറ്റവനുനിന്നിടും • ചന്ദ്രൻബൃഹസ്പതിക്കുള്ള ഭാര്യയെസ്വീകരിച്ചതി പിന്നെത്തന്നജർതന്റെഭാര്യയെപൂണ്ടുഗ്രഹിച്ചു ഹി • ഇസ്സംസാരത്തി ലീവണ്ണംകാമക്രോധങ്ങളുണ്ടവൻ ഗൃഹസ്ഥവൃത്തിയിൽവാണിട്ടെവ്വ ണ്ണംമുക്തനായിടും • സംസാരത്തിൽസാരബുദ്ധിവിട്ടെല്ലാമൊന്നുമാക യാൽ സച്ചിദാനന്ദമയിയാംദേവിയെസ്സേവചെയ്യണം • അവൾമാ യാഗുണംകൂട്ടിനിച്ചരാചരമൊക്കയും ഭ്രമിക്കുന്നുഭ്രാന്തനംമദ്യപനെ പ്പോലശേഷവും • അവളെസ്സേവചെയ്യില്ലാഗുണവുംതാൻജയിച്ചു താൻ മുക്തനാകാംബുദ്ധിമാന്മറ്റുവേറെയില്ലൊരുമാർഗ്ഗവും • സേവിച്ചും ദേവിയെന്നൊളുംജപചെയ്യില്ലാതവരെ സുഖമെവ്വണ്ണമുണ്ടാകുംമറ്റാ ശ്രീപയുള്ളവർ? • ഏതുവളെസ്സേവചെയ്യുന്നാൽജീവന്മുക്തിഭവിച്ചി ടും നിത്യംജയായജിച്ചാലുംകൃപയുള്ളമഹേശ്വരിയെ • കിട്ടാത്തീമന വുംകിട്ടിദേവിയെസ്സേവിയാത്തവൻ എങ്ങിനെറെത്തചെന്നിദേവിഭണോ ടന്നോത്തിടുന്നജ്ഞാനി • ഇങ്ങനെചന്നദകാരംമാറിച്ചുകൈപ്പടംതെല്ലോം ബന്ധിച്ചുമഹീലോകത്തെമറികച്ചുമദ്യവിട്ടിടാം? • സേവ്യയാണതുകൊ ണ്ടെല്ലാംവിട്ടെല്ലാരാലുമീശ്വരി.

ജനമേജയൻപറഞ്ഞു.

ശുക്രരൂപൻസ്വരാചാര്യനെന്നുചെയ്തുവിടത്തിലായ് എന്നശു ക്രൻവന്നതുംനീകഥിക്കപിതാമഹ!

വ്യാസൻപറഞ്ഞു.

രാജാവേ!കേൾക്കചൊല്ലീടാംവ്യാഴമുപയുക്തനന്തരം സ്വരൂപം ശുക്രരൂപംധരിച്ചാനന്ദമാനസനായ ബൃഹസ്പതി • ശുക്രനാംഗുരുവാണെന്നാദ്യൈ ത്യരെപാട്ടിലാക്കിയാൽ അസുരവിശ്വാസമോടപ്പോൾ ചൊല്ലുടികയായി ഭാവർ • ശുക്രനെന്നോർത്തുമാറിച്ചുവിദ്യകളായാശ്രയിച്ചവർ വ്യാഴ ത്താൽവഞ്ചിതന്മാരായ്, വേദതന്ത്രാർത്ഥമീച്ചിടാ • പത്തുവർഷംകഴി വനംജയന്തിയോട്ടുകൂടവെ രമിച്ചുശേഷംശുക്രൻചിന്തിച്ചാൻതന്റെ ശിഷ്യരെ • അശരിച്ചൻപരവുംനോക്കിനില്ക്കുമെൻശിഷ്യരൊക്കയും

യമേറുന്നവരെ ഞാൻ വേഗത്തെന്നങ്ങു കണ്ടിടാം * എൻ കേതകേതരെ വകളിൽനിന്നുമുണ്ടാകൊലാ ഭയം എന്നാലോചിച്ചുറച്ചിട്ടു ജയന്തിയോടു ചൊല്ലിനാൻ: * 'സേവിപ്പു വിണ്ണവരെത്താനെൻ ദൈത്യന്മാർ ചാരലോചനേ! തികഞ്ഞു, നിന്നാൽ ദശവർഷവുമിന്നെടോ! * അതിനാൽ ശിഷ്യരെക്കാണ്മാൻ പോകുന്നേൻ ഞാൻ സുമധ്യമേ! നിൻ ചാരത്തുവരാം ദേവി! താമസിക്കാതെ ഞാനിനി' * സമ്മതിച്ചവനോടോതി ജയന്തി ധർമ്മമറിയോൾ: 'ഇഷ്ടംപോൽ പ്പോക ധർമ്മജ്ഞ! നിൻ ധർമ്മം ഞാനകെടുത്തിടാ' * ആ വാക്കു കേട്ടുടൻ ശുക്രൻ പുറപ്പെട്ടതിവേഗമായ് ദൈത്യന്മാർക്കരികിൽ ചെന്നാൻ കണ്ടാൻ ഗുരുവിനെയുടൻ * വ്യാജരൂപധരൻ സൌമ്യൻ യാഗത്തെ നിന്ദചെയ്യുവൻ സ്ഥാപിച്ചിതു ജൈനധർമ്മം വ്യാജാൽ ചൊല്ലിക്കൊടുപ്പതും * നിങ്ങൾക്കെല്ലാം ഹിതം സത്യം ഞാൻ ചൊല്ലീടുന്നു ദൈത്യരേ! കൊല്ലാനേറോരയും കൊല്ലായ്കയല്ലോ പരമധർമ്മമാം * ഭോഗതല്പരരായ് നാകിൻരസികൾ ചിലർ വേദത്തിൽ കല ചൊല്ലപ്പെട്ടൊരാ ഹിംസതാൻ * ഇതമറ്റൊരൊരു വാക്യങ്ങൾ വേദശാസ്ത്രപരങ്ങളായ് ചൊല്ലുന്നു ഗുരുവേ കണ്ടുവിസ്മയം പൂണ്ടു ഭാർഗവൻ * മനസ്സുകൊണ്ടു ചിന്തിച്ചാൻ ശത്രുവായ ബൃഹസ്പതി ധൂർത്തൻ വഞ്ചിച്ചുവെൻ ശിഷ്യന്മാരെസ്സംശയമില്ലതിൽ * ഊർജ്ജിതം, നരകം, പാപം, ലോകത്തെഭീകരിപ്പതാൻ അപ്പാപത്താൽ പ്രേരിതനായ് ഗുരുവും വ്യാജമോതിനാൻ * വിണ്ണോരെല്ലാം ധർമ്മശാസ്ത്രപ്രവർത്തകനതാം ഗുരു അവൻ വാക്കു പ്രമാണം താനവനാപാപതല്പരൻ * പാപത്തെച്ചെയ്യുവതിന്നെന്തെന്തു? ചെയ്യില്ലാത്തതായ് ബൃഹസ്പതിയുമീവണ്ണം പാപാചാരം തുടങ്ങുകിൽ * നടവൃത്തിയെയാണ്ടിട്ടീലോ ജനെന്നു ടെ ശിഷ്യരാം മൂഢരാം ദാനവന്മാരെയെല്ലാം വഞ്ചിച്ചിടുന്നിതാ.

ശ്രീദേവീഭാഗവതം നാലാം സ്കന്ധം
ദൈത്യവഞ്ചനം
പതിമൂന്നാമദ്ധ്യായം.

പതിനാലാമദ്ധ്യായം

വ്യാസൻ പറഞ്ഞു.

എന്നുള്ളിലോർത്തവരോടായ് ചിരിച്ചുകൊണ്ടു ചൊല്ലിനാൻ ദൈത്യരേ! ഗുരുവെൻ വേഷം പൂണ്ടു വഞ്ചിച്ചുവല്ലയോ? * ഞാൻ ശുക്രൻ, മേ

ഖകാൎയ്യങ്ങൾ സാധിക്കുന്നുതവാണിവൻ എൻശിഷ്യർ നിങ്ങളിവനാൽ
വഞ്ചിക്കപ്പെട്ടു നിശ്ചയം ● കേൾക്കാതിവാക്കിവൻ കള്ളനെന്റെ വേ
ഷം ധരിച്ചവൻ ശിഷ്യരെ! നിങ്ങളിവനെ വിട്ടെന്നോടൊത്തു ചേരു
വിൻ ● അവന്റെയീവാക്കുകേട്ടിട്ടവരെക്കണ്ടുത്ഭുതരായ് ഇവൻതാൻ
ശുക്രനെന്നോൎത്തിട്ടേറെ വിസ്മയമാണ്ടതേ ● ഭ്രമിക്കുന്നവരെക്കണ്ടു
ചൊല്ലിനാനബ്‌ബൃഹസ്പതി: 'എന്റെ രൂപത്തോടീവ്യാഴം വഞ്ചിച്ചീ
ടുന്നു നിങ്ങളെ ● ചതിപ്പാൻ നിങ്ങളെ ദേവകാൎയ്യത്തിന്നായിവന്നിവൻ
വിശ്വസിക്കായ്കിവൻ വാക്യം നിങ്ങൾ ദാനവവീരരേ! ● ശംഭുവിൽ
നിന്നു ഞാൻ വിദ്യ സമ്പാദിച്ചിട്ടു നിങ്ങളെ പഠിപ്പിക്കാം ദേവകളെജ
യിപ്പിക്കാമസംശയം' ● ശുക്രരൂപമെഴും വ്യാഴത്തിന്റെയീവാ
ക്കുകേൾക്കയാൽ ഉറച്ചു ശുക്രനിവനെന്നതിയായ് വിശ്വസിച്ചവർ ●
ശുക്രനോടേറെയെച്ചിട്ടുമറിഞ്ഞില്ലൊട്ടു ദാനവർ കാലദോഷത്തിനാൽ
വ്യാഴമായമൂലം ഭ്രമിക്കയാൽ ● ഉറച്ചിട്ടവരീവണ്ണം പിന്നെ ശ്ശുക്ര
നോടോതിനാർ: 'ഞങ്ങൾക്കുള്ളവിശ്ശുക്രൻ ധൎമ്മിഷ്ഠൻ ബുദ്ധി ചൊല്ലു
വോൻ ● പഠിപ്പിക്കുന്നിപ്പോളുള്ളൂ പത്തുവത്സരമായിവൻ നീക
ള്ളൻ ദൈത്യന്മാരുവും നീയല്ലങ്ങുഗമിക്കുക' ● എന്നോതിശ്ശുക്രനെ
നിന്ദിച്ചീടിനാർ മൂഢരേറവും നമസ്കരിച്ചുവന്ദിച്ചു കയ്യാണ്ടാർ ഗുരു
വേമുദാ ● തെററിദ്ധരിച്ചു ഗുരുവിൻ മതിമൂഢവശപ്പെട്ടും ദൈത്യരെ
കണ്ടു കോപിച്ചു ശപിച്ചാൻ ശുക്രമാമുനി: ● 'ഞാൻ പറഞ്ഞിട്ടുമെൻ
വാക്യം സ്വീകരിക്കാത്ത കാരണം നഷ്ടബുദ്ധികളായ് നിങ്ങൾ പ്രാപിച്ചീ
ടും പരാജയം ● സ്വല്പകാലംകൊണ്ടു കിട്ടുമെന്നെ നിന്ദിച്ചതിൻ ഫലം
അപ്പോളിവന്റെ കപടമെല്ലാം നിങ്ങളറിഞ്ഞിടും'.

വ്യാസൻ പറഞ്ഞു.

എന്നു ചൊല്ലീട്ടുപോയ് വേഗം ശുക്രൻ കോപാകുലന്നവൻ മതി
മാൻ ഗുരുവും മോദാലവിടെത്തന്നെ പാൎത്തതേ ● പിന്നീടു ദൈത്യരെ
ശ്ശുക്രൻ ശപിച്ചതു ധരിക്കയാൽ അവരെ വിട്ടുപോയ് വേഗം തന്റെ
രൂപത്തോടാഗ്ഗുരു ● ചെന്നിന്ദ്രനോടോതിയുടൻ കാൎയ്യം സാധിച്ചു ഞാൻ ധ്രു
വം ശുക്രൻ ശപിച്ചു സന്തപ്പിക്കുന്നോൻ വിട്ടുപോന്നിതേ ● ശാപമേ
റ്റിട്ടോരാധാരമില്ലാതെത്തോരാക്കിഞാൻ ധ്രുവം ഭാഗ്യമേറുംവാനവരേ! യു
ദ്ധത്തിന്നായൊരുങ്ങുവിൻ ● ഗുരുവിൻ വാക്യമീവണ്ണം കേട്ടിന്ദ്രൻ മോദ
മാണ്ടതേ ദേവന്മാരും ഗുരുവിനെപ്പൂജിച്ചിട്ടതി തുഷ്ടരായ് ● വിജനത്തിങ്ക
ലാവിണ്ണോരാലോചിച്ചു പരസ്പരം ചെന്നിച്ചുല്ലാവതും ദൈത്യന്മാരോടാ

യ്പോരിനെത്തിനാർ. • ശക്തന്മാരായദേവന്മാർപോരിന്നുദ്യോഗമാ
ന്നിട്ടും ശുക്രൻമറഞ്ഞതുംപോർത്തദൈത്യർചിന്തതുടങ്ങിനാർ • ഇത
വിൻമായയിൽപ്പെട്ടദൈത്യരന്യോന്യമോതിനാർ: കോപിച്ചുപോയ്മ
ഹാൻശുക്രൻസന്തോഷിപ്പിച്ചിടേണമേ • വഞ്ചിച്ചുപോയ്പാപിയാ
മാവ്യാഴംകപടപണ്ഡിതൻഭ്രാതൃഭാര്യാപരൻദ്വേഷാണുള്ളിൽവെളിയിൽ
നിർമ്മലൻ • ചെയ്യരുതെന്നെന്തെപോറ്കണ്ടു,കോപംപൂണ്ടൊരുശുക്രനെ
സഹായഞ്ചെയ്യുവാൻസന്തോഷിപ്പിച്ചീടുന്നതെങ്ങനെ? • എന്നോ
ർത്തിട്ടുദൈത്യരെല്ലാമൊന്നിച്ചുതിരയത്തൊട്ടും പ്രഹ്ളാദനെമുൻപിലാ
ക്കി ശുക്രന്നരികിലെത്തിനാർ • നമിച്ചാർമൌനമായ്വാഴുംമുനി
തൻകാലിലായവർ കോപത്താൽകൺ ചുവന്നപ്പോളവരോടോതിനാ
ള്ജ്വൻ • ഇതവിൻമായയിൽപ്പെട്ടുനിങ്ങളോടുംപറഞ്ഞുഞാൻ കേട്ടി
ല്ല,ഹിതമാംനല്ലവാക്കപ്പോളെൻറശിഷ്യരെ! • അവൻകീഴായന്നെനി
ങ്ങളവമാനിച്ചുവിട്ടമാം മദമേറുന്നനിങ്ങൾക്കവന്നാനിന്ദിച്ചതിൻഫ
ലം • വിഷ്ണോർസഹായി,ചതിയൻ,കള്ളവേഷംധരിച്ചവൻ അവ
ൻെറയരികിൽപോകഞാനല്ലമട്ടുവഞ്ചകൻ.

വ്യാസൻപറഞ്ഞു.

ഈമട്ടുസംശയംതീരുംപാർത്തചൊല്ലുന്നശുക്രനെ കാലിൽവീണു
വണങ്ങിട്ടുപ്രഹ്ളാദൻചൊല്ലിനാനടൻ.

പ്രഹ്ളാദൻപറഞ്ഞു.

ദുഃഖിച്ചുവന്നശിഷ്യന്മാർഞങ്ങളേവെടിയായ്കനീ നിന്നിഷ്ടംനോ
ക്കിടുംപുത്രന്മാർഞങ്ങൾശുക്രമാമുനേ! • നീമന്ത്രത്തിന്നുപോയപ്പോ
ളദൃഷ്ടൻകള്ളവേഷമായ് നിൻവേഷമധുരാലാപങ്ങളാൽവഞ്ചിച്ചുഞ
ങ്ങളെ • അറിവറ്റുള്ള കാററത്തിൽകോപിക്കാ ശാന്തരായവർ സർവ്വജ്ഞ
ൻനീയറിയുന്നതെങ്ങൾക്കുള്ളാതങ്കെത്തിയും • ഞങ്ങളുള്ളന്തേപറ്റാൽ
കണ്ടുരിശംവിടണംഭവാൻ മുനിമാർക്ഷണകോപന്മാരെന്നുചൊല്ലുന്നു
സത്തുകൾ • ജലംസപാദാവമായ്ശീതംതീവെയിലൊന്നിവചേതകിൽ ചൂ
ടുണ്ടാമവവേർപെട്ടാൽശീതമായ്തന്നെതീർന്നിടും • കോപംചണ്ഡാല
രൂപന്താനെന്നമട്ടുംതള്ളുന്നോംബുധർപ്രസാദിച്ചാലുമതിനാൽകോപത്തെ
വിട്ടസത്തമ! • കോപംപോക്കാതെ,ദുഃഖിക്കുന്നെങ്ങളെത്തള്ളുകെങ്കി
ലോ നീയുപേക്ഷിച്ചിടുംഞങ്ങൾപാതാളംപൂകമേവിനോ!

വ്യാസൻപറഞ്ഞു

പ്രഹ്ളാദൻതൻവാക്കുകേട്ടാശ്ശുക്രനാംജ്ഞാനദൃഷ്ടിയാൽ നോക്കി

സ്സന്തുഷ്ടനായ് തീൎന്നു ചിരിച്ചവരോടോതിനാൻ: ● 'ഭയംവേണ്ടാ ഗമിക്കേ
ണ്ടാ പാതാളത്തിങ്കൽ, നിങ്ങളെ ഫലിക്കുന്നൊരു മന്ത്രത്താൽ പാലിക്കാ
മെൻറശിഷ്യരേ! ● ഹിതമായ് സത്യമായുള്ള വാക്കു ചൊല്ലാം ശ്രവിക്കു
വിൻ ബ്രഹ്മാവിൽനിന്നു ഞാൻ പണ്ടു കേട്ടോരു ധൎമ്മനിഷ്ഠരേ! ● വരേ
ണ്ടുന്നോരു ദോഷങ്ങൾ വന്നേതീരൂ ധരിത്രിയിൽ പ്രാരബ്ധത്തെ മറിച്ചാ
ക്കാനാരൊരുത്തൻ സമൎത്ഥനാം ● കാലയോഗത്തിനാലിന്നു നിങ്ങൾ ദുൎബ്ബ
ലരായ് ദ്രുതം ദേവന്മാരോടൊന്നു കൂടിത്തോറ്റു പാതാളമാളുക നിങ്ങൾ
ക്കു കാലദോഷം വന്നെന്നു ബ്രഹ്മാവു ചൊല്ലിനാൻ സമൃദ്ധിയേറും രാജ്യ
ങ്ങളെല്ലാം നിങ്ങൾ ഭരിച്ചു താൻ വിണ്ണോർതൻ തലതാഴ്ത്തീട്ടു യുഗം പത്തു
തികഞ്ഞുതേ ദൈവയോഗംകൊണ്ടു നിങ്ങൾ ത്രൈലോക്യം വാണു ഭംഗി
യായ് ● സാവൎണ്ണിമനുവിൻ കാലത്തിനിയും രാജ്യമാണ്ടിടാം ത്രൈലോക്യ
ജയിയായ് രാജ്യം വാഴും നിൻ പൌത്രനാം ബലി ● എന്നു വാമനനായ് വി
ഷ്ണു വിതെല്ലാം കയ്യിലാക്കിയോ അന്നു നിൻ പൌത്രനോതപ്പെട്ടിവണ്ണം
വിഷ്ണുദേവനാൽ ● ദേവകാൎയ്യത്തിനായ് നിന്റെ രാജ്യം ഞാൻ ഹരി
ക്കയാൽ സാവൎണ്ണിമനുവിൻ കാലത്തിന്ദ്രനായ് നീ ഭവിച്ചിടും.

ശുക്രൻ പറഞ്ഞു.

ഏവം വിഷ്ണുവിനാൽ ചൊല്ലപ്പെട്ട നിൻ പൌത്രനാം ബലി ഭീതവേ
ഷ്പോൽ ചരിച്ചീടുന്നാരും കാണാതെയൂഴിയിൽ ● ബലിയിന്ദ്രഭയംമൂലം ക
ഴുതയ്ക്കുള്ള രൂപമായ് ശൂന്യഗൃഹത്തിങ്കൽ പോയ് വാണാനസുരേ
ശ്വര! ● ഇന്ദ്രൻ കണ്ടവനോടായിച്ചോദിച്ചാൻ പലവട്ടവും ബലേ! കഴു
തതൻ രൂപമെന്തിനായ് സ്വീകരിച്ചു നീ ● ലോകമെല്ലാം ഭരിച്ചോൻ നീ
ദൈത്യന്മാൎക്കൊക്കെ പാലകൻ നിനക്കീനിന്ദ്യമാം രൂപമെടുക്കാൻ ലജ്ജയി
ല്ലയോ? ● അവന്റെയാവാക്കു കേട്ടു ദൈത്യേശൻ ബലി ചൊല്ലിനാൻ
ഇന്ദ്രനോടിതിലെന്താണു സംകടം ദേവനായക! ● മഹാതേജസ്സെഴും
വിഷ്ണു മീനമാമയുമായപ്പോൾ ● ഞാനും കഴുതയായ് വാണീടുന്നു കാലം നി
മിത്തമായ് ● ബ്രഹ്മഹത്യാനിമിത്തം നീ താമരപ്പൂവിൽ വാണപ്പോൾ
ഞാനും പീഡിതനായിന്നു വാഴുന്നീ ഖരരൂപമായ് ● ദൈവാധീനമെന്ന
ദുഃഖസുഖമെന്നും ശതക്രതോ! കാലമിച്ഛിച്ചിടുമ്പോലെയെല്ലാം ചെ
യ്യിച്ചിടും ധ്രുവം.

ശുക്രൻ പറഞ്ഞു.

ഇവണ്ണമാബലീന്ദ്രന്മാർ പ്രസംഗമെത്രയും ഭംഗിയായ് ചെയ്താനവർ

വന്നതാനന്താഭ്ദംകളുളുമ്പികളിന്നു പ്രായിരത ॥ ഇതങ്ങകപ്രഹേതൻ ഞാനേവം ദൈവബലത്തിനെ ദൈവാധീനംജഗത്തെല്ലാംസമേലാസ്മരമാനാഷം.

ശ്രീമദ്ദേവീഭാഗവതം നാലാംസ്കന്ധം

ഇ തി സ മാ പ്തി

പതിനാലാമദ്ധ്യായം.

പതിനഞ്ചാമദ്ധ്യായം

വ്യാസൻപറഞ്ഞു.

ധർമ്മിഷ്ഠൻകൃഷ്ണനാലേവംസ്തുതിക്കപ്പെട്ടദേവിയും പ്രത്യക്ഷമായ്
വന്നാരതിമങ്ങളൾഉദ്ധാവാട്ടടൻ.

ശ്രീദേവിപറഞ്ഞു.

ദുഃഖിച്ചിടായ്കദേവേശ!പണ്ടുനിൻശാപമാണിതു ഹരിച്ചാൻശം
ബരൻനിന്റെപുത്രനെയതിനാൽബാലൻ * പതിനാറാംവയസ്സിങ്കല
വനെക്കൊന്നുനിർസ്സുതൻ എൻപ്രസാദത്തിനാലിങ്ങുവന്നീടുംശങ്ക
യില്ലതിൽ.

വ്യാസൻ പറഞ്ഞു.

ഇതോതിട്ടുമറഞ്ഞോള ച്ചണ്ഡികാദേവിയായവൾ ഭഗവാനാം പുത്ര ദുഃഖംവെടിഞ്ഞു സുഖമാണ്ടുതേ.

ശ്രീദേവീഭാഗവതം നാലാംസ്കന്ധം

[illegible]

ഇരുപത്തിനാലാമദ്ധ്യായം.

ഇരുപത്തഞ്ചാമദ്ധ്യായം.

ജനമേജയൻ പറഞ്ഞു.

നിൻവാക്കുകൊണ്ടു സന്ദേഹമുണ്ടാകുന്നു മുനീശ്വര! വിഷ്ണ്വംശജായകൃഷ്ണനാൽ ദുഃഖംവന്നതുകാണുകയാൽ ॥ നാരായണാംശസംഭൂതൻ വാസുദേവൻ പ്രതാപവാൻ ഈററില്ലംവിട്ടവൻ പുത്രൻ ഹരിക്കപ്പെട്ടതെങ്ങിനെ? ॥ രക്ഷയേറുംപുരദ്വാരരക്ഷയോടുള്ള മന്ദിരം അതിൽപ്രച്ഛന്നനായ്‌വിധമായ് ബാലനെക്കട്ടോരവൻ ॥ അറിഞ്ഞില്ലാവാസുദേവൻ ചിത്രം, തോന്നുന്നൊരത്ഭുതം മഹാമുനേ! എന്റെയുള്ളിൽതോന്നീടുന്നതിവിസ്മയം ॥ കൃഷ്ണൻ ദ്വാരകയിൽവാണിട്ടും ഗൃഹത്തിൽനിന്നു കുട്ടിയെ കൊണ്ടുപോയതറിഞ്ഞില്ല കാരണംചൊല്ലു നീ മുനേ.

വ്യാസൻ പറഞ്ഞു.

പ്രസിദ്ധയാംശക്തമായാബലമുള്ളവരാം ഭൂപതേ! ഭ്രമിപ്പിക്കുംബുദ്ധി,യതിൽഭ്രമിച്ചീടാത്തതാരുവാൻ? ॥ മനുഷ്യജന്മംപ്രാപിച്ചാൽദേഹത്തിങ്കലിരുന്നിടും ഗുണമെല്ലാംമാനുഷംതാൻദേവാസുരന്മാണംവരാ॥ ക്ഷുപ്,ദാഹം,നിദ്ര,ഭയവും,സംശയം,മടി,മോഹവും സുഖം,ദുഃഖം,മാനമൂനം,ജരാ,മരണമെന്നതും ॥ വാദ്ദ,മത്സരാന,മപ്രീതി,ഈർഷ്യാ,സ്പൃഹാ,മദം,ക്രമം ഇവദേഹത്തിലുണ്ടാകുംഭാവങ്ങൾ താൻ്റ ഭൂപാതമ! ॥ മുൻപിൽനില്ക്കുന്നപൊന്മാനെബോധിച്ചില്ലെന്നുരാഘവൻ സീതാവിരഹവുംപിന്നെജടായുമൃതിയായതും ॥ അഭിഷേകദിനത്തിങ്കൽവനവാസവുമങ്ങനെ അറിഞ്ഞില്ലപുത്രദുഃഖംമൂലംതാതൻമരിച്ചതും ॥ കാടുതോറും ജാനകിയെനോക്കിക്കൊണ്ടുനടന്നവൻ അറിയാതെദശഗ്രീവൻബലമായ്കൊണ്ടുപോയതും ॥ ബലാലബ്ബാലിയെക്കൊന്നാനയച്ചാൻനാലുദിക്കിലും കപീന്ദ്രന്മാരെ,യവർസഹായിച്ചതുമൂലമായ് ആഴിയിൽ

ചിറയുംകെട്ടിക്കടന്നാനതിനെയവൻ പോർചെയ്യാൻഘോരമായ്ദുഃ
ഖംപ്രാപിച്ചാൻയുദ്ധഭൂമിയിൽ ⁕ രാമൻമഹാബലൻനാഗപാശത്താ
ൽകെട്ടപ്പെട്ടത ഒഴിച്ചുവിട്ടാൻപിന്നീടുഗ്ഗരുഡൻവന്നാരാമനെ ⁕ പാ
രിൽക്കൊന്നാൻരാവണനേകുംഭകർണ്ണനെയുംമഹാൻ മേഘനാദനികുംഭ
ന്മാരെയുംകോപിച്ചുരാഘവൻ ⁕ സീതതൻപതിധർമ്മത്തെയറിയാഞ്ഞ
തിനാലവൻ അഗ്നിപ്രവേശമവളെക്കൊണ്ടുചെയ്യിച്ചുദിവ്യമായ് ⁕ ലോ
കാപവാദമതിനാൽസതിയായുള്ള സീതയെ ദോഷമുള്ളവളെന്നോ
ർത്തിട്ടുപേക്ഷിച്ചാൻരഘൂത്തമൻ ⁕ കുശീലവന്മാർതൻപുത്രരറിഞ്ഞതി
ല്ലവരെയവൻ അജ്ഞതരെ നിൻസുതരെന്നോതിവാല്മീകിമാമുനി ⁕ സീ
താപാതാളഗമനമതുംബോധിച്ചതില്ലവൻ കോപിച്ചുജ്ജാനകക്കൊൽ
വാൻഭാവിച്ചുരഘുനന്ദനൻ ⁕ കാലൻറവരവുംചെറുമറിഞ്ഞില്ല
ക്‌ഖരാന്തകൻ മനുഷ്യദേഹംകളയ്യാനുചെയ്യാൻമനോഷ്ടചേഷ്ടയെ ⁕
വിചാരിക്കേണ്ടതില്ലപ്പോൾകൃഷ്ണനാനേരാഭവമാം അവൻകംസഭയാൽ
പണ്ടുഗോകുലത്തിൽവസിച്ചുതേ ⁕ ജരാസന്ധഭയാൽപിന്നെപ്പോയാ
ൻദ്വാരകയിങ്കലും അധർമ്മമായ്‌രുക്മിണിയെഹരിച്ചാൻശിശുപാലനാ
ൽ ⁕ സ്വീകരിക്കപ്പെട്ടവൾനിത്യധർമ്മമറിഞ്ഞവൻ ദുഃഖിച്ചുകൃഷ്ണൻ
സുതനേശംബരൻ[illegible]പോകയാൽ ⁕ കാറ്റുധരിച്ചുമോഷിച്ചാൻസ്യ
മന്തകരത്നമുള്ളവൻ സത്യഭാമപറഞ്ഞിട്ടുദിവിയിൽചെന്നവർകോന്ത
മായ് ⁕ സ്ത്രീജിതപംവെളിക്കാക്കിപ്പോർചെയ്യാൻവിൺപതിനായ്
മടക്കീട്ടിന്ദ്രനെക്കല്പവൃക്ഷത്തെക്കൈക്കലാക്കിനാൻ ⁕ ഭാമതൻമാനരക്ഷ
യ്ക്കായ്ബാല്യചേഷ്ടമാവില്ല സത്യഭാമ[illegible]കെട്ടിട്ടുനാരദന്നാകില്ലെന്നു
ന്നേ ⁕ കനകംനൽകിയവനെവിടുവിച്ചതുസത്യ താൻ ഗ്ഗോമേദന്നാപ്ര
ദ്യുമ്നൻതൊട്ടോരേകാദശകാരണം ⁕ യാചിച്ചുജാംബവതിനൽപുത്രനെ
കൃഷ്ണനോടുതാൻ ശിവഭക്തൻതപംക്രൂരമുപമന്യുമുനീശ്വരൻ ⁕ വസി
ക്കുന്നദ്രിയിൽചെന്നാൻതപംചെയ്യാൻജനാർദ്ദനൻ ഗുരുവാക്കിട്ടാമുനി
യെപ്പുത്രനായ്‌ശിവദീക്ഷയെ ⁕ ഗ്രഹിച്ചുതലയൊടൊട്ടുംതാടിയോടുംകൂടി
വാണൊരാ അവിടായ്‌വൻതപംചെയ്യാനൊന്നാമാസംഫലാശിയായ് ⁕
ശിവധ്യാനത്തൊടുംകൃഷ്ണൻശിവമന്ത്രംജപിച്ചുമെ ഒരുകാലിൽനിന്നു
ണ്ടാംമാസത്തിൽജലപാനിയായ് ⁕ മൂന്നാംമാസംവായുഭക്ഷൻ,പാദാം
ഗുഷ്ഠാഗ്രമൂന്നിയേൻ ആറാംമാസംപ്രസാദിച്ചാൻഭക്തികൊണ്ടുമഹേ
ശ്വരൻ ⁕ ചന്ദ്രചൂഡൻദേവിയോടുംകൂടിപ്രത്യക്ഷമായിതേ യക്ഷഗ
39 ⁕

സുഖർന്നേവിട്ടുമിന്ദ്രാദികളോടുകൂടിത്താൻ ● ബ്രഹ്മാവോടും വിഷ്ണുവോടും കൂടികാളയിലേറിയിയാൻ ഭദ്രം! എന്നവിളിച്ചുചവമവനോടോതിശങ്കരനെ ● നിന്നുഗ്രമാംതപംകൊണ്ടു ഞാൻ തോഷിച്ചേൻ മഹാമതേ! ഇഷ്ടമാംവരമേകാംഞാൻ ചൊല്ലുയാദവ! ഭർന്നാൽ ● കാമപൂർത്തികരൻഞാൻ, തേ കാമശേഷം ഭവിക്കൊല്ലാ.

വ്യാസൻപറഞ്ഞു.

ഇപ്പുനാംശിവനേക്കണ്ടു ഭഗവാൻ ദേവകീസുതൻ സന്തോഷം ചരണത്തിങ്കൽ സാഷ്ടാംഗം പ്രണമിച്ചുടൻ ● ശംഭുവിൻ മുമ്പിൽനിന്നിട്ടാ വാസുദേവൻ സനാതനൻ മേഘഗംഭീരയാം വാക്കാൽ സ്തുതിചെയ്യാൻ തുടങ്ങിനാൻ.

കൃഷ്ണൻപറഞ്ഞു.

ദേവദേവ! ജഗന്നാഥ! സർവ്വഭൂതാർത്തിനാശന! വിശ്വയോനേ! സുരാരിഘ്ന! തൊഴാം ത്രൈലോക്യനായക! ● നീലകണ്ഠ നമസ്കാരം ശൂലിയാം ത്വന്നമോനമഃ ദക്ഷയാഗഘ്ന! ഗിരിജാപതേ! നിന്നെനമിച്ചിടാം ● ധന്യൻ ഞാൻ കൃതകൃത്യൻ ഞാൻ നിന്നെക്കാണുകയാൽ വിഭോ! എന്റെ ജന്മം സഫലമായ് നിൻപാദം തൊഴുന്നമിക്കയാൽ ● ഇസ്സംസാരേ സ്ത്രീമയമാം ചാപശേഷിൽ കെട്ടപ്പെട്ടു ഞാൻ രക്ഷക്കായിന്നു മുക്കണ്ണ! ശരണാഗതനായിതേ● മനുഷ്യജന്മം പ്രാപിച്ചു ദുഃഖിയായ് ദുഃഖനാശന! സംസാരഭീതൻ ശരണാഗതൻ പാലിക്കുകെന്നെനീ● ഗർഭവാസമഹാദുഃഖം പൂണ്ടേൻ ഞാൻ കാമനാശന! ഗോകുലത്തിൽ കംസഭയം ജനനം മുതൽ കണ്ടു ഞാൻ● യാദവന്മാർക്കായി കരൾന്നന്ദപുത്രനായ് ജാതനങ്ങനെ കൊട്ടം വ്രജവാസനേ ഗോവിൻ പൊടിയേലതാകലത്തോടും● ലരിച്ചപിന്നെ ഭവനാൻ ഭയത്താൽ ദ്വാരക പൂക്കപോയ് പിതൃമായ് ഭൂമിയാൽ ഉള്ള മധുരം വിട്ടു ഞാൻ● യയാതിതൻ ശാപഭയാലവനായിന്നു നൽകിനേൻ രാജ്യം പൂജ്യമതെന്നാലും ധർമ്മത്തെ രക്ഷചെയ്യുവാൻ ● ഉഗ്രസേനനതകിട്ടു ദാസനായ് വാണു ഞാൻ വിഭോ! യദുരാജാവാക്കിയെന്റെ പൂർവ്വനാമുഗ്രസേനനെ ● ഗൃഹസ്ഥധർമ്മം ദുഃഖം, സ്ത്രീക്കധീനം, ധർമ്മനാശനം പരാധീനം, സന്താപബന്ധമാം ഗൃഹവാർത്തയുമറിന്താം ● രുക്മിണീപുത്രരേക്കണ്ടെൻ ഭാര്യ ജാംബവതി വിഭോ! പുത്രനായിതപംചെയ്യാനായച്ചാൾ മനോന്തക! ● ആ ശ്രേയോർക്ക് ഇതു ഞാനിന്നു പുത്രനായ് തപിച്ചുതേ ● ലജ്ജ തോന്നുന്നപേക്ഷിപ്പാൻ ദേവനാഥ! ജഗൽഗുരോ! എത്രമൂഢൻ മുക്തിയേകും നിന്നോടു സ

വിച്ചതുച്ഛമാം * നശിച്ചീടും ഫലം യാചിച്ചീടും നിസ്തുഷ്ടന്മാരാകുവോ അപ്പൃഥ
സുഖമാകുന്നയാചിച്ചീടുന്നതിന്നു ഞാൻ * സ്ത്രീതൻപ്രേരണയാൽ ശം
ഭോ! മുക്തിയെക്കൂടാതെ നിന്നോടായ് അനിത്യം, നശ്വരം, ദുഃഖം, സംസാരം,
ദുഃഖസാധനം * വരുന്നില്ലൊരു വൈരാഗ്യമതറിഞ്ഞിട്ടുമിന്നാമ നാരാ
യണാംശം ഞാൻ ഭൂവിൽ ശാപമൂലം ജനിച്ചതെ * ബഹുദുഃഖം ഭുജിച്ചീ
ടാൻ മായാപാശനിബദ്ധനായ്.

വ്യാസൻ പറഞ്ഞു.

എന്നോതും കൃഷ്ണനോടായിട്ടിത്തരം ചൊല്ലിനാൻ ശിവൻ: 'നിനക്ക
നേകം പുത്രന്മാരുണ്ടാകും ശത്രുസൂദന! * പതിനാറായിരത്തൻപത്തുണ്ടാ
കും തവ ഭാര്യമാർ അവരിൽ പത്തു പുത്രന്മാർ വീതമുണ്ടാകുമുത്തമരായ്'
പ്രിയദർശനനാം ശംഭുവിതോതീട്ടു നിവൃത്തിനാൻ നമിക്കും കൃഷ്ണനോട
പ്പോൾ ചൊന്നാൾ പാർവ്വതീദേവി: * 'കൃഷ്ണ! കൃഷ്ണ! മഹാത്മാവേ! യിസ്സം
സാരമതിൽ ഭവാൻ ഗൃഹസ്ഥശ്രേഷ്ഠനായിട്ടു ശോഭിച്ചീടും നരാധിപ! * നൂ
റുവർഷം കഴിഞ്ഞിട്ടു വിപ്രശാപം നിമിത്തവും ഗാന്ധാരീശാപമാണ്ടും നി
ൻകുലനാശം ഭവിച്ചീടും * ശാപമോഹിതരാം നിന്റെ സുതർ പോരിൽ
ജനാർദ്ദന! തമ്മിൽ തല്ലി മരിച്ചീടുമത്രേ ന്യായത്തിങ്കലും * നീയും രാമനുമവ്വ
ണ്ണം വിണ്ണിൽ പോം വിട്ടു ദേഹവും വരാനുള്ളതു വന്നീടും ദുഃഖിയായ്കതിൽ
നീ വിഭോ! * ദൈവമാം ഭാവികാര്യങ്ങൾക്കില്ലല്ലോ പ്രതികാരവും ദുഃഖി
ക്കായ്കതിൽ നീയെന്റെ മതമാണിതു സർവ്വഥാ * അഷ്ടാവക്രന്റെ ശാപ
ത്താൽ നിന്റെ പത്നികളൊക്കയും ചോരന്മാരാൽ സ്വീകരിക്കപ്പെട്ടും നി
ഭൃതനായ പിൻ.

വ്യാസൻ പറഞ്ഞു.

ദേവിയും ദേവകളുമായിതോതീട്ടു മറഞ്ഞവൻ ഉപമന്യുവെ വന്ദി
ച്ചു കൃഷ്ണനും ദ്വാരകയ്ക്കു പോയ് * അധീശ്വരന്മാർ ബ്രഹ്മാദിദേവന്മാ
രെങ്കിലും നൃപ! മായാകല്ലോലയോഗത്താലിളകും മനമൊത്തവർ * മാ
യാധീനത്തിലെല്ലാരും, മരപ്പാവകണക്കിനെ പ്രേരിപ്പിക്കും ബ്രഹ്മരൂപി
യായീടും മായയെപ്പൊഴും * എല്ലാരെയും പൂർവ്വകർമ്മമെന്നതു പോല
വേ വൈഷമ്യവും നിർഘൃണയുമില്ലംബയിലൊരിക്കലും * ജീവികൾക്ക
ള മുക്തിക്കായെത്തിക്കുന്നവൾ നിശ്ചയം ചരാചരജഗത്തെല്ലാം സൃഷ്ടി
ച്ചീടാറുണ്ടീശ്വരി * മായാരഹിതമായെല്ലാം ജഡമായി ഭവിച്ചിടും അതി
നാൽ കൃപയാൽ ദേവീ ജഗത്തും ജീവജാലവും * സൃഷ്ടിച്ചിട്ടവയെയെന്നും

ചെയ്യുന്നവരല്ലോ ഭൂപതേ! ബ്രഹ്മാദിസ്തംബപൎയ്യന്തം ദേവദാനവമൊക്കയും ॥ മായയ്ക്കു വിലകപ്പെട്ടോർ സംശയിക്കേണ്ടതില്ലെടോ തന്നിഷ്ടംപോൽ കളിക്കുന്നോരിവിതന്നെ സ്വതന്ത്രയായ് ॥ അതുകൊണ്ടു മനഃപൂൎവ്വം സേവിക്കേണ്ടവളാണവൾ ശാംഭവിയിൽനിന്നധികമായൊന്നുമില്ല ജഗത്രയേ ॥ ഇതുതാൻ ജന്മസാഫല്യം പരാശക്തിപദസ്മൃതി ചലമെന്നാളും ദേവിയല്ലാതൊരുത്തിക്കൽ ജനിക്കൊലാ ॥ ഞാൻ ദേവിയന്യനല്ലീ ഞാൻ ബ്രഹ്മാദ്വൈഃ വിയല്ലൊ ഞാൻ ഭേദമില്ലാതെയിമ്മട്ടു ജഗദംബയെയോൎക്കണം ॥ അവളുടെ ഉരുവിൽനിന്നു വേദാന്തംകൊണ്ടറിഞ്ഞുടൻ നിത്യമേകാഗ്രമനസാ ചിന്തചെയ്യാത്മരൂപിയായ് ॥ മൃഗതനാമതിന്നാലാകാരകോടികൾ ഞാൻ ചെയ്യിലും നിൎമ്മലാശയർ ശോഭതാശോഭതരൻ, തൊട്ടു മഹൎഷിമാർ ॥ സംസാരം വിട്ടവർ ചെയ്തോരറിഞ്ഞാത്മസ്വരൂപിയേ ബ്രഹ്മാ, വിഷ്ണുവു, മഹേശ്വരൻ പാൎവ്വതീ, ലക്ഷ്മീദേവിയും ॥ ആ സച്ചിദാനന്ദരൂപിയെത്താൻ സേവിച്ചിടുന്നതേ ॥ സംസാരമീതനാകം നീ ചോദിച്ചതിതുപോലെ ഞാൻ പറഞ്ഞതിനിയും ഭൂപ! കേൾപ്പാനിച്ഛിപ്പതെന്തു നീ ॥ സൎവ്വപാപഹരം പുണ്യം പുരാണം പരമോത്തമം ശ്രേഷ്ഠമാമിച്ചരിത്രം ഞാൻ നിനക്കായിപ്പറഞ്ഞുതേ ॥ ഈപ്പുരാണം വേദതുല്യമാരു കേൾക്കുന്നു നിത്യവും പാപമെല്ലാം പോയവനും ദേവീലോകത്തിൽ വാണിടും

സൂതൻ പറഞ്ഞു.

അമ്മോദമത്തെപ്പുരാണം ഞാൻ ശ്രീമദ്ഭാഗവതാഭിധം വേദവ്യാസൻ വിസ്തരിച്ചു പറഞ്ഞു ഞാൻ ശ്രവിച്ചുതേ.

നാലാംസ്കന്ധം സമാപ്തം.

ശ്രീലളിതാംബികായൈ നമഃ

ശുഭം.

അഞ്ചാം സ്കന്ധം.

ഒന്നാം അദ്ധ്യായം

ഋഷികൾ പറഞ്ഞു.

എടോസൂത! ഭവാൻ പാപമെല്ലാം പോക്കുന്ന ദിവ്യമാം മഹദാഖ്യാനമാം കൃഷ്ണചരിതം ചൊല്ലിയില്ലയോ? ॥ സവിസ്തരം ചൊന്ന കൃഷ്ണചരിത

ത്തിൽമഹാമതേ! ഞങ്ങൾക്കിന്നുളവാകുന്നു സന്ദേഹംവളരാവര! * വനത്തിൽപോയ് വാസുദേവൻതപംചെയ്തു തിഘോരമായ് വിഷ്ണുപാംശമാമവൻചെയ്താൻശിവാരാധനയെന്നതും * ശ്രീദേവിതന്നംശമാകവേപൂർണ്ണയജ്ഞഗമംബികാ പാർവ്വതീദേവിയവളാൽനൾകപ്പെട്ടവരങ്ങളും * കൃഷ്ണനീശപരനെനന്തിനുപൂജിച്ചാനവരേയവൻ അവരേക്കാൾകൃഷ്ണനെന്നുകരവെന്നാണെന്നുസംശയം.

സൂതൻപറഞ്ഞു.

വ്യാസങ്കൽനിന്നുകേട്ടോണമതിൻകാരണമിന്നുഞാൻ പറയാം കേൾക്കവിൻകൃഷ്ണഗുണങ്ങൾചേർന്നതാംകഥ * വ്യാസനിൽനിന്നുവൃത്താന്തംകേട്ടിട്ടുജനമേജയൻ ബുദ്ധിമാൻപിന്നെയുംചോദിച്ചീടിനാൻ ബഹുസംശയം.

ജനമേജയൻപറഞ്ഞു.

നന്നായ് സത്യവതീസൂനോ! കേട്ടേൻപരമകാരണം എന്നാലുമെൻമനോവൃത്തിവിട്ടുനില്ലിന്നുശങ്കയേ * കൃഷ്ണൻശംഭുവിനെഘോരതപംചെയ്തുഭജിച്ചതേ ദേവദേവേശൻവിഷ്ണുവല്ലോതാൻമഹാമതേ! * സർവ്വാത്മാസർവ്വലോകേശൻസർവ്വസിദ്ധിപ്രദൻപ്രഭു പ്രാകൃതന്നൊപ്പമെന്തിന്നവൻതപംചെയ്തുതാഹരി * ലോകംസൃഷ്ടിച്ചുരക്ഷിക്കാൻസമർത്ഥൻകൃഷ്ണനങ്ങനെ സംഹരിപ്പാനുമവനെന്തുചരിച്ചുമഹാതപം.

വ്യാസൻപറഞ്ഞു.

സത്യമോതീഭവാൻരാജൻ! വാസുദേവൻജനാർദ്ദനൻ ദൈത്യാന്തകൻദേവകാര്യമെല്ലാംചെയ്‌വാൻസമർത്ഥനാം * എന്നാലുംനരദേഹത്തെയാശ്രയിച്ചഖിലേശ്വരൻ വർണ്ണാശ്രമങ്ങളോടൊത്തനരകാര്യങ്ങൾചെയ്യുതേ * വൃദ്ധന്മാരെപ്പൂജചെയ്യുംഗുരുപാദംനമിച്ചുമേ വിപ്രന്മാരേസേവചെയ്യുംചെയ്യുംനൽദേവതാർച്ചനം * ദുഃഖംവരുമ്പോൾദുഃഖിച്ചുംഹർഷത്തിൽമോദമാണ്ടുമേ ദൈന്യാനാനാപവാദങ്ങൾകാമലീലയുമാണ്ടവൻ * കാമംക്രോധംലോഭമെന്നുംവേണ്ടകാലത്തുവന്നിടും ഗുണസ്വരൂപദേഹത്തിലുണ്ടാമോനിർഗ്ഗുണതാവും? * ഗാന്ധാരീശാപമവ്വണ്ണംവിപ്രശാപംനിമിത്തവും യാദവന്മാർതന്റെനാശംകൃഷ്ണൻതൻദേഹമോചനം * കൃഷ്ണപത്നികളിൽനിന്നഹരിച്ചുചോരരായതും അർജ്ജുനന്നാവുയച്ചീടാനസാമർത്ഥ്യവുമങ്ങനെ * അറിയാത്തതുമാപ്രദ്യുമ്നാനിരുദ്ധാപഹാരവും ഇതെല്ലാംനരനായ്തീർന്നുമൂലമോനുഷ്ഠചെയ്തായാം * വിഷ്ണുവി

ന്റെയുമാനാരായണനാം മുനിതന്റെയും അംശമാം കൃഷ്ണനെന്താണ
ത്ഭുതമാം ശിവസേവയിൽ? ॥ ശിവൻ സർവേശ്വരൻ ദേവൻ ഹരിക്കു മൂല
മായവൻ നാഥൻ കാരണദേഹത്തിന്നവൻ വിഷ്ണുപ്രപൂജിതൻ ॥ കൃഷ്ണാ
ദികളവന്നംശം പൂജിക്കില്ലെന്നുമറ്റവർ? അകാരം ഭഗവാൻ ബ്രഹ്മാ സാ
ക്ഷാൽ വിഷ്ണു ഉകാരവും ॥ മകാരം ഭഗവാൻ രുദ്രനർദ്ധമാത്രാ മഹേശ്വരി
ഈ ക്രമത്തോലുത്തമത്വമോർത്തുനിന്നറിവുള്ളവർ ॥ ശാസ്ത്രത്തിലെല്ലാ
മതിനാൽ ദേവി സർവോത്തമാമതാ അർദ്ധമാത്രാസ്ഥിതാ നിത്യവിശേഷി
ച്ചിന്നവാച്യയും ॥ ബ്രഹ്മാവിലധികൻ വിഷ്ണു വിഷ്ണുവേക്കാൾ മഹേശ്വ
രൻ അതിനാൽ സംശയം വേണ്ട കൃഷ്ണന്റെ ശിവപൂജയിൽ ॥ ബ്രഹ്മാ
വിന്റെ മുഖത്തിൽ നിന്നിച്ഛയാ വരമേകുവാൻ ആദിരുദ്രാംശമായ് ര
ണ്ടാം രുദ്രനുണ്ടായി വന്നതേ ॥ സർവപൂജ്യനിവൻ മൂലരുദ്രന്റെ കഥയെ
ന്തുവാൻ? ശിവന്നോർക്കുന്നതെന്നതും ദേവീസാന്നിദ്ധ്യമൂലമായ് ॥ യോ
ഗമായാപ്രഭാവത്താലവതാരം യുഗം പ്രതി വിഷ്ണുവിന്നു ഭവിച്ചീടും വിചാ
രിക്കേണ്ടതില്ലതിൽ ॥ ഏതദ്ദേവി കണ്ണിമയിളക്കലിനാൽ ജഗത്തിൻ । സൃ
ഷ്ടിസ്ഥിതിപ്രളയമൻപൊടു ചെയ്തിടുന്നു ॥ നാനാവതാരമതിലഗ്രഹി
ണാച്യുതേശ । നാരേക്കാരക്ഷവത്തുമായവരം ഗ്രഹമാവാ ॥ നന്ദന്റെ ഗേ
ഹമതിലും പ്രസവസ്ഥലത്തുനിന്നും മറച്ചു തദനന്തരമപ്രകാരം ॥ പ്രാപി
ച്ചുടൻ മധുരയെ, ഭയമോടു പിന്നീ । ടപാരകാഗമനവും ജഗദംബ ചൊ
ല്ലാൽ ॥ നൽസ്ത്രീകൾ ഷോഡശസഹസ്രമൊടൻപതെട്ടു । തന്നംശ
മായ് വരകളായ് മവർ കരമേറ്റാൾ ॥ ആസ്ത്രീകൾ തൻ കളിവശത്തൊടു
ഭൃത്യനാക്കി । വച്ചാളനന്തഭഗവാനെയുമംബ തന്നെ ॥ ബാദ്ധ്യപ്രതി
ന്നൊരവനെയൊരു നാരിപോലും । നന്നായിരുമ്പിലൊരു പഞ്ജരമെന്ന
പോലെ ॥ ഈരെട്ടായിരവുമൻപതു നാരിമാരും । ബന്ധിക്കയി
ല്ലെന്തുവിധം കിളിയേ കണക്കേ ॥ കാമാവശത്തിലതിമോദമൊടും സ്വൈര
ന്ദ്ര । ലോകത്തെയാണ്ടു മഘവാവൊടുപോരുമാടി ॥ മന്ദാരമാം മരവുമാ,
ഹരികൊണ്ടുവന്നാൻ । ഭാമാംഗണത്തിനതു ഭൂഷണമായ് ഭവിച്ചു ॥ ചൈ
ദ്യേശനാദികളെ വെന്നു ബലേന കൃഷ്ണൻ । രൈമിക്ഷതന്നുടയമോദപരം
കൊടുത്താൻ ॥ ധർമ്മിഷ്ഠനാകുമവനപ്പരപത്നിതന്നെ । കൈക്കൊണ്ട
തെന്തുവിധിയാണതു നീതിയാണോ? ॥ ക്രൂരോഗ്രമഹങ്കാരാധീനനായ്
പ്രാണി ചെയ്തിടും അതിനാലാക്രമിക്കപ്പെട്ടജ്ഞാനമൊണ്ടു മൂഢനായ് ॥
അഹങ്കാരത്തിൽ നിന്നുണ്ടായിട്ടുള്ളോരാചാരമൊക്കയും വിഷ്ണുവീശൻ മൂലമൂ

ഗ്രമതപ്രകൃതിസംഭവം ● അനഹങ്കാരിയായെന്നതീതമനാവിരിഞ്ഞു
നാം മുക്തനാമല്ലയെന്നാകിൽസംസാരിയവനാന്നൃപ! ● അനഹങ്കാരി
താൻമുക്തൻബദ്ധൻതദ്വശമാണവൻ ഗൃഹം,ധനം,നാരി,സുതർ,സ
ഹജന്മാരു,മല്ലുടോ ● ബന്ധനംപ്രാണികൾക്കൊത്താലഹങ്കാരംനൃപോ
ത്തമ! ഞാൻകർത്താശകതനാംഞാനിന്നികാര്യംചെയ്യുമേലിലും ● ചെ
യ്യുംചെയ്യുന്നിതാരയെന്നുബന്ധിക്കുംപ്രാണികൾസദയം കാര്യംകാരണ
മില്ലാതെഭവിക്കുന്നില്ലൊരേടവും ● കാണപ്പെടുന്നിവ്വണ്ണമായിക്കടംമൂൽ
പിണ്ഡമെന്നിയേ അഹങ്കാരത്തൊടുവിശേഷംപാലിച്ചിട്ടുന്നുവിഷ്ണുവും ●
അല്ലെങ്കിലെന്തുചെയ്വൂണ്ണം ചിന്താംബുധിയിൽമഗ്നനാം? അനഹങ്കാരി
യായെന്നതീതന്നാത്മാശയൻ ● അവതാരപ്രവാഹത്തിൽമുങ്ങീട്ടു
ന്നതുമെങ്ങനെ? മോഹമൂലമഹങ്കാരംസംസാരമതിൽനിന്നതാൻ ●
അനഹങ്കാരികൾക്കജ്ഞാനവുംസംസാരവുംനഹി രാജസൻ,സാത്വി
കൻ,താമസനെന്നായ്മൂന്നുമട്ടിലായ് ● ബ്രഹ്മവിഷ്ണ്വീശരാകുന്നപുരു
ഷന്മാരെയോതിട്ടും അഹങ്കാരവുമവ്വണ്ണമവരിൽമൂന്നുമട്ടിലായ് ● സൂ
ക്ഷ്മദർശികളായുള്ളമുനിമാർചൊല്ലിടുന്നതേ അഹങ്കാരംകൊണ്ടിവരും
ബദ്ധരാണില്ലസംശയം ● ഒരുന്നമായാമോഹത്താൽബുദ്ധികെട്ടമനീ
ഷികൾ അവതാരംസ്വേച്ഛപോലെചെയ്യുന്നുഹരിയെന്നതായ് ● ആ
ശിക്കാമെന്തിനംദുഃഖമേറുംഗർഭത്തിൽവാഴുവാൻ പിന്നെസ്സ്വർഗ്ഗത്തെനാം
വിഷ്ണുവാഗ്രഹിക്കുന്നതെങ്ങനെ? ● മറ്റുള്ളതൊക്കെയസത്യം തൻ,ദേവകി
തന്റെയും ഗർഭത്തിൽസ്വേച്ഛയാപുക്കാൻഹരിയെന്നന്ധരോതിടും ●
വിഷംപോൽദുഃഖമേകിടും ചിന്തകൾകോടിവന്നിടും വൈകുണ്ഠവാ
സവുംവിട്ടിഗർഭത്തിൽവാഴ്കസൌഖ്യമോ? ● തപംയോഗങ്ങളുംചെയ്യും
ബഹുദാനംകൊടുത്തിടും മഹാദുഃഖമാംഗർഭവാസമില്ലാതെയാകു
വാൻ ● സ്വതന്ത്രനാകിലെവ്വണ്ണമജ്ഞനാർന്നനാംഹരി ഭഗവാൻഗർഭവാ
സത്തിലിഷ്ടമുള്ളവനായിടും ● യോഗമായയ്ക്കധീനതിലാണിവിശേഷം
ധരിക്കനീ ബ്രഹ്മാദിസ്തംബപര്യന്തംദേവമാനുഷജന്തുകം ● ബ്രഹ്മവി
ഷ്ണ്വീശരാമായാതന്ത്രത്തിൽകെട്ടപെട്ടവർ കളിയായിഭ്രമിക്കുന്നുബ
ന്ധിക്കുന്നുചിലന്തിപോൽ.

ശ്രീദേവീഭാഗവതം നാലാംസ്കന്ധം

അഹങ്കാരലക്ഷണം

ഒന്നാമദ്ധ്യായം

രണ്ടാമദ്ധ്യായം

രാജാവു പറഞ്ഞു.

യോഗമായാപ്രഭാവത്തെവിസ്തരിച്ചുരചെയ്യുനീ തച്ചരിത്രമുരച്ചാലുംകേൾപ്പാൻകൌതുകമുണ്ടുമേ * മഹാദേവീപ്രഭാവത്തെക്കേൾപ്പാനാരാഗ്രഹിച്ചിടാ ജഗത്തെല്ലാമവളിൽനിന്നുണ്ടായെന്നറിയുന്നവർ.

വ്യാസൻ പറഞ്ഞു.

രാജാവേ!കേൾക്കചൊല്ലീടാംവിസ്തരിച്ചുമഹാമതേ! ശ്രദ്ധയോടുനശാന്തനായ്ചൊല്ലാഞാൻമന്ദബുദ്ധിയാം * ഭൂമിയിൽപണ്ടുമഹിഷൻരാജാവായിട്ടിരിക്കവേ ദേവാസുരന്മാർക്കുണ്ടായിഘോരമായുള്ളസംഗരം * മഹിഷാഖ്യൻമഹാമേരുവതിങ്കൽചെന്നുഘോരമായ് സുരന്മാരുംവിസ്മയിക്കുന്നതപംചെയ്താൻനൃപോത്തമ! * പതിനായിരമാണ്ടപ്പുദേവനെയുള്ളിലോർത്തവൻ അവനതുഷ്ടനായ്തീർന്നുബ്രഹ്മാലോകപിതാമഹൻ * ഹംസത്തിലേറിവിധിയന്നവിടെത്തീട്ടുചൊല്ലിനാൻ വരംവരിക്കധർമ്മിഷ്ഠ!സാധിക്കാംനിന്റെവാഞ്ഛിതം.

മഹിഷൻ പറഞ്ഞു.

ആശിക്കുന്നമരത്വംഞാൻദേവദേവ!വിധേ!വിഭോ! മരണംമൂലമായ്ഭീതിയുണ്ടാകാതാകണംദേവാൻ.

ബ്രഹ്മാവുപറഞ്ഞു.

ജനിച്ചോനുണ്ടുമരണംമരിച്ചോനുണ്ടുജന്മവും സർവ്വഥാജന്മമരണമുണ്ടീപ്രാണികൾക്കശേഷവും * കാലത്താൽനാശമുണ്ടെല്ലാപ്രാണികൾക്കുദൈത്യപുംഗവ! വലുതാംപർവ്വതങ്ങൾക്കുംനശ്വരങ്ങൾക്കുമങ്ങനെ * മരണത്തിൻകാര്യമൊന്നുവിട്ടുനിന്നുള്ളിലെണ്ണുവാൻ സാധോ!നീയാവരത്തെഞാൻപറഞ്ഞാലുംമഹീപതേ!

മഹിഷൻപറഞ്ഞു.

ദേവാസുരനരന്മാരാൽ മരണം മേ ഭവിക്കൊലാ പുമാനെന്നെക്കൊല്ലൊലാപിന്നൊരുനാരിവധിച്ചിടും * അതിനാൽസ്ത്രീയിൽനിന്നെന്റെമരണംനീവിധിക്കണം എവ്വണ്ണംശക്തയാമെന്നെക്കൊല്ലുവാനബലാവിധേ!

ബ്രഹ്മാവുപറഞ്ഞു.

എന്നാകിലുംനിനക്കുണ്ടാംമരണംസ്ത്രീയിൽനിന്നുതാൻ പുരുഷന്മാരിൽനിന്നുണ്ടാകില്ലെടോമഹിഷാസുര!

വ്യാസൻപറഞ്ഞു.

ഈവണ്ണംവരമേകീട്ടുവിധിയാംബ്രഹ്മനിജാലയം അദ്ദൈത്യവരനും മോദാൽപ്രാപിച്ചുതൻപദത്തിനെ.

രാജാവുപറഞ്ഞു.

ഏവന്റെപുത്രൻമഹിഷനെന്നുള്ളവനായ് മഹാബലൻ മഹാനാമവനെവ്വണ്ണംപോത്തിന്റെവടിവാണ്ടതും?.

വ്യാസൻപറഞ്ഞു.

രണ്ടുപേർദനുവിൻപുത്രന്മാരായ് ഭുവിൽപ്രസിദ്ധരായ് രംഭനെന്നേകനപരൻകരംഭൻനൃപസത്തമ! ॥ അപുത്രന്മാരവർപുത്രന്മാർക്കായിബഹുവത്സരം തപംചെയ്താർപുണ്യപഞ്ചനദതീർത്ഥത്തിലേററവും ॥ ജലത്തിൽതാണുത്തമമാംതപംചെയ്താൻകരംഭനും രസാലവടമാണഗ്നിമദ്ധ്യത്തിൽതന്നെരംഭനും ॥ രംഭൻപഞ്ചാഗ്നിമദ്ധ്യസ്ഥനായിട്ടെപ്പോരംഭിച്ചുവോ അപ്പോളിന്ദ്രനറിഞ്ഞേററമഴലോടവിടെത്തിനാൻ ॥ ഇന്ദ്രൻപഞ്ചനദത്തിൽപോയ് മുതലയ്ക്കുള്ളരൂപമായ് കരംഭൻതന്റെ പാദങ്ങൾരണ്ടിലുംപിടികൂടിനാൻ ॥ ഇന്ദ്രൻവധിച്ചാൻദുഷ്ടനായിട്ടുന്ന കരംഭനെ ഭ്രാതാവിൻമൃതികേട്ടിട്ടതുഷ്ടനായേററംരംഭനും ॥ തീയിൽതൻതലഖണ്ഡിച്ചുഹോമിപ്പാനായുറച്ചവൻ കോപത്തോടുമിടങ്കയ്യാൽകേശത്തിങ്കൽപിടിച്ചുടൻ ॥ മൂർച്ചയേറുന്നവാളുംതൻവലങ്കയ്യാലെടുത്തുതേ ശിരസ്സറുക്കുമെന്നപ്പോളറിഞ്ഞഗ്നിപറഞ്ഞുടൻ ॥ മൂർഖൻനീയാഗ്രഹിക്കുന്നിന്നറുപ്പാൻനിന്റെമസ്തകം ദുസ്സാദ്ധ്യമാമാത്മഹത്തിക്കായ് തുടങ്ങുന്നതെന്തുനീ ॥ വാങ്ങുനീനിന്നിഷ്ടമായവരം,നല്ലതുവന്നിടും മരിക്കൊലാനിനക്കെന്തുകാര്യമീമൃതിയാൽവരും.

വ്യാസൻപറഞ്ഞു.

അഗ്നിതന്നാനല്ലവാക്കുകേട്ടുടൻരംഭനാമവൻ കേശമുഷ്ടിത്തിനെ വിട്ടിട്ടുരച്ചാനീവചസ്സിനെ: ॥ 'ദേവേശ!നീതുഷ്ടനാകിലെന്നിഷ്ടവരമേകുക ത്രൈലോക്യജയിയാംവീരപുത്രൻമേജാതനാകണം ॥ ജയിക്കരുതവൻതന്നെദ്ദേവാസുരമനുഷ്യരും കാമരൂപത്തോടാവീരൻസർവ്വമാന്യനാകണം' ॥ അവനോടോതിനാനഗ്നി:'ധന്യനാംനിന്നിഷ്ടംപോൽസുതൻ മഹാഭാഗനതാംനീയീമരണംവിട്ടടങ്ങുക ॥ രംഭ!നീയെവളേകാമിച്ചീടുന്നവളിലായ്തവ കരുത്തേറുംവീരപുത്രനുണ്ടായീടുമസംശയം'.

വ്യാസൻപറഞ്ഞു.

തന്നോടായഗ്നിയീവണ്ണംനല്ലവാക്കുപറഞ്ഞതും കേട്ടിട്ടഗ്നിയെ 40 ॥

വന്ദിച്ചുപോയാനദ്ദാനവോത്തമൻ ✱ യക്ഷർചൂഴുന്നൊരുകെഴുംനൽസ്ഥാ
നംകണ്ടുദാനവൻ സൗന്ദര്യപൂർണ്ണയായ് മത്തയായോരെരുമയെയു
ടൻ ✱ മററുനാരികളെവിട്ടുകാമിച്ചാൻദാനവോത്തമൻ പ്രാപിച്ചുതും
കാമമാലോടവളെയതിവേഗമായ് ✱ ഭാവികാര്യപ്രേരിതനായ്പ്രാപി
ച്ചൊരെരുമയെയവൻ ദാനവീര്യത്തിനാൽഗർഭമുണ്ടായായെരുമയ്ക്കുടൻ ✱
മഹിഷങ്ങളിൽനിന്നിട്ടുരക്ഷിപ്പാനിഷ്ടഭാര്യയാം അതിനെക്കൊണ്ടവൻ
പോയാൻനൽപാതാളമതിങ്കലായ് ✱ ഒരിക്കലോരിച്ചതിനെക്കാമംപൂ
ണ്ടൊരുപോത്തുടൻ അതിനെക്കൊല്ലുവാൻരംഭൻതാനുമങ്ങോടിയെ
ത്തിനാൻ ✱ ആത്തരക്ഷസ്സുവൻചെന്നിട്ടടിച്ചാൻമഹിഷത്തിനെ കാ
മമാലോടത്തുംനേരായ് കൊമ്പുകൾകൊണ്ടടിച്ചുതത ✱ ഹൃദയത്തില
തിൻതീക്ഷ്ണശൃംഗതാഡനമേല്ക്കയാൽ മൂർച്ഛിച്ചുഭൂമിയിൽവീണുമരിച്ചാ
നതിവേഗമായ് ✱ ഭർത്താവുമൃതനായപ്പോൾദുഃഖിച്ചോടിബ്ഭയത്തോ
ടുംയക്ഷർതന്റെവടംപ്രാപിച്ചവരെയാശ്രയിച്ചവൾ ✱ കാമത്താലപ്പോ
ത്തുമതിൻപുറകെയോടിയെത്തിനാൻ കാമയാന,നതാംഗീ,കാമിയാ
യുള്ളൂ വീഴ്ത്തുവാൻ ✱ ഭീയാലെറെറ്റീനയായിട്ടലറുന്നവളേയുമേ ഓടിയെ
ത്തുന്നവനേയുംകണ്ടുരക്ഷസ്സുകൾ ചെന്നവർ ✱ യക്ഷന്മാർക്കപ്പോത്തിനോട്ടു
ക്രുടിയുണ്ടായ്മഹാരണം ശരമേററുടനപ്പോത്തുഭൂമിയിൽവീണു ചത്തു
പോയ് ✱ ഏററവുംപ്രിയനാം പതിരംഭനെക്കൊണ്ടുവന്നവർ കയററിവ
ച്ചാർ ചിതയിൽദേഹത്തെസംസ്കരിക്കുവാൻ ✱ ചിതയിൽവച്ചപതിയെ
കണ്ടാമഹിഷിയഗ്നിയിൽ പ്രവേശിപ്പാൻനിശ്ചയിച്ചാൾഭർത്താവി
നൊട്ടുക്രൂരവേ ✱ യക്ഷന്മാരാൽതടുക്കപ്പെട്ടെങ്കിലുംസതിയാമവൾ ക
ത്തിക്കാളുന്നഗ്നിയെത്താൻപ്രാപിച്ചാൾപതിയോടുമായ് ✱ ചിതാമ
ദ്ധ്യത്തിൽനിന്നുണ്ടായ് ശക്തിമാൻ "മഹിഷാസുരൻ" പുത്രവത്സലനാം
രംഭനന്യദേഹമെടുത്തുടൻ ✱ രക്തബീജനുമായ്തീർന്നാൻ,മഹിഷൻ,
ബലമുള്ളവൻ ഹയാരി,യിവനായ് രാജ്യാഭിഷേകം ചെയ്തുദാനവർ ✱
ഉണ്ടായിതിങ്ങുമഹിഷൻ,വീരനാംരക്തബീജനാം സുരാസുരനരന്മാരാല
വദ്ധ്യൻതപോബലമേ! ✱ രാജാവേചൊല്ലിനേനേവമാമഹാൻതന്റെജ
ന്മവും വരദാനവുമവ്വണ്ണമെല്ലാംവിസ്താരമായ്നൃപ!.

ശ്രീദേവീഭാഗവതം അഞ്ചാംസ്കന്ധം

മഹിഷോത്ഭവം

രണ്ടാമദ്ധ്യായം.

൩-നാമദ്ധ്യായം

വ്യാസൻപറഞ്ഞു.

മഹിഷാസുരനീവണ്ണംവരലബ്ധിതനാകയാൽ രാജ്യമാണ്ടുജഗത്തെ
ല്ലാംവശത്താക്കിമഹാബലൻ ॰ കയ്യൂക്കകൊണ്ടിട്ടാക്രമിച്ചിട്ടാഴിപര്യന്ത
മൂഴിയെ ഏകച്ഛത്രാധിപത്യത്തിൽപാലിച്ചാൻവൈരിയെന്നിയെ ॰
അവന്നു "ചിക്ഷുരൻ" സൈന്യനാഥൻവീരൻമദോൽക്കടൻ താമ്രാസു
രൻധനാദ്ധ്യക്ഷൻബഹുസൈന്യങ്ങളുംചേർന്നവൻ ॰ അസിലോമാ,ബി
ഡാലാഖ്യ,നമക്കൻ,ബാഷ്കലാസുരൻ ത്രിനേത്രൻ,ബലമേറുന്നകാലബ
ന്ധകരാനവർ ॰ സൈന്യത്തോടിവരെല്ലാരുമാഴിചൂഴ്ന്നൊരൂഴിയെ
ചുററിസ്സൂക്ഷിയെറുന്നോരവനേക്കാത്തുപാർത്തുതേ ॰ പണ്ടുള്ളനൃപരേ
കപ്പംകൊടുപ്പോരാക്കിനാരവർ അതിൽചിലബലംക്രൂരംനൃപന്മാരെ
വധിച്ചുതേ ॰ മഹിഷൻതന്റെരാജ്യത്തിലുള്ളവിപ്രരശേഷവും യാഗഭാ
ഗമവന്നേകിവശത്തായിവസിച്ചുതേ ॰ ഏകാതപത്രമാകിട്ടാരാജ്യത്തെ
മഹിഷാസുരൻ വരലബ്ധിതനായ്സ്വർഗ്ഗംജയിപ്പാൻനിശ്ചയിച്ചുടൻ ॰
ഒരുദൂതനെയിന്ദ്രന്നായയപ്പാൻമഹിഷാസുരൻ വേഗംവിളിച്ചവനൊ
ടായ്ചൊല്ലിനാൻദൈത്യനായകൻ: ॰ 'എൻദൂതരാവമാണ്ടിന്നുദേവ
ലോകത്തുപോയിനീ വിണ്ണോർസഭയിൽവച്ചിന്ദ്രനോടുനിശ്ശങ്കമോതു
ക ॰ സ്വർഗ്ഗത്തെവിട്ടുവേഗംനീയിപ്പോൾപോകഗമിക്കണം അല്ലെങ്കിൽ
ചെന്നാശ്രയിക്കുമഹാൻമഹിഷനേവാൻ ॰ ശരണാഗതനാംനിന്നെ
രക്ഷിക്കുംനൃനമാന്നൃപൻ ; അതുകൊണ്ടാമഹിഷനെയാശ്രയിക്കശചീ
പതേ! ॰ എടുക്കുവജ്രമല്ലെങ്കിൽപോരിനായ്വലസൂദന ജയിച്ചുനി
ന്നെയെൻപൂർവ്വരറിയാംനിന്റെപൌരുഷം ॰ അഹല്യാജാര!ദേവേശ!
നിൻബലംഞാനറിഞ്ഞിടും പോർചെയ്യയോപേ ,യോനിനിഷ്ട
മ്പോൽചെയ്തുകൊൾകനീ.'

വ്യാസൻപറഞ്ഞു.

അവന്റെയാവാക്കുകേട്ടുകോപംപൂണ്ടശ്ശതക്രതു ചിരിച്ചുംകൊ
ണ്ടിപ്രകാരമവനോടോതിനാൻനൃപ: ॰ 'ഞാനറിഞ്ഞില്ലമൂഢൻനീയെ
ന്തേവംമദമത്തനായ്? നിൻനാഥനുള്ളരോഗത്തിന്നിന്നുചെയ്യാംചി
കിത്സഞാൻ ॰ അതിന്നുമേലവൻമൂലനാശവുംഞാൻവരുത്തിടാം ദൂത!
നീപോകയെൻവാക്കിതവനോടുരചെയ്യുക ॰ ശിഷ്ടന്മാർദൂതരെക്കൊൽ

കില്ലയയ്ക്കുന്നതുകൊണ്ടുഞാൻ വേഗംവന്നുപോരിനാശയുണ്ടെങ്കിൽമഹിഷീസുത! • അറിഞ്ഞുനിൻബലംഞാൻനീപുല്ലുതിന്നുംജഡാകൃതി നിന്റെകൊമ്പുകളാൽതീക്ഷ്ണംമഹിഷ!നല്ലവില്ലുഞാൻ • കൊമ്പിൻബലംകൊണ്ടുമദംനിനക്കതറിയുന്നുഞാൻ ആക്കൊമ്പുകൾമുറിച്ചിട്ടീമദത്തെഞാൻകളഞ്ഞിടും • കൊമ്പിനുള്ള ബലംമൂലംബലദർപ്പിതനായി നീ കണ്ണുംനീയവയാൽപോരിൻമിടുക്കില്ലനിനക്കെടാ'.

വ്യാസൻപറഞ്ഞു.

ഇന്ദ്രനാലിതുചൊല്ലപ്പെട്ടദൂതൻപോയിവേഗമായ് മത്തൻമഹിഷനെപ്രാപിച്ചുരച്ചാൻപ്രണമിച്ചവൻ.

ദൂതൻപറഞ്ഞു.

ഇന്ദ്രനങ്ങുന്നിക്കുന്നില്ലൊട്ടുമേരാജസത്തമ! ദേവസേനകളോടൊത്തിട്ടൂക്ഷ്ണബലപൂർണ്ണനായ് • ആമൂർഖൻചൊന്നതല്ലാതെവേറെഞാൻചൊൽവതെങ്ങനെ? പ്രിയമായ് സത്യമായ് ഭൃത്യൻപ്രഭുവിൻമുമ്പിലോതണം • ശുഭമേകം ശുഭവുംപ്രഭുവോടായ് പ്രിയമായ സത്യമോതണം ശുഭകാരിണിയായുള്ളമന്ത്രിയായിട്ടുമന്നവ! • കേവലംപ്രിയമായ് ചൊന്നാൽനിൻകാര്യാവലിക്കില്ലതിൽ പരുഷംശുഭമിച്ചപ്പോൾചൊല്ലീടരുതൊരിക്കലും • വിഷസമാൽശത്രുവദനത്തിങ്കൽനിന്നുവരുംപടി എന്നുവാക്കുകൾഭൃത്യമുഖത്തിൽനിന്നുവന്നിടും • അവൻചൊല്ലിയ വാക്യങ്ങളെമട്ടുള്ളഭൂപതേ! ഞാനിപ്പോൾചൊല്ലുവാൻധൈര്യമെൻ നാവിന്നില്ലൊരിക്കലും.

വ്യാസൻപറഞ്ഞു.

ഹേതുഗർഭതരാദ്ദൂതവാക്കുകേട്ടന്നാശനൻ മഹിഷാസുരനത്യന്തംരുഷ്ടനായിഭവിച്ചുതേ • ദൈത്യന്മാരെവിളിച്ചോതിക്കോപത്താൽ കൺചുവന്നവൻ വാലുയർത്തീട്ടുമൂത്രത്തെത്യജിച്ചുംകൊണ്ടുമാനവൻ • ഭോ!ഭോ!ദാനവരേ!യുദ്ധകാമനായ് വന്നിതിന്ദ്രനും അസ്സുരാധമനെ വെൽവാൻസേനയെച്ചേർത്തുകൂട്ടുവിൻ • ഇന്ദ്രന്മാർകോടിവന്നാലുമെൻ നേരെനിന്നിടില്ലവർ ഭയമില്ലെനിക്കെന്നതുവധിക്കാമിന്നതന്നാഞാൻ • ശാന്തന്മാരിൽശൂരനിവൻതപിപ്പോരിൽകരുത്തനും വ്യാജാൽബലം കാട്ടുന്നോൻ,സ്ത്രീസക്തൻപരദാരഗൻ • അപ്സരസ്ത്രീബലോന്മത്തൻ,തപോവിഘ്നകരൻ,ഖലൻ ദ്രോഹിക്കുന്നോൻതരംനോക്കിപ്പാപൻവിശ്വാസഘാതകൻ • അനേകംശപഥംചെയ്തുംവ്യാജമായ് സ

ന്ധിചെയ്തുമേ ദുഷ്ടനാമിന്ദ്രനാൽകൊല്ലപ്പെട്ടാനമുചിയെന്നവൻ ॥ കപടത്തിന്നൊരാചാൎയ്യൻ,കള്ളൻ,ശപഥമൊത്തവൻ നാനാരൂപധരൻ,വീരൻ,ചതിചെയ്യുന്നവൻഹരി ॥ പന്നിതൻവടിവായ്കൊന്നാൻ ഹിരണ്യാക്ഷനെയായവൻ കൊന്നാൻഹിരണ്യകശിപുവെന്നസിംഹസ്വരൂപമായ് ॥ ഞാനവൻകീഴിലാകില്ലനിശ്ചയംദൈത്യവീരരേ! ഒരിക്കലുംവാനവരെവിശ്വസിക്കയുമില്ലഞാൻ ॥ വിഷ്ണുവെന്നേയെന്തുചെയ്യുംബലവാനാകമിന്ദ്രനും യുദ്ധത്തിലെന്നോടേററിടാൻരുദ്രനുംശക്തിയില്ലതാൻ ॥ സ്വൎഗ്ഗത്തെക്കൈക്കലാക്കീട്ടമിന്ദ്രൻ,വരുണ,നന്തകൻ ധനദൻ,പാവകൻ,സൂൎയ്യൻ,ചന്ദ്രനെയുംജയിച്ചുഞാൻ ॥നാമിപ്പോൾസോമപന്മാരാംയാഗഭാഗംഭുജിച്ചിട്ടും വിണ്ണോരെവെന്നിച്ചുപോൽഞാൻകളിക്കംദൈത്യരാട്ടമായ് ॥ ദൈത്യരേ!വരദാനത്താൽവാനോരെബ്ഭയമില്ലമേ നരനുംകൊല്ലുകില്ലെന്നൊനാരിയിന്നെന്തുചെയ്തിടും ॥ പാതാളത്തിൽപൎവ്വതത്തിൽനിന്നമെൻദ്വേഷ്യരായിടും സൈന്യേശരെന്നവന്മാരെവിളിച്ചിപ്പോളൊരുങ്ങുവിൻ ॥ ദേവശ്രേഷ്ഠരെവെൽവാൻഞാനൊരുത്തൻമതിയാസ്സരും ശോഭസ്ഥായ്നിങ്ങളെക്കൊണ്ടുപോകുന്നേനവിടേയ്ക്കുഞാൻ ॥ കൊമ്പുംകളമ്പുംകൊണ്ടിട്ടുവിണ്ണരെക്കൊല്ലുമിന്നുഞാൻ വരദാനപ്രഭാവത്താൽവാനോരെയുംശിവനേഹി ॥ സുരാസുരനരന്മാരാലവധ്യൻഞാനതെവിധം ഒരുങ്ങിക്കൊൾവിനതിനാൽദേവലോകംജയിക്കുവാൻ॥ ക്രീഡിക്കാംനന്ദനത്തിങ്കൽസ്വൎഗ്ഗലോകംജയിച്ചുനാം കല്പവൃക്ഷസുമംചൂടിദ്ദേവസുന്ദരിമാരുമായ് ॥ കളിച്ചുസുരഭിപ്പാലാ,ലമൃതുണ്ടുമദിച്ചുമേ ദേവഗന്ധൎവ്വർതൻനൃത്തഗീതാദിയിടചേരവേ ॥ ഉൎവ്വശി,മേനകാ,രംഭാ,തിലോത്തമ,ഘൃതാചിയും പ്രമദ്വരാ,മഹാസേനാ,മിശ്രകേശി,മദോൽക്കടാ ॥ വിപ്രചിത്തി,മുതൽക്കളെല്ലാർന്നൃത്തഗീതസമൎത്ഥകരം രഞ്ജിപ്പിക്കമെമാരോമദ്ദ്യസേവകൊണ്ടവർനിങ്ങളേ ॥ ഒരുങ്ങിക്കൊൾവിനെല്ലാരുംനന്ദിപ്പിൻസ്വൎഗ്ഗയാത്രയിൽ നല്ലമംഗളകൎമ്മത്തെച്ചെയ്യിൻദേവരണത്തിനായ് ॥ എല്ലാവരെയുംരക്ഷിപ്പാൻമുനിവൎയ്യൻവരൻഗുരു വിളിച്ചാശുക്രനെപൂജിച്ചിട്ടുയാഗത്തിനാക്കുവിൻ.

വ്യാസൻപറഞ്ഞു.

ദൈത്യരോടിതുകല്പിച്ചാൻപാപിയാംമഹിഷാസുരൻ മോദപൂൎണ്ണമതിവേഗത്തിൽപ്രാപിച്ചാൻതന്റെമന്ദിരം.

ശ്രീദേവീഭാഗവതം അഞ്ചാംസ്കന്ധം

മഹിഷയുദ്ധോദ്യോഗം

മൂന്നാമദ്ധ്യായം.

നാലാമദ്ധ്യായം.

വ്യാസൻ പറഞ്ഞു.

അട്ടുതൻപോയതിൽപിന്നെ വരുണൻ, വായു, വന്തകൻ കുബേരനീസുരന്മാരെ വിളിച്ചിരുന്നിതോതിനാൻ: ● 'മഹിഷാഖ്യൻ ദാനവേശൻ രംഭപുത്രൻ മഹാബലൻ വരംകൊണ്ടു മദിക്കുന്നോൻ സമർത്ഥൻ ബഹുമായയാൽ ● സ്വർഗ്ഗകാമൻ ദുർബ്ബുദ്ധി അവൻ ചൊല്ലീട്ടു ദൈത്യദൂതനാം വന്നിന്നിവിടെയെന്നോടീവാക്കു ചൊന്നാൻ സുരേശരേ!' ● 'സ്വർഗ്ഗം വെടിഞ്ഞു നീയിപ്പോൾ പൊയ്ക്കൊള്ളുക വാസവ! അതു ചെയ്കയല്ലെന്നാൽ മഹാൻ മഹിഷദൈത്യനെ ● ഭയവേറുന്ന ദൈത്യേശൻ കല്പിക്കും ജീവനാശവും ഭൃത്യന്മാരിലവൻ കോപം കാട്ടുകില്ലൊരു നേരവും ● സൈന്യത്തെച്ചേർത്തു കൂട്ടീടുകല്ലെങ്കിൽ പോരിനായിനി ഞാൻ പോയാലദ്ദൈത്യനാഥൻ വേഗാലിവിടെ വന്നിടും ● എന്നോതിയദ്ദുഷ്ടദൈത്യദൂതനങ്ങു ഗമിച്ചു ഹേ ഇനിയെന്താണു ചെയ്യേണ്ടതതാലോചിച്ചു ചൊല്ലുവിൻ ● ദുർബ്ബലൻ ശത്രുവെന്നാലും തള്ളാലാ ബലവാനമേ വിശേഷിച്ചുമിവൻ ശക്തനസഹിഷ്ണു മദിച്ചവൻ ● ബുദ്ധിയും ബലവും പോലെ ചെയ്യണം നാം പരിശ്രമം ജയമോ തോൽവിയോ ദൈവാധീനം പോൽ വന്നിടും ദൃഢം ● സന്ധിപാടില്ലിവനുമായ് ഖലനിൽ സന്ധി നിഷ്ഫലം സാധുക്കളോടു നന്നായിച്ചിന്തിച്ചു ചെയ്യാം നടത്തണം ● യുദ്ധയാത്രയുമിന്നേരമാലോചിക്കാതെ ചെയ്തിടാ വേഗം ചെന്നുള്ളിലെത്തുന്നോർ, ചെയ്ച്ചുയാശയുമററവർ ● ഇംഗിതജ്ഞർ, സത്യവാന്മാർ, ദൂതന്മാരെയയക്കണം സൈന്യസംഖ്യ, പുറപ്പാടും, സേനതന്ത്രമെല്ലാം ● സൂക്ഷ്മമായ് വീരരേയും കണ്ടറിഞ്ഞു തെറ്റുവേഗമായ് മഹിഷന്റെ സേനകൾക്കുള്ള ശക്തിയറിഞ്ഞു നാം ● പിന്നെച്ചെയ്യാം കോട്ട രക്ഷിക്കുകയോ യുദ്ധയാത്രയോ ബുദ്ധിമാനെപ്പൊഴും കാര്യമാലോചിച്ചിട്ടു ചെയ്യണം ● പെട്ടെന്നു കാര്യം ചെയ്യുന്നാൽ സദാ ദുഃഖം വരുത്തിടും ബുധന്മാരതിനാലാലോചിച്ചു ചെയ്താൽ സുഖം വരും ● നന്നല്ല ഭേദവിധിയിദ്ദൈത്യന്മാരിലൊരിക്കലും ഐകമത്യത്തിനാൽ ദൂതരുകൊണ്ടിന്നു പോകണം ● അവൻ ബലാബലം പാർത്തു പിന്നെച്ചിന്തിച്ചു നീതിയും അവർ ചെയ്യാൻ പോവതുമോതിങ്ങു കാര്യം നടത്തണം ● മറിച്ചു കാര്യം ചെയ്യുന്നാൽ വിപരീതഫലത്തിലാം എന്നുകൊണ്ടു മതാം വൃന്ദമറിവെന്യേ മതത്തെപോൽ.'

വ്യാസൻ പറഞ്ഞു.

എന്നാലോചിച്ചവരൊടായ് കാൎയ്യങ്ങളെന്നൊതല്ലൊതാനെ പറഞ്ഞയച്ചു ദേവേന്ദ്രനറിവാനായ് ഭൂപോത്തമ! * വേഗംപോയിത്തിരിച്ചെത്തി ദൂതനിന്ദ്രനോടായുടൻ അറിയിച്ചാൻമുഴുവനുംസൈന്യത്തിന്റെ ബലാബലം * ബലമുത്സാഹമിരണ്ടുമറിഞ്ഞതുള്ളതമാണവൻ അയച്ചിട്ടമരന്മാരെ,വേഗമാമന്ത്രവിത്തമൻ * ആചാൎയ്യനെവിളിച്ചിന്ദ്രനാലോചനതുടങ്ങിനാൻ വരാസനത്തിൽവാഴുന്നുള്ളതുവാചാട്ടുപറഞ്ഞിതേ.

ഇന്ദ്രൻ പറഞ്ഞു.

ഭോ!ഭോ!ദേവഗുരോവിദ്വൻ!ചൊൽകഞാനെന്തുചെയ്യണം ഇക്കാൎയ്യത്തിങ്കൽഞങ്ങൾക്കുഗതിസൎവ്വജ്ഞനാംഭവാൻ * മഹാവീരൻമദം പൂണ്ടോൻമഹിഷാസുരനെന്നവൻ അസംഖ്യംദൈത്യരോടൊത്തുയുദ്ധംചെയ്വാൻവരുന്നതേ * മന്ത്രജ്ഞൻനീയിന്നിതിന്നുപ്രതിക്രിയനടത്തണം അവൎക്കുശുക്രനേപ്പോലെപ്രതികൎത്താവെനിക്കുനീ.

വ്യാസൻ പറഞ്ഞു.

ആവാക്കുകേട്ടിന്ദ്രനോടുപറഞ്ഞതാനാബൃഹസ്പതി ഉള്ളിലേറെവിചാരിച്ചുകാൎയ്യംനേടാൻസമുത്സുകൻ.

ഗുരു പറഞ്ഞു.

ധൈൎയ്യംകൈക്കൊണ്ടുനീയിന്ദ്ര!സ്വസ്ഥനായിട്ടിരിക്കുക വ്യസനം വന്നടുക്കുമ്പോൾധൈൎയ്യംവേഗാൽത്യജിക്കൊലാ * ജയാജയംരണ്ടുമിന്ദ്ര! ദൈവാധീനത്തിലെപ്പൊഴും ബുദ്ധിമാനതുകൊണ്ടെന്നുംധൈൎയ്യമാണ്ടു വസിക്കണം * വരാനുള്ളതുവന്നിടുംബോധമുണ്ടായതെങ്കിലും പരിശ്രമംചെയ്തിടേണംതന്റെശക്തിക്കുതക്കപോൽ * ദൈവാധീനത്തിലാണെല്ലാമെന്നറിഞ്ഞുംമഹൎഷിമാർ യോഗധ്യാനംചെയ്തുസദാമോക്ഷത്തിന്നായ്ശ്രമിപ്പവർ * അതിനാലെപ്പൊഴുംവേണംവ്യവഹാരോക്തമാംശ്രമം സുഖംവരട്ടെപോകട്ടെദൈവത്തോടെന്തുനീരസം? * പുരുഷശ്രമമില്ലാതെചിലപ്പോൾസിദ്ധിവന്നിടും പൊട്ടനെപ്പോൽഞൊണ്ടിയെപ്പോലെന്നാലുംശ്ലാഘ്യമാകൊലാ * പുരുഷശ്രമമുണ്ടായുംകാൎയ്യസിദ്ധിവരാഞ്ഞിലോ അവനതിൽദോഷമില്ലാദൈവാധീനമശേഷവും * കാൎയ്യസിദ്ധിവരാസൈന്യമന്ത്രാലോചനയൊന്നിലും ആയുധത്തിൽതേരിലുംതാൻ,ദൈവാധീനത്തിലേവരും * ബലവാൻദുഃഖമാളുന്നുസുഖമാളുന്നുദുൎബ്ബലൻ വിദ്വാൻവിശന്നിരിക്കുന്നുമൂഢൻനേടുന്നുഭോഗവും * ഭയശീലൻജയിക്കുന്നുതോററീടുന്നുപരാക്രമി ദുഃഖമെന്തിന്നുദൈവ

ത്തിൻകീഴാംസംസാരമെന്നതിൽ? ● നടക്കേണ്ടതിനുത്സാഹംചെയ്യനീ
സുരനായക! സുഖമോദുഃഖമോവന്നീടട്ടെചിന്തിച്ചിടേണ്ടതിൽ ● ദുഃ
ഖദുഃഖ്യാഢ്യരെന്നോക്കസുഖത്തിൽസുഖപൂൎണ്ണരെ ആത്മാവേസുഖദുഃ
ഖങ്ങൾക്കെകീടാസ്സരികൾക്കപോൽ ● ധൈൎയ്യംകയ്യാണ്ടിരിക്കേണം
സുഖദുഃഖങ്ങളിൽബുധർ അധൈൎയ്യത്തിൽവരുംദുഃഖമ്പോൽധൈൎയ്യ
ത്തിങ്കൽവന്നിടാ ● ബുദ്ധി,നിശ്ചയമായ്‌വന്നാൽസുഖദുഃഖങ്ങൾവന്നി
ടാ സുഖദുഃഖങ്ങൾനേരിട്ടാൽപ്രയാസംതാൻസഹിപ്പതും ● സുഖമെ
ന്താക്കിവാൻദുഃഖംനിൎഗ്ഗുണൻനിത്യനാണൊഞാൻ ഇതപൊതാലുതത്വ
ങ്ങൾകടന്നാൽസുഖദുഃഖമൊ? ● പൈ,ദാഹങ്ങൾപ്രാണനത്രെ,ശോ
കമോഹംമനസ്സിനം തന്നവിന്നാംജരാമൃത്യു,ഞാനാറുമ്മിവിട്ടംശിവൻ ●
ശോകമോഹംദേഹഗുണം, ചിന്തിച്ചാലെന്തെനിക്കതിൽ ശരീരമല്ല
ഞാൻജീവാത്മാവാകന്നതുമല്ലഞാൻ ● പതിനാറൊന്നേഴ്‌വികാരാദി
കൾവിട്ടഞാൻസുഖി യോനപ്രകൃതിവികൃതികളല്ലന്തഴൽപിന്നെ
മെ ● എന്നോത്തിന്ദ്ര!മനസ്സാൽ,നിൎമ്മമനായ്ഭവിക്കനീ നിൻദുഃഖ
ശാന്തിക്കിതുതാൻമുഖ്യോപായംശതക്രതോ! ● മമതാപരമംദുഃഖംനി
ൎമ്മമത്വംപരംസുഖം സന്തോഷംവിട്ടന്യമില്ലസുഖസാധനംശചീപതേ!
അഥവാമമതാനാശഞ്ഞാനംവന്നില്ലയെങ്കിലോ വിവേകംമേൽവരാന
മ്മകാൎയ്യത്തിങ്കൽഭവിക്കണം ● പ്രാരബ്ധകൎമ്മമെല്ലാംനാംഭുജിച്ചല്ലാതെ
തീരുമോ? നിൻബുദ്ധികൊണ്ടുംദേവന്മാരെല്ലാമൊത്തുതുണസ്സെങ്കിലും ●
വരേണ്ടതുവരുംചിന്തവേണ്ടാദുഃഖസുഖങ്ങളിൽ സുഖംപുണ്യക്ഷയത്തി
ന്നായ്ദുഃഖംപാപംനശിക്കുവാൻ ● സുഖക്ഷയത്തിലതിനാൽബുധർ
മോദിക്കണംദൃഢം ആലോചിച്ചഥവായിന്നുയത്നംചെയ്യവിധിപ്പടി ●
പ്രയത്നംചെയ്യിലുന്നതംവരാനമ്മതുവന്നിടും.

ശ്രീദേവീഭാഗവതം അഞ്ചാംസ്കന്ധം
ഇരുപതാമദ്ധ്യായം.
നാലാമദ്ധ്യായം.

അഞ്ചാമദ്ധ്യായം

വ്യാസൻ പറഞ്ഞു.

ഇതുകേട്ടസഹസ്രാക്ഷൻപിന്നെഗ്ഗുരുവൊടോതിനാൻ യുദ്ധോ
ദ്യോഗംതുടങ്ങാംഞാൻമഹിഷന്റെവധത്തിനായ് ● ഉത്സാഹമെന്ന്യേ

വരുമോ? രാജ്യം,കീർത്തി,സുഖങ്ങളും നിരുത്സാഹംവിക്രമികൾക്കുവാച്ചീടില്ല
ഉദയശീലരും ॥ യതികളശ്രുഷണാംജ്ഞാനം,ബ്രാഹ്മണർക്കുത്തമമാം സമ്പ
ത്തിച്ചീടിപ്പവർക്കൊത്താലുത്സാഹം,ശത്രുനാശവും ॥ വൃത്രൻ,വലൻ,നമു
ചിയുംഹേതരായെൻക്രമത്തിനാൽ ഞാനുപോലിമഹിഷനെക്കൊല്ലുമാ
ഞാൻമുനിസത്തമ! ॥ എനിക്കുള്ളതുവാംനീയുംവജ്രവുംതാൻബലമുളു
ലോം സഹായംഹരിയറുള്ളന്നിത്യനാംശിവനാംദൃഢം ॥ ജപിക്കരക്ഷോ
ഘ്നമന്ത്രംയുദ്ധോദ്യോഗംതുടങ്ങിടാം മഹിഷൻതനെക്കെൻറസേനയെ
യുംഞാൻകൊണ്ടുചെന്നിടാം.

വ്യാസൻപറഞ്ഞു.

അവനാലിതുചൊല്ലപ്പെട്ടുരച്ചാൻ ചിരിപൂണ്ടുടൻ യുദ്ധത്തിനാ
യ്തുടങ്ങീടുമിന്ദ്രനോടുബൃഹസ്പതി.

ബൃഹസ്പതിപറഞ്ഞു.

അയക്കുന്നില്ലഞാൻനിന്നെത്തടുക്കുന്നതുമില്ലെടോ! ജയാജയം
സംശയമായുള്ളൊരിപ്പോരുചെയ്യുവാൻ ॥ നിൻദൃഷ്ടമില്ലിതിൽതെല്ലും
വരാനുള്ളതുവന്നിടും സുഖമോ ദുഃഖമോദൈവവിധിപോൽവന്നിടുംദൃ
ഢം ॥ മേൽദുഃഖമോസുഖമതാണോവരുന്നതറിവില്ലമേ എൻഭാര്യാഹര
ണത്തിങ്കലുണ്ടായതറിവില്ലയോ? ॥ ഇഷ്ടനാംചന്ദ്രനംപണ്ടെൻഭാര്യ
യെക്കൊണ്ടുപോകവേ ആശ്രമത്തിൽവാണുഞാനനമാണ്ടുപരമസങ്ക
ടം ॥ ബുദ്ധിമാനെന്നുഞാനെല്ലാലോകവുംകീർത്തികേട്ടവൻ ഭാര്യയെ
ക്കൊണ്ടുപോയപ്പോളങ്ങുപോയെൻറബുദ്ധിയും ॥ ബുദ്ധിമാന്മാര
തിൻമൂലമുപായംചെയ്യണംസദാ ദൈവാധീനത്തിലാകുന്നുകാര്യസാ
ദ്ധ്യംസദാധ്രുവം.

വ്യാസൻപറഞ്ഞു.

ഗുരുവിൻസാർത്ഥമാംസത്യവാക്കുകേട്ടുശചീപതി വിധിയെത്തുരണം
പ്രാപിച്ചുറിയിച്ചാൻനമിച്ചുടൻ:॥ ‘പിതാമഹ!സുരാദ്ധ്യക്ഷ!മഹിഷാസു
രനെന്നവൻ എൻസ്ഥാനംകയ്ക്കലാക്കാനായ് ചെയ്യീടുന്നുബലോദ്യമം ॥
ഞങ്ങളോരേതാംമറ്റുദൈത്യവീരരശേഷവും പോരിനാശിച്ചുവൻത
ൻെറസൈന്യത്തിൽചെന്നുചേർന്നതും നിൻസമീപത്തിലെത്തിനാലേറെ
പ്പേടിച്ചുവന്നുഞാൻ സർവ്വജ്ഞൻനീമഹാപ്രാജ്ഞൻസഹായംചെയ്യീ
ടേണമേ’.

ബ്രഹ്മാവുപറഞ്ഞു.

വേഗത്തിൽനമ്മളെല്ലാരുംകൈലാസത്തിന്നുപോയിടാം മുന്നി
ട്ടുകൊണ്ടാശിവനെപ്രാപിക്കാംബലികിട്ടുവെ ॥ പിന്നീടുദേശകാല

ങ്ങളോർത്താലോചിച്ചുദേവകൾ എല്ലാവരുംചേർന്നുകൂടിപ്പോർചെയ്തീ
ടാംശേഷിപ്പാതെ! • ബലാബലമറിഞ്ഞീടാതവിവേകത്തോടൊത്തുമേ
സഹായത്തെപ്രവർത്തിക്കുന്നവനുണ്ടാമധോഗതി.

വ്യാസൻപറഞ്ഞു.

അതുകേട്ടിന്ദ്രനുംലോകപാലന്മാരൊട്ടുകൂടവേ വിധിയേമുമ്പിലാ
ക്കീട്ടുകൈലാസത്തിന്നുപോയിതേ • പ്രാപിച്ചുശംഭുവേവേദമന്ത്രം
ചൊല്ലിപ്പുകഴ്ത്തീവേ തോഷിച്ചശിവനോടൊത്തുവൈകുണ്ഠത്തിന്നുപോ
യവർ • ആവിഷ്ണുവേസ്തുതിച്ചിട്ടുവരംകൊണ്ടുമദിച്ചിട്ടു മഹിഷാസുര
നിൽനിന്നുമുള്ളഭീതിയുണർത്തിനാർ • അവർമൊഴിയതുകേട്ടോരാദിദേവ
ന്മാരോടുവിഷ്ണുവും നമ്മൾക്കയുദ്ധംചെയ്തീടാംകൊല്ലാമദ്ദൈത്യവീരനെ.

വ്യാസൻപറഞ്ഞു.

ഇപ്രകാരംനിശ്ചയിച്ചുവിധീന്ദ്രഹരിശങ്കരർ താന്താങ്ങൾക്കുള്ള
താംവാഹനങ്ങളേറിഗമിച്ചുതേ • ഹംസത്തിലേറിബ്രഹ്മാവാഗ്ഗരുഡ
ങ്കൽജനാർദ്ദനൻ ശങ്കരൻവൃഷഭത്തിങ്കലിന്ദ്രനൈരാവതത്തിലും • മയി
ലിന്മേലാറുമുഖൻമഹിഷത്തിങ്കലന്തകൻ അവരസ്സേനയോടൊത്തുപു
റപ്പെട്ടോരനന്തരമേ • മഹിഷൻറമദിച്ചുള്ളസൈന്യവുംവന്നുകൂടി
നാർ ദേവദാനവസൈന്യങ്ങൾക്കുണ്ടായിവൻപോരതപ്പോഴേ • ശര
ങ്ങൾ,വാളുകൾ,കുന്തം,വെണ്മഴുക്കളുലക്കകൾ ത്രുവം,ഗദാ,പട്ടിശ
ങ്ങൾ,ശക്തി,ചക്രങ്ങൾ,തോമരം • മുൽഗരം,ഭിണ്ടിപാലങ്ങൾ,മൂർച്ച
യേറുംകലപ്പകൾ മററായുധങ്ങൾകൊണ്ടിട്ടന്യോന്യംപ്രഹരിച്ചവർ •
ചിക്ഷുരാഖ്യൻദൈത്യസേനാനാഥനാനയിലേറിയോൻ താഡിച്ചാ
നഞ്ചുബാണത്താലിന്ദ്രനെയാമഹാബലൻ • വേഗത്തിലിന്ദ്രനവനെബാ
ണമെയ്തുമുറിച്ചവൻ മാറിൽതാഡിച്ചുൾചന്ദ്രബാണംകൊണ്ടുമിട്ട
ക്കൊട്ടം • ബാണമേററസ്സൈന്യനാഥൻമൂർച്ഛയാണ്ടാൻഗജോപരി വ
ജ്രംവിട്ടാൻഗജത്തുമ്പിക്കയ്യിലന്നേരമിന്ദ്രനും • വജ്രത്താൽമുറിവേററാന
യോടിസ്സൈന്യത്തിലെത്തിനാൻ അതുകണ്ടിട്ടുമഹിഷൻബിഡാല
നോടുചൊല്ലിനാൻ: • 'വീര!നീചെന്നുവനാലുംമദമേറുമനാമിന്ദ്രന
പാശിതാദ്യവാനോരെക്കൊന്നണികിലെത്തുക'.

വ്യാസൻപറഞ്ഞു.

അവൻറയാവാക്കുകേട്ടുബിഡാലാഖ്യൻമഹാബലൻ മദിച്ചാ
നയേറിപ്പോയിനേരിട്ടാനമ്പർകോനുമായ് • അവൻവരുന്നതുക

ണ്ടുകോപിച്ചുദേവനായകൻ വിട്ടാൻനൽസപ്പ്ത്തുല്യങ്ങളാകുമസ്ത്രങ്ങ
ങ്ങളെ ● തന്നെക്കൊന്നവൻവേഗംമുറിച്ചിട്ടുശരങ്ങളെ പ്രയോഗിച്ചാ
നൻപതനുകൊണ്ട [illegible] ● അപ്പോൾ [illegible] ന്ദ്രനാക്കോപാൽമു
റിച്ചിട്ടുശ്ശരങ്ങളെ പ്രഹരിച്ചാൻനൽസപ്പ്ത്തുല്യങ്ങളാംക്രൂരശരങ്ങളാൽ ● അ
വയെല്ലാമവൻവേഗംശരമെയ്തുമുറിച്ചു,തൻ ഗദകൊണ്ട [illegible] മി
കണ്ണിലായൊന്നടിച്ചതേ ● തൻകൂട്ടാനയടിയേററമാത്രസ്വര
ത്തോടും വേഗംകെറങ്ങിത്താഡിച്ചുബ്ധിമതു ദൈത്യസേനയെ● പോ
രിൽതിരിഞ്ഞോടിയെത്തുന്നാനയെക്കണ്ടുദൈത്യന്മാരും [illegible] പോ
രിന്നായ്ദേവന്മാരോടെത്തുന്നതേ ● രഥത്തിൽ പിന്നയും [illegible]
കണ്ടവാസവൻ സപ്പ്ങ്ങളെപ്പോലെയുള്ളശരങ്ങളുമയച്ചതേ ● അവ
ൻക്രുദ്ധനായ്ചെയ്യാനുഗ്രമാംബാണവൃഷ്ടിയെ ജയന്തൻ [illegible] പ്പോ
ളുണ്ടായിപ്പോരഘോരമായ് ● ഇന്ദ്രനശ്ശക്തനെക്കണ്ടുകോപിച്ചേററം
തളർന്നുടൻ ജയന്തനേമുൻപിലാക്കിപ്പോർചെയ്യാനവനോട്ടുടൻ●മറ്റൊ
രുന്നൊരുദൈത്യൻതന്റെമാറിൽജയന്തനും വലിച്ചുവിട്ടാൻതീഷ്ണങ്ങളാ
കുമമ്പുശരങ്ങളെ ● അപ്പോണമേററവനുടൻ രഥത്തിൽതന്നെവീണു
പോയ് സൂതൻതേരംപിൻതിരിച്ചുപോക്കിളുവെട്ടുപോയിതേ ● ബി
ഡാലാഖ്യനതാംദൈത്യൻമൂർച്ഛിച്ചിട്ടുപോകവേ [illegible] ഴക്ക
ത്തോടുണ്ടായ് വൻജയശബ്ദവും ● നിഖിലന്മാരെല്ലാംമോദിച്ചിട്ടുവാൻകൊ
ണ്ടെപ്പുകഴ്ത്തിനാർ പാടിഗന്ധർവ്വനാഗന്മാരാടിയപ്സരനാരിമാർ ● കോ
പിച്ചാൻമഹിഷൻവാനോർജയശബ്ദംശ്രവിക്കയാൽ ചൊല്ലിവിട്ടാനു
ടൻശത്രുമദംപോക്കുവനാതാമ്രനെ ● താമ്രനും ബഹുസൈന്യത്തോടെ
ത്തീട്ടായുധഭൂമിയിൽ മേഘമാഴിയിലെന്നോണംശരവർഷംതുടങ്ങിനാൻ
വരുണൻപാശവുംകയ്യിലാണ്ടവിടെയെത്തിവേഗമായ് [illegible] ത്തിൽ
കേറിട്ടന്തകനാംദണ്ഡുകയ്യിലാണ്ടുവന്നതേ ● ദേവാസുരന്മാർക്കന്യോന്യമ
വിടുണ്ടായ്മഹാരണം പരശ്വധം,ശക്തി,ബാണം,വാളു ചക്രങ്ങളാല
യും ● യമൻകയ്യാൽവിടപ്പെട്ടദണ്ഡേററുതാമ്രനാമവൻ അപ്പോ
ൾമൂർച്ഛിതനായ് [illegible] പരാക്രമി● ആയുധഭൂമിയിൽതാമ്രൻവീണുപെട്ട
ന്നുകലച്ചുടൻ ഇന്ദ്രൻതൊടുത്തുമോക്ഷിച്ചുവിട്ടാനൂറ്റന്തരശരങ്ങളെ ● ദേ
വന്മാരും [illegible] എന്നോതികൊണ്ടുത്തസ്ഥരായ് ദൈത്യരിൽ, [illegible]
യിൽത്തെച്ചുവിടുന്നബാണങ്ങളും വിട്ടതേ ● സുരബാണങ്ങളേററിട്ടുപോകി
ച്ചാൻ [illegible] ദൈത്യസേനകളും [illegible]

ശ്രീദേവീഭാഗവതം അഞ്ചാംസ്കന്ധം
ദൈത്യസൈന്യപരാജയം
അഞ്ചാമദ്ധ്യായം.

ആറാമദ്ധ്യായം

വ്യാസൻപറഞ്ഞു.

താമ്രൻമൂർച്ഛിതനായപ്പോഴ്ക്രുദ്ധനായ് മഹിഷാസുരൻ വലുതാം
ഗദയുംകൊണ്ടമരേന്ദ്രന്മാരോടെതിർത്തുതേ • നിലിമ്പരെല്ലാംനിൽക്കട്ടെവ
ധിക്കുംഗദകൊണ്ടുഞാൻ കാഴ്കയെല്ലാംക്രുടിയാലുംബലമില്ലെന്നുമൊട്ടു
മേഷ്ഠതാതീട്ടമരന്മാരോടാനായിങ്കലിയന്നിട്ടും ഇന്ദ്രനെഗ്ഗദയാൽ
വേഗംമാറിൽതാഡിച്ചുവീഴ്ത്തുവാൻ• മുറിച്ചുഗ്ഗദയെഘോരവജ്രംകൊണ്ടി
ട്ടുവാസവൻ അവനെപ്രഹരിപ്പാനായതിവേഗമടുത്തുതേ • പ്രമേയവും
വാളുമായിക്കോപത്തോടാമഹാസുരൻ അടുത്താൻവീരനാമിന്ദ്രൻത
ന്നോടെട്ടുവതിന്നുപോൽ• അവർക്കണ്ടായുടൻയുദ്ധംസർവലോകഭയങ്കരം
മുനിമാർക്കുംവിസ്മയമായോരോരോമട്ടായുധങ്ങളാൽ • പ്രയോഗിച്ചാൻമഹാ
ദൈത്യൻ,ലോകമെല്ലാംമൂടിച്ചിട്ടും മുനിമാർക്കുമോഹമേകുന്നൊരാംബരീമാ
യയെയുടൻ• ഇതുപോലുള്ളതൊട്ടുമായുധത്തോടുക്രുദ്ധിയും കാണപ്പെ
ട്ടുദേവസൈന്യംമട്ടിക്കുംകോടിദൈത്യരെ • ഉമ്പർകോൻമഹിഷൻത
ന്റെമോഹമേകുന്നമായയെ കാൺകയാലത്ഭുതത്തോടുംഭയപീഡിതനാ
യിതേ • കുബേരനും,വരുണനും,യമൻ,സൂര്യൻ,അഗ്നിയും ശീതരശ്മിയുമ
വ്വണ്ണംഭയപീഡിതരായുടൻ • വാനോരെല്ലാമ്മോഹിതരായോടിപ്പോ
വാൻതുടങ്ങിനാർ ബ്രഹ്മവിഷ്ണുശിവന്മാരെയന്നായ് സ്മരിച്ചാതുരനേയവർ •
ഹംസ,താർക്ഷ്യ,വൃഷാരൂഢരായിനല്ലായുധത്തൊടും രക്ഷിക്കാൻവന്നാപി
ടയാബ്രഹ്മവിഷ്ണുമഹേശരും• മോഹിനീമായയെക്കണ്ടിട്ടുജ്വലിക്കുംസ്വദ
നം വിട്ടാൻവിഷ്ണുവതിൻകാരണമിളപ്പിച്ചാശുമായയെ • സൃഷ്ടിസ്ഥിത്യ
ന്തകർത്താക്കളവരെക്കണ്ടുപോരിനായ് ഓടിയെച്ചെന്നാനമഹിഷനാഹവ
ലത്തെതടിച്ചുടൻ • മഹിഷാഖ്യൻമഹാവീരൻചിക്ഷുരൻസൈന്യനാ
ഥനും ഉഗ്രാസ്യനുഗ്രവീര്യാഖ്യൻതാനുംയുദ്ധത്തിനോടിനാർ • ത്രിനേത്ര,
നസിലോമാവും,ബാഷ്കളാ,ന്ധകരെന്നൈത്യരും മറ്റനേകംദാനവരുംപോ
രിന്നവിടെയെത്തിനാർ • സന്നദ്ധരായ് വില്ലെടുത്തുതേരിലേറിമദത്തോ
ടും ചെന്നായ്ക്കൾപയ്യിൻകുട്ടികളെപ്പോൽവാനോരെവളഞ്ഞുതേ• പിന്നെ
ബ്ബാണങ്ങൾവർഷിച്ചാർമദത്തോടൊത്തദാനവർകൊല്ലാനിച്ഛിച്ചുപ്രകാ
രാവിണ്ണോരുംശരമെയ്തുതേ• അന്ധകൻവിഷ്ണുവോടേററു,തേച്ചവൻമൂർച്ച
യുള്ളതായ് വലിച്ചു,വിഷമുള്ളക്കേറീട്ടമഞ്ഞമ്പുവിട്ടുടൻ • രിപുനാശന

നാംവിഷ്ണുവവയേവാനിൽവച്ചുതാൻ മുറിച്ചമ്പുകളാലമ്പുശരംപിന്നെയു
മെയ്യുതേ *ഉലക്ക,വാറം,ശരം,ചക്രം,മഴു,വേൽ,ഗദകൊണ്ടുമേ ഹരിയും
ദൈത്യനുംതമ്മിൽചെയ്യാർപോരതിഘോരമായ് * ഒരൻപതുദിനം
പോരീഹരിയന്ധകർതമ്മിലായ് രോമാഞ്ചമേകുംയുദ്ധമായതുമോനേ
ടത്തിനാർ * ഇന്ദ്രൻബാഷ്കളനും,തമ്രൻതാനുംമഹിഷദൈത്യനും കാ
ലൻ,ത്രിനേത്രനും,ശ്രീദൻ,മഹാഹനുവുമങ്ങനേ * പ്രചേതാ,വസിലോ
മാവുംതമ്മിൽപോർചെയ്യുഘോരമായ് ഹരിവാഹംഗരുഡനേറ്റുമ
യാൽതപ്പുദാനവൻ * ഗദയേററവുതളന്നംഗമെല്ലാം,നിന്നേങ്ങലോട
വൻ മഹാബലൻഗരുഡനേദ്ദേവനായകനാംഹരി * വലങ്കയ്യാൽത
ലോടീട്ടങ്ങാശ്വസിപ്പിച്ചുനിന്നിതിനാൻ ശാർങ്ഗമാംവിൽവലിച്ചിട്ടുബഹു
ബാണങ്ങൾതൂകിനാൻ * അന്ധകൻമീതിലായെയ്യ്വാല്ലാനാഗ്രഹിച്ചുജ
നാർദനൻ ക്രൂരമെയ്യുവരയെയെല്ലാംഖണ്ഡിച്ചിട്ടന്ധകാസുരൻ * കോ
പിച്ചാവിഷ്ണുവിൽവിട്ടാൻശൂച്ച്യമ്മലാപതമ്പുകൾ അനല്പമ്പുകളെ
വേഗംമുറിച്ചിട്ടുജനാർദനൻ * സുദർശനംസഹസ്രാരചക്രംവേഗമയച്ചു
തേ തൻചക്രത്താൽദ്ദൈത്യവക്ഷുതകർത്തിട്ടതിനേയവൻ * വാനോരമോ
ഹിപ്പിക്കുംപോൽനന്നായൊന്നലറീടിനാൻ ദേവന്മാർവിഷ്ണുവിന്നുള്ള
ചക്രംനിഷ്ഫലമാകയാൽ * ദുഃഖിച്ചാ,രസുരന്മാരുംസന്തോഷിച്ചാരതേത
രം ദുഃഖിച്ചീടുംസുരന്മാരെക്കണ്ടുടൻവാസുദേവനും * കൌമോദകീഗ
ദയുമായ്ദാനവൻനെഞ്ചിൽപാഞ്ഞുതേ മായാവിയവനേത്തച്ചാൻവേഗ
മോടജ്ജനാർദനൻ * ഗദയേററവനംമോഹിച്ചിട്ടുഭൂമിയിൽവീണുപോ
യ് അവിധംവീണൊരവനേക്കണ്ടുകോപിച്ചുലച്ച്യയാൽ * വിഷ്ണുവി
ന്നുമീതിനാർകീട്ടെങ്ങിനാൻമഹിഷാസുരൻ കോപിച്ചുള്ളൂമഹിഷ
നേക്കണ്ടിട്ടുബ്ഭഗവാൻഹരി * ദേവന്മാർക്കസുഖംനൽകുന്നോരതോ
ണൊലിചെയ്യുതേ ശരവർഷമതുംചെയ്യാനടൻമഹിഷനിൽഹരി * അ
വൻമുറിച്ചാനവയെല്ലാമതാൽവാനിലെത്തവേ അന്യോന്യംഭയമേക
ന്നപോരവർചെയ്തുടൻ * മഹിഷന്റെതലയ്ക്കൊന്നുതച്ചാനദ്ദയാൽ
ഹരി തലയ്ക്കായടിയേററിട്ടുവീണവൻമന്നിൽമൂർച്ഛയാൽ * ഹാഹാശ
ബ്ദംകേമമായിട്ടങ്ങായസുരസേനയിൽ മോഹാലസ്യംതീർന്നവേഗമെഴു
ന്നാൻമഹിഷാസുരൻ * ഇതനുലക്കപൂണ്ടൊന്നുതച്ചാൻവിഷ്ണുശിരസ്സി
ലായ് അടിയേററുടനേവിഷ്ണുവിന്നുംമൂർച്ഛവീച്ചുതേ * മൂർച്ഛിച്ചുവിഷ്ണു
വേതാർക്ഷ്യൻപോരിൽനിന്നങ്ങുകൊണ്ടുപോയ് വിഷ്ണുവമ്മട്ടുപോയ

പ്പോളിന്ദ്രൻതൊട്ടുള്ള ദേവകൾ ॥ ഭയപ്പെട്ടാരഴലോടുംകരഞ്ഞാർയുദ്ധ
ഭൂമിയിൽ കരയുംസുരരെക്കണ്ടുശൂലംകയ്ക്കൊണ്ടുശങ്കരൻ ॥ വേഗംമ
ഹിഷനോടേററുകത്തിനാൻകോപമൊടവൻ വേലെടുത്തത്രിശൂല
ത്തെമുറിച്ചാമഹിഷൻബലാൽ ॥ ശിവൻെറമാറിൽചാടിട്ടുഗ്രനൊ
ന്നലറീടിനാൻ അതുമാറിൽപതിച്ചിട്ടുംദുഃഖിക്കാതെമഹേശ്വരൻ ॥
ത്രിശൂലത്താൽകുത്തിയൊന്നുകോപത്താൽകൺചുവന്നുടൻ ഉഗ്രനാം
ദൈത്യനോടേററശിവനെക്കണ്ടുവിഷ്ണുവും ॥ പ്രഹരത്തോലാണ്ടുമൂർച്ഛവി
ട്ടിട്ടുടനെവന്നതേ ഹരിശങ്കരരൊന്നിച്ചുവന്നതുംകണ്ടുദാനവൻ ॥ യുദ്ധ
കാരർ,മഹാവീരർ,ചക്രശൂലധരർ,വരർ അവർവന്നതുകണ്ടിട്ടുകോപി
ച്ചാൻമഹിഷാസുരൻ ॥ അപ്പൊഴ്നേരമ്പോരിന്നായ്ചെന്നാനപ്പോൾമ
ഹാബലൻ പോത്തിൻെറവടിവായ് വാലുംകടഞ്ഞുംകൊണ്ടുഘോരമായ്
ഖനവക്കിൽമിയന്നുംഘോരശബ്ദംമുഴക്കിനാൻ കൊമ്പുംകുലുക്കി,മേ
ഘമ്പോലുടലാണ്ടോൻഭയങ്കരൻ ॥ അടത്തെറിഞ്ഞാൻവലിയഗിരിശൃം
ഗങ്ങൾകൊമ്പിനാൽ അദ്ദൈത്യനെക്കണ്ടുമഹാവീരരദ്ദേവനായകർ ॥
ഭയങ്കരതാംബാണാവലീം ചെയ്താരവൻെറമേൽ ഹരിയുംശരങ്ങൾബാ
ണംവർഷിക്കുന്നതുകണ്ടവൻ ॥ എറിഞ്ഞാനദ്രിശൃംഗത്തെവാലാൽചു
ററീട്ടുഘോരമായ് അപ്പർവ്വതത്തിൻവരവസ്സാതപത്രാംപതികണ്ടുടൻ ॥
നൂറായ്ഖണ്ഡിച്ചുനുറുക്കി,ലയച്ചാൻചക്രമപ്പോഴ് വിഷ്ണു ചക്രംസഹി
ക്കാഞ്ഞുമോഹിച്ചാൻമഹിഷൻരണെ ॥ എഴുന്നേററുടൻതന്നെമനു
ഷ്യാകൃതിയോടവൻ മലപോലെമഹാഘോരൻകയ്യിൽഗദധരിച്ചവൻ ॥
ഖാനോക്കിംഭയമേകുന്നുട്ടലറീടുമേഘമെന്നപോൽ ഭഗവാനതുകേട്ടിട്ടു
ച്ചത്തിലൊന്നാർത്തുഘോരമായ് ॥ സചരാചരമായ് നല്ലപാഞ്ചജന്യംമു
ഴക്കിനാൻ അശ്ശംഖധ്വനിയാൽദൈത്യരെല്ലാംപേടിച്ചിതേററവും ॥
തപസ്സേറുന്നൃഷികളുംവിണ്ണോരുംമോദമാണ്ടുതേ.

ശ്രീദേവീഭാഗവതം പഞ്ചമസ്കന്ധം

ദേവാസുരയുദ്ധം.

ആറാമദ്ധ്യായം.

ഏഴാമദ്ധ്യായം.

വ്യാസൻ പറഞ്ഞു.

ഉടനെമഹിഷൻകണ്ടുട്ടേകിച്ചീടുന്നദൈത്യരെ പോത്തിൻെറരൂ
പംവിട്ടിട്ടുതീർന്നാനൊന്നുമൃഗേന്ദ്രനായ് ॥ ഉച്ചത്തിലലറിസ്സന്ധരമെ

ങ്ങളെവിട്ടത്തവൻ നഖങ്ങൾകാട്ടിബ്ഭീഷയേകിച്ചാടിനാൻദേവസേന
യിൽ * നഖങ്ങളാൽകീറിരക്തമണിയിച്ചാൻസപത്നനേ കീറിനാൻ
വിഷ്ണുവിൻകൈ,തൻനഖംകൊണ്ടിട്ടുകേസരി * അതുകണ്ടാവാസുദേ
വൻചക്രംകയ്യ്ക്കൊണ്ടുതൽക്ഷണം കൊല്ലുവാനാശയാനന്നായടുത്താൻ
കോപയുക്തനായ് * സുദർശനംമഹിഷനിൽപ്രയോഗിച്ചുടനെയവൻ
ബലമേറുന്നപോത്തായ് കൊമ്പുകൊണ്ടെററിവിഷ്ണുവേ * വാസുദേവ
നുമായേററവുമാറിലേററുതളർന്നുടൻ വൈകുണ്ഠലോകമതിനായോടിനാ
നതിവേഗമായ് * വിഷ്ണുവമ്മട്ടുപോയപ്പോൾഭയത്തോടൊത്തുശങ്കരൻ
അവദ്ധ്യനവനെന്നോർത്തുകൈലാസത്തിന്നുപോയിതേ * ബ്രഹ്മാവുംഭ
യമോടപ്പോൾസത്യലോകത്തിലെത്തിനാൻ വജ്രംകൈക്കൊണ്ടുദേ
വേന്ദ്രൻകരത്തൻനിന്നുപോരതിൽ * ധൈര്യത്തോടാവരുണനാംവേലു
മേന്തിട്ടുനിന്നതേ കാലനാംദണ്ഡുമായ് പോരുചെയ്യാനായിട്ടൊരുങ്ങി
നാൻ * പിന്നീടുവൈശ്രവണനാംതൊല്ലുയ്തപ്പെട്ടുപോരിടാൻ അഗ്നിയും
വേലുമായ്യുദ്ധംചെയ്യാനാസക്തനായിതേ * ദൈത്യാധീശൻമഹിഷ
നേക്കണ്ടിട്ടാചന്ദ്രസൂര്യന്മാർ യുദ്ധംചെയ്യാൻനിശ്ചയിച്ചുനിന്നാരൊന്നി
ച്ചുടനുടൻ * ഈവേളയിൽദൈത്യസൈന്യംക്രൂരസർപ്പങ്ങൾപോല
വേ ശരജാലങ്ങളാകോപാൽവർഷിച്ചുകൊണ്ടിട്ടുതേ * പോത്തിന്റെ
വടിവായ്നിന്നാനുടനേദൈത്യരാജനാം ദേവാസുരപ്പടകൾതൻശബ്ദ
മുണ്ടായികേമമായ് * മന്നിലുംവാനിലുംശബ്ദമുണ്ടായിടിയൊടൊപ്പ
മായ് ദേവാസുരപ്പടകൾതൻഘോരമായുള്ളസംഗരെ * അടുത്തെറി
ഞ്ഞാൻമഹിഷൻഗിരിശൃംഗങ്ങൾകൊമ്പിനാൽ ഖണ്ഡിച്ചാൻദേവസം
ഘത്തെമദംകൊണ്ടുമദിച്ചവൻ * കുളമ്പുകൊണ്ടുമവ്വണ്ണംവാനോരെപ്പോൾ
കരക്കിയും ഖണ്ഡിപ്പിച്ചൻകോപമോടാവിസ്മയംചേർന്നോനവൻ *
ഉടനെദേവഗന്ധർവ്വർനല്ലവണ്ണംഭയന്നുപോയ് മഹിഷാസുരനെക്കണ്ടി
ട്ടോടിനാൻദേവനായകൻ * ഇന്ദ്രാണീപതിയാമിന്ദ്രൻപോർക്കളംവിട്ടു
പോകവേ കുബേരൻ,പാശിയമനും,ഭയപ്പെട്ടുഗമിച്ചുതേ * മഹാജയ
മിതെന്നോർത്തദൈത്യൻതൻപുരമാണ്ടുടൻ പോയശക്രൻവെടിഞ്ഞു
ള്ളോരൈരാവതഗജത്തൊടും * ഉച്ചൈശ്ശ്രവസ്സോടുംസൂര്യൻതൻനൽ
സുരഭിയോടുമേ പിന്നെയവൻസേനയോടൊത്തുവാനിലെത്താൻനിന
ച്ചവൻ * സ്വർഗ്ഗലോകത്തിലെത്തീട്ടുവേഗമാമഹിഷാസുരൻ വാനോർ
ഭയന്നുപേക്ഷിച്ചസുരരാജ്യംഗ്രഹിച്ചുതേ * അവ്വണ്ണംമർത്ത്യമാമിന്ദ്രാസന

ത്തിൽകരിവാണവൻ വിശ്വം നാക്കിളക്കുമന്തോറും ദൈത്യന്മാരയുമാക്കി നാൻ * ആവുവത്സരമീവണ്ണം യുദ്ധം ചെയ്തിട്ടാഘോരമായ് മല്ലേടുന്നമഹിഷൻ പ്രാപിച്ചാനൈന്ദ്രമാം പദം * അവൻ വൻപീഡയാൽ സ്വർഗ്ഗം വിട്ടുപോയ് വിണ്ണവരൊക്കയും ഈവണ്ണം വളരെക്കാലമലഞ്ഞാർ ദ്ദുഃഖതോയമേ * തളർന്നെല്ലാരുമന്നേരമാശ്രയിച്ചാർ വിരിഞ്ചനേ പ്രജാപതിജഗന്നാഥൻ, രജോരൂപൻ, ചതുർമ്മുഖൻ * പത്മാസനൻ, വേദഗർഭൻ, വേദവേദാന്തപാരഗൻ തൻപുത്രർ ശാന്തരായുള്ള മരീച്യാദിമുനീന്ദ്രരും * സിദ്ധഗന്ധർവ്വാദികളും ചുറ്റും സേവിച്ചിരിപ്പവൻ ദേവദേവൻ വിധാതാവേ സ്തുതിച്ചാർ ഭീതിയോടവർ.

ദേവന്മാർ പറഞ്ഞു.

സ്വർഗ്ഗം വെടിഞ്ഞുഴലുമാണങ്ങളിൽ മടങ്ങി- । പ്രാക്കന്നഘോരദുഃഖകളാണനസുരൻ നിമിത്തം ॥ കണ്ടിട്ടുമസ്സുരരെ, യബ്ജജനാഥരിതിയെല്ലാം । പോക്കം ഭവാനകനിവാററിതെന്തുമൂലം? ॥ സാരാപരാധശതമൊത്തൊരു ദുഷ്ടപുത്ര- । ന്മാരെപ്പിതാവു കനിവാറവുമെവടിഞ്ഞിടുന്നോ? ॥ ഈവാനവർത്തവ പദാംബുജഭക്തരാത്ത- । രിന്നെന്തിനീയസുരപീഡിതരേവെടിഞ്ഞു? ॥ അമരഭുവനമെല്ലാം ദാനവൻ വാണിടുന്നു- । ദ്വിജരൊട്ടുമഖഭാഗം കൈക്കലാക്കുന്നനന്നായ് ॥ സുരവരതരുപുഷ്പം ചൂടിടുന്നദ്ദുരാത്മാ- । വവനസുരരിതാനം ചൊല്പടിക്കക്കപ്പെടുന്നു ॥ അശേഷകാര്യങ്ങളറിഞ്ഞുനീയവൻ । വിചേഷ്ടിതം ജ്ഞാനമതാലശേഷവും ॥ കഥിപ്പതെന്തിനിന്നവർ കാര്യമത്തുളതം । പദേ പയത്തിങ്കൽ നമിച്ചിടുന്നതേ ॥ നിലിമ്പരെത്തന്നൊതുലികിലൊകവ- । നുപദ്രവിക്കുന്നതിപാപിയസ്സുരൻ ॥ അനേകമട്ടിൽ ദ്രുഢ, മിന്നരക്ഷിതാ- । വിവക്ഷനീതാൻ സുഖമേകണം വിഭോ! ॥ അല്ലങ്കിലദ്ദാവമഹാഗ്നിയാററുവാൻ । പോരുന്നൊരാരെന്നുരണം ഗമിപ്പതും ॥ പ്രജേശ, നിഷ്ഠൻ, വിധി, യാജ്ഞ്യ' നവ്യയൻ । വിരിഞ്ചനാം നിന്നെവെടിഞ്ഞുവാനവർ.

വ്യാസൻ പറഞ്ഞു.

എന്നു വാഴ്ത്തീട്ടു ദേവന്മാർ നമിച്ചാരാവിരിഞ്ചനേ തൊഴുകയ്യോടുമെല്ലാരും ദുഃഖമേറുമുഖത്തൊടും * ദുഃഖിക്കുന്നവരെക്കണ്ടിട്ടുടനേയപ്പിതാമഹൻ സുഖമുണ്ടായിടും മട്ടിൽ ചൊല്ലിനാൻ നല്ലവാക്കിനേ.

ബ്രഹ്മാവു പറഞ്ഞു.

എന്തു ചെയ്‌വൂ സുരന്മാരേ! മഹിഷൻ മദഗർവ്വിതൻ സ്ത്രീവദ്ധ്യൻ

ല്ലപ്പംവധ്യൻകൎത്തവ്യംപിന്നെയെന്നതിൽ * ദേവന്മാരൊക്കെയുംനല്ല
കൈലാസാദ്രിക്കുപോയിടാം കാൎയ്യങ്ങളൊക്കമിട്ടുകേറുംശിവനെമുൻന
ടത്തിനാം * ജനാൎദ്ദനൻവസിക്കുന്നവൈകുണ്ഠത്തിന്നുപോകണം നന്നാ
യെല്ലാവരുംചേൎന്നിക്കാൎയ്യാലോചനചെയ്യണം * എന്നോതിയന്നമേറീ
ട്ടുകാൎയ്യഗൌരവമോൎത്തജൻ ദേവന്മാരെപ്പിന്നിലാക്കികൈലാസത്തി
ന്നുപോയിതേ * ധ്യാനംകൊണ്ടുടനേദേവന്മാരൊടൊത്തിട്ടുപത്മജൻ
വരവുംകണ്ടുള്ളിൽനിന്നുംവെളിയിൽവന്നുശങ്കരൻ * ബ്രഹ്മേശർകണ്ടി
ട്ടന്യോന്യമഭിവാദ്യംനടത്തിനാർ വാനോരെല്ലാംനമിച്ചിട്ടുതുഷ്ടരായി
ബ്ഭവിച്ചുടൻ * വെവ്വേറെയാസനംനൽകിദേവന്മാൎക്കുമഹേശ്വരൻ
അവരെല്ലാമിരുന്നപ്പോൾതാനുംതൻപീഠമാണ്ടുതേ * ബ്രഹ്മാവിനോട്ടു
കുശലംചോദിച്ചിട്ടുവൃഷധ്വജൻ ദേവന്മാരോടുചോദിച്ചാനവിടെത്തി
യകാരണം.

ശിവൻപറഞ്ഞു.

ഇവിടെന്തിന്നുവന്നിരുന്നിതൊട്ടുവാനോരൊട്ടുംവിധേ! മഹാഭാ
ഗൻഭവാൻചൊല്ലുകതിന്നുള്ളൊരുകാരണം.

ബ്രഹ്മാവുപറഞ്ഞു.

ഈനിഖിലവിശ്വേശാ!മഹിഷാസുരപീഡയാൽ ഗൃഹന്തോറും
നടക്കുന്നുഭയപ്പെട്ടിന്ദ്രനോട്ടമായ് * യാഗംഭുജിപ്പോൻമഹിഷനവ്വണ്ണം
മറ്റുദൈത്യരും ദിക്പാലരുംദുഃഖിതരായ്എന്നേവന്നാശ്രയിച്ചുതേ *
ഞാൻകൊണ്ടുവന്നിങ്ങവരെക്കാൎയ്യത്തിൻഗൌരവത്തിനാൽ ദേവകാൎയ്യ
മിതിന്നീശൻനീയുക്തംപോലെചെയ്യുക * നിൻകലാക്കിദേവകൾതൻ
ഭാരത്തെശ്രുതഭാവന!

വ്യാസൻപറഞ്ഞു.

ഇമ്മട്ടവൻവാക്കുകേട്ടുചിരിച്ചുംകൊണ്ടുശങ്കരൻ ഗൂഢവായുള്ളൊ
രീവാക്യംബ്രഹ്മാവിനോട്ടുചൊല്ലിനാൻ.

ശിവൻപറഞ്ഞു.

ഭവാൻതാൻചെയ്തുതിക്കാൎയ്യംവരംപണ്ടുകൊടുക്കയാൽ വാനോ
ൎക്കനൎത്ഥമായ്മേലാലെന്തുചെയ്യേണ്ടതുംവിഭോ! * ഈവണ്ണംബല
വാൻ,ക്രൂരൻ,സൎവ്വദേവഭയപ്രദൻ മദിച്ചോ,നവനെക്കൊൽവാനെന്നു
നാമിസമൎത്ഥയാം * എൻഭാൎയ്യനിൻവല്ലഭയുംപോരിനായ്പ്പോകയി
ല്ലടോ! പോയാലുമവരെവ്വണ്ണംപോർചെയ്യുംഭാഗ്യശാലികൾ? * ഇ
ന്ദ്രാണിയുംമഹാഭാഗ!യുദ്ധത്തിന്നുസമൎത്ഥതാൻ വേറെയാൎക്കുണ്ടുസാമ

ത്ഥ്യംകൊൾവാനപ്പാപിമതന്നേ ॥ എൻമതംകേൾക്കിന്നതന്നെഹരി
യെച്ചെന്നുവാഴ്ത്തിനാം ഉണർത്തിദ്ദേവകാര്യത്തിന്നുത്സാഹിപ്പിക്കണംക്ഷ
ണം ॥ മതിമാന്മാരിലൊന്നാമൻകാര്യംസാധിപ്പവൻഹരി അദ്ദേഹ
ത്തോടുചെന്നിട്ടുകാര്യാലോചനചെയ്യണം ॥ വിസ്താരബുദ്ധിമാൻവിഷ്ണു
വിക്കാര്യംസാദ്ധ്യമാക്കിടും.

വ്യാസൻപറഞ്ഞു.

ഇത്രവാക്കിതുകേട്ടിട്ടുബ്രഹ്മാദിസുരസത്തമർ അവ്വണ്ണന്തന്നെയെ
ന്നോതിയെഴീറ്റുതങ്ങളോടുമായ് ॥ വാഹനങ്ങളിലേറീട്ടുവൈകുണ്ഠ
ത്തിന്നുപോയവർ കാര്യസാദ്ധ്യംവരുംനല്ലശകുനംകണ്ടുതുഷ്ടരായ് ॥ ശു
ഭംചൊല്ലുംമന്ദവായുവുണ്ടായീമണമോടുടൻ വഴിയെല്ലാംപക്ഷികളുംശ
ബ്ദിച്ചുനല്ലവാക്കുകൾ ॥ ഇതളെല്ലാദിക്കുകളുംവാനമപ്പോൾതെളിഞ്ഞു
തേ വാനോർതന്നായാത്രയിങ്കൽശുഭമായ്തീർന്നുസർവ്വവും.

ശ്രീദേവീഭാഗവതം അഞ്ചാംസ്കന്ധം
ദേവകലംസഗമനം
ഏഴാമദ്ധ്യായം.

എട്ടാമദ്ധ്യായം

വ്യാസൻപറഞ്ഞു.

വേഗമെത്തീട്ടവർകണ്ടാർവൈകുണ്ഠംവിഷ്ണുപാലിതം സർവ്വശോ
ഭയെഴുന്നോനാഗ്രഹംശോഭിച്ചിടുന്നതായ് ॥ കളംസരസ്സുംനദിയുംചേ
ർന്നാനന്ദംകൊടുപ്പതായ് സാരസംകോകിയന്നങ്ങളുതുംക്രീഡരമ്യമായ്
ചമ്പകാശോകകൽഹാരാദികളോടിടചേർന്നതായ് ഇലഞ്ഞിയമ്പഴം
പിച്ചിതിലകാദികൾചൂഴ്ന്നതായ് ॥ പികസന്നാദമോടാടുംമയിലുംചേ
ർന്നഭംഗിയായ് വണ്ടിൻശബ്ദാനിറഞ്ഞുള്ളനല്ലാരാമങ്ങളൊത്തതായ് ॥
സനന്ദനന്ദനർതൊട്ടപാർഷദന്മാർസ്തുതിപ്പതായ് അനന്യചിത്തരായു
ള്ളഭക്തരുംവാഴ്ത്തിടുന്നതായ് ॥ തങ്കച്ചിത്രങ്ങൾശോഭിക്കുംരത്നമേടകളുള്ള
തായ് മേഘംമുട്ടുംനല്ലസത്രങ്ങളെങ്ങുംനിറഞ്ഞതായ് ॥ ദേവഗന്ധ
ർവ്വപാട്ടോടപ്സരസ്ത്രീകൾകളിപ്പതായ് ശരിഗുണമേറുംനൽകിന്നരർ
പാടിടുന്നതായ് ॥ ശാന്തരാംമുനിമാരെല്ലാംവേദംചൊല്ലിസ്തുതിപ്പതാ
യ് സൂക്തസ്തുതികൾകൊണ്ടിട്ടുപൂർണ്ണമായ്,ഹരിമന്ദിരം ॥ വിഷ്ണുവിൻ

ഗൃഹമാണിട്ടുസ്വർണ്ണക്കോൽപൂണ്ടുസുന്ദരർ ജയൻ,വിജയനും,ദ്വാരപാലരെക്കണ്ടുരച്ചവർ: ● 'വിഷ്ണുദർശനകാരണമതിന്നായിബ്രഹ്മേശാദികൾവാതലിൽ വന്നുനില്ക്കുന്നതായ്നിങ്ങളൊരാൾപോയറിയിക്കണം'.

വ്യാസൻ പറഞ്ഞു.

ആവാക്കുകേട്ടുവിജയൻവിഷ്ണുസന്നിധിയാണ്ടുടൻ ദേവന്മാർവന്നു നില്ക്കുന്നതായ്നമിച്ചറിയിച്ചുടൻ.

വിജയൻപറഞ്ഞു.

ദേവദേവ!മഹാരാജ!ദാനവാരേ!രമാപതേ! പടിയിൽവന്നു നിൽക്കുന്നുവാനോരെല്ലാംമഹാപ്രഭോ! ● ബ്രഹ്മരുദ്രേന്ദ്രവരുണർകാലനഗ്നിയുമങ്ങനെ കാണ്മാനാശിച്ചവർനിന്നോവാഴ്ത്തുന്നുവേദവാക്കിനാൽ.

വ്യാസൻപറഞ്ഞു.

വിജയൻതൻവാക്കുകേട്ടാലക്ഷ്മീവല്ലഭനാംഹരി ബദ്ധതാൽപര്യമായ്വേഗംഗൃഹംവിട്ടാണ്ടു,വിഷ്ണുരേ ● തങ്ങൾപടിയിൽവാഴുംവാനോരെച്ചെന്നുകണ്ടുടൻ മോദിപ്പിച്ചാദുഃഖിതരെപ്രീതിയേറുന്നനോക്കിനാൽ. ദേവദേവൻവിഷ്ണുവിനെനമിച്ചാസ്സുരരൊക്കെയും വേദനിശ്ചിതനാംദാനവാരിയേസ്തുതിചെയ്തുതേ.

ദേവന്മാർ പറഞ്ഞു.

സൃഷ്ടിസ്ഥിത്യന്തങ്ങൾചെയ്യുംദേവദേവ!ജഗൽപതേ! വിഷ്ണോ!ദയാബ്ധേ!പാലിക്കശരണാഗതർഞങ്ങളെ.

വിഷ്ണുപറഞ്ഞു.

ആസനങ്ങളിൽവാണാലുംവാനോരേ!ക്ഷേമവാർത്തയേ ചൊന്നാലും,നിങ്ങളെല്ലാമെന്തിനായിട്ടുവന്നതും? ● ചിന്തയുള്ളവശരായ് ദീനരായിട്ടുദുഃഖിപ്പതെന്തിനായ്? ബ്രഹ്മശങ്കരരൊന്നൊന്നു,വേഗംകൊണ്ടും കഥിക്കുവിൻ.

ദേവന്മാർപറഞ്ഞു.

അസാദ്ധ്യനധികംദൈത്യൻവരത്താലേമദിച്ചവൻ പാപിയാമഹിഷൻമൂലംഞങ്ങൾപീഡിതരായിതേ ● ബ്രാഹ്മണർചെയ്തിടുംയാഗഭാഗമെല്ലാമവന്നുതാൻ ഗിരിദുർഗ്ഗങ്ങളിൽവാനോരലയുന്നുഭയത്തൊടും● ബ്രഹ്മാവിൻവരദാനത്താലവൻദുർജ്ജയനായ്ഹരേ! ശരണംപ്രാപിച്ചുനിന്നെയതിനാൽകാര്യഗൗരവാൽ● കരകേറാൻനീസമർത്ഥൻദൈത്യമായയറിഞ്ഞവൻ അവൻതന്റെവധോപായമോർക്കനീദാനവാന്തക!പുരുഷന്മാർവധിക്കില്ലെന്നവനേകീവരംവിധി പോരിലദ്ദുഷ്ടനെക്കൊല്ലാൻ

തക്കനാരിയതാരവാൻ? • ഉമാ,വാണി,ശചി,ലക്ഷ്മി,യാർസമർത്ഥാവധി ക്കുവാൻ? ദുഷ്ടനാംമഹിഷൻതന്റെവരദാനബലത്തിനാൽ • വധ ത്തിൻകാരണംബുദ്ധികൊണ്ടുചിന്തിച്ചുവിണ്ണോർതൻ കാര്യങ്ങളെല്ലാം സാധിക്കേണ്ടതാമതസലനീവിഭോ!

വ്യാസൻപറഞ്ഞു.

ആവാക്കുകേട്ടവരോടായ് ചിരിപൂണ്ടോതിനാൻഹരി: 'പണ്ടു വൻപോരുനാംദൈത്യവെന്നിട്ടുംചത്തതില്ലവൻ • ഇന്ദ്രവാനവർതന്നാം ശമായിടുംപൂർണ്ണതേതാട്ടും ഉണ്ടായാലേതുവധംപോരിലവനേക്കൊ ന്നിട്ടുംബലാൽ • ബ്രഹ്മമായാവിമഹിഷൻവരംകൊണ്ടുമദിച്ചവൻ നമ്മുടെ ശക്ത്യംശമാംനാരിയവനെക്കൊല്ലുവാൻമതി • സ്ത്രീകളോടൊത്തുതേ ജോംശങ്ങളെപ്രാർത്ഥിക്കേണമേവരും അത്തേജസ്സുകളൊന്നിച്ചിട്ടൊരുസുന്ദ രിയാകുവാൻ • അദ്രിതുടങ്ങിനാമെല്ലാംത്രിശൂലാദികളായിട്ടും ദിവ്യായുധ ങ്ങളെയെല്ലാമവൾക്കായികൊടുക്കണം • സർവ്വതേജസ്സോടുംകൂടിസ്സർവ്വാ യുധവുമാണ്ടവൾ ദുഷ്ടൻപാപിമദിച്ചുള്ളോരവനെനിഗ്രഹിച്ചിടും'.

വ്യാസൻപറഞ്ഞു

ഇതുവിഷ്ണുവുരയ്ക്കുമ്പോൾ ബ്രഹ്മവക്ത്രത്തിൽനിന്നുതാൻ അതി ദുസ്സഹമാംതേജഃപുഞ്ജംതാനേവെളിച്ചതേ • അല്പംതണുപ്പുള്ളരുണരശ്മി ക്കൂട്ടംവിളങ്ങിയും പുറപ്പെട്ടു,കണ്ടുവിഷ്ണുമഹാത്മാവായതങ്ങനേ • വൻ പന്മാരവർരണ്ടാളുംവിസ്മയിച്ചുധരാപതേ! ഹരദേഹത്തിൽനിന്നു ണ്ടായീബഹുവിസ്മയം • നോക്കാൻവയ്യാവെള്ളിനിറമുഗ്രംബഹുഭയങ്ക രം ദേവന്മാർക്കുള്ളതംപോംകൂന്നതുദൈത്യക്ഷീതിയും • രണ്ടാംതമോ ഗുണമ്പോലെമലപോൽലോകരൂപമായ് വിഷ്ണുദേഹത്തിൽനിന്നന്യ തേജോരാശിയതെന്നപോൽ, • നീലമായ് സത്വമയമായുണ്ടായ് പി ന്നെമഹാദ്യുതി ഇന്ദ്രനിൽനിന്നടത്തീടാൻവയ്യാത്താശ്ചര്യരൂപമാം • തേജസ്സെല്ലാഗുണത്തോടുംപുറപ്പെട്ടുനിറഞ്ഞതായ് കുബേരൻവരു ണൻകാലനഗ്നിയിൽനിന്നങ്ങനെ • മുഴുവെവലുതായുള്ളതേജസ്സുണ്ടാ യിമന്നവ! മറ്റുദേവകൾദേഹങ്ങളതിൽനിന്നുംവിളങ്ങിടും • തേജഃപു ഞ്ജംപുറപ്പെട്ടുജ്വലിച്ചുംകൊണ്ടുകേമമായ് രണ്ടാമതെത്രമലയ്ക്കൊത്തദി വ്യതേജസ്സുശേഷവും • കണ്ടിട്ടാമാധവൻതൊട്ടവാനോരുള്ളതമാണ്ടു തേ ദേവന്മാർകണ്ടുനില്ക്കുമ്പോൾതേജഃപുഞ്ജത്തിൽനിന്നുതാൻ • ഉ ണ്ടായതുള്ളതമേകനേൽശ്രേഷ്ഠയാകയായതുസുന്ദരീ ത്രിഗുണാശ്രീമഹാല ക്ഷ്മീസർവ്വദേവസമൂഹവോ • കണ്ണിരൊൻപതെഴരെന്ദാത്രിഗുണാവിശേഷ

മോഹിനി വെൺമുഖാകൺകറുപ്പേററം ചുവന്നാധരപല്ലവം * ചുവന്നകൈത്തലം ദിവ്യഭൂഷണം പൂണ്ടകോമളാ പതിനെട്ടുഭുജത്തോടുമായിരംകൈകളുള്ളവൾ * ദൈത്യനാശത്തിനായ് തേജോരാശിയിൽനിന്നു ജാതയായ്.

ജനമേജയൻപറഞ്ഞു.

വേദവ്യാസ! മഹാഭാഗ! സർവ്വജ്ഞ! മുനിസത്തമ! അവർതൻദേഹമുണ്ടായതോതീടുക സവിസ്തരം * എല്ലാ തേജസ്സുമൊന്നിച്ചോ പ്രത്യേകിച്ചോ മഹാമുനേ! അംഗങ്ങളെല്ലാമെല്ലാർക്കുമുള്ള തേജോമയങ്ങളോ? * ഓരോ തേജസ്സു പ്രത്യേകം മുഖനാസാക്ഷിഭേദമായ് അംഗങ്ങളായിട്ടുണ്ടായോ? എല്ലാമൊന്നിച്ചുതന്നെയോ * ചൊൽക വിസ്താരമായ് വ്യാസ! ശരീരാംഗസമുത്ഭവം ഏതേതു ദേവതേജസ്സാലേതേതംഗം ഭവിച്ചതേ? * ആരെമ്മട്ടായുധാനർക്കീഭൂഷണാദികളായതും? നിൻമുഖാബ്ജത്തിൽനിന്നെല്ലാം കേൾപ്പാനാഗ്രഹമുണ്ടമേ * നിൻമുഖാബ്ജത്തിൽനിന്നൂറും മഹാലക്ഷ്മീചരിത്രമാം സുധാരസം കുടിച്ചിട്ടു തൃപ്തിവന്നില്ല ലേശവും.

സൂതൻപറഞ്ഞു.

ഇമ്മട്ടാനൃപവാക്യത്തെക്കേട്ടു സത്യവതീസുതൻ ഭൂപൻമോദിക്കുമാറായിട്ടോതിനാൻ ശ്ലക്ഷ്ണവാക്കിനെ.

വ്യാസൻ പറഞ്ഞു.

രാജാവേ! കേൾക്ക ചൊല്ലീടാം വിസ്തരിച്ചു നിനക്കു ഞാൻ എൻബുദ്ധിപോലെയദ്ദേവീശരീരത്തിന്റെയുത്ഭവം * ബ്രഹ്മാവും വിഷ്ണുവും സാക്ഷാൽ ശിവനും പുത്രനാം അതുരൂപം ശരിയായോതാൻ ശക്തരാവില്ലൊരിക്കലും * ആദേവീരൂപമെവ്വണ്ണമെന്തിനാൽ ഞാനറിഞ്ഞിടും ഉണ്ടായെന്നോതുമെൻ ചൊല്ലോ, വാചാരംഭണമാത്രമാം * അവളെന്നും നിത്യ താനദ്ദേവകാര്യം നടത്തുവാൻ നാനാരൂപത്തിലായേകരൂപയാകിലും ശ്രീഗൌരവാൽ * ഒരുവൻ നടനെന്നാലും രംഗത്തിൽ പലവേഷമായ് ജനമോദം വരുത്താനായ് ഭവിക്കുന്നതുപോലവേ * അതുപോലവളും ദേവകാര്യങ്ങൾക്കായ് സ്വലീലയാ ബഹുരൂപമെടുക്കുന്നു നിർഗ്ഗുണാ സഗുണങ്ങളായ് * കാര്യവും കർമ്മവും പോലെ നാമങ്ങളുളവായിടും ധാത്വർത്ഥഗൌണപ്രധാനങ്ങളായിട്ടൊട്ടനേകമായ് * തേജസ്സിൽനിന്നിട്ടുണ്ടായോരവൾതൻ നല്ലാരാകൃതി എൻബുദ്ധിപോൽ നല്ലവണ്ണം പറഞ്ഞീടാം നരാധിപ! * ശങ്കരന്നുള്ള തേജസ്സുകൊണ്ടവൾമുഖപങ്കജം വെണ്മയായ് ശുഭമായേറ്റം ശ്രേഷ്ഠമായി ഭവിച്ചതേ * യമതേജസ്സിനാലുണ്ടായവൾതൻ

നല്ലകേശവും അററം ചുരുണ്ടു, നീളത്തിൽസ്നിഗ്ദ്ധമായ് മേഘവർണ്ണമായ് *
അഗ്നിതേജസ്സുകൊണ്ടുണ്ടായ് ദേവിതൻമൂന്നുകണ്ണുകൾ കറുപ്പും ചെന്നി-
റവും വെളുപ്പും ചേർന്നിടംഗിയായ് * രണ്ടുസന്ധ്യകൾതേജസ്സാം കാമവി-
ല്ലുകൾപോലവേ കറുത്തുവളവാം മേനിപ്പുരികങ്ങളുമായിതേ * വായു-
തേജസ്സിനാലുണ്ടായ് ശ്രേഷ്ഠമാം ചെവിരണ്ടുമേ മാരന്റെയൂഞ്ഞാലയെ-
ന്നോണം നീണ്ടല്ലതു ചുരുങ്ങിയും * ധനദൻതന്റെ തേജസ്സാൽസ്നിഗ്ദ്ധ-
വർണ്ണം മനോഹരം മൂക്കുമുണ്ടായെള്ളിൻപൂകുസുമത്തിന്നുതുല്യമായ് *
സാഗ്രങ്ങൾ പല്ലുകൾ മുല്ലമൊട്ടുകൾ പോൽമിന്നങ്ങിയും സമങ്ങളായും
പ്രജായാട്ടുണ്ടായ് ദക്ഷാദിതേജസാ * അരുണൻതന്റെ തേജസ്സാൽ ചു-
വന്നാരധരം നൃപ! നല്ലോഷ്ഠം ഷണ്മുഖൻതന്റെ തേജസ്സാലതുപോല-
വേ * കൈകളിരൊൻപതും വിഷ്ണുതേജസ്സാലുളവായിതേ വസുക്കളുടെ
തേജസ്സാൽ ചുവന്നവിരലൊക്കയും * ചന്ദ്രതേജസ്സിനാലുണ്ടായവൾ
തൻ നൽസ്തനങ്ങളും ഇന്ദ്രതേജസ്സിനാലപ്പോൾ മദ്ധ്യം ത്രിവലിചേർന്നതാ-
യ് * വരുണൻതന്റെ തേജസ്സാൽ ജംഘോരുക്കൾ വെളിച്ചതേ ഭൂവിൻ
തേജസ്സിനാലുണ്ടായ് വലുതാമാനിതംബവും * നല്ലാകാരം നല്ലശബ്ദമീ
വണ്ണമൊരുസുന്ദരി തേജോരാശിയിൽനിന്നുണ്ടായാവിധത്തിൽ കളുചേ-
ഹേ! * സർവ്വാംഗപൂർണ്ണസുദതിയാകുമപ്പാരുനേത്രയെ കണ്ടുമോദിച്ചുമഹി-
ഷപീഡയാണ്ടുള്ള ദേവകൾ * ഹരിവാനവരോരോതിയായുധാഭരണ-
ങ്ങളെ എല്ലാമിവൾക്കിന്നിങ്ങൾ നല്ലതായിട്ടു നൾകുവിൻ * സ്വായു-
ധങ്ങളിൽനിന്നുണ്ടാക്കീട്ടു തേജസ്സൊട്ടുംകഷണം ആയുധങ്ങളെയെല്ലാമി-
ന്നേകുവിൻനിങ്ങളൊക്കയും.

ശ്രീദേവീഭാഗവതം അഞ്ചാംസ്കന്ധം
ദേവ്യുൽപത്തി
എട്ടാമദ്ധ്യായം.

ഒൻപതാമദ്ധ്യായം

വ്യാസൻപറഞ്ഞു.

എല്ലാവരുംവിഷ്ണുഗിരംകേട്ടു സന്തോഷമോടുടൻ കൊടുത്തതാർനല്ല-
വസ്ത്രങ്ങളായുധാഭരണങ്ങളും * പാലാഴി, നേർത്തപൂതുതാം ദിവ്യരക്തതാം-
ബരങ്ങളും അവൾക്കപ്രീത്യാ, പ്രീതനായ് നല്ലഹാരവുമേകിനാൻ *

സൂൎയ്യകോടിപ്രഭയെഴുംനൽചൂഡാമണിയങ്ങനെ ശുഭ്രങ്ങളാംകുണ്ഡല
ങ്ങൾ കൈകൾക്കുകടകങ്ങളും • വളകൾതോൾവളകളുംനാനാരത്നംപ
തിച്ചവഅവൾക്കുവിശ്വകൎമ്മാവുംകൊടുത്താനതിതുഷ്ടനായ് • നൽപദ
ങ്ങൾക്കുത്വഷ്ടാവുംസൂൎയ്യനേപ്പോൽവിളങ്ങിടും ശബ്ദിക്കുംരത്നമയമാം
പൊൻചിലമ്പുകളേകിനാൻ • മഹാൎഹമവൾക്കേകിനൽകണ്ഠാഭര
ണത്തെയും അംഗുലീയങ്ങൾരത്നങ്ങളുംതേജസ്സുചേൎന്നതായ് • ഉ
ണൎമ്മവും,വണ്ടുവാഴുംവാടാപ്പങ്കജമാലയും അപ്രകാരംകൊടിക്കൂറയതും
വരുണനേകിനാൻ • സന്തോഷത്തോടുഹിമവാൻപലമാതിരിരത്നവും
സിംഹവാഹനവുംനൽകിമനോജ്ഞംസ്വൎണ്ണവൎണ്ണമായ് • നൽഭൂഷണ
ങ്ങൾചാൎത്തീട്ടുസൎവ്വലക്ഷണമൊത്തവൾ സിംഹവാഹനമേറീട്ടുവിളങ്ങീ
സൎവ്വമംഗലാ • തൻചക്രത്തിനൊട്ടുത്തേകിയവൾക്കായ്ചക്രമച്യുതൻ
അസുരത്തലകൊയ്യുന്നതായിരംമുനയുള്ളത് • തൻശൂലത്തിൽനിന്നെടു
ത്തുരുദ്രനംശൂലമുത്തമം ദേവിക്കേകിദേവവൈരിഹരംഭയവിനാശനം •
ഉജ്ജ്വലിക്കുന്നശംഖത്തെക്കൊടുത്താൻവരുണൻമുദാ ശബ്ദിക്കുന്നതുതൻ
ശംഖിൽനിന്നെടുത്തതിമംഗലം • മനോവേഗമതാംവേലുംശതഘ്നിയുമു
മഗ്നിയും സന്തോഷത്തോടവൾക്കേകീദൈത്യനാശത്തിനുള്ളവ • ബാ
ണംനിറച്ചാവനാഴിയതുമത്ഭുതമേകിടും ശബ്ദംകൂട്ടുംബലംചേരുംവില്ലും
മാരുതനേകിനാൻ • തൻഘോരവജ്രമതിൽനിന്നേകിനാൻവജ്രമിന്ദ്ര
നാം നൽശബ്ദത്തോടഴകേഴുംമണിയൈരാവതംഗജം • കാലദണ്ഡതിൽ
നിന്നിട്ടുകാലദണ്ഡിനെയേകിനാൻ കാലവരുണനോൾഗ്രഹങ്ങൾക്കെ
ല്ലാമന്തമതേകിടും • ഗംഗാജലംനിറച്ചുള്ളനൽകമണ്ഡലുവെവിധി
ജ്ഞാവൾക്കുനൽകിനാൻപാശമുഗ്രമാവരുണൻമുദാ • വാളുംപരിചയുംകാ
ലൻകൊടുത്താൻനരപാലക! വിശ്വകൎമ്മാവുച്ചിയുള്ളമഴുവേകിയവൾ
ക്കുടൻ • സുധാപൂൎണ്ണംസ്വൎണ്ണമയംപാനപാത്രംധനാധിപൻ വരു
ണൻദിവ്യമാമുള്ളപങ്കജത്തെയുമേകിനാൻ • അനേകംമണിശബ്ദിക്കും
കൗമോദകിയതാംഗദാ ദൈത്യനാശംവരുത്തുന്നതമ്മട്ടൊട്ടുറയസ്ത്ര
വും • അഭേദ്യച്ചട്ടയുംമോദാൽത്വഷ്ടാ,ദേവിക്കുനൽകിനാൻ ജഗതാം
ബക്കതൻരശ്മികളെനൽകീദിവാകരൻ • ആയുധാഭരണങ്ങൾപൂണ്ടുല
കെല്ലാംമയക്കിടും ദേവിയെവാനവർകണ്ടുവിസ്മയിച്ചുപുകഴ്ത്തിനാർ.

ദേവന്മാർപറഞ്ഞു

ശിവയായ്കല്യാണിയായിട്ടുപ്രകൃതിപുഷ്ടിയതെന്നുമായ് ഭദ്രാണി
യാംഭഗവതിയായദേവീ!നമിച്ചിടാം • രുദ്രാണിയായ്കാളരാത്രിയാമം

ബദ്ധ്യായിനമിച്ചിടാം സിദ്ധിയായ് ബുദ്ധിയായ് വൃദ്ധിയായവൈഷ്ണവി! തേനമഃ • ഭൂവിൽസ്ഥിതാ,ഭൂമിയാലജ്ഞാത,ഭൂമിയെയുള്ളിലായ് വാണിട്ടുനിയമിക്കുന്നപരമേശ്വരിയെത്തൊഴാം • മായാസ്ഥിതാ,മായയാലജ്ഞാത,യാനിത്യമായയെ ഉൾവാണുപ്രേരണംചെയ്യും പ്രേരയിത്രിക്കുവന്ദനം • ശത്രുപീഡിതരീങ്ങെങ്ങൾ,കാത്താലംബേ!രക്ഷചെയ്യുക ഖലൻ,മായയെഴുംഘോരൻ,സ്ത്രീവധ്യൻ,വരദൃപ്തിതൻ • ദേവന്മാർക്കഴലേകുന്നോൻ,നാനാരൂപധരൻ,ശഠൻ പാപൻ,മഹിഷനെക്കൊൽകനിൻ തേജസ്സാൽമയക്കിനീ • ദേവന്മാർക്കാക്കയുംനീതാൻശരണംഭക്തവത്സലേ! ദൈത്യപീഡയിൽനിന്നിന്നുപാലിച്ചാലുംനമിച്ചിടാം.

വ്യാസൻപറഞ്ഞു·

സുഖമേകുംദേവിയേവംസ്തുതിക്കപ്പെട്ടുവിണ്ണോരാൽ ശുഭവാക്കുവരോടോതിചിരിപ്പൂണ്ടാമഹേശ്വരി.

ദേവിപറഞ്ഞു.

കണ്ടാനടൻനല്ലവിമാനവുംവി । ട്ടിറങ്ങിടുംവിഷ്ണുവിനെക്ഷിതീശൻ ॥ ജനാർദ്ദനൻതന്നുടെദർശനത്താൽ തോഷിച്ചുനന്നായിനമസ്കരിച്ചാൻ ॥ നമിച്ചതൻഭക്തനെയാശ്വസിപ്പി । ച്ചുരച്ചെഴുന്നേല്ക്കയെന്നുവിഷ്ണു ॥ മഹാനൃപൻഭക്തിയോടുച്ചമായി । പ്പുരസ്ഥിതൻവിഷ്ണുവിനേസ്തുതിച്ചാൻ ॥ ദേവാധിദേവാഖിലലോകനാഥ! । ദയാനിധേ!ലോകഗുരോ!രമേശ! ॥ നിൻകാഴ്ചയീമന്ദനുദുർല്ലഭംതാ । മുഖ്യമായോഗികളായവർക്കും ॥ ആക്കാശയില്ലീവിഷയത്തിലൊന്നും । നിൻദർശനംസൌഖ്യമവർക്കുമാത്രം ॥ ആശാപരൻനിന്നുടെദർശനത്തി । നായോഗ്യനീഞാൻഭഗവൻമുരാരേ! ॥ പുകഴ്ത്തവേഭൂപനിവണ്ണമപ്പോൾ । സ്വധാമയംവാക്യമുരച്ചുവിഷ്ണു ॥ വരിക്കനിന്നിഷ്ടവരംതരാമി । തപസ്സുമൂലംപ

ഭിഷ്ടനായ്ഞാൻ ॥ ഉടൽപതഞ്ഞിങ്ങനമിച്ചുനൃപൻ । പുനരഥഹിതൻ
വിഷ്ണുവിനോടുരച്ചാൻ ॥ സുതനെവേണ്ടീട്ടുതപസ്സുചെയ്തേൻ । സമാന
നായ്പുത്രനെയേകണമേ ॥ സുദർശനപ്രാർത്ഥനകേട്ടുകല്പി । ച്ചുമാ
ധവാക്യമുപവല്ലഭനോടായ് । കളിന്ദകന്യാതമസാസംഗമ । തീർത്ഥ
ത്തിലായ്പോകയയാതിസൂനോ! ॥ എൻവീര്യജാതൻമമപൊററപുത്രൻ ।
നിന്നിഷ്ടമൊത്തോനമിതപ്രഭാവൻ ॥ നിനക്കവേണ്ടീട്ടുവിടെത്യജിച്ചു
ന്നെടുത്തുപാലിക്കകഭൂമിപാല! ॥ മനോജ്ഞമാംവിഷ്ണുവചസ്സുനൃപൻ
ശ്രവിച്ചുസന്തുഷ്ടമനസ്കനായാൻ ॥ വരംകൊടുത്തിങ്ങനെലക്ഷ്മിയോടും
ഗമിച്ചുവൈകുണ്ഠമതിങ്കൽവിഷ്ണു ॥ ഗമിക്കവേശൌരിമുകുന്ദമൊത്തും । വ
രാത്തതേരിൽതനയൻവസിക്കും ॥ സ്ഥലത്തുഗോവിന്ദനരുളുമൂലം ।
ഗമിച്ചുപ്രേമത്തൊടുഭൂമിപാലൻ ॥ അവൻഗമിച്ചിട്ടുതനിച്ചുമണ്ണിൽ
കളിച്ചുകാലിൻവിരൽതൻകരത്താൽ ॥ മുഖത്തണച്ചിട്ടുമനോജ്ഞനാ
യി । കിടക്കുമപ്പാലനെയങ്ങുകണ്ടാൻ ॥ താർമങ്കപെറെറാൻഭഗവാ
ന്റെയംശം താനേവനാഥൻഹരിയോടുതുല്യൻ ॥ വിടർന്നിതപ്പു
ണ്ഡനയനങ്ങൾകണ്ടി । ട്ടുമപ്രമോദേനെയുപാനനാബ്ജം ॥ ഗ്രഹിച്ചുവേഗം
കരപങ്കജത്താൽ । ഭവിച്ചുപ്രേമാബ്ധിയിൽമഗ്നനായി ॥ ശിരസ്സുചും
ബിച്ചുതിമോദമോടും । പുനഃനന്ദിച്ചുവനെക്ഷിതീശൻ ॥ മനോജ്ഞമാ
മായുള്ളമുഖത്തുനോക്കി । ട്ടുരച്ചുതേന്തൊണ്ടവിറച്ചുനൃപൻ ॥ ജനാർദ്ദ
നൻനൽകിയെനിക്കരക്ഷി । ക്കണംകുമാര!നരകത്തിൽനിന്നും ॥ നിന
ക്കവേണ്ടീട്ടതിഘോരമായ്ഞാൻ । തപസ്സുചെയ്തേനൊരുനൂറുവർഷം ॥
ന്നതിൽപ്രസാദിച്ചിവനേകിനിന്നെ । മുകുന്ദനീലോകസുഖത്തിനായി ॥
നിന്നമ്മയുംനിന്നെയെനിക്കവേണ്ടി । ത്യജിച്ചുപോയാൾഹരിയോടുകൂ
ടി ॥ കരേറിയങ്കേഷിരിപൂർണ്ണനിന്നെ । സുഖിപ്പതാരാണവൾതന്നെധ
ന്യാ ॥ നിന്നേയുമാംബുധിയെത്തകപ്പലായ്താ । നങ്ങാക്കിനാൻശ്രീര
മണൻകുമാര! ॥ എന്നോതിയപ്പാലകനെയെടുത്തു । കൊണ്ടെത്തി
നാൻതൻഭവനത്തിൽമന്നൻ ॥ പുരിയ്ക്കുടെത്തിയനൃപനെക്ക । ണ്ടു
വൻമന്ത്രീന്ദ്രർപുരോഹിതന്മാർ ॥ ജനങ്ങളുംകാഴ്ചകളോടുമന്ന । ന്ന
ടുത്തുവന്നിട്ടതിരേററുനിന്നാർ ॥ സൂപന്മാരെന്നസ്തുതിപാഠകന്മാർ । സു
ഗായകർസ്സൂതരുമാർത്തുവന്നാർ ॥ പുരത്തിലെത്തിട്ടുസമാശ്വസിപ്പി । ച്ചു
രത്നവീക്ഷിച്ചുമശേഷരേയും ॥ അന്തഃപുരത്തിൽസുതനോടുകൂടി ॥ ജന
ങ്ങളാൽപൂജിതനായിവാണാൻ ॥ പശിച്ചുചുററുംഭൃതനൂനബലജം । സു

ങ്ങളും ഭൂപതിയേററുവന്നാൻ॥ അമാത്യരോടുംസുതനെക്കരത്തിൽ ധരി
ച്ചുനൽപത്തനമെത്തിമന്നൻ ॥ കൊടുത്തുരാജ്ഞിക്കുടനെമനോജ്ഞൻ।
മനോജ്ഞവാമൻസുതനെക്ഷിതീശൻ। കുമാരനെക്കയ്യിലെടുത്തുലാളി।
ച്ചുനിന്ദിതാരാജ്ഞിനൃപാലനോടായ് ॥ ലഭിച്ചുമത്കുക്ഷിയതിൽനിന്നാത്മ
ജൻ। ദേവാന്തകാകാരമനിക്കുമാരൻ ॥ കന്ദർപ്പകേളിച്ചിടണമിസ്സുതൻ
മേ। മനംകലർന്നാൻമമജീവനാഥ! ॥ ഉരൻപറഞ്ഞുനൃപനെൻപ്രി
യേ!കേൾ। ളിനിക്കാണിസ്സുതനാകുമുന്ദൻ ॥ പൂമാതുപെററാൻപുരു
ഷോത്തമാംശം। കരത്തനേററംകമലായതാക്ഷി! ॥ എടുത്തുലാളിച്ചു
മനോയവാന। ല്പാത്മാവംശപതിയുംനടത്തി॥ കൊടുത്തുവിത്തങ്ങളു
മർത്ഥികൾക്കായ്। മുഴക്കിഗാനത്തൊടുവാദ്യമെല്ലാം ॥ കൈചെയ്തുസവ
ത്തേനൃപ"നേകവീര"। നെന്നാത്മജന്നായൊരുപേരുമിട്ടാൻ ॥ സുഖി
ച്ചുമോദിച്ചുമരേന്ദ്രനെപ്പോൾ। വസിച്ചുനന്ദിച്ചുയയാതിപുത്രൻ ॥ ഹരി
ക്കുതുല്യൻസുതനെലഭിച്ചാ। പ്പിതൃക്കൾതൻനൽകടവുംകൊടുത്താൻ ॥
അഖിലഗുണഗണാഢ്യൻപുത്രനെയിപ്രകാരം। സകലവിബുധനാഥൻ
നൽകിവാഴിട്ടുഭൂപൻ ॥ പലകളികളുമാടിബ്ഭാര്യയോടുംസുഖിച്ചാ।
വനമതിൽവസിച്ചാൻശക്രതുല്യപ്രതാപൻ.

ശ്രീമദ്ദേവീഭാഗവതം ആറാംസ്കന്ധം

ഏകവീരചരിതം

ഇരുപതാമദ്ധ്യായം

ഇരുപത്തൊന്നാമദ്ധ്യായം

വ്യാസൻപറഞ്ഞു

ജാതകർമ്മാദിസംസ്കാരങ്ങളെല്ലാന്തനയനൃപൻ ലാളിച്ചിട്ടവളർ
ന്നാനപ്പോൾബാലകൻദിവസംപ്രതി • സംസാരസുഖമപ്പുത്രൻമൂലംപ്രാപി
ച്ചുമന്നവൻ ആമഹാനാൽകടംമൂന്നുംതീർന്നുവെന്നംനിനച്ചതേ • ആ
റാംമാസത്തിൽവിധിപോൽചെയ്യാൻചോറൂണമാനൃപൻ മൂന്നാംകൊ
ല്ലമതിൽചൗളമങ്ങുംരംഗ്യാനടത്തിനാൻ • വിപ്രന്മാരെപ്പൂജചെയ്തിട്ടേ
കിനാൻഗോധനങ്ങളു യാചകന്മാർക്കധികംധനമാനൃപനേകിനാൻ •
പതിനൊന്നാംവയസ്സിങ്കലുപനിച്ചിട്ടുപുത്രനെ ധനുർവ്വേദംപഠിപ്പിക്കാ

നാക്കിനാനനന്തരം ശേഖരൻ * വേദംപഠിച്ചു രാജാവായ്തീരുവാൻ യോഗ്യ
നാകയാൽ അവനു രാജ്യാഭിഷേകം ചെയ്യാൻ ചിന്തിച്ചു നൃപതി * പൂയം
നക്ഷത്രവും ഞായറാഴ്ചയും ചേർന്ന നൽദിനേ അതിനു വേണ്ടവട്ടങ്ങൾ കൂ
ട്ടിച്ചാദരവോടവൻ * ക്ഷണിച്ചാൻ വേദശാസ്ത്രങ്ങളറിഞ്ഞീടുന്ന വിപ്ര
രെ രാജ്യാഭിഷേകം ചെയ്യിച്ചാൻ പുത്രനായിട്ടു മന്നവൻ * വരുത്തിനാൻ
തീർത്ഥതോയമാഴിയിൽനിന്നുമങ്ങനെ അഭിഷേകം ചെയ്തു നല്ലദിനത്തിൽ
വിധിപോലവേ * ധനം വിപ്രർക്കേകി, രാജ്യമതുമാക്കീട്ടു പുത്രനിൽ സ്വ
ദ്ദാരനതാം നൃപൻ വേഗത്തിൽ കാട്ടുപൂകിനാൻ * രാജാവാക്കീട്ടേകവീ
രൻ തന്നെ മാനിച്ചു മാത്യരെ മുഖ്യരോടും കാട്ടുപൂകി ജിതേന്ദ്രിയനതാം നൃ
പൻ * വാനപ്രസ്ഥാശ്രമത്തോടും മൈനാകശിഖരത്തിലായ് ഇലയും
ഫലവും തിന്നാദേവീധ്യാനത്തിൽ വാണവൻ * ഏവം വാണിട്ടു പ്രാര
ബ്ധം തീർന്നപ്പോൾ ഭാര്യയോടുമായ് മരിച്ചവൻ ദേവലോകം പ്രാപി
ച്ചാൻ സുകൃതത്തിനാൽ * സ്വർഗ്ഗം പ്രാപിച്ചു തൻ താതനെന്നു കേട്ടിട്ടു
ഹൈഹയൻ ശേഷക്രിയകളെ ചെയ്യാൻ വേദത്തിൽ ചൊല്ലീടുന്ന
പോൽ * അപരക്രിയയെല്ലാം ചെയ്തവനാനൃപനന്ദനൻ ബുദ്ധിമാന
പ്പിതാവിൻറെ രാജ്യം രക്ഷിച്ചു നീതിയായ് * ധർമ്മിഷ്ഠനാമേകവീരൻ ശ്രേ
ഷ്ഠരാജ്യത്തെയാണ്ടവൻ ഭുജിച്ചാൻ പലഭോഗങ്ങളുമമാത്യന്മാർക്കു മാന്യനാ
യ് * പ്രതാപത്തോടൊരുദിനം മന്ത്രിപുത്രരുമൊത്തവൻ അശ്വത്തി
ൽകയറിപ്പോയാൻ ഗംഗതൻറെ തടത്തിലായ് * പൂത്തും കായ്ച്ചും വ
ണ്ടിനങ്ങൾ ഭംഗിയായിട്ടു തിങ്ങിയും കുയിൽനാദം ചേർന്നവൻ കണ്ടാൻ
നല്ല മരങ്ങളെ * വേദശബ്ദം മുഴക്കീട്ടും ഹോമധൂമങ്ങൾ പൊങ്ങിയും ക
ണ്ടാൻ മാൻകുട്ടികൾ ചേർന്ന മുന്യാശ്രമവരങ്ങളും * നെല്ലെല്ലാം പാകമാ
യ്സ്ത്രീകൾ കാക്കും നല്ല നിലങ്ങളും താമരപ്പൊയ്കകൾ നല്ല വള്ളിക്കുടിലു
മേറെയും * മുരൾ, ചമ്പകവും, പ്ലാവു, മിലഞ്ഞി, തിലകങ്ങളും കടമ്പും പൂ
ത്തു ശോഭിക്കും മന്ദാരദ്രുമവൃന്ദവും * പയിൻ, ഞാവൽമരം, മാവും, പനപ
ച്ചിലവൃക്ഷവും കണ്ടുപോയിടവേ, ഗംഗാജലത്തിലിതരംഗങ്ങളോടും *
വിടർന്നുമണമേറുന്ന പത്മം കണ്ടു മന്നവൻ അതിൻറെ തീരേ പാർശ്വ
ത്തിൽ സുവർണ്ണനിറമാണവൾ * കംബുഗ്രീവാ, പത്മനേത്രാ, മേഘകേ
ശീ, കൃശോദരീ [illegible] ബിംബോഷ്ഠി, യതിസുന്ദരി *
സുനാസാ, കന്യകാരത്നം തനിയേ സഖിയെന്നിയേ ദുഃഖത്താൽ കണ്ണുനീ
രാണ്ടു കുരരപ്പക്ഷികണക്കിനേ * ഉച്ചത്തിൽ കരയും നല്ല ബാലയെ കണ്ടു

ഭൂമിപൻ അക്കോമളാംഗിയോടായിച്ചോദിച്ചാൻദുഃഖകാരണം • 'നീ
യാരാകുന്നാക്ഷമകൾപൂർണ്ണചന്ദ്രനിഭാനനേ! ഗന്ധർവ്വിയാസുരസ്ത്രീയോചാ
കരയുന്നെന്തുസുന്ദരി!? • തനിച്ചുനിന്നെയാരെന്തിനുപേക്ഷിച്ചതുബാ
ലികേ! നിൻകാന്തനോതാതനോതാനെങ്ങുപോയിനചൊല്ലുക • എ
ന്തുദുഃഖംനിനക്കിന്നുനീയതുംചൊല്ലുകെന്നോടായ്? ഏതുമട്ടാനിൻദുഃഖ
നാശംവരുത്താംഞാൻവരാനനേ! • പീഡിപ്പിക്കില്ലെൻറരാജ്യത്തി
ങ്കലാരുമൊരുത്തരും ചോരഭീതിയുമവ്വണ്ണമില്ലരാക്ഷസഭീതിയും •
ഞാൻഭരിച്ചീടവേരാജ്യംഘോരദുർല്ലക്ഷണങ്ങളും ആർക്കുമില്ലഭയം
വ്യാഘ്രസിംഹാദികളിൽനിന്നുമേ • കരയുന്നെന്തിനായ്ഗംഗാതീര
ത്തിൽനീയനാഥയായ് ചൊൽകസുന്ദരി!നിൻദുഃഖോഹത്തുവെന്തെ
ന്നോരോതുക? • ദൈവത്തിൽനിന്നോനരരിൽനിന്നോവൻദുഃഖമൂഴി
യിൽ പ്രാണികൾക്കുഭവിച്ചാൽതാൻതീർക്കമെൻവ്രതമാണിതു • നി
ന്നഭിപ്രായവുംസാദ്ധ്യമാക്കാംഞാനെന്നാലോചനേ! എന്നാനൃപഗിരം
കേട്ടുചൊല്ലിനാൾമുദ്ദുവായവൾ: • 'രാജാവേകേൾക്കചൊല്ലീടാമെൻ
ദുഃഖത്തിൻറകാരണം ആപത്തില്ലാതെന്തിനായിക്കരയുംപ്രാണിഭൂപ
തേ!? • ഞാനെന്തിനാകരഞ്ഞീടുന്നതെന്നുംചൊല്ലാംമഹാമതേ! നിൻരാ
ജ്യംവിട്ടന്യദേശത്തിങ്കലുണ്ടതിധാർമ്മികൻ • "മൈത്രൻ" പേരുറ്റപാർത്ഥിവ!
സന്താനരഹിതൻനൃപൻ അവൻഭാര്യ"ചന്ദ്രരേഖ"യെന്നുചൊൽ
ക്കൊണ്ടസുന്ദരി • സമസ്താസതിയായുള്ളോൾസർവ്വലക്ഷണമൊത്ത
വൾ പതിയോടൊത്തുമീവണ്ണംപുത്രനില്ലാതെതുസർവ്വദാ • ഭൂമിയിൽപു
ത്രനില്ലാതെദുഃഖിക്കുംവന്ധ്യതന്നുടെ 'ജീവിതംനിഷ്ഫലംകാന്ത!നിന്ദ്യമാ
ണെന്റെജീവിതം • ഇവ്വണ്ണംഭാര്യയാൽഭൂപൻചൊല്ലപ്പെട്ടൊരന
ന്തരം ശ്രേഷ്ഠരാംവിപ്രരെക്കൊണ്ടുകഴിപ്പിച്ചാൻവിധിപ്പടി • പുത്രാ
ർത്ഥമായ്വേണ്ടതുപോലെകിന്നാൻവളരെധനം ഹോമിക്കവേതന്നെയുടനേ
കംജ്വലിക്കുംതീയ്യിൽനിന്നുതാൻ • പ്രത്യക്ഷമായ്ലക്ഷണങ്ങളെല്ലാ
മൊത്തമകന്യകാ തൊണ്ടിപ്പഴംപോലധരംസ്ഥതിസുന്ദരീമണി •
കനകാംഗി കുരുകേശികണ്ണുംപോൽകൈകളുള്ളോവൾ രക്താക്ഷി,രക്ത
നിറമായുള്ളപാദങ്ങളൊത്തവൾ • ഉണ്ടായഗ്നിയിൽനിന്നിട്ടാഹോമി
പ്പോൻസ്വീകരിച്ചുടൻ കൈക്കൊണ്ടിട്ടാസ്സുന്ദരിയെപ്പറ്റിനാമോതു
നാണവൻ • സർവ്വലക്ഷണമൊത്തോളിപ്പുത്രിയെനിഗ്രഹിക്കുക ഹോമക

ണ്ഡത്തിൽനിന്നങ്ങുണ്ടായ്മുക്താമാലയ്ക്കുതുല്യമായ് * അതുകൊണ്ടിങ്ങു
ഞ്ഞെ 'ഏകാവലി'യെന്നു പ്രസിദ്ധമാം സുഖിക്കനീസുതനൊക്കന്നിവളെ
ക്കൊണ്ടുമന്നവ! * തോഷിക്കവിപ്പുവാൽനാംകപ്പെട്ടന്റെപുത്രിയാണി
വൾ ഹോതാവിൻവചനംകേട്ടുംകണ്ടുംനൽകന്യയെനൃപൻ * കൈ
ക്കൊണ്ടാൻബഹുസന്തോഷത്തോടവൻകയ്യിൽനിന്നുടൻ വാങ്ങിക്കൊടു
ത്താൻതൻഭാര്യയ്ക്കായാസുന്ദരിയെയവൻ * തക്ഷമരേഭേ! ഗ്രഹിച്ചാലും
പുത്രിയെയെന്നുരച്ചുമെ അവളാനൽസുന്ദരിയാംകന്യയെസ്വീകരിച്ചു
ടൻ * പുത്രനെക്കിട്ടിയതുപോൽ സന്തോഷിച്ചുസുഖിച്ചുതേ പുത്രജന്മ
ത്തിൽചെയ്യുംജാതകർമ്മാദിയായിട്ട * ശ്രുതകർമ്മങ്ങളെയെല്ലാമുടൻചെ
യ്യാൻവിധിപ്പടി ധനംവിപ്രർക്കിയാഗംപൂർത്തിയാക്കീട്ടുമന്നവൻ * പ
റഞ്ഞയച്ചാനവരെവസിച്ചാൻബഹുതുഷ്ടനായ് വളർത്താർപുത്രനെ
പ്പോലെലാളിച്ചാക്കോമളാംഗിയെ * സന്തോഷിച്ചാളധികമാരാണി
യുംപുത്രിമൂലമായ് പുത്രജന്മോത്സവംഘോഷിച്ചീടിനാനന്നുഭൂപനും *
ആ കന്യകാപുത്രനെപ്പോലേറവുംപ്രിയയായിതേ ആനൃപൻതൻമ
ന്ത്രിപുത്രിയാണേതാൻകാമകോമളേ! * എൻപേർ "യശോവതി"യെ
ന്നും സമപ്രായത്തിലുള്ളവൾ കളിക്കാനവളോടിഷ്ടയാകിനാളെന്നെ
മന്നവൻ * സ്നേഹത്തോടെപ്പോഴും ഞങ്ങളൊരുമിച്ചു നടന്നിടും ഏകാവ
ലിക്കെന്നുമേതം താമരപ്പൂക്കൾ കാൺകിൽ * അവിടത്താൻ കളിച്ചീടും
സുഖിക്കില്ലന്യദിക്കതിൽ ഗംഗാതീരത്തിലധികംഭൂരിപ്പത്മങ്ങളുണ്ടവൾ
കളിക്കാനവിടേയ്ക്കുന്നുമെന്നോടുംസഖിയോടുമായ് ; ചൊല്ലോതിനേൻ
ഭൂപ! നിന്റെപുത്രിപൊയ്കകളുന്നോക്കുവാൻ * ദൂരമുണ്ടിങ്ങുനികാട്ടിൽ
പോകുന്നതെന്തിനെന്നതായ് ; വിരോധിച്ചാൻനൃപൻപൊയ്കനിർമ്മി
ച്ചാൻവനത്തിലായ് * നട്ടുവിച്ചാൻപൂത്തുവരുന്നതാമരയേറവും
എന്നാലുംപോകുമവളുതാമരപ്പൂകൊതിക്കയാൽ * ആയുധത്തോടുടൻ
രക്ഷിപ്പോരെയുള്ളിയയച്ചവൻ എന്നോടുംസഖിയോടുംചെന്നവൾക്ഷ
ണരോടവൾ * ഗംഗതന്നിൽകളിക്കാനായ്വന്നുപോകുന്നുനിത്യവും

ശ്രീദേവീഭാഗവതം ഷഷ്ഠസ്കന്ധം

ഏകവീരചരിതം

ഇരുപത്തൊന്നാമദ്ധ്യായം

ഇരുപത്തിരണ്ടാമദ്ധ്യായം.

യശോവതിപറഞ്ഞു

കാലമങ്ങനെ ശീററത്തനപാംഗിസഖിയോടുംതിരിച്ചുതേ ചാമരംവീശിച്ചു,നേകംരക്ഷകർശാസ്ത്രപാണികൾ ॰ സന്നദ്ധരവരോടൊത്താവലവണ്ണിനിയായവൾ കളിക്കാനിനല്ലതായപൊയ്കയിൽവന്നസുന്ദരി ॰ ഞാനുമായവളോടൊത്തിങ്ങുംഗാത്രിതങ്ങിലെത്തിനേൻ അപ്പസ്ത്രീകളൊന്നിച്ചുപ്പൂക്കളാൽകളിയാടിനാൾ ॰ ഏകാവലിയുമവ്വണ്ണംഞാനും ക്രീഡിച്ചുനില്ക്കവേ "കാലകേതു"വിതെന്നായിപ്രസിദ്ധനൊരുദാനവൻ ॰ ഉലക്കവാൾതോമരവുംഗദയുംവില്ലുമാണ്ടിട്ടും ബഹുരാക്ഷസരൊടൊത്തുവേഗമങ്ങോടിയെത്തിനാൻ ॰ തങ്ങാംതങ്ങൾമകൾക്കൊപ്പംതങ്ങൾകൊണ്ടുകളിച്ചിട്ടും കൊണ്ടൽവേണിയതാമേകാവലിയെക്കണ്ടുമാനവൻ ॰ അവളോടൊത്തിയുമന്നേഞാൻ,ഹതനെന്നായദാനവൻ പത്മാക്ഷി!നാംരക്ഷകർതൻമദ്ധ്യത്തിങ്കൽഗമിച്ചിടാം ॰ എന്നോതിട്ടവളും ഞാനുംവേഗപ്പെട്ടതിവേഗമായ് ആയുധപൂർണ്ണസൈന്യത്തിൻനടുവിൽ പോയിമന്നവ! ॰ കണ്ടൊക്കിയവളെക്കണ്ടുകാമമത്താൽകാലകേതുവും വലുതാംഗദയുംകൊണ്ടങ്ങോടിയെത്തിടിനാൻക്ഷണം ॰ ഭീത്യാവിറച്ചുകയ്യേകാവലിമനോജ്ഞയെ പിടിച്ചാൻരക്ഷകന്മാരെയ്യംതാക്കിട്ടുദാനവൻ ॰ ഇവളെവിട്ടെന്നെനീയുംഗ്രഹിക്കെന്നോതിഞാനവൻ ഗ്രഹിച്ചില്ലെന്നെയവളെക്കൊണ്ടുപോയ് കാമമാലിനാൽ ॰ നില്ലുനില്ലെന്നു ചൊല്ലീട്ടുക്രുദ്ധന്മാരേറരക്ഷകർ തടുത്തുള്ളതമായുള്ളപോർചെയ്താരവനോടുടൻ॰ ശസ്ത്രപാണികൾതൽക്ഷത്രിയർക്രുദ്ധരായുള്ളരക്ഷരും അവനവേണ്ടിപ്പോർചെയ്തുരക്ഷകന്മാരുമായ് നൃപ! ॰ കാലകേതുവുമപ്പോൾസ്സഹായിച്ചുമൂലമായ് രക്ഷിപ്പോരെനിഗ്രഹിച്ചാരാക്ഷസന്മാരുമൊത്തുടൻ ॰ അവളെയുംകൊണ്ടുപോയാൻതൻപുരത്തിന്നശക്തിമാൻ കൊണ്ടുപോമളവെൻതോഴികരയുന്നതുകണ്ടുഞാൻ ॰ പുറകേ പോയായവളെക്കൊണ്ടുപോകുന്നതിക്കനായ് വിളിക്കയോൾപിന്നിലെന്നെക്കാണാത്തക്കവിധംവിരോ॰ ഞാൻകൂടിപ്പോകയാലപ്പോൾഞാനുമായവൾതന്നാഴൽ അവൾതന്നരികിൽചെന്നെത്തിച്ചേർന്നുകൊണ്ടാരെന്നു ഞാൻ ॰ എന്നേയട്ടുതുകണ്ടപ്പോൾദുഃഖിക്കമവളോറവും ദുഃഖിച്ചുറങ്ങൊണ്ടുവിറച്ചതിയായക്കരഞ്ഞുമേ ॰ പ്രീതിയോടക്കാലകേതു

വോതിനാനെന്നോടീമൊഴി ആശ്വസിപ്പിക്കലോലാക്ഷി! നിൻതോഴി
ഭയമാണ്ടുതേ • ദുഷ്ടസ്പർശമില്ലാകമോടൊത്താരെൻ്റരികിൽവന്നാകാ
രണം നിൻദാസൻതിയാലിഞാൻ കരയുന്നൊരുളിതയായ് • ബാലേ!
ദുഃഖിച്ചിടാരുതേ നീനിൻതോഴിയോടുരചൊൽക നീ എന്നോതീട്ടെന്നെ
നൽതേരിൽ സഖികരികിൽ വച്ചുടൻ • അവനെൻ്റെ നൽപുരിക്കായ്ത്തുഷ്ടൻ
വേഗം ഗമിച്ചുതേ വലുതാം സൈന്യമോടേറ്റം പ്രസന്നമുഖനായ് നൃ
പ! • ഏകാവലിയെയെന്നോടുമാക്കിനാനൊരുനൽഗൃഹേ രക്ഷയ്ക്കാ
യിനിയോഗിച്ചാൻ ബഹുരാക്ഷസരേയുമേ • രണ്ടാംദിവസമെന്നോടു
ഗൂഢമായ് ചൊല്ലിനാനവൻ വിരഹംകൊണ്ടുദുഃഖിക്കും നിൻതോഴി
യോടുരയ്ക്ക നീ • എൻഭാര്യയായിട്ടിഷ്ടംപോൽ സുഖിച്ചീടുക സുന്ദരീ!
നിൻരാജ്യമിതു ഞാൻ നിൻ്റെദാസൻ ചന്ദ്രനിഭാനനേ! • ആക്രൂരവാ
ക്യം കേട്ടപ്പോൾ ഞാനീവണ്ണമുരച്ചുതേ പറകില്ലീയപ്രിയം ഞാൻ നിതാ
ന്തിവളോടോതുക • എന്നുരച്ചളവദ്ദുഷ്ടദൈത്യൻ കാമവശംവദൻ താഴ്
മയായ് ചൊല്ലിനാൻ കോമളാംഗിയെൻ സഖിയോടുടൻ • വശീകരിച്ചു
നീയെന്നെ കാന്തേ! കമലലോചനേ! നീഹരിച്ചതിനാലെൻ്റെ ചിത്തം
നിൻ്റെ വശത്തിലായ് • അതിനാലിന്നു നിൻദാസനാക്കിയെന്നെയസം
ശയം ഭജിക്കുകെന്നേ ഞാൻ മാരശരമേറ്റതിദുഃഖിയായ് • താരുണ്യ
വും പോയിടുന്നു ദുർല്ലഭം ചഞ്ചലം പ്രിയേ! സാഫല്യമാക്കണം കാന്തനാ
ക്കീട്ടെന്നെ പുണർന്നു നീ.

ഏകാവലി പറഞ്ഞു

പണ്ടേന്നേ ഹൈഹയൻ ഭൂപനെക്കാൻതാനന്നാസ്ഥയാൽ അവ
നെ ഞാൻ മനംകൊണ്ടു വരിച്ചേൻ മാനവോത്തമ! • നിത്യധർമ്മം വെടി
ഞ്ഞെങ്ങനെ മറ്റൊരുത്തനെ ഞാൻ വരിച്ചിടും കന്യാധർമ്മവുമെന്ന്യേ, നീയറിവോൻ
ശാസ്ത്രനിശ്ചയം • പിതാവാർക്കേകിയവനെ പതിയാക്കീടണം സുതാ
കന്യകക്കില്ല സ്വാതന്ത്ര്യമെന്നുമന്യന്നധീനതാൻ • എന്നോതിയുമട
ങ്ങാതെ മോഹത്താൽ പാപിയാമവൻ വിട്ടില്ലായവളെ പാർശ്വത്തിങ്കൽ
നിന്നീടുമെന്നെയും • പാതാളപോരമതിലാണപ്പുരം ബഹുസങ്കടം രക്ഷി
തം രാക്ഷസന്മാരാൽ ദുർഗ്ഗമം നൽകിടങ്ങിനാൽ • അതിൽവാഴുന്നെൻ്റെ
പ്രാണപ്രിയയാം തോഴിമന്നവ! ആവേർപാടുനിമിത്തം ഞാൻ ദുഃഖിച്ചു
കരയുന്നതേ.'

ഏകവീരൻപറഞ്ഞു

അദൃഷ്ടമൻറപുരത്തിൽനിന്നെമ്മട്ടിവിടെവന്നുനീ? എനിക്കതോർത്തിട്ടാശ്ചര്യംതോന്നുന്നോളുകസുന്ദരീ! • ഹൈഹയന്നേകവീരൻകല്പിച്ചവളെയത്ത്രനെന്നുനീ എന്നോടുരച്ചവാക്കിങ്കലിന്നു സംശയമുണ്ടു മേ• ഹൈഹയൻഭൂപനെന്നോളുന്നവൻഞാനന്യനല്ലടൊ നിൻതോഴിയാംസുന്ദരിയെയെനിക്കേകാനുറച്ചുവോ? • ഇതാണെൻസംശയം ബാലേ!നീയതില്ലാതെയാക്കണം അവളെക്കൊണ്ടുപോന്നീടോരദൃഷ്ടനെ വധിച്ചുഞാൻ • നിനക്കസ്ഥാനമറിയാമെങ്കിൽകാട്ടിത്തരുകമേ ഇദ്ദുഷ്ടമാണുതൻതാതനെയധിപ്പിച്ചതെന്നവൾ • അറിഞ്ഞതില്ലപഹരിച്ചെന്നായിഷ്ടയല്ലെന്നുപന്നിവൾ? മോചിപ്പിക്കാൻശ്രമിക്കാതെതാതൻവാണുള്ളമെന്തിനാൽ • തൻപുത്രിതടവിൽപെട്ടന്നറിഞ്ഞുംസ്ഥിരചിത്തനായ് സാമർത്ഥ്യമില്ലയോഭൂപന്നോതണംകാരണംക്ഷണം? • നിൻതോഴിയാംസുന്ദരിതൻനൽഗുണങ്ങൾപറഞ്ഞുനീ ഹരിച്ചേൻഹൃദയം ഞാനുപ്പുവമ്പൻറവശത്തിലായ് • ഇതുകേട്ടെതെപ്പോകിഞാനക്കന്തയേക്കാണുമെപ്പൊഴോ എന്നെൻറഹൃദയമെന്നായ് കൊതിക്കുന്നുവരാനനേ! • അദൃഷ്ടപുരത്തിങ്കൽഗമിപ്പാൻവഴിചൊൽകനീ നിയുമദൃഷ്ടംവിട്ടെവ്വണ്ണംവന്നതുമോളുക?

യശോവതിപറഞ്ഞു

ബാല്യത്തിലേ, സിദ്ധനാകുമൊരുവിപ്രനിൽനിന്നുമേ ലഭിച്ചുദേവിതൻമന്ത്രംബീജധ്യാനങ്ങളോടുമായ് • അദ്ദിക്കിൽവച്ചതിനെയെൻ മനതാരിൽസ്മരിച്ചുഞാൻ ആരാധിച്ചേൻചണ്ഡശക്തിയെഴുംചണ്ഡികയെസദാ • ഭക്ത്യാഭജിക്കുകിൽബന്ധമോക്ഷത്തെച്ചെയ്തിടുന്നവൾ സർവ്വംസാദ്ധ്യമാക്കുന്നോരംബികാവത്സലയായവൾ • തൻശക്തിയാൽ ജഗത്തെല്ലാംസൃഷ്ടിച്ചിട്ടുമരിപ്പവൾ ഒടുക്കംസംഹരിക്കുന്നോരംബികാനിരാശ്രയാ • എന്നുചിന്തിച്ചുശിവയാംജഗദീശ്വരിയംബയെ ധ്യാനിച്ചേൻശാന്തയായ്ഭക്തവശ്യയായ്ലോലനേത്രയായ് • ദേവീരൂപത്തെയോർത്തുള്ളിൽജപിച്ചേൻമന്ത്രമേററവും ഞമാസമുപാസിച്ചേൻ ഞാനേകാഗ്രമനസ്സോടും • എൻഭക്തിയാൽതുഷ്ടയായിസ്വപ്നത്തിൽ വന്നുചണ്ഡിക നിദ്രയായെന്നെബോധിച്ചാളെന്നോടുത്തരവാക്കിവൾ • എഴീയുല്ലവേഗംനൽഗംഗാതീരത്തിങ്കൽഗമിക്കനീ വന്നിടുമാസ്ഥലത്തിന്നാഹൈഹയൻനൃപപുംഗവൻ • ഏകവീരൻമഹാവീരൻസർവ്വശത്രുവിമർദ്ദനൻ ദത്താത്രേയനവന്നായെൻശ്രീവിദ്യാമന്ത്രമുത്തമം • കൊ

ട്ടതാനവനാംഭക്ത്യാസേവിക്കുന്നെപ്പോഴും എന്നിൽതല്പരനാ
യ് നിത്യംചെയ്തീടുന്നെൻറപൂജയും ॥ എന്നാലല്ലാതനായ് ധ്യാനി
ക്കുന്നുസർവ്വജഗത്തിലും മഹാത്മാവാമവൻനിൻെറദുഃഖനാശംവരുത്തി
ടും ॥ നിൻരക്ഷിതാവായവനെത്തുംകളിച്ചാലക്ഷ്മീതൻസുതൻ ഘോരരാ
ക്ഷസനെക്കൊന്നുസർവ്വശാസ്ത്രവിശാരദൻ ॥ ഏകവീരൻവേഗമേകാവി
ലിയെവിട്ടുവിച്ചിടും പിന്നെനീമാനല്ലരാജപുത്രനെപ്പതിയാക്കുക ॥ മറ
ഞ്ഞാൾദേവിയീവണ്ണമോതീട്ടനന്തരംഞാൻ ജപിച്ചതുംസ്വപ്നമുണ്ടാ
യതുംഞാനതുചെയ്കയാൽ ॥ കേട്ടുകാവലിയത്യന്തംപ്രസന്നമുഖിയാ
യിതേ വിശേഷിച്ചുംതുഷ്ടയായിപിരിച്ചെന്നോട്ടുചൊല്ലിനാൾ ॥ വേഗം
പോയവിടെയെല്ലാമെൻറകാര്യംസാധിക്കണംപ്രിയേ! സത്യമോതീദേവി
നമ്മെവിടുവിച്ചീടുമായവൾ ॥ എന്നോതപ്പെട്ടുഞാനെൻെറയിഷ്ടയാ
യുള്ളതോഴിയാൽ ഉടനേയവിടംവിട്ടുയാത്രയന്നറച്ചുഞാൻ ॥ പുറ
പ്പെട്ടുമഹാദേവിപ്രസാദംകൊണ്ടുവേഗമായ് മാർഗ്ഗത്തിൽജ്ഞാനവുംശീ
ഘ്രഗതിയുംവന്നുടൻമമ ॥ എൻദുഃഖത്തിനുള്ളമൂലമെല്ലാംഞാനേവ
മോതിനേൻ നീയാർസുതനാരെന്നുമുള്ളവണ്ണംകഥിക്കുക.'

ശ്രീദേവീഭാഗവതം ആറാംസ്കന്ധം

ഏകാവലീകഥ ഇരുപത്തിരണ്ടാമദ്ധ്യായം.

ഇരുപത്തിമൂന്നാമദ്ധ്യായം.

വ്യാസൻ പറഞ്ഞു.

അവൾതൻവാക്കുകേട്ടിട്ടാലക്ഷ്മീപുത്രൻപ്രതാപവാൻ പ്രസന്ന
മുഖനായിട്ടായവളോടോതിനാനിവ!

ഹൈഹയൻ പറഞ്ഞു.

നീമംഗിയായിചോദിച്ചാരെൻവൃത്താന്തംശ്രവിക്കുക ഹൈഹ
യൻഞാനേകവീരൻനാമംമിന്നിരതൻസുതൻ ॥ നിനാൽപ്പരാധീന
മാക്കപ്പെട്ടേൻചിത്തംഭേദേക്ഷണേ! ചെയ്യേതെന്തെങ്ങുപോകേണ്ടുവിത
ഖാതുരനായിഞാൻ ॥ ആദ്യംവർണ്ണിച്ചനീരൂപലാവണ്യാലോകദുർല്ലഭം
അതിനാൽകാമമാലാണ്ടെൻമനം ചാഞ്ചലമായിതേ ॥ പിന്നെഗ്ഗുണങ്ങ
ളെച്ചൊല്ലീകവന്നവയുംമെൻമനം പിന്നീടതാതിയനിൻവാക്കാലുണ്ടാ
യ് വിസ്മയവുംമമ ॥ വരിച്ചുഞാൻഹൈഹയനേയവനേയിട്ടൊന്ന്യ

ന്നെ വരികില്ലെന്നവർകൾ ദൈത്യന്മാരോടുറപ്പായുരച്ചതായ് • ആ വാക്കാ
ലിന്നു ഞാൻ ദാസനാക്കപ്പെട്ടു വരാനനേ! നിന്നാലവർകൾക്കു ദ്രോഹം ചെയ്തീട
ണം നിങ്ങൾ കേൾപ്പാൻ കഴിഞ്ഞാൻ • അറികില്ലദ്ദുഷ്ടനായ രാക്ഷസൻ പുരി
യിന്നു ഞാനെ ഗതിയില്ല സ്ഥലമെന്തെന്നാരെന്നറിഞ്ഞാൽ സഖിമാർ മണേ! •
എന്നോടവിടെയാക്കാൻ നീ ശക്തനാകിൽ വഴി ചൊല്ലുക നിൻ തോഴി വാഴ
ന്നിടത്തിലാക്കുകെന്നാക്ഷണേനനീ • വിവശനാം നിൻ പ്രിയാ ദുഃഖിക്കുന്നോ
ളാ രാജപുത്രിയെ കൊന്നാക്രൂരൻ രാക്ഷസനെയിപ്പോൾ ഞാൻ വിട്ടയ
ച്ചിടാം • ദുഃഖം പോക്കീട്ടു ചൊല്ലാം ഞാൻ വേഗം നിന്റെ പുരത്തിനായ്
കന്യയെ കാവലിൽ ഞാനേകാമവർ പിതാവിനായ് • പുത്രീവിവാഹം
ചെയ്തീടുവിൻ ഭൂപനനന്തരം എന്റെയും നിന്റെയും കാമമീവിധ
ത്തിൽ പ്രിയംവദേ! • ഇപ്പോൾ സമ്പൂർണ്ണമായിട്ടു ഭവിക്കും നീ നിമിത്തമാ
യ് വേഗമപ്പുരി കാണിക്കു കണ്ടു കൊൾക എൻ പരാക്രമം • കൊന്നീടുമ
ഞാൻ ദുഷ്ടനാമപ്പുരോരാപഹാരിയെ പ്രിയമമ്മട്ടു നീ ചെയ്ക ശക്തനാ
കുന്നു സുന്ദരി! • അപ്പുരത്തിൻ ദുർഗ്ഗമമാം മാർഗ്ഗം കാട്ടിടുകിന്നു നീ.

വ്യാസൻ പറഞ്ഞു

പ്രിയമാമാ വാക്കു കേട്ടു മോദം പൂണ്ടായശോവതി ആലക്ഷ്മീസുത
നോടോതി ഗമനോപായമുടനാൽ • സിദ്ധിയേറും ഭഗവതീമന്ത്രത്തെ
നീ ഗ്രഹിക്കണം കാട്ടിത്തരാം രാക്ഷസന്മാർ പാലിക്കും ദൈത്യപത്തനം •
എന്നോടൊന്നിച്ചു പോയീടാനൊത്തെളിക്കാം കനീ വിഭോ! വലുതാം
സൈന്യമൊടൊന്നിച്ചു, വിടെപ്പോർ ഭവിച്ചിടും • ശക്തരാം രാക്ഷസ
ർ ചൂഴും കാലകേതു മഹാബലൻ മന്ത്രം ഗ്രഹിച്ചായതിനാലെന്നോടൊ
ത്തെഴുന്നു പോക നീ • അദ്ദുഷ്ടന്റെ പുരത്തിന്നു വഴി കാട്ടിത്തരാം തവ അ
പ്പാപിയെക്കൊന്നു വേഗമെൻ തോഴിയെ വിടീക്ക നീ • ആ വാക്കു കേ
ട്ടു കവീരൻ വേഗം മന്ത്രം ഗ്രഹിച്ചതേ ഞാനത്രേ താൻ മഹാമന്ത്രമാനീ വന്ന
മൂലമെട്ടുള്ളതാ • യോഗശക്തീമഹാമന്ത്രം ത്രിലോകാതിലകാദി ധ്രുവം സ
ർവ്വജ്ഞതാനവ് രഹസ്യമാണതിൽ • പാതാളത്തെ പാമ്പു
കൾ പോൽ ഘോരരാക്ഷസർ ചൂഴ്ന്നിടും അദ്ദുർഗ്ഗമപുരം വേഗം പ്രാപി
ച്ചാനവളോടുമായ് • യശോവതിയോടും ഘോരപ്പടയോടും നരശ്രേ
ഷ്ഠൻ ആഗമിപ്പതു കണ്ടേറാനെയെന്നാർ ദൈത്യകിങ്കരർ • ശക്തന്മാരവ
റിഞ്ഞു കാലകേതുവെയറിയാതെ ദുർഗ്ഗകാവലിസമീപത്തിൽ കാമമോ
ഹിതനായുടൻ • സാമോപായം പ്രവർത്തിക്കുമവനോടവർ ചൊല്ലി
നാർ.

ദൂതന്മാർ പറഞ്ഞു

രാജൻ! യശോവതീനാമിയിവൾ തൻ തോഴിയായവൾ സസൈ
ന്യനാം രാജപുത്രനോടു കൂടി വന്നിതാ • അവൻ ജയന്തനോ സുബ്രഹ്മ
ണ്യനോ രാജസത്തമ! വന്നീടുന്നു മഹോന്മത്തനായിട്ടു പടയോടുമായ് •
പോരിന്നു വന്നിരിക്കുന്നു നീ യത്നമിയിരിക്കുക ഇവരോടു പോർ
ചെയ്യുകയല്ലെങ്കിലിവളെ വിട്ടു • മൂന്നു യോജന ദൂരത്തിലായ സൈന്യങ്ങ
ളൊക്കെയും സന്നദ്ധനാക നീ കാട്ടി ഘോഷിക്കുക പെരുമ്പറ.

വ്യാസൻ പറഞ്ഞു

അവർ തന്നാവാക്കു കേട്ടു രാക്ഷസൻ ബഹുകോപിയായ് ശക്തരാ
മായുധം പൂണ്ട ഭൃത്യരെ ചൊല്ലിവിട്ടിതേ • ശസ്ത്രപാണികളായ് നേരേ
ചെല്ലുവിൻ നിങ്ങൾ ദൈത്യരേ! അയച്ചിട്ടവരെ ദൈത്യൻ സമീപത്ത
തിദുഃഖിയായ് • വാഴുമേകാവലിയോടായ് ചോദിച്ചാൻ പ്രണയത്തൊ
ടും: 'ഇങ്ങു വരുന്നവനാരന്യൻ താനെന്നിന്നു ചൊല്ലു നാഗ്രജേ! • നിനക്കവ
നിപ്പടയോടെടുത്തുന്ന സത്യമോർക്കുക? വിരഹാതുരനായ് താതൻ നയി
പ്പാനാഗമിക്കുകിൽ • അറിഞ്ഞീടേണമദ്ദേഹത്തോടു ഞാൻ പോരു ചെ
യ്യില്ലാ ഗ്രഹത്തിൽ കൊണ്ടുവന്ന ശംഖനാവസ്തുക്കളേകി ഞാൻ • പൂജി
ച്ചേൻ ഗ്രഹമാർമ്മളോനെസ്സൽകരിക്കുമസംശയം അന്യൻ പ്രാപിച്ചുവെ
ന്നാകിൽ ക്രൂരബാൽ നിഗ്രഹിച്ചിടും • വലുതാം കാലമവനെ വരുന്നീമര
ണത്തിനായ് അതിവാൽ ചൊൽക നീ മന്നിൽ വരുന്നവനാരപ്പോൾ? •
ശക്തൻ വീരൻ കാലരൂപനീയെന്നെയറിയാതെ താൻ.

ഏകാവലി പറഞ്ഞു

വേഗത്തിലീ വരുന്നോനാരെന്നെനിക്കറിവില്ലഹോ! ഞാനിക്കാട്ടി
ൽ വാഴുന്നെന്നറിഞ്ഞിട്ടില്ലായതെനാം; • ഇതപ്പുനല്ല ഭ്രാതാവല്ലന്യനാര
ണാരു ശക്തിമാൻ എന്തിനിങ്ങു വരുന്നെന്നും ഭേദമായറിവില്ലമേ.

ദൈത്യൻ പറഞ്ഞു

ദൂതർ ചൊല്ലുന്നു നിൻ തോഴിയായുള്ളൊരു യശോവതി ഭ്രമിച്ചാവീ
രനെക്കൊണ്ടുവന്നീടുന്നവിതെന്നതായ് • താൻ തോഴിയെത്തേടിപ്പോയ് കാ
ന്തേ! കാര്യസാമർത്ഥ്യമുള്ളവൾ • എനിക്കന്യൻ വൈരിയില്ലിന്നൊന്നോ
ളം ബലമുള്ളവൻ.

വ്യാസൻ പറഞ്ഞു

ഈയന്തരത്തിലെത്തിയന്യരാം ചില കിങ്കരർ ഗ്രഹവാഴ്‌ംകാ
ലകേതുവോടോതിയവർ ഭീതരായ് • സപ്രസ്ഥനായെത്തിരിക്കുന്നൊരു സൈ

ന്യംവന്നിങ്ങടുത്തുതേ വൻമൈസന്യംപുഴാവനിയുംനഗരംവിട്ടുചെല്ലു
ക് * എന്നവർവാക്കുകേട്ടിട്ടാകാലകേതുമഹാബലൻ വേഗത്തിൽത്തേ
രിലേറീട്ടുതൻപുരംവിട്ടുപോയിതേ * പ്രതാപവാനേകവീരൻതാനുമ
ശ്വത്തിലക്ഷണം കന്യാവിരഹദുഃഖേനതാടവിക്കുള്ളാഗമിച്ചുതേ * അ
വൾക്കുമാമുണ്ടായിവൃത്രേന്ദ്രന്മാർക്കുതുല്യമായ് ശസ്ത്രാസ്ത്രങ്ങളനേകായു
ധങ്ങളുംശോഭിച്ചിട്ടമ്പടി * കാതരന്മാർക്കരിയേകംയുദ്ധമപ്പോൾനടക്കേ
വെ അടിച്ചുഗദകൊണ്ടിട്ടുദൈത്യനെക്കമലാസുതൻ * മരിച്ചവൻഭൂ
വിൽവീണാൻവജ്രമേററദ്രിയെന്നപോൽ ഭയപീഡിതരായോടിപ്പോ
യാൻഭൃത്യരശേഷവും * യശോവതിയുടൻപോയിട്ടേകാവലിയൊടോ
തിനാൾ അതിമോദത്തോടാശ്ചര്യംതോന്നുംമധുരവാക്കിനേ * 'വത്സ
തോഴീരാജപുത്രനിദ്ദൈത്യനെവധിച്ചതേ ഏകവീരൻധീരനാരാർന്നു
ദ്ധമെയ്യിട്ടുഘോരമായ് * പുരാന്തത്തിങ്കലാമന്നാൻനിൽക്കുന്നിപ്പോൾ
ശ്രീമാനവൻ നിന്റെരൂപഗുണംകേട്ടുമശിപ്പാനാഗ്രഹത്തോടും * കാമ
തുല്യൻനൃപനവൻകാണ്മതീപങ്കജാക്ഷണേ! ഗംഗാതടത്തിൽവച്ചോ
തിനിൻകാര്യമവനോടുഞാൻ * അതിനാൽപൂർണ്ണാനുരാഗിയായ്ചേർ
പ്പാടിലാണവൻ ആശിക്കുന്നുഴകേറുന്നിതിനോക്കാണുതിനാനൃപൻ' *
യശോവതീവാക്കുകേട്ടിട്ടവൾപോകാൻനിനച്ചുതേ കുമാരിയാകയാൽ
പേടിച്ചുററംലജ്ജയോടൊത്തവൾ * അവശാകന്യതാനെന്നമട്ടിൽക്കി
ച്ചീടുമവൻമുഖം പിടിക്കുമെന്നോമാതൃനവനെന്നോർലാൽസതീ *
യശോവതിയൊടുംകൂടിനടയാനതിലെത്തിനാൾ പുരാന്തത്തിൽമവി
നയായ്മലിനാംബരധാരിയായ് * അവൾവന്നതുകണ്ടിട്ടുചൊല്ലിനാൻ
നൃപനന്ദനൻ ധന്യംതവജന്മംബാലേ!കൊതിക്കുന്നെന്റെകണ്ണുകൾ *
കാമമാലോകനത്തെയുംലജ്ജപൂണ്ടവളേയുമേ കണ്ടിട്ടുനീതിമതിയാംയ
ശോവതിയുരചെയ്തിനാൾ: * ഇവളേയിവർതൻതാതൻനിനക്കേകുന്ന
തോർത്തമ!നിൻകീഴിലാണിവൾദ്രവ്യംപിന്നീട്ടാനിന്നൊടീയിവൾ * ഞാനി
ക്കല്യാണപ്പൂന്റെയരികിൽകൊണ്ടുപോകനീ വിവാഹവിധിയെച്ചൊല്ലി
ട്ടുകമാമന്നവൻദ്രവ്യം * ആരാക്ഷസത്യമെന്നോർത്തിട്ടവൻകന്യയെ
മേതനായ് തൽപിതാവിൻസമീപത്തിലെത്തിയാദരവോടെത്തും *
പുത്രിതൻവരവുണ്ടുകേട്ടുമന്ത്രികളോടുമായ് വേഗംപ്രമത്തോടൂന്നി
ട്ടിയെതിരേററാൻനരാധിപൻ * കണ്ടാൻമലിനവേഷയെന്നാളായ്കര
ണാതപുത്രിയെ യശോവതിയുടൻചൊന്നാൾവൃത്താന്തങ്ങൾസവിസ്ത
രംഗ്രഹാപൂകിച്ചുകവീരനോടുമോദമോടവൻവിവാഹംവിധിപോൽ

പുണ്യദിനത്തിങ്കൽനടത്തിനാൻ ॥ സ്ത്രീധനങ്ങളുമേകീട്ടുപൂജിച്ചാൻവിധിപോലവെ യശോവതിയെയുംനൽകിപുത്രിയെയങ്ങയച്ചുതേ ॥ ഈവിവാഹംനടന്നപ്പോൾസന്തോഷിച്ചുരമാസുതൻ ഗൃഹത്തിൽപോയ്ഭാൎയ്യയോടുംഭുജിച്ചാൻപലഭോഗവും ॥ അവനവളിലുണ്ടായീകൃതവീൎയ്യാഭിധൻസുതൻ കാൎത്തവീൎയ്യനവൻപുത്രനീവംശംഞാൻപറഞ്ഞുതേ.

ശ്രീദേവീഭാഗവതം ഷഷ്ഠസ്കന്ധം

ഹൈഹയോത്ഭവം ഇരുപത്തിമൂന്നാമദ്ധ്യായം.

ഇരുപത്തിനാലാമദ്ധ്യായം.

രാജാവുപറഞ്ഞു

ഭഗവാനേ! ഭവാനോടുദിവ്യമായകഥാരസം പാനംചെയ്തിട്ടസുധപോൽതൃപ്തിയുണ്ടാവതില്ലമേ ॥ വിചിത്രമാമീയാഖ്യാനം ഭവാനെന്നോടുരച്ചതേ വിസ്മയംനൽകിടുംമഹാഹരിയാൽചെയ്തതതിവിസ്മയം ॥ അത്യന്തകൌതുകംകേൾപ്പാൻഭഗവാൻകമലാപതി ദേവദേവൻജഗന്നാഥൻസൃഷ്ടിസ്ഥിത്യന്തകാരകൻ ॥ അച്യുതൻവിഷ്ണുവെവ്വണ്ണമശ്വത്തിൻരൂപമാണ്ടതേ? സ്വതന്ത്രൻപുരുഷശ്രേഷ്ഠനെവ്വണ്ണംപരതന്ത്രനായ് ॥ എന്നെനിക്കുണ്ടുസന്ദേഹമിന്നുതീരുതകാരണം സൎവ്വജ്ഞൻ നീയത്ഭുതമാമീവൃത്താന്തംകഥിക്കുക.

വ്യാസൻപറഞ്ഞു

രാജാവേ!കേൾക്കചൊല്ലീടാമിസ്സന്ദേഹംനശിക്കുവാൻ പണ്ടുനാരദനിൽനിന്നുഞാൻശ്രവിച്ചതുപോലവേ ॥ ബ്രഹ്മാവിൻമാനസൻപുത്രൻതാപസൻനാരദാഭിധൻ സൎവ്വജ്ഞൻസൎവ്വഗൻശാന്തൻസൎവ്വലോകപ്രിയൻകവി ॥ സ്വരതാനങ്ങളോടുംതൻമഹതിവീണയിങ്കലായ് പലമട്ടിൽസാമവേദങ്ങളെവായിച്ചുകൊണ്ടുമേ ॥ ഗായത്ര്യമൃതംപാടിക്കൊണ്ടുമെന്നാശ്രമത്തിലായ് ഭൂവെല്ലാംസഞ്ചരിച്ചുംകൊണ്ടെത്തിനാനൊരുനാളിലായ് ॥ സരസ്വതീനദിയിലായ് വിസ്തൃതംമുനിസേവിതം ശമ്യാപ്രാസംമഹാതീൎത്ഥംസുഖജ്ഞാനപ്രദായകം ॥ അതിന്നാൾവന്നവൻബ്രഹ്മപുത്രൻകാന്തികലന്നവൻ കണ്ടെഴീറ്റിട്ടുഞാൻചെയ്തേനൎഘ്യപാദ്യാദിപൂജകൾ ॥ ഇരുന്നാനാസനത്തിങ്കൽമഹാതേജസ്വിയാംമുനി അവന്നരികിലായ്ഞാനുമിരുന്നൂതപസത്തമ! ॥ ശാന്തൻമഹാ

ജ്ഞാനിയവൻവിശ്രമിപ്പതുകണ്ടുഞാൻ ചോദിച്ചനവനോടിപ്പോൾ
നീ ചോദിച്ചതുമനഘ! ॥ അസാരമാമീസംസാരപ്രാണികൾക്കെന്തു
വാൻസുഖം? വിചാരിച്ചിട്ടുകാണുന്നില്ലാക്കമെങ്ങുമൊരിക്കലും ॥ ദ്വീ
പിൽജനിച്ചുഞാനെന്നെയുപേക്ഷിച്ചുതന്നമ്മയും നിരാശ്രയനതായ്ക്കാ
ട്ടിൽവളർന്നുകർമ്മശക്തിയാൽ ॥ ഉഗ്രമായ്തപവുംചെയ്തേനദ്രിയിൽ
ബഹുവത്സരം പുത്രനെവേണ്ടിദേവഷെ!സേവിച്ചേൻശിവനെയുമേ ॥
പിന്നെശുകൻപുത്രനുണ്ടായ്ജ്ഞാനവാന്മാരിലുത്തമൻ ആദ്യമേ
വീഭാഗവതംപഠിപ്പിച്ചേൻമഹാമുനേ! ॥ എന്നെവിട്ടെസ്ഥലത്തോ
പോയ്വിരഹത്താൽകരഞ്ഞുഞാൻ ലോകമെല്ലാംനടന്നപ്പോൾനിൻ
വാക്കാലറിവായിതേ ॥ പിന്നെഞാൻപുത്രദുഃഖത്താൽവെടിഞ്ഞാമേ
രുപർവ്വതം അമ്മയെയുമുള്ളിലോർത്തിട്ടുപ്രാപിച്ചേൻകുരുജാംഗലം ॥ പുത്ര
സ്നേഹംകൊണ്ടധികംചടച്ചുദുഃഖമാണ്ടുമേ സംസാരംമിഥ്യയെന്നോ
ർത്തുംമായാപാശനിബദ്ധനായ് ॥ അറിഞ്ഞെന്നമ്മയെവേട്ടവനാശ്ശ
ന്തനവാംനൃപൻ സ്വസമ്പത്തീമാണ്ടീയാശ്രമത്തിങ്കൽവാണുഞാൻ ॥
മരിച്ചുശന്തനവുമെന്നമ്മദുഃഖിച്ചിതേററവും രണ്ടുപുത്രരൊടുംസാധ്വീര
ക്ഷിക്കപ്പെട്ടുഭീഷ്മരാൽ ॥ ബുധോത്തമനാംഭീഷ്മർചിത്രാംഗദനെനൃപനാക്കി
നാൻ കാലംകൊണ്ടസ്സുന്ദരനെൻഭ്രാതാവുംമൃതനായിതേ ॥ പിന്നെസ്സ
ത്യവതീ,മാതാശോകസാഗരമഗ്നയായ് കരഞ്ഞുക്ഷീണയായേററംത
ന്റെപുത്രൻമരിക്കയാൽ ॥ സതിയാമവൾദുഃഖിപ്പതറിഞ്ഞവിടെയെ
ത്തിഞാൻ മഹാനാംഭീഷ്മരോടുംചെന്നാശ്വസിപ്പിച്ചിതേററവും ॥ വി
ചിത്രവീര്യൻരണ്ടാമൻവീര്യവാൻ,ഭൂമിപാലനായ് അവനെയാക്കിനാൻ
ഭീഷ്മർസ്സ്വരാജ്യങ്ങളെവിട്ടവൻ ॥ ബലത്താൽസ്വയംവരെവെന്നുകാശിരാ
ജകുമാരികൾ രണ്ടുപേരഴകുള്ളോരെക്കൊണ്ടുവന്നു നൽകിനാനവൻ ॥ വി
വാഹവുംനൽദിനത്തിൽനിശ്ചയിച്ചെന്റെസോദരൻ വിചിത്രവീര്യനാ
യപ്പോൾഞാൻസന്തോഷിച്ചിതേററവും ॥ ആവീരനാമെൻഭ്രാതാവും
യൗവനത്തിൽമരിച്ചുപോയ് രാജയക്ഷ്മാവിനാൽ,പുത്രനെന്യേദുഃഖി
ച്ചിതമ്മയും ॥ പതിയെമൃതനായ്ക്കണ്ടകാശിരാജകുമാരികൾ പാതിവ്ര
ത്യംകലർന്നീടുംസഹോദരികളായവർ ॥ ദുഃഖിച്ചുകരയുംസത്യവതിയോ
ടിതുചൊല്ലിനാർ ‘അംബേ!നിൻപുത്രനായീടുംപതിയോടൊത്തുഞങ്ങ
ളും ॥ അഗ്നിയിങ്കൽപ്ര [illegible] ലൊന്നിച്ചുപോയ്മോ ക്രീഡി
ക്കാന്നന്ദനോദ്യാനമതിങ്കൽപരമപ്പടയ് ॥ സ്നേഹംകൊണ്ടുംഭീഷ്മർ

തൻെറവാക്കാലുമവരമ്മയാൽ തട്ടക്കപ്പെട്ടാവലുതാമുദ്യമത്തിങ്കൽനി
ന്നുടൻ • എന്നമ്മയുംഭീഷ്മരുമായാലോചിച്ചുപരസ്പരം സംസ്കാരാദി
കൾ ചെയ്യേണമെന്നു ചിന്തിച്ചാർഹസ്തിനത്തിലായ് • അമ്മയെന്നെനിന
ച്ചപ്പോളഭിപ്രായമറിഞ്ഞുഞാൻ വേഗത്തിലാഹസ്തിനമാംപുരിയിൽ
ചെന്നചെന്നേരത്തെ • മാതാവിനെനമിച്ചിട്ടുപുത്രദുഃഖനിമിത്തമായ് ത
പിക്കുന്നവളോടായിത്തൊഴുതുംകൊണ്ടു ചൊല്ലിനേൻ: • 'അംബേ!നീ
യെന്തിനായെന്നെ ചിന്തിച്ചതു തപസ്വിനി! കല്പിക്കദാസൻ ഞാനെന്തു
വൻകാര്യത്തെനടത്തണം? • നീതാനെൻപരമാംതീർത്ഥംസാക്ഷാലപ്പ
രദൈവവും ചിന്തിച്ചിട്ടിങ്ങുവന്നേൻനിൻപ്രിയമാംകാര്യമോതുക'.

വ്യാസൻ പറഞ്ഞു:

ഇത്തോതിട്ടമ്മതൻമുൻപിൽഞാൻനില്ക്കുമ്പോൾമഹാമുനേ! അ
രികിൽഭീഷ്മരെനോക്കീട്ടെന്നോടവളിതോതിനാൾ: • 'രാജയക്ഷ്മാവി
നാൽനിൻെറസോദരൻമൃതനായ് സുത! വംശനാശഭയംമൂലംദുഃഖിക്കു
ന്നതുകൊണ്ടു ഞാൻ • അതിൻനിവൃത്തിക്കായിന്നു ഭീഷ്മർതൻസമ്മത
ത്തോടും മതിമാനായിട്ടുംനിന്നെച്ചിന്തിച്ചിങ്ങുവരുത്തിനേൻ • സ്ഥാപി
ക്കണംശന്തനുവിൻനശിച്ചോരികുലത്തെനീ വംശനാശമഹാദുഃഖത്തി
ങ്കൽപാലിക്കകെന്നെയും • വിചിത്രവീര്യനാകുംനിന്നനുജൻസാധുവാ
മവൻ ഭാര്യമാരഴകുള്ളോരുകാശിരാജകുമാരികൾ • അവരിൽച്ചെന്നു
നീപുത്രോല്പാദനംചെയ്യണംബുധിമൻ! ദോഷമില്ലിതിലൊട്ടുംനീരക്ഷിക്കു
ബ്ഭാരതംകുലം'.

വ്യാസൻ പറഞ്ഞു

എന്നമ്മതൻവാക്കുകേട്ടുഞാൻ ചിന്താതുരനായുടൻ താഴ്ചയായ
ധികംലജ്ജിച്ചവളോടുപറഞ്ഞുതേ: • 'അംബേ!മഹാപാപമാണീപര
ഭാര്യാപ്രവേശനം നന്നായ് ധർമ്മമറിഞ്ഞുംഞാൻചെയ്യതെങ്ങട്ടുതാദ
രാൽ • പുത്രിയെന്നോളമുറ്റുള്ളനുജൻതൻെറഭാര്യയെ വ്യഭിചാരം
ചെയ്യാതതുവിധംവേദംപഠിച്ചഞാൻ? • അന്യായമായ് വംശരക്ഷചെ
യ്കിലതെന്താരിക്കലും പാപംചെയ്യുന്നവൻതൻെറപിതൃക്കൾക്കരകേറി
ല്ല • ജനങ്ങൾക്കുപദേശിപ്പാൻപുരാണങ്ങൾചമച്ചവൻ എന്മട്ടവൻ
നിന്ദ്യകർമ്മമറിഞ്ഞുംചെയ്യുമെന്നതും?' • പുത്രദുഃഖംകൊണ്ടധികംകര
ഞ്ഞരികിൽവന്നുടൻ വംശരക്ഷയെയാശിച്ചെന്നമ്മപിന്നെയുമോതി
നാൾ: • 'സുത!പാരാശര്യ!ദോഷമില്ലെൻെറമൊഴികൊണ്ടുതേ ഇത

കൾക്കവർക്കസത്യംതാൻദോഷമാണെങ്കിലുംനരർ • ശിഷ്ടാചാരപ്രമാണത്താൽചിന്തിക്കാതനുഷ്ഠിക്കണം നിനക്കദോഷമില്ലെൻറവാക്ക കേൾക്കകനന്ദന! • പുത്രനെനീജനിപ്പിച്ചിട്ടതിസന്താപയുക്തയായ് ശോകക്കടലിൽമുങ്ങുംനിന്നമ്മയ്ക്കുസുഖമേകുക' • അവൾതന്നിവാക്ക കേട്ടഭീഷ്മരെന്നോടുചൊല്ലിനാൻ സൂക്ഷ്മധർമ്മങ്ങളറിയുന്നവരിൽവച്ചുത്തമൻ: • 'പാപമില്ലാത്തനീയോട്ടുംവിചാരിക്കേണ്ടതില്ലിതിൽ മാതാവിൻവചനംകേട്ടസുഖംപോലെകളിക്കുക.'

വ്യാസൻ പറഞ്ഞു.

അംബാപേക്ഷയുമീവണ്ണംഭീഷ്മവാക്കുംശ്രവിച്ചുഞാൻ അനിന്ദ്യമായകാര്യത്തിൽശങ്കയററവനായിതേ • ഋതുകാലത്തംബികയിൽചെന്നരാവിങ്കൽഞാൻമുദാ നിത്യതാപസനാമെന്നോടുമനസ്സില്ലാതെപൂണ്ടവൾ • ശപിച്ചേനവളെയാത്യസംഗത്തിൽതന്നെഞാനുമുനേ! നിൻ്റെപുത്രനന്ധനാംനിൻ്റെകണ്ണുകൾനീയടച്ചുയാൽ • രണ്ടാംദിവസമെന്നോടുചോദിച്ചാളമ്മഗൃദ്ധമായ് 'സുതനുണ്ടാകുമോപുത്ര!കാശിരാജകുമാരിയിൽ?' • ലജ്ജിച്ചുമുഖവുംതാഴ്ത്തിട്ടമ്മയോടുപറഞ്ഞുഞാൻ: 'ഉണ്ടാകുമന്ധനാംപുത്രനെൻശാപമൂലമായ്ദൃഢം' • ക്രൂരവാക്കോതിനാളെന്നോനിന്ദിച്ചവൾമഹാമുനേ! നിൻപുത്രനന്ധനാമെന്നീയെവ്വണ്ണംശപിച്ചതേ!.

ശ്രീദേവീഭാഗവതം ആറാംസ്കന്ധം

വ്യാസചരിതം ഇരുപത്തിനാലാമദ്ധ്യായം.

ഇ രു പ ത്ത ഞ്ചാ മ ദ്ധ്യാ യം.

വ്യാസൻപറഞ്ഞു.

ഏവമെൻവാക്കുകേട്ടിട്ടുദയനാവതസ്യവിൻസുത പുത്രനുവേണ്ടി ദുഃഖതോടെന്നോടീവണ്ണമോതിനാൾ: • 'വധുവംബാലികാധന്യാകാശിരാജസുതാസുത! വിചിത്രവീര്യൻ്റെഭാര്യാവിധവാദുഃഖമാണവൾ • സർവ്വലക്ഷണസമ്പന്നാരൂപയൌവ്വനശാലിനീ ജനിപ്പിച്ചാലുമവളിൽ ചെന്നുനീനല്ലപുത്രനെ • യോഗ്യനല്ലന്ധനാംശ്രേഷ്ഠനതിനാൽശ്രേഷ്ഠപുത്രനെ ഉൽപാദിപ്പിക്കുകെൻവാക്കാലിവളിൽമനമുള്ളനീ' • ഇതോതപ്പെ

ഭ്രമയാൽ ഞാനവിടത്തന്നെ വാണരുത ഇളയവളാംരാജപുത്രിക്കൊക്കം
കാലമൊളവും കിടക്കമുറിയിൽഗൂഢമായെന്നരികിലെത്തിനാൾ ലജ്ജ
പൂണ്ടഴകറിട്ടവളമ്മയുരച്ചതാൽ * വിരസൻജടിലൻശാന്തനെന്നെ
ക്കണ്ടവൾതൻമുഖം വിയർത്തുവിളറീദേഹംവെറുത്തുമനവുംഭയാൽ *
രാത്രിയിൽവിറയൽപൂണ്ടെന്നരികിൽവന്നുനിന്നിട്ടും ആരാജപുത്രിയെ
ക്കണ്ടിട്ടേറെക്കോപമാർന്നു ഞാൻ * ഈവണ്ണമെന്നെക്കണ്ടു നീഗർവ്വംനിമിത്തം
പാണ്ഡുവർണ്ണയായ് അതിനാൽനിൻസുതൻപാണ്ഡുവായിത്തീരുംവര
നനേ! * എന്നോതീട്ടവളോടൊന്നിച്ചന്നാരാത്രിവസിച്ചു ഞാൻ അവ
ളപ്പൂർണ്ണമമ്മയോടും ചൊല്ലീട്ടാശ്രമമാണ്ടേൻ * അന്ധനും പാണ്ഡുവുമാ
ണ്ടുപുത്രരെപ്രസവിച്ചവർ "ധൃതരാഷ്ട്രൻ" "പാണ്ഡു"വെന്നും രണ്ടു
പേരും പ്രസിദ്ധരായ് * അമ്മയവ്വണ്ണമവരെക്കണ്ടു ദുഃഖിച്ചു പിന്നെയും
ഒരുവർഷം കഴിഞ്ഞെന്നെ വിളിച്ചിങ്ങിനെ ചൊല്ലിനാൾ: * 'ഈപുത്ര
ന്മാർ രാജ്യഭാരയോഗ്യരല്ലാതെതീർന്നുപോയ് പ്രിയനായിട്ടെനിക്കിക്ക
വേറെനല്ലൊരുപുത്രനേ' * അതും ഞാൻ സമ്മതിച്ചുടനെന്നമ്മയുമൊ
ഴൊണ്ടുടൻ പുത്രനുവേണ്ടിപ്രാർത്ഥിച്ചാൾ കാലത്തംബികയോടവൾ: *
'വ്യാസനെപ്പൂർണ്ണത്തമനാംപുത്രനെപ്രസവിക്കനീ വംശകർത്താവുമായ്
രാജ്യംരക്ഷിപ്പാനും സമർത്ഥനായ്' * ലജ്ജകൊണ്ടവളന്നേരമോതിയില്ലൊ
ന്നുമുത്തരം കിടക്കമുറിയിൽപോയ് ഞാനമ്മ ചൊല്ലീട്ടുരാത്രിയിൽ * വി
ചിത്രവീര്യൻതൻദാസിയെ യൗവനമേന്തുന്നസുന്ദരി അയക്കപ്പെട്ടംബിക
യാൽ, കറിക്കൂട്ടമണിഞ്ഞവൾ * ദിവ്യാഭരണവസ്ത്രങ്ങളും പൂണ്ടും പൂമാല
ചൂടിയും ശൃംഗാരരസമോടൊത്തുംവന്നാളിന്ദുസമാനനാ * എന്നോടൊട്ടു
ത്തു വാണാളകട്ടിലിൽപ്രേമമോടവൾ സന്തുഷ്ടനായുടൻ ഞാനായവൾ
തൻഭാവചേഷ്ടയാൽ * ക്രീഡിച്ചുനാരാത്രിയിങ്കൽപ്രേമത്തോടവളോ
ടുമായ് അവൾക്കു വരവും നൽകി സന്തോഷിച്ചിട്ടു ഞാൻമുനേ * 'നിന്ന
ക്കെല്ലാലക്ഷണവുംചേർന്നമാമോഹനനന്ദനൻ സുന്ദരൻസദ്ധർമ്മജ്ഞൻ
സത്യവാൻശാന്തനായവൻ * വിദുരൻജാതനായപ്പോൾ, മൂന്നുപേർപു
ത്രരായിമെ പരസ്ത്രീകളിലുണ്ടായെൻമായാമോഹംബലത്തിനാൽ * ശു
കൻതൻദുഃഖമേകുന്നവിരഹം തന്നെമറന്നു ഞാൻ വീരരാമെൻമൂന്നുപുത്ര
ന്മാരെക്കണ്ടിട്ടുധീരനായ് * അജിതേന്ദ്രിയരാൽതള്ളപ്പെടാത്തൊരുമായശ
ക്തതാൻ ജ്ഞാനികൾക്കുംമോഹമേകുന്നോരാൾ പാലംബലമേറവൾ *

മാതാവിലെസ്നേഹമിപ്പോഴുംപുത്രന്മാരിലുമായിഹ വനത്തിൽശാന്തമാ
യ്നിൽക്കുന്നില്ലെൻചിത്തംമഹാമുനെ! * ഹസ്തിനാപുരിയിൽചെല്ലും
ചിലപ്പോളിളകീട്ടതു പിന്നെയെന്നാശ്രമത്തിങ്കൽപോരുമുറച്ചങ്ങുമിരുന്നി
ടാ * ചിലപ്പോഴുംഞാനമോർത്തോന്നപ്പോഴും ചിന്തിക്കുമിങ്ങനെ: ഈ
പ്പുത്രരാരെന്തുമോഹംദ്രോഹത്തിന്നർഹരല്ലിവർ * വ്യഭിചാരത്തിലുണ്ടാ
യസുതന്മാർസുഖമേകുമോ? ബലമേറുംമായമോഹിപ്പിക്കുന്നെന്റെമ
നസ്സിനെ * വ്യഥാമോഹാന്ധകൂപത്തിൽപതിക്കുന്നറിവുള്ള ഞാൻ, ഏ
വമേഹസ്സിൽചിന്തിച്ചുചിലനേരത്തുശാന്തനാം * ഭീഷ്മസമ്മതനായ്
പിന്നെരാജ്യംപ്രാപിച്ചുപാണ്ഡുവും പുത്രനെന്നോർത്തുഞാനപ്പോഴുംസ
ന്തോഷിച്ചുമുനീശ്വര! * "കുന്തിയും""മാദ്രിയും"ഭാര്യമാരവനാഴകുള്ള
വർ ശൂരസേനസുതാകുന്തീമാദ്രിമദ്രനൃപൻസുതാ * വിപ്രശാപംകൊ
ണ്ടുപാണ്ഡുഭാര്യമാരൊടുകൂടവേ ദുഃഖിച്ചുരാജ്യവുംവിട്ടുവനത്തിന്നായ്ഗ
മിച്ചുതേ * കാട്ടിൽവാഴുന്നസുതനെന്നതുകേട്ടഴലാണ്ടുഞാൻ ഗമി
ച്ചേൻഭാര്യമാരൊന്നിച്ചവൻവാഴുന്നദിക്കിലായ് * അവനെയാശ്വസി
പ്പിച്ചിട്ടത്തിനെൻഹസ്തിനാപുരം ധൃതരാഷ്ട്രനെയുംകണ്ടെന്നാശ്രമ
ത്തിന്നുപോന്നുഞാൻ * ജനിപ്പിച്ചാൻക്ഷേത്രജന്മാരായഞ്ചുസുതരേ,വ
നേ കാലൻകാററിന്ദ്രനാസത്യവൈദ്യന്മാരിവരിൽനിന്നമേ * യുധിഷ്ഠി
രൻഭീമസേനനർജ്ജുനൻമൂന്നുപാണ്ഡവർ കുന്തീപുത്രർപ്രസിദ്ധന്മാർധ
ർമ്മാനിലസുരേശജർ * മാദ്രിതൻപുത്രരാകുന്നനകുലൻസഹദേവനും ഒ
രിക്കൽഗൂഢമായിട്ടുമാദ്രിയെപ്പുണർന്നുപാണ്ഡുവും * ശാപംമൂലംമരിച്ചാനാ
മുനിമാർസംസ്കരിച്ചുതേ പതിയോടുംപ്രവേശിച്ചാളുജ്വലിക്കുന്നൊരഗ്നി
യിൽ * മാദ്രി പുത്രരൊടുംകൂടിവസിച്ചാഴുംകുന്തിയായവൾ പതിയെ
ന്യപുത്രരൊടുംദുഃഖിക്കുംകുന്തിയേയുടൻ * മുനിമാർകൊണ്ടുചെന്നാ
ക്കീഹസ്തിനാപുരിതന്നിലായ് ഏല്പിച്ചുഭീഷ്മരേശ്രേഷ്ഠനാകുംവിദുരനേ
യുമേ * സുഖദുഃഖങ്ങളാംപീഡിപ്പിക്കുന്നോരീയനർഹർമുഖവും ഭീഷ്മർവിദു
രരുംപ്രീത്യാബുദ്ധിമാൻധൃതരാഷ്ട്രരും * പാണ്ഡുവിൻസുതരേരക്ഷിക്കു
ന്നവെന്നുള്ള ചിന്തയാൽ ധൃതരാഷ്ട്രസുതർക്രൂരന്മാരെദ്ദുര്യോധനാദി
കൾ * ദ്രോഹിക്കുന്നൊരുപോരിൽതന്നുകേൾക്കയാലതിദുഃഖമേ! ദ്രോ
ണാചാര്യൻചെന്നവിടെയ്യുദ്ധമാന്തിച്ചുഭീഷ്മരും * പുത്രന്മാരെപ്പഠിപ്പി
ക്കാൻപാർപ്പിച്ചുപ്പുരിയിങ്കലായ് ജനിച്ചപ്പോഴുംതന്നെകർണ്ണൻത്യജിക്ക
പ്പെട്ടുകുന്തിയാൽ * പാലിച്ചധിരഥൻസുതൻനദിയിൽനിന്നെടുത്തുടൻ
ദുര്യോധനന്നിഷ്ടനായിത്തീർന്നാൻകർണ്ണൻപരാക്രമി * ഭീമദുര്യോധന

ന്മാൎക്കവൈരമായിപരസ്പരം ധൃതരാഷ്ട്രതനുപുത്രവിരോധത്തെനിന
യ്ക്കയാൽ ॥ പാൎപ്പിച്ചുവൈരംതീൎപ്പാനായ്ശ്രേഷ്ഠരാംപാണ്ഡുപുത്രരെ വാര
ണാവതമെന്നുള്ള നഗരത്തിങ്കൽമാമുനേ! ॥ ദുൎയ്യോധനനരക്കില്ലംതീർ
പ്പിച്ചാനങ്ങുമംഗിയായ് ദ്രോഹിപ്പാൻതൻമിത്രമായപുരോചനനെവി
ട്ടവൻ ॥ പാണ്ഡവന്മാരതിൽകുന്തിയോടുംചതത്തെന്നുകേട്ടവൻ പൌത്ര
ഭാവത്തിനാലേററംദുഃഖിച്ചേൻമുനിപുംഗവ! ॥ ദുഃഖംമൂലമതെള്ളന്നനേപ
ക്ഷിച്ചിട്ടുകാട്ടിലെപ്പോഴും അതിദുഃഖത്തൊടവരെക്കണ്ടുഞാനേകചക്ര
യിൽ ॥ ഉടൻസന്തുഷ്ടനായ്ത്തീൎന്നവരെക്കാണ്മൂലമായ് അയച്ചേൻ
വേഗമവരെപ്പാഞ്ചാലന്റെപുരിയ്ക്കുഞാൻ ॥ നമിച്ചവർദുഃഖമോടുംവി
പ്രവേഷധരർകൃശർ മാൻതോലുടുത്തവർവേഗംപോയസ്സഭയിൽവാ
ണരതേ ॥ ലക്ഷംഖണ്ഡിച്ചുവിജയൻദ്രുപദന്തന്റെപുത്രിയെ വേട്ടാന
വർഭാൎയ്യയായുള്ളോരാംഗംകുന്തിചൊൽകയാൽ ॥ അവർവേട്ടതുക
ണ്ടപ്പോൾഞാൻസന്തോഷിച്ചിതേററവും ഹസ്തിനാപുരിയിൽപോയാർ
പിന്നപ്പാഞ്ചാലിയോടവർ ॥ ഖാണ്ഡവപ്രസ്ഥവാസത്തെകല്പിച്ചുധൃത
രാഷ്ട്രനും പാണ്ഡവൎക്കുമുനിശ്രേഷ്ഠ!,വസുദേവന്റെപുത്രനാം ॥ കൃഷ്ണ
നോടുള്ളൂനൻസന്തോഷിപ്പിച്ചാനഗ്നിദേവനെ ചെയ്യുവാനഥരാജസൂ
യമപ്പോഴുംമോദമാണ്ടുഞാൻ ॥ മയൻനിൎമ്മിച്ചസഭയുമവർതന്നദിവ്യ
ശ്രീയും കണ്ടസൂയപ്പെട്ടുദുൎയ്യോധനൻചൂതുകളിച്ചതേ ॥ കള്ളച്ചൂതോടുമ
ന്നാവ,നറിയാചൂതുധൎമ്മജൻ രാജ്യവുംധനവുംകയ്ക്കലാക്കിദുഃഖിച്ചദ്രൌ
പദി ॥ പന്ത്രണ്ടാണ്ടേയ്ക്കവരെയപ്പാഞ്ചാലിയൊട്ടുകൂടവേ അയച്ചുകാ
ട്ടിലേയ്ക്കന്നുദുഃഖിച്ചുഞാൻതുലോംമുനേ! ॥ സുഖവുംദുഃഖവുംചേരുമീ
സംസാരത്തിലിവിധം ഭ്രമിച്ചുമുങ്ങിത്താഴുന്നാനിത്യധൎമ്മമറിഞ്ഞതാൻ ॥
ഞാനാരിവരെൻപുത്രന്മാരാരെന്നുവാൻസ്വയം സമ്മോഹിച്ചെ
ന്റെചിത്തംഭ്രമിപ്പിക്കുന്നമട്ടിലായ്? ॥ ചെയ്യേണ്ടതെന്തെങ്ങുപോകേണ്ടു
വരുന്നില്ലസുഖംമമ ചലിക്കുന്നതെൻചിത്തമുറയ്ക്കുന്നില്ലതെല്ലുമേ
നിസ്സംശയംമുനിശ്രേഷ്ഠനെൻസന്ദേഹമകററുക എനിക്കുദുഃഖംചോ
യെററംസുഖമുണ്ടാംവിധത്തിലാണ്.

ശ്രീദേവീഭാഗവതം ആറാംസ്കന്ധം

വ്യാസമോഹപ്രകരണം ഇരുപത്തഞ്ചാമദ്ധ്യായം.

ഇരുപത്താറാമദ്ധ്യായം.

വ്യാസൻ പറഞ്ഞു

എന്നൊരെന്റവാക്കുകേട്ടിട്ടത്തപോധനനാരദൻ ചിരിച്ചിട്ടാ മോഹഹേതു ചോദിച്ചോരെന്നോടോതിനാൻ.

നാരദൻപറഞ്ഞു

പാരാശര്യ്യ!പുരാണജ്ഞ!ചൊല്ലിപ്പാനെന്തുസംശയം ഇസ്സംസാരത്തിൽമോഹിക്കാതില്ലദേഹിയൊരുത്തനും. ബ്രഹ്മാവിഷ്ണുശിവൻസാക്ഷാൽസനകൻകപിലൻമുനി മായാവേഷ്ടിതരെല്ലാരുമീസംസാരത്തിൽ ഭ്രമിപ്പവർ. ജ്ഞാനിയെന്നോതിടുന്നെന്നെ,ഭ്രമിപ്പോൻഞാനുമങ്ങനെ മുന്നാമെൻപൂർവ്വവൃത്താന്തംചൊല്ലാംഞാൻകേട്ടുകൊൾകനീ. ഞാനുണ്ടാക്കിയമോഹത്താൽദുഃഖ്യായ്‌വാസവീസുത! പണ്ടെനിക്കധികം ദുഃഖമുണ്ടായതുമതേതരം. വിണ്ണിൽനിന്നൊരുനാൾവന്നുഞാനപ്പർവ്വതനോടുമായ് നല്ലിബ്ഭാരതഖണ്ഡത്തെക്കാണ്മാനായിട്ടുഭൂമിയിൽ. ഞങ്ങളൊന്നിച്ചുനൽതീർത്ഥങ്ങളുംക്ഷേത്രസ്ഥലങ്ങളും ആശ്രമങ്ങളുമും നോക്കിക്കൊണ്ടുഭൂവിൽചരിച്ചുതേ. ആദ്യമൊരു ദേവലോകത്തിൽവെച്ചു ഞങ്ങൾപരസ്പരം നിശ്ചയിച്ചീവിധംസത്യംചെയ്തിട്ടങ്ങുതിരിച്ചുതേ. ആർക്കുള്ളിൽചിത്തവൃത്തിയുണ്ടാകുന്നതുള്ളതും നല്ലതോചീത്തയോ ചെറ്റുംമറയ്ക്കരുതൊരിക്കലും. ഭോജനേച്ഛരതിക്കിച്ഛധനേച്ഛയിവയൊക്കെയും ആർക്കുള്ളിലുണ്ടായന്യോന്യമവരായതുചൊല്ലണം. എന്നുസത്യംചെയ്തുഞങ്ങൾവിണ്ണിൽനിന്നങ്ങുഭൂമിയിൽ മുനിമാരായേകചിത്തരായ് ചരിച്ചിട്ടുപോലവേ. ഏവമങ്ങനെയീലോകത്തിൽഗ്രീഷ്മകാലാന്തമാകയാൽ നൃപനാം"സഞ്ജയൻ"തന്റെനൽപുരംപ്രാപ്തരായിതേ. സഞ്ജയൻബഹുമാനിച്ചുഭക്ത്യാപൂജിച്ചുഞങ്ങളെ ആമഹാന്റെഗൃഹത്തിങ്കൽചാതുർമ്മാസം കഴിഞ്ഞതേ. മഴക്കാലംനാലുമാസങ്ങളിംമാർഗ്ഗമെപ്പൊഴും അതിനാലൊരിടത്തപ്പോൾപാർക്കണംഉദ്ധരായ് ബുധർ. അന്യസ്ഥലത്തെട്ടുമാസംപാർക്കാംകാര്യവശാൽദ്വിജൻ വർഷകാലത്തന്യദിക്കിൽപോകൊലാസുഖമോർപ്പവൻ. എന്നോർത്തപ്പോൾസഞ്ജയൻതൻഗൃഹത്തിൽപാർത്തുഞങ്ങളും മഹാനാമാനൃപൻമാനിച്ചാതിഥ്യംചെയ്തുഭംഗിയായ്. "ദമയന്തീ"കീർത്തികേട്ടോളാനൃപന്ത

ന്റെനന്ദിനീ സുന്ദരീസുദതീശുശ്രൂഷയ്ക്കായവളെയാക്കിനാൻ • വിവേകജ്ഞയാം വിശാലാക്ഷിയാമാജസുതഞങ്ങൾക്കു ണ്ടുപേരേയുമുത്സാഹത്തോടുംസേവിച്ചുസർവ്വദാ • ജലംകളിക്കാൻകാലത്തിങ്കലുഷ്ണമായ് നല്ല ഭോജനം സുഖമായ്വാസമെന്തിഷ്ടമതെല്ലാമനേകമായവൾ • ഞങ്ങൾക്കുണ്ടാക്കിയിട്ടുകിന്നതെല്ലാംസാധ്യമാക്കിടും വിരിക്കുംമെത്തേ വിഷ്ണുനല്ലാസനംകൊണ്ടുവന്നിടും • സേവിക്കപ്പെട്ടീവിധമഗ്രഹത്തിൽ ഞങ്ങൾവാണുതേ വേദവ്രതമനുഷ്ഠിച്ചുംവേദമോതിയുമങ്ങനെ • എടുത്തേൻവീണ ഞാൻകയ്യിൽ ശ്രുതികൂട്ടീട്ടുമംഗിയായ് വായിക്കുംസാമവേദത്തെക്കൂട്ടിഞങ്ങൾക്കതിമോദമായ് • എൻമനോഹരമാംസാമഗാനം കേട്ടുസ്വരാർത്ഥയാം കുമാരിക്കെന്നിലുണ്ടായിസ്നേഹവുംപ്രീതിയുംതുലോം അനുരാഗമവൾക്കെങ്കൽദിനന്തോറുംവളർന്നുതേ എനിക്കുമിപ്പയ്യമ്മായാപ്രീതിയുള്ളവളിൽപരം • എനിക്കുമേചനംഭോജനാദികൾക്കവളന്തരം ചെയ്യാതെന്നിൽപ്രീതിമൂലംസേവയ്ക്കുംമെകുളിക്കവാൻ • കാഞ്ഞവെള്ളംപെയ്തന്നശീതമായുള്ളവെള്ളവും എനിക്കവൾതന്നമെവ്വണ്ണം ഭാവവംവിളമ്പീടും • എനിക്കതിപ്രീതിയോടെവ്വണ്ണംമെത്തവിരിക്കുമേ വിരിക്കുകില്ലപ്രകാരംപർവ്വതന്നവൾമംഗിയായ • സ്നേഹത്തോടെന്നനേകം കിട്ടുമവനേനോക്കുകില്ലവൾ അവൾതന്നീസ്നേഹഭാവം കണ്ടിട്ടുപർവ്വതൻമുനി • മനസ്സുകൊണ്ടു ചിന്തിച്ചാൻവിസ്മയിച്ചെന്തിതെന്നതായ് ചോദിച്ചാൻഗൂഢമെന്നോടുസൂക്ഷ്മം ചൊല്ലുക നാരദ! • നിന്നിൽ കാട്ടുന്നതിസ്നേഹംതോഷിച്ചീനൃപനന്ദിനി [illegible]ങ്ങളെല്ലാംതേനാൾകന്നുസ്നേഹപൂർവ്വമായ് • സ്നേഹമില്ലതുപോലെന്നിൽമെന്തുണ്ടുസംശയം നിന്നോടു ഞാൻവാക്കുവാനായോർക്കുന്നീക്കന്യകാലലം! • ലക്ഷണംകൊണ്ടുതോന്നുന്നു ഭാവനിങ്കലുള്ളതായ് മുഖഭാവങ്ങളാലുമിന്നിൽപ്രേമംതോന്നുന്നതേ • നേരുതാൻചൊല്ലണം വ്യാജവാക്കുനീചൊല്ലൊലാമുനേ! സത്യംചെയ്യാവിന്നുനിന്നുംപുറപ്പെട്ടതുമോർക്കുക.

നാരദൻ പറഞ്ഞു

ബാലാഭിക്കായ്യമെന്നോടുചോദിച്ചാൻപർവ്വതൻമുനി ലജ്ജിച്ചുപോയ് ഞാനന്നേനേപിന്നീവമെനാടോതിനേൻ: • എന്നോടു മിത്രാവരക്കുവാനായ് ശ്രമിക്കുന്നിവൾപർവ്വത! എനിക്കുമിവളിൽപ്രേമംവർദ്ധിക്കുന്നതിശേഷമായ് • സത്യമാമാവാക്കുകേട്ടുകോപിച്ചുമുനിപർവ്വതൻ

പിന്നെയും പിന്നെയും കഷ്ടം കഷ്ടമെന്നന്നൊരോതിനാൻ: ● 'സത്യം ചെ
യ്തു ദ്രോഹമെനിക്കെന്നെ വഞ്ചിക്കമൂലമായ് വാനരത്തിൻ മുഖമിതദ്ദ്രോ
ഹിയാം തേ ഭവിച്ചിടും' ● കോപഹൃത്താരാം മഹാത്മാനന്നേയിപ്രകാരം ശപി
ക്കയാൽ തീർന്നേൻ ഞാനന്നേ ഘോരനാകാവാനരവക്ത്രനായ് ● ക്ഷമി
ച്ചില്ലെൻ ഭാഗിനേയനായുള്ളവനിൽ ഞാനന്നു മ വിണ്ണിൽ തേ ഗതിയുണ്ടാ
കില്ലെന്നു കോപാൽ ശപിച്ചു ഞാൻ ● അല്പാപരാധത്തിലെന്നെ നീ ശപി
ച്ചതു മൂലമായ് ഉണ്ടാം നിനക്കും മന്ദാത്മൻ! മൃത്യുലോകമതിൽ സ്ഥിതി ●
പർവ്വതൻ കല്പിതത്തോടു മപ്പുരം വിട്ടു പോയുടൻ വാനരത്തിൻ മുഖത്തോ
ടു കൂടി ദുഃഖിച്ചുവനായി ഞാൻ ● ക്രൂരവാനരമായ് കണ്ടിട്ടെന്നെയാ രാജ
നന്ദിനി വീണ കേൾപ്പാൻ ത്വരയുള്ളോരു ഏറവും ഖേദമാർന്നുതേ.

വ്യാസൻ പറഞ്ഞു

എന്തുണ്ടായ് പിന്നെ യശ്ശാപം നിവർത്തിച്ചിട്ടു നീ മുനേ! മനുഷ്യമുഖ
നായ് തീർന്നതെവ്വണ്ണം ചൊല്ലു, സൂക്ഷ്മമായ്? ● എങ്ങു പോയ് പർവ്വതൻ
പിന്നെ നിങ്ങളൊന്നിച്ചതെന്നവാൻ എങ്ങിക്കിൽ വച്ചാണെവ്വണ്ണമെ
ല്ലാം ചൊൽക സവിസ്തരം?.

നാരദൻ പറഞ്ഞു

എന്തു ചൊൽവൂ മഹത്താകും മഹാമായാവിചേഷ്ടിതം കോപിച്ചു
വൻ ഗമിച്ചു ഞാൻ പ്രാപ്പ അധികം ഖേദമാണ്ടു ഞാൻ ● അപ്പോളൾന്നേയധികമാ
യ് ശുശ്രൂഷിച്ചോരു ഭൂപാത്മജാ ഗമിക്കവേ പർവ്വതൻ ഞാനൊരാശ്രമ
ത്തിങ്കൽ വാണൊരെ ● ദീനനായ് ഖേദമോടൊത്താ വാനരത്തിൻ മുഖ
ത്തോടും ചിന്താന്വിതനായ് വിശേഷിച്ചു ദുഃഖമാർന്നൊരുത്തുകൊണ്ടു മേ ●
സഞ്ജയൻ തന്റെ യൗവനം വന്ന പുത്രിയെക്കണ്ടനന്തരം ആയവൾക്കു തൻ വിവാ
ഹത്തിന്നായി മന്ത്രിയോടോതിനാൻ: ● 'വിവാഹകാലമെൻ പുത്രിക്കി
പ്പോൾ വന്നുചേർകയാൽ യോഗ്യനായ് നൽസമ്മതനായ് ശൗര്യപൗരുഷ
ഗുണാഢ്യനായ് ● സൽകുലോത്ഭവനാമേതു രാജപുത്രനെയോർക്കുക പുത്രി
വിവാഹം വിധിപോലിപ്പോൾ ചെയ്യുന്നതുണ്ടു ഞാൻ ● ഓതിനാൻ മ
ന്ത്രി രാജാവേ! യോഗ്യരാം രാജനന്ദനർ ഭൂവലയത്തിൽ നിൻ പുത്രിക്കൊ
ത്തോർ സർവ്വഗുണാന്വിതർ ● ആരെ ഇഷ്ടം നിനക്കെന്നാൽ വിളിച്ചാലുമ
നേകർ ഞാനുതശേഷമധികം ധനവും ചേർത്തു കന്യയെ.

നാരദൻ പറഞ്ഞു

അപ്പുൻ ചെയ്യാൻ പോവതറിഞ്ഞവനോടു സമർത്ഥയാം ദമയ
ന്തീവളത്തമ്മയെക്കൊണ്ടോതിച്ചു ഗൂഢമായ്.

വസുന്ധരപറഞ്ഞു

ദമയന്തീനിൻകുമാരിയുരചെയ്തെന്നോടുമന്നവ! എന്നീവാക്കുകളുന്നോ
ദായിച്ചോൽകനീയെൻസുഖത്തിനായ് * വരിക്കപ്പെട്ടമതിമാൻവീണ
യേന്തുന്നനാരദൻ നാദമോഹിതയാമെന്നാൽപ്രിയനില്ലന്യനിങ്ങമെ *
എന്നിഷ്ടമ്പോലാമുനിക്കെൻവിവാഹംനീനടത്തുക പതിയായവരനവ
ട്ടിട്ടന്യനേഞാൻവരിച്ചിടാ * അക്ഷാരം,സുഖസമ്പൂർണ്ണം,തിമിംഗിലവി
വർജ്ജിതം രസാത്മകം,നക്രഹീനമാനാദാബ്ധിയിൽമുങ്ങിഞാൻ.

ശ്രീദേവീഭാഗവതം ആറാംസ്കന്ധം

നാരദമോഹനം

ഇരുപത്താറാമദ്ധ്യായം.

ഇരുപത്തേഴാമദ്ധ്യായം

നാരദൻപറഞ്ഞു.

അപ്പുത്രിതൻഗിരംശ്രവണംചെയ്തുവിസ്മയിച്ചുടൻ ചാരത്തുവാഴുംതൻഭാര്യകൈകേയി,യോടുചൊല്ലിനാൻ:

രാജാവുപറഞ്ഞു.

കേട്ടില്ലേവല്ലഭേ!നീയിന്നിവൾചൊല്ലിയവാക്കിനെ? കപിവക്ത്രൻനാരദനാംമുനിയേസ്വീകരിച്ചതാത് * ഇതെന്തുചിന്തയിബ്ബുദ്ധിയററചെയ്യുമെന്തുവാൻ? ഇക്കന്യയെയെന്തുവിധംനാംകാക്കപ്പെടുമഞാൻ? * കുരൂപനിബ്ഭിക്ഷുവെങ്ങെൻമകളെങ്ങതിസുന്ദരി; വിപരീതത്തിലിക്കാര്യ്യംചെയ്യാവോന്നല്ലൊരിക്കലും * മുനിയിൽസക്തയാംമൂഢപുത്രിയെഗ്ഗൂഢമായിനീ തടുക്കണംബലാൽശാസ്ത്രയുക്തികൾകൊണ്ടുമന്ദിരി! * പതിവാക്കിതുകേട്ടമ്മയവളോടുരചെയ്തുടൻ നിൻരൂപമെങ്ങധനൻവാനരാനനനാംമുനി * സമർത്ഥയാകുംനീയെന്തബ്ഭിക്ഷുവിങ്കൽരമിക്കുവാൻ? സ്വർണ്ണക്ഷാംഗനബ്ഭിക്ഷുനീലതാരകോമളാകൃതി * വാനരാനനനോടൊത്തുവാസത്തിനുംമംഗിയാതവ പ്രീതിയെന്താനിന്ദ്യനായപുമാനിൽതവഭാമിനേ!? * നിൻഭർത്താവാംരാജപുത്രൻ വ്യൂഢാശാവശ്യംതുടങ്ങാലാ ഭാവിച്ചിട്ടുന്നനിന്നപ്പുനവർചൊന്നതുകേൾക്കയാൽ * മുൾമരത്തിൽചേന്നനല്ലമാലതീലതകാണാകിൽ മതിമാന്മാ

മേതവന്നുഭവിക്കില്ലതിസങ്കടം? • ദാസീപുത്രനുകേഷിപ്പാൻനൽതാം
ബുലീമുങ്ങളെല്ല ലോകത്തിലേതവൻനാംകുംമൂർഖനാണെന്നിരിക്കിലും? •
വിവാഹത്തിൽനാരദൻതൻകൈപിടിച്ചിരികന്നുനീ നിന്നുകാണ്ണിലെ
വന്നുള്ളദോഹിക്കാതെയിരുന്നിടും? • കവക്ത്രനോടുസംസാരംതുചിക്കെ
ല്ലാഴ്മാകയാൽ കാലംകഴിപ്പതെന്ന്വണ്ണംനീമരിക്കംവരയ്ക്കുമേ.

നാരദൻപറഞ്ഞു.

എന്നമ്മതൻവാക്കുകേട്ടിട്ടതിദുഃഖത്തോടായവർ അമ്മയോടോ
തിനാളെന്നിലുറച്ചുവാദമെയത്തൊടും: • 'മൂർഖൻ,സാമർത്ഥ്യമില്ലാത്തോൻ
രസങ്ങളറിയാത്തവൻ അവൻെറരൂപധനവുംരാജ്യവുംകൊണ്ടുകിംഫ
ലം? • കാട്ടിലെണങ്ങളുംനാദത്തിൽഭ്രമിച്ചിട്ടതിസൗഖ്യമായ് പ്രാണ
നേഗായകന്നേകുന്നീ,ലോകെമൂർഖർനിന്ദ്യർതാൻ • ഗാനവിദ്യയെ
വ്വണ്ണമറിയുന്നിന്നുനാരദൻ അവ്വണ്ണംശിവനേവിട്ടുമൂന്നാമനറികില്ലാ
രാം • മൂർഖരൊത്തുള്ളവാസത്തേക്കാളുടൻമരണംവരം നിർഗ്ഗുണൻ
ത്യാജ്യനാണെന്നുംസ്വരൂപൻധനിയെങ്കിലും • വൃഥാഗർവിച്ചിടുംമൂർഖപ്പു
പൻകൽമൈത്രിനിന്ദ്യതാൻ ഗുണങ്ങൾനാരിക്കുചികൾശ്രേഷ്ഠാ,വാ
കാൽസുഖംവരും • മൂർഖനാണ്ടാനാരദൻതൻസപ്തഗ്രാമങ്ങളൊന്നങ്ങ
നേ രസമെട്ടുംധരിപ്പോൻദുർല്ലഭൻദുർബലനാകിലും • ഗംഗാസര
സ്വതിയമുനയുംപ്രാപിപ്പിക്കുന്നപോലവേ കൈലാസത്തിൽകൊണ്ടുപോം
കംസ്വരജ്ഞാനവിശാരദൻ • സ്വരമാനംധരിക്കുന്നോൻദേവൻതാൻ
നരനെങ്കിലും സപ്തസ്വരംധരിക്കാത്തോൻവെറുതാകിലുംപശു • മൂർ
ച്ഛനാതാനമാർഗ്ഗത്തെക്കേട്ടുമോദിച്ചിടാത്തവൻ പശുവാകുന്നപാതാ
ലാമാനല്ലപശുവായതു • വിഷമേറുന്നസർപ്പങ്ങൾചെവിയില്ലെന്നിരി
ക്കിലും നല്ലനാദത്തിൽമോദിക്കുംമോദിക്കാത്തവർനിന്ദ്യർതാൻ • ബാ
ലരുംവൃദ്ധരുംനല്ലഗാനംകേട്ടിട്ടുമുഗ്ദ്ധരാം നിന്ദ്യരാകുന്നുഗാനത്തിൻഗുണ
മതെയറിയാത്തവർ • എന്നാൽപ്പുനറിയുന്നില്ലെനാരദൻെറഗുണങ്ങളെ
അവനൊപ്പംസാമഗനായില്ലന്യൻഭുവനത്രയേ • അതിനാലവനെപ്പ
ണ്ടുവരിച്ചേൻചേർന്നുവാഴ്കയാൽ പിന്നീട്ഗ്ഗുണവാൻശാപംമൂലംവരുന്ന
രേവക്ത്രനായ് • കിന്നരന്മാരെചമുഖർഗാനവിദ്യാവിശാരദർ ആക്ക
താൻപ്രിയനല്ലമ്മേ!നൻമുഖംകൊണ്ടുകിംഫലം • അപ്പനോടോതു
ണ്ണാനീയാമുനിയെത്താൻവരിച്ചതായ് ദുർബുദ്ധിവിട്ടവനെന്നുസന്തോ
ഷത്തോടുനൾകണം.

നാരദൻപറഞ്ഞു.

പുത്രീഗിരംകേട്ടാരാജ്ഞിരാജാവോടറിയിച്ചിതു നാരദനുചവം ക്കുള്ളോരാഗ്രഹത്തെധരിക്കയാൽ • ദമയന്തീവിവാഹംനൾകിനത്തിൽ ചെയ്കമന്നവ! സർവ്വജ്ഞനാമാമുനിയെമനമൊന്നുവരിച്ചുവാം.

നാരദൻ പറഞ്ഞു

ഉത്സാഹിപ്പിക്കയാലേവംരാജ്ഞിയസ്സൃഞ്ജയൻനൃപൻ വിവാഹ വിധിയെയെല്ലാംവിധിപോലെനടത്തിനാൻ • ഭാർയ്യയെസ്വീകരിച്ചു വംവാനരത്തിൻമുഖത്തൊടും ദുഃഖിച്ചുംകൊണ്ടപ്പോഴ്ഞാനവിടത്ത ന്നപാർത്തതേ • ശുശ്രൂഷചെയ്തുന്നരികിലാഭാർയ്യയെപ്പോഴുംവിച്ചു വോ അപ്പോഴ്ഞാനേററവുംദുഃഖംപൂണ്ടേൻകപിമുഖത്തിനാൽ • അ വളെന്നേകണ്ടുനല്ലപ്രസന്നമുഖിയായിതേ വാനരത്തിൻമുഖംകൊണ്ടു ദുഃഖിച്ചില്ലൊരുലേശവും • ഏവംകാലംകഴിക്കവേപോഴ്വേഗമപ്പർവ്വതൻ മുനി ബഹുതീർത്ഥങ്ങളാടീട്ടുകാണ്മാനായ്വന്നുചേർന്നതേ • പ്രേമത്തോ ടൊത്തുമാനിച്ചുപൂജിച്ചേൻഞാൻവിധിപ്പടി ദിവ്യാസനത്തിൽവാഴണെ ന്നെക്കണ്ടേററംദുഃഖമാണ്ടവൻ • സഭാര്യ്യൻ,വാനരമുഖൻ,ദീനൻ,ചി ന്താതുരൻ,തുലോം കൃശൻമാതുലനാമെന്നോടിതോതീദയയാന്നവൻ • 'മുനേ!നാരദ!നിന്നേഞാൻകോപംകൊണ്ടുശപിച്ചുപോയ് അശ്ശാപ ത്തിന്നിന്നുമോക്ഷംതരാംനീകേട്ടുകൊള്ളുക • എൻപുണ്യത്താൽസ്വമു ഖനായ്ഭവിച്ചീടുകനാരദ! ഇരാജപുത്രിയേക്കണ്ടിന്നെന്നുള്ളിൽകൃപ വന്നതേ'.

നാരദൻപറഞ്ഞു.

പർവ്വതൻവാക്കുകേട്ടുഞാനേനിക്കുംകനിവാകയാൽ ഭവാനുംശാ പമോക്ഷംഞാനരുളേതന്നരുളുകിന്നേൻ • വിണ്ണിൽഗതിഭവിച്ചീ ടുംഭാഗിനേയ!നിനക്കുമേ ശാപമോക്ഷംഭാഗിയായിത്തന്നേൻഞാനിന്നു പർവ്വത!.

നാരദൻപറഞ്ഞു.

ആവാക്കിനാൽസ്വമുഖനായ്ഞാനവൻനോക്കിനില്ക്കവേ സന്തോ ഷിച്ചാൾനൃപസുതാവേഗമമ്മയോടോതിനാൾ: • 'അമ്മേസ്വമുഖനാ യ്നിന്റെജാമാതാവാംമഹാമുനി പർവ്വതൻമുനിതൻവാക്കാലിന്നവൻ ശോഭമുഖനായ്' • അതുകേട്ടാരാജ്ഞിചെന്നുരാജാവോടതുചൊല്ലി നാൾ രാജാവുംമുനിയെക്കാണ്മാൻപ്രീതിപൂണ്ടുഗമിച്ചുടൻ • എനിക്കും

ഭാഗിനേയനാംമഹാത്മാവാകുമാനൃപൻ സ്ത്രീധനംനല്കിനാനേററം
സന്തോഷത്തോടുകൂടവെ ॥ ഏൻപുരാതനവൃത്താന്തമെല്ലാംനിന്നോടു
ചൊല്ലിനേൻ മായാബലത്തിൻമാഹാത്മ്യംകൊണ്ടന്നനുഭവിച്ചു
പോൽ ॥ മായാഗുണംചമച്ചോരീമിഥ്യാസംസാരമായതിൽ സുഖിയി
ല്ലാരുമുണ്ടായിട്ടില്ലുണ്ടാകയുമില്ലതാൻ ॥ കാമം,ക്രോധം,മത്സരവും,മദം,
മമത,മോഹവും അഹങ്കാരവുമാർവല്ലുമെല്ലാംവൻബലമുള്ളവ ॥ മൂന്നുഗു
ണങ്ങൾസത്വരജസ്തമസ്സുകളുമങ്ങനെ ; പ്രാണികൾക്കസമാധാനമുണ്ടാ
വാൻകാരണംമുനേ! ॥ വിഷ്ണുദേവനോടൊത്തൊരുദിനംകളിയായിവന
ത്തിൽഞാൻ സഞ്ചരിക്കുന്നസമയംനാരിയായിട്ടുതീൎന്നുപോയ് ॥ മായാ
ബലത്താൽമോഹിച്ചുരാജവല്ലഭയായിഞാൻ ബഹുപുത്രരെയുംപെററാ
ന്നൃപഗേഹത്തിൽവാണതേ.

വ്യാസൻ പറഞ്ഞു.

സാധോ!നിൻവാക്കുകേട്ടിട്ടുവലുതായുണ്ടുസംശയം പരമജ്ഞാനി
യാംനീയെവ്വണ്ണംസ്ത്രീയായ്ഭവിച്ചതേ? ॥ പുമാനായ്തീൎന്നതുംപിന്നെ
യെവ്വണ്ണം?ചൊല്ലുകാകയും ഏതുഭൂപൻഗൃഹത്തിൽവാണുമക്കളുണ്ടാ
യിപുത്രരും? ॥ മോഹിപ്പിക്കുന്നതാരാണിനിച്ചുരാചരമൊക്കയും അ
മ്മായതന്നുള്ളതമാമോചിതംനീകഥിക്കുക ॥ സൎവ്വസംശയവുംപോക്കും
സൎവ്വഗ്രന്ഥാൎത്ഥസംഗ്രഹം നീചൊല്ലുംകഥ,കേട്ടിട്ടുതൃപ്തിവന്നില്ലമാ
മുനേ!.

ശ്രീദേവീഭാഗവതം ആറാംസ്കന്ധം

നാരദവിവാഹം ഇരുപത്തേഴാമദ്ധ്യായം.

ഇരുപത്തെട്ടാമദ്ധ്യായം.

നാരദൻ പറഞ്ഞു.

കേൾക്കഞാൻചൊല്ലുമീനല്ലകഥയെമുനിസത്തമ! അറിവാകില്ല
യോഗീന്ദ്രന്മാൎക്കുമാമായതൻബലം ॥ ബ്രഹ്മാദിസ്തംബപൎയ്യന്തംചരാച
രമശേഷവും അനാദിയാംമഹാമായാമോഹിപ്പിക്കുന്നതാമുനേ! ॥ സത്യ
ലോകംവിട്ടൊരിക്കൽവൈകുണ്ഠത്തിന്നുപോയിഞാൻ ആശ്ചൎയ്യകൎമ്മം
ചെയ്തീടുംഹരിതൻദൎശനത്തിനായ് ॥ സ്വരതാനങ്ങൾശോഭിക്കുംമഹതീ

വീണമീട്ടിയും വായിച്ചുംസാമവുംഗായത്രിയുംസപ്തസ്വരത്തോടും * മേഘശ്യാമൻ,ദേവദേവൻ,ഗദാചക്രങ്ങളുംപൂണ്ടവൻ ചതുർഭുജൻ, കൌസ്തുഭത്താൽവിളങ്ങുംമാറോടൊത്തവൻ * പീതാംബരൻ,ഹൃഷീകേശൻ,മകുടാംഗദശോഭിതൻ സമാലക്ഷ്മിയോടുംക്രീഡിക്കുന്നൊ,ന്നാൽതുഷ്ടനായവൻ * പൂമാതെന്നകണക്കേഗൃഹംപൂകിയുള്ളിക്കവിട്ടുടൻ സർവ്വലക്ഷണസമ്പന്നാ,സർവ്വഭൂഷണഭൂഷിതാ * കാന്താ,സീമന്തിനീരത്നം,രൂപയൌവ്വനഗർവ്വിതാ തപ്തസ്വർണ്ണപ്രഭാ,വാസുദേവൻതന്റെകുടുംബിനീ * മുലമൂടിഗൃഹത്തിന്നുംപൂകവേയാവരാംഗനാ ചോദിച്ചുതാൻദേവദേവനായിട്ടുംവിഷ്ണുവോടുതാൻ: * 'ഭഗവൻ!ദേവദേവശ!പത്മനാഭ!ജഗൽഗുരോ! അരികിൽനിന്നുപോയെന്തെൻവരവുംകണ്ടുപത്മജാ? * വിടനല്ലല്പധൂർത്തൻഞാൻതാപസൻഞാൻജനാർദ്ദന! ജിതേന്ദ്രിയൻ,ജിതക്രോധൻ,ജിതമായൻ,ജഗൽഗുരോ.

നാരദൻപറഞ്ഞു.

കുറെഗ്ഗർവ്വാർന്നോരെൻവാക്യംകേട്ടിട്ടാമധുസൂദനൻ വീണാസ്വരത്തോടെന്നോടു ചിരിച്ചുംകൊണ്ടുചൊല്ലിനാൻ.;

വിഷ്ണുപറഞ്ഞു.

നാരിമാർപതിതൻമുൻപിലല്ലാതന്യന്റെസന്നിധൌ ഒരിക്കലും നില്പതെന്നാണുമര്യാദനാരദ! * വായുഭക്ഷണരായോഗികൾമായജ്ജയതാൻമുനേ! സാംഖ്യന്മാർക്കുംനിരാഹാരൻജിതേന്ദ്രിയഋഷിക്കുമേ * വർണ്ണൊക്കും,ജിതമായൻഞാനെന്നുനീചൊന്നവാക്കപ്പോൾ പറഞ്ഞുകൂടാസുഭഗംഗീതജ്ഞ!മുനിസത്തമ! * ബ്രഹ്മാവുംശിവനുംഞാനുംസനകാദിമുനിവൃന്ദവും വെന്നോരല്ലാമായയേനീയുംമറ്റുംപിന്നെയെന്തുചൊൻ? * ദേവന്മാരുംനരന്മാരുംസർവ്വജ്ഞകളുമങ്ങനെ ശരീരിയാകിലെമ്മട്ടാമായയെവെന്നുനിന്നിടും? * മായാജയത്തിന്നവ്വണ്ണംശക്തൻമറ്റുണണ്ടെവൻ വേദജ്ഞൻ,യോഗി,സർവ്വജ്ഞൻ,വിജിതേന്ദ്രിയനെങ്കിലും * മായാരൂപംകാലമതുംരൂപഹീനസ്വരൂപകൻ തദധീനതയിൽവിദ്വാനും,മൂർഖൻ,മദ്ധ്യമനും,മുനേ! * കാലംധർമ്മജ്ഞനാക്കീടുംചിലപ്പോൾമൂഢലച്ചിടും സ്വഭാവംകർമ്മമിവയാൽദുർജ്ഞേയംകാലചേഷ്ടിതം.

നാരദൻ പറഞ്ഞു.

നിവൃത്തിയേവമോതീട്ടാഹരി,വിസ്മയമാർന്നുഞാൻ അനിത്യനാം വാസുദേവനോടുചോദിച്ചിതേവിധം: * 'രൂപമെന്തേതുമട്ടുള്ളോരാം

മഹാമായതമാപതേ! ബലമെന്താധാരമെന്താണെങ്ങിരിപ്പതുമൊരു
കീ॥ മായാദൎശനമാശിക്കുന്നെന്നൊക്കാട്ടുകനീവിഭോ! മായയെയറിവാ
നാഞാനിച്ഛിച്ചിട്ടെന്നുചൊൽകനീ"?

വിഷ്ണു പറഞ്ഞു.

ത്രിഗുണാ,നിഖിലാധാരാ,സൎവ്വജ്ഞാ,സൎവ്വസമ്മതാ അനേകരൂ
പാ,സമ്പൂൎണ്ണാ,ജയിപ്പാൻകഴിയാത്തവൾ॥ കാണ്മാനിച്ഛനിനക്കെ
ങ്കിൽഗരുഡങ്കൽകരേറുക ഞാനുംവരാംപോയിടാംനാമിപ്പോൾമ
റെറാരടിക്കിനായ്॥ അജിതേന്ദ്രിയൎക്കുവെല്ലാത്താമായയെക്കാട്ടിടാംത
വ ബ്രഹ്മപുത്രൻനീയവളെക്കണ്ടുദുഃഖിച്ചുപോകൊല്ല॥ എന്നോതീട്ടാ
രമാകാന്തൻചിന്തിച്ചാൻപക്ഷിരാജനെ അസ്ഥലത്തെത്തിനാനോൎത്ത
നേരമപ്പക്ഷിനായകൻ॥ ഗരുഡൻവന്നനേരത്തിലവന്മേലേറിനാൻഹ
രി എന്നെയുംപിൻപുറത്തേററിക്കൊണ്ടുനാരദവോടവൻ॥ ഗരുഡൻ
വായുവേഗത്തിൽവൈകുണ്ഠംവിട്ടുപോയുടൻ ഹരിചൊല്ലുകയാലെ
താൻനിശ്ചയിച്ചുവനത്തിനായ്॥ കൊട്ടാരങ്ങളും,നല്ലസരിത്തുകളു
മങ്ങനെ പുരങ്ങൾ,മഹാഗ്രാമം,കളികൾ,ഗോസമൂഹവും॥ ഉദ്യാനങ്ങ
ളും,നല്ലതാംഗിരിയോരങ്ങളും കമലങ്ങൾവിളങ്ങുന്നവൻപൊയ്ക,
ചെറുപൊയ്കയും॥ പന്നിക്കൂട്ടം,മൃഗക്കൂട്ടങ്ങളെയുംകണ്ടുതെക്കുപോയ്
കാന്യകുബ്ജസമീപത്തിലെത്തീഗരുഡവാഹനായ്॥ അവിടെപ്പലവ
ൎണ്ണത്തിൽവിടൎന്നകമലങ്ങളും താമരക്കോഴിയും,രാജഹംസവും, ചക്രവാ
കവും॥ ശൃംഗാരാവങ്ങളും,ചേൎന്നനൽജലംകൊണ്ടുപൂൎണ്ണമായ് ദിവ്യമാ
യിവിളങ്ങുന്നനൽസരസ്സൊന്നുകണ്ടതേ॥ പാലാഴിയോടുപോരാടുംശുദ്ധ
ശീതോയംനിറഞ്ഞതാം ആനൽതടാകംകണ്ടെന്നോടോതിനാൻഭഗ
വാൻഹരി.

ശ്രീഭഗവാൻ പറഞ്ഞു.

ശുദ്ധതോയംനിറഞ്ഞതാംതാമരപ്പൂക്കളാൽചേൎന്ന വണ്ടാരം
കോഴികൾക്രൗഞ്ചാവലിയുതാംപൊയ്കകാണുക॥ സ്നാനംചെയ്തിത്തിൽക
ന്യാകുബ്ജംനൽപുരമാണ്ടിടാം എന്നോതിയെന്നെഗ്ഗരുഡനെന്നിറക്കി
ട്ടിറങ്ങിനാൻ॥ ചിരിച്ചുംകൊണ്ടെൻകയ്യുംപിടിച്ചുംകൊണ്ടുമാധവ
ൻ പൊയ്കയെവാഴ്ത്തിയിട്ടെന്നെക്കൊണ്ടുപോയത്തടത്തിലായ്॥ അവി
ടെത്തണലിൽവാണുവിശ്രമിച്ചിട്ടുമാധവൻ നൽജലംനീയിതിൽസ്നാ
നംചെയ്കയെന്നെന്നോടോതിനാൻ॥ പിന്നീടുഞാൻശുദ്ധമാമീതടാ

കത്തിൽകളിച്ചിടാം സാധുക്കൾതൻമനംപോലിജ്ജലംപരമനിർമ്മലം* വിശേഷിച്ചുംതാമരപ്പൂമ്പൊടിതൻമണമുള്ളത് ഇതോർത്തപ്പോൾഹരിയാപരഞ്ഞൻമാൻതോൽകൾവീണയും * വച്ചിട്ടുപോയെൻസ്നാനത്തിനായട്ടാടയൊട്ടൊന്ന് കയ്യുംകാലുംശുദ്ധമാക്കിജ്ജടകെട്ടിപ്പവിത്രവും * പൂണ്ടാചമിച്ചജലത്തിൽശുദ്ധനായിക്കുളിച്ചുഞാൻ അതിൽകുളിക്കവേഞാനാവില്ലുറവുംനോക്കിനിൽക്കവേ * പുരുഷത്വംവിട്ടുനല്ലനാരിയായട്ടുതീർന്നുപോയ് ഹരിയെൻവീണയുംതോലുമെടുത്തുംകൊണ്ടുതൽക്ഷണം * ഗരുഡനാകൽകരേറീട്ടുവൈകുണ്ഠത്തിന്നുപോയിതേ നൽഭൂഷണങ്ങൾപൂണ്ടുള്ള നാരിയായ്ഞാനെനിക്കടൻ * മറന്നുപോയ്പൂർവ്വദേഹംമെന്താരിതെല്ലാമേ എൻവീണയുംമറന്നേൻഞാൻഹരിയേയുംമറന്നുപോയ് * മോഹിനീരൂപമോടന്നത്തടാകംവിട്ടുപോയിഞാൻ കണ്ടേൻപത്മങ്ങൾതിങ്ങുന്നാനൽജലംചേർന്നപൊയ്കയെ * ഉടനേഞാനിതെന്താണെന്നോർത്തുവിസ്മയമാണ്ടതേ നാരീരൂപത്തോടിവണ്ണംചിന്തിച്ചീടുന്നാഞാനുടൻ * കണ്ടേനങ്ങിക്കൽ വന്നോര"താലധ്വജ"നരേന്ദ്രനെ ആനതേരശ്വജാലങ്ങൾപൂണ്ടവെന്നല്ലതേരിലായ് * യുവാവാഭരണംപൂണ്ടോൻതൻമാരനൊടൊത്തവൻ എന്നെയാമന്നനംകണ്ടാൻദിവ്യഭൂഷണയുക്തയായ് * പൂർണ്ണചന്ദ്രാനനത്തോട്ടു,മധികംവിസ്മയിച്ചവൻ ചോദിച്ചാനാമന്നീബാലേ!ആരുള്ളനോരമർത്ത്യനോ? * ഗന്ധർവ്വരോഗമർത്ത്യന്മാരിലാരാണമാവരെ!? തനിച്ചെന്തേവസിക്കുന്നുരൂപയൗവനമൊത്തനീ * കന്യയോപതിയുള്ളോളോസത്യംചൊൽകസുലോചനേ! എന്തിനാണിത്തടാകത്തെനോക്കിനിൽക്കുന്നുസുഭ്രുവേ! * കാമനുംമോഹമേകുംനിൻകാര്യമെന്താണരയ്ക്കനീ? ഭുജിക്കനീഭോഗമെല്ലാമെന്നോടൊത്തുവരാനനേ! * സാധിക്കനിന്നിഷ്ടമെന്നെപതിയാക്കിട്ടുബാലികേ!.

ശ്രീദേവീഭാഗവതം ഷഷ്ഠസ്കന്ധം

മലയാളഭാഷ

ഇരുപത്തെട്ടാമദ്ധ്യായം.

ഇരുപത്തൊൻപതാമദ്ധ്യായം.

നാരദൻ പറഞ്ഞു

ഇത്തരംചൊല്ലപ്പെട്ടുഞാനന്നാതാലധ്വജനരേന്ദ്രനാൽ നല്ലവണ്ണംവിചാരിച്ചിട്ടവനോടുപറഞ്ഞുതേ! * 'രാജാവേ!ദൃഢമായിട്ടെന്നച്ഛനെയ

റികില്ലഞാൻ പിതാക്കളെയെന്നൊരീപ്പൊയ്കയിൽചെന്നുവെന്നാലും •
എന്നുരചെയ്യുന്നെന്നപോകനാദ്യന്തമംഗലംവരും ഞാൻനിരാധാര
യായെന്നുരചെയ്യാതെന്നോതീട്ടരുതെ • ദൈവശ്രേഷ്ഠമെനിക്കുള്ള
പൌരുഷംനിസ്തയാജനം നിധർമ്മിപ്പൻനരശ്രേഷ്ഠ!നിന്നിഷ്ടമ്പോലെ
ചെയ്യുക • എനിക്കുരക്ഷിതാവാരുമില്ലനിൻകീഴിലായിഞാൻ ആർദ്ര
നില്ലമയില്ലില്ലഗൃഹവുംബന്ധുവുംമമ" • എന്നാലിവണ്ണമോതപ്പെട്ടനം
ഗാത്മജനായവൻ അഴകരുന്നൊരെന്നകണ്ണേമംത്രിയൊടോതിനാ
ൻ: • 'നാലാളെടുക്കുന്നൽപല്ലക്കിവർകേറിഗമിക്കുവാൻ വരുത്തീട്ട
കവേഗത്തിൽപട്ടുകൊണ്ടുമറച്ചുമേ • ചമ്രങ്ങളും,സ്വർണ്ണമയം,വിശാ
ലം,സുമനോഹരം നൽവിരിപ്പുവിരിച്ചിട്ടുമുത്തുമാലകരംവളക്കിയും,• അ
വൻറയാവാക്കുകേട്ടുവേഗത്തിൽമന്ത്രിവര്യൻ എനിക്കായ്ദിവ്യ
മാംമൂടുപല്ലക്കുംകൊണ്ടുവന്നുതേ• അതിൽകരേറിയുടനെഞാനവനെൻറ
ഹിതത്തിനായ് എന്നെഗൃഹത്തിലബ്ഭൂപൻമോദത്തൊടൊത്തുകൊ
ണ്ടുപോയ് • നൽനാളിൽശുഭലഗ്നത്തിലഗ്നിസാക്ഷികമായവൻ വി
വാഹംചെയ്തുവിധിപോലെഗൃഹത്തിങ്കൽവച്ചുതാൻ • അവനുഞാൻ
പ്രാണനേക്കാളിഷ്ടയാംഭാര്യയായിതേ "സൌഭാഗ്യസുന്ദരീ"യെന്നാ
ണെനിക്കുള്ളനാമവും • കാമശാസ്ത്രത്തിലോതുമ്പോലോരോരോഗ
ൻസത്തോടും എന്നോടുകൂടിക്രീഡിച്ചുസുഖിച്ചാനാമഹീപതി • രാജ്യ
കാര്യങ്ങളുംവിട്ടുസദാകാമവിലോലനായ് ക്രീഡിക്കയാലറിഞ്ഞില്ലകാ
ലംപോയതുമന്നവൻ • പൂങ്കാവനം,ഗൃഹം,നല്ലകുളം,മല,യതിങ്കലും
നല്ലമേടയിലും,ലംഗിയേറുംപൊയ്കകൾതന്നിലും • കാര്യങ്ങളെല്ലാംവി
ട്ടെന്നൊടൊത്തവൻമഹ്യമത്തനായ് പലമട്ടിൽകളിച്ചെൻറവശത്താ
യിഭവിച്ചുതേ • അവനൊടൊത്തുഞാനന്നേൽക്രീഡകൊണ്ടുവശത്തി
ലായ് മറന്നുപോയ്പൂർവ്വദേഹംപുരുഷൻമുനിയെന്നാലും • ഇവനെൻ
പതിഞാൻഭാര്യമാരിൽവച്ചിഷ്ടയാംസതീ പട്ടരാജ്ഞീവിലാസങ്ങളൊ
സഫലംമമജന്മവും • എന്നു ചിന്തിച്ചാനൃപനുമിഷ്ടയായിട്ടുസന്തതം
സ്വച്ഛയായാട്ടുംക്രീഡിച്ചാനൃപാധീനത്തിൽവാണുതേ • ബ്രഹ്മവി
ജ്ഞാനവുംനിത്യബ്രഹ്മജ്ഞാനവുമങ്ങുപോയ് ധർമ്മശാസ്ത്രജ്ഞാനവും
മെ,വാണുഞാനാമനസ്സോടും • ക്രീഡയിൽസക്തയായങ്ങുഞാനീവ
ണ്ണംകേളിക്കവേ വർഷംപന്ത്രണ്ടുനിമിഷംപോലെനിക്കുകഴിഞ്ഞുപോ
യ് • ഗർഭംധരിച്ചെനിക്കപ്പോൾസന്തോഷത്തോടുമന്നവൻ ഗർഭസംസ്കാ

രകർമ്മങ്ങൾചെയ്യിച്ചാൻവിധിപോലവെ • തോഷിപ്പിച്ചിട്ടുയെ
ന്നെന്നെചോദിച്ചാൻബുദ്ധിമാന്നൃപൻ അതിപ്രീതിയോടൊന്നുംഞാ
നോതിയില്ലന്നേരംലജ്ജയാൽ • പത്തുമാസംതികഞ്ഞപ്പോൾജനിച്ചൂതന
യൻമമ ഗ്രഹനക്ഷത്രലഗ്നങ്ങൾബലമാംനല്ലനാളിലായ് • കൊട്ടാര
ത്തിൽ പുത്രജന്മോത്സവമുണ്ടായിഭംഗിയായ് പുത്രനുണ്ടാകയാൽഭൂപ
നതിസന്തുഷ്ടനായിതേ • പന്ത്രണ്ടാംനാൾപുത്രമുഖംകണ്ടുതോഷിച്ചുമ
ന്നവൻ ഞാനാരാജാവിനത്യന്തംപ്രിയമുള്ളോരുഭാര്യയായ് • രണ്ടുവ
ൎഷംകഴിഞ്ഞിട്ടുപിന്നെയുംഗർഭമാണ്ടുഞാൻ ഉണ്ടായ്രണ്ടാമതുംപുത്രൻ
സൎവ്വലക്ഷണയുക്തനായ് • "സുധന്വാ"വെന്നവന്നുപേരിട്ടാനാന
ന്ദത്തോടെ "വീരവർമ്മാ"വെന്നുമൂത്തപുത്രനുംവിപ്രർചൊൽകയാൽ •
നൃപസമ്മതരായേവമുണ്ടായ്പന്ത്രണ്ടുനന്ദനർ മോഹിച്ചിട്ടവരെപ്രീ
ത്യാലാളിച്ചുവളർത്തിനേൻ • പിന്നീട്ടുമുണ്ടായ്നൽപുത്രരെട്ടുപേരാ
ണ്ടുതോറുമായ് അങ്ങനിക്കസ്സുഖംനൽകുംഗാർഹസ്ഥ്യംപൂർണ്ണമായി
തേ • കാലത്തിൽചെയ്തുകല്യാണമവൎക്കുചിതമായ്നൃപൻ പുത്രർക്കുംഭാ
ൎയ്യമാരുംവൻപരിവാരംഭവിച്ചുതേ • പിന്നെപ്പൌത്രരുമുണ്ടായിക്രീഡാ
ക്കാനായ്തുടങ്ങിനാർ നാനാരസമൊട്ടുമോഹംവളർപ്പിപ്പവരായ്തു
ലോം • ചിലപ്പോൾസുഖമൈശ്വര്യംചിലപ്പോൾദുഃഖമേറവും ദേ
ഹസന്താപമേകിടുംരോഗംപുത്രർക്കുവന്നിടും • പുത്രന്മാർക്കുംനാരിമാർക്കും
ചിലപ്പോളതികേമമായ് വിരോധംതമ്മിലുണ്ടാകുംദുഃഖിക്കുമതുകൊണ്ടു
ഞാൻ • • സുഖദുഃഖാത്മകം,ഘോരം,മിഥ്യാചാരകരം,പരം ക്ഷുദ്രം,
സങ്കല്പജനിതം,ഇതിൽഞാൻമഗ്നയായ്മുനേ! • മറന്നുപൂർവ്വവി
ജ്ഞാനംശാസ്ത്രജ്ഞാനവുമങ്ങുപോയ് നാരിയായ്ഗൃഹകാര്യങ്ങളതിൽ
തൽപരയായ്സദാ • ഏറ്റംമോഹംവളർത്തുന്നൊരഹംകാരവുമാണ്ടു
ഞാൻ ഇവരെൻശക്തരാംപുത്രർകുലത്തിൽചെന്നഭാര്യമാർ സന്തു
ഷ്ടരായ്കളിക്കുന്നിസ്സുതരെൻറഗൃഹത്തിലായ് • ലോകത്തിലെസ്ത്രീക
ളിൽവച്ചേററവുംധന്യയാണുഞാൻ നാരദൻഞാൻമായകൊണ്ടുവഞ്ചി
ക്കപ്പെട്ടുവിഷ്ണുവാൽ • എന്നുചിന്തിച്ചതില്ലെൻറയുള്ളിൽഞാനൊ
ന്നേരവും രാജപത്നീ,സദാചാരാ,ബഹുപുത്രാ,പതിവ്രതാ • ലോക
ത്തിൽവച്ചുത്തമഞാനെന്നുമോഹിക്കയാൽമുനേ! • പിന്നീടൊരുനൃ
പൻവീരശ്രേഷ്ഠൻബുദ്ധിശക്തിമാൻ! എൻകാന്തനാംമന്നവൻതൻശ
ത്രുവായിഭവിച്ചുതേ • ഒരുനാളവൻസൈന്യവുംചേർത്തുകൂട്ടിക്കൊണ്ടു

ണത്തിനായ് കന്യാകുബ്ജപുരത്തിങ്കൽവന്നു പുറവുംവെളുത്തു തേ • സൈന്യത്തോടൊത്താരബ്ധപനോവം ചെയ്തുള്ളകാരണം യാൽ എൻപുത്രരും പൗത്രരും മാനഗരംവിട്ടുപോയുടൻ • അവർക്കുതമ്മിലുണ്ടായി വലുതായുള്ള സംഗരം കാലത്താലെൻപുത്രരെല്ലാംവധിക്കപ്പെട്ടു ശത്രുവാൽ • പോരിൽ താരാറെറൻവല്ലഭനും ഗൃഹത്തിൽവന്നു ചെന്നവൻ ഘോരമാംപോരിലെൻപുത്രർമരിച്ചെന്നായ് ശ്രവിച്ചു ഞാൻ • എൻപുത്രരെപ്പൗത്രരോട്ടാമകാണ്മാനവൻപോയ് സസൈന്യനായ് ഞാനുച്ചത്തിൽകരഞ്ഞുംകൊണ്ടങ്ങെത്തിയപ്പോൾക്കളത്തിലായ് കണ്ടേൻ ചത്തുകിടക്കുന്നപുത്രരെപ്പൗത്രരെയുമേ കരഞ്ഞു ഞാനധികമായ് ദുഃഖസാഗരമഗ്നയായ് • ഹാപുത്രരേ! പോയതെങ്ങ് ദുഃഖത്താൽഹതയായി ഞാൻ ദുർവാരമാംശക്തിയേറുംദൈവമെന്നാളുതിച്ചതേ • ഇയ്യന്തരത്തിങ്കലെത്തി ഭഗവാൻമധുസൂദനൻ വേദവിത്തായ് സുന്ദരനായ് നല്ലവസ്ത്രം ധരിച്ചുടൻ • വൃദ്ധബ്രാഹ്മണവേഷത്തോടെൻസമീപത്തിൽവന്നതേ പോർക്കളത്തിൽദുഃഖമോടുകരയുന്നെന്നോടോതിനാൻ.

ബ്രാഹ്മണൻ പറഞ്ഞു

നീദുഃഖിക്കുന്നതെന്തിന്നീപതിപുത്രഗൃഹാത്മകം ഭ്രമംമൊന്നുമാകുലമുണ്ടായ് പ്രകാശിക്കുന്നസുന്ദരി! • ആരാണീയാൾപുത്രന്മാരാരിവർ? തത്വമോർക്കുക ദുഃഖംവെടിഞ്ഞെഴുന്നേറ്റു സംസ്ഥയാക സുലോചനേ! • തിലദാനംസ്നാനവുംനീപുത്രർക്കായിട്ടുചെയ്യുക മരിച്ചവർക്കൊക്കെയായിട്ടുള്ളാരേകാമിനി! • സ്നാനംഗൃഹത്തിലല്ലതീർത്ഥത്തിൽപോയ് കുളിക്കുക ബന്ധുവിന്മൃതിയിൽധർമ്മശാസ്ത്രനിശ്ചയമാണത്.

നാരദൻ പറഞ്ഞു

ഏവമാവൃദ്ധനാംവിപ്രൻപറഞ്ഞിട്ടറിയിക്കയാൽ എഴീറ്റു ഞാൻസ്വപതിയോടുംബന്ധുക്കളോടുമൊത്തുടൻ • നടന്നുമുൻപിലാവിപ്രവേഷത്തിൽഭഗവാൻഹരി പിൻപേ ഞാനുംമെതനമോടൊന്നൽതീർത്ഥത്തിന്നുപോയിതേ • പുണ്യതീർത്ഥമാംസരസ്സിങ്കൽ ഞാൻ പരിയോടെത്തുമളവേ അവൻ വിപ്രവേഷധരൻമൈക്കാണാതെപോയിട്ടിപ്പറഞ്ഞുമോതിനാൻ: • 'കുളിക്കകീ ശുദ്ധതരമാകുന്നതീർത്ഥംമിവരാനനേ! പുത്രർക്കിപ്പോൾക്രിയകൾചെയ്തു കാലംവൃഥാ ദുഃഖിച്ചിടായ്ക നീ • ജന്മംതോറുംനിനക്കുണ്ടായ് മരിച്ചുകോടിനന്ദനർ പിതാക്കളുംപതികളുംസോദരന്മാരുംസുഹൃത്തും • അഴിലെകംവ്യർത്ഥമാമീ

സ്വപ്നത്തോടു സമാനമാം മനോഭ്രമത്തിൽ നീയാക്കുവേണ്ടി ദുഃഖിക്കരൊല്ലുക്.

നാരദൻ പറഞ്ഞു.

എന്നവൻ വാക്കുകൾ കേട്ടിട്ടു പ്രത്യാഖ്യാതനായിട്ടും തീർത്ഥത്തിങ്കൽ കുളിക്കാൻ തോന്നി ഹരി ചൊൽകയാൽ ॥ ആ തീർത്ഥത്തിൽ മുങ്ങി നേർ ഞാനോടൻ പുരുഷനായിതേ ഹരി വീണയുമായ് നിന്നാൻ തീരത്തിൽ തന്റെ രൂപമായ് ॥ മുങ്ങിക്കേറിട്ടു കണ്ടേൻ ഞാൻ ഹരിയെക്കരെ തന്നിലായ് അപ്പോളെല്ലാമോർമ്മയുണ്ടായെനിക്കുള്ളിൽ ദ്വിജസത്തമ! ॥ ചിന്തിച്ചു നാരദൻ ഞാനീ ഹരിയോടിങ്ങു വന്നവൻ മായാമോഹം നിമിത്തം ഞാൻ നാരിയായ് ഭവിച്ചതേ ॥ ഏവം ചിന്തിക്കവേ എന്നോടായിട്ടു ഹരി ചൊല്ലിനാൻ 'വരൂ നാരദ! വെള്ളത്തിൽ നിന്നു ചെയ്യുന്നതെന്തു നീ? ॥ നാരീഭാവത്തെയോർത്തിട്ടു വിസ്മയം പൂണ്ടു ഞാൻ തുലോം എന്നു മുമ്പെന്നെയിപ്പോൾ പുമാനായ് തീർന്നവനാളും.

ശ്രീദേവീഭാഗവതം ആറാം സ്കന്ധം

നാരദപുത്രശോകം

ഇരുപത്തൊൻപതാമദ്ധ്യായം.

മുപ്പതാമദ്ധ്യായം.

നാരദൻ പറഞ്ഞു.

എന്നെയും ദ്വിജനെയും കണ്ടാശ്ചര്യപ്പെട്ടു മന്നവൻ എൻ ഭാര്യയെങ്ങു പോയെങ്ങുനിന്നു വന്നീ മുനീശ്വരൻ ॥ ഹാ ഭാര്യേ! ദുഃഖിയാമെന്നെ വിട്ടു നീയെങ്ങു പോയ് പ്രിയേ! പിന്നെയും പിന്നെയും ദീനനേവം ചൊല്ലിക്കരഞ്ഞു താൻ ॥ എൻ ജീവിതം ഗൃഹമിതും നീയെന്യേ നിഷ്ഫലം സതി! എന്റെ രാജ്യവുമെന്തിന്നു സുന്ദരീ! ചൊല്ക തന്വി ഞാൻ? ॥ നിന്റെ വേർപാടിനാലിന്നെൻ പ്രാണങ്ങൾ പോവതില്ലെടോ നിന്നെ വെടിഞ്ഞു ജീവിപ്പാൻ പ്രീതിയില്ലാത്തലേശവും ॥ ചൊൽകിഷ്ടമാമുത്തരം ഞാൻ ദുഃഖിക്കുന്നല്ലോ കേശിനി! മുമ്പനിലുള്ളിഷ്ടമെല്ലാമെങ്ങു പോയിന്നു സുന്ദരി!? ॥ ജലജന്തുക്കൾ ഭക്ഷിച്ചോ ജലത്തിൽ താണുപോയിതോ? എൻ ഭാഗ്യക്കുറവാൽ നിന്നെ പിടിച്ചോ വരുണൻ പ്രിയേ! ॥ ഏണാക്ഷി! ധന്യയാം നീ പുത്രന്മാരോടൊത്തു പോയിതോ? അകൃതാർത്ഥൻ പുത്രരിൽ നിൻ സ്നേഹം കോകിലഭാഷിണി! ॥ പുത്രസ്നേഹനാൽ ദുഃഖിക്കും ദീനൻ നിൻ പതി

യെന്നനീ വിട്ടുപിരിഞ്ഞുപോയതൊട്ടുംയുക്തമല്ലവരാനനെ! * പുത്രൻഭാൎയ്യയുംരണ്ടുംപോയെനിക്കെന്റെവല്ലഭെ! എന്നാലുമററംദുഃഖിക്കെനിക്കില്ലതിയില്ലതാൻ * ഭാൎയ്യാവിരഹസന്താപമറിഞ്ഞീടുന്നരാഘവൻ അദ്ദേഹശുദ്ധിയില്ലിന്നുപോവതെങ്ങുഞാൻ പത്നിയും? * വിപരീതംചെയ്തുളെവംക്രൂരനിഷ്ഠുരനിയതന്നിലായ് മൃതി, ഭിന്നംമൃത്യുചിന്തയെഴുംമെയേതിരാക്കിഹ * നാരികൾക്കുപകാരംതാൻ ചെയ്തുമുനികളഗ്നിയിൽ പതിയോടുംപ്രവേശിപ്പാൻശാസ്ത്രത്തിങ്കലുരക്കയാൽ * ഇതുവണ്ണം വിലപിക്കുന്നനൃപനെഭഗവാൻഹരം യുക്തിയുള്ളവാക്യത്താൽസമാധാനപ്പെടുത്തിനാൻ.

ശ്രീഭഗവാൻ പറഞ്ഞു.

വിഷാദിക്കൊന്നുനീനിൻഭാൎയ്യയെങ്ങുഗമിച്ചതെ കേട്ടിട്ടില്ലെ ശാസ്ത്രം,മാശ്രയിച്ചില്ലെബുധരെപ്പോൽ * ആരുനീയാരവൎകൾനിന്റെ പെറ്റവർപാടെങ്ങനെ? പ്രവാഹരൂപസംസാരെ ജനകടക്കുന്നുക്കപോൽ * ഗൃഹത്തിൽപോകനാഥാ! വേറുതേകരയണ്ടനീ നൽതൻപെറ്റവൎപാടുംദൈവാധീനംതിലെപ്പൊഴും * ഇവളോടുള്ളനിൻ ചേൎച്ചയിന്നുതീൎന്നുനരാധിപ! സുന്ദരിതന്നായിട്ടവളെനീപിരിഞ്ഞുതെ * തൽപിതാക്കളെയുംകണ്ടില്ലാസ്വസ്ഥിലെപ്പോഴുമ്പോ നിനക്കുകിട്ടി,വന്നോണമവളുങ്ങുഗമിച്ചതെ * ദുഃഖിച്ചീടായ്കരാജാവേ!കാലത്തെയാൎകന്നിട്ടും? ഗൃഹത്തിൽപോയ്കാലതുല്യംഭോഗമെല്ലാംഭുജിക്കനീ * വന്നതെവ്വണ്ണമാണവയതുപോലെ ഗമിച്ചതെ പണ്ടത്തെപ്പോലെയും പെന്നു നിൻകാൎയ്യംനീനടത്തുക * നീകരഞ്ഞീടിലിനിയവരികില്ലാവരാനനെ വൃഥാദുഃഖിച്ചിടുന്നിപ്പോഴുംവിധിയെസ്വീകരിക്കനീ * കാലത്താൽപോച്ചുയുണ്ടാകുമതുപോൽതന്നെപോയിടും ദുഃഖിച്ചീടായ്കഫലമില്ലാത്ത സംസാരരീതിയിൽ * എങ്ങുംസുഖംമാത്രമില്ലദുഃഖമാത്രവുമങ്ങനെ സുഖദുഃഖങ്ങൾഘടികായന്ത്രംപോലെകറങ്ങിടും * മനസ്സുറപ്പിച്ചുരാജ്യംരക്ഷിക്കസുഖമായിനീ അല്ലെങ്കിലതുപുത്രനുമാക്കിനീകാടുപൂകുക * ക്ഷണനശിക്കുമീമൎത്ത്യദേഹംപ്രാണികൾക്കെല്ലാം ലഭിച്ചതെങ്ങുനിൎണ്ണയമാത്മജ്ഞാനത്തെനേടണം * ഭക്ഷണംവിഷയംരണ്ടുംപശുജാതിക്കുണ്ടല്ലോ! ജ്ഞാനംമൎത്ത്യൎക്കുമാത്രംതാനന്യജാതിക്കതില്ലകേൾ * ഭാൎയ്യാദുഃഖംവിട്ടതിനാൽഗൃഹത്തിങ്കൽഗമിക്കനീ ഇതുതേ വിഷ്ണുമായയാപാരംമോഹിപ്പിക്കുന്നു വിഷ്ടപം.

നാരദൻ പറഞ്ഞു

ഇതോതപ്പെട്ടു ഹരിയാൽ നമിച്ചവനെ മന്നവൻ സ്നാനം ചെയ്തിട്ടു
വിധിപോൽ തൻഗൃഹത്തിന്നു പോയിതേ ◆ രാജ്യം പൌത്രന്നു നൽകീട്ടു
സംഗമെല്ലാം വെടിഞ്ഞുടൻ വനത്തിൽ പോയി നൽതത്വജ്ഞാനവും
പൂണ്ടു നൃപതി ◆ രാജാവും പാകവേയെന്നെ നോക്കി പുഞ്ചിരിതൂകിടും ഭഗ
വാനാം ജഗന്നാഥൻ വിഷ്ണുവോടും പറഞ്ഞു ഞാൻ: ◆ 'വഞ്ചിക്കപ്പെട്ടു
ഞാൻ നിന്നാൽ മായാബലമറിഞ്ഞിടാതെ കഷ്ടമിപ്പോൾ നാരിയായി
ച്ചെയ്തു കാര്യങ്ങളെല്ലാമേയും ◆ ചൊൽക നീ ഞാൻ സരസ്സിൽ പോയ് സ്നാ
നം ചെയ്തു മൂലമായ് വേർപെട്ടു പോയതെന്താണെൻ പൂർവ്വജ്ഞാനം ജ
നാർദ്ദന!? ◆ മോഹിച്ചുപോയി ഞാൻ നാരീദേഹമാണ്ടു ജഗൽഗുരോ! ത്ത
പനെപ്പതിയാക്കീട്ടു് ദ്രാണിയിന്ദ്രനെയെന്നപോൽ ◆ പണ്ടെയുള്ള ഉ
താൻ ചിന്തമുതലായുള്ള ദേഹവും അവ്വണ്ണം ലിംഗവും ജ്ഞാനം മാത്ര
മെന്തേ പോയിതേ? ◆ ജ്ഞാനനാശത്തിന്നേറ്റവും അധികം വിസ്മയം പ്ര
ഭോ! അതിൻ കാരണമെന്തെന്നു സ്പഷ്ടമായ് ചൊൽക കേശവ! ◆ നാരി
യായ് തീർന്ന ഞാനോരോ ഭോഗമെല്ലാം ഭുജിച്ചതേ വിധിയെന്യേ ഭുജിച്ചു
ഞാൻ മദ്യം സേവിച്ചിതങ്ങനെ ◆ നാരദൻ മുനിയാണീ ഞാനെന്നറിഞ്ഞതി
ല്ലതെല്ലുമേ ഇന്നാക്ഷണത്തു വിശദമായന്നറിഞ്ഞില്ലിതെവിധം.

വിഷ്ണു പറഞ്ഞു

മായാവിലാസമാണെന്നു കാണുക നീയിതിനെ മുനേ! ജന്തുക്കൾക്കൊ
ക്കെ ദേഹത്തിലുണ്ടനേകമവസ്ഥകൾ ◆ ജാഗ്രൽ, സ്വപ്നം, നൽസുഷുപ്തി,
തുരീയാവസ്ഥയും തഥാ പിന്നെ ദേഹാന്തരത്തിങ്കൽ സംശയിപ്പതിനെ
ന്തു വാൻ? ◆ ഉറങ്ങുന്നോനില്ലറിവൊന്നും കേൾക്കില്ല ചൊല്ലിടാ ഉണ
ർന്നാലുടനെയെല്ലാമറിഞ്ഞീടുന്നിതായവൻ ◆ ചലിക്കം നിദ്രയാൽ ചി
ത്തം കണ്ടീടും പല സ്വപ്നവും ഉണ്ടാമോരോ മനോഭാവങ്ങളെങ്ങുമതിലിങ്ങ
നെ ◆ ആനകൾ താൻ വരുന്നെന്നോ ഓട്ടവാൻ ശക്തിയില്ലമേ സ്ഥലമി
ല്ലെന്നു ചെയ്വു ഞാനെങ്ങു പോകേണ്ടു വേഗമായ് ◆ കാണും മരിച്ചവ
ന്തച്ഛൻ ഗൃഹത്തിങ്കൽ വന്നതായ് അവനോടൊത്തിരുന്നിട്ടു ഭുജിച്ചെന്നും
നിനച്ചിടും ◆ ഉണർന്നാലറിയും സ്വപ്നം കണ്ട ദുഃഖസുഖങ്ങളെ എല്ലാം
മൊത്തു സവിസ്താരമന്യന്മാരോടുരമാതിടും ◆ സ്വപ്നത്തിലറിയാവ്യാജമാ
ണിതെന്നാരുമേ ദ്രഢം അതുപോൽ താൻ ദുർജ്ഞേയമാം മായാവൈഭവവും മു
നേ! ◆ അതിരഹസ്യമാം മായാഗുണങ്ങൾക്കുള്ള ഗൂഢത്വവും ജ്ഞാനംചെയ്ത

നം, ശർവ്വൻ താനുമൊട്ടുമറിഞ്ഞിടാ • മന്ദനാമന്യനറിവാൻ പിന്നെ
യെങ്ങനെ യോഗ്യനാം? മായാഗുണപരിജ്ഞാനമില്ലാത്തതർക്കുമെങ്ങു
മേ • മുഗ്ഗുണംകൊണ്ടു നിർമ്മിച്ചതാണീലോകമശേഷവും ഗുണങ്ങളെ
ന്ന്യേ സംസാരം വർത്തിച്ചീടില്ലതെല്ലുമേ • സത്വപ്രധാനൻ ഞാൻ
മറ്റുഗുണങ്ങൾ രണ്ടുമുള്ളവൻ മുഗ്ഗുണം വിട്ടിരിക്കില്ല ഞാൻ ലോകേ
ശ്വരനെങ്കിലും • നിൻപിതാവിധിയവ്വണ്ണം രജോമുഖ്യൻ പ്രസിദ്ധ
മായ് തമസ്സത്വങ്ങളും ചേർന്നോനവയററവനല്ലവൻ • ശങ്കരനീശൻ ത
മോമുഖ്യൻ രജസ്സത്വങ്ങളും ചേർന്നവൻ ഗുണങ്ങൾ മൂന്നും വേറാതെ ഞാൻ
കേട്ടിട്ടില്ലൊരുത്തനെ • ഇസ്സംസാരത്തിലതിനാൽ മോഹിക്കൊല്ല മുനീ
ശ്വര! അപാരം ദുർഘടം മായാനിർമ്മിതം സാരവർജ്ജിതം • ഇന്നുനീ മായ
യെക്കണ്ടു ലജ്ജിച്ചു ഭോഗമൊക്കെയും മായാചരിത്രമാശ്ചര്യം പിന്നെ ചോദി
പ്പതെന്തു നീ?

ശ്രീദേവീഭാഗവതം ആറാംസ്കന്ധം
മായാപ്രഭാവകഥനം മുപ്പതാമദ്ധ്യായം.

മുപ്പത്തൊന്നാമദ്ധ്യായം.

വ്യാസൻപറഞ്ഞു

സ്പഷ്ടമായിട്ടു ചൊല്ലീടാം രാജാവേ! കേട്ടുകൊൾക നീ മായാമാഹാ
ത്മ്യമതു ഞാൻ നാരദനോടു കേട്ടപോൽ • സർവ്വജ്ഞനാം നാരദനോടാ
യിച്ചോദിച്ചു പിന്നെ ഞാൻ അവനനാദിയായ് തീർന്ന കഥയെല്ലാം ശ്രവി
ക്കവേ ചൊൽക നാരദ! പിന്നീട ഭഗവാനെന്തുരച്ചതു? എങ്ങുപോ
യ ജഗന്നാഥൻ ചൊന്നോരെടോത്തു മാധവൻ.

നാരദൻപറഞ്ഞു

എന്നോതി ഭഗവാനന്നാനൽ തടാകത്തിൽ വച്ചുടൻ വൈകു
ണ്ഠത്തിൽ ഗമിപ്പാനായ് ഗരുഡൻമീതിലേറിനാൻ • എന്നോടോതീര
മാകാന്തനിഷ്ടംപോൽ പോക നാരദ! എൻലോകത്തിൽ വരൂ പൂജ്യനാക
മല്ലെങ്കിലിഷ്ടംപോൽ • പ്രാപിച്ചു ഞാൻ സത്യലോകം ചൊല്ലിക്കൊണ്ടു
വനൊട്ടുടൻ ഗരുഡൻമീതിലേറിട്ടു ഭഗവാൻ മധുസൂദനൻ • വൈകുണ്ഠ
ത്തിനു പോയിഷ്ടംപോൽ ചെല്ലുകെന്നോതിയെന്നോടായ് • ഹരിയങ്ങു
ഗമിച്ചപ്പോൾ സത്യലോകത്തിലെത്തി ഞാൻ • ചിന്തിച്ചുകൊണ്ടുള്ളത
മാം സുഖദുഃഖങ്ങളൊക്കെയും അപ്പനെപ്പോയ് നമിച്ചിട്ടു മുൻപിലായിവ
സിച്ചു ഞാൻ ചിന്തകൊണ്ടു തളർന്നെന്നെക്കണ്ടു ചോദിച്ചുടൻ പിതാ.

ബ്രഹ്മാവു പറഞ്ഞു

എങ്ങുപോയെന്നു നീ ചിന്താതുരനായ് തീർന്നനന്ദന!? നിൻമനം സ്വാസ്ഥമെന്നിയെ തോന്നുന്നില്ല മുനീശ്വര! • ആരാൽ വഞ്ചിതനായെന്നുള്ളതമോ കണ്ണുനീരൊടെ വിഷണ്ണനായ് ബോധമറവുനിന്നെക്കാണുന്നതെന്തെടോ!

നാരദൻ പറഞ്ഞു

ആസനത്തിലിരുത്തീട്ടന്നപ്പൻ ചോദിച്ചിതിങ്ങനെ മായാബലചരിത്രം ഞാനെൻ താതനോടു ചൊല്ലിനേൻ: • 'പ്രബലയായുള്ള ഹരിയാൽ വഞ്ചിക്കപ്പെട്ടു ഞാൻ ഗുരോ! അനേകം വത്സരങ്ങൾ ഞാൻ നാരിയായിട്ടു തീർന്നുപോയ് • വൻദുഃഖവും ഭുജിച്ചേനെൻ പുത്രന്മാർ ചത്തുപോകയാൽ അറിയില്ലാൻ പിന്നെ വിഷ്ണുദേവൻ നല്ലവാക്കിനാൽ • പുമാൻ നാമെന്നായ നസ്സരസ്സിങ്കൽ കളിച്ചുടൻ ഞാനന്നേവം ഭ്രമിച്ചീടാനുള്ള കാരണമെന്തുവാൻ?• • മോഹിച്ചു ഞാൻ പൂർവ്വമേറെ ജ്ഞാനമെല്ലാം മറന്നുപോയ് ദുർജ്ജയം തന്നെയീ മായാബലമെന്നോർത്തിടുന്നു ഞാൻ • ജ്ഞാനമില്ലാതെയാക്കീടും മോഹിപ്പിക്കുന്ന ദൈവമേ! അറിഞ്ഞതനുഭവിച്ചു ഞാൻ സുഖദുഃഖങ്ങളൊക്കെയും • നീയെന്തു വിഷ്ണുമായയിച്ചൊന്നതെന്നോടു ചൊല്ലുക താതാ!?

നാരദൻ പറഞ്ഞു.

ഇതോതപ്പെട്ടു ബ്രഹ്മാവും സന്തോഷത്തോടനന്തരം ചിരിച്ചുംകൊണ്ടുമന്നോടായിച്ചൊല്ലി താൻ വാസവീസുത!•

ബ്രഹ്മാവു പറഞ്ഞു.

മഹാത്മാക്കാം മുനീന്ദ്രർക്കും വിഷ്ണോർക്കും മായ ദുർജ്ജയാ ജ്ഞാനികൾക്കും തപോധനയോഗികൾക്കുമതേവിധം • ബലമേറും മായയെ ജ്ഞാനറിവാൻ ശക്തനല്ല ഞാൻ വിഷ്ണുവും ശക്തനല്ല വിഷ്ണുതാൻ ഗൗരീമണാളനും • ദുർജ്ഞേയയാം മഹാമായ സൃഷ്ടിസ്ഥിത്യന്തകാരിണി ഉപാദാന നിമിത്തങ്ങൾ കാരണങ്ങളെല്ലാമൊടാണവൾ • മതിമൻ! നീ ദുഃഖിയാതുള്ളു ബലമേറുന്ന മായയിൽ വിസ്മയിക്കുകയും വേണ്ട ഭ്രമിച്ചീടുന്നതെങ്ങളും.

നാരദൻ പറഞ്ഞു

ഇതപ്പൻ ചൊല്ലവേ ചൊല്ലിക്കൊണ്ടു ബുദ്ധിപ്പെടാതെ ഞാൻ മഹാതീർത്ഥങ്ങളാടിക്കൊണ്ടിങ്ങുവന്നേൻ മഹീപതേ! • അതിനാൽ സംശയം പോക്കി മോഹമെല്ലാം വെടിഞ്ഞു നീ സുഖമായിവിടെക്കാലം കഴിക്കു മുനിസത്തമ! • നല്ലതാം ചിന്തയോടെ ചെയ്യുക കർമ്മമെല്ലാം ഭുജിക്കുക എന്നാനിർബന്ധമായിട്ടുള്ളിൽ സഞ്ചരിക്കുക സന്തതമായ്.

വ്യാസൻപറഞ്ഞു

ഇതോതീട്ടു പറഞ്ഞുംകൊണ്ടങ്ങു പോയ്നാരദൻ നൃപ! അവനെ ന്നോട്ടരച്ചോരാവാക്യം ചിന്തിച്ചുകൊണ്ടു ഞാൻ • വന്നു സരസ്വതീതീരെ കല്പംസാരസ്വതത്തിലായ് രചിച്ചുനീബ് ഭാഗവതം കാലംബോധവതിന്നു ഞാൻ • പുരാണമുത്തമം ഭൂപ! സർവ്വസംശയനാശനം ആഖ്യാനം പലതും വേദപ്രമാണങ്ങളൊത്തതായ് • ഇതിങ്കൽ സംശയമെല്ലാം വേണ്ടാ ഭൂപതിസത്തമ! ജാലക്കാരൻ കയ്യിൽ വച്ചു മരപ്പാവയെയിട്ടുപോൽ • ചൊൽപ്പടിക്കാട്ടമാടിപ്പതെന്നതുപോലവേ മായയാടിക്കയാണെല്ലാ ച്ചരാചരജഗത്തും • ബ്രഹ്മാദിതൃണപര്യന്തം ദേവാസുരമനുഷ്യരും പഞ്ചേന്ദ്രിയങ്ങളോരോന്നോരിഷ്ടമാലെന്നപ്പോവർ • ഗുണന്താനാക്കുമെന്നും കാരണം നരപാലക! കാര്യംകാരണമെന്നോന്നും വേർപെടുംശങ്കയില്ലതിൽ • മായാഗുണങ്ങളോരോരോ സ്വഭാവങ്ങൾ കരുപോല! ശാന്തൻ, ഘോരൻ, മൂഢനിവർ വെവ്വേറെ മട്ടിലാകയാൽ • ഗുണയുക്തൻ പുമാൻ നിത്യമെവ്വണ്ണം ഗുണഹീനനാം വന്നുകൂടെന്നിമ്മയലോകത്തിങ്കൽ വന്നിടുവതെങ്ങനെ? • ത്രിഗുണം വിട്ടതിന്നൊപ്പം ഭേദിയില്ലതു നിശ്ചയം ദേവർതിര്യക്കർമ്മർത്ത്യാദിയോനരപാലക! • ഗുണങ്ങൾ വിട്ടില്ല, കടം മണ്ണില്ലാതെ ജനിക്കുമോ? ബ്രഹ്മവിഷ്ണുമഹേശന്മാർ മൂവരും ഗുണമൊത്തവർ • ചിലപ്പോൾ പ്രീതരപ്രീതരാമാം പിന്നെയങ്ങനെ ഗുണമൊത്തു വിഷമിക്കും ചിലപ്പോൾ മറ്റുവിധം ബ്രഹ്മാസത്വത്തിൽ വാഴുമ്പോൾ ശാന്തനായ് ധ്യാനനിഷ്ഠനാം പ്രീതനാം സൃഷ്ടിഭൂതങ്ങൾ തന്നിലു ജ്ഞാനയുക്തനായ് • സത്വം വിട്ടു രജസ്സാലും നേരത്തു കമലാസനൻ ഘോരനായിട്ടശേഷവും പ്രീതിഹീനനുമായിടും • വിധിയപ്പോളധികമാം തമോഗുണമൊടൊത്തിടും അന്നേരം ദുഃഖിയാം മൂഢനായും തീരുമസംശയം • മാധവൻ സത്വഗുണവാനെന്നു മക്കാലമായവൻ ശാന്തനായ് പ്രീതനായേററം ജ്ഞാനം പൂണ്ടുവസിച്ചിടും • അവൻ രജോഗുണം ചേർന്നു പ്രീതനായും ഭവിച്ചിടും തമസ്സു ചേർന്നാലെല്ലാർക്കും ഘോരനായിട്ടമങ്ങനെ • പ്രീതിമാൻ ശാന്തിമാൻ സത്വഗുണം ചേർന്നാൽ മഹേശ്വരൻ പ്രീതിഹീനൻ ഘോരനവൻ രജോഗുണമൊടൊക്കുകിൽ • ദുഃഖിപ്പോൻ മൂഢനവനത്രെ തമസ്സോടൊത്തു ചേരുകിൽ ഗുണാധീനത്തിലായീടില ബ്രഹ്മവിഷ്ണുമഹേശരും • സൂര്യവംശം സോമവംശത്തിലുമുണ്ടായ ഭൂപതം മനുക്കളും പതിന്നാലു ചേരുമോരോ യുഗങ്ങളിൽ • മുമ്പിലാമന്യരെവ്വണ്ണം സംസാരഗുണാധീനരാം? സുരാസുരനരർ ചേർന്ന

ലോകംമായക്കധീനമാം * അതുകൊണ്ടിതിലൊട്ടുമിസംശയിക്കേണ്ട മന്നവ! ദേഹീമായക്കുകീഴ് വർത്തിക്കുന്നതിന്റെവശത്തിലായ് * പാത്രമതാംസംവിദ്രൂപത്തിൻകീഴിൽമായയും ജീവജാലത്തിൽവാഴുന്ന തൽപ്രേരണയിനാൽസദാ * മായാധിഷ്ഠിതയായുള്ളൊരന്തസ്സംവിത്താംമഹേശ്വരീ മായേശ്വരീഭഗവതീസച്ചിദാനന്ദരൂപിണീ * അവളേയോർത്തുസേവിച്ചുജപിച്ചുപ്രണമിക്കുക അതുകൊണ്ടുകനിഞ്ഞേകുംമോക്ഷമിങ്ങുപായേറിയോരാം * നൽകിസദാനന്ദദേവംതന്റെമായയെപ്പോക്കിടും ഉദ്ഭവം ജഗത്തെല്ലാംമായ,യതിന്നംബതാനൊരുനായിക * ഭുവനേശ്വരിയെന്നോതപ്പെടുന്നാദ്ദേവിയാകയാൽ മനസ്സുവള്ളിലാസക്തമായീടിൽ സതതംനൃപ! * ഇല്ലണെന്നായുള്ളമായയെക്കാണെന്നുവരുന്നതും? അതിനാൽമായയെപ്പോക്കാനില്ലമറെറാരുദൈവവും * സമർത്ഥമായ് ബ്രഹ്മരൂപിയാകുംശ്രീദേവിയെന്നിയേ ഇതട്ടിന്നില്ലസാമർത്ഥ്യമിതരർക്കുതമകററുവാൻ * സൂര്യചന്ദ്രാഗ്നിനൽമിന്നൽപ്രഭകൾക്കുമതെന്നിയേ സ്വയംപ്രകാശ,സംവിത്തായുള്ളമായേശിയംബയേ * ആരാധിക്കുക നീഭക്ത്യാമായാമോഹമകററുവാൻ എവംനന്നായ് പറഞ്ഞുഞാൻവൃത്താന്തപൂർവധാരികം * നീചോദിച്ചതു,പവനെയനുഗ്രഹിക്കുന്നകേൾക്കുവാൻ പുരാണത്തിന്റെപൂർവ്വാർദ്ധംഞാൻനിനക്കുപറഞ്ഞുതേ * വർണ്ണിച്ചിട്ടുണ്ടിതിൽദേവീമാഹാത്മ്യംവിസ്തരിച്ചുതാൻ ശ്രീമാതാവിൻരഹസ്യംനീയിതാർക്കുമേചൊല്ലൊലാനൃപ! * ഭക്തൻ,ശാന്തൻ,ദേവിതന്റെ ഭക്തരിൽഭക്തിയുള്ളവൻ ഗുരുഭക്തൻ,ജ്യേഷ്ഠപുത്രൻ,ശിഷ്യനമിവർക്കുചൊല്ലിടാം.

അഖിലകഥകളിൽവച്ചുത്തമമീപുരാണം
നിഖിലമറകളുംസാരമെല്ലാമടങ്ങും
പരിചിനൊടിതുപാഠംചെയ്യിലുംകേൾക്കിലുംതാൻ
വരുമവനതിവിത്തംജ്ഞാനവുംമാനവേന്ദ്ര!

ശ്രീദേവീഭാഗവതം ആറാംസ്കന്ധം
[illegible]

ആറാംസ്കന്ധം സമാപ്തം.

ശ്രീലളിതാംബികായൈ നമഃ

ശുഭം.

ഹരിഃ ശ്രീഗണപതയെ നമഃ

അവിഘ്നമസ്തു

ശ്രീഭുവനേശ്വര്യൈ നമഃ

ശ്രീദേവീഭാഗവതം

ഭാഷ.

ഏഴാംസ്കന്ധം.

ഒന്നാമദ്ധ്യായം.

സൂതൻ പറഞ്ഞു.

ഇത്തിവ്വകഥ കേട്ടിട്ടു ചോദിച്ചാൻ മുനിവര്യരേ! വ്യാസനോടു മുദാ ഭൂപൻ ധർമ്മിഷ്ഠൻ ജനമേജയൻ.

ജനമേജയൻ പറഞ്ഞു

സൂര്യവംശം ചന്ദ്രവംശത്തിലുമുണ്ടായ മന്നവർ തൻവംശവിസ്തരം കേൾപ്പാനാഗ്രഹിക്കുന്നേൻ മുനേ! ॰ രണ്ടുവംശത്തിലും ജാതരായ മന്നവർ തൻകഥ പാപം പോക്കുന്നതതിനെ സർവ്വജ്ഞൻ നീ കഥിക്കണം॰ അവരെല്ലാം പരാശക്തിഭക്തരെന്നായ് ശ്രവിച്ചു ഞാൻ ദേവീഭക്തന്റെ ചരിതം കേട്ടാലാർക്കു തൃപ്തിയാം? ॰ ജനമേജയനാലേവം ചോദിക്കപ്പെട്ടൊരാമുനി വ്യാസൻ പ്രസന്നമുഖനായവനോടിതു ചൊല്ലിനാൻ ॰

വ്യാസൻ പറഞ്ഞു

കേട്ടുകൊള്ളുക രാജാവേ! വിസ്തരിച്ചു പറഞ്ഞിടാം സൂര്യസോമാന്വയോത്ഭൂതരമ്മന്നവർ വൃത്തവും॰ വിഷ്ണുവിൻ നാഭിപത്മത്തിൽ നിന്നുണ്ടായ് നാന്മുഖൻ വിധി തപസ്സു ചെയ്തു സേവിച്ചിട്ടു വന്ദ്യജഗദംബയെ॰ അവരം തൻ വരവും വാങ്ങി ജഗത്സൃഷ്ടിക്കൊരുങ്ങിനാൻ മനുഷ്യരെ സൃഷ്ടിചെയ്‌വാൻ ശക്തിയെന്യേ പിതാമഹൻ ॰ മനസ്സുകൊണ്ടു ചിന്തിച്ചു നോക്കിനാൻ പലമാതിരി സൃഷ്ടിച്ചാനാമഹാൻ നല്ലപൂർത്തിയായതില്ലു പിന്നെയും॰ മനസ്സിൽനിന്നു നിർമ്മിച്ചാനേഴു പുത്രരെയവൻ മരീചി, യംഗിരസ്സ്, അത്രി, പുലസ്ത്യൻ, പുലഹൻ, ക്രതു॰ വസിഷ്ഠ, നേവം പേർകേട്ടോരേഴു മാനസനന്ദനർ രുദ്രൻ കോപത്തിൽനിന്നുണ്ടായ് മടിയിൽനിന്നു നാരദൻ॰ അംഗുഷ്ഠത്തിൽ ദക്ഷനുണ്ടായ് മനസ്സിൽ സനകാദികൾ വാമാംഗുഷ്ഠത്തിൽനിന്നുണ്ടായ് സുന്ദരീരത്നവല്ലഭ॰ "വീരിണി" എന്ന

പെർകെട്ടാറും പുരാണങ്ങളിൽ മന്നവ! "ശാസിക്ക നീ" എന്നരുളിച്ചെയ്തി ട്ടരുളായവളിൽ നാരദൻ • വിധിതന്റെ മാനസസുതൻ ദേവർഷിപ്രവരൻ മുനി.

ജനമേജയൻ പറഞ്ഞു

ദക്ഷപുത്രീവീരിണിയിൽ നിന്നുണ്ടായ് മുനിയെന്നതായ് കേൾപ്പാൻ • ചൊല്ലിയ വാക്കിങ്കലെനിക്കുണ്ടായി സംശയം • നാരദൻ മുനിയെങ്ങു ജനിപ്പാൻ ദക്ഷപുത്രിയിൽ? • ബ്രഹ്മാവിന്റെ മനസ്സിൽ നിന്നുണ്ടായൊരു ഋഷിസത്തമൻ ദക്ഷൻ പിതാവായവളിൽ നിന്നുണ്ടായ് മുനിയെന്നതായ് നീയുരച്ചു ചൊല്ലുക? • ആർ ശാപത്താലെ ഇതുവിധം പൂർവ്വദേഹം വെടിഞ്ഞവൻ സർവ്വജ്ഞൻ നാരദൻ പിന്നെ ജന്മമെന്തിന്നെടുത്തതും?

വ്യാസൻ പറഞ്ഞു

വൃദ്ധിക്കായ് നീ പ്രജകളെ സൃഷ്ടിച്ചീടുക എന്നതായ് ബ്രഹ്മാവാണത്രെ പിതാമഹൻ ചൊല്ലിയവൻ ദക്ഷൻ • ജനിപ്പിച്ചു വീരിണിയിൽ ശതമായുള്ള പുത്രരെ ഹര്യശ്വരെന്ന പ്രജാപതി ദക്ഷനവരെ! • കണ്ടു പ്രജകളെ വർദ്ധിപ്പിക്കേണ്ടതിനായ് നാരദൻ ചിന്തിച്ചു കൊണ്ടായവരോടോതിനാൻ കാരണമായിട്ട്: • 'ഭൂമിയുടെ അറ്റമറിയാതെ പ്രജാസൃഷ്ടി ചെയ്യുന്നതെന്തിന്നു? ലോകനിന്ദിതരായിട്ടുണ്ടാകും സംശയം • ഭൂപ്രമാണമറിഞ്ഞിട്ടു സൃഷ്ടി ചെയ്യാൻ തുടങ്ങുകിൽ സാദ്ധ്യമാം കൊള്ളുമല്ലാതില്ല, സന്ദേഹമില്ലതിൽ • ഭൂമിയുടെ അളവിനെയറിയാതെ ജനങ്ങളെ സൃഷ്ടിക്കുന്നതിന്നിങ്ങിനെ ബുദ്ധി തോന്നുന്നതിനാൽ'.

വ്യാസൻ പറഞ്ഞു

ഹര്യശ്വന്മാരെല്ലാം കേട്ടു നാരദമുനിയുടെ വാക്ക് സത്യമാണെന്നറിഞ്ഞവർ • ഭൂപ്രമാണമറിഞ്ഞിട്ടു വേണമായ് സൃഷ്ടി ചെയ്യുവാൻ എന്നോർത്തു ചെല്ലുകയെന്നുള്ള മതിയായ് • എല്ലാവരും അറിഞ്ഞിടാൻ നാരദൻ വാക്കുപോൽ ചിലർ കിഴക്കായി ചിലർ പടിഞ്ഞാറു ചിലർ • ഉത്സാഹമായ് പടിഞ്ഞാറും തെക്കു ചിലർ വടക്കു പുത്രന്മാർ പോകയാൽ ദക്ഷൻ വ്യസനം പൂണ്ടിതായ് തന്നെ • സൃഷ്ടിക്കായ് നിശ്ചയിച്ചു പുത്രരെ നിർമ്മിച്ചു മന്നവ! ആയിരം പ്രജാസൃഷ്ടിക്കായ് ശ്രമിച്ചു തുടങ്ങവെ • മുൻപിലെപ്പോലെ അവരോടും പറഞ്ഞാൻ നാരദൻ മുനി ഭൂമിയിങ്കൽ അളവറിയാതെ താൻ • ജനങ്ങളെ സൃഷ്ടിചെയ്യാൻ തുടങ്ങുന്നതു മൂഢമായ്? മുനിവാക്യം കേട്ടവർ സത്യമെന്നായ് ഭാവിക്കയാൽ • മുൻപിൽ സോദരരെന്നോണമെല്ലാവരും ചെന്നുപോയിതെ അപ്പുത്രരും പോകയാൽ ദക്ഷൻ

കോപമെന്തൊരുകൂട്ടുണ്ടതു ॰ ശപിച്ചുനാനാമെന്നപുത്രന്മാരെന്നിമിത്ത മായി.

മനുപറഞ്ഞു

നശിക്കുന്നീയെന്റെപുത്രനാശം [illegible] കാരണം ഇപ്പാപത്താൽ [illegible] ॰ എന്റെപുത്രനായ് [illegible] പുത്രനേയീയൊക്കെയാൽ [illegible] ജനിച്ചാൻ നാരദൻമുനി ॰ [illegible] അതിൽപതിമൂന്നുപേരെമഹാൻകശ്യപനേകിനാൻ ധർമ്മനായ് പത്തു, പതിനാറിൽപത്തേഴുപേരെയും ॰ [illegible] നാലുപേരെയും കൃശാശ്വനായ്ക്കൊണ്ടു, [illegible] ॰ അവർതൻപുത്രപൌത്രന്മാർ [illegible] നായ്നരപാലക! ॰ [illegible] മാതാക്കന്മാരിതെല്ലാം [illegible] ശപിച്ചുതേ.

[illegible]

[illegible]

[illegible]ദ്ധ്യായം.

[illegible]ദ്ധ്യായം.

[illegible]പറഞ്ഞു

സൂര്യവംശത്തിലുണ്ടായ [illegible] പാർത്ഥൻവംശവിസ്താരമെന്നോടു ചൊല്ലുക [illegible]!

സൂതൻപറഞ്ഞു

സൂര്യാന്വയത്തിൻവിസ്താരം [illegible]! നാരദൻമുനിയിൽനിന്നുപണ്ടുകേട്ടതുപോലെ ഞാൻ ॰ സരസ്വതീനദീതീരത്തിലപ്പുണ്യാശ്രമത്തിലായ് [illegible] നാരദൻമുനി ॰ നമസ്കരിച്ചിട്ടവനെ [illegible] ഞാൻ [illegible] ॰ [illegible] ഞാൻ [illegible] ॰ [illegible] അവർതൻ [illegible] വിസ്താരമായ് [illegible]! ॰ [illegible]

യക! തത്വജ്ഞനാം നാരദനോടിതു ഞാൻ കേൾക്കവേയവൻ • ചിരിച്ചുംകൊണ്ടുരച്ചാൻ സൂൎയ്യവംശം മുദാ നൃപ!.

നാരദൻ പറഞ്ഞു

രാജാക്കൾതൻ ശ്രേഷ്ഠവംശം കേൾക്ക സത്യവതീസുത! ധൎമ്മജ്ഞാനാദിസംയുക്തം ശ്രുതം കൎണ്ണസുഖപ്രദം • വിഷ്ണുവിൻ നാഭിപത്മത്തിൽനിന്നു സ്രഷ്ടാവതാം വിധി സൎവ്വജ്ഞൻ ശക്തിമാൻ സൎവ്വകൎത്താ താനെ ജനിച്ചവൻ • പണ്ടുണ്ടായെന്നു ചൊല്ലുന്നു പുരാണത്തിൽ പ്രസിദ്ധമായ് പതിനായിരമാണ്ടോളം പരാശക്തിയെയായവൻ • ധ്യാനിച്ചുംകൊണ്ടു സൃഷ്ടിക്കായെന്നു നന്നായ് തപിക്കയാൽ നിൎമ്മിച്ചാൻ ലക്ഷണങ്ങൾ ചേരുന്നല്ല മാനസപുത്രരെ • മരീചിയവരിൽ വച്ചു സൃഷ്ടിചെയ്താൻ പ്രസിദ്ധമായ് അവന്നു കശ്യപൻ പുത്രൻ പ്രസിദ്ധൻ സൎവ്വസമ്മതൻ • തൽപത്നിമാർ പതിമൂന്നുപേരു ദക്ഷന്റെ പുത്രികൾ അവരെന്നുളവായ് ദേവാസുരർ പന്നഗയക്ഷരും • പശുക്കളും പക്ഷികളും കാശ്യപസൃഷ്ടിയാണല്ലൊ പ്രസിദ്ധൻ സുരരിൽ സൂൎയ്യൻ വിവസ്വാനെന്ന പേർ • വൈവസ്വതൻ മനു അവൻ നന്ദനൻ കീൎത്തികേട്ടവൻ ഇക്ഷ്വാകുവാണവൻ പുത്രൻ സൂൎയ്യവംശവിവൎദ്ധനൻ • ഇക്ഷ്വാകുവെന്നാദ്യമനുവിന്നുണ്ടായി പത്തുപേർ സുതർ ശ്രദ്ധയായവർതൻ നാമങ്ങളെ കേൾക്ക നീ നൃപ! • ഇക്ഷ്വാകു, പിന്നെ നാഭാഗൻ, ധൃഷ്ടൻ, ശൎയ്യാതിയെന്നവൻ നരിഷ്യന്തൻ, പ്രാംശു, നൃഗൻ, ദിഷ്ടനെട്ടാമനായവൻ • കരൂഷ, പൃഷധ്രൻ, താൻ മനുവിൻ പുത്രർ പത്തുപേർ ഇപ്പത്തുപേരിലിക്ഷ്വാകുവാകുന്നു ജ്യേഷ്ഠനായവൻ • അവന്നു നൂറുപേർ പുത്രർ വികുക്ഷിയതിൽ മൂത്തവൻ ശൂരരാം മനുപുത്രന്മാർ മററുള്ളോൻ പത്തുപേരുടെ • വംശവിസ്താരവും ഭൂപ! കേട്ടുകൊൾക ചുരുക്കമായ് പ്രതാപവാനംബരീഷൻ നാഭാഗൻ തന്റെ നന്ദനൻ • സത്യസന്ധൻ ധൎമ്മനിഷ്ഠൻ പ്രജാപാലനതല്പരൻ ധൃഷ്ടാ, കൎമ്മശ്രേഷ്ഠകളൊക്കെയൊത്തിട്ടാക്ഷത്രമായതും ബ്രാഹ്മണത്വവുമുണ്ടായി ധൃഷ്ടങ്കൽനിന്നു ധാൎഷ്ടകം ശൎയ്യാതിക്കു സുതൻ കീൎത്തികേട്ടോനാനൎത്തനെന്നവൻ • പുത്രീ സുകന്യയവ്വണ്ണം മഹാസുന്ദരിയായവൾ അന്ധനാം ച്യവനന്നായിട്ടവളെയേകിനാൻ നൃപൻ* അവൾ ശീലഗുണംമൂലം അന്ധതാം പോക്കിനാനവൻ ആശ്വിനിക്കശ്ചിനീദേവന്മാരെന്നായ് കേട്ടിട്ടുണ്ടു ഞാൻ.

ജനമേജയൻ പറഞ്ഞു.

നീ ചൊന്നൊരാശ്ചൎയ്യത്തിൽ വലുതായുണ്ടു സംശയം എന്താണന്ധനാകീടാൻ നൃപനേകാനെളുതാംഗിയേ? • വിരൂപയോനിക്കുന്നൊരാളെസ്ത്രീരത്നം ചെന്നുപുത്രിയെയോ? പുത്രിയുണ്ടാകവേ ജനകനറിഞ്ഞുംകൊ

ണോന്ധനാം • മുനിക്കായിക്കൊടുത്തീടാൻമൂലമെന്തുമുനീശ്വര! അ
നുഗ്രാഹ്യൻസമാനനകാരണംചൊല്ലുകെന്നോടമായ് .

സൂതൻ പറഞ്ഞു.

ജനമേജയവാക്യമേവംകേട്ടിട്ടാവ്യാസമാമുനി സന്തോഷിച്ചുചിരി
ച്ചുംകൊണ്ടവനോടുപറഞ്ഞുതേ.

വ്യാസൻ പറഞ്ഞു.

വൈവസ്വതസുതൻശ്രീമാൻശർയ്യാതിക്ഷ്മനരോത്തമ! നാലായി
രംസുന്ദരിമാർഭാർയ്യമാരായ് ഭവിച്ചുതേ • എല്ലാലക്ഷണവുംചേർന്നോർ
രാജപുത്രികളായവർ സുസമ്മതകളെല്ലാരുമിഷ്ടകരംസ്നേഹമുള്ളവർ •
അവർക്കെല്ലാംസുന്ദരിയാംസുകന്യയൊരുപുത്രിതാൻ അക്കുമാരിപിതാ
വിന്നുമമ്മമാർക്കുമതിപ്രിയ • മാനസമ്പോൽസരസ്സുണ്ടാനഗരത്തിൻ
സമീപമായ് പടികളംകൊണ്ടുശോഭിച്ചുനിറഞ്ഞുംസ്വച്ഛമാംജലം •
നീർക്കാക്കയന്നവുംനല്ലവണ്ടാരംകോഴിയായതും പത്മങ്ങളെന്നിവിധ
വുംപക്ഷികളുംവണ്ടിനങ്ങളും • മധ്യത്തിലുംപുറവുമായിപ്പലതട്ടുവിള
ങ്ങിയും നാലുപാർശ്വത്തിലുംനല്ലവൃക്ഷക്കൂട്ടങ്ങളുംതിങ്ങിയും • തമാലം,
മരുതും,പുന്ന,യശോകം,സരളദ്രുമം ആലും,കടമ്പു,മന്ദാരമാവാഴ
ക്കൂട്ടവുമിന്നലും • പ്ലാവു,മാതളംനല്ലനാരകങ്ങളുമങ്ങനേ തെ
ങ്ങും,കവുങ്ങും,മന്ദാരം,പിച്ചിപ്പൂക്കൈതയായതും • ഇംഗിയെവുംകറു
കമൊഴിമച്ചുടിക്കൂട്ടവുമാവിധം പുളി,മാവും,ഞാവ,ലാചി,കടകപ്പാലവൃ
ക്ഷവും • പ്ലാശു,വേപ്പും,കരിങ്ങാലി,കൂവളം,നെല്ലിവൃക്ഷവും മറ്റുവൃ
ക്ഷങ്ങളുംപൂത്തുംമയിലുംകുയിൽവണ്ടും • കൂകീട്ടുംശോഭതേടുന്നസ്സ
രസ്സിന്നരികെയറ്റവും ഭാർഗ്ഗവൻച്യവനൻശാന്തൻമുനിയാവിജനസ്ഥ
ലം • അറിഞ്ഞിട്ടവിടെപ്പാർത്തുതപംചെയ്യാൻജിതേന്ദ്രിയൻ പ്രാണ
ങ്ങളെവെന്നദൃഢാസനത്തിൽവാണുമൗനിയായ് • ഇന്ദ്രിയങ്ങളടക്കി
ക്കൊണ്ടാഹാരവുമെന്നിയേ ജലപാനംകൂടിവിട്ടുദേവിയെയോർത്തു
പാർത്തുതേ • മേലെപുറ്റായ്തീർന്നുവള്ളിക്കൂട്ടംചുററിപ്പിണഞ്ഞവൻ ഉ
റുമ്പുകൾക്കൂടുവച്ചുകുറേക്കാലംകഴിഞ്ഞതിൽ • അവ്വണ്ണംച്യവനൻമു
റവുംമൺപുറ്റൊന്നാണമായിതേ നാരീഗണത്തോടുംകൂടിയൊരുനാ
ളാഭൂപോത്തമൻ • ആനൽസരസ്സിൽക്രീഡിക്കാനായിവന്നാൻധരാ
പതേ! ശർയ്യാതിയാത്രയോജലംനിറയുംനല്ലപൊയ്കയിൽ • ഭാർയ്യമാരോടു
മൊന്നിച്ചുകളിച്ചുംകൊണ്ടിരുന്നതേ സുകന്യാസുന്ദരീതോഴിമാരുമായ്
വനമാണ്ടവൾ • പൂക്കളെല്ലാംപറിച്ചുംകൊണ്ടങ്ങുമിങ്ങുംനടന്നുതേ
ശോഭിക്കപാദശരവുംഭൂഷണങ്ങളുമാണ്ടവൾ • നന്നാമുനിവാഴുന്നപു
റ്റിന്നരികിലെത്തിനാൾ അസ്ഥലത്തുകളിച്ചുംകൊണ്ടിരിക്കുന്നനേരമാ

യവറം ● പുററിൻപോരമതിൽകണ്ണുകാന്തിമിന്നാമിന്നുപോൽ ഇ
തെന്തെന്നോൎത്താച്ചാളപ്പുററുകെട്ടിച്ചുനോക്കവാൻ ● കൂൎത്തതാംമു
ള്ളുകൊണ്ടിട്ടുവേഗമത്തണ്ണീമണി സഞ്ചരിച്ചൃതിക്കൊപ്പംവന്നൊര
ക്കൊണ്ടൽവേണിയാറം ● പുററുമെല്ലിക്കവാന്തസാഹിപ്പതായ്കണ്ടു
തൽക്ഷണം അബ്ബാലയാംസുന്ദരിയെനോക്കീട്ടവളോടോതിനാൻ ● ക
ല്യാണി!യെന്തിതെന്നായബ്ഭാഗ്യവൻതാപസോത്തമൻ വരാനനേ!
വിശാലാക്ഷി!പോകതോന്നാതതാപസൻ മെല്ലിക്കാസ്ഥിപ്പുററിനെനീമു
ള്ളുകൊണ്ടുകൃശോദരി! ● മുനിയീവണ്ണമോതീട്ടവറംകേറംക്കാസ്ഥകാര
ണം ഇതെന്തെന്നായുരച്ചിട്ടാമുനിക്കളുടാതകണ്ണുകറം ● കുത്തിപ്പൊ
ട്ടിച്ചതിൻശേഷംഗമിച്ചാറംവിധിമൂലമായ് ഞാനെന്തുകഷ്ടംചെയ്യു
ന്നെന്നോൎത്തുംകൊണ്ടുകളിച്ചുമെ ● കോപിച്ചാനാവിധംകണ്ണുപൊട്ടീട്ടാ
കോപമുള്ളവൻ അതിവേദനകൊണ്ടിട്ടുദുഃഖിച്ചുററംതളൎന്നു ●
സൈന്യങ്ങറംക്കടനേതന്നേമലമൂത്രങ്ങറംനിന്നുപോയ് വിശേഷിച്ചാ
നന്നവന്മന്ത്രിമാൎക്കുമതേവിധം കുട്ടകളും ഗജാശ്വങ്ങളെല്ലാപ്രാണി
ക്കളുമേനൃപ! മലമൂത്രങ്ങടവിനാൽശൎമ്മാതിക്കതിദുഃഖമായ് ● മലമൂത്രം
നിന്നവൎന്നായവനോടോതിസൈന്യവും അതിനുമൂലമെന്തെന്നചി
ന്തിച്ചാൻനരപാലകൻ ● ചിന്താൎത്തനായ്ഗൃഹംപൂകിട്ടുകൃത്യംചെയ്യു
താതവാൻ എന്തുചോദിച്ചുസൈന്യങ്ങളോടുമന്യരോടുംനൃപൻ ● സ
ജ്ജനിൻറപടിഞ്ഞാറവനത്തിങ്കൽതപോധനൻ ച്യവനൻവഹി
ച്ചുശൻതപംചെയ്യുന്നുണ്ടൊരമായ് ● അവനുചിതമായാരോപോയ്
ചെയ്തിട്ടുണ്ടോതപദ്രവം എല്ലാവൎക്കുമതിസ്സുഖമില്ലദുഃഖംവാച്ചനിശ്ചയം ●
ശ്രേഷ്ഠൻവൃദ്ധൻതപോവൃദ്ധൻമഹാത്മാഭാഗ്യവൻമുനി അപകാരമവ
ന്നാരോചെയ്യുന്നായോൎത്തിടുന്നുഞാൻ ● അറിഞ്ഞോഅറിയാതെയന്യ
ഥോ,അതിൻറഫലമണിത് നിശ്ചിച്ചാനാതാപസനെദ്രോഹിച്ചാമവ
നോടുവം ● ഇതുചോദിക്കവേചൊന്നാർദുഃഖിച്ചീടുന്നസൈനികർ മ
ഹാഭാഗരക്കളുടെൽദ്രോഹമറിയാതെങ്ങറംമന്നവ!.

ശ്രീദേവീഭാഗവതം ഏഴാം സ്കന്ധം
സൂൎയ്യവംശകഥ
രണ്ടാമദ്ധ്യായം.

മൂന്നാമദ്ധ്യായം.

വ്യാസൻ പറഞ്ഞു.

ചോദിച്ചാൻനൃപനീവണ്ണംദുഃഖിച്ചവരോടൊക്കയും ഇങ്ങി

ധംപിണങ്ങീട്ടുംബന്ധുക്കളോടുമങ്ങനെ • സൈന്യവുംതാതനുംദുഃഖി
പ്പൂതുകണ്ണസ്സുകന്യയും പുറവുപൊട്ടിച്ചതോർത്തിട്ടാസ്സുചനോടിങ്ങചൊ
ല്ലിനാൾ • അയ്യോ!കാട്ടിൽകളിക്കുമ്പോൾവല്മീകംപൂഴ്ന്നൊരപ്പൊട്ടും
പോരങ്ങൾരണ്ടുപൊൻപോൽകണ്ടേൻനല്ലൊരുപുററിനെ • അതിങ്ക
ലൊരുതേജസ്സുംകണ്ടുമിന്നാമിനുങ്ങുപോൽ മിന്നാമിനുങ്ങെന്നോർത്തിട്ടു
സൂചികൊണ്ടതുകുത്തിനേൻ • വെള്ളംപൊഴിഞ്ഞുകണ്ടേൻഞാനതുനാ
സൂചിമന്നവ! ഹാഹായെന്നൊരുച്ചയുംകേട്ടുപുററിൽനിന്നുപെട്ടെന്നവെ •
ഇതെന്തെന്നായ് സംശയിച്ചിട്ടുടനേവിസ്മയിച്ചുഞാൻ അപ്പുററിലെ
ന്തിനെക്കുത്തിയെന്നറിഞ്ഞതുമില്ലതാൻ • സുകന്യാവചനംകേട്ടാസ്സു
പൻശർയ്യാതിയായവൻ മുനിദ്രോഹമറിഞ്ഞിട്ടുപ്പുററിന്നരികിലെത്തി
നാൻ • കണ്ടാനതിങ്കൽഋഷിശ്രേഷ്ഠംച്യവനൻമുനിവര്യനെ മുനിതന്നുടൽ
മൂടീട്ടംപുററുപൊട്ടിച്ചുമന്നവൻ • അവനെഭൂമിയിൽവീണുനമിച്ചാൻ
വടിപോലവൻ സ്തുതിച്ചാൻതൊഴുതുംകൊണ്ടുതാഴ്മയോടാമുനീന്ദ്രനെ •
ഈയകൃത്യംചെയ്തുപോയെൻമകളിങ്ങുകളിക്കവേ അറിവെന്ന്യേബാല
യായോളിവളെന്നെന്നീക്കുമിക്കണം • ഞാൻകേട്ടിട്ടുണ്ടുമുനിമാർശാന്തരെ
ന്നുമഹീമതേ! ബാലികതൻകുററംനീയുംപൊറുക്കുക.

വ്യാസൻ പറഞ്ഞു.

ഭൂപവാക്കിതുകേട്ടിട്ടുച്യവനൻമുനിചൊല്ലിനാൻ കണ്ടിട്ടുദുഃഖി
യായൊരാവിനയത്തോടുഭൂപനേ.

ച്യവനൻ പറഞ്ഞു.

ഒരിക്കലുംഞാൻകോപിക്കയില്ലതെല്ലുംനരോത്തമ! നിൻപുത്രി
പീഡിപ്പിച്ചിട്ടുംശപിച്ചില്ലിന്നിനിഞാൻ • കുററംചെയ്യാതെ
യെൻനേത്രംകുത്തിപ്പൊട്ടിച്ചുനിൻമകൾ ആപാപംകൊണ്ടുനീയിന്നു
ദുഃഖിച്ചീടുന്നുമന്നവ! • വൈദികതാപദ്രോഹംചെയ്തിട്ടുതോന്യപൂരു
ഷൻ ശിവൻതാൻരക്ഷചെയ്താലുംസുഖിയായിവസിച്ചിടാ • കണ്ണില്ലാ
തായിവൃദ്ധൻഞാനെന്നുചെയ്യേണ്ടൂഭൂപതേ! അന്ധനായവനെയാരുശു
ശ്രൂഷിക്കുംനരോത്തമ!

രാജാവു പറഞ്ഞു.

ബഹുസേവകർനിൻസേവചെയ്യുമെല്ലായ്പ്പോഴുംമുനേ! ക്ഷമിച്ചാ
ലുംമഹാത്മാവേ!,താപസർകോപമററവർ.

ച്യവനൻ പറഞ്ഞു.

സഹായമില്ലാതെവൃദ്ധൻതപംചെയ്തീടുമിന്നുഞാൻ നിൻസേവ
കരെനിക്കെന്തൊരിഷ്ടത്തെച്ചെയ്തിടുംനൃപ! • ക്ഷമിപ്പിക്കുന്നുനീയെ
ന്നെയെങ്കിലെൻവാക്കുകേൾക്കുക എൻശുശ്രൂഷക്കുകണ്ണാംനിൻകന്യ

യാംകമലാക്ഷിയെ • നിന്നീപുത്രിനിമിത്തം ഞാൻ സന്തോഷിക്കാമെ
ന്നോർത്തേ! തപസ്സുചെയ്യും ഞാനെന്റെ ശുശ്രൂഷയവൾ ചെയ്തിടും •
ഇതു ചെയ്തീടിലിന്നവർക്കൊരു പേക്കിരെസുഖംവരും ഞാൻ സന്തോഷി
ക്കിലുണ്ടാകും സൈന്യങ്ങൾക്കും സുഖോദ്ഭവം • കന്യാദാനംചെയ്കമനം
കൊണ്ടു ചിന്തിച്ചു നീ നൃപ! വ്രതനിഷ്ഠൻ താപസൻ ഞാൻ ദുഷ്യമില്ലിതി
ലൊട്ടുമേ.

വ്യാസൻ പറഞ്ഞു.

മുനിവാക്യം കേട്ടു ചിന്താതുരനായ്ത്തീർന്നു മന്നവൻ തരാംതരികയി
ല്ലെന്നൊന്നും ചൊല്ലീലൊരുത്തരം! • വിരൂപ,നന്ധ,നിവ്വൃദ്ധനെവ്വണ്ണം
കോമളാംഗിയാം എൻപുത്രിയെയ്‌വന്നേകിസ്സുഖിയായ്‌ വാണിടുന്നു
ഞാൻ • പാപിയാം മൂഢനെന്നാലും ഗുണദോഷമറിഞ്ഞവൻ പുത്രി
തൻ സൌഖ്യമില്ലാതെയാക്കും തന്റെ സുഖത്തിനായ് • അന്ധൻ വൃ
ദ്ധൻ ച്യവനനെ വരിച്ചിട്ടു കൃശോദരി മാരമാലാണ്ടുകാലത്തെ കഴിച്ചീടു
ന്നതെങ്ങനെ? • സദ്ഗുണൻ പതിയെന്നാലും യൌവനത്തിങ്കൽ മന്മഥൻ
ഉൾക്ഷയൻ സുന്ദരികളെ,ത്തുച്ചെയ്യുമീയന്ധനോടവർ • ഗൗതമൻമു
നിയെയാണ്ടുരൂപയെ യൌവനയുക്തയാം അഹല്യയിന്ദ്രനാൽ പണ്ടുവഞ്ചി
ക്കപ്പെട്ടു സുന്ദരി • അവൾ തൻ ധർമ്മദോഷത്താൽ ശപിച്ചാൻ പതി
ഗൌതമൻ വരട്ടെ ദുഃഖമതിനാൽ കൊടുക്കില്ലെന്റെ പുത്രിയെ • എ
ന്നുറച്ചു ഗൃഹംപൂകി കണ്ണീരൊടു മന്നവൻ മന്ത്രിമാരെ വരുത്തീട്ടു ചി
ന്തിച്ചാനഴലോടവൻ • മന്ത്രിമാരേ! പറഞ്ഞാലുമെന്തു ചെയ്യേണ്ടതിന്നു
ഞാൻ? മുനിക്കിവളെയേകേണമല്ലെങ്കിലഴലാകണം • നല്ലതെന്താ
ണിതിൽ,ചെന്നു ചിന്തിച്ചീടുകനിങ്ങളും.

മന്ത്രിമാർ പറഞ്ഞു.

ഫലമാമിസ്സങ്കടത്തിൽ ഞങ്ങളെന്തു പറഞ്ഞിടും എവ്വണ്ണമിസ്സുന്ദ
രിയെ ഭർഗ്ഗന്നേകിടുന്നതും.

വ്യാസൻ പറഞ്ഞു.

പിതാവുമാമന്ത്രിമാരും ദുഃഖിക്കുന്നതു കാണുകയാൽ ചിരിച്ചുംകൊ
ണ്ടിംഗിതത്തെയറിഞ്ഞു കന്യ ചൊല്ലിനാൾ: • 'ചിന്തകൊണ്ടെന്തു നീ
താത! തളർന്നിടുന്നതേററവും എനിക്കുവേണ്ടി ദുഃഖിച്ചു വലഞ്ഞു വാടിയീ
വിധം • ഞാൻ ദ്രോഹം ചെയ്ത മുനിയെപ്പോയ്ക്കണ്ടാശ്വാസമേകി ഞാൻ
തോഷിപ്പിക്കാമവനായിത്തന്നെയേകീടു മന്നവ' • സ്വകന്യതൻവാ
ക്കിവണ്ണം കേട്ടിട്ടാ രാജസത്തമൻ മന്ത്രിമാർ കേൾക്കവെ ചൊന്നാനവ
ളോടു പ്രസന്നനായ്: • 'കോപമുള്ളോൻ,വൃദ്ധ,നന്ധ,നവനാബലയായ
നീ [illegible] ചെയ്തു വിധം വസിച്ചീടും വരാനനേ! • രതിക്കുതുല്യമാ

ത്തീട്ടമീരൂപം ചേർന്നിരിക്കുന്ന ഞാൻ എൻസുഖത്തിന്നന്ധനായ വൃദ്ധനെ
കാമിക്കുന്നതെങ്ങനെ? • അച്ഛൻ മകളെയേകേണം യുവാവായ് ശക്തനായി
ട്ടും ധനധാന്യസമൃദ്ധനായുമുള്ളവന്നത്രേ • നിൻരൂപമെങ്ങു ക
ല്യാണി! യെങ്ങീവൃദ്ധൻ വനേചരൻ അരോഗ്യനാമവന്നായെവ്വണ്ണമേ
കുന്നിരിക്കുന്നു ഞാൻ? • ഉടജത്തിൽ സദാ ചരസമവനമദിരേക്ഷണേ!
അവനെന്നിൻറെ പതിയായ് ഞാൻ കല്പിക്കുന്നതെങ്ങനെ? • എനിക്കീ
ശൈസ്ത്യമൊത്തിരുമരണാന്തമന്നായു കാലം എനിക്കനിരുന്നയന്ധനു
കൊടുക്കാനില്ലസമ്മതം • വരാനുള്ള ദുഃഖമിട്ടും ധൈര്യം തേവിട്ടുകില്ല
ഞാൻ ഉറപ്പായ് പറയുന്നിതാ ബാലേ! കൊടുക്കില്ലന്ധനായ് ദ്വിജം • പോ
യീടിലുമിരുന്നാലുമെൻ രാജ്യം ദേഹമായതും ഞാനന്ധനാമെച്ചന്നേകുകി
ല്ലനിന്നെ മനോഹരേ!' • അച്ഛനെൻറ വാക്കുകേട്ടോതീ സുകന്യയവനോട
ടൻ പ്രസന്നമുഖിയായേററം സ്നേഹത്തോടീവചസ്സിനെ.

സുകന്യ പറഞ്ഞു.

മുനിക്കെന്നേയിന്നുനൽകുകെനിക്കില്ലായ ചിന്തയും ഞാൻ നിമി
ത്തം ഭവിക്കട്ടേ ജനങ്ങൾക്കെല്ലാർക്കും സുഖം • മഹാത്മാ വൃദ്ധനാമപ്പ
തിയെ ഞാൻ ഭജിച്ചിടാം ഋഷയാം ജനമില്ലാത്ത വനത്തിലതികാതി
യായ് • നന്നായ് പതിവ്രതാധർമ്മമനുഷ്ഠിച്ചീടുമങ്ങു ഞാൻ ഭോഗേച്ഛയി
ല്ലെനിക്കച്ഛാ! സ്വാധ്വമാണെൻറ ചിത്തവും.

വ്യാസൻ പറഞ്ഞു

അവൾതന്നാ വാക്കുകേട്ടു മന്ത്രിമാർ വിസ്മയിച്ചുതേ രാജാവുമതി
മോദത്തോടെത്തി താൻ മുനിസന്നിധൌ • ചെന്നാമുനിയെ വന്ദിച്ചു
ചൊന്നാൻ മന്നവനാമവൻ: 'സ്വാമിൻ! ഗ്രഹിക്ക വിധിപോൽ സേവ
ക്കായെൻറ പുത്രിയേ' • എന്നോതീട്ടു നൽകി വിവാഹവിധിയാ
ടവൻ ആ കന്യയെ സ്വീകരിച്ചു ഇഷ്ടനായ് ഭാർഗ്ഗവൻ മുനി • രാജാവേ
കാൻ നിനച്ചു സ്ത്രീധനം വാങ്ങിയില്ലവൻ കൈക്കൊണ്ടാൻ കന്യയെ
മാത്രം തൻറെ ശുശ്രൂഷ ചെയ്യുവാൻ • മുനി സന്തുഷ്ടനായപ്പോൾ, സുഖം
പ്രാപിച്ചു സൈനികർ ഉടൻ താൻ പരമാഹ്ലാദമുണ്ടായീ നരപാലനും •
കന്യാദാനം ചെയ്തു ശ്രീപൻ ഗൃഹത്തിന്നായ് ഗമിക്കുവാൻ നിനച്ചു ദയയോടെ
വനോടന്നു കന്യ പിന്നെ ചൊല്ലിനാൾ.

സുകന്യ പറഞ്ഞു

'അച്ഛ! നീ സ്വീകരിച്ചാലുമെൻ വസ്ത്രാഭരണങ്ങളെ വല്ക്കലം നല്ല
തായും നീ ധരിക്കാനായിനൽകുക • മുനിപത്നീവേഷമോടും നല്ലവണ്ണം
തപസ്സിൽ ഞാൻ ശുശ്രൂഷിക്കാം, നിൻറെ കീർത്തി നിലനിർത്താനായിട്ടി
ലായ് • ചെയ്താലും ഭൂമിയിലും സ്വർഗ്ഗത്തിലുമങ്ങനെ പരലോകസു

ഖത്തിന്നായ് ധർമ്മകാക്ഷനായൊരൻ സദാ ॥ അന്ധനാം വൃദ്ധനായെൻ നൽബാലപുത്രിയെയേകിനാൻ എന്നുമെപ്പൊഴുമിങ്ങു കാണുവന്നോ ചെയ്യാവല്ലനീചിരമൊ! ॥ ഭൂമിയിൽ വസിഷ്ഠനെന്നവണ്ണം ധർമ്മപത്നിയെ ബാധ തിയൊന്നവണ്ണമരുന്ധതിയെന്നപോലെ ലക്ഷണമൊത്തിപ്പതിൽ ॥ അത്രിപത്നിയു മെവ്വണ്ണം ഭൂമിയിൽ കീർത്തികേട്ടതെ അവ്വണ്ണം നിൻപുത്രിയാകുമൊരാ കീർത്തി വളർത്തിടും ॥ സുകന്യതൻ വാക്കുകേട്ടാ നൃപൻ പരമധാർമ്മികൻ ഉടനെ കേകിട്ടാവരാംഗിയാളെ കണ്ടുകരഞ്ഞാൻ ചിത്രശോഷണനാം ന്യ മുനിസ്ത്രീവഷമാകയാൽ മുഖം വാടിട്ടുപോയനിമന്നാ നൃപതിഞ്ഞു താൻ ॥ തോലുംവല്കലവും പുണ്ടപുത്രിയെ കണ്ടരാജനികം കരഞ്ഞാ കഴിവൊരുണർവ്വിറയ്ക്കുന്നവരെന്നപോൽ ॥ പുത്രിയോടു പറഞ്ഞുംകൊ ണ്ടാ നൃപൻ മന്ത്രിമാരുമായ് ഭേദിച്ചപ്പിച്ചൊരവളെ വിട്ടുപോയ് നഗര ത്തിനായ്.

ശ്രീമദ്ദേവീഭാഗവതം ഏഴാം സ്കന്ധം

സുകന്യാവിവാഹം ॥

മൂന്നാമദ്ധ്യായം.

—:o:—

നാലാമദ്ധ്യായം

വ്യാസൻ പറഞ്ഞു

രാജാവുപോകവെ ധർമ്മശ്രദ്ധയുള്ള സുകന്യകാ മതിയായ് ശുശ്രൂഷ ചെയ്യാളഗ്നികൾ സേവയും ॥ സപാദ്യക്രമപ്പെട്ടവിധംഫലമു ലങ്ങളെ യവൾ കൊണ്ടുവന്നുമുനിക്കു ശ്രദ്ധയാസ്തുതിസേവയിൽ ॥ പതിയെ കാഞ്ഞവെള്ളത്തിൽ കുളിപ്പിച്ചിട്ടു, മാൻതുകൽ പുതപ്പിച്ചുവ സിപ്പിക്കും നല്ലതാമാസനത്തിലായ് ॥ യവ,മെള്ളും,ദർഭയുംമുൻവച്ചിട്ടു ജലപാത്രവും അവനോടോതിടും നിത്യകർമ്മം ചെയ്കമുനീശ്വര! ॥ നി ത്യകർമ്മം കഴിഞ്ഞിട്ടു കൈപിടിച്ചുടൻ കൊണ്ടുപോയ് ഇരുത്തിടും വിരി പ്പിങ്കലാസനത്തിങ്കലെങ്കിലും ॥ ഫലമൂലങ്ങളെപ്പിന്നെക്കൊണ്ടുവന്നാ ന്നുപമന്നഭ ക്ഷിപ്പിക്കും ശ്രദ്ധയായവരിച്ചൊരുത്തമകിടം ॥ തൃപ്തിയായി ഭക്ഷിപ്പിച്ചാചമിപ്പിച്ചതിനെതിരായ് പാക്കും വെറ്റിലയും പിന്നെക്കൊ ടുക്കും വയ്പ്പിനതിനായ് ॥ ഏവം തൊട്ടുതമകീട്ടങ്ങിരുത്തും നല്ലൊരാ സിനെ തലോടൊതോടും പിന്നെ തൻ ദേഹകാര്യം നടത്തിടും ॥ താനും മെല്ലെക്കിച്ചിട്ടു പിന്നെയും ചെന്നവന്നിയെ സ്നേഹത്തോടേതുമെ ന്താണ്കല്പിക്കുന്നതുമാമുനേ! ॥ ഇഷ്ടമെന്നെങ്കിൽ തൊനിപ്പോൾ ചെ

൭൭

ഭോദാംനിൻറെ കാലുകരം പതിയിൽ ശ്രദ്ധയോടെവം ശുശ്രൂഷിച്ചുവരം
നിത്യവും • ഹോമംകഴിഞ്ഞാൽ സന്ധ്യയ്ക്കുംസപാദ്രക്കൂടംമ്രദക്കളും പ
ഴങ്ങളുംകൊണ്ടുവന്നാമുനിക്കായിക്കൊടുത്തിട്ടും • തിരുങ്ങളെയോടവരം
ശേഷം ഭക്ഷിക്കാമെന്നുറയ്ക്കായ് ശയ്യയിലവിരിപ്പിട്ടുകിടത്തുമവനെയ
വരം • സുഖമായിക്കിടക്കുമ്പോരംതലോടുമവരംകാലുകരം ചോദിക്കുമ
നിയോടായിപ്പലസ്ത്രീധർമ്മങ്ങളെല്ലാം • കാലുതണുംതലോടിട്ടു രാത്രിയിൽ
മേതിയാംവണ്ണം ഉറങ്ങുമ്പോരംകാൽക്കലായിക്കിടന്നുറങ്ങിട്ടും • മുന്നു
കാലത്തുമെഴുന്നേറ്റുടനെപ്പതിയേയുമവരം വിധിച്ചപോലെ തൊഴുതെപ്പിക്കുന്ന
ശൌച്യമുണ്ടാക്കുന്നതിനായി • ശൌചകാലത്തുമവിടെ നിന്നുകൂട്ടിട്ടു സമീപ
മായ് ഇരുന്നിട്ടുടനെ ചെന്നായിട്ടുള്ളവിക്കുമപ്പോഴും • നേരത്തെ
ന്തിറവുജലവും പാത്രവുമെണ്ണമായവരം ശൌചത്തിന്നായ് കൊണ്ടുവച്ചു
പ്പതിയെയപ്പോഴുണർത്തിട്ടും • ദന്തധാവനം കൊണ്ടാക്കിനിന്നിട്ടു ദിനേപ്രായ് സഖി
മായവരം ശൌചംകഴിഞ്ഞാൽ പിന്നെയപ്പോഴുടൻ ആശ്രമത്തിലായ്
കൊണ്ടുവന്നിട്ടുമാസനത്തിലിരുത്തിട്ടും • വിധിപോൽ ജലവുമെ
ണ്ണയുംകൊണ്ടു കാൽകഴുകിച്ചിട്ടു മുഖം കഴുകിച്ചുവെന്നോണംപല്ലുതേ
പ്പിച്ചവൾ • കമ്പും മറ്റുംകൊണ്ടുവന്നവച്ചുമാരാജനന്ദിനി ശുദ്ധ
മാനൊരു ജലംകൊണ്ടുവന്നു കുളിപ്പാൻ • കൊള്ളിവച്ചിട്ടുചോദി
ക്കുമെന്നവനോടുകൂടവേ എന്തുചെയ്യേണ്ടു മഹർഷിശ്രേഷ്ഠ! പല്ലുതേച്ചുകഴി
ഞ്ഞുവോ? • കാന്തനെ വരുത്തി ഉറായിമന്ത്രപൂർവ്വം കുളിക്കണി പൂർവ്വ സ
ന്ധ്യയിതാവന്നു ഹോമത്തിന്നുള്ള കാലമായ് ഹോമം ചെയ്തിട്ടു വിധി
പോൽ ചെയ്യുന്നീദേവതാർച്ചനം • തപസ്വിയാംവല്ലഭനെയിച്ചകന്യ
തീവിധം പ്രീത്യാനിത്യംനിഷ്ഠയോടും ശുശ്രൂഷിച്ചാളനിന്ദിത • ശുശ്രൂ
ഷചെയ്തുമവ്വണ്ണം പാനമന്ന്‌ക്കനികരംക്കളെ ആരാധിച്ചാരം ച്യവന
നെമാത്രം തൊട്ടാവരാനന • ഒരിക്കൽസൂര്യപുത്രന്മാരശ്വിനീദേവർക
ളും പിന്നീട് കളിച്ചുംകൊണ്ടുവന്നാരായാശ്രമത്തിൻസമീപമായ് • സ്നാ
നംചെയ്താശ്രമത്തിന്നാരേ കുമ്പോളവരാശ്വിനീദേവർ സുകന്യയെക്കണ്ടു
സൂര്യസുതരാരന്തുസ്പതരെ • ദേവസ്ത്രീയെന്നോരവളെ കണ്ടു ചാരത്തു
തൽക്ഷണം ചെന്നുമോഹിതരായിട്ടു പറഞ്ഞാരവരാരിരാൽ • 'കന്നി
യ്ക്കുകനിന്നോടു ചോദിക്കുന്നതു സുന്ദരി! ദേവന്മാർക്കെല്ലാം നീ സത്യം
ചൊല്ലണംമെല്ലവേ ചെന്നെ! • നിന്നെപ്പോൽ ഒരുവളൊരുതിനിക്കാട്ടിൽവ
ന്നതും തനിയേ ഇത്തടാകത്തിൽ സ്നാനത്തിനുംവരാനതെ? • ഞങ്ങ
ളൊരുമകരംനിന്ദ്യന്നിനും താനിന്നു കാന്തിയാൽ നീയാരെന്നറി
വാനിച്ഛയുണ്ടു ചൊല്ലുകശോഭനേ! • ചന്ദ്രലോകത്തിലെ ചന്ദ്രപ്പുത്രിയോനിൻ
പാദപങ്കജങ്ങളെ ഭൂവിൽചവുട്ടിനീ പാവത്തിലേക്കെന്താണിങ്ങുള്ളിൽ •

നടന്നീടുന്നതെന്തിന്നാസ്സിമാനാഥയതായനീ മറവെന്ന്യേ വനത്തിനാൽ സഞ്ചരിപ്പതുമെന്തുനീ? ॰ ദാസീഗണങ്ങളോടൊന്നും കൂടാതെയുമെന്തിനാൽ രാജസ്ത്രീയോ ചൊല്ലുകനീ സത്യമപ്സരനാരിയോ? ॰ ധന്യരാം നിൻജനകനും മാതാവും നീനിമിത്തമായ് ॰ നിൻപതിക്കെഴുമൊരു ഭാഗ്യം ചൊൽവാൻ ഞങ്ങളശക്തർതാൻ ॰ നിൻപാദങ്ങൾവച്ചു ഭൂമിശുദ്ധയായ്തീർന്നുകാരണം ദേവലോകത്തിനേക്കാളും ശ്രേഷ്ഠതാൻ ചാരുലോചനേ! ॰ മഹാഭാഗ്യം ചെയ്തുനിന്നെക്കാണാൽ മൃഗങ്ങളും കാട്ടിലുള്ള പ്രാണികളും ഭൂമിയും ശുദ്ധയായിതേ ॰ നിന്നെയേറെസ്തുതിച്ചുള്ള സാദ്ധ്യംനീസത്യമോതുക? നിന്നപ്പൂനാരെങ്ങു കാന്തൻമുഖാകാണണമതിനാഗ്രഹം.

വ്യാസൻപറഞ്ഞു

അവർവാക്കിതുകേട്ടിട്ടുമഹാസുന്ദരിയാമവൾ അതിലജ്ജയോടെ ദേവപുത്രന്മാരോടുരചൊല്ലിനാൾ: ॰ 'ശര്യാതിപുത്രിഞാൻസാധ്വീമുനിപത്നിധരിക്കുക യത്ര്ന്നപൂർവ്വതാതനെനിക്കു ച്യവനനെന്നേകിനാൻ ॰ ദേവന്മാരേ! വൃദ്ധൻ, അന്ധൻ, താപസൻ, മമവല്ലഭൻ അദ്ദേഹത്തിന്നു ശുശ്രൂഷചെയ്യുന്നുഞാൻസാദരം ॰ ഈയാശ്രമത്തിലാണോ, തനിക്കുള്ളിരിക്കുന്നുവന്നതും? ശുഭമാമാശ്രമത്തിൽവന്നാതിഥ്യം സ്വീകരിക്കുവിൻ! ॰ ആവാക്കുകേട്ടവർചൊന്നാരവളോടു നരാധിപ! 'തപസ്വികായിനിന്നൊനിന്നപ്പനെങ്ങനെനൽകിനാൻ ॰ ശോഭിക്കുന്നതല്ലമിന്നൽകൊടിപോലീവനത്തിലനീ ദേവസ്ത്രീകളിലും നിന്നെപ്പോൽ കണ്ടിട്ടില്ലൊരുത്തിയെ ॰ ദിവ്യവസ്ത്രോചിതാശോഭിക്കുന്നില്ലിതുകൾകൊണ്ടുനീ ലാവണ്യപൂർണ്ണയാകുന്നിതുഷണോചിതയല്ലയോ?'

വയസ്സുനീയന്ധതപസ്വിയെവരനേ । മണാളനാക്കിട്ടുനിനക്കുസങ്കടം ॥ ഇയൌവനത്തീശിനരൈവചേഷ്ടിതം । നിനസ്സുിലെററംകൊഴിഅവരന്തനേ! ॥ അവൻവൃദ്ധാവെട്ടചെറുപ്പമാണെന്നീ । സമർത്ഥകേളികളുംഗ്രഹിയില്ലതേ ॥ അനംഗനെസ്സുന്നൊരബാണമെന്നകെ പതിക്കയ്ല്ലിപ്പതിയന്ധവൃദ്ധനിൽ ॥ ചെറുപ്പമായുള്ളൊരുനിന്നെമന്ദനാം । ചിരജ്ഞാനീപ്പൊട്ടനൊഴ്ത്തയാക്കിനാൻ ॥ നിനക്കിവൻചേർന്നവനല്ലൊ ധന്യനേ । വരിക്കനീവല്ലഭനായ് വരാനനേ! ॥ നിരർത്ഥമായ് നിന്നുടെജന്മമന്ധനാം । തപസ്വിയെനീവരനായ് വരിക്കയാൽ ॥ വനത്തിൽവാഴ്വുംതുകൽവസ്ത്രവുംനിന । ക്കണിക്കലുംയോഗ്യതയില്ലസുന്ദരി! ॥ ഉറപ്പൊടുംതെങ്ങളിൽനിലയാതെതനേ । വരിച്ചുകൊൾകിന്നതുകൊണ്ടുബാലികേ! ॥ വൃദ്ധനെച്ചുന്ധനെയെന്തിനാണീ । സ്സുയൌവ്വനാഢ്യത്വമതാകിടുന്ന । ഭജിപ്പതെന്തിന്നിഹ? ഭാഗ്യഹീനൻ । ഭരിപ്പതിന്നും

കഴിയരുതെന്താരന്ധൻ ॥ സുഖത്തിനാകാതിവരനവെടിഞ്ഞുനീ । വ
രിക്കോടോതെങ്ങളിലിന്നൊരാളേ ॥ കളിക്കനീരമൈത്രഥത്തിൽന
നായ് । സുനന്ദനാദ്യോനമതികളുംതാൻ ॥ വയസ്സുനാമന്ധനൊടൊ
ത്തുമാനം । വെടിഞ്ഞുകലംകളയുന്നതെന്തേ? ॥ നൃപാത്മജാനീബ
ഹുസുന്ദരാംഗി । സുഖങ്ങളെല്ലാമറിവുള്ളബാലാ ॥ തനിച്ചുനീകാട്ടി
ലിങ്ങുകാലം । കഴിപ്പതെന്മട്ടൊരസൌഖ്യമെന്യേ? ॥ എന്നാക
യാൽഭവതിഞങ്ങളിലിന്നൊരാളെ । നന്നായ് വരിക്കുകനിനക്കുസുഖ
ത്തിനായി ॥ വേഗംവെടിഞ്ഞുമുനിവൃദ്ധനെവിണ്ണിലുള്ള । ഭോഗ
ങ്ങളെങ്ങളൊടുകൂടുഭുജിക്കനൃപപുത്രി ॥ ഈവൃദ്ധനോടൊത്തുവനത്തിൽവാ
ണാ । ലെന്തേസുഖംതേനളിനായതാക്ഷി! ॥ നവംവയസ്സങ്ങളെനയ
ന്ധനരേശാ । ദുഃഖിക്കവാനാഗ്രഹമോവരാംഗി! ॥ സുമുഖി!നീയതി
കോമളയാകയാൽ । ഘനജഘനാഭരണം ചിതമല്ലതേ'.

ശ്രീമദ്ദേവീഭാഗവതം ഏഴാംസ്കന്ധം

അശ്വിനീസുതാഗമനം

നാലാമദ്ധ്യായം.

നാ ലാ മ ദ്ധ്യാ യം

വ്യാസൻ പറഞ്ഞു.

അവർതന്നാവാക്കുകേട്ടുവിറച്ചിട്ടാനൃപാത്മജ ധൈര്യംപൂണ്ടവ
രോടായിപ്പറഞ്ഞുമിതഭാഷിണി: ॥ 'സർവ്വജ്ഞന്മാർസുരശ്രേഷ്ഠർനി
ങ്ങളാസൂര്യനന്ദനർ ധർമ്മിഷ്ഠസതിയാമെന്നോടുരച്ചീടരുതിങ്ങനേ ॥
യോഗിയായമുനിക്കെന്നെനൾകിയെന്നാൽ നൃപൻ എങ്ങിനംകല
ടായധർമ്മംസ്വീകരിക്കുന്നതിന്നുഞാൻ? ॥ കശ്യപന്റെസുതൻസർവ്വലോ
കദൃശ്യൻദിവാകരൻ കർമ്മസാക്ഷിപിതാ,നിങ്ങളീവണ്ണമുരചെയ്യൊ
ലാ ॥ കുലസ്ത്രീപതിയെവിട്ടിട്ടന്യനെസ്വീകരിക്കുമോ? അസാരസംസാ
രത്തിങ്കൽനിങ്ങൾധർമ്മജ്ഞരല്ലയോ? ॥ ഇഷ്ടംപോൽപോകവിൻനി
ങ്ങളല്ലെന്നാൽശാപമേകിടും ശർയ്യാതിതൻമകൾപാതിവ്രത്യമുള്ളവ
ളാണുഞാൻ'.

വ്യാസൻ പറഞ്ഞു.

എന്നവൾവാക്കുകേട്ടേററംവിസ്മയിച്ചശ്വിനീസുതർ ഭയപ്പെട്ടി
ട്ടുമുനിയെയവളോടോതിനാരുടൻ: ॥ 'സന്തുഷ്ടരായ്നിന്റെധർമ്മം
കൊണ്ടുഞങ്ങൾനൃപാത്മജേ! വരംതരാംവരിച്ചാലുംനിൻശ്രേയസ്സി
നുസുന്ദരി! ॥ സമകെല്പുള്ളശ്രേഷ്ഠരാകുന്നതുഞങ്ങളെന്നധരിക്കനീ നിൻ

കാന്തനെ യുവാവാക്കിക്കണ്ണുരണ്ടും തെളിച്ചിടാം • ഇവ്വണ്ണം പറഞ്ഞീടിനോ
രായിട്ടു ഞങ്ങൾ മൂവരിൽ ഒരാളെ നീ വല്ലഭനായ് വരിച്ചീടുക മനന്തരം' •
എന്നശ്വിവാക്യം കേട്ടു സുകന്യ തൻ പതിയോടുടൻ ചെന്നതിനാൽ
ഉത്തമാരവർ ചൊല്ലിയവാക്കിനെ.

സുകന്യ പറഞ്ഞു.

സ്വാമിൻ! സകലൈശ്വര്യരായീടും ദേവന്മാർ സൂര്യനന്ദനർ സ്വരൂപ
ന്മാരീവനത്തിൽ വന്നാർ ഞാൻ കണ്ടതൽക്ഷണം • ഏഴകരുണന്മാരെ
ന്നെക്കണ്ടവർ കാമാതുരരാകയാൽ നിൻ തിരുവാംഗ്രിയെയും കണ്ണുരണ്ടും
തെളിച്ചുടൻ • യുവാവാക്കി ദിവ്യദേഹനാക്കീടാമെന്നു ചൊല്ലിനാർ
ഞങ്ങളെല്ലാമൊത്തിരുപതിയാകുംന്നിന്നിടെകാന്തനെ • ഞങ്ങളിൽ മൂ
വരിൽ നീയൊരാളെ പ്രതിയാക്കണം ഇതിന്നു സമ്മതം കേൾക്കണം നീ
യെന്നുമായവർ ചൊല്ലിനാർ • അതു കേട്ടിങ്ങു വന്നേനാൻ ഇതു നി
ന്നോടോതുവാൻ എന്തു ചെയ്യേണ്ടതീ കാര്യം സങ്കടത്തിങ്കൽ ഞാനിന്നു!?
അവർ കൈതവവും ദേവമായയും ഞാനറിഞ്ഞീലാ നിന്നഭിപ്രായമെ
ന്തെന്നാലതു ഞാൻ ചെയ്തിടാം വിഭോ!

ച്യവനൻ പറഞ്ഞു.

എൻ വാക്കിനാൽ ചെന്നു വേഗം പ്രകൃഷ്ടരൊടുരച്ചാലും അവ
രെയിവിടെക്കൂട്ടിക്കൊണ്ടുവന്നീടു സുവ്രതേ! • അവർ പ്രതിജ്ഞായ ചെയ്ത
തു വിചാരിക്കേണമീയതിൽ.

വ്യാസൻ പറഞ്ഞു.

ഇവണ്ണമങ്ങു താപിക്കപ്പെട്ടവൾ ചെന്നവരോടു ചൊല്ലിനാൾ: 'അ
ശ്വിനീസുതന്മാരേ! വേഗം ചെയ്യുവിൻ നിൻ പ്രതിജ്ഞപോൽ' • സുകന്യാ
വാക്കു കേട്ടാശ്രമത്തിൽ പോയശ്വിനീസുതർ അവളോടോതിനിൻ
ഭർത്താവിറങ്ങട്ടു സരസ്സിലായ് • ഇറങ്ങീ ച്യവനൻ വേഗം യുവാവാകാൻ
സരസ്സതിൽ അശ്വിനീസുതരും പിന്നെ പ്രവേശിച്ചാരതിങ്കലായ് • ക
രേറിനാർ മൂന്നുപേരുമസ്സരസ്സിങ്കൽനിന്നുടൻ യുവാക്കളായ് ദിവ്യദേ
ഹത്തോടു കൂടീട്ടു തുല്യരായ് • തുല്യവയവരായ് ദിവ്യാഭരണങ്ങളണി
ഞ്ഞുള്ള മഹാന്മാരാമവർ ചൊന്നാർ: 'ഞങ്ങളും ചെയ്തു പ്രതിജ്ഞപോ
ൽ • 'ഇവളിൽ അധികം പ്രീതിയിന്നാളുകൾ ഞങ്ങളിൽ അവനെ നീ
വരിച്ചീടുക വരവർണ്ണിനിമാർമണേ!'.

വ്യാസൻ പറഞ്ഞു.

ഇവ്വിധം പ്രവയസ്സോടും തുല്യമാകും സ്വരത്തോടും തുല്യവേഷത്തോ
ടും ദേവതുല്യരായ് മൂന്നുപേരെയും • ഒന്നുപോൽ കാണുകയാൽ തന്റെ
പതിയെയറിയാതൊരാൻ ശങ്കയോടും സംശയിച്ചിട്ടീവണ്ണം ചിന്തചെ

സ്സ്വരൂപം. രൂപതുല്യന്മാരാരെന്നു ഞാൻ പരിച്ഛേദിപ്പതറിവില്ലയെ ഇവരെന്റെ പതിയെയിന്നു സംശയത്തിലാക്കിനാർ. ഇതിന്നു ഞാൻ നിർമ്മിച്ചീടുവതി ന്ദ്രജാലമസംശയം എള്ളോളം പോലുമേ തെറ്റുന്നതില്ലെൻ മനമെന്നതു മം. പതിയെ വിട്ടിങ്ങു വന്നോരു സ്ത്രീയായാലും ഒരുനാളും ഞാൻ വരിക്കില്ലതിൽ സന്ദേഹമില്ലഹോ. മനസ്സുകൊണ്ടേവമോർത്തിട്ടു വി ശേഷശേഷിവയായിട്ടും ദേവിയെ ധ്യാനവും ചെയ്തു വന്ദനം നന്നായ് സ്തുതി ച്ചുതേ.

സുകന്യ പറയുന്നു

ഞാൻ ദേവി! നിന്നെ നമിക്കുന്നേൻ ശരണം ജഗദംബികേ! രക്ഷിക്ക കെൻ സതീധർമ്മം ഞാൻ നമിക്കുന്നു നിൻപദം. പദ്മാലയേ! വാണി! നമ സ്കാരം നമിക്കുന്നേൻ ശിവപ്രിയേ! വിഷ്ണുപ്രിയേ! ലക്ഷ്മി! വേദമാതാവേ! വാണി! തേ നമഃ. ചരാചരങ്ങളെല്ലാം നീതാൻ സൃഷ്ടിച്ചതീശ്വരി! നന്നായ് പാലിപ്പതും നീതാനൊടുവിൽ സംഹരിപ്പതും. ബ്രഹ്മവിഷ്ണുമഹേ ശരെയും നീതാൻ ജനിപ്പിച്ചു നിശ്ചയം. അനന്തൈശ്വര്യമിയന്നോരം ജ്ഞാനികൾക്കറിയേണ്ടവൾ. പൂർണ്ണയായ പരമാനന്ദ, മൂലപ്രകൃതി, നീ ശിവേ! ഭുക്തിയും മുക്തിയും നീതാൻ ജ്ഞാനികൾക്കു കൊടുക്കുന്നവൾ. അ ണ്ഡങ്ങൾക്കെല്ലാമാധാരമെന്നു കർമ്മസ്വരൂപങ്ങളും സിദ്ധിയും യോഗികൾക്കു ള്ളൊരു ബോധിജയങ്ങളും. നിന്നെ ഞാൻ ശരണം പ്രാപിക്കുന്നേൻ വി സ്മയമോടിതാ. ശോകത്തിൽ മുങ്ങിനിന്നു നീയെൻ പതിയെ കാട്ടുക നന്മ മേ. ഇവർ തൻ മധ്യത്തിൽ മാമുനിശ്രേഷ്ഠനെ ഞാൻ സ്വീകരിച്ചിടും. എൻ ധർമ്മമൊത്തു സർവ്വജ്ഞേ! നീ കാട്ടിത്തരിക കാന്തനെ.

വ്യാസൻ പറയുന്നു

സ്തുതിക്കപ്പെട്ടിപ്രകാരം മഹാത്മ പരമേശ്വരി സുമതിക്കേകിനാളപ്പോൾ ജ്ഞാനമവൾക്കാദേവിയേകിനാളുടൻ. മനസ്സുകൊണ്ടുറച്ചിട്ടു മൂവരാമു ന്നുപേരെയും നോക്കി തൻ പതിയെത്തന്നെ വരിച്ചാൾ പതിവ്രത. മുനിയെത്താൻ വരിച്ചപ്പോൾ സന്തോഷിച്ചശ്വിനീസുതർ പാതിവ്ര ത്യത്തെയോർത്തേറ്റം പ്രീതിയോടേകിനാർ വരം. ശ്രീദേവി തൻ പ്രസാ ദത്താൽ പ്രസാദിച്ചശ്വിസുതന്മാർ യാത്ര ചൊല്ലീട്ടു മുനിയോടുടൻ പോ കാനൊരുങ്ങിനാർ. മുനിക്കു യൗവ്വനം മെയ്യ്, രൂപം, കണ്ണും, ബലിഷ്ഠമായ് മോദിച്ചു സുസ്മിതരോടോതിയിമ്മൊഴി മാമഹാൻ. 'നിങ്ങളീയുപകാ രത്തെച്ചെയ്തല്ലോ നിങ്ങൾ സുരേന്ദ്രരേ! എന്തൊരു സുഖം വന്നതിനിൽ സം സാരമായതിൽ? അന്ധനായ് വൃദ്ധനായ് ഭോഗഹീനനായ് കാനന ത്തിൽ ഞാൻ അഴകും മറ്റും ഇല്ലാതെ സമാധിച്ചു പാർത്തുതേ. കണ്ണും യൗവ്വനവും നല്ലരൂപവും നിങ്ങളേകിയ നിങ്ങൾക്കതിനാൽ ചെയ്യാ

മുപകാരംകരുതുന്നോൻ ॥ ബന്ധുവാമുപകാരിക്കുപകാരംചെയ്യീടാത്ത
വൻ കടപ്പെട്ടവനായ് നിന്ദ്യനായീടുംഭുവിൽ വിണ്ണോരേ! ॥ അതിനാലെ
ഞാനായിന്നുപകാരമിഷ്ടമേകിടാം പ്രീതനാമെൻ കടംതീർത്തുകൊ
ള്ളുവാനായ് സുരേശരേ! ॥ ദേവാസുരന്മാർക്കും കിട്ടാത്തതായുദ്ദേശിച്ചുള്ളതു
ചൊല്ലുവാൻ പറഞ്ഞാലതുനൽകാം ഞാനിപ്പോൾ കൊണ്ടുതുഷ്ടനായ് ॥
ച്യവനൻതൻവാക്കുകേട്ടിട്ടാലോചിച്ചുപരസ്പരം സുകന്യയോടും വേഴ്
ന്നോരവനോടോതിനാരവർ ॥ 'മുനേ! ത്വൽപ്രസാദത്താൽ സാദ്ധ്യമായി
ട്ടുള്ളതാകയും സുരരൊത്തു സോമപാനം ചെയ്യാനായുണ്ടാരാഗ്രഹം ॥
ബ്രഹ്മാവുമേതുവിധം ചെയ്യുവൻ യാഗത്തിങ്കൽ വാസവൻ വൈദ്യന്മാ
രെന്നുചൊല്ലീട്ടു സോമപാനം വിലക്കിനാൻ ॥ അതുകൊണ്ടു നിനക്കി
പ്പോഴും ശക്തിയുണ്ടെന്നിരിക്കുകിൽ ഞങ്ങൾക്കിഷ്ടമതായുള്ളൊരതിക്കാ
ര്യം സാദ്ധ്യമാക്കണം ॥ ഞങ്ങൾക്കു സോമപാനം സാധിക്കുമാറിന്ദ്രശാ
സനയാ അസാദ്ധ്യമാകുമീയാശ നിന്നാൽ സഫലമാക്കണം' ॥ എന്നുള്ളവാ
ക്കുകേട്ടതിനവരോടായ് മുനീശ്വരൻ 'വൃദ്ധനാം ഞാൻ സുന്ദരനായ്
യുവാവായും ചമച്ചു നിങ്ങൾ ॥ ഭാര്യയുമെനിക്കു ചമച്ചു നൽ ശ്രേഷ്ഠരാം നി
ങ്ങൾമൂലമായ് സോമപായികളാക്കാം ഞാൻ മുദാ നിങ്ങളെയാകയാൽ ॥
ഇന്ദ്രൻ നോക്കിയിരിക്കെത്താൻ ഞാനീ ചെയ്യാൽ വരു സത്യമാം മയാൻ
ശര്യാതിഭൂപൻതൻ വലുതാം മഖമായതിൽ' ॥ എന്നുകേട്ടവർമോദിച്ചു
വിണ്ണിനായിഗ്ഗമിച്ചുടൻ ഭാര്യയോടും ച്യവനനും പ്രാപിച്ചു തന്റെയാ
ശ്രമം.

ശ്രീദേവീഭാഗവതേ സപ്തമസ്കന്ധേ
ച്യവനയൗവനപ്രാപ്തി
രണ്ടാമദ്ധ്യായം.

മൂന്നാമദ്ധ്യായം

ജനമേജയൻ പറഞ്ഞു.

അവരെമുനിയെങ്ങിനെ സോമപായികളാക്കിനാൻ എങ്ങിനെ സ
ത്യമായ്ത്തീർന്നാ മഹാത്മാവിന്റെ വാക്യവും ॥ ഇന്ദ്രശക്തിനിരോധിച്ചാലീ
നരന്റെ ബലമെന്തുവാൻ? നിഷിദ്ധരാം വൈദ്യരെ യജ്ഞത്തിന്നർഹരാ
ക്കിനാൻ? ॥ അതെല്ലാം നീ ധർമ്മിഷ്ഠ! വിസ്തരിച്ചുരചെയ്യണം ച്യവനൻ
കഥകേട്ടീടാനിന്നത്യാഗ്രഹമുണ്ടുമേ.

വ്യാസൻ പറഞ്ഞു.

ഭുവിൽശര്യാതിതൻ യാഗത്തിൽ ച്യവനൻമുനി ചെയ്തോരാ
ശ്ചര്യമാം കാര്യം കേട്ടുകൊള്ളുക മന്നവ! ॥ സുകന്യയാം ഭാര്യയോടും ച്യ

വനൻസുരസന്നിഭൻ • പ്രസന്നനായിക്രീഡിച്ചുനിന്നുനിന്നാണിതൊട്ടു
പോൽ • ശര്യാതിതന്നിഷ്ടമാർന്നൊരുനാളതിദുഃഖിയായ് കരഞ്ഞും
കൊണ്ടുപതിയോടോതിനാൾ ചിറപ്പൂണവൾ • പുത്രിയെയന്ധനായു
ള്ള മുനിക്കായ്കാട്ടിലേകിനീ അവളുമാമരിച്ചാളെന്നോ നീ ചെ
ന്നന്വേഷിക്കണം • മുനിതന്നാശ്രമത്തിങ്കൽപ്പോയിട്ടവളെച്ചെന്നു നീ അ
ന്ധനോടൊത്തെന്തുചെയ്യുന്നവളെന്നാരാഞ്ഞുനോക്കുക • അവളുടെമ
ത്തെൻറയുള്ളം ദഹിക്കുന്നുനരോത്തമ! അനവധി, തപഃക്ലിന്നയാമവ
ളെയെൻസമീപമായ് • ക്രശയായ് വൽക്കലപ്പുടവകളുമായാണെൻ
ദൃഢം അന്ധൻ പതിയോടെൻപുത്രി ദുഃഖിച്ചീടുന്നസ്വന്തമി.

ശര്യാതി പറഞ്ഞു.

പോകാമിന്നു വിശാലാക്ഷി! കാണ്മാനെൻ പ്രിയപുത്രിയാം സുക
ന്യയെവ്രതം തെറ്റിപ്പോകാത്ത മുനിയോടുമായ്.

വ്യാസൻ പറഞ്ഞു.

ദുഃഖിതന്മാരായാദമ്പതിമാരുമതുചെന്നിട്ടാശ്രമപാർശ്വമൻ മതിലേറിക്ക
ണ്ണാൽപ്രാപിച്ചീടിനാൻ നൃപനാശ്രമം • അതിൽ ചെന്നൊഴുകുന്നയുവാ
നാം മുനിയെയുടൻ • ദേവപുത്രനെയെന്നോണം കണ്ടാൻ ശര്യാതിമന്ന
വൻ അമരാകാരനവനെക്കണ്ടു വിസ്മയമാർന്നവൻ • എൻപുത്രിയെന്തി
ദ്ദുഷ്കർമ്മം ചെയ്തു ലോകനിന്ദ്യമായ്? വൃദ്ധനാംശാന്തനന്ധ
നാം മുനിയെയിവളുംനിഗ്രഹിച്ചു നൂതനകാമമാലിനാൽ സ്വീകരിച്ചതീ
മന്മഥൻ ദുസ്സഹൻ താനെന്നയാവനത്തിൽ വിശ്വാസമായ് • മനുവംശ
ത്തിലുണ്ടാകുംകുലകളങ്കംപോലെനായിവൾ നിന്ദ്യയാംപുത്രിയുണ്ടായൻതന്റെ
വംശ്യർ വിത്തൽനിന്ദിതം • മഹാപാപത്തിനാൽപ്പുത്രിയുണ്ടാകുന്നിഴലോക
വാൻ സ്വാതന്ത്ര്യത്തിനായിഞാൻ ചെയ്യുയുണ്ടുമല്ലയത്രാമിക്കൊഴിൽ •
മനഃപൂർവ്വം നൽകിയില്ലേ? പുത്രിയെയന്ധവൃദ്ധനായ് യോഗ്യനായിട്ടുക
ളെയല്ലൻ മനഃപൂർവ്വം കൊടുക്കണം • ഞാൻ ചെയ്തതിന്നാപ്പരമായഫല
മിപ്പോൾ വിപ്പാതെ ദുഷ്കൃതംചെയ്യുവോരീപ്പുത്രിയെ ഞാൻ വധിക്ക
കിൽ • സ്ത്രീഹത്യാപാപമുണ്ടാമെവിശേഷിച്ചിവൾപുത്രിയും ബ്രഹ്
മാംമനുവംശത്തിനുണ്ടാക്കീ ഞാൻ കളങ്കവും • ലോകാപവാദംകൊണ്ടിനം
ദുസ്സഹം സ്നേഹബന്ധനം • ചെയ്യുമതെന്തെന്നുമറിയാൻ ചിന്താകുലി
തനായ് • സുകന്യയുമന്നേരം കണ്ടുമവൾ ചിന്താതുരനാം പിതാവിനെ
തിലപ്പിതാവിൻറയരികിൽ ചെന്നു സുന്ദരി • 'അച്ഛൻ പരിതാപിച്ചു ചാലി
ച്ചെത്തുമിൽ സ്നേഹംനിറഞ്ഞവൾ ചിന്തകൊണ്ടു മുഖം വാടിയിരിക്ക
ന്നതെന്തുനീ? • താതന്നു മഴകാലമോ മുനിയെക്കണ്ടോ കാരണം വേഗം

വന്നോൻ കാന്തൻ നീ നമിക്കുന്നതോത്തമ! വിഷാദിക്കേണ്ട നീയൊട്ടും മനാവംശശിഖാമണേ!

വ്യാസൻ പറഞ്ഞു.

പുത്രിതന്നീവാക്കു കേട്ടു കോപിച്ചു നരപാലകൻ മുൻപിൽനിൽക്കുന്നോരവളോടായിട്ടീവാക്കു ചൊല്ലിനാൻ.

രാജാവു പറഞ്ഞു.

മകളേ! താപസൻ വൃദ്ധൻ ച്യവനൻ മുനിയെങ്ങുപോയ്? ഈ യുവാവാരെന്നാകാശങ്കയുണ്ടിതിലേറ്റവും • വധിച്ചോ മുനിയെ പാപിയാം ദുരാചാരയായ നീ കുലനാശിനി! കൈക്കൊണ്ടോ പുതുതായൊരു കാന്തനെ? • ചിന്തയുണ്ടു ലോകം കാണാത്തവനെയിവിടത്തിലായ് കലാവൃത്തിയായ ദുഷ്കൃതം ചെയ്തു നീ സുതേ? • നീ ചെയ്തോരിദ്ദുരാചാരദുഃഖക്കടലിൽ മുങ്ങി ഞാൻ ഇദ്ദിവ്യനാം പുരുഷനെ മുനിവേഷം വിട്ടു കാണ്കയാൽ • പിതൃവാക്യം കേട്ടവളും ചിരിച്ചു വന്നോടോതിനാൾ പതി തന്റെ സമീപത്തിൽ കൊണ്ടുപോയിട്ടു സാദരം • 'നിൻ ജാമാതാവിവൻ താത! ച്യവനൻ മുനിതാൻ ദൃഢം അശ്വിനീദേവരാലേവം മഹാസുന്ദരനായിവൻ • അവരീയാശ്രമത്തിങ്കലൊരുനാൾ വന്നപ്പോൾ ദയതോന്നീട്ടീവിധത്തിലാക്കിയീ മുനിയെ നൃപ! • ഇദ്രൂപം കണ്ടു നീയോർക്കുംപോൽ പാപം ചെയ്തിടുന്നവൾ അല്ല നിൻ പുത്രിയായുള്ള ഞാനെന്നറിക മന്നവ! • ഇതോർത്തിവൻ ച്യവനനെന്നമിച്ചീടുക താത നീ! ചോദിക്ക കാരണം ചൊല്ലുമെല്ലാം വിസ്താരമായിവൻ • എന്നപ്പുത്രീഗിരം കേട്ടു വേഗം ശര്യാതിമന്നവൻ മുനിയെപ്പോയ് നമിച്ചിട്ടു ചോദിച്ചാൻ വിനയത്തൊടും.

രാജാവു പറഞ്ഞു.

നേത്രമുണ്ടായി വൃദ്ധത പോയ് നിനക്കു മുനീശ്വര! അതിന്നു ഹേതുവെന്തെന്നായ് ചൊല്ലേണം ഭംഗിയായ് ഭവാൻ? • അഴകേറുന്നോരീ രൂപം കണ്ടെനിക്കുണ്ടു സംശയം വിസ്തരിച്ചുരചെയ്താലും കേട്ടു ഞാൻ സുഖമാർന്നിടാം.

ച്യവനൻ പറഞ്ഞു.

സ്വർവൈദ്യരശ്വിനീദേവർ വന്നിങ്ങിവിടത്തിലായ് ഉപകാരമവർ ചെയ്തു കൃപയാൽ നൃപസത്തമ! • അവർക്കതിന്നുപകാരം വരവും ഞാൻ കൊടുത്തു തേ സോമപായികളാക്കീടാം യാഗത്തിലെന്നതായ് • ഈവണ്ണമഴകും കണ്ണും ലഭിച്ചൂ മമ മന്നവ! സംശയം വിട്ടു നീയീയാസനത്തിലിരിക്കുക • സന്തുഷ്ടൻ മുനിയീവണ്ണം നൃപനോടുരചെ

ണ്ടായാൽ മാരെന്നതു കഥയും ചൊല്ലി സുഖമായി വസിച്ചവൻ. പിന്നീ
ടൊരു പർവ്വതായി ച്യവനൻ മന്ദമായതിനാൻ 'യാഗം ചെയ്യിച്ചീടാമെ
ന്നു വന്നുകൂടുകമ്പരേ! സോമപായികളാക്കാമെന്നവരോടു പറഞ്ഞു
ഞാൻ വലുതാം നിന്റെ യാഗത്തിലതു സാധിക്കണം നൃപ! തപോ
ബലത്താൽ, കോപിക്കുമിന്ദ്രനെ ഞാൻ തടുത്തിട്ടും ചെയ്യിക്കും നിന്നെ സോ
മയാഗമതിങ്കൽ സോമപാനവും' മുനി തൻ വചനം കേട്ടു മുദാ ശര്യാതി
മന്നവൻ അതിമാത്രസന്തോഷത്തോടു കൊണ്ടാടിനാൻ നൃപ! മാ
നിച്ചിട്ടാ ച്യവനനെ മുദാ ശര്യാതി നൃപൻ മുനിവാക്യമതും ചൊല്ലി
നല്ലൊരു ദിനമുപായിതേ. യാഗത്തിനായ് നൽദിനത്തിൽ സർവ്വകാമ
സമൃദ്ധിയാൻ ഉണ്ടാക്കിച്ചാനുത്തമമാം യാഗശാലയെ നൃപൻ. ഭൃഗു
വ്യാസ വസിഷ്ഠാദിമുനിമാരെ വരുത്തിനാൻ ഋത്വിക്കായ് ച്യവനൻ യാഗം
ചെയ്യിച്ചാനന്നേരം. ആ വൻ യാഗത്തിലിന്ദ്രൻ തൊട്ടുള്ള ദേവ
കളെല്ലാരും വന്നാർ, സവൈദ്യന്മാരും വന്നു സോമപാനത്തിനായതിൽ
ഇന്ദ്രൻ സവൈദ്യരെ കണ്ടു ചോദിച്ചാൻ സംശയിക്കയാൽ ദേവക
ളോടെന്തിനാണീയാഗത്തിലിവർ വന്നതും? സോമാർഹരല്ലീ വൈദ്യ
ന്മാർ കണ്ടിച്ചതിവരെയവൻ? ചൊല്ലിയില്ലാരുമപ്പോളന്നേരമാ യാ
ഗത്തിലുടൻ മുനി. എന്തിനാണശ്വിനീദേവന്മാർക്കായ് സോമം നൽകാ
തെ? തടുത്തിന്ദ്രൻ സോമപാത്രമിവർക്കു കൊടുക്കൊല്ലെന്നാൻ. മുനി ചൊ
ന്നാനിന്ദ്രനോടു 'മന്മട്ടീ സൂര്യനന്ദനർ അനർഹരായിനാ സത്യർ സത്യം
ചൊൽക ശചീപതേ? അല്ലുവോ ശ്വാസ്ത്രർ സൂര്യൻ ധർമ്മപത്നിക്കു
ന്ദനർ എന്തു ദോഷത്തിനാൽ സോമാനർഹരീ വൈദ്യസത്തമർ? തീ
ർച്ചയാക്കണമീ യാഗത്തിങ്കൽ ദേവകളെല്ലാരും പാനം ചെയ്യിക്കുമിവ
രെസ്സോമം സോമപരാക്കിടാൻ. എന്നാൽ പ്രേരിതനായിട്ടീയാഗം
ശര്യാതി മന്നവൻ ഇതിന്നായിട്ടു ചെയ്യുന്നു സത്യമെൻ വചനം വിഭോ!
കണ്ണാമെയെപ്പോഴും നൽകിയെനിക്കീ വൈദ്യരായവർ ഞാനും പ്രത്യുപ
കാരമെന്തു ചെയ്യുന്നു ശക്ര! നിശ്ചയം.'

ഇന്ദ്രൻ പറഞ്ഞു.

വൈദ്യന്മാരാകിയിവരെസ്സുരന്മാർ, നിന്ദ്യരാണിവർ സോമാന
ർഹരിവർക്കായിസ്സോമമേകീടൊലാ വിഭോ.

ച്യവനൻ പറഞ്ഞു.

അഹല്യാജാരവൃത്രഘ്ന! വൃഥാ കോപിച്ചിടായ്ക നീ എന്തുകൊണ്ടി
ന്നു സോമാർഹരല്ലീ യോഗ്യതയുള്ളിവർ?

ഇരട്ടവാദിച്ചതിലാശ്ചര്യമാണ് ! പറഞ്ഞതില്ലാ മുനിയോടു നൃപ! ||

തപോബലത്താൽച്യവനൻമുനീന്ദ്രൻ । കൊടുത്തവർക്കൻപൊടുസോമപാത്രം

ശ്രീദേവീഭാഗവതം ഏഴാംസ്കന്ധം
[illegible]
ആറാമദ്ധ്യായം.

ഏഴാമദ്ധ്യായം.

വ്യാസൻപറഞ്ഞു.

പാത്രംകൊടുക്കവേശക്രനേററുകോപിച്ചുചൊല്ലിനാൻ ച്യവനൻമുനിയോടായിക്കൂട്ടിക്കൊണ്ടസപശകതിയേ ॥ 'ജാതിമാത്രബ്രാഹ്മണൻപിരിയരുത്തുചെയ്യൊലാ ദ്രോഹിയാംനിന്നെ ഞാൻകൊല്ലുംവിശേഷിപ്പനെന്നുചൊൽ.

ച്യവനൻപറഞ്ഞു.

ദൈത്യാന്തനാദേവന്മാർക്കൊപ്പമായെന്നയാക്കിയോർ മഹാന്മാരാമിവരെനീയാക്ഷേപിക്കൊല്ലവാസവ! ॥ നിന്നെവിട്ടുള്ള വിണ്ണോർക്കിസോമഗ്രഹണമെങ്ങനേ? വീർവിണ്ണോരിവരെയുംനിയ്യുണ്ണംനിനയ്ക്കുക.

ഇന്ദ്രൻപറഞ്ഞു.

സോമാർഹരല്ലദേവവൈദ്യന്മാർയാഗത്തിലതുനിശ്ചയം മന്നാംനീ കൊടുത്താൽനിൻതലഖണ്ഡിക്കമിന്നുഞാൻ.

വ്യാസൻപറഞ്ഞു.

ഇന്ദ്രനാതിലയോരാവാക്യമാദരിക്കാതെഭാർഗ്ഗവൻ എടുപ്പിച്ചാൻ പാത്രമേററമിന്ദ്രനെന്നുചെയ്യുമ്പോൾ ॥ പാനംചെയ്യാൻസോമപാത്രമശ്വികൾക്കുടക്കവേ കണ്ടിട്ടിന്ദ്രൻചൊല്ലിനാനീവാക്കിനേജനമേജയ! ॥ 'തൻകാര്യമായ് സോമപാനംചെയ്യിക്കിലിവരെവാൻ വജ്രംനിന്നിലയക്കുംഞാൻവിശേഷിപ്പനിതെന്നപോൽ' ॥ ഇന്ദ്രനാലേവമോതപ്പെട്ടതിഗർവ്വത്തോടാമുനി കോപിച്ചുവിധിപോൽസോമപാനംചെയ്യിച്ചുതന്നുടെ ॥ ഇന്ദ്രൻവജ്രായുധംകോപിച്ചയച്ചാൻമുനിയിങ്കലായ് സൂര്യകോടിപ്രഭം,സർവ്വവിണ്ണരനോക്കിനില്ക്കവേ ॥ തേജസ്സുറ്റൊന്നാമിന്ദ്രന്റെവജ്രത്തിൻവരവാമുനി കണ്ടിട്ടുതൻതപോബലംസ്തംഭിപ്പിച്ചിതിനേക്ഷണം ॥ കൃത്യയെക്കൊണ്ടിന്ദ്രനാശംചെയ്വാനായുമൊരുങ്ങിനാൻ ഹോമംചെയ്യാൻതീയിൽമന്ത്രംകൊണ്ടു,വേദ്യഹവിസ്സിനെ ॥ കൃത്യയുണ്ടായതിലവൻതൻതപസ്സിൻബലത്തിനാൽ പ്രബലൻപുരുഷൻ

ക്രൂരൻ മഹാകായൻ മഹാസ്യൻ • [illegible] "മഭ" എന്നാണവന്റെ പേർ [illegible] കൻ • [illegible] വൻ [illegible] [illegible] • [illegible] ങ്ങളതാം കൈകളാണവന് [illegible] വൻ • [illegible] [illegible] • [illegible] വൻ • [illegible] മായിട്ടെന്നവൻ • [illegible] • [illegible] ഗ്രഹിക്കുവാൻ [illegible] • [illegible] • [illegible] • [illegible] • [illegible] • [illegible] യാൽ • [illegible] • [illegible] ഗണങ്ങളായ മഹാസ്യന്റെ [illegible] • [illegible] മുനിയെ [illegible] • [illegible] കൃത്യയേ [illegible] ശക്തനാം?

വ്യാസൻ പറഞ്ഞു.

ഇത്ഥം [illegible] ചൊല്ലപ്പെട്ടിട്ടൻ മുനിയെ [illegible] നമിച്ചിട്ടവനോടോതിനാൻ [illegible]: 'ക്ഷമിക്ക മുനിശാർദ്ദൂല! ശമിപ്പിക്ക കൃത്യയേ പ്രസന്നനാകണം [illegible]! [illegible] ഞാൻ • [illegible] മുനീശ്വര! സത്യമീവാക്കു [illegible] നിൽ പ്രസാദിക്കുക [illegible]! • [illegible] സഫലമായ്തീരട്ടെ മുനിപുംഗവ! [illegible] ഞാൻ •

സവൈദ്യന്മാരെന്നാനിങ്ങൾ സോമപാനത്തിനർഹരായ് തീരുംശസ്ത്രാതി ഗ്രഹണവർജ്ജിക്കപ്പെട്ടിരിക്കുന്നുവല്ലോ • നിൻവീര്യംവെളിവാകുമെന്നാ ലിങ്ങൾമംമുനിസത്തമ! നിൻപരീക്ഷയ്ക്കുഞാൻപോരുമെന്നെന്നിവരുമു ൾക്കക • പ്രസാദിച്ചിരിക്കിലുമാതമദമനസ്സുംഹരിക്കനീ ചെയ്യാമംഗല മിപ്പറഞ്ഞൊക്കെല്ലാംനീയരുളീടുക' • എന്നൊരുപ്പെട്ടിരുന്നാലപ്പുമൊ ഴിഞ്ഞതൊരാമുനി വിശേഷമൃതുജന്മാരായോരക്കൊപരത്തെയകിനാൻ ഉത്സാഹിയാകുംമന്നനെയാഗംചെയ്യിപ്പിച്ചനന്തരം അവനെപ്പൂജിച്ച്,നായാ ട്ട്,പാനം,സ്ത്രീയിലുമാക്കിനാൻ • ഭാഗിച്ചുവെച്ചുമിന്ദ്രനാലപാസ ത്തായുമേകിനാൻ എല്ലാവരെയുമൊട്ടുംമന്ദിയായശ്വപ്പൂർത്തിയാ ക്കിനാൻ • അതിങ്കൽക്രുദ്ധനാംസോമംമറാത്തമാവിന്ദ്രനാട്ടകയ് അ ഥവിനിസ്വതരെ പാനംചെയ്യിച്ചാൻ ച്യവനന്മുനി • സൃഷ്ടനാമർസപ ബൈദ്യവരെയാമുനിശാപൻ തപോബലംതാലിന്നുംസോമപാനാ ർഹരാക്കിനാൻ • ച്യവനാശ്രമവുംനല്ലസ്സ്വർഗ്ഗസ്ഥവെഴിഞ്ഞപാലരവ ശ്രി ങ്കംമധികംകീർത്തികേട്ടതായ് തീർന്നന്നവ! • ആയാഗംകൊണ്ടുശര്യാ തിനൃപന്നുംപൂർണ്ണനായ് യാഗംകഴിഞ്ഞമാതൃനാമൊട്ടുംനഗരമാ ണവൻ • രാജ്യംരക്ഷിച്ചുധർമ്മിഷ്ഠൻമന്നപുത്രൻപ്രതാപവാൻ അവ നപുത്ര"നാനർത്ത"നവന്നാ"രേവതൻ"സുതൻ • കുശസ്ഥലീപുരിയ വൻനിർമ്മിച്ചാഴിക്കുമദ്ധ്യമായ് അതിൽവാണുഭരിച്ചാനർത്താദിദേശമ ങ്ങവൻ • അവന്നുണ്ടായ് നൂറുപുത്രർശ്രേഷ്ഠൻജ്യേഷ്ഠൻ"കകുത്മി" യാം സുന്ദരിലക്ഷണംചേർന്നോരുപുത്രി"രേവതി"യെന്നവൾ • വി വാഹകാലമപ്പുത്രിക്കാകവെരേവതൻനൃപൻ ചിന്തിച്ചാൻനൽകലത്തി ങ്കലുണ്ടായനൃപപുത്രരെ • രേവതംപെറ്റുതന്നിങ്കൽപോയിട്ടുവെണ്ണീ പതി ആനർത്തമാംരാജ്യമെല്ലാംരക്ഷിച്ചുകൊണ്ടുവാണതേ • എൻ പുത്രിക്കേതാകവേണംനാഥകാന്തനൊന്നാത്തമന്നവൻ സർവ്വജ്ഞൻവി ധിയെക്കണ്ടുചോദിക്കാമെന്നുറച്ചുതാൻ • അപ്പുത്രിയാംരേവതിയോ ടൊത്തുലോകപിതാമഹൻ ബ്രഹ്മാവിനോടുചോദിക്കാൻസത്യലോക ത്തിലെത്തിനാൻ • അതിങ്കൽമറകൾ,വിണ്ണോർ,യജ്ഞങ്ങൾ,പർവ്വ തങ്ങളും സമുദ്രങ്ങൾ,നദികളുംവാഴ്ന്നുദിവ്യരൂപമായ് • ഋഷികൾ, സിദ്ധർ,ഗന്ധർവ്വർ,ചാരണർ,പന്നഗങ്ങളും എല്ലാംപണ്ടുള്ളവർവാ ഴ്ത്തിനിൽ അന്തരതാഴ്കളൂട്ടം.

ശ്രീമദ്ഭാഗവതം നവമസ്കന്ധം

സവൈദ്യസോമപാനം

മൂന്നാമദ്ധ്യായം.

എട്ടാമദ്ധ്യായം.

ജനമേജയൻ പറഞ്ഞു.

എൻമനസ്സിങ്കൽവലുതാംശങ്കയുണ്ടുമുനീശ്വര! സത്യലോകത്തിലെത്തുന്നപോലെയൻപുണ്ണ്യമെങ്ങനെപൻ? • ബ്രാഹ്മണർക്കുമപ്പോ ഴ്രേയസ്സപോലെയുണ്ടുകർത്തക്കം ബ്രഹ്മജ്ഞാനികളിബ്രഹ്മലോകത്തിൽപോകുമെന്നതാവ് • താമസരവതിയോടെത്തത്തി നാൽക്കുമിൽനിന്നവർ? ഇപ്രകാരം സത്യലോകത്തിങ്കലെന്നാണസംശയം • മർത്ത്യൻസ്വർഗ്ഗമാണിട്ടമെന്നാണാശാസ്ത്രനിശ്ചയം മർത്ത്യരേതരന്മാർക്കുന്നബ്രഹ്മലോകംഗമിപ്പതും? • ഏതെങ്കിലതിന്നു താനനീയിന്നില്ലാതെയാകണം ഈ പൻബ്രഹ്മലോകത്തിനെക്കാളുമാവി ക്കപ്പായതെങ്ങനെ?

വ്യാസൻ പറഞ്ഞു.

മേരുവിൻശിഖരത്തിങ്കലാണുലോകങ്ങളെല്ലാമെയും ഇന്ദ്രലോകം വഹ്നിലോകംഅവിടെയാകുന്നു • കൈലാസമെന്നതുംസത്യലോകവുംഅപ്രകാരം! അതിൽതന്നെവിഷ്ണുപദമെന്നവൈകുണ്ഠലോകവും • മർത്ത്യലോകത്തിനുമപ്പാർശ്വത്തിലുള്ളവർ ഇന്ദ്രലോകത്തുപോയാലുമവർക്കില്ലുപരോ • അതിങ്കൽപാർത്ഥമനുഷ്യന്നവരെപോൽതന്നെമന്നവ! കർമ്മഫലത്തൊട്ടുമറവുമില്ലുപരമപ്പോ യതില്ലയോ • സ്വർഗ്ഗത്തിൽ ശക്തരായുള്ളമർത്ത്യർമുന്നമിഷ്ടങ്ങൾനേടാതെ പോൽ സ്വർഗ്ഗമയച്ചതിൽ മനംപോയതില്ലേ? യയാപതേ • സത്യലോകത്തുപോയ്പരിശ്രമാനന്തരമാമഹാശിഷൻ അവിടെക്കണ്ടു പോലെമഹാസുന്ദരിഗംഗയെ • തട്ടില്ല കാറ്റടിച്ചിട്ടവരംപന്നുമഴിഞ്ഞുപോയ് സുന്ദരമസ്സുന്ദരിയെനോക്കിനാനല്ലമാത്തൂപൻ • കാമാർത്തനായ്ചിരിച്ചുൻപുണ്ണിപൂണ്ടാർക്കുഗാക്കയും അവരെക്കണ്ടു ബ്രഹ്മാവുശപിച്ചാൻഭൂമിയാണവർ • വൈകുണ്ഠത്തിൽമൈത്ര്യപിഡമൂലംമർത്ത്യകളോക്കയും ഹരിയെവാഴ്ത്തുവാനായിഗമിച്ചാർപലവട്ടവും • ഒരിക്കലുംനീയതിങ്കൽസംശയിക്കേണ്ടമന്നവ! എല്ലാലോകത്തിലുംപോകാമെന്നഷ്ടാക്ഷനരാധിപ! • നിശ്ചയംപുണ്യവാന്മാർക്കുതപസ്സുള്ളവർക്കുമങ്ങനെ പുണ്യാധിക്യംതന്നെയാണത്തമനത്തിന്നുകാരണം • യാഗങ്ങളൊട്ടേറ്റംബ്രഹ്മലോകത്തിൽപോയിടാമൃപ!.

ജനമേജയൻ പറഞ്ഞു.

ശ്രീമാനാംദേവതിമഹാരാജാവുദേവതൻ സത്യലോക

ത്തിലെത്തീട്ടു ചെയ്യുന്നതെന്താണമ്മാമുനേ! • ബ്രഹ്മാവെങ്ങനെയതിനെ ദൂര ത്തുപനാശം കൊടുത്തതും? വിസ്താരമായതെല്ലാം നീ ഇങ്ങനെ ചൊല്ലേണം മുനേ.

വ്യാസൻ പറഞ്ഞു.

കേട്ടുകൊള്ളുക രാജാവേ! ദേവകൻ നരപാലകൻ പുത്രിതൻ വരനെക്കാണ്മാൻ ബ്രഹ്മലോകം ഗമിക്കവേ • പാട്ടുനാസ്സഭയിൽ കേട്ടു പ്പൂനാകാതെയാപ്പൻ ക്ഷണനേരം പുത്രിയോടുകൂടിക്കളിച്ചു നിന്നു പോയ് • പാട്ടതിന്റവിൽ മൌനമിച്ചിട്ടാവിരിഞ്ചനെ സുതയെ കാട്ടിയവനോടറിയിപ്പാൻ മനോഗതം.

രൈവതൻ പറഞ്ഞു.

ഇക്കന്യയെന്റെ മകളാണറിയുക പത്മാസനവിഭോ! ആർക്കിവളെ കൊടുക്കണമെന്നായതു ചോദിപ്പാനിങ്ങു വന്നു ഞാൻ • യോഗ്യരാം രാജസുതരെ വളരെക്കണ്ടു ഞാൻ വിധേ! ബോധിച്ചില്ലാരെയും മനമേതും, പലരിക്കരെന്റെ മനസ്സതിൽ • അതുകൊണ്ടിങ്ങു വന്നീടിന്നു ഞാൻ ചോദിപ്പാനായിനിന്നോടായ് അതാണതാം ലോകസ്രഷ്ടാവേ! യോഗ്യൻ രാജസുതന്റെ വരൻ • കുലീനൻ ബലവാനെല്ലാലക്ഷണങ്ങളുമൊത്തവൻ ദാനശീലൻ ധർമ്മനിഷ്ഠനാരിവൾക്കൊത്തവല്ലഭൻ?

വ്യാസൻ പറഞ്ഞു.

രാജാവാം രൈവതൻ തന്നാവാക്കു കേട്ടിട്ടു പത്മജൻ ചിരിച്ചവനോടോതിനാൻ കണ്ട കാലത്തിന്റെ വൃത്താന്തം.

ബ്രഹ്മാവു പറഞ്ഞു.

വരരായ് നീ നിനച്ചുള്ളിലോർത്ത രാജപുത്രരശേഷവും ബന്ധുവർഗ്ഗത്തോടും കൂടി കാലംകൊണ്ടു നശിച്ചു പോയ് • ഇപ്പോഴിരുപത്തെട്ടാം ദ്വാപരമാം യുഗം അവരുടെ വംശമെല്ലാം പോയ് ദൈത്യരാക്രമിച്ചുപ്പെടുത്തയും • സോമവംശത്തിലുണ്ടായോരു യാദവകുലസംഭവൻ പ്രസിദ്ധ "ഉഗ്രസേനാ"ഖ്യൻ മധുരാധിപനായവൻ • ഭൂപനിപ്പോളവന്നാരാജ്യമെല്ലാം നടത്തുന്നു! ഉഗ്രസേനസുതൻ കംസൻ സ്വരവേഷി മഹാബലൻ • ദൈത്യാംശൻ, ദുഷ്ടനക്കാരാഗൃഹത്തിലവനാക്കിനാൻ താതനെ രാജ്യം വാണു തൻ മറവു പാർത്തുനസ്സുതാൽ • ദുഷ്ടരാം ഭൂപതിമാരെ സന്യങ്ങളും വധിക്കകാരണം ശ്രീ,ഭാരാൽ തളർന്ന് ഭൂമി ബ്രഹ്മാവിനെ ചെന്നുവിളിച്ചു • അംശാവതാരം ചെയ്യപ്പെട്ടതിനായ് സുരവര്യരാൽ വാസുദേവൻ സംഭവിച്ചു കൃഷ്ണൻ കമലലോചനൻ • ദേവകീദേവിയിലവൻ നിത്യൻ നാരായണൻ മുനി • ധർമ്മപുത്രൻ നരനൊരുവൻ ഘോരമായിത്തപിച്ചുവൻ • ഗംഗാതീരത്തിലുള്ള പുണ്യമാകും ബദരികാശ്ര

മെ ജാതൻ യദുകുലേ വാസുദേവനെന്നു പ്രസിദ്ധനായ് ॥ ആ കൃഷ്ണൻ പാപിയായുള്ള കംസനാം ദുഷ്ടപുത്രനെ നിഗ്രഹിച്ചിട്ടു രാജ്യത്തെയുഗ്രസേനന്നു നൽകിനാൻ ॥ കംസന്റെ ശ്വശുരൻ പാപി ജരാസന്ധൻ മഹാബലൻ കോപത്തോടും മധുരയിൽ ചെന്നു പോർ ചെയ്തു മേന്മേമായ് ॥ മഹാബലൻ ജരാസന്ധൻ തോല്പിക്കപ്പെട്ടു കൃഷ്ണനാൽ സൈന്യത്തോടും യവനനെപ്പിന്നെ വിട്ടാൻ രണത്തിനായ് ॥ സസേനൻ യവനൻ ക്രുദ്ധൻ വരുന്നെന്നു കേൾക്കയാൽ കൃഷ്ണൻ മധുരയെ വിട്ടു ദ്വാരകാപുരിയെത്തിനാൻ ॥ ജീർണ്ണയാമതിനെ ക്രൂരേടെ ചെന്നു ശില്പികളാലവൻ പണിയിച്ചാൻ കോട്ടയോടും മണ്ഡപാദികൾ വിളങ്ങിയും ॥ ജീർണ്ണോദ്ധാരമതിൽ ചെയ്തു കൃഷ്ണൻ തൻ വശവർത്തിയാം ഉഗ്രസേനനെ രാജാവായ് വാഴിച്ചാനാ പ്രതാപവാൻ ॥ യദുക്കളെയും പോഷിച്ചാൻ കൃഷ്ണൻ ദ്വാരകയിങ്കലായ് ബന്ധുക്കളോടൊത്തിങ്കൽ വാഴുന്നിതായദൂത്തമൻ ॥ കൃഷ്ണാഗ്രജൻ കീർത്തികേട്ടോൻ ബലഭദ്രൻ ഹലായുധൻ ശേഷാംശം വീരനെ വന്നീടിൻ സുതയുമത്തമൻ വരൻ ॥ നിന്റെ സുന്ദരിയായുള്ള രേവതി പുത്രിയെയവൻ വിവാഹവിധിയോടു നൽ ബലഭദ്രന്നു നൽകണം ॥ നൽകണം നൽകീട്ടു നീ ബദരികാശ്രമത്തിനായ് ഗമിക്ക ॥ തപം ചെയ്താൻ സുരാരാമം ഗുഹകം കാമമെപ്പൊഴും.

വ്യാസൻ പറഞ്ഞു.

സ്താ, ഗുഹ്യകാളീ കൈകൾ പത്തായിട്ടുള്ളവർ മുപ്പത്തിരണ്ടു, അറുപത്തിനാ
ലു ശക്തികൾ വേറെയും ॰ പിന്നെയും ദേവിമാരുണ്ടായാരസംഖ്യങ്ങളസം
ഖ്യമായ് മൃദംഗശംഖവീണാദിനാദപൂരിതമായ് രണം ॰ ശക്തികൾ
കൊന്നു തെരുതെരെ ദൈത്യാക്ഷൗഹിണിയെയുടൻ സേനാനായകനായ്
മുൻപിൽ വന്നു നിന്നിട്ടു ദുർമ്മൻ ॰ അശ്ശക്തികളോടൊന്നിച്ചു പോർ
ചെയ്യാനാദ്യമാരിപു മഹത്താം യുദ്ധമുണ്ടായതങ്ങുണ്ടായ് ഘോരപ്പെരു
മ്പുഴ ॰ അക്ഷൗഹിണികളെല്ലാം താൻ നശിച്ചു പത്തു നാളിനാൽ പ
തിനൊന്നാം ദിനം ഘോരമുടനെ ചൊന്നു മാറവേ ॰ ചുവന്ന ചന്ദനമാല്യ
വസ്ത്രവും പൂണ്ടു ദുർമ്മൻ മഹോത്സവം ചെയ്തു യുദ്ധത്തിനായി തേരിലേ
റിനാൻ ॰ മഹാവേഗത്തോടശ്ശക്തികളെയെല്ലാം ജയിച്ചവൻ ദേവി
തൻ തേരിനു നേരെ തന്റെ തേരുകൊണ്ടു നിറുത്തിനാൻ ॰ ദേവിക്കും ദൈത്യ
നും തമ്മിലുണ്ടായ് വൻ ഘോരമാം രണം രണ്ടുയാമം വരെയും മുറ്റും തീ
യുണ്ടായിട്ടും പോരി ॰ അയച്ചു പതിനഞ്ചുഗ്രശരങ്ങളുടനംബിക നാലു
കൈകളെ നാലമ്പാൽ തേരാളിയെയൊരമ്പിനാൽ ॰ രണ്ടമ്പാൽ കണ്ണു
തോറും രണ്ടാലൊരമ്പാൽ ധ്വജമായതും അഞ്ചമ്പാൽ ദൈത്യന്റെയുള്ളും
താൻ ഭേദിച്ചു ജഗദംബിക ॰ ചോര ഛർദ്ദിച്ചംബികതൻ മുൻപിൽ വീണു
മരിച്ചവൻ അവന്റെ തേജസ്സുമന്നിട്ടു ദേവിയിൽ ചെന്നു ചേർന്നിതു ॰ ആ
വീരൻ ഹതനായപ്പോൾ ശാന്തമായി ജഗത്ത്രയം ബ്രഹ്മാദികളൊന്നായെ
ല്ലാരും വാഴ്ത്തിനാരുടനംബയെ ॰ ഹരിശങ്കരന്മാർ മുൻപിലാക്കിക്കൊണ്ടു
സഗദ്ഗദം.

ദേവന്മാർ പറഞ്ഞു

ജഗദ്ഭ്രമാ, ന്യൂഭാവകാരണേ! പരമേശ്വരി! ശാകംഭരി! നമ
സ്കാരം ശതനേത്രേ! ശിവേ! നമഃ ॰ സർവ്വോപനിഷദുൽഘുഷ്ടേ! ദുർഗ്ഗമാ
സുരനാശിനി! നമോ മായേ ശ്വപരിശിവേ! പഞ്ചകോശാന്തരസ്ഥിതേ! ॰
ധ്യാനിക്കുന്നാരെ മുനിമാർ നിർവ്വികല്പമനസ്സിനാൽ ഭജിക്കാം പ്രണവാ
ർത്ഥത്തിൻ രൂപമായുള്ളവളേ ശിവേ ॰ അനന്തകോടിബ്രഹ്മാണ്ഡനാ

ഷ്ടിക്കുംദിവ്യരൂപയാം ബ്രഹ്മവിഷ്ണ്വാദിമാതാവേവമന്പോടു വാഴ്ത്തുന്നതിച്ചി ടാം • ശതാക്ഷിപരമശാന്തിരൂപയുള്ളംബയെന്നിയേ ഇവ്വണ്ണമാരെ ശരണാർത്ഥികൾക്കേകിടുംസർവ്വേശ്വരനെന്നവൻ?

വ്യാസൻ പറഞ്ഞു

ബ്രഹ്മവിഷ്ണ്വാദിസുരന്മാർവാഴ്ത്തപ്പെട്ടവളംബിക പൂജിക്കപ്പെ ട്ടോരുദ്രവ്യങ്ങളാൽ, സന്തുഷ്ടയായുടനെ • വേദങ്ങളെക്കൊണ്ടുവന്നുടൻ വിപ്രർക്കുനൽകിനാൾ വിശേഷിച്ചുരചെയ്താളപ്പികഭാഷിണിമധുരാ രി • 'എന്റെയീതനുവൽകൃഷ്ടാ പാലിക്കുകവിശേഷമായ് ഇന്നതെ ന്യവന്ദനീയനർത്ഥംകേണ്ടില്ലേ?നിങ്ങളിന്നുതാൻ • പൂജ്യ ഞാൻ നിങ്ങളാ ലെന്നുംസമാസംസേവ്യയായവൾ മംഗലത്തിന്നിതന്നീതയിപ്പോ ഴും ഞാനരുളുമാൻ • എന്നീയുത്തമമാഹാത്മ്യം പഠിച്ചിടുകനാളുതോ റുമതിനാൽതുഷ്ടയായോപദങ്ങളൊക്കെ ഞാൻ സംഹരിച്ചിടാം • ദുർഗ്ഗമാ സുരസംഹാരാൽ "ദുർഗ്ഗ"യെന്നാണെനിക്കുപേർ ശതാക്ഷിയെന്നമിവ ളെയുഗ്രഹിപ്പോൻമുക്തനായിടും • എന്റെയെന്തിനുരയ്ക്കുന്നതത്ര ത്തായ് സാരമോതിടാം എല്ലാദേവാസുരന്മാരാലും ഞാൻ സംസേവ്യയെ പ്പോഴും'.

വ്യാസൻ പറഞ്ഞു

ഇതോതിട്ടുമറഞ്ഞാളദ്ദേവിവാനവർകാണവേ തോഷമിട്ട ന്നുകീർത്തിച്ചിടാനന്ദരൂപിണി • ശ്രേഷ്ഠമാഹാത്മ്യം ഞാനിതെ ല്ലാംനിന്നോടോതിനേൻ ഗൂഢമായ് വച്ചുഞാനെന്നാൽ സർവ്വകല്യാണ മേകിടും • ഇതദ്ധ്യായംകേട്ടിയോട്ടാർക്കുംകുന്നനിത്യവും സ ർവ്വേഷ്ടസിദ്ധിയോടവൻ ദേവിലോകസുഖിച്ചിടും.

ശ്രീദേവീഭാഗവതം ഏഴാംസ്കന്ധം
ശതാക്ഷീമഹിമ
ഇരുപത്തെട്ടാമദ്ധ്യായം.

ഇരുപത്തൊൻപതാമദ്ധ്യായം.

വ്യാസൻപറഞ്ഞു

സൂര്യവംശനൃപന്മാർതൻശ്രേഷ്ഠം ചരിതമിങ്ങനെ സോമവംശ ജർതൻവൃത്താന്തങ്ങളൊന്നിത്തെളളമോതിടും • പരാശക്തിപ്രസാദ ത്താൽവൻപുള്ളോരായ്ഭവിച്ചവർ എന്നതന്നതറിഞ്ഞാലുംബുദ്ധ മാർഹിട്ടുമന്നവ! • ഐശ്വര്യശ്രീയുജ്ജ്വലതയുംചൊടുജന്തുക്കളൊക്കയും പാരാക്ഷാത്യംശമായുണ്ടായവരെന്നധരിക്കനീ • ഇവതംമറവൃ്പതം

ശക്ത്യുപാസകരായവർ സംസാരവൃക്ഷവേരിന്നുകോടാലികളുമായ് വ്വ
പ! ॥ അതുകൊണ്ടുപണിപ്പെട്ടും സർവ്വയാണാമഹേശ്വരി ഉമയെ
യറിയിപ്പിപ്പാൻപോൽപ്പിട്ടമറവുസേവകർ ॥ പരാശക്തിപരമ
ജ്ഞാനമായഭവാനെക്കട്ടിത്തൊന്ന വേദമാംപോൽക്കതേർക്കണ്ടു, തിനാൽ
താൻക്രമേണതന്നായ ॥ പരബ്രഹ്മസ്വരൂപമായ് മററില്ലാത
ദേവത സർവ്വാത്മരൂപിണിയായ്പരബ്രഹ്മമയിയായതും ॥
അതിൽനിന്നധികം മറ്റു പദ്യതമംവേദപാഠകനാൽ ജഗത്തെല്ലാമ
തിൽകൊത്തുമുള്ളവളെപരമേശ്വരി ॥ അവളെയറിയാതവർമൂഢരാ
ണല്ലുനിശ്ചയം വാനരശേഷരുകളിന്മേവിളിപ്പിട്ടുന്നുമാനവർ ॥ ദേവീ
രൂപംധരിക്കാതെമുക്തരായിബ് ഭവിപ്പിട്ടും അതിനാൽതാനൊരുവ്യൂനാ
...ശ്രാവണയിൽ.

"ധ്യാനത്താലായവർ, തൻഗുണത്തിൽ
മറഞ്ഞചിച്ഛക്തിയെയങ്ങുകണ്ടാർ".

അതുകൊണ്ടു പണിപ്പെട്ടു ജന്മസഫലമാകുവാൻ പ്രേമംചേ
ർത്തുഭക്തിയോടെ, ... ശ്രദ്ധയോടെ ॥ സംഗമെല്ലാംവിട്ടു
... മനസ്സിങ്കൽ ശ്രീദേവിനിത്യനായ് വരേണ്ടുന്നാ
... ॥ നൽപ്പിറപ്പുറത്തിൽവ്യാജനയെങ്കിലും
... ബന്ധനംവിട്ടുമുക്തനാം ॥ നന്നായ് പണിപ്പെ
ട്ടുതന്നാൽ ... ദേവിയെ വിരാഡ് രൂപം, സൂത്രരൂപ യന്തര്യാമി
സ്വരൂപിണീ ॥ പടിപ്പടിയായ് ചിത്തശുദ്ധിയോടുമാകെട്ടുമുമ്പിലായ്
സച്ചിദാനന്ദലക്ഷ്യാത്മരൂപാബ്രഹ്മസ്വരൂപിണീ ॥ ...
... മനംലയിക്കിലവളിലതംബോധയു
ഗം ... ॥ ദേവീകഥകൾ ... മനസ്വി
കൾ ... ബഹുപാവനം ॥ മോക്ഷം, പുണ്യം, ധർമ്മബു
ദ്ധി, കീർത്തിയുന്നംകമക്കൾ അതുതാനോതിനീവരെയെന്തിപ്പിക്ക
ണക്കേൾക്കുവാൻ.

ജനമേജയൻ പറഞ്ഞു.

ബ്രഹ്മാവിഷ്ണുമഹേശന്മാരും ... വാണീലക്ഷ്മീ
ഗൌരികളെന്നുള്ള ... ॥ പ്രസിദ്ധം ഗൗരിലക്ഷണമ
കളായിവരാണന്മേ പാർവ്വതീതൻമകനും മഹാലക്ഷ്മിയെന്നപേരുഞ്ഞി
ട്ടും ॥ മൂലദേവിയിലുണ്ടായ, ദേവമാത്രവ്യക്തി വർകന്യകൾ? ഇതുസംഭാവ്യമാ
കുന്നുമുനേ! സംശയമുണ്ടിതിൽ ॥ സംശയച്ചേദി, നീയതൊന്നുവാളുമെ
ന്നുടെ ഛേദിക്കണം.

വ്യാസൻ പറഞ്ഞു:

രാജാവേ! കേൾക്ക ചൊല്ലീടാം രഹസ്യം പരമാത്ഭുതം ശ്രീദേവീകഥനാംനിന്നോടില്ലൊന്നുംതനവാച്യമായ് ॥ ത്രിമൂർത്തികൾക്കന്നു ദേവീത്രയത്തെനൾകിയപ്പൊരാ അന്നുതൊട്ടവർമൂന്നാളുംസ്വസ്വകൃത്യാദികൾ നടത്തിനാർ ॥ ഹാലാഹലാഭിധർദൈത്യരൊരുകാലത്തുമന്നവ! മഹാപരാക്രമികളായ് ലോകംമൂന്നുംജയിച്ചതേ ॥ ബ്രഹ്മാവിൻവരദാനത്താൽമദിച്ചിട്ടസുരസൈന്യരായ് കൂട്ടത്തോടുചെന്നുകൈലാസവൈകുണ്ഠങ്ങളുമായവർ ॥ ഹരനുംഹരിയുംഘോരമായിട്ടറുപതിനായിരം വത്സരംമുഴുവൻപോരുചെയ്തുദൈത്യരൊടുമ്മാറ് ॥ ഹാഹാകാരമുളൊരുണ്ടായ് ദേവമാനവസേനയിൽ പണിപ്പെട്ടുവധിച്ചാരദ്ദൈത്യരെ ഹരിശങ്കരർ ॥ സ്വസ്ഥാനങ്ങളിലെത്തീട്ടുനടിച്ചാരഭിമാനവും ദൈത്യരെക്കൊല്ലുവാൻമൂലമായശക്തികൾമുൻപിലായ് ॥ അവർതന്നഭിമാനംകണ്ടുപർവ്യാജാൽചിരിച്ചതേ ഗൗരിയുംലക്ഷ്മിയുംവ്യാജാൽചിരിക്കുന്നതുകണ്ടപ്പോൾ ॥ അഭിമാനത്തിൽമോഹിച്ചുകോപിച്ചുഹരിശങ്കരർ പറഞ്ഞോരവമാനത്താലവരൊട്ടുടനന്തരം ॥ അപ്പോളായവരെവിട്ടുദേവിമാർരണ്ടുപേരുമായ് മറഞ്ഞുടനെഹാഹാകാരവുംസംഭവിച്ചതേ ॥ അവരെയവമാനിക്കകൊണ്ടിട്ടുഹരിശങ്കരർ ത്യക്തരായിട്ടുതേജസ്സുംശക്തിബോധവുമറ്റുപോയ് ॥ ഇതെന്തുസംഭവിച്ചുന്നാവിധിചിന്തതുടങ്ങിനാൻ ഇരുവരെയുമൊന്നുംസ്വകാര്യങ്ങൾക്കശക്തരായ് ॥ ഹേതുവില്ലാതെയെന്താണിസ്സങ്കടംവന്നുചേരുവാൻ? കുറവില്ലാജഗത്തിന്നാപ്രളയംസംഭവിക്കയോ ॥ അറിയുന്നില്ലിതിൻമൂലംപകരംചെയ്യുന്നതെങ്ങനെ? ഇച്ചിന്തയാൽതളർന്നേറം കണ്ണടച്ചുധ്യാനനാകിനാൻ ॥ ഇതുവന്നുപരാശക്തികോപത്താലെന്നറിഞ്ഞുടൻ സാവധാനനായ്തീർന്നാൻപത്മജൻഭൂപസത്തമ! ॥ അവർചെയ്യേണ്ടകാര്യങ്ങളുടൻതാന്താൻനടത്തിനാൻ സ്വശക്തിതൻപ്രഭാവത്താൽകുറേക്കാലംതപോനിധി ॥ വിഷ്ണുപീശർക്കുസുഖത്തിനായ് മന്നതൊട്ടവരേക്ഷണം സനകാദികളാംതന്റെപുത്രരൊടുംവരുത്തിനാൻ ॥ നമിച്ചാരവരോടീവാർത്തയിനാനന്തരമോതിനാൻ ഞാൻ കാര്യാസക്തനാണിപ്പോൾതപംചെയ്യുതിനക്ഷമൻ ॥ ജഗൽകാര്യം നടത്തുന്നപരാശക്തിക്കതിനായ് ശിവനുംവിഷ്ണുവുംവീണാർമദികോപിക്കകാരണം ॥ അതിഭക്തിയൊടാശ്ചര്യ്യതപംചെയ്തുഭവരായ് അപ്പരാശക്തിയെനിങ്ങൾപ്രസാദിപ്പിക്കണംക്ഷണം ॥ ശക്തിയൊടവരെവ്വണ്ണംമുൻപിലെപ്പോലെയാകുമോ അവ്വണ്ണമെയ്യുനി

അറംക്കവർക്കിങ്കീർത്തിയേററവും • ഏവൻകുലത്തിലുണ്ടാകുമങ്ങതി
കളവൻകുലം ജഗത്തെല്ലാംശുദ്ധമാക്കംകൃതകൃത്യമായിടും.

വ്യാസൻപറഞ്ഞു

ബ്രഹ്മാവിൻവാക്കുകേട്ടിട്ടക്ഷണംതാട്ടവരൊക്കയും ദേവീസേവ
യ്ക്കരണ്യങ്ങളെപ്രാപിച്ചാർശുദ്ധമാനസർ.

ശ്രീദേവീഭാഗവതം ഏഴാംസ്കന്ധം
ഗൌര്യവതാരകാരണം
ഇരുപത്തൊൻപതാമദ്ധ്യായം

മുപ്പതാമദ്ധ്യായം

വ്യാസൻപറഞ്ഞു

അവർപിന്നെവനത്തിങ്കൽഹിമവാന്റെതടത്തിലായ് മായാ
ബീജജപത്തോടുംതപംചെയ്താർസമാഹിതർ • ലക്ഷംവർഷംവരെ
പരാശക്തിധ്യാനത്തോടാണവർ അപ്പോൾദേവിപ്രസാദിച്ചുപ്രത്യ
ക്ഷപ്പെട്ടുമന്നവ! • പാശാങ്കുശവരാഭീതിനാലുംകൈകൂടുംകണ്ണുമായ് ക
രുണാരസസമ്പൂർണ്ണസച്ചിദാനന്ദരൂപിണി • ശുദ്ധരാംമുനിമാർലോ
കാംബികയെക്കണ്ടുവാഴ്ത്തിനാർ: 'വിശ്വരൂപസ്വരൂപമാംവൈശ്വാനരമൂർത്തി
ക്കമായ്നമഃ • നമസ്തൈജസരൂപസ്ഥിലിംഗദേഹങ്ങളൊക്കയും എ
തിൽബന്ധിച്ചിരിക്കുന്നാസൂത്രാത്മവപുഷേനമഃ • നമഃപ്രാജ്ഞസ്വ
രൂപസ്ഥായ് നമോവ്യാകൃതമൂർത്തയേ നമഃപ്രത്യക്സ്വരൂപസ്ഥായ് നമസ്തേ
ബ്രഹ്മമൂർത്തയെ • നമസ്സർവ്വസ്വരൂപക്കായ് സർവ്വലക്ഷ്യാത്മമൂർത്തയേ' എ
ന്നിയാൽതൊഴുതെയിട്ടറിസ്തുതിച്ചീടുന്നദേവിയെ • നമിച്ചാർപാദപത്മ
ത്തിൽഭക്താലികളൃഷീന്ദ്രരുംഉടൻപ്രസാദിച്ചുരുവിചൊല്ലിനാളംബിക
ഭാഷിണി: • 'മഹാന്മാരേ!വരംകേൾക്കുകെന്നുഞാൻവരദാമതാ' അ
വളുടെതൻവാക്കുകേട്ടിട്ടുവിപ്രന്മാർശക്തിയോടാന്തിയും • ശക്തിലാഭമെല്ലാം
സ്വീകരിച്ചാർമന്നവസത്തമ! ദേവനപ്പോളെൻകുലത്തിൽദേവി!നീ
ജാതയാകണം • കൃതാർത്ഥനാകമെന്നാൽഞാനംബികയെന്നുചൊ
ല്ലിനാൻ ജപം,ധ്യാനം,പൂജയതും,സ്ഥാനങ്ങൾവിവിധങ്ങളും • എനി
ക്കനിൻമുഖംകൊണ്ടുതാൻചൊല്ലീടണമെന്നുമേ.

ദേവിപറഞ്ഞു

അവക്കീസ്ഥിതിയെൻശക്തികളെനിന്ദിച്ചുവന്നതേ എനിക്കൊ
ന്നിക്കലുംചൊല്ലാസ്സുപാദാധമിതേവിധം • ഇപ്പോളവർക്കെൻകൃപയാൽശരീ
രംസ്വസ്ഥമായ്ത്തും ഉണ്ടാമസ്സക്തികൾപോലാഴിയിലുംനിൻഗൃഹത്തിലും

എന്നാജ്ഞകൊണ്ടുവിഷ്ണ്വീശന്മാരെപ്പോഴുമോയവർ മായാബീജമ
ന്ത്രമെനിക്കെന്നുമേറ്റവും പ്രിയമുള്ളതാം • ധ്യാനിക്കേണ്ടെൻ വിരാട്ട് രൂപ
മല്ലെന്നാലീസ്വരൂപമോ സച്ചിദാനന്ദമാം രൂപമോ,മൽസ്ഥാനങ്ങളോ
ള്ളതാൻ • എന്നെ ധ്യാനിക്കേണം നിങ്ങളാം സദാ,പൂജിക്ക സർവ്വദാ.

വ്യാസൻപറഞ്ഞു

എന്നോതീട്ടു മറഞ്ഞാളംബ ത്രിപുരവാസിനി ദക്ഷാദികളാം മു
നികളും ബ്രഹ്മാവിന്നരികെ ചെന്നിതാർ • വിനയത്തോടു വൃത്താന്തമെല്ലാം
വിധിയോടോതിനാർ ഹരീശരും സ്വാസ്ഥ്യരായി സ്വകാര്യക്കാരരായ് നൃ
പ! • ഗർവ്വും പോയ് പരാശക്തിപ്രസാദത്താൽ വർദ്ധിതൻ കാലാന്തരെ
പരാശക്തി ജന്യ സ്വവതരിച്ചതേ • അക്കാലത്തിങ്കലുണ്ടായീതെത്ര
ലോകങ്ങളിലുമുത്സവം സന്തോഷത്താൽ പുഷ്പവർഷം ചെയ്തു ദേവകളൊ
ക്കെയും • പെരുമ്പറകൾ വിണ്ണിങ്കൽ കൊട്ടിമുഴക്കിനാർ ശു
ദ്ധാത്മാക്കളുള്ളതാം സാധുക്കൾക്കു ചിത്തം പ്രസന്നമായ് • ഒഴുകീ പുഴകൾ
ശംസ്യാനൃത്തൻ സുപ്രസന്നനായിതേ അതിമംഗലജനിച്ചപ്പോളുണ്ടായ് സർവ്വ
ത്ര മംഗളം • പേരിട്ടു സതിയെന്നാ ബ്രഹ്മരൂപവിക്കയാൽ ശിവന്ന
താനേകി,മുന്നം ശിവൻ തൻ ശക്തിയാകയാൽ • ദക്ഷൻ തൻ ദൈവ
യോഗത്താൽ ദേഹിച്ചു തീർന്നിലായവൾ.

ജനമേജയൻ പറഞ്ഞു

അനർത്ഥകരമീവാക്യം കേൾപ്പിച്ചു നീ മുനീശ്വര! ഇതമഹാദേവസ്സ
ദേവിയുമഗ്നിയിങ്കൽ ദേഹിച്ചുപോയ്? • തന്നാമമോർക്കിൽ മർത്ത്യർക്കി
ന്നും സംശയമേറ്റം കേട്ടും ദക്ഷൻ തന്നോടു കർമ്മത്തിൻ ഫലത്താലെന്തു
ശമമായ്.

വ്യാസൻപറഞ്ഞു

കേൾക്ക രാജൻ! പുരാവൃത്തം സതീദഹനകാരണം ദുർവ്വാസസ്സെന്നാ
നാർ ജാംബൂനദത്തിൽ വാഴുമംബയെ • ചെന്നു ദർശിച്ചു തൻ മായാബീജം
മന്ത്രം ജപിച്ചവൻ പ്രസാദിച്ചു തന്നെ ദേവി വണങ്ങിനാനംബ നിറഞ്ഞിട്ടും •
പൂത്തൊന്നാലിക്കും തൻ കണ്ഠമാലയെയവനേകിനാൾ പ്രസാദിച്ചേകമ
തിനെ ഗ്രഹിച്ചാൻ ശിരസാ മുനി • ആകാശമാർഗ്ഗമായിട്ടന്നേ വേഗം ചെ
ന്നത്തുപോയവൻ സതീതന്റെ പിതാം ദക്ഷൻ വസിക്കുമിടത്തെത്തി
നാൻ • സതിയെക്കാണ്മതിന്നായ് ദേവിപാദം വണങ്ങിനാൻ ദക്ഷൻ
മുനിയോടിദ്ദിവ്യമാലയാർക്കുള്ളതെന്നേ • കിട്ടീ ഭൂമിയിൽ മർത്ത്യർക്ക്
കിട്ടാത്തതാണെന്നു കേട്ടു തൻ ദക്ഷൻ തന്നായാചിക്കെ മുനികളിലേകിട്ടേ
കിനാൻ • അതുല്യമാം ദേവി തന്റെ പ്രസാദത്തെ സ്സുഗന്ധമാം ആമാല
യെ മുനിയോടായ് പ്രാർത്ഥിച്ചു സതി തൻ പിതാ • മൂന്നു ലോകങ്ങളിലുള്ള

ന്തംശവീഭൂതനായിട്ടായ് എന്നോർത്തവന്നാശ്വസിച്ചാനാമാലമുനി സത്തമൻ • ഭക്തനാമായവയവാങ്ങിവച്ചാൻതന്നുടെമന്ദിരേ മാല്യാദി ത്താക്കളെല്ലാന്നിച്ചുശ ദിക്കണ്ണനായിക്കിലായ് • കാലാഗന്ധത്തിൽമോ ഷിച്ചുരാവിൽസംഗമസക്തനായ് അപ്പാപത്താലവൻശങ്കരങ്കലുംദേ വിമായിട്ടും • സതിക്കുമൊപ്പുന്നുംവെച്ചാൻദ്വേഷബുദ്ധിയായ് അ ദ്വേഷത്താലവനിൽനിന്നങ്ങാമായാതടസ്സതി • മഹിപ്പിച്ചു സതീയ ന്മേരെന്നുയോഗാഗ്നിയിങ്കലായ് ഹിമവാനിൽനിന്നുപിന്നീടാമഹസ്സു ത്ഭവിച്ചതേ.

ജനമേജയൻപറഞ്ഞു

തൻപ്രാണപ്രിയയാംദേവിയുടൽവിട്ടുവാണ്ണിവൻ വേർപാടി നാൽദുഃഖിയായിട്ടെന്തുചെയ്തു മഹാമുനേ!

വ്യാസൻപറഞ്ഞു

പിന്നീടുണ്ടായകർമ്മംഞാൻചൊല്ലുവാൻശക്തനല്ലതാൻ ശിവ കോപത്തിനാലുണ്ടായ് ത്രൈലോക്യപ്രളയംനൃപ! • ഉണ്ടായ് ഗണ ത്തോടുംവീരഭദ്രനാമ്രുദ്രകാളിയും ആരംഭിച്ചാൻവീരഭദ്രൻഭൈത്രലോ ക്യത്തെമുടിക്കുവാൻ • ബ്രഹ്മാദിവാനോർശരണംപ്രാപിച്ചുശിവനേയു ടൻ സർവ്വസംഹാരംചെയ്യുന്നപ്പോൾകരുണാനിധിമഹേശ്വരൻ • അവർക്കി യമേകിട്ടൊരാട്ടിന്റെതലചേർത്തുടൻ ജീവിപ്പിച്ചാൻദക്ഷനെ,താൻ ഖിന്നനായനന്തരം • യാഗശാലയതിൽചെന്നുകണ്ടാൻദുഃഖദുഃ ഖിയായ്കണ്ടാൻതീയിൽദഹിക്കുംചിൽകലയാംസതിദേഹത്തെ • ചേർത്തു ഉൾകയറിനാൻ കഷ്ടം സതി! എന്നന്ദതിനാൽ ദുഃഖനാനാദേശങ്ങ ളിൽചുറ്റിയലഞ്ഞാൻഭ്രാന്തചിത്തനായ് • അപ്പോൾബ്രഹ്മാദിദേവ ന്മാരേറംചിന്തയുള്ളവരായ് ഹരിയപ്പോൾവില്ലുകൊണ്ടുമുറിച്ചാൻനൽ ശരങ്ങളാൽ • സതിയുടെയംഗമെല്ലാം,പൊഴ്ന്നിടുണ്ടായാരോദിക്കിലായവ നാനാകൃതിയോടുള്ളികളെല്ലാംവാണാൻമഹേശനും • സ്വരൂപത്തോടേതി നാനീശനീസ്ഥാനങ്ങളിലംബയേ അതിഭക്ത്യാഭജിപ്പോർക്കില്ലൊന്നുംദു ർല്ലഭമായ്ദ്ധ്രുവം • തന്നംഗങ്ങളിലായ്വാഴുന്നീസ്ഥാനങ്ങളിലംബിക യെ സ്ഥാനങ്ങളിൽമർത്ത്യന്മാർപുരശ്ചരണംചെയ്യുകിൽ • വേഗംമന്ത്രാ സിദ്ധിയാകുംമായാബീജംവിശേഷമായ് എന്നോതിട്ടാദിക്കിലെല്ലാം വിരഹാൾനോയ്ശിവൻ • ജപധ്യാനങ്ങളോടൊന്നുവാണുകാലംകഴി ച്ചതേ.

ജനമേജയൻപറഞ്ഞു

സ്ഥാനങ്ങളവയേതെല്ലാംസിദ്ധപീഠങ്ങളായവ എത്രയുണ്ടെന്നു നാമങ്ങളവ,ലോകനാട്ടുചൊല്ലുക • ആസ്ഥാനങ്ങളിലേദേവീനാമങ്ങ ളുമെല്ലാം കൃതാർത്ഥനാംഞാനതിനാൽകൃപാബ്ധേ! മുനിപുംഗവ!

വ്യാസൻപറഞ്ഞു

രാജാവേ! കേൾക്കെ ചൊല്ലീടാം ദേവീപീഠങ്ങളിന്നു ഞാൻ അവ
യേ കേൾക്കിലുടനാനരൻ പാപവിഹീനനാം • ശ്രുതിക്കും മന്ത്രസിദ്ധിക്കു
മംബയേ സേവചെയ്യുവാൻ ഉള്ളൊരാപ്പീഠമെല്ലാം ഞാൻ സൂക്ഷ്മമായി
ട്ടു ചൊല്ലിടാം • കാശിയിങ്കൽ വിശാലാക്ഷി ഗൌരീമുഖനിവാസിനീ
നൈമിശാരണ്യമാം ക്ഷേത്രേ ലിംഗധാരിണിയെന്നവൾ • പ്രയാഗ
യിൽ ശ്രീലളിതാ, കാമുകീ ഗന്ധമാദനേ തെൻമാനസത്തിൽ കുമുദാ,
സർവ്വകാമവുമേകിടും • വിശ്വകാമാ ഭഗവതീ വടക്കേമാനസത്തിലും
ഗോമതീ ഗോമന്തത്തിങ്കൽ, മന്ദരേ കാമചാരിണീ • മദോൽകടാ
ചൈത്രരഥേ ജയന്തീ ഹസ്തിനാപുരേ കാന്യകുബ്ജത്തിൽ ഗൌരീ മല
യാദ്രിയിൽ രംഭയും • ഏകാമ്രപീഠമതിലദ്ദേവി കീർത്തിമതീ നൃപ! വി
ശ്വേശ്വരീ വിശ്വമതിൽ, പുഷ്കരേ പുരുഹൂതയും • കേദാരപീഠമതി
ലദ്ദേവി സന്മാർഗ്ഗദായിനീ മന്ദാഹിമവൽപൃഷ്ഠേ, ഗോകർണ്ണേ ഭദ്രക
ർണ്ണിക • സ്ഥാനേശ്വരീ ഭവാനീ, വില്വകേ വില്വപത്രിക ശ്രീശൈ
ലേ മാധവീ ദേവി, ഭദ്രാ ഭദ്രേശ്വരത്തിലും • ജയാ വരാഹഗിരിയിൽ, കമ
ലാ കമലാലയേ രുദ്രാകോടിയിൽ രുദ്രാണീ, കാളി കാലഞ്ജരത്തിലും • സാ
ളഗ്രാമേ മഹാദേവീ, ശിവലിംഗേ ജലപ്രിയ മഹാലിംഗേ കപിലയാം, മാ
കോടേ മുകുടേശ്വരി • കുമാരി മായാപുരിയിൽ, സന്താനേ ലളിതാംബി
ക • ഗംഗയിൽ മംഗലാദേവി, വിമലാ പുരുഷോത്തമേ ഉൽപലാക്ഷി സ
ഹസ്രാക്ഷേ, ഹിരണ്യാക്ഷേ മഹോൽപല • വിപാശയിലമോഘാക്ഷി,
പാടലാ പുണ്ഡ്രവർദ്ധനേ നാരായണീ സുപാർശ്വത്തിൽ, ത്രികൂടേ ഭദ്ര
സുന്ദരീ • വിപുലേ വിപുലാദേവി, കല്യാണി മലയാദ്രിയിൽ ഏകവീരാ
സഹ്യഗിരൌ, ഹരിശ്ചന്ദ്രേ ചന്ദ്രിക • രമണാ രാമതീർത്ഥത്തിൽ, യമു
നായാം മൃഗാവതി കോടവീ കോടതീർത്ഥത്തിൽ, സുഗന്ധാ മാധവേ വനേ
ത്രിസന്ധ്യാ ഗോദാവരിയിൽ, ഗംഗാദ്വാരേ രതിപ്രിയ • ശിവകുണ്ഡേ ശു
ഭാനന്ദാ, നന്ദിനീ ദേവികാതടേ രുക്മിണീ ദ്വാരവതിയിൽ, രാധാ വൃന്ദാ
വനത്തിലും • ദേവകീ മഥുരയിൽ, പാതാളേ പരമേശ്വരീ ചിത്രകൂ
ടമതിൽ സീത, വിന്ധ്യനിൽ വിന്ധ്യവാസിനീ • കരവീരേ മഹാലക്ഷ്മി,
യുമാദേവി വിനായകേ ആരോഗ്യാ വൈദ്യനാഥത്തിൽ, മഹാകാളേ മ
ഹേശ്വരി • ഉഷ്ണതീർത്ഥത്തിലഭയാ, നിതംബാ വിന്ധ്യപർവ്വതേ മാണ്ഡ
വ്യേ മാണ്ഡവീ ദേവി, സ്വാഹാ മാഹേശ്വരീപുരേ • ഛാഗലണ്ഡേ പ്രച
ണ്ഡാഖ്യാ, ചണ്ഡികാ മകരന്ദകേ സോമേശ്വരേ വരാരോഹാ, പ്രഭാസേ
പുഷ്കരാവതി • ദേവമാതാ സരസ്വത്യാം, പാരാവാരാബ്ധിതൻ തടേ മ

ഫാലമെന്നമഹാഭാഗ,ചൊല്ലാം പിംഗലേശ്വരി ॥ സിംഹികാകൃതി
ശൌചമന്നി,ഖതിശം കരികാതികേ ഉല്പലാവാത്തങ്കലോലാ,സുഭദ്ര
ശോണനസംഗമേ ॥ മാതാസിദ്ധവനങ്ങളിൽ,യനംഗാമിതൊല്ലുമേ ജാല
ന്ധരേവിശ്വമുഖീ,താരാകിഷ്കിന്ധപർവ്വതേ ॥ ദേവദാരുവനേപുഷ്ടി,മേ
ധാകാശ്മീരമണ്ഡലേ ഹിമവാനിൽഭീമദേവി,തുഷ്ടിവിശ്വേശ്വരത്തിലും
കപാലമോചനേശുദ്ധി,മാതാകായാവരോഹണേ ശംഖോദ്ധാരെധരാ
ദേവിധൃതിപിണ്ഡാരകത്തിലും ॥ ശിവയായ്ത്തന്നെ ചന്ദ്രഭാഗ, അച്ഛോദ
ത്തിൽകല വേണ്ണതിൽ ദേവിയമൃതാ,ബദര്യാമുർവ്വശിയാം ॥ ഔഷധി
ശ്ചോത്തരകുരൌ,കുശദ്വീപിൽകുശോദക മന്മഥാ ഹേമകൂടത്തിൽ ,കുമു
ദേ സത്യവാദിനി അശ്വത്ഥേ വന്ദനീയാം ഭോതിധിഃ വൈശ്രവണാലയെ
ഗായത്രീ വേദവദനേ,പാർവ്വതി ശിവസന്നിധൌ ദേവലോകത്തിലിന്ദ്രാ
ണീ,ബ്രഹ്മാസ്യത്തിൽസരസ്വതി ॥ സൂര്യബിംബെ പ്രഭാദേവി,മാതൃക
ളിൽവൈഷ്ണവി അരുന്ധതീ സതികളിൽ നാരിമാരിൽ തിലോത്തമ ॥
ചിത്തെ ബ്രഹ്മകലാ ദേഹികൾക്കെല്ലാം ശക്തിയായവൾ ആറിട്ടെട്ടാ
ണപീഠങ്ങളിവ ഭൂപശിഖാമണേ! ॥ അവയ്ക്കു നാഥന്മാർ ചൊന്നതു
യും ദേവിമാരെയും സവിശേഷം പീഠങ്ങളെല്ലാം ചൊല്ലിയുള്ളതെ ചെയ്തൊൻ ॥
പ്രസംഗത്താൽ മറവ്വുവിച്ചുള്ള മുഖ്യസ്ഥലങ്ങളും ശ്രേഷ്ഠരീതിയിൽ റെട്ടു
നാമങ്ങൾക്കും കണ്ണൊന്നു കേട്ടവൻ ॥ പാപങ്ങളെല്ലാം പോയ് ദേ
വീപദത്തിൽ ചേർന്നിടും ഈ പീഠങ്ങളിൽ മാനവിധി പോലുള്ള
യാത്രയായ് ॥ പിതൃക്കൾക്കു തൃപ്തിയും ശ്രാദ്ധാദികർമ്മവും ശ്രീ
ദേവിതൻമഹാപൂജയും ചെയ്യുവിൽ ॥ പിന്നെയും ക്ഷമിക്കണം ദേ
വിയോടപേക്ഷിക്കേണമായവൻ താനന്തഃകൃതാർത്ഥനായിത്തീരുമെന്നോർക്കുക
പാർത്ഥ! ॥ ഭക്ഷ്യഭോജ്യങ്ങളെ വിപ്രർ,സുവാസിനികൾ, കന്യകൾ ബ
ടുകാദ്യാദിവർക്കെല്ലാം ഭുജിപ്പിച്ചീടണം നൃപ! ॥ ഈ ക്ഷേത്രങ്ങളിൽ വാഴ
ന്നോർ ചണ്ഡാലാദികളെങ്കിലും ദേവീസ്വരൂപരാണെല്ലാം പൂജിച്ചീട
ണമാകയാൽ ॥ പ്രതിഗ്രഹാദിയെല്ലാം വർജ്ജിക്കണം നൃപ! പുര
ശ്ചരണമന്ത്രത്തിൻ ചെയ്യുന്നം ശക്തിപോലവെ ॥ മായാബീജംകൊണ്ട
താഴ്ത്തീടത്തിൽ വാഴുകെന്നവ പൂജിക്കിലാവനണ്ഡേ മന്ത്രസിദ്ധിയ
സംശയം ॥ വിത്തശാഠ്യം ചെയ്യാതെ ദേവീക്ഷേത്രത്തിൽ താനെവൻ ദേവി
യിൽ പ്രീതനായവൻ യാത്ര ചെയ്യുന്നതാണവൻ ॥ ആയവൻ ശ്രേഷ്ഠമാ
യുള്ള ബ്രഹ്മലോകത്തിലായിരം കല്പകാലം വാഴുമവൻ പിതൃക്കൾ ശ്രീ
പുരത്തിലും ॥ ഒടുവിൽ ജ്ഞാനിയായ്ത്തീർന്നു മുക്തനായ്മരിച്ചിട്ടും ഇന്ന
ാറിട്ടെട്ടു നാമങ്ങൾ ജപിച്ചോർ പലർ സിദ്ധരായ് ॥ ഇവരെല്ലാമെഴു
തിയ സ്ഥലത്തുണ്ടാകും പുസ്തകം ഗ്രഹമാരിഭയം ചെറുമാത്സലത്തിൽ

ഭവിച്ചിടാ ॥ സൌഭാഗ്യമെന്നും വർദ്ധിക്കും പെട്ടെന്നു മാസിയിലാഴി
പോൽ ഈനാമങ്ങളും ജപിപ്പോനില്ലാതെല്ലുമായ്‌ നൃപ! ॥ ദേവി
തൻ ദിവ്യനാമാമൃതം കൃതകൃത്യനാമവൻ ഭക്തിമാനവനേവാനോർക്കെ
വിശ്വപാവനൻ ദേവം ॥ എന്നും ദേവകളും പൂജിക്കും ഭിന്നദേവതിങ്ങളെ
അമർ ശ്രാദ്ധകാലത്തിലിന്നാറിയെട്ടു നാമം ജപിക്കുകിൽ ॥ പിതൃക്കളും
തൃപ്തരായിട്ടു പരമാം ഗതിയാണ്ടിടും ॥ മുക്തിക്ഷേത്രങ്ങളാണെല്ലാം സാ
ക്ഷാൽ ജ്ഞാനമന്ത്രങ്ങളും സിദ്ധപീഠങ്ങളും ബോധിച്ചുമാനവർ പോയ്
ഭജിക്കണം ॥ ശ്രീദേവിതൻ രഹസ്യാതിരഹസ്യങ്ങളശേഷവും ॥ നീ ചോ
ദിച്ചതുകൊണ്ടുമേലെന്തിച്ഛിക്കുന്നു കേൾക്കുവാൻ?

ശ്രീദേവീഭാഗവതം ഏഴാംസ്കന്ധം
ആകെത്തീർത്ഥപീഠവർണ്ണനം
മുപ്പതാമദ്ധ്യായം.

മുപ്പത്തൊന്നാമദ്ധ്യായം

ജനമേജയൻ പറഞ്ഞു

ഹിമവാനിൽനിന്നു ദേവീമഹത്ത്വങ്ങളായിതെന്നതി മുൻപുരച്ചതു
നികഴിപ്പോർ വിസ്തരിച്ചുരചെയ്യണം ॥ ഏവനൊരാളെവൻ ദേവീകഥാ
സുധകുടിക്കിൽ? സുധാപാനേതൃപ്തിയുണ്ടാകില്ലതിക്കഥ കേൾക്കുകിൽ.

വ്യാസൻ പറഞ്ഞു

കൃതാർത്ഥൻ, ഭാഗ്യവാൻ, ധന്യൻ പരാശക്തി ശിക്ഷിതൻ പോൽ നി
ർവ്യാജമാം ഭക്തിപരാശക്തിയിൽ ചേർപ്പിക്കയാൽ ॥ കേൾക്കപ്പു
രാവൃത്തം സതീദേഹം ദഹിക്കവേ ഭ്രാന്തനായ് ചുറ്റിത്തിരിഞ്ഞു
നടന്നസ്ഥിരനായ് ശിവൻ ॥ പ്രപഞ്ചത്തിൻ ചിന്ത വിട്ടു സമാധിയിലേറ്റു
ക്രമവേ ധ്യാനിച്ചംബികയെയാത്മവാനായ്ക്കാലം കഴിച്ചുതേ ॥ ദേവശ
ത്രുമില്ലാതായ്തീർന്നു ത്രൈലോക്യത്തിങ്കലൊക്കെയും ഭൂമിയാഴികളോടെ
ല്ലാജഗത്തും ശക്തിഹീനമായ് ॥ അശേഷക്ഷമ ചിന്താതുരമാനന്ദം കുറ
വായ് നൃപ! ചിന്താതുരന്മാരായ് സുരന്മാരൊക്കെയും ॥ ദുഃഖാഗ്നി
മഗ്നരായെന്നും രോഗഗ്രസ്തരായിതേ ഗ്രഹങ്ങൾ ദേവകളും വിപരീത
ത്തിലായുടൻ ॥ ദേവിയെന്യേ ദുഃഖദൈവങ്ങളാൽ മന്നവർ ഖിന്നരായ്
ഇക്കാലത്തിങ്കലുണ്ടായി താരകാഖ്യൻ മഹാസുരൻ ॥ ത്രൈലോക്യനാഥ
നായ്ത്തീർന്നു ബ്രഹ്മാവിൻ വരത്തിനാൽ ശിവപുത്രനെന്ന്യേ ശിച്ചാൽ കൊ
ല്ലുകില്ലെന്നതാൻ വരം ॥ വിധിയേവമവൻ തൃപ്തികല്പിച്ചീടുകയാലവൻ
ശിവന്നു പുത്രനില്ലായ്കയാൽ മോദത്തോടലറീടിനാൻ ॥ അസുരോപദ്രവം

മൂലം സപ്താസനം വിട്ടുവെച്ചകം ശിവനപുത്രനില്ലാഞ്ഞിട്ടധികം ചിന്ത
വെച്ചൂതെ ● [illegible] ഭാഗ്യമില്ലാ
[illegible] ● എന്നാൽ തമ്മെയെല്ലാം
[illegible] ഏകാന്തേ [illegible] ,ഉപായവു
[illegible] ● [illegible] വാഴ്ന്നി
ല്ലമന്നിമ [illegible] ● [illegible]
[illegible], പരമില്ലിതിൽ നമ്മെപ്പെട്ടിപ്പിച്ചീടാനായവരം തൻ ശിക്ഷയാ
ണിതു് ● [illegible] ശിക്ഷകളായും ഉണ്ടോ
[illegible] ● പിന്നാമ്പൊന്നായം [illegible]
[illegible] [illegible] ഭൂവിൽ സഹി
ച്ചിടം ● [illegible] നി
വ്യാജഭക്ത്യാ, [illegible] ● സ്വര [illegible]
തീട്ടാ [illegible] പുറപ്പെട്ടാനായ [illegible]
യകൻ ● പ്രാപിച്ചാർ [illegible] പുര
[illegible] ● [illegible],അ
തിൻ [illegible]
യും ചിലർ [illegible], ചിലർ [illegible] ● ചിലർ സ്വ
[illegible], [illegible] ചിലർ [illegible] ചിലർ ക്രൂ
[illegible] ചിലർ ● [illegible] ചിലർ [illegible]
[illegible] ● ഇവവണ്ണം [illegible]
[illegible] മാസത്തിൽ നവമീവെളളി
യാഴ്ചയിൽ ● [illegible]
[illegible] ● [illegible]
[illegible]
[illegible] ● [illegible]
[illegible] ● സ്ത്രീയല്ല
[illegible]
[illegible] ● [illegible] കാലത്തു [illegible]
[illegible] ● [illegible]
[illegible]
[illegible] കേയൂരമം
[illegible] ● [illegible]
[illegible] ● നി
[illegible] വന്നിതാം

ന്ദുഖംപോലെയുള്ളൊളിതവളം ॥ നൽതങ്കത്തോടകശോഭിപ്പിച്ചീടുംവ ക്ത്രാബ്ജമുള്ളവളം അഷ്ടമിച്ചന്ദ്രനെപ്പോലെനെററി,നീണ്ടുള്ള ചില്ലി കളം ॥ ഫുല്ലാംബുജാക്ഷികളം,നല്ലനാസികം,മധുരാധരം മുല്ലമൊട്ടൊ ത്തദന്തങ്ങളം,ശോഭിക്കുമുത്തമാംഗകം॥ മണിക്കളെയെഴുന്നൊരത്നകിരീടവുമ ണിഞ്ഞവളം കേശത്തിൽമല്ലികാപിച്ചിമാലയാലുംലസിപ്പവളം ॥ ക സ്തൂരീതിലകംനേത്രത്രയമെകാണുംവിളങ്ങുവോളം പാശാങ്കുശവരാഭീതി നാലുകൈകളിലാണ്ടവളം ॥ രക്തവസ്ത്രംധരിച്ചുള്ളോളം,മാതളനൂവി നൊത്തവളം സർവ്വശൃംഗാരവേഷാഢ്യാവാനോരെല്ലാംനമിപ്പവളം ॥ സർവ്വാശാപൂരികാസർവ്വമാതാസർവ്വവിമോഹിനി പ്രസന്നസുമുഖീദേവിമ ന്ദസ്മിതമുഖാംബുജ॥ അവ്യാജകരുണാമൂർത്തിയവളെക്കണ്ടുമുൻപിലായ് ആകൃപാമൂർത്തിയെക്കണ്ടുനമിച്ചാർസുരരൊക്കയും ॥ ശക്തരായില്ലാ ഞ്ഞുമോതാൻബാഷ്പസംരുദ്ധകണ്ഠരായ് പണിപ്പെട്ടാണ്ടുധൈര്യത്തെ ഭക്ത്യാവലംബിച്ചുടൻ ॥ പ്രേമാശ്രുപൂർണ്ണനേത്രന്മാർസ്തുതിച്ചാർജഗ ദംബയെ.

ദേവന്മാർപറഞ്ഞു

നമോദേവി!മഹാദേവി!ശിവേ!തേസതതംനമഃ പ്രകൃതിക്കായ് നമസ്കാരംഭദ്രക്കായ് നമനംസദാ.

സർവ്വജ്ഞയാമീശ്വരി! ശ്രീവഹ്നി! । സ്വധാരേ!കർമ്മഫല പ്രദാത്രി! ।। ദേവാഗ്നിതന്നകമേയാകൾവോളെ । ത്ര്യംബികേ!തേഞങ്ങൾന മിച്ചിടുന്നു ॥ പ്രാണങ്ങൾശോഭിപ്പാതുവാഗ്രൂപത്രയം । ഉണ്ടാക്കി, യോതുന്നതുമൂഢർതെല്ലും ॥ മേത്തനകശക്തിപൃഥക്കാമധേനുവാ । വാ ദേ ഞങ്ങൾക്കതുകളേപുഷ്ടിയായ് ॥ വിധിസ്സുതാ,വൈഷ്ണവി,ലോക നാശിനി । ഗിരീന്ദ്രജാ,വാണി,സുരാംബിക,സതീ ॥ നമിച്ചിടാമവമ നേകരൂപമായ് । വിളങ്ങിടുംപാവനപാദാംബുജേ ॥ മഹാലക്ഷ്മി യെയോർക്കുന്നു । ധ്യാനിക്കാംസർവ്വശക്തിയേ ॥ തോന്നിക്കട്ടവാംബു ദ്ധിയെ !

നമോവിരാട്സ്വരൂപക്കായ് നമഃസൂത്രാത്മരൂപിണി! നമോവ്യാ കൃതരൂപക്കായ് നമഃശ്രീബ്രഹ്മരൂപിണി! ॥ യദജ്ഞാനാജ്ജഗത്സർപ്പം പോൽരജ്ജുവിൽ ഭിക്ഷുവിഷ്ടം യജ്ജ്ഞാനാത്തതുവതില്ലാതാമാരൂപിക്കായ് നമിച്ചിടാം ॥ നമസ്തൽപദലക്ഷ്യാർത്ഥേ! ചിദേകരസരൂപിണി! അഖ ണ്ഡാനന്ദരൂപേ!വേദാന്തൈർപുഷ്ടിമിക! ॥ പഞ്ചകോശാതിരിക്തേ ശി!സാക്ഷിസ്വരൂപാഖ്യിനി! ദേവി!തത്പദലക്ഷ്യാർത്ഥേ!പ്രത്യഗാത്മ സ്വരൂപിണി!॥ ഹ്രീംകാരമൂർത്തേ!പ്രണവസ്വരൂപേ!തേനമോനമഃ നാ നാമന്ത്രാത്മികേ!ദേവികരുണേ!തേനമോനമഃ ॥ വാഴ്ത്തപ്പെട്ടവരാലെ

[illegible]

ശ്രീമഹാദേവി പറഞ്ഞു

[illegible]

ദേവന്മാർ പറഞ്ഞു

[illegible]

വ്യാസൻ പറഞ്ഞു

[illegible]

ദേഹിഭേദനാതാം യോഗം ജ്ഞാനവും വേദസമ്മതം ചൊല്ലുന്നാം പര
മേശാനി നിതാൻ ജ്ഞാനായ് ഭവിക്കുവാൻ.

വ്യാസൻ പറഞ്ഞു

എന്നവൻ വാക്കുകേട്ടു പ്രസന്നമുഖപത്മയായ് വേദത്തിന്റെ
രഹസ്യാർത്ഥം പറവാനായ്ത്തുടങ്ങിനാൾ.

ശ്രീദേവീഭാഗവതം സപ്തസ്കന്ധം
ഭാഷാതിലകമാകുള്ള
മുപ്പത്തൊന്നാമദ്ധ്യായം.

മുപ്പത്തിരണ്ടാമദ്ധ്യായം.

ശ്രീദേവി പറഞ്ഞു.

ഞാൻ ചൊല്ലുന്നതു വാക്കെല്ലാം ദേവന്മാരും ശ്രദ്ധിക്കുവിൻ പ്രാ
പിക്കാമെന്റെ സ്വരൂപത്തെ ഇതുകൾ കേൾക്കുന്നമാത്രയിൽ. ഞാൻതാനി
തന്നാദ്യമന്യമൊന്നുമില്ല നഗാധിപ! അതാത്മരൂപം, ചിൽ, സംവിൽ,
പരബ്രഹ്മമേകനാമകം. അപ്രതർക്ക്യമനിർദ്ദേശ്യമനൌപമ്യമനാമയം
അതിന്നുണ്ടായ് സ്വയം ഒരു ശക്തിയെന്നാത്മശക്തി വിശ്രുത. സത്തല്ലത
ന്നസത്തല്ലതുഭയത്താൽ സമസ്തത്തും ഇവലക്ഷണങ്ങൾ പരാർത്ഥ
വാച്യമവസ്തുവാണതു്. ഇതഗ്നിക്കുഷ്ണതപോലെ സൂര്യന്നു കിരണങ്ങൾ
പോൽ ചന്ദ്രന്നു ചന്ദ്രികയെപ്പോലെ എന്നോടു ഇതു ജനിച്ചവൾ. അവളി
ൽ, പ്രളയേ ജീവാത്മാക്കളും, കർമ്മങ്ങളും, കാലവും സുഷുപ്തൌ വ്യവഹാര
ത്തോടു ലയിച്ചീടുന്നമട്ടായ്. എൻ മായാശക്തിയോടു ചേർന്നീ ഞാൻ ജഗൽ
കാരണഭൂതയായ് മായക്കു ദോഷമാധാരമാമാത്മാവേ മറയ്ക്കുന്നതാൻ.
ചൈതന്യാഭേദമായ് ചിന്മായക്കു നിമിത്തത പറഞ്ഞിട്ടും പ്രപഞ്ചത്തിന്നു
മാലുപാദാനത്വമതായിട്ടും. തപം, തമസ്സ്, ജാ, ജ്ഞാനം ജഡം, പ്രകൃതി,
ശക്തിയും പ്രധാനമെന്നു മൊഴിഞ്ഞീടും മായയെ ചിലതായ് ചിലർ ചൊല്ലിടുന്നു മാ
യയെന്നും ശൈവശാസ്ത്രവിശാരദർ അവിദ്യതാൻ മായയെന്നു വേ
ദതത്വാർത്ഥചിന്തകർ വേദാന്തികളിലിവ ഒന്നെന്നു ചൊല്ലീടും പലനാമവും ദൃ
ശ്യതയാൽ ജഡമതാം ജ്ഞാനനാശാലസത്തുമാം. ദൃശ്യതയില്ലചൈ
തന്യത്തിനെന്നാലതാം ജഡം സ്വയംപ്രകാശം ചൈതന്യമല്ലത
ന്യപ്രകാശിതം. അനവസ്ഥയിനാൽ തന്നാലും പ്രകാശിതമല്ലതു് കർത്താ
കർമ്മവുമൊന്നാകാ, ദീപംപോലതിനാലതു്. സ്വയംപ്രകാശമന്യത്തെ
പ്രകാശിപ്പിച്ചിടുന്നതും നിത്യതയതിനാൽ താനാബോധരൂപിണി

യാംമമ • ജാഗ്രൽസ്വപ്നസുഷുപ്ത്യാദൈരൂപ്യംവ്യത്യാസമെങ്കിലും
ബോധവ്യത്യാസാന്തരംലേശമില്ലാക്കമെടോ മമ • ഉണ്മയെന്നോതീടില
തിനെസാക്ഷിയായ് കണ്ടറിഞ്ഞിട്ടു ജ്ഞാനരൂപംതന്നെ ഭജിച്ചീടും
പിന്നെയുമൊക്കക • അതിനാൽതന്നെനിത്യത്വം ചൊല്ലുന്നുശാസ്ത്രവെ
ദികരും പരപ്രേമാസ്പദത്വത്താലതിന്നാനന്ദരൂപവും • ഭവിച്ചീല്ലെന്നല്ല
സുഖാമെൽഭവിച്ചീടുമെന്നതായ് അന്യമെല്ലാംവ്യാജമാകയകൊണ്ടസം
ഗത്വവുംഭദ്രം • അതുകൊണ്ടപരിച്ഛിന്നത്വവുമുണ്ടിയിനിക്കതാൻ
ആജ്ഞാനം,അല്ലേതവധർമ്മംധർമ്മികളണ്ടാംബാധത്വവും • ജഡാധീനത്വ
വും ജ്ഞാനത്തിനില്ലണ്ടാവതുംനഹി ചിദാത്മത്വവുമില്ലല്ലോചിത്തു
ചിത്തിനാമെളിയാ • ആത്മാജ്ഞാനസ്വരൂപൻതാൻസ്വരൂപന്തമെ
പ്പോഴും നിത്യൻപൂർണ്ണൻചെച്ചവിട്ടോൻമൈചതജാലവിവർജ്ജിതൻ •
അവനക്കാരകർമ്മാദിരൂപമംതന്നുടമായയാൽ പൂർവ്വവാസനയാൽക
ർമ്മകാലങ്ങൾപാകമാകവെ • തത്വങ്ങളെല്ലാമിരിപ്പാനായ്സൃഷ്ടികാമ
നതായിട്ടും അബ്ധോപൂർവ്വമീസൃഷ്ടി,യഹോ! നിന്നോടുരച്ചീടുന്നേൻ • എൻ
ലോകാതീതമായുള്ള രൂപവുംതാൻപറഞ്ഞിതേ അവ്യാകൃത"മതവ്യ
ക്തം"സർവ്വകാരണകാരണം • മായാശബളമെന്നുമെചൊല്ലീടുന്നുശാസ്ത്ര
മാകയും തത്വങ്ങൾക്കാദ്യമുണ്ടായസച്ചിദാനന്ദവിഗ്രഹം • സർവ്വക
ർമ്മത്തിനുംസാക്ഷിയിച്ചുജ്ഞാനക്രിയാശ്രയം ഹ്രീങ്കാരമന്ത്രവാച്യ
താൻതത്വങ്ങൾക്കാദിയായതും • അതിലാകാശമുണ്ടായിശബ്ദതന്മാ
ത്രരൂപകം സ്പർശാത്മകംവായുവത്രേരൂപാത്മാവാമായാമഗ്നിയും • രസാ
ത്മകംജലംപിന്നെഗന്ധാത്മികയതാംധര ശബ്ദൈകഗുണമാകാശം
വായുസ്പർശവാനപിതൻ • ശബ്ദംസ്പർശംരൂപമതുംചൊല്ലുമഗ്നിഗുണ
ങ്ങളായ് ശബ്ദംസ്പർശംരൂപമതുംരസവുംഗുണമപ്പിന • ശബ്ദംസ്പർശം
സംരൂപംഗന്ധവുംഗുണങ്ങളാം അത്രതങ്ങളിൽനിന്നുണ്ടായ് സൂത്രം,
ലിംഗമതിന്നുപേർ • സർവ്വാത്മകമതാത്മാവിൻസൂക്ഷ്മദേഹംഹിമാല
യ! മുൻപോതിനേൻജ്ഞാനവ്യക്തമതുകാരണദേഹമാം • ലിംഗാത്മ
വമതിൽ,ബീജരൂപമായ് വാസ്തുജംഗികൾ സർവ്വതത്വങ്ങളംപിന്നീടുപ്പ
ഞ്ചീകരണമാർന്നവ • അവയെണ്ണമായ്തീർന്നിട്ടുന്നാവിധംതൊന്നേ
ചെയ്തീടും മുൻചൊന്നൊരപ്പഞ്ചതത്വങ്ങളെണ്ണായ് പ്പകത്തതിൽ •
എല്ലാത്തിലുമെരോരംശംനാലാക്കിയവനാലുമെ ത്താത്തുവിട്ടന്യാം
യിൽചേർത്താലഞ്ചിലുമഞ്ചുമാം • തൽകാര്യംതാൻവിരാട്ദേഹമീ
യെൻസ്ഥൂലശരീരവും വെവ്വേറെയാപ്പഞ്ചതത്വാംശങ്ങളിൽനി
ന്നതാൻ ജ്ഞാനേന്ദ്രിയങ്ങളുമുണ്ടായ്,പിന്നക്കണ്ണംഗിരെ! അ
തൊന്നാമെങ്കിലുംവ്യഷ്ടിമെതാൽനാലുമാതിരി. അതിന്നുനങ്കല്ല

വികല്പരൂപത്വം । ബോധിപ്പിടുന്നോരുമനമെന്നനാമം ॥ പഞ്ചഭൂതാദിയെ
ന്നാലമാലക്കളതന്ന്യേ । സ്വനിശ്ചയത്തോടറിയുന്നതെന്നോ ॥ ചിന്തനമെ
ന്നോരുമതിനെ യന്ന്വസന്ധാനവേളയിൽ അഹങ്കാരവൃത്തിയാകിൽ
പൊരഹങ്കാരമെന്നുമാം ● ശ്രുതങ്ങൾതന്നെരജോംശങ്ങളൊരോന്നിൽനിന്നു
ളിന്നമായ് കൎമ്മേന്ദ്രിയങ്ങളുണ്ടായിതെന്നാപ്രാണങ്ങളെയുരെ ● ഹൃ
ത്തിൽപ്രാണൻഗുദെഅപാനൻസമാനൻനാഭിയിങ്കലും ഉദാനൻകണ്ഠദെ
ശത്തിൽ, വ്യാനൻദേഹത്തിലൊക്കയും ● ജ്ഞാനേന്ദ്രിയങ്ങളഞ്ചുമൊ
ന്നു കൎമ്മേന്ദ്രിയങ്ങളും അഞ്ചുപ്രാണങ്ങളുംബുദ്ധിമനസ്സുമിപ്പതിനേഴുമാ
യ് ● വരുന്നുസൂക്ഷ്മദേഹം, അതിനെലിംഗമെന്നുംപറഞ്ഞിടും ● ഞാനെന്ന
പ്രകൃതിതെളിഞ്ഞുവിധമായ്ചൊല്ലിടുന്നതെ ● ശുദ്ധസത്വാത്മികാമാ
യ, യവിദ്യ, ഗുണമിശ്രിതാ സ്വാശ്രയത്തെമറയ്ക്കാതരക്ഷിക്കുന്നതുമാ
യയാം ● അതിൽസ്വരൂപനാമാത്മാപ്രതിബിംബിക്കമായവൻ തന്നെ
യീശനാകുന്നതുഗുണാതീതസകലപരൻ ● സൎവ്വകൎത്താവുസൎവ്വ
ജ്ഞൻസൎവ്വാനുഗ്രഹകാരകൻ അവിദ്യയിലുമാത്മാവുപ്രതിബിംബിക്ക
ലുമാം ● ജീവനെന്നാണതിൻനാമംസൎവ്വദേഹാശ്രയംഗിരെ! വി
ദ്യോപാധികൾകൊണ്ടുപിംബിയ്ക്കുന്നതൊന്നുതന്നെയാം ● ദേഹത്രയാഭിമാന
ത്താലുമായ് മൂന്നുനാമവും കാരണത്തിന്നുപ്രാജ്ഞൻതാൻസൂക്ഷ്മ
ത്തിന്നതൈജസൻ ● സ്ഥൂലത്തിന്നുവിശ്വനെന്നുംമൂന്നായിച്ചൊല്ലി
ടുന്നതെ ഈശ്വരം, സൂത്രം, വിരാട്, എന്നുമെല്ലാമീശനാമങ്ങൾ ● വ്യഷ്ടി
സ്വരൂപൻതാൻജീവൻസമഷ്ടിരൂപകനീശ്വരൻ സൎവ്വേശ്വരൻതാൻ
ജീവാനുഗ്രഹത്തിന്നിച്ഛതാൻ ● നാനാഭോഗാസ്പദംനാനാവിധംവി
ശ്വംചമച്ചിടും അവരൊന്നിൽകല്പിതംഞാൻശക്തിപ്രതിഷ്ഠിതനെപ്പോ
ഴും ●

ശ്രീദേവീഭാഗവതം ഭാഷാഗദ്യം.

● ദേ വി ഗീ ത യി ൽ ത ത്വ നി രൂ പ ണം ●

മുപ്പതിരണ്ടാമദ്ധ്യായം.

മു പ്പ തി മൂ ന്നാ മ ദ്ധ്യാ യം.

ശ്രീദേവി പറഞ്ഞു

ചരാചരജഗത്തെല്ലാമെൻമായാശക്തികല്പിതം പരമാൎത്ഥ
ത്തിലാമായയെന്നിൽനിന്നന്യമല്ലതാൻ ● വ്യവഹാരാവസ്ഥയിങ്കൽ
മായാവിദ്യകളെന്നു ചൊല്ലിടും അതില്ലവാസ്തവത്തിങ്കൽകേവലംതത്വ
മാണുതാൻ ● ഞാനാകൎമ്മാദിയുതയായ് ഞാൻസൃഷ്ടിച്ചിജ്ജഗത്തിനെ പ്ര

വേശിക്കുന്നതിന്നുള്ളിൽ പ്രാണനെന്നുൻപറയാക്കിഞാൻ. പ്രാണനെന്ന
ക്രിയാവ്യാപകത്തിന്നു കാരണമാകയാൽ ഞായാദികളെക്കൊണ്ടുണ്ണ
ന്നൊരാകുന്നതുപോലെയവ. ഉപാധിയാൽ ഭിന്നയായിട്ടാൻ പലഭാവങ്ങളെ
ന്നോപ്പമായ് നിന്ദ്യാന്ന്യങ്ങളായുള്ളവയെ സംശോധിപ്പിക്കുന്നതാകുന്നൻ. ദോ
ഷിയല്ലയുള്ളപോൽ ശോഭനമല്ലാത്തവയെ കാണിക്കും ആരോപിക്കുന്നു ബു
ദ്ധ്യാദികർത്തൃത്വം ചിലരെന്നിലായ്. ചെയ്താവാതായാവണം ബോളുന്നറി
വറക്കണ്ണുമിക്കും ജ്ഞാനമാക്കൊണ്ടുമാകുമായാലും കൊണ്ടതെവിധം.
ജീവശബ്ദവിഭാഗങ്ങൾ കല്പിച്ചിട്ടിതായയാൽ ഘടാകാശമഹാ
കാശമെന്നുകൽപിച്ചിടുന്നപോൽ. കല്പിതം ജീവപരമാത്മാക്കളിൽ
ഭേദമങ്ങനെ ജീവത്വമൈശ്വര്യമൊന്നാകൽപിതം സ്വഭാവമല്ലതാൻ.
അതുപോൽ താനീശബ്ദനാമിക്കൊല്ലുംബെറ്റുതാവും ദേഹേന്ദ്രിയാദി
സംഘത്തിൻ വാസനാഭേദഭിന്നയും. അവിദ്യതാൻ ജീവഭേദഹേതുവ
ല്ലന്യമാകുന്നമേ ഗുണത്തിന്റെ വാസനാഭേദഭിന്നയായുള്ള മായതാൻ.
പരമേശ്വരനോടേതുവന്യമല്ലായെനാളുകേ എന്നിലാണീജഗത്തെ
ല്ലാം കോർത്തിരിപ്പതുപർവ്വത! ഞാനീശൻ ഞാൻ സൂത്രാത്മാ ഞാനാ
കുന്നൂ വിരാട്ടും ഞാൻ ബ്രഹ്മാവിഷ്ണുരുദ്രൻ വാണീലക്ഷ്മീഗൌരി
യും. ഞാൻ സൂര്യൻ ഞാൻ താരകകൾ ഞാൻ താനചന്ദ്രനായതും പശു
പക്ഷിസംഘമപരം ഞാൻ ചണ്ഡാളൻ, കള്ളനുഗ്രമം. വ്യാധൻ ഞാൻ
ക്രൂരവൃത്തൻ ഞാൻ സൽകൃതൻ ഞാൻ മഹാജനം സ്ത്രീപുന്നപുംസകാകാ
രമുള്ളോന്താനസംശയം. എന്തൊരുതരം വസ്തുവതങ്ങു കാണുന്നതു
കേട്ടീടുന്നതും ഉള്ളിൽ വെളിയിലും ഞാനതെല്ലാം വ്യാപിച്ചിരിപ്പവൾ.
ചരാചരങ്ങളെന്നോവിട്ടില്ലല്ലൊരു വസ്തുവും ഉണ്ടെങ്കിലതുശൂന്യം താ
ൻ വന്ധ്യാപുത്രനതുല്യമായ്. സർപ്പമാദിഭേദങ്ങൾ തോന്നുമാറോ
ന്നായൊരുരജ്ജുവിൽ എന്നിൽ തോന്നുന്നതാണീലോകഭേദങ്ങളൊക്കെ
യും. അധിഷ്ഠാനമില്ലാതെ ശോഭിക്കുന്നില്ല കല്പിതം അതുകൊണ്ടുമെൻ സ
ത്തയാൽ താൻ വിളങ്ങുന്നിതു സമസ്തപോൽ.

ഹിമവാൻ പറഞ്ഞു.

ഈ സമഷ്ടിസ്വാത്മകം ദേഹമൊന്നീ ചൊല്ലിയതുപോലവേ കാണുമാനിച്ഛി
ച്ചിടുന്നെന്നിൽ കൃപയുണ്ടെങ്കിലംബികേ!

വ്യാസൻ പറഞ്ഞു

എന്നവൻ വാക്കു കേട്ടിട്ടാഹരിയാദിവാനവർ തുഷ്ടരായിട്ട മോ
ദിച്ചാർ കൊണ്ടാടീട്ടാവചസ്സിനെ. അറിഞ്ഞിട്ടവർതന്നിഷ്ടം കാമധേ
നുസമാശിവ തൻ രൂപം കാട്ടിനാൾ ഭക്തകാമപൂരിണിയംബിക. പ
രമാമാവിരാട്‌രൂപം കണ്ടാർ ദേവകളൊക്കയും സ്വർല്ലോകം മസ്തകം സൂ

ൎയ്യചന്ദ്രന്മാർ നേത്രകണ്ണുകൾ ॥ ദിക്കുശ്രോത്രമമരർ വാക്കാം പ്രാണനാകുന്ന വായുവും വിശ്വംഹൃദയമെന്നോത്തും ശ്രവണജഘനമാമത്രും നഭസ്സു ലംനാഭിദേശം ജ്യോതിശ്ചക്രം വക്ഷസ്ഥലം മഹർല്ലോകംകണ്ഠദേശം ജനലോകംമുഖംമത്രം ॥ സത്യലോകാധസ്ഥിതമാം തപോലോകംലലാടവും ഇന്ദ്രൻതൊട്ടവർ ബാഹുക്കൾ ശബ്ദം ശ്രോത്രേന്ദ്രിയം തഥാ ॥ നാസത്യർ നാസകൾ ഗന്ധം ഘ്രാണമെന്നോതിടും ബുധർ അഗ്നിവക്ത്രമഹോരാത്രങ്ങൾ താൻ പക്ഷ്മങ്ങളായവ ॥ ബ്രഹ്മസ്ഥാനം ഭ്രൂവിലാസമപ്പുകൾ താലുവായത്രും രസം നാവെന്നു ചൊല്ലുന്നു കാലൻ ദംഷ്ട്രങ്ങളെന്നുമേ ॥ സ്നേഹലേശങ്ങൾ ദന്തങ്ങൾ മായയാകുന്നു പുഞ്ചിരി സൎഗ്ഗം കടാക്ഷം താൻ ലജ്ജയാകുന്നു മേലോഷ്ഠമായത്ര് ॥ ലോഭം കീഴ്ചുണ്ടധർമ്മം താൻ പൃഷ്ഠമെന്നോതിടുന്നതേ പ്രജാപതിയതാം മേഢ്രം ലോകം സൃഷ്ടിച്ചിടുന്നവൻ ॥ സമുദ്രങ്ങൾ കുക്ഷിയാണ് മലകൾ തന്നെയസ്ഥികൾ നദികൾ നാഡികൾ വൃക്ഷങ്ങളാണംഗരുഹങ്ങളും ॥ കൗമാരയൌവ്വനജരാവസ്ഥകൾ താൻ വയോഗതി മേഘങ്ങൾ തന്നെ കേശങ്ങൾ സന്ധ്യകൾ രണ്ടുമംബരം ॥ രാജൻ! ശ്രീജഗദംബികചന്ദ്രനാകുന്നു മാനസം ഹരിബുദ്ധിയവൾക്കന്തഃകരണം രുദ്രനായവൻ ॥ നാനാജാതിപശുക്കളവൾ ശ്രോണിദേശസ്ഥിതങ്ങൾ താൻ അതലംതൊട്ടലോകങ്ങൾ കട്യധോഭാഗങ്ങളാം ॥ ഈവണ്ണമാമഹാരൂപം കണ്ടമരപുംഗവർ ജ്വാലാകലംജഗതെല്ലാം നാവുകൊണ്ടിട്ടു നക്കിയും ॥ ദംഷ്ട്രാകടകടാശബ്ദം ചൊരിച്ചും നേത്രവഹ്നിയും പൂണ്ടുനാനായുധം ബ്രഹ്മക്ഷത്രമോദനമായുമേ ॥ ആയിരം തലനേത്രങ്ങളായിരം കാലുമായിരം കോടിസൂര്യപ്രഭം മിന്നൽ കോടിപോൽ ശോഭയുള്ളത് ॥ ഭയങ്കരം മഹാഘോരം ഹൃന്നേത്രങ്ങൾക്കതിഭീതിദം കണ്ടിട്ടമരരെല്ലാരും ഹാഹാകാരം മുഴക്കിനാർ ॥ മനസ്സിളകിയത്യന്തം മൂർച്ഛിച്ചുപോയവരൊക്കയും ഇവളംബികയാണെന്നോർമ്മയും കൂടിമാഞ്ഞുപോയ് ॥ ദേവിതൻ നാലുഭാഗത്തും നില്ക്കും വേദങ്ങൾ തൽക്ഷണം ഏറ്റം മൂർച്ഛിച്ചോരവരെയതിൽനിന്നുണർത്തിനാർ ॥ ധൈര്യമാന്നവരന്നേരം ശ്രേഷ്ഠശ്രുതിലബ്ധിയാൽ പ്രേമാശ്രുപൂർണ്ണനയനന്മാരായ് തൊണ്ടയടച്ചുമേ ॥ ബാഷ്പഗദ്ഗദയാം വാക്കാൽ സ്തുതിപ്പാനായ്തുടങ്ങിനാർ.

ദേവന്മാർ പറഞ്ഞു

നിൻ കേൾക്കുന്നായതങ്ങൾക്കുള്ള പരാധം ക്ഷമിക്കനീ കോപംകളയുകീരൂപംകണ്ടുഞങ്ങൾ ഭയന്നുപോയ് ॥ മൂഢരാം വാനവർ ഞങ്ങൾ നിന്നെ വാഴ്ത്തുന്നതെങ്ങനെ? അറിയാ ഞങ്ങളെങ്ങൾ നിന്നെയമ്മേട്ടറിഞ്ഞിടും ॥ പിന്നീടുണ്ടായവർക്കമ്മേ അറിവാം നിൻ പരാക്രമം? നമ

സ്ഥൂലവനേശാനി! നമസ്തുപ്രണവാത്മികേ! ॥ സർവ്വവേദാന്തസംസിദ്ധേ! നമോഹ്രീങ്കാരരൂപിണി! ഏതിൽനിന്നാണുത്ഭവിച്ചതഗ്നിയുംസൂർയ്യചന്ദ്രരും ॥ ഔഷധിക്കൂട്ടമുള്ളതസ്സർവ്വാത്മാവേനമിച്ചിടാം ഏതിങ്കൽനിന്നുണ്ടായ് ദേവകളുംസാദ്ധ്യരുംപക്ഷിവൃന്ദവും ॥ പശുക്കളുംമർത്ത്യരുമാസ്സർവ്വാത്മാവേനമിച്ചിടാം പ്രാണാപാനവ്രീഹിയവതപഃശ്രദ്ധകൾസത്യവും ॥ ബ്രഹ്മചര്യംവിധിയുമിങ്ങതിൽനിന്നതിനായ്നമഃ സമിത്ത്, പ്രാണ, നച്ചിസ്സ്, ഹോമം, ലോകമിതൊക്കയും ॥ ഏഴേഴെതിൽനിന്നുമുണ്ടായസ്സർവ്വാത്മാവിനായ്നമഃ സമുദ്രങ്ങൾമലകളുംനദീനദസമൂഹവും ॥ ഏതിൽനിന്നോഷധിരസങ്ങളുമായതിനായ്നമഃ യജ്ഞം, ദീക്ഷാ, യൂപം, ഓരോരോവിധദക്ഷിണകളൊക്കയും ॥ സാമം ഋക്ക് യജുസ്സെതിന്നസ്സർവ്വാത്മാവിനായ്നമഃ മുൻപിലുംപിൻപിലുംരണ്ടുപാർശ്വങ്ങളിലുമായ്നമഃ ॥ കീഴിലുംമേലിലുംനാലുദിക്കിലുംതേനമോനമഃ അലൌകികമതാംനിന്നീരൂപത്തെനീമറയ്ക്കണം ॥ അതിസുന്ദരമാംനിൻമുൻരൂപത്തെത്തന്നെകാട്ടുക.

വ്യാസൻ പറഞ്ഞു

ഏവംഭയന്നസുരരെക്കണ്ടകരുണയുള്ളവൾ ഘോരരൂപംമറച്ചിട്ടുകാട്ടിനാൾസുന്ദരാകൃതി ॥ പാശാങ്കുശവരാഭീതിധരംസർവ്വാംഗകോമളം കരുണാപൂർണ്ണനയനംമന്ദസ്മിതമുഖാംബുജം ॥ കണ്ടസ്സുന്ദരരൂപത്തെഭയമില്ലാതെദേവകൾ അതിമോദത്തോടുംകൂടിനമിച്ചാർശാന്തചിത്തരായ്.

ശ്രീദേവീഭാഗവതം ഏഴാംസ്കന്ധം
വിരാഡ്രൂപദർശനം
മുപ്പത്തിമൂന്നാമദ്ധ്യായം.

മുപ്പത്തിനാലാമദ്ധ്യായം

ശ്രീദേവി പറഞ്ഞു

നിർഭാഗ്യരാംനിങ്ങളെങ്ങിതെൻരൂപംമഹാത്ഭുതം എങ്കിലുംഭക്തവാത്സല്യാലിതുനിങ്ങൾക്കുകാട്ടിനേൻ ॥ യാഗംദാനം, തപംവേദപാഠംയോഗമിതൊക്കയും കൊണ്ടുംകാണ്മാൻശക്യമല്ലീരൂപമെൻകൃപയെന്നിയേ ॥ പ്രകൃതംകേൾക്കരാജേന്ദ്ര! പരമാത്മാവുജീവനായ് ഉപാധിമൂലംകർത്തൃതാദികളുംവന്നവൻ ॥ കാരാക്രിയകൾചെയ്യുന്നുധർമ്മാധർമ്മനിദാനമായ് നാനായോനികളെപ്രാപിച്ചുള്ളസുഖദുഃഖവും ॥ അതിൽവാസനയാൽനാനാകർമ്മതൽപരനായ്സദാ നാ

നാമമേവമെട്ടുകന്ദ്രിയങ്ങൾക്കന്തൃസ്വാഭാവികം ॥ ഏടീഷണത്രയംപോലെയാ
തിന്നില്ലനശമൊന്നാകിലും ജ്ഞാനത്താൽമൃത്യുഭവപിന്നെ, പ്പിന്നീട
കർമ്മവും അതിനാൽ മർത്ത്യന്മാരജ്ഞാനനാശത്തിന്നായ് ശ്രമിക്കണം ജ്ഞ
ജ്ഞാനനാശനം തന്നെ ജ്ഞാനസാഫല്യമാകിലും ॥ ജീവന്മുക്താവസ്ഥയ
ങ്ങും പുത്രഷാത്മസമപ്പിതും നല്ലവിദ്യകൊണ്ടു താൻ കരിയജ്ഞാനത്തെയ
കറവുവാൻ ॥ അജ്ഞാനജ കർമ്മജ്ഞാനത്തെപ്പ്രാപിപ്പാരികളും
ജ്ഞാനംപോക്കുവാൻ കർമ്മം കൊണ്ടു സിദ്ധിക്കുമോ ദ്വേഷവും ॥ അനർത്ഥ
ങ്ങൾ കർമ്മങ്ങൾ പിന്നെയും പിന്നെയും അതിൽ രാഗദ്വേഷങ്ങളാ
യുണ്ടായീടുമനർത്ഥവും ॥ അതുകൊണ്ടു പണിപ്പെട്ടു ജ്ഞാനം നേടീടണം
നരൻ "കർമ്മം ചെയ്യേണ്ടതാനെന്നോ, വശ്യം കർമ്മവുമാകയാൽ, ॥ ജ്ഞാ
നത്താൽത്തന്നെ കൈവല്യമതിനാൽ ജ്ഞാനമുഖ്യം ജ്ഞാനത്തിന്നു സ
ഹായിക്കും കർമ്മം ചെയ്യുംപടിതന്നെയും" ॥ ചിത്തശുദ്ധിയുണ്ടാകുമെവിരോ
ധാൽ വരികില്ലതു് ഹൃദയഗ്രന്ഥിഭേദം ജ്ഞാനത്താൽ കർമ്മം ഗ്രന്ഥി
സംഭവം ॥ കർമ്മജ്ഞാനങ്ങൾ ചേരില്ലന്യോന്യം പൊരുതികില്ലതന്നെ സം
ഭവിക്കില്ലാന്നേ പിന്നെ തമ്മിൽ പുലിത്തുമൊന്നും ॥ കർമ്മങ്ങളെല്ലാമതിനാൽ
ചിത്തശുദ്ധിവരുംവരെ വിധിപോലെ പിന്നിട്ടു ചെയ്യേണ്ടതിനെമഹാ
മതേ! ॥ ശമം, ദമം, തിതിക്ഷാ, വൈരാഗ്യവു, "ചിത്തശുദ്ധിയാം" ക
ർമ്മങ്ങളുപവ്ത്രന്തനിമ്പാപമതിനപ്പുറം ॥ ചിത്തശുദ്ധൻ സന്ന്യസിച്ചു
വിജിതേന്ദ്രിയനായവൻ ജ്ഞാനിയാം നല്ലഗുരുവെ ഭക്തിയോടാശ്രയിക്ക
ണം ॥ വേദാന്തശ്രവണം നിത്യം ചെയ്യേണം മടിയെന്നിയേ തത്ത്വമസ്യാ
ദിവാക്യങ്ങൾക്കർത്ഥം ചിന്തിക്കണം സദാ ॥ തത്ത്വമസ്യാദിവാക്യം താൻ
ജീവബ്രഹ്മൈക്യബോധനം ഐക്യം വന്നാൽ ഭിദിയെന്നിൽ രൂപമാ
യ്ത്തീരുമായവൻ ॥ പദാർത്ഥജ്ഞാനമില്ലാതെ വാക്യാർത്ഥം ചിന്തചെ
യ്യേണ്ടതല്ലതതിന്റെ ജ്ഞാനത്തിനാകുന്നു പ്രസിദ്ധമായ് ॥ ത്വം
പദത്തിന്റെ വാച്യാർത്ഥജീവൻ തന്നെ സംശയം തത്പദമെന്നൈക്യമ
സിയാം പദമെന്നതിട്ടുബുധർ ॥ പരോക്ഷമായ്ജീവശക്തിയാകിലെല്ലു
ക്യമെങ്കിലും വേദാന്തം ത്വം പദത്തിന്റെ ലക്ഷണയാൽവരും ॥ അ
വർ ചിത്തത്താൻ ലക്ഷ്യമതിനാൽ വന്ന ഐക്യവും ജീവശിവൈക്യ
ജ്ഞാനത്താൽ, താൻവേറല്ലാതെകാരകനാം ॥ ഇവൻതാനിപ്പറഞ്ഞ
തെന്ന പാരോക്ഷ്യലക്ഷണ സ്ഥൂലദേഹമില്ലതെല്ലാമായ്ത്തീർന്നി
ട്ടവൻ ॥ പഞ്ചീകൃതമഹാഭൂതസംഭൂതം സ്ഥൂലമാം തന്നു ഭോഗാലയം
ജരാവ്യാധിസംയുതം കർമ്മകാരണം ॥ മിഥ്യാഭൂതമായകണ്ടു ശോഭി
ക്കുന്നുമിങ്ങിയായ് ഉത്തമാവായിട്ടുമൻ സ്ഥൂലോപാധിയാണല്ലയ
ര! ॥ ജ്ഞാനകർമ്മേന്ദ്രിയങ്ങളും പഞ്ചപ്രാണനും മനസ്സുംബു

ധിയും സ്ഥൂലദേഹമന്നാർക്കഹങ്കാരം ॥ അപഞ്ചീകൃതഭൂതജാതമാം
സൂക്ഷ്മദേഹം, ദ്വിതീയമാം ആത്മോപാധി, ചിതാകുന്ന സ്വപ്നദേഹാഭി
ബോധകം ॥ അവ്യാകൃതമായദ്വിതീയമറ്റൊന്നുണ്ടല്ലോ തൃതീയമാം ആ
ത്മോപാധി, വിളങ്ങീടുന്നു കാരണദേഹമായ് ॥ കേവലാത്മാവു ദേ
ഹത്രയോപാധികൾ കലർന്നിരിക്കവേ പഞ്ചകോശങ്ങളിൽ ഹൃത്തിൽ കൂടിക്കളി
ക്കുന്നു ॥ പഞ്ചകോശങ്ങളെ വിട്ടാൽ ബ്രഹ്മപൂർണ്ണമായിട്ടിരിക്കുന്നു. എന്ന
തുപോലെ നേതി നേതി വാക്യങ്ങൾകൊണ്ടു ചൊല്ലുന്നു ॥ ജനിക്കില്ലമരി
ക്കില്ലെന്നാകില്ലെന്നായുമില്ലവൻ ॥ പുരാണൻ ശാശ്വതൻ നിത്യൻ ഇന്ദ്രിയ
ഗോചരനല്ലവൻ ॥ ഹന്താവെന്നാത്മാവിനെക്കൊൾവോർ ഹതൻ എ
ന്നതിനെയറിയാത്തവർ ॥ രണ്ടുപേർക്കുമില്ലറിവു കൊല്ലുന്നില്ല കൊല്ലപ്പെടുന്നില്ലവൻ.

അവനാത്മസ്വരൂപ [illegible] മാതാപിതാക്കളുമില്ലാ
ത്തവനായാത്മാവു ॥ വികല്പമറ്റാമവൻ മാവുമൊരാൾ । തിരിച്ചറിഞ്ഞാൽ ശ
ങ്കാവിശോകനാകാം. ॥

ശരീരത്തിൽ സ്വാമിയാത്മാവെന്നു ധരിക്കുന്നു ബുദ്ധിമാന്മാർ
ആകുന്നകടിഞ്ഞാണെന്ന് മനസ്സുതാൻ ॥ ഇന്ദ്രിയങ്ങൾ കുതിരകൾ മാർഗ്ഗങ്ങൾ
വിഷയങ്ങളാം ക്ഷേത്രമാം രഥത്തിനാൽ അനേകർ മനീഷികൾ ॥
സ്ഥൂലമാം ദേഹിതൻ വിചാരമില്ലാതെ കാനജിതേന്ദ്രിയൻ ഇവർക്കാത്മപദം
കിട്ടില്ല സംസാരഗതി ॥ സമ്പൂർണ്ണ ചെയ്യുന്നവൻ വിവേകി ജിതേ
ന്ദ്രിയൻ സമ്പൂർണ്ണം പ്രാപിക്കുമെതിൽ നിന്നിട്ടു പിന്നെ ജനനമില്ലയോ? ॥
വിജ്ഞാനസാരഥിയുള്ള മനഃ പ്രഗ്രഹവാൻ നരൻ അവൻ വഴികട
ന്നാൽ പരമമാം പദമാണിതും ॥ ശ്രവിച്ചാലെന്നും ചെയ്യേണ്ടതറിഞ്ഞോ
ത്മാവു യാതനാനിദിദ്ധ്യാസനമായാത്മരൂപമാമെന്നോർക്കണം ॥
നിർവ്വിശേഷമൻപുള്ളിൽ മൂന്നക്ഷരത്തെ ധ്യാനിച്ചു ചെയ്യണം മായാബീജമ
തിൻമന്ത്രവാച്യമിപ്രാണത്തിനാണെന്നു ॥ ഹകാരം താൻ സ്ഥൂലദേഹം ര
കാരം സൂക്ഷ്മദേഹവും ഈകാരം കാരണം നാലാമതാം ഹ്രീങ്കാരമാണെ
ന്നോൻ ॥ സമഷ്ടിദേഹിയെന്നറിഞ്ഞാത്മാക്ഷരങ്ങളെ സമഷ്ടിവ്യഷ്ടി
യൊന്നാക്കി ബുദ്ധിമാൻ ചിന്തചെയ്യണം ॥ സമാധിവന്നിട്ടും മുമ്പീവ
ണ്ണം ഭാവിച്ചനാരതം ധ്യാനിക്കണം ജഗന്മാതാവാകുമെന്നായനന്തരം ॥
നാസാഗ്രങ്ങളാം പ്രാണാപാനനായമൊന്നപ്പോൾ അടക്കീട്ടു, വിഷയ
ങ്ങളെ വിട്ടു വിശുദ്ധനായ് ॥ നിർവ്യാജഭക്ത്യാ ഗുഹയിൽ നിർജ്ജനസ്ഥ
ലവാസിയായ് വിരാട്ടാത്മാവാം ഹകാരത്തെ രകാരത്തിലടക്കണം ॥
ഹിരണ്യഗർഭാത്മാവാം രകാരത്തെ ഈകാരത്തിലടക്കണം പ്രാജ്ഞാത്മാവീ
കാരത്തെ ഹ്രീങ്കാരത്തിലടക്കണം ॥ നാദചൈതന്യശിഖാഗ്രത്തിൽ വാ
ക്യവാചകഹീനമാം അഖണ്ഡസച്ചിദാനന്ദാത്മകമായ് ചിന്തചെയ്യ

ണം ॥ ധ്യാനിച്ചിട്ടെന്നെയീവണ്ണം നേരെ പ്രത്യക്ഷമാക്കുകിൽ തന്മയ
നാകന്താനന്ദരൂപനായ് താൻ തീരുമായവൻ ॥ യോഗത്താൽ പര
മാത്മാവാമെന്നെക്കാണുകിലപ്പോഴേ സകാര്യമാകമത്തൊന്നെല്ലാം ത
ന്നെ നശിച്ചുപോം.

ശ്രീദേവീഭാഗവതം ഏഴാംസ്കന്ധം
ദേവീഗീതയായദേവീമാഹാത്മ്യം
മുപ്പത്തിനാലാമദ്ധ്യായം.

മുപ്പത്തഞ്ചാമദ്ധ്യായം.

ഹിമവാൻ പറഞ്ഞു.

ജ്ഞാനമാം സാംഗയോഗം നീ ചൊല്ലണം പരമേശ്വരി! തത്ത്വം
കാണുമാറെന്നുടെ സ്വാൽ യോഗ്യനാം ഞാനതേവിധം.

ശ്രീദേവി പറഞ്ഞു.

യോഗം നഭസ്തലം ഭൂമി സ്വർഗ്ഗങ്ങളിലുമല്ല, തു് യോഗജ്ഞന്മാർ, ജീ
വപരന്മാരൈക്യം താനെന്നു ചൊല്ലിനാർ ॥ യോഗത്തിന്നാറുശത്രു
ക്കൾ വിഘ്നകാരികളായവ കാമം ക്രോധം ലോഭമോഹം മദം മത്സര
മെന്നതും ॥ അഷ്ടാംഗങ്ങൾക്കൊണ്ടവയെ വെന്നു യോഗികളാം, ബുധർ
യമം, നിയമവും, പ്രാണായാമ, മാസനമായതും ॥ പ്രത്യാഹാരം, ധാര
ണയും, ധ്യാനം, പിന്നെസ്സമാധിയും അഷ്ടാംഗമിവ യോഗിക്ക യോഗം
സാധിച്ചുകൊള്ളുവാൻ ॥ അഹിംസാ, സത്യ, മസ്തേയം ബ്രഹ്മചര്യം മാ
ർജ്ജവം ക്ഷമ, ധൈര്യം, മിതാഹാരം ശൗചം, മിപ്പത്തുതാൻ യമം ॥
തപം, സന്തോഷ, മാസ്തിക്യം, ദാന, മദ്ദേവപൂജനം വേദാന്തശ്രവണം,
ലജ്ജ, മതി, ഹോമം, ജപങ്ങളും ॥ ഇപ്പത്തും നിയമങ്ങൾ ഞാനുരച്ചേൻ
ഗിരിനായക! പത്മാസനം, സ്വസ്തികവും, ഭദ്രം, വജ്രാസനം തഥാ ॥ വീ
രാസനവു, മീവണ്ണം ചൊല്ലുന്നാസനങ്ങളെ തുടകൾ രണ്ടിലും മേൽഗ്ഗ്യാ
വച്ചു പാദതലങ്ങളെ ॥ അംഗുഷ്ഠങ്ങൾ വ്യുത്ക്രമമായ് കൈകൾകൊണ്ടു
പിടിക്കണം യോഗികൾക്കിഷ്ടമായുള്ള പത്മാസനമതാസ്മൃതം ॥ തുട
യും മുട്ടിനും മദ്ധ്യേ വച്ചു പാദതലങ്ങളെ ഉള്ളുദേഹത്തൊടും വാഴുന്നതു
താൻ സ്വസ്തികാസനം ॥ ഉൽഫങ്ങൾ വൃഷണത്തിൻകീഴ് സീവിനിക്ക
രികാകണം പാദപാർഷ്ണികൾ കൈകൊണ്ടു ദൃഢമായിപ്പിടിക്കണം ॥
യോഗികൾ ബഹുമാനിക്കും ഭദ്രാസനമിതാസ്മൃതം കാലുകൾ തുടമേൽ വ
ച്ചു കൈകൾ മുട്ടിൽ തിരിച്ചുമേ ॥ വച്ചിരിക്കുന്നതാകുന്നു വജ്രാസനമന
ന്തരം ഒരുപാദം താഴെ വച്ചിട്ടന്യം തുടയിൽ വച്ചുമേ ॥ ഉള്ളുകായനതാ

യ് വാഴ്ന്നീടുവിരാസനംഗിരേ! ഉൾവലിച്ചിടായാൽബാഹ്യവായു
ഷോഡശമാത്രയാൽ • പൂരണം ചെയ്യണംയോഗിയതുവത് നാലുമാത്ര
യാൽ ദ്വാത്രിംശന്മാത്രയാകുംസുഷുമ്നാമദ്ധ്യേവായുവേ • പിംഗലാനാ
ഡിയിൽക്കൂടിവിടണംയോഗവിത്തമൻ പ്രാണായാമമിതെന്നോതും
യോഗശാസ്ത്രവിശാരദർ • ബാഹ്യവായുവിനാലേവം ചെയ്യണംപല
വട്ടവും പന്ത്രണ്ടാപ്രതിനാറോതാൻക്രമമായ് മാത്രകൂട്ടണം • ജപ
ധ്യാനങ്ങളോടൊത്താപ്രാണായാമംസഗർഭമാം വിഗർഭമവചെയ്യാത്ത
തെന്നുംചിലർപറഞ്ഞിടും • ക്രമാഭ്യാസംകൊണ്ടുദേഹംവിയർക്കുമധമ
ത്തിന്നു വിറയ്ക്കുംമദ്ധ്യമത്തിന്നുത്തമംക്രു വിട്ടുപോങ്ങിടും • ക്രമിവിട്ടുകി
ളുന്നീടുംവോളംശീലിക്കണംക്രമാൽ വിഷയങ്ങളതിൽച്ചെല്ലുമിന്ദ്രിയങ്ങ
ളെയൊന്നുപോൽ • ബലാൽപിടിച്ചുടക്കൽതാൻപ്രത്യാഹാരമതെ
ന്നത്രേ അംഗുഷ്ഠംകാൽമുട്ടുതുടമൂലലിംഗസ്തനാദികൾ • ഏതാണ്ടെണ്ണംനാ
ഡികൾരണ്ടുംചേർന്നിട്ടുള്ളതാനാസിക നെററിമൂർദ്ധാപാദശാന്തംവരെ
യുംവിധിപോലവേ • പ്രാണവായുവതിൻധാരണംതാൻധാരണയായി
ട്ട് ചൈതന്യത്തിങ്കൽവർത്തിക്കുംസമാഹിതമനസ്സിനാൽ • ഇഷ്ടദേ
വതതൻധ്യാനംധ്യാനമെന്നുപറഞ്ഞിടും സജീവപരമാത്മൈക്യ
ഭാവനയോഗികൾ • സമാധിയെന്നോതുമതിനെൻതാനഷ്ടാംഗ
ലക്ഷണം ശ്രേഷ്ഠമാമന്ത്രയോഗംതാൻനിന്നെപ്പഠിപ്പിച്ചിടാം • പ
ഞ്ചഭൂതാത്മകംചന്ദ്രസൂര്യവഹ്നിസമന്വിതം ജീവബ്രഹ്മൈക്യസഹിതം
വിശ്വത്താനിശ്ശരീരവും • നാഡികൾമൂന്നരക്കോടിയിശ്ശരീരത്തിലുണ്ടു
കേൾ പത്താണവയിൽമുഖ്യങ്ങൾമൂന്നാണവയിൽചൊല്ലുമ • മുഖ്യങ്ങ
ളവനട്ടെല്ലിൽസൂര്യചന്ദ്രാഗ്നിരൂപികൾ ഇടത്തിഡാനാഡിശുഭ്രാചന്ദ്ര
രൂപിണിയാണത് • ശക്തിസ്വരൂപമാനാഡിസാക്ഷാദമൃതവിഗ്രഹ
വലത്തുപിംഗലാനാഡീപുംരൂപാസൂര്യരൂപിണീ • സർവ്വതേജോമയീ
നാഡീസുഷുമ്നാവഹ്നിരൂപിണീ തന്മദ്ധ്യേചിത്രാഖ്യനാഡിയിച്ഛാ
ജ്ഞാനക്രിയാത്മികാ • മദ്ധ്യേസ്വയംഭൂവാംലിംഗംകോടിസൂര്യസമപ്ര
ഭം സബിന്ദുനാദംഹ്രീങ്കാരമായാബീജംതദൂർദ്ധ്വമായ് • അതിന്നുമേൽ
കുണ്ഡലിനീകതാപീ പശിഖാസമാ ദേവ്യാത്മികയിതെന്നോതുമെ
ന്നിൽനിന്നതിനായാം • അതിന്റെവെളിയിൽതപ്തസ്വർണ്ണാഭമാ
ലിതൾനാലൊട്ടും വാദിസാന്താക്ഷരംചേർന്നപത്മത്തെച്ചിന്തചെയ്യ
ണം • അതിന്മേലനലപ്രഖ്യംഷഡ്ദളംചേർന്നാറോടും ബാദിലാന്താക്ഷ
രംചേർന്നംസ്വാധിഷ്ഠാനമന്നത്തമം • മൂലമായ് തീർന്നുഷട്കോണമൂ
ലാധാരമതിന്നുപേർ പരാധിഷ്ഠാനമതിനാൽസ്വാധിഷ്ഠാനമതിന്നു

പേർ ॥ അതിന്നുമേൽനാഭിയിങ്കൽമണിപൂരംമഹാപ്രഭം മേഘപ്രഭം
വിദ്യുദാഭംപത്രംതേജോമയംതുലോം ॥ മണികൾപോൽപ്രകാശിക്കു
ന്നതിനാൽമണിപൂരകം ഡാദിഫാന്താക്ഷരമേഴയംദളങ്ങൾപത്തുമു
ന്നു ॥ വൈകുണ്ഠൻവാണിടുംപത്മംവിഷ്ണുദർശനകാരണം അനാഹ
തംപത്മമതിൻമുകളിൽസൂര്യസന്നിഭം ॥ കാദിഠാന്താക്ഷരമേ പന്ത്ര
ണ്ടുദളമുള്ളതു് തന്മധ്യത്തിൽബാണലിംഗംസൂര്യായുതസമപ്രഭം ॥
ശബ്ദബ്രഹ്മമയംശബ്ദംതാഡിക്കാതതിൽവാഴ്കയാൽ അനാഹതംപ
ത്മമെന്നുമുനിമാർപറയുന്നതേ ॥ തത്രവാഴുന്നതാണാനന്ദത്തിന്നു
തൊരിരിപ്പിടം വിശുദ്ധിയാണതിൻമീതെസ്വരങ്ങൾപതിനാറോ
ടു ॥ പതിനാറുദളംധൂമ്രവർണ്ണംപത്മംമഹാപ്രഭം വിശുദ്ധമാകുമാ
ത്മാവേകണ്ടിട്ടജീവനെയാകയാൽ ॥ വിശുദ്ധിയെന്നതിൻനാമമാ
കാശാഖ്യംമഹാത്ഭുതം ആജ്ഞാചക്രമതിന്മേലെയാത്മാവാഴുന്നതാ
ണതു് ॥ ആജ്ഞയെല്ലാമതിൽ ചെയ്യുമീശനാജ്ഞാഖ്യയാകയാൽ ഹ
ക്ഷാക്ഷരംരണ്ടുദളംപത്മമേറാംമനോഹരം ॥ കൈലാസാഖ്യമതിന്നും
മേലതിൻമുകളിൽരോധിനി ഏവമായാചക്രങ്ങളുരച്ചുതവസുവ്രത! ॥
ബിന്ദുസ്ഥാനമതിന്നുമേലായിരംദളമുള്ളതു് ഇവ്വണ്ണം,ശ്രേഷ്ഠമാംയോ
ഗമാർഗ്ഗംഞാനുരചെയ്തതേ ॥ വായുവോടുംമനസ്സോടുംമൂലാധാരത്തിലാ
ക്കണം പീഡിപ്പിച്ചുകുണ്ഡലിനീശക്തിയെയുണർത്തണം ॥ ലിംഗ
മേക്രമാൽ ബിന്ദുചക്രത്തിങ്കലുമാക്കണം ശിവനോടൈക്യമായിട്ടു
ശക്തിയെച്ചിന്തചെയ്യണം ॥ അതിലുണ്ടായിടുംലാക്ഷാരസതുല്യാമൃത
ത്തിനെ പാനംചെയ്യിക്കണംസിദ്ധികരംമായാഖ്യശക്തിയെ ॥ ഷൾ
ചക്രദേവതകളെത്തൃപ്തിപ്പെടുത്തമൃതത്തിനാൽ ആമാർഗ്ഗമായ്തന്നെമൂലാ
ധാരത്തിൽചേർക്കണംബുധൻ ॥ ഈവണ്ണംദിവസന്തോറുമഭ്യസിക്കു
കിൽനിശ്ചയം ഉഗ്രമന്ത്രങ്ങളുംസിദ്ധിച്ചീടുമദ്രിനൃപാഗിരേ! ॥ സം
സാരദുഃഖമററീടുംജരാമരണദുഃഖവും ജഗന്മാതാവതാംദേവിയാമെൻ
നുണ്ണമശേഷവും ॥ അസ്സാധകനിലുണ്ടാകുമതിനില്ലാത്തസംശയം ഇവ
വണ്ണംശ്രേഷ്ഠമാംവായുധാരണംഞാനുരച്ചുതേ ॥ ചിത്തധാരണചൊ
ല്ലീടാമിനിയുംകേൾക്കത്തിരേതായ് ദിക്കാലാദ്യനവച്ഛിന്നദേവിയിൽ
ചിത്തമാക്കണം ॥ ജീവബ്രഹ്മൈക്യമായ് വേഗംതന്മയത്വംഭവിച്ചി
ടും അല്ലലാം ചിത്തമെന്നാകിൽവേഗംസിദ്ധിഭവിച്ചിടാ ॥ അപ്പോ
ളെന്നാഴ്കേവുംതൈകകാൽതൊട്ടോരോതരഭാഗവും പ്രത്യേകംചിന്തചെ
യ്തഭ്യസിക്കണംയോഗിയായവൻ ॥ മന്ത്രത്തോടംഗമോരോന്നായൊത്തു
ചിത്തമുറയ്ക്കണം രൂപമെഴുവതംപിന്നെധ്യാനിക്കവിശുദ്ധനായ് ॥
ലയിക്കമെന്നുമനമാസ്സംവിത്തായുള്ളദേവിയിൽ അന്നോളമിഷ്ടമന്ത്ര

തിൻപുരശ്ചരണം ചെയ്യുന്നു ॥ സന്ന്യാസയോഗത്താൽ ജ്ഞാന
ജ്ഞാനം ലഭിച്ചിട്ടും യോഗമെന്നുമന്ത്രമൊക്കെ മന്ത്രമില്ലാതെ യോഗ
വും ॥ കൊണ്ടു മറ്റുള്ളതിലെ മുന്നാൽ ബ്രഹ്മസംസിദ്ധിവന്നിട്ടും ഫലമേറി
പാരമകാണ്മതിനു ഒരിയിൽകണ്ടിടുന്നപോൽ ॥ മായക്കൂടിട്ടമതാമവൻ
ഗുരുകൊണ്ടുകണ്ടിടാം സാംഗയോഗംമുഴുവനും പറഞ്ഞിവണ്ണമിന്നു
ഞാൻ ॥ ഗുരുപദേശമില്ലെങ്കിൽ ഫലിക്കാ കേട്ടീടാന്തവും.

ഇതി ശ്രീഭാഗവതേ മഹാപുരാണേ
ഏകാദശസ്കന്ധേ
ഇരുപത്തെട്ടാമദ്ധ്യായം.

ഇരുപത്താറാമദ്ധ്യായം.

ശ്രീഭഗവാൻ പറഞ്ഞു.

ഇത്ഥം യോഗം സാധ്യമായെന്നാലോ സന്നോവാൺ കേതിയായ് ബ്രഹ്മ
രൂപിണിയാകമെന്നു ധ്യാനം ചെയ്യുകണം ഗിരേ ॥ പ്രകാശമന്തികസ്ഥം
ഏൽ പരം ധ്യാനിപ്പമേൽ അതിൽനിന്നെങ്കിലും ക്രിയ ചേർത്തീരപ്
ക്ഷ്യാദി കൽപിതം.

ബ്രഹ്മം ധരിക്ക, സത്തുക്കളിൽ വരേണ്യം । ബുദ്ധിക്കഗോചരമാ
താംവിധമായ് വരിഷ്ഠം । തേജസ്വരൂപം, മനോവിനാശം, വാണതിലൊൽ ।
ലോകങ്ങൾ ലോകികളുമങ്ങനെ കൽപിതം താൻ ॥

അന്തക്ഷരം ബ്രഹ്മമതു പ്രാണൻവാക്കുമനസ്സുമും അതു താൻ സത്യ
മെന്തെന്നറിഞ്ഞ് ബോധത്താൽ മുറിക്ക ॥ ധ്യാനവൃത്തിയോടെ ദ്ഥാല്പമകൈപ്
തജ്ഞാനവില്ലിനാൽ വിഷയങ്ങളിൽനിന്നിന്ദ്രിയങ്ങളാലൂമ്മംവലിപ്പി
താം ॥ ഹൃദയത്തോടൊല്ലുവരലായക്കകാഗ്രമായ് മുറിക്കണം പ്രണ
വംവില്ലമ്പു ചിത്തം ബ്രഹ്മംലാക്കെന്നു ചൊല്ലിനാർ ॥ ഏകാഗ്രചിത്ത
നായ് ലാക്കുഭേദിച്ചാൽ തന്മയതപമാം.

ദേഹാവും, പ്രാണൻ, ബുദ്ധി, മനസ്സും, വിയത്തും । വാഴുന്നതൊന്നിലാ
ത്മാവതേക്ക് ॥ മറ്റൊരൊന്നായ് ചൊൽവതെല്ലാംഭ്രമിക്കി । സം
സാരഃ ശ്ലിക്കാനന്നതേസ്തുവേല്ലി ॥

തേരിന്നുവണ്ടികൾപോലെയും । നാഡികളൊട്ടേറെയുണ്ടഹൃദയ
ത്തിൽ ॥ ആത്മാവവയിൽവസിച്ചിട്ടുന്തഃകരണം മുതൽക്കുപാധിക
ളായ് ॥

പ്രണവത്തെയാത്മാവായ് । ധ്യാനിക്കുകമുക്തിയുംവരുന്നുള്ള
വും ॥ ദിവ്യമതാകുംഹൃദയാകാശത്തിൽതാനിരുന്നിടുന്നാത്മാ ॥

മനോമയൻപ്രാണശരീരനേതാ । വസിപ്പവൻബുദ്ധിയെന്നന്നമദ്ധ്യേ ॥ അതങ്ങറിഞ്ഞിട്ടതിധീരർകാണ്മൂ । നാനന്ദമായുള്ളമൃതസ്വരൂപം ॥

ഹൃദയഗ്രന്ഥിപൊട്ടീടുംശങ്കയെല്ലാമകന്നിടും । കർമ്മമെല്ലാംക്ഷയിച്ചീടുമാത്മാപ്രത്യക്ഷമാകുകിൽ ॥ ആനന്ദമയകോശത്തിൽനിഷ്കളംനിർഗ്ഗുണംപരം । ശുഭ്രംജ്യോതിസ്സിനുംജ്യോതിസ്സാത്മാവെന്നാർമഹത്തുകൾ ॥

ആത്മാവിന,ർക്ക,ന്ദ്ര,ശ്ശ,വിദ്യുദാദികൾ । പ്രകാശമേകാ,പുനരഗ്നിയെന്തുവാൻ? ॥ അതിൻപ്രകാശാലിവയൊക്കെയൊന്നുപോൽ । പ്രകാശമോരൊന്നുവിളങ്ങിടുന്നതേ ॥

മുൽപ്പിലുംപിമ്പിലുംബ്രഹ്മമിടത്തുംതാൻവലത്തുമേ കീഴിലുംമേലിലുംബ്രഹ്മംബ്രഹ്മമീലോകമൊക്കയും * എവന്നണഞ്ഞീയനാദ്വംകൃതകൃത്യനവൻധ്രുവം അവൻബ്രഹ്മഃസുപ്രസന്നൻകാമംദ്വേഷവുമററവൻ * മമത്വമനാത്താൽമിതിയുണ്ടാമെന്നാൽമയമില്ലതാൻ അവൻവേർപാടെനിക്കില്ലെൻവേർപാടായവനംഗിരേ! * ഞാൻതാൻജ്ഞാനിയവൻജ്ഞാനംദ്രഢമായ് നിശ്ചയിക്കുക എൻജ്ഞാനിയെങ്ങുവാഴുന്നാലിക്കിൽകണ്ടീടുമെന്നെയും * തീർത്ഥക്ഷേത്രകലാസങ്കേതകങ്ങളിലൊന്നിലുമല്ലഞാൻ വസിച്ചിടുന്നതെൻജ്ഞാനിതൻഹൃൽപത്മത്തിനുള്ളിലായ് * എൻജ്ഞാനിതന്നെകപൂജയെൻപൂജാകോടിതൻഫലം ചിത്തംചിത്തിൽലയിപ്പോൻതൻമാതാവുകൃതകൃത്യയാം * കുലവുംശുദ്ധമാംപുണ്യവതിയാമവനാൽക്ഷിതി നീചോദിച്ചുള്ളതാംബ്രഹ്മജ്ഞാനമെല്ലാംനിനക്കുഞാൻ * ഓതി,യില്ലിതിനെക്കാളുമൊന്നുരക്കാൻഗിരിസത്തമ സുശീലനായ്ഭക്തനാകുംജ്യേഷ്ഠപുത്രനിതോതിടാം * ശിഷ്യോത്തമനുമവ്വണ്ണം,മററാർക്കുമിതുരയ്ക്കൊലാ ദേവങ്കലക്കററഭക്തിയുള്ളപോൽഗുരുവിങ്കലും * ആമഹാന്നുപ്രകാശിക്കുമിച്ചൊന്നോരർത്ഥമൊക്കെയും ഈവിദ്യയുപദേശിക്കുന്നവൻതാൻപരമേശ്വരൻ * അവന്നുപകരംചെയ്യാൻശിഷ്യനാകമൊഴിവൻ ബ്രഹ്മജ്ഞാനോപദേഷ്ടാവപിതാക്കളിലുമുത്തമൻ * പിതാക്കളേകുംജന്മംപോം,മിജ്ജന്മമനശ്വരമായിടാം ഗുരുദ്രോഹംചെയ്യുമതെന്നോർത്തുവേണമേവംനഗ! * ബ്രഹ്മദാതാഗുരുശ്രേഷ്ഠനെന്നാണാശാസ്ത്രവാക്യവും ശിവകോപേഗുരുത്രാതാഗുരുകോപേവൃഥാശിവൻ * നന്നായ്ശ്രമിച്ചുമതിനാൽഗുരുപ്രീതിവരുത്തണം ദേഹംവാക്കുമനസ്സാലുംഗുരുതൽപരനായ്സദാ * കൃതഘ്നനാകുമെല്ലങ്കിൽപ്രായശ്ചിത്തവുമില്ലതിൽ അധശ്ശുനന്നിദ്രാനാതീശിവ

ച്ഛേദപ്രതിജ്ഞയാൽ • അവൻസപക്ഷൈശ്വൎയ്യരാരോതി, ഇന്ദ്രൻവെട്ടി
ശിരസ്സും അവരാമുനിതന്നശ്വശിരഃച്ഛേദംനിമിത്തമായ് • ജീവിപ്പി
ച്ചാരവൻതൻമുൻശിരസ്സുംചേൎത്തനന്തരം ഏവംകഷ്ടംസഹിച്ചിട്ടും
വാങ്ങിനാൻബ്രഹ്മവിദ്യയെ • ലഭിച്ചീടിലവൻധന്യൻകൃതകൃത്യനുമാ
ണവൻ.

ശ്രീദേവീഭാഗവതം ഏഴാംസ്കന്ധം
ദേവീഗീതബ്രഹ്മസ്വരൂപവൎണ്ണനം
മുപ്പത്താറാമദ്ധ്യായം.

മുപ്പത്തേഴാമദ്ധ്യായം

ഹിമവാൻപറഞ്ഞു

നിൻഭക്തിലക്ഷണംചൊല്ലുകെന്നുള്ളംഭക്തിഹീനനാം മൎത്ത്യമൻ
നന്നംഭക്തനായീടുംജഗദംബികേ!

ശ്രീദേവിപറഞ്ഞു

മോക്ഷപ്രാപ്തിക്കുമാൎഗ്ഗങ്ങൾമൂന്നാകുന്നുപ്രസിദ്ധമായ് കൎമ്മയോ
ഗം, ജ്ഞാനയോഗം, ഭക്തിയോഗവുമിങ്ങനെ • ഇതുമൂന്നിലുംഭക്തിയോ
ഗമാൎഗ്ഗംതന്നെയുത്തമം സുലഭംമാനസംദേഹചിത്തപീഡകളററ
തു • മൎത്ത്യൎക്കുണ്ടല്ലൊതാൻഭക്തിമൂന്നുവിധംവരും മത്സരംകോപ
വുംചേൎന്നിട്ടഹങ്കാരത്തൊടൊത്തുടൻ • പരപീഡകചെയ്തീടിൽതാമ
സീഭക്തിയാണതു് പരപീഡകളോൎക്കാതെതന്റെശ്രേയസ്സിനായ് സ
ദാ • സകാമനായ്സുഖത്തിന്നുംയശസ്സിന്നുംകൊതിക്കയാൽ അവയെ
ല്ലാംലഭിപ്പാനായുപാസിക്കുന്നഭക്തിയായ് • തന്നിൽനിന്നന്യ
യെന്നെന്നെയാമൂഢൻചിന്തചെയ്കയാൽ രാജസീഭക്തിയെന്നൊന്നു
മവന്നുള്ളതാംഭക്തിയെ • ഈശനൎപ്പണമാൎഗ്ഗത്തിൽപാപമെല്ലാംനശി
ക്കുവാൻ വേദോക്തിയാൽചെയ്യുന്നതൊന്നിതിന്നെയെന്നുറച്ചവൻ •
ഭേദബുദ്ധിയോടെന്നാലുംദേവപ്രീതിക്കുചെയ്യുകിൽ ആഭക്തിയെ
സാത്വികിയാംഭക്തിയെന്നുപറഞ്ഞിട്ടും • പരഭക്തിയിതാണന്യംരണ്ടു
മാത്രഭേദബുദ്ധിയാൽ പരഭക്തികളാവില്ലകില്ലപൎവ്വതസത്തമ! • പരഭ
ക്തിയതിപ്പോൾഞാൻപറയാംനീധരിക്കുക എന്റെഗുണംകേൾക്കയും
നിത്യമെന്റെനാമംജപിക്കയും • സൽഗുണാകരയാമെന്നിലെണ്ണതൈലധാ
രയ്ക്കുതുല്യമായ് ചിത്തംമുറിഞ്ഞിടാതെധ്യാനംചെയ്യുംചെയ്യണംഗിരേ!
ഫലാപേക്ഷകളൊന്നുംതാനതിന്നുണ്ടാകരുത് സാമീപ്യസാൎഷ്ടി

സായൂജ്യസാലോക്യങ്ങളുമൊക്കെയോ • എൻസേവാധികമായൊന്നും
ചിന്തിച്ചീടായ്കയുമേ സേവ്യസേവകഭാവത്തിലിച്ഛിച്ചീടുകയുമായതു
വും • എന്നെ സാദരമായ് ഭാവിച്ചീടുന്നു താൻ കേവലമെന്നിയേ അതി
ഭക്തിയോടെന്നെ താൻ ഗുരുവായ് ചിന്തചെയ്യുന്നു • എൻ രൂപ
മായ് ജീവികളെയെല്ലാം താനെന്നോർത്തുകൊള്ളുന്നു സ്വാത്മാവെപ്പോലെ
യന്യാത്മാക്കളിലും പ്രീതിയാർന്നീടുന്നു • ചൈതന്യം തുല്യമെന്നോർത്തു ഭേദം
ഭാവിച്ചീടാതെയവൻ സദാ സർവ്വത്ര വാണീടുന്നു സർവ്വത്ര പ്രീതിയോടെയാം •
പൂജിച്ചുറന്നു നമിച്ചീടുമാ ചണ്ഡാലനേയും നഗേശ്വര! ദ്രോഹിച്ചീടില്ലൊരുത്തനെയും
താനേകചൈതന്യമാകയാൽ • എൻക്ഷേത്രങ്ങളെ കണ്ടാലും ഭക്തന്മാരെയും പ്രാ
ന്തികെത്തുകിൽ എൻ ശാസ്ത്രമെൻ മന്ത്രതന്ത്രങ്ങളിലും ശ്രദ്ധയോടെ •
എന്നിൽ പ്രേമാകുലചിത്തത്തോടെ മെയ്യിലുടലിൽ സദാ രോമാഞ്ചം പ്രേമാശ്രു
സമ്പൂർണ്ണം ഗൽഗദസ്വരമേററവും • ജഗദ്യോനിയതായ് സർവ്വകാരണി
യാം നിന്നെ എന്നെയനന്യഭാവേന സേവിച്ചുകൊള്ളുമാതാപൂജ്യം • ശ്രേ
ഷ്ഠങ്ങളാമെൻ വ്രതങ്ങളും നിത്യമനുഷ്ഠിക്കുന്നു • വിത്തശാഠ്യം വിട്ടു
സന്തോഷത്തോടാചരിക്കയും • എന്നുത്സവങ്ങൾ കാണ്മാനാശയെന്റെയു
ത്സവങ്ങൾ കഴിക്കയും സ്വഭാവമായ്ക്കൊണ്ടു തന്നെ എൻ നാമങ്ങൾ ജപി
ക്കയും • എൻനാമമുച്ചത്തിൽ പാടി നൃത്തം ചെയ്യുമങ്ങനെ ദേഹം
താനെന്ന ഭാവം വിട്ടഹങ്കാരവിഹീനനായ് വന്നതെല്ലാം പ്രാരബ്ധം
ഹാ സംശയമൊന്നുമില്ലാതെ • വിചാരമില്ലെനിക്കെന്നു നിനച്ചുംകൊണ്ടിരി
ക്കയും പരഭക്തിയേവനുള്ളൂ അവനെല്ലാമുള്ള ഭക്തനാകുന്നിതാൻ • അതിൽ ഭാ
വിക്കതില്ലൊന്നുമേ ചൈതന്യത്തിൽ നിന്നന്യതായ് പരഭക്തിയെ വർണ്ണനവമു
ണ്ടായീടുന്നു സ്പഷ്ടമായ് • ചിദ്രൂപത്തിലവനപ്പോൾ ലയിക്കുന്നു വിലയം ഗിരി
ശ! ജ്ഞാനമെന്നതിനു ഭക്തി തന്നെ അതിരുമാകുന്നു • വൈരാഗ്യസി
ദ്ധിയും അതിൽ ജ്ഞാനത്തിൽ വന്നിടും എൻ ജ്ഞാനം ഭക്തി വന്നിട്ടും പ്രാ
രബ്ധത്തിൻ ബലത്തിനാൽ • മുക്തിവന്നില്ലയെന്നാൽ മണിദ്വീപം പ്രാപിക്കു
മായവൻ ഇച്ഛയില്ലെങ്കിലുമതിൽ പോയ് ഭോഗങ്ങൾ ഭുജിച്ചീടും • ഒടു
വിൽ മംഗലമെന്റെ ചിദ്രൂപജ്ഞാനവും വരും അതിനാൽ മുക്തനാം
ജ്ഞാനം കാരണമന്യമുക്തിവന്നിടാ • ഇവിടെത്തന്നെയാളൊക്കന്റെ
സംവിദ്രൂപമതായിടും ആത്മാവിൽ ജ്ഞാനമുണ്ടാകുന്നതെന്നാൽ മരണം വരാ
ദ്രവമായൂന്നുണ്ടാകും ബ്രഹ്മം താൻ ബ്രഹ്മവിത്തു് കേൾ കണ്ണാടിയെ
മെച്ചമായ് ജ്ഞാനതോൽമറ ഞാനപോലെ • അജ്ഞാനം പോയ് ജ്ഞാനമു
ണ്ടായിട്ടും കിട്ടിയതാണ്ണ് വിലിതാവിലിതങ്ങൾ വിട്ടന്യമാണെന്റെയാ
ത്മം • കണ്ണാടിയിൽ പോലാത്മാവിൽ പിതൃലോകത്തിലും ജലത്തിലും
നിഴലുംപോലെ വ്യത്യാസപ്പെട്ട ഭാവിധം • അതുപോലെ ജ്ഞാനാനന്ദവും
ജ്ഞാനദീപിൽ വെളിച്ചീടും ജ്ഞാനമില്ലാതെ വൈരാഗ്യത്തോടുകൂടിമലി

ശ്ശവൻ • കൽപകാലംവരെബ്രഹ്മലോകത്തിൽതാൻ വസിക്കണം അ വൻപിന്നെജനിക്കുംനരശ്രീമാന്മാർതൻഗൃഹത്തിലായ് • സാധകം ചെയ്തിട്ടുപിന്നെജ്ഞാനിയായ്ഭവിച്ചിട്ടു പലജന്മങ്ങൾകൊണ്ടുജ്ഞാ ജ്ഞാനം,ഇല്ലെങ്കിൽമാനം അതുകൊണ്ടുപരിശ്രമിച്ചുജ്ഞാനത്തിനായ് ശ്രമിക്കണം അല്ലെന്നാകിൽവിനാശംതാൻ,ദുർല്ലഭംനരജന്മവും • അ തിലുംദുർല്ലഭംവിപ്രജന്മവുംവേദസിദ്ധിയും ശമാദിഷൾകസമ്പത്തി യോഗസിദ്ധിയുമങ്ങനെ • ഇന്ദ്രിയങ്ങൾക്കസാമർത്ഥ്യംകൾ സംസ്കൃതദേ ഹവും അതിലുംസൽഗുരുപ്രാപ്തി,ഇവയെല്ലാംസുദുർല്ലഭം • അനേക ജന്മപുണ്യങ്ങൾകൊണ്ടിമ്മോക്ഷമൂർത്തിയംവരും ഏവമെല്ലാസ്സാധനവും ലഭിച്ചിട്ടുമതവൻ • മോക്ഷത്തിനായ്ശ്രമിക്കുന്നില്ലവൻജന്മംനി രർത്ഥകം അതിനാൽശക്തിപോൽ ഭൂപ! ജ്ഞാനത്തിനായ്ശ്രമിക്കണം അശ്വമേധഫലംകിട്ടുമോരോപടിയിലുംധ്രുവം.

ഏവമുപായസിദ്ധിക്കു ! ഭാഗ്യമാജ്ഞാനമാർഗ്ഗം ! സന്തതംശരണംചെയ്യൂ ! ഏതുമാർഗമാകിലിരട്ടറാം !

ജ്ഞാനാൽ കൃതാർത്ഥനാമെന്നാണാവേദാന്തപ്പെരുമ്പറ എല്ലാം പുരുഷമാരായാതിച്ചിനിയെന്നുറപ്പിക്കണം?

ശ്രീദേവീഭാഗവതം ഏഴാംസ്കന്ധം

[illegible]

മുപ്പത്തേഴാമദ്ധ്യായം

മുപ്പത്തെട്ടാമദ്ധ്യായം

ഹിമവാൻപറഞ്ഞു

ഭൂവിൽമുഖ്യങ്ങളായ് ശുഭങ്ങളായ് ദേവീപ്രിയങ്ങളായ് സ്ഥാന ങ്ങളെത്രയാകുന്നതാണെന്നു വയംബികേ! • വ്രതങ്ങളേതെല്ലാംമോ ദമേകുന്നുത്സവങ്ങളും കൃതാർത്ഥനാകുവനെന്നോടിന്നതെല്ലാംക ഥിക്കണം.

ശ്രീദേവിപറഞ്ഞു

കാണുന്നതെല്ലാമെൻസ്ഥാനംകാലമെല്ലാംവ്രതങ്ങളും ഉത്സവ ങ്ങൾസദാജ്ഞാനസ്സർവ്വരൂപിണിയാകയാൽ • എന്നാലുംഭക്തവാത്സ ല്യാലല്പമല്പംപറഞ്ഞിടാം ശ്രദ്ധയോടൊത്തുകേട്ടാലുമെൻവാക്യംപർവ്വ തോത്തമ! • കോലാപുരംമഹാസ്ഥാനം,ലക്ഷ്മിവാഴുന്നതിൽസദാ സ ഹ്യാദ്രിയതിലായ്ത്തുളീപുരം,രേണുകവാഴ്വൂ • മൂന്നാമത്തേതുതുളജാപു രാൻ,സപ്തശൃംഗവും ഹിംഗുലാസ്ഥാനവും,ജ്വാലാമുഖീസ്ഥാനവുമങ്ങ

ന്ന • ശാകംഭരീസ്ഥാനവും,നൽഭ്രാമരീസ്ഥാനമായതും ശ്രീരക്തദന്തി
കാസ്ഥാനം,ദുർഗ്ഗാസ്ഥാനമതേവിധം • വിന്ധ്യാദ്രിയിൽവസിപ്പോരം
തൻസ്ഥാനംസർവ്വോത്തമോത്തമം അന്നപൂർണ്ണാമഹാസ്ഥാനം, കാഞ്ചീ
പുരമനുത്തമം • ഭീമാദേവീമഹാസ്ഥാനം,വിമലാസ്ഥാനമായതും ക
ർണ്ണാടേ ചന്ദ്രലാസ്ഥാനം,കൌശികാസ്ഥാനമായതും • നീലാംബരീമഹാ
സ്ഥാനം,നീലപർവ്വതമദ്ധ്യമായ് ജാംബൂനദേശ്വരീസ്ഥാനം,രമ്യം ശ്രീ
നഗരം തഥാ • ഗുഹ്യകാളീമഹാസ്ഥാനംനേപ്പാളത്തിങ്കലാണത് ചി
ദംബരത്തിൽമീനാക്ഷീദേവിതൻസ്ഥാനമുത്തമം • വേദാരണ്യംമഹാ
സ്ഥാനംസുന്ദരീദേവിവാഴ്കുത് • ഏകാംബരംമഹാസ്ഥാനംപരശക്തി
വസിപ്പത് മദാലസാമഹാസ്ഥാനംയോഗേശ്വരിവസിപ്പതാം • ചീ
നദേശേനീലസരസ്വതീസ്ഥാനംപ്രസിദ്ധമാം വൈദ്യനാഥേബഗള
തൻസ്ഥാനംസർവ്വോത്തമംമതം • ശ്രീലോകേശ്വരിയെൻസ്ഥാനംമ
ണിദ്വീപംമനോഹരം ത്രിപുരാഭൈരവീസ്ഥാനംകാമാഖ്യായോനിമണ്ഡ
ലം • ഭൂമിയിങ്കൽക്ഷേത്രരത്നംമഹാമായാധിവാസിതം ഇതിനേക്കാളു
ത്തമമാംസ്ഥാനമില്ലധരിത്രിയിൽ • രജസ്വലമാംദേവിയതിങ്കൽപ്രതി
മാസവും അതിൽവാഴുന്നദേവന്മാരെല്ലാംപർവ്വതരൂപമായ് • മുഖ്യദേ
വതമാരുംവാണീടുന്നപ്പർവ്വതങ്ങളിൽ ആഭൂമിയൊക്കയുംദേവീരൂപമെ
ന്നാർമഹത്തുകൾ • ഈക്കാമാഖ്യായോനിമണ്ഡലത്തേക്കാൾശ്രേഷ്ഠമി
ല്ലതാൻ ഗായത്രിതൻമഹാസ്ഥാനംശ്രീമൽപുഷ്കരമായതും • അമരേ
ശേചണ്ഡികയല്ലപ്രഭാസേപുഷ്കരേക്ഷിണീ നൈമിശാരണ്യമാംസ്ഥാനേ
ലിംഗധാരിണിയംബിക • പുരുഹൂതാപുഷ്കരാക്ഷേരതിയാഷാഢതീര
ത്തിങ്കലാ ചണ്ഡമുണ്ഡീമഹാസ്ഥാനേദണ്ഡിനീപരമേശ്വരി • ഭാരഭൂ
തിയതിൽഭൂതി,നാകുലേനകുലേശ്വരീ ഹരിശ്ചന്ദ്രേചന്ദ്രികയാൾശ്രീഗി
രൌശാംകരീഗിരേ! • ജപ്യേശ്വരേത്രിശൂലാംബാസൂക്ഷ്മാചാമ്രാതകേ
ശ്വരേ മഹാകാളേശാങ്കരിയാംശർവ്വാണീമദ്ധ്യമത്തിലും • കേദാരമാം
മഹാക്ഷേത്രേമാർഗ്ഗദായിനിയംബിക ഭൈരവത്തിൽഭൈരവിയാംഗയ
യിൽമംഗലാംബിക • സ്ഥാണുപ്രിയാകുരുക്ഷേത്രേസ്വായംഭുവികനാ
കുലേ ഉഗ്രാദേവീകനഖലേവിശ്വേശാവിമലേശ്വരേ • അട്ടഹാ
സേമഹാനന്ദാമഹേന്ദ്രത്തിൽമഹാന്തകാ ഭീമേശ്വരീദേവിവസ്ത്രാ
പഥത്തിങ്കലായ് • ഭവാനീശാങ്കരീ,രുദ്രാണിയർദ്ധകോടിയിൽ
അവിമുക്തവിശാലാക്ഷീമഹാഭാഗാമഹാലയേ • ഗോകർണ്ണേഭദ്ര
കർണ്ണീഭദ്രാംബാഭദ്രകർണ്ണകേ ഉൽപലാക്ഷീസുവർണ്ണാക്ഷേസ്ഥാണ്വീശാ
സ്ഥാണുവിങ്കലും • പ്രചണ്ഡാച്ഛഗലണ്ഡത്തിൽകമലാകമലാലയേ ക
ണ്ഡലത്തിസന്ധ്യാംബാമാകോടേമുകടേശ്വരീ • ശാണ്ഡകീമണ്ഡ

ലോകത്തിൽകാട്ടികാളംജരത്തിലും ധ്യാനിയാംശങ്കരകണ്ണത്തിൽസ്ഥൂലാം
ബാസ്ഥ്യപികേശപാദേ • ഇതൊക്കെ തന്റെ ഏൽപതമഹ്ലൂളാമ്
വാരംശക്തി ദേവിപ്രിയങ്ങളായുള്ളോരീസ്ഥാനങ്ങളുരച്ചേനാൻ • അ
താതിനുള്ള മാഹാത്മ്യമാര്യനെന്നെയറിഞ്ഞീടേൻ അതിൽചൊല്ലുന്നവി
ധിപോൽപൂജിച്ചീടണമംബയെ • അഥവാകാശിയിൽതന്നെയുള്ളി
ക്ഷേത്രങ്ങളൊക്കയും അതിൽദേവീഭക്തിയോടുംവസിച്ചീടുകനിത്യ
വും • കണ്ടറിഞ്ഞവരെദ്ദേവീമന്ത്രപാരായണത്തോടും ദേവീപദ്ധ്യാ
നമോടും,മുക്തനായ്തീർന്നിടുംദ്രുതം • പ്രാതഃകാലത്തിലിദ്ദേവീനാമ
മെല്ലാംപഠിക്കകിൽ പാപങ്ങളെല്ലാമുടനെഭസ്മമായ്തീർന്നിടുംനഗ! •
ശ്രാദ്ധകാലേപിജാഗ്രത്തിലിനാമങ്ങൾപഠിക്കകിൽ പിതൃക്കളെല്ലാം
മുക്തന്മാരായിസൽഗതിസ്സയേന്നിടും • നാരിമാർനരന്മാരുനോറ്റിടേണ്ട
താമവ്രതങ്ങളേ നിന്നോടിപ്പോൾപറഞ്ഞിടാംകേട്ടുകൊള്ളുകസുവ്ര
ത! • കേൾക്കനന്തതൃതീയാഖ്യംരസകല്യാണിനീവ്രതം ആർദ്രാനന്ദ
കരംപേരതൃതീയകളുമൂന്നാൽകണം • ശുക്രവാരവ്രതംകൃഷ്ണചതുർദ്ദശി
വ്രതംതുരീം കജവാരവ്രതംപിന്നപ്രദോഷവ്രതമായതും • പ്രദോഷ
ത്തിൽമഹാദേവൻപീഠത്തിൽവച്ചദേവിയെ മുൻപിൽദേവകളോടതേ
ത്തുനൃത്തംചെയ്യുന്നസന്ധ്യയിൽ • അന്നുപോസിച്ചുസന്ധ്യക്കദേവി
യെപൂജചെയ്യണം വിശേഷമായിപ്പക്ഷംതോറുംദേവീപ്രിയത്തി
നായ് • എനിക്കേറ്റംപ്രിയംസോമവാരവ്രതമതുംഗിരേ! അന്നുപൂ
ജിച്ചംബികയെരാവിൽഭക്ഷിച്ചുകൊള്ളണം • നവരാത്രിവ്രതംരണ്ടു
മെനിക്കേറ്റംപ്രിയംദ്രുതം ഏവമന്യങ്ങളായുള്ള നിത്യനൈമിത്തികങ്ങ
ളാം • വ്രതങ്ങളുമനോററിടുന്നോനെൻപ്രീതിക്കായ് വിമത്സരം എൻ
ഭക്തനെൻപ്രിയനായെൻസായൂജ്യമണഞ്ഞിടും • ഡോളോത്സവം
തൊട്ടുള്ളോരോത്സവങ്ങൾനടത്തണം ശയനോത്സവമെന്നുള്ളതന്ന
ജാഗരണോത്സവം • രഥോത്സവമതുംചെയ്യേദമനോത്സവവുംമമ പ
വിത്രോത്സവമെൻപ്രീതിക്കായിട്ടാശ്രാവണത്തിലും • എൻഭക്തനാ
യോൻചെയ്യണമേവംമററുത്സവങ്ങളും സുവാസിനികളോടെന്റ
ഭക്തർക്കുകളുമതിയും • കുമാരികുംശംവടുകന്മാർകൾമുബോധയോ
ടുതാൻ! ധനലുബ്ധനിയെപുഷ്പാദികളാൽപൂജചെയ്യുക • ഇവണ്ണം
വത്സരന്തോറുമാതചെയ്യുന്നഭക്തിയാൽ കൃതകൃത്യനവൻധന്യനൻ
പ്രീതിക്കൊത്തപാത്രമാം • എൻപ്രീതികരമായുള്ളതെല്ലാംനിന്നോടു
രച്ചുഞാൻ ശിഷ്യനോതാംഭക്തിഹീനനർക്കൊരുനാളുമേ.

ശ്രീദേവിഭാഗവതം ഏഴാംസ്കന്ധം

മഹാത്മാത്സവവ്രതകഥനം

മുപ്പത്തെട്ടാമദ്ധ്യായം.

മുപ്പത്തൊമ്പതാമദ്ധ്യായം

ഹിമവാൻ പറഞ്ഞു

ദേവദേവി! മഹാമായേ! കരുണാരസസാഗരേ! നിൻപൂജാവിധി അതന്നോടു ചൊന്നാലും വിധിപോലവേ.

ശ്രീദേവി പറഞ്ഞു

അത്യന്തശ്രദ്ധയോടൊത്തു കേൾക്ക പർവ്വതപുംഗവ! ദേവീപൂജാവിധിയെ ഞാൻ പ്രിയമോടെ പറഞ്ഞിടാം ● ബാഹ്യമാഭ്യന്തരം രണ്ടുവിധമാകുന്നെൻറ പൂജയും വൈദികീ താന്ത്രികീയെന്നു രണ്ടാണാ ബാഹ്യപൂജയും ● വൈദികപൂജയും മൂർത്തിഭേദത്താൽ വിവിധം ഗിരേ! വൈദികീ വൈദികർ ചെയ്യും വേദദീക്ഷയോടൊത്തവർ ● താന്ത്രികീപൂജ ചെയ്തീടും തന്ത്രദീക്ഷയോടൊത്തവർ പൂജാരഹസ്യമീവണ്ണമറിയാതെ മറിച്ചവർ ● പൂജിച്ചീടുന്നവൻ ഘോരനരകത്തിൽ പതിച്ചിടും ആദ്യം ചൊന്നോരു വൈദികപൂജയെ ഞാൻ പറഞ്ഞിടാം ● എൻറെ സാക്ഷാൽ പരരൂപമതിനാൽ കണ്ടിടാം ഗിരേ! മഹത്ത്വസംഖ്യാന്തലക്കൈകാലക്ഷികളുമുള്ളതു് ● പരാൽപരം സർവ്വശക്തിയുക്തം പ്രേരകമായതു് പൂജിക്കയതിനെയെന്നും ധ്യാനിക്കുക നമിക്കുക ● ഇതു താൻ വൈദികീപൂജാസംക്ഷേപം ഞാൻ പറഞ്ഞതേ ഏകാഗ്രചിത്തനായ് ശാന്തദംഭാഹങ്കാരഹീനനായ് ● തദ്യാജിയായ്ത്തൽപരനായതിനെയാശ്രയിക്കുക മനസ്സാലതിനെക്കണ്ടു ജപധ്യാനങ്ങൾ ചെയ്യുക ● ഭക്ത്യാ മൽഭാവഭാവത്തോടനന്യപ്രേമയുക്തനായ് യാഗദാനതപംകൊണ്ടുമെൻ പ്രീതിക്കായ് ശ്രമിക്കുക ● എന്നനുഗ്രഹമീവണ്ണമുണ്ടായാൽ മുക്തനായിടും സക്തിയേവുമെൽപരാം ഭക്തരെന്നറിവാകകിൽ ● അവരെക്കരകേററും ഞാൻ സംസാരാബ്ധിയിൽനിന്നുടൻ സകർമ്മധ്യാനമതിനാൽ ഭക്തിജ്ഞാനംനിമിത്തവും ● പ്രാപ്യയാകുന്നു ഞാൻ, നല്ല വേറു കർമ്മങ്ങൾകൊണ്ടുതാൻ കർമ്മത്താൽ ഭക്തിയുണ്ടാകും ഭക്തിയാൽ ജ്ഞാനവും വരും ● ശ്രുതിസ്മൃതികൾ ചൊല്ലുന്നതേതതാകുന്നു കർമ്മവും കർമ്മാഭാസമിതെന്നോതുമന്യശാസ്ത്രങ്ങൾ ചൊല്ലുകിൽ ● സർവ്വജ്ഞയാം സർവ്വശക്തിയെന്നിൽനിന്നുണ്ടായ വേദവും പ്രമാണം താൻ, തദജ്ഞാനമെനിക്കില്ലായ്കകാരണം ● മനാദിസ്മൃതിയെല്ലാമാ വേദാർത്ഥമുള്ളതായാൽ വേദങ്ങളെപ്പോലവയ്ക്കു പ്രാമാണ്യം താനതിനുണ്ടായ് ● ചിലപ്പോൾ ചിലടത്തെല്ലാം തന്ത്രാർത്ഥം പോലെയന്യമാം ധർമ്മവും ചൊല്ലുമതിനെ സ്വീകരിക്കില്ല വൈദികർ ● മറവുള്ള ശാസ്ത്രകർത്താക്കൾ അജ്ഞാനാംശ ചതമാകയാൽ പ്രമാണ

ശാസ്ത്രീതകില്ലായവൎക്കു ചൊല്ലുന്നതു ദോഷിതം * മുമുക്ഷുവതിനാൽ, വേദധൎമ്മ
ത്തിന്നാശ്രയിക്കണം രാജഭോഗാദ്യങ്ങളെല്ലാം ഉപേക്ഷിക്കയതതിൻപ
ടി * സൎവ്വേശ്വരനാകുമെന്നാൽ ജന്മാവേദശാസ്ത്രകൎത്തൃകരായ എന്നാൽ
യേൎക്കുമ ചൊല്ലാൻ ബ്രഹ്മക്ഷത്രിയജാതിയെ * സൃഷ്ടിച്ചതാകുന്നൻ മഹ
ന്ത്യവേദവാക്യം ധരിക്കനീ എപ്പോഴെപ്പോഴും ധൎമ്മഹാനിയധൎമ്മത്തി
ന്നുദ്ധിയും * ഉണ്ടാമപ്പോഴെല്ലാമുണ്ടാമവതാരമെടുത്തിട്ടും വേദം
രക്ഷിപ്പവർ ദേവർനശിപ്പിപ്പവർ ദൈത്യരും * വേദധൎമ്മം ത്യജിപ്പോ
രെശിക്ഷിപ്പാൻ നരകങ്ങളെ ഉണ്ടാക്കിയെന്നാനവയെകൊണ്ടിളം
തമായിട്ട് * വേദത്തെവിട്ടന്യധൎമ്മമെഷ്ഷിം ധൎമ്മവിഹീനരെ രാജാവുംതെ
ന്റെരാജ്യത്തിൽനിന്നു നാട്ടുകടത്തിടും * ശ്രുതിക്കപന്തിയിൽ ചെക്കി
ല്ലില്ലദോഷിക്കയും ചിലർ ശ്രുതിസ്മൃതിവിരോധങ്ങളെ ന്യശാസ്ത്രങ്ങളത്രയോ
ലോകത്തിലുണ്ടായവയെല്ലാല്ലിട്ടുംതാമസങ്ങളായ് വാമം, കാപാലി
കം, കൌളം, ഭൈരവാഗമമെന്നതും * മോഹിപ്പിക്കാൻ ശിവൻനിൎമ്മി
ച്ചിവതില്ലന്യകാരണം ധീ വക്കുന്നോർ, വിഷിവരെറാരെപിക്കയാൽ
വേദധൎമ്മം വെടിഞ്ഞുള്ള വിപ്രരെക്കരകേറുവാൻ പടിപ്പടിയതായിട്ട
നിൎമ്മിച്ചാൻ ശങ്കരൻ വിട്ട * ശൈവം വൈഷ്ണവമെല്ലാം സൌരവും ശാ
ക്തമായതും ഗാണാപത്യമതും പിന്നെ, യാഗങ്ങളിവയൊക്കെ പേർ വേദധ
ൎമ്മം പോലവയിൽ ചിലതുണ്ടു പറഞ്ഞിട്ടും സ്വീകരിച്ചാൽ വൈദികർ
ക്കൊരു ഗമില്ലില്ല ദോഷവും * വേദംവിട്ടുള്ള ധൎമ്മത്തിന്നൎഹനല്ലദ്വിജം ചി
ജൻ വേദാധികാരമില്ലാത്തോനതിന്നൎഹനല്ലോ * പണിപ്പെട്ടും
വൈദികരാവേദധൎമ്മം നടത്തേണം ധൎമ്മം ചെയ്യെന്നതാം ജ്ഞാനം ബ്രഹ്മ
ത്തെ വെളിവാക്കിടും * എന്നെത്താൻ ശരണം പ്രാപിച്ചിട്ടുമെല്ലാം
വെടിഞ്ഞു ഞാൻ ശ്രുതങ്ങളിൽ ഭയമൊട്ടും മാനാഭിമാനഹീനരായ് * ചി
ത്തപ്രാണങ്ങളെന്നിൽ ചേൎത്തൻ സ്ഥാനങ്ങളുരച്ചുമേ * ബ്രഹ്മചാരി
ഗൃഹി, വാനപ്രസ്ഥൻ സന്യാസിയും സദാചിരം ഗ്രഹ്യോപാസനയെ ച
ഷ്ഠാനുഷ്ഠിതപൂൎവ്വമായ് * നിത്യമിമ്മട്ടു ചെയ്യുന്നോൎക്കുള്ള ജ്ഞാനതമസ്സു
താൻ ജ്ഞാനസൂൎയ്യപ്രകാശത്താൽ നശിപ്പിക്കുമെന്നു ശ്രേയം * ഒന്നാമതാ
യെൻ്റെ വൈദികപൂജാലക്ഷണമിങ്ങനെ ചൊൽക്കമായ്തച്ചു ഞാൻ രണ്ടാമത്തെതു
മൊതിടാം * ബിംബം, നൽനിലമായിത്യബിംബം, മച്ചുന്നരണ്ഡലത്തോണ
ലിംഗം, ജലം, നന്ദ്രം, വസ്ത്രം, ശ്രീയന്ത്രമായംബുജം * ധ്യാനിക്കപ്പെട്ടിവയി
ലെതിങ്കലും ശ്രീപരാംബിക സൎവ്വജ്ഞാകതണോം പൂൎണ്ണാതങ്ങളിയതണാ
തണാ * സൌന്ദൎയ്യസാരസീമാനൽസൎവ്വാവയവസുന്ദരി ശൃംഗാരരസ
സമ്പൂൎണ്ണാസമാക്കെന്താൻ നാശിനീ * പ്രസാദസുമുഖീദേവീ ചന്ദ്രക്കല
ധരിച്ചുവരം പാശാങ്കുശവരാഭീതിധരമാനന്ദരൂപിണീ * അവളുടെ

പചാരങ്ങൾകൊണ്ടു പൂജിക്ക ശക്തിപോരാ എന്നില്ലാത്തവർ പൂജയ്ക്കുമ
ധികാരമല്ലോ പാരേ * ഇബ്ബാഹ്യപൂജ ചെയ്യേണമതുപിമ്പന്നായെ വെടിഞ്ഞി
ടാം സംവിത്തിൽ ലയമാക്കണമെന്നായോർക്കുന്നാന്തരപൂജയെ * ഉപാധി
യറ്റൊരു സംവിത്തതു താൻ പരരൂപവും അതിനാൽഹൃദയത്തെ
സ്സംവിത്തു പത്തിലാക്കണം * സംവിത്തു പാർത്തിട്ടു ജഗത്തെല്ലാം മായയാ
സത്യമാം മോക്ഷത്തിന്നിതിനാൽ സർവ്വസാക്ഷിയാമാത്മരൂപമേ *
നിർവ്വികല്പമനസ്സോടും ഭാവിച്ചീടുക ശക്തിയായ് * വിസ്താരമായിട്ടിനി
മേൽ ബാഹ്യപൂജ പറഞ്ഞിടാം സാവധാനമനസ്സോടും കേൾക്ക പർവ്വത
സത്തമ!.

ശ്രീദേവീഭാഗവതം ഏഴാംസ്കന്ധം
ദേവീപൂജനം
മൂപ്പത്തൊൻപതാമദ്ധ്യായം;

നാല്പതാമദ്ധ്യായം

ശ്രീദേവി പറഞ്ഞു

നേരത്തെഴീറ്റു നൽപത്മം ശിരസ്സിൽ ചിന്തചെയ്യതിൽ കർപ്പൂരാഭൻ സുപ്രസന്നൻ ഭൂഷണങ്ങളണിഞ്ഞവൻ * സരൂപൻ ശക്തിസംയുക്തൻ ഗുരുവെച്ചിന്ത ചെയ്യണം നമിച്ചിട്ടാക്കുണ്ഡലിനീശക്തിയേയും സ്മരിക്കണം.

ശോഭിപ്പവരം ബ്രഹ്മബിലപ്രയാണേ! പ്രതിപ്രയാണേ സുധയോടു ചേരുന്നോരം !! സുഷുമ്നയിൽ തന്നെ ചരിച്ചിടുന്നോരം ! വൻശക്തിയാനന്ദമതാത്രയം മേ. !!

ഏവമാത്തമ്ലിചാമാദ്ധ്യേ സച്ചിദാനന്ദരൂപയാം എന്നെ ധ്യാനിച്ചു ശൌചാദിക്രിയയെല്ലാം കഴിച്ചുടൻ * എൻപ്രീതിക്കായഗ്നിഹോത്രമതും ചെയ്തു പിന്നെയുടൻ സ്വാസനത്തിൽ വാണു പൂജാസങ്കല്പം ചെയ്യണം ഗിരേ! * ഭൂതശുദ്ധികഴിച്ചാദ്യം മാതൃകാന്യാസമായതും ഏല്ലേവമാതൃകാന്യാസം പിന്നെയും ന്യസിക്കണം * മൂലാധാരത്തിൽ ഹ്രീംകാരം താൻ തന്നെ ഹൃദയത്തിലും ഭ്രൂമദ്ധ്യത്തിങ്കലീകാരം ഹ്രീംകാരം മസ്തകത്തിലും * അന്യന്യാസങ്ങളുമതിൻ മന്ത്രംകൊണ്ടു കഴിക്കണം കല്പിക്കണം സ്വദേഹത്തിൽ പീഠം ധർമ്മാദിയാലുടൻ * പ്രാണായാമാൽ വിടർന്നോരെൻ സ്ഥാനമാം ഹൃദയാംബുജേ പഞ്ചപ്രേതാസനത്തിങ്കൽ പരയാമെന്നെയോർക്കണം * ബ്രഹ്മാവും വിഷ്ണുവും രുദ്രനീശാനൻ ശ്രീസദാശിവൻ ഇവരഞ്ചു മഹാപ്രേതന്മാരെൻ കാല്ക്കീഴിൽ വാഴുവോർ * പഞ്ചഭൂതാത്മ

കർപ്പബോധാവസ്ഥാത്മകരമാണിവർ അവ്യക്തചിദ്രൂപിണിതാനവരെ
യുംകേണ്ടുന്നവരം * അതിനാൽ പീഠമായ് തീർന്നാർശക്തിതന്ത്രങ്ങളിൽ
സദാ എവംമനസ്സിൽദ്ധ്യാനിച്ചുപൂജിച്ചിട്ടുജപിച്ചുടൻ * ജപംദേവി
യിലർപ്പിച്ചിട്ടർഘ്യസ്ഥാപനംചെയ്യണം പാത്രസാദനവും,പൂജാദ്രവ്യശോ
ധനവുംതഥാ * ജലത്താൽമൂലമന്ത്രാസ്ത്രമന്ത്രങ്ങളാംകൊണ്ടുദേശികൻ
ദിഗ്ബന്ധനംചെയ്തുശേഷംഗുരുവന്ദനംചെയ്യണം * ഗുരുവിന്നാജ്ഞ
വാങ്ങീട്ടാബാഹ്യപീഠത്തിലായുടൻ [illegible] ഭാവിച്ചോരെൻദിവ്യമാം
മനോഹരമൂർത്തിയെ * ആവാഹിച്ചീടണംപ്രാണപ്രതിഷ്ഠാമന്ത്രമോ
തിയും നല്ലാസനാർഘ്യപാദ്യാചമനങ്ങളുമതെവിധം * സ്നാനംവസ്ത്ര
മുപവീതംഭൂഷണങ്ങളശേഷവും ഗന്ധപുഷ്പങ്ങളുംദേവിക്കേകിയി
ട്ടതിഭക്തിയായ് * യന്ത്രാവരണപൂജയുമാരംഭിച്ചീടണംബുധൻ ദി
നന്തോറുമശക്തർക്ക്ശുക്രവാരംവിധിച്ചതേ * മൂലദേവീപ്രഭകളാണം
ഗദേവികളെന്നതും ത്രൈലോക്യമപ്രഭാജാലവ്യാപ്തമെന്നറിയേണം *
പിന്നെപ്പൂജിക്കണംസാംഗയാകുമമൂലദേവിയെ സുഗന്ധമേറുംഗന്ധം
നൽപുഷ്പംനൈവേദ്യങ്ങളെന * തർപ്പണംനല്ലതാംബൂലംദക്ഷിണാദി
കളംകൊണ്ടുമെ തൃപ്തനാമസാഹസ്രംകൊണ്ടുംമെതോഷമേക
ക * കവചംകൊണ്ടുമഹംരുദ്രനെന്നസൂക്തംകൊണ്ടും ദേവ്യഥർവ്വശി
രോമന്ത്രംഹൃല്ലേഖോപനിഷത്തിവം * മഹാവിദ്യാമഹാമന്ത്രങ്ങളുമെ
ന്റെജപിക്കണം പ്രേമാർദ്രഹൃദയത്തോടുംഭക്തിയോടുംഗദ്ഗദത്തോ
ടും * രോമാഞ്ചത്തോടുമാനന്ദാശ്രുനിർഝരമയോചനംചെയ്യണം നൃത്ത
ഗീതാദിഘോഷങ്ങളാലേകൊണ്ടുംപ്രീതിവരുത്തണം * പുരാണപാഠംവേ
ദജപമിവകയാലുമെ ഞാനിവണ്ണംപ്രീതയാകുംതോഷിപ്പിക്കണമങ്ങ
നെ * സർവ്വസ്വസഹിതംദേഹമർപ്പിക്കുകയായ് ഹോമംചെയ്തു
വിപ്രരെയുംസുവാസിനികളെയുമെ * ദേവീബുദ്ധ്യാപൂജിപ്പിക്കവടുകാദി
കളെയുമെ നമിച്ചുഹൃദയത്തിങ്കൽവിസർജ്ജിക്കുകമുദ്രയാൽ * എൻപൂ
ജയെല്ലാംഹൃല്ലേഖകൊണ്ടുചെയ്കസുവ്രത! ഹൃല്ലേഖയാണമന്ത്ര
ങ്ങൾക്കെല്ലാമുത്തമമായതു * ഹൃല്ലേഖാദർപ്പണത്തിൽ ഞാൻപ്രതിബിം
ബിച്ചുവരുംസദാ ആമന്ത്രത്താൽചെയ്തിട്ടെല്ലാമന്ത്രംകൊണ്ടുചെയ്തു
പോൽ * ഗുരുവിൻപൂജയുംചെയ്തിട്ടോർത്തുകൊള്ളുകകൃതാർത്ഥനായ് ആ
രെവംശ്രീമഹാദേവീപൂജചെയ്യുന്നവനുകേൾ * എങ്ങുംദുർല്ലഭമായതാ
ന്നൊരുനാളുംഭവിച്ചിടാ ദേഹാന്തത്തിൽമണിദ്വീപംപ്രാപിക്കുംമദ്രൂപ
മായവൻ * ദേവീരൂപനവൻനിത്യംദേവന്മാരുംനമിച്ചിടും ശ്രീദേവീ
പൂജയീവണ്ണംനിനക്കായിട്ടുചൊല്ലിനേൻ * അറിഞ്ഞിട്ടീവകെല്ലാംനീയധി
കാരാനുരൂപമായ് എൻപൂജചെയ്യുവെന്നാൽമേവിച്ചീടുംകൃതാർത്ഥ

നായ് ॥ എൻ ഗീതാശാസ്ത്രമിതിനെശിഷ്യന്നല്ലാതുരയ്ക്കൊലാ ദുർബു ദ്ധികൾക്കുംധൂർത്തന്മാൎക്കുമതിഹീനന്മാൎക്കുമതൊലാ ॥ ഇതിൻപ്രകാശനംമൊ ഋസ്സനാലിംഗനമെന്നപോൽ അതുകൊണ്ടിതു യത്നാൽ ഗൂഢമായ്സൂക്ഷി ച്ചുകൊള്ളണം ॥ ഭക്തനാംശിഷ്യനും ജ്യേഷ്ഠപുത്രനുംതാൻസ്വഭാവേന സുശീലനമെഹാദേവീഭക്തനാമെ ചൊല്ലിടാമിതു ॥ ശ്രാദ്ധകാലത്തിങ്കൽ വിപ്രർകൾക്കമറാൽ ഘോഷിക്കുകിൽ പിതൃക്കൾക്കുതൃപ്തരായ് പ്രാപിച്ചീടുമ ത്യുത്തമപദം.

വ്യാസൻ പറഞ്ഞു.

എന്നരുൾചെയ്താപ്പരാദേവിയവിടെനിന്നുമറഞ്ഞുതെ തുഷ്ടരായമർ വാനവന്മാർ ദേവിതൻദർശനത്തിനാൽ ॥ ഹിമവൽപുത്രിയായുണ്ടായി ചെന്നതു ഹൈമവതിനൃപ! ഗൌരിയെന്നുള്ള പേരോടുംനൽ കല്പിട്ടു ശിവ ന്നവൾ ॥ അദ്ദേവിയിൽസ്കന്ദനുണ്ടായ്വന്നു താരകനെക്കൊന്ന പാലാ ഴിമഥനത്തിങ്കലുണ്ടായ് രത്നങ്ങളാഴിയിൽ ॥ ലക്ഷ്മീപ്രാപ്തിക്കുദേവകളത്യാ സ്തുതിച്ചാർദേവിയെസ്സുരർ അവർക്കനുഗ്രഹത്തിനായുണ്ടായീലക്ഷ്മീദേ വിയും ॥ വിഷ്ണുവിന്നാകിനാർ വാരാഹിയാൽ സുഖമാർന്നവൻ ദേവീ മാഹാത്മ്യമീവണ്ണം നിന്നക്കോതിയുത്തമം ॥ ഗൌരീലക്ഷ്മീസമുൽപ ത്തിവിഷയം സർവ്വകാമദം രഹസ്യമായ് ചൊന്നതിനാലിതന്യനാക്കരു തല്ലൊലാ ॥ ഗീതാരഹസ്യമാണെന്നറിഞ്ഞുഗോപ്യമാസ്സൂക്ഷിച്ചുകൊള്ളണം പാ പഹീനൻഭഗവാൻ കേട്ടതെല്ലാമെ ചൊല്ലിപൃഥക്കിനി ഞാൻ ॥ പവിത്രം പാവനം ദിവ്യാകേൾപ്പാനെന്തിച്ഛയിന്നിമേൽ.

ശ്രീദേവീഭാഗവതം സപ്തമസ്കന്ധം

ദേവീഗീത

നാല്പതാമദ്ധ്യായം.

സപ്തമസ്കന്ധം സമാപ്തം

ശ്രീജഗദംബികയെ നമഃ

ശുഭം.

എട്ടാംസ്കന്ധം.

ഒന്നാമദ്ധ്യായം.

ജനമേജയൻ പറഞ്ഞു.

സ്വായംഭുവമനുവിൻ ഉത്പത്തി പിന്നെ സൽക്കഥാശ്രിതം ചരിതം നീ യരുളിച്ചെയ്തുകൊണ്ടതെല്ലാം വിസ്തൃതം ॥ ഇപ്പോൾ കേൾപ്പാനിച്ഛയുണ്ടെനിക്കു ഋഷി യാം ജഗദംബിക മനുവായ് മന്വന്തരത്തിൽ പൂജ്യമായതാമോ॥ എന്തെല്ലാം കർമ്മങ്ങൾകൊണ്ടെല്ലാം ആരാധനാവും മുനേ! ശരീരമേതാണ് പൂജിച്ചാൽ ഫലമേകീടും ശിവേ ॥ ഏതു മന്ത്രം കൊണ്ടു പൂജിക്കേണമെ ന്നെല്ലാം കേൾക്കിലായ് ദേവിയോടു സ്വരൂപത്തിന്നു സ്വരൂപമെന്തെ ന്നു? ॥ ധ്യാനമെന്താകുന്നു ചൊല്ലുക സ്വരൂപത്തിലമ്മ എന്നു? ഇതൊക്കെയു നിക്ഷേപമാകുന്നതെല്ലാം ചൊല്ലുക മുനേ!

വ്യാസൻ പറഞ്ഞു

രാജാവേ! കേൾക്കണം ചൊല്ലീടാം ദേവ്യാരാധനമുത്തമം നന്നാകുന്നു ചെയ്യുന്നാൽ കേൾക്കിലും മംഗളം വരും ॥ നാരായണനോടീ ചോദ്യം ചോദിച്ചു പണ്ടു നാരദൻ ആ യോഗീശനവൻ ചൊന്നതിന്നു ജ്ഞാനമതു ചൊ ല്ലീടാം ॥ ഒരിക്കൽ നാരദൻ ശ്രീമാൻ സഞ്ചരിച്ചീ ധരിത്രിയിൽ നാരാ യണാശ്രമത്തിൽ ചെന്നു നാൻ ബോധമെന്നിയെ ॥ ആ യോഗിയെ നമിച്ചിട്ടാനാരദൻ മുനിസത്തമൻ നിശ്ചയിച്ചെല്ലാമീ ചോദ്യം താൻ ചോദി ച്ചു ജനമേജയ!

നാരദൻ പറഞ്ഞു.

ദേവദേവ! മഹാദേവ! പുരാണപുരുഷോത്തമ! ജഗദാധാര! സർവ്വ ജ്ഞ! മഹാസൽഗുണവാരിധേ! ॥ ജഗത്തിന്നാദ്യമായതും പരമതോ ഒരി ട്ടകന്നിരുന്നതും എന്തിൽനിന്നുതാൻ ഉളവായിതെന്നും ശേഷവും? ॥ അവസാനമതും സർവ്വഫലമാമവും എന്തിലാവാൻ കൃപയറിഞ്ഞീടി ലീമോഹമെല്ലാമൊഴിഞ്ഞുപോയിടും? ॥ പൂജാജപധ്യാനവുമെല്ലാം ചെയ്യാൽ മനസ്സിലായ് വെളിച്ചമുണ്ടായിട്ടതിങ്കലവിടെ തെളിച്ചപോ ൽ ॥ ആ ജ്ഞാനം ഞാനും അറിഞ്ഞീടാൻ ഈ ചോ ദ്യം ശേഷം നീയരുളിച്ചെയ്തീടണമുത്തമം.

വ്യാസൻ പറഞ്ഞു

ഏവം നാരദനാൽ കേൾക്കപ്പെട്ടാൽ പ്രാചീനനാം മുനി നാരായ ണൻ മഹായോഗി കൊണ്ടാടിക്കൊണ്ടു ചൊല്ലിനാൻ.

നാരായണൻ പറഞ്ഞു.

ദേവർഷിപുത്ര! കേട്ടാലും ജഗത്തിൻ തത്വമുത്തമം അതറിഞ്ഞാൽ

ഭേദംമൎത്ത്യനാരാകെയില്ലജഗൽഭ്രമം • ജഗത്തിൻതത്വമദ്ദേവിയാമെ ന്നോൎത്തുന്നവരൊന്ത്രേഷം ഋഷിമാർദേവർഗന്ധൎവ്വർമററുമുള്ള ബുധന്മാരു മന്നേ! • ജഗത്തെല്ലാംസൃഷ്ടിക്കുന്നവളുംതാൻരക്ഷചെയ്യുന്നതും സംഹരിപ്പ തും,മെന്നോൎത്തപ്പെട്ടന്ത്യത്രിഗുണങ്ങളാൽ • സിദ്ധേശ്വരിപദ്മമദ്ദേവീസ്വ രൂപംതാൻപറഞ്ഞിടാം സ്മരിപ്പാൽപാപമെല്ലാംപോംകാമമോക്ഷ ങ്ങളുംവന്നിടും • പുരാതപവാൻബ്രഹ്മപുത്രനാദ്യൻസ്വായംഭുവൻമനു ശതരൂപാപതിശ്രീമാൻസൎവ്വമന്വന്തരാധിപൻ • അവൻപിതാവാം വിധിയെഭക്ത്യാശുശ്രൂഷചെയ്യവേ ശുഭൻബ്രഹ്മാവുതൻപുത്രൻമനു വോടിത്തുചൊല്ലിനാൻ: • "പുത്ര!നീചെയ്യണംഭക്ത്യാദേവ്യാരാധനമു ത്തമം നിനക്കുംബാപ്രസാദത്താൽപ്രജാസൃഷ്ടിപ്രസിദ്ധമാം" • വിധി യാലിത്തുചൊല്ലപ്പെട്ടസ്വായംഭുവനാംമനു ജഗന്മാതാവീശ്വരിയെ തോഷിപ്പിപ്പാൻതപസ്സിനാൽ • ആദ്യാമായയാസൎവ്വശക്തിസൎവ്വകാര ണകാരണം ആദേവിയെസ്തുതിപ്പാനാരംഭവേകാഗ്രചിത്തനായ്.

മനു പറഞ്ഞു.

നമോനമസ്തേദേവേശി!സൎവ്വകാരണകാരണേ! ശംഖചക്രഗദാ പത്മഹസ്തേ!വിഷ്ണുഹൃദിസ്ഥിതേ! • ജഗദംബേ!വേദമൂൎത്തേ!മായാ സ്ഥാനസ്വരൂപിണി! വേദത്രയപ്രമാണാംഗേ!സൎവ്വദേവനതേ!ശി വേ! • മഹേശ്വരി!മഹാഭാഗേ!മഹാമായേ!മഹോദയേ! മഹാദേവാ ൎദ്ധാംഗവാസേ!മഹാദേവപ്രിയങ്കരി! • മഹോത്സവേ!മഹാനന്ദേ!ജ്യേ ഷ്ഠേ!വിന്ധ്യാദ്രിവാസിനി! മഹാമാരീഭയഹരേ!നമോദേവാഭിപൂജി തേ! • സൎവ്വമംഗലമാംഗല്യേ!ശിവേ!സൎവ്വാൎത്ഥസാധികേ! ശരണ്യേ! ത്ര്യംബകേ!ഗൌരി!നാരായണി!നമോസ്തുതേ • ഏതിൽനിന്നീവിശ്വ മേതിനാൽവ്യാപ്തം,കോൎത്തിരിപ്പതും ഏകംചൈതന്യമാത്യന്തരഹി തംതേജസ്സാംനിധി • ബ്രഹ്മാവാർതൻകരുണയാൽ സൃഷ്ടിച്ചീടുന്നി തൊക്കയും പാലിപ്പതുംവിഷ്ണു,വെല്ലാംസംഹരിപ്പതുമീശ്വരൻ • മധു കൈടഭരിൽനിന്നുവേറെപ്പെട്ട് പത്മജൻ ആരെസ്തുതിച്ചാപത്താംഭയ ത്തിൽനിന്നുമുക്തനായ്? • ഹ്രീ,കാന്തി,യോൎമ്മയും,കീൎത്തി,രമാ,ശ്രീ ഗൌരിയുംസതി ദാക്ഷായണി,വേദഗൎഭാ,ബുദ്ധിമാ,മേധിനിയും • ആ നിന്നെവാഴ്ത്തുംപൂജിക്കാംജപിക്കാം ഞാൻനമിച്ചീടാം ധ്യാനിക്കാംഭാ വനചെയ്യാംനോക്കാംകേൾക്കാംപ്രസീദമേ • വേദത്തിൻനിധിയാ യ്ബ്രഹ്മാലക്ഷ്മീപതിയായ്ഹരി ത്രൈലോക്യാധിപനായിന്ദ്രൻവ രുണൻജലനാഥനായ് • നിധീശനായ്വൈശ്രവണൻകാലനാംപിതൃ നാഥനായ്രക്ഷോനാഥൻനിരൃതിയായ് ചന്ദ്രൻത്രൈലോക്യവന്ദ്യനാ യ് • നിൻകൃപാബലമാണെല്ലാംലോകേശി!ശിവരൂപിണി! അനേകം ഞാൻനമിച്ചീടാംജഗദംബേ!നമോനമഃ.

നാരായണൻ പറഞ്ഞു.

സ്തുതിക്കപ്പെട്ടവളായ്ക്കൊണ്ടു നാരായണീപരാ പ്രസന്നയായ്ബ്ര
ഹ്മപുത്രൻമനുവോടിങ്ങനെ ചൊല്ലിനാൾ.

ശ്രീദേവി പറഞ്ഞു.

ബ്രഹ്മപുത്ര നിനക്കിഷ്ടമാംവരം നീ വരിക്കുക ഇസ്തോത്രത്താൽതു
ഷ്ടയായ് ഞാൻകേൾപ്പാനാസവിക്ഷകകാണുമേ.

മനു പറഞ്ഞു.

പ്രസാദിച്ചുകനിഞ്ഞീടുകയെന്റെഭക്തികൊണ്ടുകൃപാംബുധേ! നിർവ്വി
ഘ്നമായ് പ്രജാസൃഷ്ടിചെയ്വാൻനീയനുഗ്രഹിക്കണം.

ശ്രീദേവി പറഞ്ഞു.

പ്രജാസൃഷ്ടിഭവിച്ചീടുംനിനക്കെന്റെയനുഗ്രഹത്താൽ നിർവ്വിഘ്നമാ
യ്പ്രപഞ്ചസൃഷ്ടിമേല്ക്കുമേലഭിവൃദ്ധിയായ്. നീചെയ്തോരീസ്തോത്രമാ
മെൻഭക്തിയോടോതുമെപ്പോഴും അവർക്കുണ്ടാം സന്തതിയുംകീർത്തിയും
കാന്തിയുംധ്രുവം. ധനധാന്യങ്ങളും വർദ്ധിക്കുംനശിച്ചീടാത്തശക്തിയും
എങ്ങുംവിജയവുംശത്രുനാശവുംസുഖവുംവരും.

നാരായണൻ പറഞ്ഞു.

ബ്രഹ്മപുത്രൻമനുവിനീവരങ്ങളൊന്നരുൾകിയിട്ടവൾ അന്തർദ്ധാനം
ചെയ്തു ബുദ്ധിമാനവൻലോകനിന്ദ്യവം വർണ്ണിച്ചിട്ടാബ്രഹ്മപുത്രൻ
മനുപ്രതാപവാൻ വിധിയോടോതിപിതാമഹ സ്ഥാനംനൽകുകതാതാ
മേ. അതിൽവാണിട്ടുഞാൻനന്നായ് പ്രജാസൃഷ്ടിനടത്തിടാം യാഗ
ങ്ങളുംചെയ്യാംദേവകളെന്തിനാലാരാധിക്കണം? പുത്രന്റെയീവാ
ക്കുകേട്ടപ്പോൾവാഗ്മിയായദേവൻ ഒത്താൻസ്വചിത്ത,മിക്കാര്യമെങ്ങനെ
സാദ്ധ്യമെന്നതായ്. അനേകംകാലമായ്സൃഷ്ടിയില്ലാതായിട്ടുനിക്ക
താൻ ഭൂമിവെള്ളത്തിൽമുങ്ങിപ്പോയ്സർവ്വത്രജലമായിത. ഞാൻ
ചിന്തിച്ചിട്ടുമിക്കാര്യംഭഗവാനാദിപൂരുഷൻ സഹായിച്ചിട്ടുസാധിക്കേ
ണ്ടുന്നവനാണെൻകരുപ്പവൻ.

ശ്രീദേവീഭാഗവതം എട്ടാംസ്കന്ധേ

മന്വന്തരേ

ഒന്നാമദ്ധ്യായം.

രണ്ടാമദ്ധ്യായം.

നാരായണൻ പറഞ്ഞു.

മനുവാദികളും,മുനിശ്രേഷ്ഠർമരീചിമുഖ്യരുമവരും ചൂഴവേ,വിധിയീ
വണ്ണംചിന്തിച്ചുംകൊണ്ടിരിക്കവേ. ബ്രഹ്മാവിന്റെമൂക്കിൽനി

ന്നംഗുഷ്ഠത്തിന്നുതുല്യമായ് ഒരുപന്നിക്കുട്ടിയുണ്ടായായവൻനോക്കിനി ല്ക്കവെ ॥ ആകാശദേശമതിലായ്നിന്നുവേഗേനനാരദ! അത്യാശ്ചര്യ മാമാറാനസ്ഥൂലതുല്യമായ് തീൎന്നതപ്പോഴേ ॥ മരീച്യാദിദ്വിജരോടുംസന കാദികളോടുമായ് ബ്രഹ്മാവാപ്പന്നിരൂപത്തെക്കണ്ടുസംശയമാൎന്ന തേ ॥ അത്ഭുതസത്വംതാനിപ്പോൾപന്നിവ്യാജേനവന്നുവോ? അത്യ ത്ഭുതമിതെൻമൂക്കിൽനിന്നീവണ്ണംവെളിച്ചതും ॥ അംഗുഷ്ഠമാത്രനായ് കണ്ടുതൽക്ഷണംമലപോലെയായ് യജ്ഞനാംഭഗവാനെന്നെഖേദി പ്പിപ്പതിന്നായിതു ॥ ഇതുവണ്ണംസംശയിക്കുമ്പോളാപരബ്രഹ്മസന്നി ധൌ മലതുല്യാകൃതിപ്പന്നിരൂപൻഘോരമായൊന്നലറീടിനാൻ ॥ ആമുനീ ന്ദ്രരോടുംബ്രഹ്മാവിന്നുമോദംവരുമ്പടി പ്രതിധ്വാനിവരുംവണ്ണംദിക്കെ ല്ലാംതന്നെയപ്പോൾ ॥ ജനസ്തപസ്സത്യലോകവാസികൾസുരനായകർ ഖേദംപോക്കിടുമാധുൎയ്യംപോരവന്നതുചിച്ചുടൻ ॥ സ്തുതിച്ചാരൃഗ്യജു സ്സാമാഥർവങ്ങളതായിട്ടും വേദസ്തോത്രങ്ങൾകൊണ്ടാദ്യനാമപ്പരംപു രുഷം ॥ അവർതൻസ്തുതികേട്ടാശ്ശൎഭഗവാൻഹരിയീശ്വരൻ കൃപാ കടാക്ഷംചെയ്തിട്ടുപ്രവേശിച്ചു ജലത്തിലായ് ॥ പ്രവേശിച്ചുളവിൽക്രൂര സ്കന്ധരോമപ്രപീഡയാൽ ഭക്തവത്സലനീയെന്നെരക്ഷിക്കെന്നബ്ധി യോതിനാൻ ॥ ഏവംസമുദ്രവചനംകേട്ടിട്ടാബ്ഭഗവാൻഹരി ജലജന്തു ക്കളെല്ലാംഭേദിച്ചാഴിക്കുള്ളിൽകടന്നതേ ॥ അങ്ങുമിങ്ങുംനടന്നന്വേഷി ച്ചാൻഭൂമിയെയാവിഭു കണ്ടെത്തീടിനമാഘ്രാണിച്ചു ഘ്രാണിച്ചതിന്നെ ഹരി ॥ സൎവ്വസത്വാശ്രയത്തോടുംജലത്തിന്നുള്ളിൽദേവിട്ടും ഭൂമിയെ ദേവദേവേശൻപൊക്കിനാൻതേറ്റകൊണ്ടുടൻ ॥ തേറ്റയിങ്കലതും കൊണ്ടായജ്ഞേശൻയജ്ഞപൂരുഷൻ ശോഭിച്ചാൻദിഗ്ഗജംതുമ്പിക്ക യ്യിൽപത്മിനിയോടുപോൽ ॥ തേറ്റയാൽഭൂമിപൊക്കുന്നദേവദേ വേശനെയുടൻ മനുപാലികളോടുംകൂടെ വന്ദിച്ചീനാൻവിധിയീവിധം.

ബ്രഹ്മാവു പറഞ്ഞു

ജയിക്കപുണ്ഡരീകാക്ഷ! കൈതവാത്മിനാശന! ആൎദ്രീകൃത സജ്ജനലോകിസൎവ്വകാമഫലപ്രദ! ॥ ഇബ്ഭൂമിയാനതൻതുമ്പിക്ക യ്യിൽപത്മാഢ്യയായിട്ടും പത്മിനിക്കൊപ്പമായ്നിന്നിൽശോഭിക്കു ന്നു സുരേശ്വര ॥ ഇന്നിൻശരീരവുംഭൂമിയെന്നിട്ടിന്നൊരുപങ്കജം ക ള്ളിലെന്നാകരീന്ദ്രൻറദേഹംപോൽശോഭയാൎന്നതേ ॥ നമോനമസ്തേ ദേവേശ!സൃഷ്ടിസംഹാരകാരക! ദൈത്യനാശത്തിനായ് നാനാരൂപമെ ടുക്കുമൊപ്രഭോ! ॥ മുൻപിൽനമിച്ചിടാംനിന്റെപിൻപിലുംഞാൻന മിച്ചിടാം വരേക്കാധാരഭൂതൻനീബ്രഹ്മശോമ!നമോസ്തുതേ ॥ പ്രജാ സൃഷ്ടിക്കുനീയെന്നെനിയോഗിച്ചുസകൎത്താവായ് നിന്നാജ്ഞാവശനാ

[illegible]

നാരദൻ പറഞ്ഞു

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

വേ! തജ്ജസ്സേ! നന്ദന! ഭോഗത്തിൽവാണൊന്നീയും പ്രജാസൃഷ്ടിനട
[illegible] ശ്രേഷ്ഠങ്ങളായയജ്ഞസാധനങ്ങളാൽനീയജിക്കുക യജ്ഞേശ
നാ[illegible]നെദേശകാലാനുരൂപമായ് ॥ വർണ്ണാശ്രമമതാംധർമ്മംശാ
സ്ത്ര[illegible]ചരിക്കുക ക്രമമായതനുഷ്ഠിച്ചാൽപ്രജാവൃദ്ധിവരിച്ചിടും ॥
വിദ്യ[illegible]നയവും,നല്ലാചാരവും,കാന്തി,കീർത്തിയും ഉണ്ടാവും॥ ചന്ദ്രാ
ന്തതുല്യ[illegible]രയുള്ളവരാകിനീ ॥ ചൊല്ലൊണ്ടമായവർക്കേകിയിട്ടുകന്യ
കമാരെ[illegible]മനസ്സടക്കീട്ടുപ്പരംപുരുഷനിൽസദാ ॥ പരിചാർത്ഥാ
ഭക്തിമർദ്ദ[illegible]ചെയ്യ്തായിട്ടും യോഗികൾക്കിഷ്ടയാകുംസൽ
ഗതിയെനീഗമി[illegible] ॥ ഇവണ്ണമാശാസിപ്പിച്ചുവിധി,തൻപുത്രനെ
യുടൻ പ്രജാസൃഷ്ടിചെയ്യേണമെന്നുകിട്ടൂത്യലോകംഗമിച്ചുതേ ॥ പിതാ
വിൻറനിയോഗത്താൽനൃപൻസ്വായംഭുവൻമനു നല്ലവണ്ണംപ്രജാ
സൃഷ്ടിചെയ്യുവാനായ് തുടങ്ങിനാൻ ॥ "പ്രിയവ്രതോത്താനപാദർ"മ
ഹാന്മാർമനുനന്ദനർ പുത്രിമാർമൂന്നവർക്കുള്ള നാമവുംനിരൂപിക്കുക ॥
ഒന്നാമത്തവ"ളാകൃതി"പിന്നെയ"ദേവഹൂതി"യും പിന്നെ"പ്രസൂ
തി"ലോകത്തിൽപ്രസിദ്ധാഗുണമായവരാം ॥ "രുചി"ക്കാകൃതിയെദേ
വഹൂതിയെ"കർദ്ദമ"നെ പ്രസൂതിയെ"ദക്ഷനേ"കിയവർസന്താനമീ
പ്രജ ॥ ആകൃതിയിൽനിന്നു"യജ്ഞൻ"ഭഗവാനാദിപൂരുഷൻ ജനി
ച്ചാൻ"കപിലൻ"ദേവഹൂതിതങ്കലുമങ്ങനെ ॥ സാംഖ്യാചാര്യൻസർവ്വ
ലോകപ്രസിദ്ധൻകപിലൻപ്രഭു അസംഖ്യംകന്യമാരുണ്ടായ് പ്രജകൾ
ദക്ഷഭാര്യയിൽ ॥ അവർതൻസന്താനമാണീദേവതിര്യങ്നരാദികൾ
ലോകവിഖ്യാതരായ് തീർന്നാർസർവ്വസൃഷ്ടിപ്രവർത്തകർ ॥ മനസ്സുകളിൽ
നിന്നാണന്നുവേദജ്ഞനാംവിഷ്ണു ഭക്തിപ്പാൻയാമാഖ്യദേവഗണമതോ
ടൊത്തുനാരദ! ॥ കപിലൻഭഗവാൻ[illegible]സ്വാശ്രമത്തിങ്കൽവാണവ
ൻ ദേവഹൂതിക്കന്നു ജ്ഞാനംസർവ്വവിദ്യാവിനാശനം ॥ വിശേഷമാ
യ് ധ്യാനയോഗമദ്ധ്യാത്മജ്ഞാനനിഷ്ഠയും അജ്ഞാനമെല്ലാംപോയീ
ട്ടുകപിലംശാസ്ത്രമാകയും ॥ ഉപദേശിച്ചതിൻശേഷംപുലഹാശ്ര
മമണ്ടുതേ ഇന്നുംവാഴുന്നുഭഗവാൻസാംഖ്യാചാര്യൻമഹാശയൻ ॥
സിദ്ധിയാംസാംഖ്യമാംയോഗംതന്നാമസ്മരണത്തിലും വരികണ്ടാവരം
നൽകുംകപിലാചാര്യയോഗിയ ॥ മനുകന്യാവംശമതിൻനൽവിസ്താ
രമിതൊതിനേൻ കേൾപ്പവർക്കുപഠിപ്പോർക്കുംപാപമെല്ലാംനശിച്ചു
പോം ॥ ഇനിമേൽമനുവിൻപുത്രവംശമോതാതിടാം പ്രാപിക്കാ
മതുകേട്ടീടിൽപരമാംപദമേവനും ॥ വ്യവഹാരപ്രസിദ്ധിക്കുംസർവ്വത
സുഖത്തിനും അത്രിപീപസമഗ്രാദിവ്യവസ്ഥയവർചെയ്തുതേ.

ശ്രീദേവീഭാഗവതം എട്ടാംസ്കന്ധം

മന്വംശവൃത്താന്തം മൂന്നാമദ്ധ്യായം.

നാലാമദ്ധ്യായം

നാരായണൻ പറഞ്ഞു

മന്വന്തരംസ്വായംഭുവമനുതൻപുത്രൻപ്രിയവ്രതൻ പിതൃസേവാ
പരൻനിത്യംസത്യധർമ്മപരായണൻ ॥ വിശ്വകർമ്മാവായിട്ടുള്ള പ്രജാ
പതിസുതാവരാ രൂപശീലഗുണം "ബർഹിഷ്മതി" യെന്നവളെയവൻ ॥
ജനിപ്പിച്ചാനവളിൽ യോഗ്യരാം പത്തുപുത്രരെ ശ്രീമതിയിളയതാമൂ
"ർജ്ജസ്വതി" യാംകന്യയേയുമേ ॥ "അഗ്നീധ്ര" നിധ്മജി
ഹ്വൻ,മൂന്നാമൻ യജ്ഞബാഹുവും നാലാമനാം മഹാവീരൻ,ഹിരണ്യരേ
തസ്സ്,പഞ്ചമൻ ഘൃതപൃഷ്ഠൻ,സവനൻ,മേധാതിഥി,യജ്ഞമാൻ വീ
തിഹോത്രൻ,കവിയുമെല്ലാർക്കുമഗ്നിതന്റെപേർ ॥ ഇപ്പുത്രന്മാർപ
ത്തുപേരിൽമൂന്നുപുത്രർവിരക്തരായ് കവിയുംസവനൻതാനുംമഹാ
വീരനുമീയിവർ ॥ ആത്മവിദ്യാതല്പരന്മാരൂർദ്ധ്വരേതസ്സുകളുംമുനേ! കു
മാരന്മാർപരമഹംസാശ്രമത്തിൽ,നിഷ്ഠരായ് ॥ അന്യഭാര്യയിലുള്ള
യിങ്ങുണ്ടായ് നന്ദനർമൂന്നുപേർ ഉത്തമൻ,താമസൻ,രൈവതനെ
ന്നംകീർത്തികേട്ടവർ ॥ മന്വന്തരാധിപതിമാരായിത്തീർന്നോരീസുതർ
പ്രിയവ്രതൻരാജ്യംഭരിച്ചാൻഭൂമിയാകെയും ॥ നന്നായ് ആറ്റി
പ്പത്തുകോടിവത്സരക്കാലമെന്നിയേ ഭൂമിതന്നർദ്ധഭാഗത്തിലാദിത്യൻ
സഞ്ചരിക്കവേ ॥ ഉണ്ടായിട്ടന്നന്ധകാരംമറ്റേഭാഗത്തിലന്നമേ ഇത
വ്യത്യാസമേറ്റംകണ്ടിട്ടാത്താനധികമാന്നൃപൻ ॥ തേജസ്സുള്ളൊ
രേകംതാനിഭ്രമിക്കവേ ഇല്ലാതാക്കീടുമതിനായ് താനെൻയോഗബ
ലത്തിനാൽ ॥ എന്നതിന്നായ് ശ്രമിച്ചാനസ്വായംഭുവസുതൻനൃപൻ
ഏഴുവട്ടംസൂര്യനെപ്പോൽപ്രകാശിക്കുന്നതേരതിൽ ॥ ഭൂവെപ്രദക്ഷി
ണംചെയ്തോരഥചക്രങ്ങൾഭൂമിയിൽ കഴിഞ്ഞിട്ടേഴാഴികളായ് തീർന്നുലോ
കഹിതത്തിനായ് ॥ അതിൻമദ്ധ്യപ്രദേശങ്ങൾസപ്തദ്വീപുകളായി
തേ അന്തർവണ്ടിത്തടങ്ങൾതാനേഴാഴികളുമായതിൻ ॥ മദ്ധ്യപ്രദേ
ശങ്ങൾതന്നെസപ്തദ്വീപുകളുംമുനേ! ജംബു,പ്ലക്ഷം,ശാല്മലിയും,കു
ശം,ക്രൌഞ്ചവുമങ്ങനെ ॥ ശാകദ്വീപം,പുഷ്കരവുംദ്വീപുകൾക്കിതു
പേരുകൾ വിസ്താരമതിരട്ടിച്ചാണിവകൾക്കുത്തരോത്തരം ॥ [illegible]
വെളിയായ് ചുറ്റുമാണീദ്വീപുകളൊക്കെയും ലവണ,ഇക്ഷു,സുരാ,സ
ർപ്പി,ദധി,ക്ഷീരമയങ്ങളും ॥ ശുദ്ധോദകവുമാമേഴാഴികളെപ്പറയുന്ന
തെ അന്നീയേഴാഴിയുംഭൂവിൽകീർത്തികേട്ടവയായ് മുനേ! ॥ ക്ഷാരാബ്ധി
ചൂഴുമാദ്യത്തെജംബൂദ്വീപമതിങ്കലായ് പ്രിയവ്രതൻനാഥനായിട്ടാ

[illegible]

ശ്രീദേവീഭാഗവതം [illegible]

[illegible]

[illegible]

അ ഷ്ടാ മ സ് ക ന്ധം

[illegible]

[illegible]

ആറാമദ്ധ്യായം.

ശ്രീനാരായണൻ പറഞ്ഞു.

അരുണോദാഖ്യമാം നദി മന്ദരമാമലയിൽ നിന്നിളാവൃതമദ്ധ്യ ത്തിൻകിഴക്കായൊഴുകുന്നതേ ॥ അതിന്റെ ജലപാനംകൊണ്ടിട്ടായക്ഷഗ ന്ധർവ്വപത്നികൾ ദേവിദാസികൾതൻദേഹങ്ങളിൽതട്ടിയ വായുവും ॥ സൗരഭ്യത്തോടുവീശുന്നു പത്തുയോജനച്ചുററിലും ഞാവൽപഴങ്ങളും ഗോപുരത്തിൽനിന്നാനകളെന്നപോൽ ॥ കുരുവെന്ന്യേവീണുപൊട്ടി ച്ചിതറീട്ടാരസത്തിനാൽ ഉണ്ടാകുന്നു ജംബുവെന്നനദിയാമേരുമന്ദ രാൽ ॥ പതിച്ചിളാവൃതത്തിന്റെ തെക്കായിട്ടൊഴുകുന്നതേ ജംബൂഫ ലാസ്വാദമുള്ളോർ ജംബുവാരിനിഷേവികൾ ॥ അസ്ഥലത്തുള്ള വാനോരും ഭക്ഷ്യനാഗങ്ങൾ മുഖ്യരും ഹത്യാപൂർവ്വിച്ചിട്ടെന്നെന്നേക്കും പയ്യുള്ളവരാണ വർ ॥ പാപപരേതരായ നരകത്തിൽ രോഗമാറുന്നപാവനീ കീർത്തി കളിൽവിളങ്ങുംപോകുന്നോർ വാനോർമാനിച്ചിടുന്നവർ ॥ കോകിലാ ക്ഷീകാമകലാകന്നാകാമപൂജിത ശ്രീദേവിപൂജ്യാധന്യാകാന്തി കലന്നവർ ॥ സ്തുതിക്കണേന്നെ നാമങ്ങളെക്കൊണ്ടവളെനമർ ജംബൂ നദിക്കരയിലെമണ്ണാജംബൂരസമൊട്ടും ॥ കാററുമാവെയിലുംതട്ടിട്ടോ ഷപാകത്തിലാകയാൽ വിദ്യാധരാമരസ്ത്രീകൾക്കാഭരണങ്ങൾഭൂഷണങ്ങ ളായ് ॥ തീരുന്നുസുവർണ്ണാകരജാംബൂനദസുവർണ്ണവും ആഭരണങ്ങൾ കാമുകന്മാർസ്ത്രീകൾക്കായിട്ടുണ്ടാതാം മകുടാംഗങ്ങൾതൊട്ടതെല്ലാം നിർമ്മിച്ചിടുന്നതേ ॥ അതോതിയസുപാർശ്വാദ്രിയിലുവെവൻകദമ്പ ത്തിൽ കോടരങ്ങളിൽനിന്നുവഴിയായിട്ടതിൻരസം ॥ സുപാർശ്വ ഗിരിയിൽവീണുഭൂമിയിലൊഴിച്ചുടൻ അഞ്ചായിളാവൃതത്തിന്റെപ ടിഞ്ഞാറൊഴുകുന്നതേ ॥ ആരസത്തെ ഭുജിക്കുന്നവാനോർതൻമുഖഗ ന്ധവാൻ കാററുംചുററുംചരിക്കുന്നുനൂറുയോജനയോളവും ॥ ഭക്തന്മാ ർക്കിഷ്ടമേകീടുംധരേശ്വരിമഹേശ്വരി ദേവപൂജ്യാമഹോത്സാഹാകാല രൂപാമഹാനന ॥ വാഴുന്നു കർമ്മഫലദാകാന്താരഗ്രഹണേശ്വരി കരാ ളദേഹാകാളാംഗീകാമകോടിപ്രവർത്തിനീ ॥ ഇന്നാമങ്ങൾകൊണ്ടുപൂ ജ്യാദേവിസർവ്വേശ്വരീ! കുമുദത്തിൽശതബലംപേരാർന്നിട്ടുള്ളന്ന തിന്റെ ശാഖകൾതൊട്ടുവീഴുന്നനദങ്ങൾകുമുദാദ്രിയിൽ ॥ പാൽ,ത യിർ,തേൻ,നെയ്യ്,ഗുളാന്നം,മെത്ത,വസ്ത്രാ,സനങ്ങളും ഭൂഷണങ്ങളു മാകുന്നിച്ഛിക്കുന്നവയൊക്കയും ॥ ഇളാവൃതത്തിൻവടക്കുഭാഗത്താ യൊഴുകുന്നവ അതിൻതടത്തിൽമീനാക്ഷീദേവിദേവാസുരസ്തുത ॥ നീ ലാംബരാരൗദ്രമുഖീനീലാളകസമന്വിത വിണ്ണിൽവസിപ്പവർക്കെല്ലാം ഫലംവെവ്വേറെകൊടുപ്പോൾ ॥ അതിമാന്യാമഹാപൂജ്യാമത്തമാതംഗഗാമി

നീ മദനോന്മാദിനീ, മാനപ്രിയാമാനപ്രിയാന്തരാ ॥ മാരവേഗധരാ, മാരപൂജിതാമാരമാലിനീ ധ്യേയപദശോഭാദ്ധ്യാസ്ഥമനേത്രപ്പുരാററാമീ ശചീ ॥ ആമീനാക്ഷിദേവിയെയീനാമങ്ങൾകൊണ്ടുവാഴ്ത്തുകിൽ സ്ത്രീക്കിലുംകാമമോക്ഷങ്ങളേനൽകീടുമായവൾ ॥ ആനങ്ങളിലേതോയപാനംചെയ്യുന്നവർക്കോ ഭേകിതില്ലാതകാലത്തുംജരാനരകളോട്ടുമേ ॥ സൌഗന്ധ്യവുംബുദ്ധിശക്തിയുമങ്ങനെ ശീതമുഷ്ണംകൊറവുകൊണ്ടുംവൈവർണ്യം, മുഖരോഗവും ॥ ആപത്താനന്ദേചേർന്നിടാതെസുഖിക്കാംമരണംവരെ ഉണ്ടാമിടയിടാതുള്ള സുഖമത്യുത്തമത്തോടും ॥ ഇനിയുംഞാനുരച്ചീടാംമഹാമേരുവതിന്നുടെ സ്ഥിതിയുംപോലദ്രികൾതൻസ്ഥിതിയുംമുനിസത്തമ! ॥ കർണ്ണികാരൂപമാംമേരുവിൽചൂഴ്ന്നിരുവതദ്രികൾ കേസരങ്ങൾക്കൊപ്പമായാമേരുവിൻമൂലഭാഗമായ് ॥ നില്ക്കുന്നചുറ്റുമവതൻനാമങ്ങൾകേട്ടുകൊള്ളുക കുരംഗംകുരംഗംപിന്നെകുസുംഭംതാൻവികങ്കതം ॥ ത്രികൂടം, ശിശിരം, പിന്നെപ്പതംഗം, രുചകംമുനേ! നിഷധം, നൽശിതി, വാസം, കപിലം, ശംഖമെന്നതും ॥ വൈഡൂര്യം, ജാരുധി, ഹംസം, ഋഷഭമെന്നതും നാഗംകാലഞ്ജരം, പിന്നെനാരദമെന്നുപർവ്വതങ്ങളിവ.

ശ്രീദേവീഭാഗവതം എട്ടാംസ്കന്ധം
ഏഴാമദ്ധ്യായം
സമാപ്തം.

എട്ടാമദ്ധ്യായം.

ദ്രിമര്യാദകൾ പറയുന്നു.

മേരുവിന്റെകിഴക്കായ് രണ്ടദ്രികളോരോൻപതിനായിരം യോജനാവലിയാംഗംനീണ്ടു, മുപ്പതിൽരണ്ടുസഹസ്രകം ॥ ഓരോന്നിന്റെ വലുപ്പം, രണ്ടദ്രിപശ്ചിമഭാഗമായ് പവമാനംപാരിയാത്രംപോകംവിസ്താരമായതും ॥ മുൻപുരച്ചതുപോൽതന്നെയാണെന്നോർക്കനാരദ! മേരുവിൻതെക്കുഭാഗത്തായ് കൈലാസംകരവീരവും ॥ അദ്രിശ്രേഷ്ഠങ്ങൾമുൻപോൽതാൻകിഴക്കോട്ടുനീണ്ടവ വടക്കുഭാഗത്തിവണ്ണംത്രിശൃംഗമകരാദ്രികൾ ॥ ഈയെട്ടദ്രികളാൽചുറ്റപ്പെട്ടിട്ടതിത്യമന്നപോൽ സുമേരുവാംസുവർണ്ണാദ്രിയേററംശോഭിച്ചിടുന്നതേ ॥ അതിൻമുകളിലായ്മദ്ധ്യഭാഗത്താവിധിതൻപുരി വിളങ്ങീടുന്നു പതിനായിരംയോജനവിസ്താരം ॥ സമാനചതുരശ്രത്തിൽതങ്കത്താലുള്ളതെന്നതായ് വർണ്ണിച്ചീടുന്നിതതിനെതത്വജ്ഞാനികളാണവർ ॥ അതതിന്നെന്താണതിന്റെ

കാല[illegible]ക്കൊണ്ട് അംഗുലികപാലകൾക്കുപ്പരികരമുനിസത്ത
മ! • അ[illegible]ർന്നപൂർണവസ്തുക്കളെയത്രെയുള്ളവെക്കൊണ്ടും ഉൻപതാ
ണ്ടുപ്പുരികളുമെന്നാവസ്ത്യമാവതി • ദേവാവതി,സംജ്ഞ,പീ,ക്കുട്ടം
ഗണ,ധൂമപാന ഭൂയാവതി,ഗന്ധവതി,ഭദ്രംപോൽതാൻമണ്ഡലത്തോടെ
ഇളാവതീപ്രമാൽത്രൃമെന്നുഗന്ധ്യർനിവസിപ്പതാം മേരുവിൽ
താൻക്ഷ്വാമയോക്യന്നരോഹിതമെന്ന • ഭൂമികൊണ്ടവരുവിലുവിൽനടം
കൊണ്ടുവരുന്നത് അണ്ഡകടാഹഭാഗം ധ്വരത്തിൻമദ്ധ്യത്തിൽ കൂടി
വന്നവൻ • ഋഷിസപ്തർഷിമാർവിറപ്പീഗംഗയതാനെ സ്വർല്ലോക
ത്തിനാംപാദപാദപോഷണങ്ങൾ[illegible]ന്നു • ലോകപ്രസിദ്ധമായാവി
ട്ടുപദിയായിരുന്നതാൻമുനേ! ബ്രഹ്മകാലം[illegible]പോലെയിരുന്നുഗംഗയെൻപു
ത്താനില്ല • ധ്രുവൻമുതലായിട്ടവഴന്നുമപദവിശാലി ലോ
കവിശ്രുതമായവിഷ്ണുപദമെന്നസ്ഥാനമതിൽ • ഭഗവൽപാദപ
ത്മത്തെ[illegible]മനമുള്ളിലെപ്പോഴും വഴിപോലെയപ്പോഴിന്ന
മനനത്തുന്നാ 'ധ്രുവൻ' • സ്വമിയമാകംപാദമിലെയിടംവെച്ചു
നിന്നതാമവൻ ഗംഗാമഹാതൃതാറിയുന്നപ്പൂഷ്ടികളുമായതിൽ •
പ്രദക്ഷിണംചെയ്തിട്ടന്നു സപ്തലോകമീശ്വരനായ് മോക്ഷതപ
സ്സികർ[illegible]ഗംഗയാനന്ദത്തുകൊണ്ടുന്നവൻ • സ്നാനം ചെ
യ്യുന്നതിൽ മനമുണ്ടായിടുന്നവർ പിന്നെയവിഷ്ണുപദം വിട്ടുവി
മാനംബഹുകോടികൾ • നിറഞ്ഞവിമാനങ്ങളിൽ നിറ്റവ
ഗംഗയും ചന്ദ്രമണ്ഡലവുമൊക്കെയിട്ടുരുളുന്നു ബ്രഹ്മമന്ദിരം • ബ്രഹ്മലോ
കമതിൽ വച്ചുതന്നെയെങ്കുമവൾ തന്നെയും നാലുമിക്കാതെയുമായ് നാലുനാമ
ങ്ങളോടൊഴുകിട്ടവൻ • നദീനമധിപതിയാമബ്ധിയിൽ ചെന്നിട്ടതാതെ
സീതയും,ചാല്ലകനന്ദാ,നൽചക്ഷു,ഭദ്രയുമെന്ന്യേകം • ഗംഗസീതയും
ബ്രഹ്മലോകംവിട്ടിളകേസരങ്ങളൊന്ന് മേലെന്നൊഴുകുന്നാൾ വൻശില
കളിൽനിന്നാണവൻ • ഗന്ധമാദനമുകിളിൽ വീണിട്ടപ്പോൾപ്പരമിനി
ന്നീ ഭദ്രാശ്വവർഷത്തിൽ കൂടിക്കിഴക്കോട്ടൊഴുകിട്ടവൻ • ക്ഷാരാബ്ധിയിൽ
പതിക്കുന്നു ചന്ദ്രമീമാല്യവാനിതാ മാല്യവാനിൽനിന്നു ചക്ഷുസ്സെന്നവ
ൾതാനിതി • കേതുമാലവർഷത്തെക്കൂടിക്കൊണ്ടുമാലയായ്വന്നവൻ
പടിഞ്ഞാറേയിഷിലെക്കൊഴുകിടുന്നു,ഭദ്രയവർ • വന്നിരുളവി
ഴന്നു പൂർവ്വോത്തരിൽനമ! പിന്നിട്ടെകനായ്യാരുന്നുരകവഴി
യാമിനി • സൂര്യലോകത്തിൻ മഹാഗിരിയിൽകൂടിവന്നവൻ വന
ങ്ങളും ഗിരികളും കണ്ടുനടന്നെന്നു • ഗിരിയിൽ ചെന്നതിൽനിന്നും
പുറപ്പെട്ടതിവേഗമായ് ഉത്തരകുരുമതായുള്ള വർഷത്തിൽകൂടിയങ്ങ
നെ • തെക്കോട്ടു മുതലങ്ങുപോയ് ചെന്നീടുന്നതിപാവന അതിൽ

സ്നാനത്തിനായ്പോകം മനുഷ്യർക്കു പാപം പ്രതി • രാജസൂയാശ്വമേധാ
ദിഫലമുള്ളതല്ലൊതാൻ പിറന്നാലൊരിക്കൽ വഴിയാം ബ്രഹ്മാഖ്യാഗംഗയാം
നദീ • ഭഗവൽപാർശ്വത്തിങ്കൽനിന്നു തരകന്യകളെ കടന്നു വന്നു
ർ ചെന്നവരെങ്ങു സ്വർഗ്ഗത്തിലായ് • നദീനദങ്ങളും വേറെയുണ്ടു രാഷ്ട്ര
ത്തിലൊക്കയും മേരുതൊട്ടു മലകളിൽനിന്നുണ്ടായിട്ടനേകമായ് •
ഇവയിൽ ഭാരതം വർഷം മാത്രം താൻ കർമ്മഭൂമിയായ് മറ്റെട്ടു വർഷങ്ങ
ളിൽ താൻ സ്വർഗ്ഗഭോഗം കൊടുപ്പവ • സ്വർഗ്ഗപുണ്യാവശിഷ്ടമെല്ലാം
ഭുജിക്കേണ്ടുന്നിടങ്ങളാം പതിനായിരമായുസ്സവർക്കു ദേഹർ സ്വരൂപന്മാർ •
പതിനായിരമാനയ്ക്കു തുല്യരായ് ബലമുള്ളവർ മാല്യമാരൊടു സുരതക്രീ
ഡചെയ്തു സുഖിപ്പവർ • വയസ്സൊന്നാമൻ പുരുഷർക്കു ധരിക്കും സ്ത്രീകളാ
യതിൽ ത്രേതായുഗം പോലെയാണു കാലമെല്ലാമെപ്പോഴും മുനേ!

ശ്രീദേവീഭാഗവതം എട്ടാംസ്കന്ധം
ഭാരതവർഷവർണ്ണനം
ഏഴാമദ്ധ്യായം.

എട്ടാമദ്ധ്യായം

ശ്രീനാരായണൻ പറഞ്ഞു

മുൻപൊന്നുവാനൊരാക്ഷേത്രങ്ങളിൽ ശ്രീദേവിയെസ്സദാ സേവിച്ചു
ന്നാസ്തുതികളാൽ ജപധ്യാനങ്ങളോടുമായ് • സർവ്വർത്തുകുസുമശ്രേണി
ശോഭിക്കും വനരാജികൾ ഫലപല്ലവസംയുക്തതരുക്കളില്ലാത്തിലുമൊ
ന്നപോൽ • വർഷാദ്രികളതിൻമേലെക്കാനനങ്ങളിലൊക്കയും സാനുപ്ര
ദേശമതിലും നിർമ്മലപ്പൊയ്കതാറുമായ് • കമലോല്പലപുഷ്പങ്ങളും വി
ടർന്നു വിലസുന്നതിൽ കളിക്കുന്നരയന്നങ്ങളോരോരോ പക്ഷിവർഗ്ഗവും ജ
ലക്രീഡയവറ്റിൽ ചെയ്യുന്ന രക്ഷിമണിമാരൊടും നൽഗൃഹങ്ങളിലും
മോദാൽ കളിച്ചീടുന്നു രംഗിയായ് • നാരിമാരൊടുമാവർഷങ്ങളിൽ വാ
ഴുന്നവാനോർ നവവർഷങ്ങളിലുമാണ് ഭഗവാനാദിപൂരുഷൻ • നാരാ
യണാഖ്യൻ ലോകാനുഗ്രഹത്തിനായ് മഹേശിയെ സേവിച്ചുകൊണ്ടു
വാഴുന്നു പൂജ്യനായഖിലർക്കുമേ • മൂർത്തിഭേദസാന്നിദ്ധ്യം കാട്ടുന്നു ലോക
പൂജയാൽ ഇളാവൃതത്തിൽ ബ്രഹ്മാവിന്റെ നേത്രത്താൽ സംഭവിച്ചവൻ •
രുദ്രനാം ഭഗവാൻമാത്രം പുരുഷനായിരിക്കൊട്ടും അവിടെപ്പാർവ്വതീദേ
വിതൻശാപംകൊണ്ടു പൂരുഷർ • പ്രവേശിക്കില്ലപോയീടിലുടൻനാ
രികളാമവർ ഭവാനീനാഥനാം ഗണകോടികളാലവൻ • ചുററ
പ്പെട്ടു ഭജിച്ചുംകൊണ്ടു സങ്കർഷണമൂർത്തിയെ തൻഹേതുവാം താമസി

യായിട്ടനൊരുതുരീയമാം • മൂർത്തിയെയുംഭദ്രശ്രവാസേവിക്കുന്നു ലോകഹിതത്തിനായ് ഏകാഗ്രമാംമനസ്സോടുമരികിൽവാണുസന്തതം.

ശ്രീഭഗവാൻ പറഞ്ഞു

"മഹാപുരുഷനായ് സർവ്വഗുണപ്രകാശനായ് അനന്തനായ് അവ്യക്തനായിരിക്കുന്ന ശ്രീഭഗവാനായിക്കൊണ്ടു നമസ്കാരം."

ഭക്തഷഡംഗഭാവിതഭൂതഭാവനൻ । ജഗത്തിനെല്ലാമൊരുമുഖ്യകാരണൻ ॥ ശരണ്യപാദൻഭവനാശനൻ,ഭവം । ഭജിക്കമാവന്ദ്യനെ ഞാൻഭജിച്ചിടാം ॥ അവന്റെമായാഗുണവൃത്തിലേശവും । ജഗത്തിനെ നോക്കിലുമതറിവിച്ചിടാ ॥ നമുക്കുകാമാദികൾപോയുമാവിധം പ്രയാസമൊട്ടവനെയാർഭജിച്ചിടാ ॥ അങ്ങൊന്നുമുള്ളോരക്കൊരമല്യമത്തനാം । ഭയങ്കരൻപോൽവിലസുന്നിതായവൻ ॥ തദഗ്രിതൊട്ടുള്ള ചലിച്ചുലഞ്ഞയോ । ലശക്തർകൾ,പൂജയിൽനാഗകന്യകൾ ॥ മന്ത്രങ്ങളോതുന്നോവനേയനന്തനായ് । സൃഷ്ട്യാദികൃത്യായവയോടുഹീനനായ് ॥ സഹസ്രശീർഷങ്ങളിലെങ്ങുമാണുതീക । ധരിപ്പതില്ല,കടുകൊത്തതാം ധരാ ॥ അവൻകലസ്സത്വഗുണപ്രധാനനാം । മഹാ,നവൻതന്നാജനാംഭവിപ്പതേ ॥ അവൻകലത്തൊ,ത്രിഗുണശക്തികൊണ്ടുതാൻ । ഭവിച്ചിടുന്നിന്ദ്രിയ,ഭൂത,ദേവതെ ॥ ഇതൊക്കെയുമുദ്ധനമാന്നുപക്ഷികൾ । കണക്കവൻകീഴിൽവസിച്ചിടുന്നതേ ॥ സൃഷ്ടിച്ചിടുന്നൂതവനനുഗ്രഹത്തെലാ । മുൻചൊന്നവസ്തുക്കളുതൊക്കെയുമുവനം ॥ ഭേച്ചുസൃഷ്ട്യാ,തവകർമ്മഹേതുവാം । മാമായയേലോകരറിഞ്ഞിടുന്നതേ ॥ ധരിപ്പതില്ലായതിൻനിവാരണം । നമിച്ചിടാമപ്രളയോദയാത്മനെ.

നാരായണൻ പറഞ്ഞു

ഈവണ്ണംഭഗവാൻരുദ്രൻസങ്കർഷണമൂർത്തിയെ ഇളാവൃതത്തിൽ സേവിച്ചീടുന്നു ദേവീഗണത്തോടും • ഭദ്രശ്രവസ്സെന്നപേരാംധർമ്മപുത്രനാമവനെ തൻകുലത്തിൽജനിച്ചുള്ള തന്റെ സേവകരോടുമായ് • ഭദ്രാശ്വവർഷത്തിലവാസുദേവന്റെ പ്രിയമാം ഹയഗ്രീവാഖ്യയാമേറെപ്പെട്ടൊരാശ്രേഷ്ഠമൂർത്തിയെ • ഏകാഗ്രമാംമനസ്സിങ്കലാക്കിപ്പൂജിച്ചുപലം സ്തുതിച്ചുംകൊണ്ടിരിക്കുന്നു സന്തതം തത്സമീപമായ്.

ഭദ്രശ്രവസ്സുകൾ പറഞ്ഞു

ധർമ്മനായ് ആത്മവിശോധനനായിരിക്കുന്ന ശ്രീഭഗവാനായിക്കൊണ്ടു നമസ്കാരം."

ഹാ!ഭൂതവേതണ്ടമറിഞ്ഞിടാജനം । മഹാവിചിത്രംഭഗവദ്വിചേഷ്ടിതം ॥ പാപത്തിനായ്താൻവിഷയേസുഖിച്ചിടു । ന്നപ്പൂൻസുതൻചത്തുതൽപ്പെട്ടുവന്നുമേ ॥ ചൊല്ലുന്നുവിശോകവികൾനശിപ്പതാ

യ് । കാരണന്മസത്തുക്കളൂതസ്സമാധിയിൽ ॥ എന്നാകിലുംമോഹിതർ
നിന്റെമായയാൽ । നിൻചേഷ്ടചിത്തംനമനംചെയ്വാനിതാ ॥ ഇതലോ
കസൃഷ്ട്യാദികൾനിന്റെവേലനീ । കർത്താവുമല്ലില്ലനിനക്കബന്ധ
വും ॥ കാര്യത്തിനുംകാരണമാത്മവസ്തുവാം । നിനക്കുചെയ്യുന്നതൃത
ല്ലാതുള്ളതും ॥ വേദങ്ങൾകല്പാന്തേജനൻഹരിച്ചതു । രസാതലാദേശ
മുഖത്തൊടൊത്തനീ ॥ എടുത്തെത്തിച്ചുവിധിക്കനൽകിയ । സ്സുസത്യ
സങ്കല്പനത്തോൻനമിച്ചിടാം ॥

വാഴ്ത്തുന്നുവഹയഗ്രീവമൂർത്തിയാംലോകനാഥനെ തദ്ഗുണങ്ങ
ളെയുംഭദ്രശ്രവസ്സുകളതാമവർ * ഇപ്പരിത്രചൊല്ലുകയുംകേൾക്കയും
ചെയ്തിടുന്നവൻ പാപച്ചുട്ടുവെടിഞ്ഞിട്ടാദ്ദേവീലോകത്തിലെത്തിടും.

ശ്രീമദ്ദേവീഭാഗവതം എട്ടാംസ്കന്ധം
ഇളാവൃതസമാചാരം
എട്ടാമദ്ധ്യായം.

ഒൻപതാമദ്ധ്യായം.

ശ്രീനാരായണൻ പറഞ്ഞു

ഹരിവർഷത്തിൽപാപനാശനൻഭഗവാൻഹരി യോഗത്തോടുവ
സിക്കുന്നുഭക്തന്മാർക്കുഹിതത്തിനായ് * അവന്റെകോമളംരൂപംപ്ര
ഹ്ലാദൻഭക്തസത്തമൻ ഭക്ത്യാനോക്കിസ്തുതിക്കുന്നുതൽഗുണങ്ങളറി
ഞ്ഞവൻ.

പ്രഹ്ലാദൻ പറഞ്ഞു

“നരസിംഹസ്വരൂപനായ് തേജസ്സുകൾക്കും തേജസ്സായിരിക്കു
ന്ന ശ്രീഭഗവാനായിക്കൊണ്ടു നമസ്കാരം. അതി പ്രകടമായിരിക്കു
ന്ന സംസാരത്തിന് വജ്രദംഷ്ട്രകളായിരിക്കുന്ന കർമ്മവാസനകളെ
ഹരിപ്പിച്ചാലും, ഹരിപ്പിച്ചാലും. അജ്ഞാനത്തെ നശിപ്പിച്ചാലും. എ
ന്റെ ആത്മാവിൽ അഭയം ഭവിക്കട്ടെ.”

സ്വസ്തിജഗത്തിന്നുഖലന്മശാന്തിയും । വരട്ടെയോർക്കട്ടെദ്ദേവതംപ
രാംബയെ ॥ മനസ്സുകളട്ടെമുകുന്ദനിൽസമം । വരട്ടെയെങ്ങൾക്കുമുക്ക
ക്തിയും ॥ ഭവിക്കൊല്ലാഗ്രഹാദിസക്തി,സം । ഭവിക്കണംമാധവ
ങ്ങളക്കതസംഗമം॥ വിരക്തിയാൽഭക്തരുടൻവിമുക്തരാം । ഗൃഹസ്വരി
പ്പോനതുപോലെയായിടാ ॥ ഭക്തന്റെസംഗാൽഭഗവൽകഥാമൃതം
ശ്രവിപ്പവർക്കുമലമാത്മരൂപിതാൻ ॥ കളഞ്ഞിടും,തീർത്ഥമതിൽക
ളിച്ചിട । ന്നവർക്കുബാഹ്യമലത്തെയെന്നപോൽ॥ നിഷ്കാമയാകുംഹ
രിഭക്തിവായ്ക്കിലോ । യവങ്കൽവാഴുംസുരർസൽഗുണത്തൊടും ॥ അ

ബ്ഭക്തിയററാൻവിഷയങ്ങളിൽഭ്രമി । ച്ചിടുന്നവനില്ലൊരു,വൻ ഗുണങ്ങളും ॥ ശരീരികൾക്കാഹരിയാംപോൽപ്പുരാ । നാന്മാവുമെന്നു തിനശേഷമപ്പോൾ ॥ അംഗവനെവിട്ടു,ഗൃഹാദിസക്തനാ । വയ സ്സുകൊണ്ടുള്ള വലിപ്പമൊന്നുതാൻ ॥ കാമാദിയെന്നിങ്ങനിവൃത്തിഹേതു വാം । ഗൃഹംവെടിഞ്ഞിട്ടുകൊണ്ടുനിങ്ങളും ॥ ഒരിക്കലുമീതിവന്ന തിടാതതാം । ഈ സിംഹപാദങ്ങൾഭജിച്ചുകൊള്ളുവിൻ.

ആപ്രഹ്ലാദനമീവണ്ണംഭജിക്കുന്നതുപോൽനിത്യവും വാഴുന്നു,പാ പമാതംഗസിംഹമമൊറ്റുസിംഹനേ । കേതുമാലമതാംവർഷഭഗ വാൻകാമരൂപിയായ് വാഴുന്നവൾ സന്ധ്യാർക്കപ്പൂർവ്വംപൂജനീയനാ യ് । ഈ സ്വാത്മജാഖ്യമാകാരത്താൽ സംസേവിച്ചിട്ടുള്ളതാർ ൨കൾ ആ വ ർഷത്തിൻനായികയാംമഹാ താംമാനദാതിക.

രമ പറഞ്ഞു.

"ഹൃഷീകേശനായ് എല്ലാ ശ്രേഷ്ഠവസ്തുക്കളാലും ലക്ഷീകൃതമാ യിരിക്കുന്ന ആത്മാവോടുകൂടിയവനായ് ക്രിയകൾക്കും ജ്ഞാനങ്ങൾ ക്കും സങ്കല്പാധ്യവസായാദികൾക്കും അവയുടെ വിഷയങ്ങൾക്കും അ ധിപതിയായ് ഏകാദശേന്ദ്രിയപഞ്ചവിഷയലക്ഷണനായ് ഛന്ദോ മയനായ് അന്നമയനായ് അമൃതമയനായ് സർവ്വമയനായ് സഹ സ്സായ് ഓജസ്സായ് ബലമായ് കാന്തനായ് കാമനായിരിക്കുന്ന ശ്രീ ഭഗവാനായിരിക്കുന്ന എന്റെ നമസ്കാരം എപ്പോഴും ഭവി ക്കട്ടെ".

വ്രതങ്ങളാൽസ്ത്രീകൾഭജിച്ചുനിൻപദം । ലഭിച്ചിടുന്നു വരനെയവ ർക്കവർ ॥ സ്വാതന്ത്ര്യമില്ലാത്തതിനാൽസമർത്ഥര । ല്ലപത്യവിത്താദികൾ ക്കുരക്ഷചെയ്യുവാൻ ॥ നീതാനനാഥൻപതി,ഭീതിയററവൻ । ഭയ പ്പെട്ടിടുംലോകരെരക്ഷചെയ്യുവൻ ॥ നീയാത്മലാഭാൽപരമോത്സിതാ ത്തവൻ । സ്വാതന്ത്ര്യനാകൻപ്രഭുവായിരിപ്പവൻ ॥ നിഷ്കാമമായ്നിൻ ചരണംഭജിപ്പവർ । കളശേഷകാമങ്ങളുമപ്പോ സാദ്ധ്യമാം ॥ ഒരാശയു ണ്ടെങ്കിലതേകിടുംഭവാ । നനന്തരംഭേദിച്ചുമാകുമായവർ ॥ സുഖത്തി നായ്ദേവകളെന്നെയാളുവാൻ । കൊതിച്ചുചെയ്യുന്നതിഘോരമാം തപം ॥ നിന്നിഷ്ടമാർജ്ജിപ്പവരാകമെന്നനൻ । പരാത്മ്യമൊവിട്ടേ വർത്തനണത്തിടും ॥ നിൻവന്ദ്യമാംകേതശിരസ്സിൽവച്ചിടും । കര ത്തെവച്ചീടുകയൻശിരസ്സിലും ॥ ധരിച്ചുമാംവക്ഷസികസ്തമാതി നിൻ । വിചാരമാരിന്നറിയുന്നമായയാൽ.

സ്തുതിക്കുന്നുവമാലോകബന്ധുവാംകാമദേവനെ പ്രജാപതിമു

തൽകാമസിദ്ധിക്കായ് വർഷനായകർ • എന്നും രമ്യകവർഷത്തിൽമ
വാസ്യർ പണങ്ങളിട്ടും ഭഗവാൻതൻ മത്സ്യമൂർത്തി തന്നെ വാഴുന്നിതാ
മനു.

മനു പറഞ്ഞു

"മുഖ്യതമനായിരിക്കൊണ്ടു നമസ്കാരം. സത്വപ്രധാനനായ് സൂത്രാത്മാവായ് ഓജസ്സായ് ബലമായിരിക്കുന്ന മഹാമത്സ്യത്തിനായിക്കൊണ്ടു നമസ്കാരം."

അദൃശ്യനായ് ദിക്പതികൾക്കുള്ളിലും । വെളിക്കുമായ് വേദമവൻ ചരിപ്പുനീ ॥ ഋഗ്വേദാദിയാൽ കീഴിലടക്കി വിശ്വവും । നരൻ മരപ്പാവയെയെന്നപോലവെ ॥ നരൻമൃഗംസ്ഥാവരജംഗമങ്ങളെ । കൊണ്ടന്നതൊന്നും പരിരക്ഷചെയ്യുവാൻ ॥ നീയെന്നിയെയില്ലൊരു ലോകപാലരും । വെന്നാപ്പിരിഞ്ഞും വല്ലദൈത്യരുമിക്കിലും । മഹായുഗാന്താബ്ധിയിലൊന്നായോഷധീ । ലതാദിയും ചേർന്നിട്ടമിഴിയിൽ ത്രീയേ ॥ ബലത്തിനാൽകൊണ്ടു നടന്നരക്ഷചെയ് । തെല്ലാമജഗൽപ്രാണഗണാത്മനേ നമഃ ॥

മത്സ്യാവതാരമൊന്നുള്ള ഭഗവാൻ ശങ്കാപോക്കുവാൻ അവസ്ഥ വാഴ്ത്തീട്ടനേകം മന്ത്രം പ്രാർത്ഥിച്ചീവണ്ണമൻ • ധ്യാനയോഗത്തിനാൽ പാപമശേഷവും പെട്ടവൻ ശുശ്രൂഷിച്ചു വസിക്കുന്നതെന്ന്യാൽ ഭഗവാനതെന്മൻ.

ശ്രീദേവീഭാഗവതം എട്ടാംസ്കന്ധം

ഹരിവർഷാദിവർണ്ണനം

ഒമ്പതാമദ്ധ്യായം

പത്താമദ്ധ്യായം

ശ്രീനാരായണൻ പറഞ്ഞു.

ഹിരണ്മയമതാം വർഷേ ഭഗവാൻ കൂർമ്മരൂപകൻ യോഗത്തോടും വസിക്കുന്നു സേവിച്ചീട്ടിന്നിതര്യമാ.

അര്യമാവു പറഞ്ഞു

"കൂർമ്മസ്വരൂപനായി നിറ്റുണ്ണ സത്വഗുണവിശേഷണനായിരിക്കുന്ന നോപലക്ഷിതസ്ഥാനനായിരിക്കൊണ്ടു നമസ്കാരം. വർഷീയനായിരിക്കൊണ്ടു നമസ്കാരം. സർവ്വഗതനായിരിക്കൊണ്ടു നമസ്കാരം. സർവ്വാധാരനായിരിക്കുന്ന അങ്ങേയ്ക്കു നമസ്കാരം."

നിൻമായനിർമ്മിച്ചതാം ഭൂമിതൊട്ടേതു । നിൻരൂപമൊക്കുന്നിതനേകരൂപമായ് ॥ അതെണ്ണമറ്റുള്ള ഗുണിച്ചീടുകയാ । ലവാച്യമാ

ന്നിടുന്നനമിച്ചീടുന്നിതാ !! ജരായുജാണ്ഡസ്വേദജോത്ഭിജ്ജം ! ചരാ
ചരംപ്രപിതൃദേവവർഗ്ഗവും !! മുനീന്ദ്രർവാനപ്രസരിത്തുക്കളൊട്ടും ! വി
ദ്യാധരവരനേകരന്യേ!നപ്പോതകരും!! വിശേഷനാമങ്ങളനേകരൂപവും ! ര
ചിച്ചിടുന്നു കവികൾ കാംബോജകലായ് !! തതാജ്ഞതർതള്ളുന്നിവരെയൊക്ക
യുംനമി ! ച്ചിടുന്നതൊന്നല്പ്പമാത്രരൂപിയെ.

വർഷപാലരൊരെട്ടുമെത്രരൂപിയായുള്ള വിഷ്ണുവെ സ്തുതിച്ചുപൂജചെ
യ്തീടുന്നിപ്പാവതിലെങ്ങിതിയായ് ॥ ഉത്തരകുരുവർഷത്തിൽ ഭഗവാൻയ
ജ്ഞപുരുഷൻ വരാഹമൂർത്തിയെസേവിച്ചീടുന്നു ഭൂമിയെപ്പൊഴും ॥ മന
സ്സലിഞ്ഞുവിധിപോലതിഭക്തികലർന്നവരം ദൈത്യാന്തകനതാമവ്വരാഹ
ത്തെവാഴ്ത്തുന്നാരെ!.

ഭൂമി പറഞ്ഞു

“മന്ത്രതത്വലിംഗനായ് യജ്ഞനായ് ക്രതുവായ് മഹാദ്ധ്വരാ
വയവനായ് മഹാവരാഹനായിരിക്കുന്ന ശ്രീഭഗവാനായിക്കൊണ്ടു ന
മസ്കാരം. കർമ്മശുക്ലനായ് ത്രിയുഗനായിരിക്കുന്ന അങ്ങേയ്ക്കു നമ
സ്കാരം.”

തെരുന്നനിന്നബ്ബുധർക്കുപോലെഹ്യതിനാൽ ! ദേഹാദിയിൽതീ
യരത്തിലെന്നപോൽ !! അദൃശ്യനായ് കർമ്മപാലനെ,കാണുവാ ! ന
ടൻപ്രകാശിപ്പവനായ് നമിച്ചീടാം !! ഇദ്ദേഹകാലാദികളായമായ
തൻ ! ഗുണങ്ങളാലെന്നിങ്ങനെദൃശ്യനെങ്കിലും !! ജ്ഞാനംപെടുംയോ
ഗിയിൽനിർദ്ധയാത്മനാ ! കളഞ്ഞിടുംമായനസ്സുവന്നിതാ !! നിസ്സാ
ക്ഷിസ്സൃഷ്ട്യാദികളിന്നിർവ്വഹിച്ചുത ! ശ്ലിതമായോഹനചലിച്ചീടുന്ന
പോൽ !! നിൻസന്നിധാനാലവരായതൻഗുണം ! നമിച്ചീടാമിങ്ങുന
കർമ്മസാക്ഷിയെ !! വരാഹരൂപേണരസാതലാൽഭവാ ! നയത്നിമാം
തെററയിനാൽഗജോപമൻ !! മഹാസുരൻതന്നെവധിച്ചു,കണ്ഠരം
കളിച്ചിടുമ്പോൾതവഞാൻനമിച്ചിടാം !! കിമ്പുരുഷവർഷത്തിൽ ! ഭ
ഗവാൻസർവ്വേശനായഭാരതി !! സീതാരാമൻദേവൻ ! ശ്രീഹനുമാ
നാമഹാത്മനെവാഴ്ത്തുന്നു.

ഹനുമാൻ പറഞ്ഞു.

“ഉത്തമശ്ലോകനായ ശ്രീഭഗവാനായിക്കൊണ്ടു നമസ്കാരം. ‘എ
ന്ന’ ആര്യ്യലക്ഷണശീലവ്രതനായിക്കൊണ്ടു നമസ്കാരം. സംയതചി
ത്തനായിരിക്കുന്ന ഉപാസിതലോകനായിക്കൊണ്ടു നമസ്കാരം. സാധു
വാദത്തിന്റെ പരമസീമാവായിരിക്കുന്ന അങ്ങേയ്ക്കായിക്കൊണ്ടു നമസ്കാ
രം. ബ്രഹ്മണ്യദേവനായ് മഹാപുരുഷനായിരിക്കുന്ന മഹാഭാഗനാ
യിക്കൊണ്ടു നമസ്കാരം,” “എന്നു”

സാക്ഷാൽചിൽബ്രഹ്മാനന്ദസ്വരൂപം । സ്വതേജസാധ്വസ്തഗുണവ്യവസ്ഥം ॥ തത്വം പ്രശാന്തം സുധിയോപലഭ്യം । വിനാമരൂപം നിരഹം പ്രപദ്യേ ॥ മർത്ത്യാവതാരം തവ മർത്ത്യശിക്ഷണം ; രക്ഷോവധം മാത്രവുമല്ലതിൻഫലം ॥ അല്ലാത്മാരാമനാമീശ്വരനു ഹാ । സീതാനിമിത്തം വ്യഥ വന്നതെങ്ങനെ? ॥ ധീരം ഭവാനാത്മാവു സുഹൃത്തമൻ ഭവാ । നിസ്സംഗലോകത്തിലുമല്ല സക്തൻ ॥ ആയതമസ്ത്രീജനത്തെ ഭവ ലിഞ്ഞതും । തപിച്ചതും കൈവല്യമൂലമായ് ഭവാൻ ॥ രൂപം കുലം വാക്കിന്ദ്രിയം ഗീർജാതിയും । വിനാ ഭവാൻ ചേർന്നോരു വാനരങ്ങളെ ॥ നിൻ ഭക്തിമാത്രം കൊണ്ടനുകൂലമായ് । സഖാക്കളാക്കീട്ടു പയേറിട്ടും വിഭോ! ॥ സുരാസുരർ വാനരരും മനുഷ്യരും । സർവ്വാത്മനാ നല്ലകൃതജ്ഞനുത്തമൻ ॥ നയിപ്പവൻ വിണ്ണിലയോദ്ധ്യയിൽ പെട്ടും । ജനങ്ങളെയാരാഘവനെ ഭജിക്കണം.

നാരായണൻ പറഞ്ഞു.

ഏവം കിമ്പുരുഷവർഷേ സത്യസന്ധൻ ദൃഢവ്രതൻ പത്മാക്ഷൻ രാമനെ ശ്രീമാൻ ഹനുമാൻ വാനരോത്തമൻ ⁕ ഭക്ത്യാ സ്തുതിച്ചു പാടിട്ടു പൂജിക്കുന്നു സദാ നൃപ! ഈ രാമചരിതം ഭക്ത്യാ കേൾക്കുന്ന പൂരുഷൻ ⁕ സർവ്വപാപങ്ങളും പോയി ശ്രീരാമലോകം ഗമിച്ചിടും.

ശ്രീമഹാഭാഗവതം അഞ്ചാംസ്കന്ധം

[illegible] പതിനെട്ടാമദ്ധ്യായം.

പത്തൊമ്പതാമദ്ധ്യായം.

ശ്രീനാരായണൻ പറഞ്ഞു

ഞാനിഭാരതവർഷത്തിൽ വസിക്കുന്നാദിപൂരുഷൻ ⁕ എന്നെ നീ താൻ സദാകാലം സ്തുതിച്ചീടുന്നു നാരദ!

നാരദർ പറഞ്ഞു

“ഉപശമശീലനായ് നിരഹങ്കാരിയായിരിക്കുന്ന ശ്രീഭഗവാനായിക്കൊണ്ടു നമസ്കാരം. ദരിദ്രക്കധനനായ് ഋഷിശ്രേഷ്ഠനായ് നരനാരായണനായ് പരമഹംസപരമഗുരുവായിരിക്കുന്ന ആത്മാരാമാധിപതിക്കായിക്കൊണ്ടു നമസ്കാരം നമസ്കാരം.” “എന്നു”

സർഗ്ഗാദി ചെയ്കിലും ബന്ധമാം ! കർത്തൃത്വമൊന്നും നഹി ദേഹിദേഹിയെങ്കിലും ॥ ദൃഷ്ട്വാപ്യുതാനന്ദ്രിയങ്ങളെ ദർശിച്ചീലാ । തങ്ങൾക്കു നമോ സക്തവിവിക്തസാക്ഷിണേ ॥ ഉച്ചൈഃ യോഗേശ! സമർത്ഥമാകുമീ । യോഗം മഹാനാം ഭഗവാൻ പ്രജാപതി ॥ ഭക്ത്യാന്തകാലേ പര! നിൻ കലാസ്സു

നം । ജഡാഭിമാനംകലരാതവസ്ഥവാൻ ॥ സ്വതന്ത്രഭാരങ്ങളെയോ
ന്നുമില്ലാ । പൂർത്തിലുംഭോഗസുഖംകൊതിച്ചുമെ ॥ മല്പ്പതേ! നി
ല്ലുയുംബുധന്മാ । അവന്റെഗാത്രമമാണകേവലം ॥ നിന്മായ
കൊണ്ടിജ്ജഡമാന്തായതോ । നെന്റെതിതന്നുള്ളഭിമാനശത്രു
വേ ॥ വെന്നീട്ടവാനേകനിൻകലായ് ഭവാൻ । സ്വഭാവമായുള്ളാ
ത്മയോഗമുത്തമം ॥

സ്തുതിച്ചീടുന്നിപ്രകാരംനാരദൻസപ്പ്വിത്തമൻ അനാമയനായ
ഷീട്ടുംശ്രീനാരായണമൂർത്തിയെ * ഇങ്ങിബ്ഭാരതവർഷത്തിൽനദികൾ
പർവ്വതങ്ങളും അവയെഞാൻപറഞ്ഞീടാംശ്രദ്ധയാശ്ശൃണുകോൾകനീ *
മലയം,മംഗലപ്രസ്ഥം,മൈനാകം,ചിത്രകൂടവും ഋഷഭം,കടകം,കൊ
ല്ലംസഹ്യൻ,ദേവാദ്രിയങ്ങനെ* ശ്രീശൈലം,നൽഋശ്യമൂകം,വെങ്കിടാ
ദ്രി,മഹേന്ദ്രവും വാരിധാരം,വിന്ധ്യനെന്നതാൻ,ശുക്തിമാനൃക്ഷപർവ്വതം *
പാരിയാത്രം,ദ്രോണവും,നൽചിത്രകൂടാദ്രിയായതും ഗോവർദ്ധനം,രൈ
വതകം,കകുഭം,നീലപർവ്വതം * ഇന്ദ്രകീലംഗൌരമുഖം,കാമശൈലവു
മങ്ങനെ ഇവയുംമററുമുണ്ടേറെപ്പുണ്യമേകീടുമദ്രികൾ * അസംഖ്യമു
ണ്ടിവയിൽനിന്നുണ്ടാംനദികളുണ്ടഹോ!പാനാവഗാഹനസ്നാനദർശനാൽ
കീർത്തനങ്ങളാൽ * ദേഹികൾക്കാമുന്നവിധംപാപവുംപോക്കിടുന്നവ
താമ്രപർണ്ണീ,ചന്ദ്രവശാ,കൃതമാലാ,വടോദക * വൈഹായസീ,നൽകാ
വേരീ,വേണാ,പിന്നെപ്പയസ്വിനി തുംഗഭദ്രാ,കൃഷ്ണവേണാ,ശർക്കരാവ
ർത്തകാനദി * ഗോദാവരീ,ഭീമരഥീ,നിർവ്വിന്ധ്യാ,നൽപയോഷ്ണിക താ
പീ,രേവാസുരസയും,നർമ്മദാ,നൽസരസ്വതി * ചർമ്മണ്വതീ,സിന്ധു
നദീ,അന്ധശോണനദങ്ങളും ഋഷികുല്യാ,ത്രിസാമാവും,വേദസ്മൃതി,മ
ഹാനദീ* കൌശികീ,യമുനാ,പിന്നെമന്ദാകിനി,ദൃഷദ്വതി ഗോമതീ,
സരയൂ,രോധവതീ,സപ്തവതീനദി * ശതദ്രുവും,സുഷോമാവും,ചന്ദ്രഭാ
ഗാ,മരുദ്വൃധാ വിതസ്താ,നല്ലസിക്നീ,കേൾവിശ്വാ,യെന്നുപറഞ്ഞി
ടാം * സ്വതപാദികർമ്മങ്ങൾകൊണ്ടീവർഷത്തിൽജാതരായവർ സ്വർഗ്ഗ
ലോകനരകഭോഗമെല്ലാംഭുജിച്ചിട്ടും * പലമട്ടായഭോഗങ്ങൾഭേദിക്ക
ന്നിവിടെക്കർമ്മ വർണ്ണങ്ങൾക്രമമാശ്രയാനന്താശ്ഭേദിച്ചീടുന്നുമോക്ഷവും *
പ്രധാനമായീവർഷത്തിൽകർമ്മസിദ്ധിയതോന്നുതാൻ എന്നോതുന്നാ
വാനവരുംവേദജ്ഞർമുനിമാരുമേ.

അഹോ ഇവർചെയ്യാത്തപുണ്യമെന്തുവാ? । നിവർക്കുസാക്ഷാൽ
ഭഗവാൻപ്രസന്നനായ് ॥ കൊതിച്ചിടുന്നേവരുമത്യരായ് ।
ജനിച്ചിവർഭാരതവർഷമായതിൽ ॥ യജ്ഞാദികൾകൊണ്ടുലഭിച്ചതുള്ള
താം । സ്വർല്ലോകമാളുന്നതിലെന്തുവാൻഫലം? ॥ ഇതിങ്കലില്ലാഹരി

പാദസേവയിൽ । സ്ത്രീജനങ്ങൾതൻ നൽസുഖമൊന്നുമാത്രമാം ॥ ഇതിൽ
ചിലംവാൺജനിപ്പതിന്നുവോ । ക്ഷണംവസിക്കുന്നു ഭാരതത്തിലാ
യ് ॥ ആകുന്നുമേധമൊന്നൊട്ടുകൾമൊക്കെയും । വെടിഞ്ഞവർവിഷ്ണുപദ
ത്തെയാണ്ടിടും ॥ ഇല്ലിങ്ങുവൈകുണ്ഠകഥാസുധാധ്വം । കഥാരതർ,
ഭാഗവതപ്രധാനരും ॥ ശ്രീവിഷ്ണുഭാഗങ്ങളുത്സവങ്ങളും । പോകുമെ
തി, ഒന്നതിന്നു സത്യലോകവും ॥ മനുഷ്യരായ്ഭാരതവർഷമന്നവർ ।
ജ്ഞാനക്രിയാദ്രവ്യസമൂഹസംയുതർ ॥ മോക്ഷത്തിനായിട്ടു ശ്രമിച്ചിടാ
യ്കിലോ । വീണ്ടും പിടിപ്പെടും പക്ഷികൾപോലെ ബന്ധനം ॥ ഹവിസ്സു
ശ്രദ്ധാവിധിപോൽ സമന്ത്രകം । സദേവതക്കായിതിലേകുമവയവർ ॥
അനേകനാമങ്ങൾവിളിക്കുമേകനാം । മഹാനുഗ്രഹിക്കുന്നു, പൂർണ്ണനാ
കയാൽ ॥ അർത്ഥിപ്രവാക്യങ്ങളശേഷമേകുമീ । ലർത്ഥിപ്പിടാതുള്ള വി
ധത്തിൽമേലിവം ॥ നിഷ്കാമമേകുന്നത് പദാശ്രയെക്കള്ള । ഭക്തകാന്തതൻ
പാദസരോജമാഹരി ॥ നാകത്തിൽ സ്വർഗ്ഗസുഖാവശിഷ്ടമാ । യിതി
ങ്കിൽമുൻ ചെയ്തുള്ള പുണ്യസഞ്ചയം ॥ ജനിക്കണം ഭക്തിയാലൊരു
ഭാരതേ । ജനിപ്പവർക്കേകുമതിൽ സുഖം ഹരി.

നാരായണൻ പറഞ്ഞു

സ്വർഗ്ഗത്തിലേവർക്കെവെച്ചാർസിദ്ധതം മുനിവര്യ! ഭാരതത്തിന്റെ
ഉൽകൃഷ്ടമാം മാഹാത്മ്യം പറയുന്നതേ । ജംബുദ്വീപിന്നു വേറെയെട്ടുപ
ദ്വീപുകൾ മുനേ! യാഗാശ്വാന്വേഷണം ചെയ്തിട്ടുണ്ടാക്കിയ സഗര
ർ । സ്വർണ്ണപ്രസ്ഥം, ചന്ദ്രശുക്ലം, ആവർത്തനം, രമണകം മന്ദഹാരിണ
വും പിന്നെപ്പാഞ്ചജന്യവുമങ്ങനെ । സിംഹളം, ലങ്കയിവറ്റയുപദ്വീപെ
ട്ടുമോതിടാം ജംബുദ്വീപിന്നുള്ളവ ഞാൻ വിസ്താരത്തോടു ചൊല്ലിനേൻ ।
പ്ലക്ഷദ്വീപത്തൊട്ടു ചൊല്ലാം ദ്വീപമാറിനെയുമേവ.

ശ്രീമദ്ദേവീഭാഗവതം എട്ടാംസ്കന്ധം
ഭാരതവർണ്ണനം
പതിനൊന്നാമദ്ധ്യായം.

പന്ത്രണ്ടാമദ്ധ്യായം.

ശ്രീനാരായണൻ പറഞ്ഞു

മുൻ ജംബുദ്വീപത്തിന്നുള്ള വിസ്താരമുരചെയ്തപോൽ ലക്ഷംയോ
ജനയുള്ളുപ്പുകടലാൽ ചൂഴ്ന്നതാണതു । ജംബുദ്വീപപ്പുകളിയിവ
യാൽ മേരുവെന്നപോൽ രണ്ടുലക്ഷമതാം പ്ലക്ഷദ്വീപാൽ ക്ഷാരാബ്ധി
ചൂഴ്ന്നതാം । പരിഖാ, ബാഹ്യോപവനങ്ങൾകൊണ്ടു ചുററപ്പെട്ടിന

പോൽ തൻ നാമമായുള്ളവായ് നില്ക്കുന്നതിലെ പ്രധാനമായതിൽ * ഞാ
വൽപോലെ,യതിൻകീഴിൽ സപ്തജിഹ്വാഖ്യനെന്നിട്ടും മൃതിയിലാന
ഗനിവസിക്കുന്നു,പ്രിയവ്രതസുതൻ വില * ദ്വീപത്തിന്നധിനാഥനിദ്ധ്മജി
ഹ്വനായി [illegible] നെയവൻ ഏഴു വർഷങ്ങളായ് ഭാഗിച്ചു ഏഴു പുത്രർക്കുമേകി
നാൻ [illegible] ത്തുപിന്നെക്കൾ മാനിക്കും യോഗ മാർഗ്ഗമായവൻ തന്മാ
ത്മാവായ് [illegible] പരമാം ഭഗവാൻപദം * ശിവം,യവസവും,ഭദ്രം,
ശാന്തം,ക്ഷേ [illegible] ങ്ങളും അഭയം,സപ്ത വർഷങ്ങളിവയെന്നോർത്തു
കൊൾകനീ [illegible] മൊല്ലുമേഴുനദികൾ പർവ്വതങ്ങളും അരു
ണാ,നൃമ്ണാ, [illegible] ത്രി,സുപ്രഭാതയും * ഋതംഭരാ,കേൾ
ക സത്യംഭരയും,ന [illegible] ! മണികൂടം,വജ്രകൂടം,ഇന്ദ്രസേനവുമങ്ങ
നെ * ജ്യോതിഷ്മാനും,സുവർണ്ണാദ്രി,ഹിരണ്യഷ്ഠീവമെന്നതും മേഘമാ
ലവും,മന്നായതും പ്ലക്ഷദ്വീപ്ഗിരികൾ * നദീജലം കൊണ്ടു തൊട്ടിട്ട
കളൊട്ടൊഴുകവരായ് ജീവന്മാരങ്ങുമിങ്ങും പോയവരാണതിൽ വാഴു
വോർ * ഹംസർ,പതംഗർ,ഊർദ്ധ്വായനരങ്ങനെ സത്യാം
ഗർ നാലുജാതിയും പ്ലക്ഷദ്വീപവാസികൾ * ആയിരം വർഷമായുസ്സു
ള്ളോരവർ ദേവസന്നിഭർ സ്വർഗ്ഗദ്വാരാഖ്യനായ് വിഷ്ണുരൂപനായ് പല
മട്ടിലും * ധർമ്മാധർമ്മങ്ങളെ ബോധിപ്പിക്കും വേദത്തിനൊക്കയും ആ
ത്മാവാം സൂര്യനെ വേദത്രയം സേവിച്ചിടുന്നവർ * പ്ലക്ഷദ്വീപുമുതല്ക്കു
ള്ള ദ്വീപിലെല്ലാരുമോർക്ക നീ! ആയുസ്സിന്ദ്രിയമോജസ്സും ബലം വുദ്ധി
ശക്തിയും * പരാക്രമം സിദ്ധിയിതൊക്കെയും മാനുഷർക്ക് സർവ്വദാ പ്ലക്ഷദ്വീപി
ന്നപ്പുറമായ് ശർക്കരാംബുധി ചുറ്റുമായ് * പ്ലക്ഷദ്വീപത്തിനെ ചുറ്റി
ക്കിടന്നിട്ടന്നതിൻ ശാല്മലദ്വീപമുണ്ടല്ലോ ലക്ഷം യോജന വിസ്താരമേ
റാകുന്നതാം സുരാസിന്ധു പിന്നാലെ ദ്വീപു ചുഴന്നു അതിലൊരു പ്ലാവ
തിൽനിന്നിട്ടന്നാകെ ശാല്മലിയാമത് * മഹാനാം ഗരുഡൻ പക്ഷിരാ
ജൻവാഴുന്നതാണതു പ്രിയവ്രതാത്മജൻ യജ്ഞബാഹു ദ്വീപനായ
കൻ * ഏഴുമായ് പകുത്തേഴുപുത്രർക്കായിക്കൊടുത്തു താൻ ആ വർഷ
ങ്ങൾക്കവരുടെ നാമമെല്ലാം ചൊല്ലാം ശ്രവിക്കനീ * സുരോചനം,സൌമ
നസ്യം,രമണം,ദേവവർഷകം പാരിഭദ്രം,ആപ്യായനം,വി
ജ്ഞാതമെന്നതും * അതിലുണ്ടേഴു നദികൾ പർവ്വതങ്ങളുമേഴു താൻ സ
ന്ധി സംശയമെന്ന്യേ സുരസ മേധാവിയും * കുമുദം,പുഷ്പവർഷം നൽ
സഹസ്രശ്രുതിയിങ്ങനെ ഏഴദ്രികൾ നദികൾ തൻ പേരുമെല്ലാം പറ
ഞ്ഞിടാം * സിനീവാലി,അനുമതി,കുഹു,രജനി,നന്ദ
യും,രാകാ,എന്നു കീർത്തിക്കുഴുന്നവ * ആ വർഷപുരുഷന്മാരും നാലുജാ
തിയായുള്ളോരവർ ശ്രുതധരർ,വീര്യധരർ,വസുന്ധര,ഇഷുന്ധരർ * ശ

ഗവാൻ വേദമയനാം സനാതനൻ സ്വയംഭൂവർ പിതൃദേവകന്മാരെ
ശ്രാദ്ധങ്ങൾ കൊണ്ടു ഭജിക്കുന്നു * പ്രസാദിക്കപ്പെട്ടവനെല്ലാർക്കും ഭഗവാൻ സ്വാ
മിനായവൻ സ്വർഗ്ഗാപവർഗ്ഗങ്ങൾ നൽകീടുന്നു ഭജിക്കുന്നവർക്കെ * കുശദ്വീ
പു വിളങ്ങുന്നു ഘൃതാബ്ധിയാൽ ചുഴന്നതായ് നൽകുശസ്തംബമൊന്നതുമായ
തിൽ തന്നെ മഹേശ്വരനായ് * തൻ ജ്വാലയാൽ ദീപിച്ചു ദിക്കുകൾ ശോഭിപ്പി
ക്കുന്നു ദിക്കുകൾ ഹിരണ്യരേതസ്സധിപൻ പ്രിയവ്രതനന്ദനൻ * തൻ
പുത്രരേഴുപേർക്കായിട്ടു ദ്വീപം പകുത്തുകൊടുത്താൻ വസു, വസുദാ
നം, ദൃഢരുചി, നാഭിഗുപ്തം, സ്തുത്യവ്രതം, വിവിക്തനാം
മരദേവകനും ഇവർ പുത്രരേഴു സീമാദ്രികളേഴുമേഴു നദികളും
നദികളും പേരുകൾ നീ കേൾക്ക മാത്രം, പിന്നെ ബഭ്രു, ചതുശ്ശൃംഗം, കപിലം,
ചിത്രകൂടവും * ദേവാനികം, ഊർദ്ധ്വരോമാക്കൾ [illegible]
രസകുല്യാ, മിത്രവിന്ദാ, മധുകുല്യാ, ഘൃതച്യുതാ * ശ്രുതവിന്ദാ, ദേവഗർഭാ,
മന്ത്രമാലികയായതും കുശദ്വീപികളെല്ലാം [illegible] *
കുശലർ, കോവിദർ, പിന്നെയഭിയുക്തരുമങ്ങനെ കുലകർ, ജാതികൾ
നാലിവരാണെന്നറിഞ്ഞീടും * സർവ്വകർമ്മകൗശലന്മാരായ് [illegible]
വനെയായവർ ഭജിച്ചീടുന്നു [illegible] *
ജാതവേദസ്സ് നീ [illegible] ബ്രഹ്മത്തിൻ [illegible] അംഗമാം
നിർമ്മലത്വം [illegible] താൻ * യജിക്കുന്നവരെ ദ്വീ
പിലുള്ളോരെല്ലാം [illegible].

ശ്രീമദ്ഭാഗവതം അഞ്ചാം സ്കന്ധം
[illegible]
പത്തൊമ്പതാമദ്ധ്യായം

പതിരുന്നാമദ്ധ്യായം.

നാരദൻ പറഞ്ഞു

ശേഷം ദ്വീപിൻ ലക്ഷണവും മേൽകസ്സ്വന്തന്നോടെ [illegible] എല്ലാ
മറിഞ്ഞാൽ പരമാനന്ദമെനിക്കുണ്ടാമതേവിധം.

ശ്രീനാരായണൻ പറഞ്ഞു

കുശദ്വീപിൻ പുറമേയായി ഘൃതാബ്ധി ചുഴലുന്നതേ ക്രൗഞ്ചദ്വീ
പാം [illegible] അതിന്നളവിരട്ടിക്കുമാം * ക്ഷീരാബ്ധി ചൂഴ്ന്നതതിലാ
ക്രൗഞ്ചാദ്രിവിലസുന്നതേ അതിന്റെ ക്രൗഞ്ചമെന്ന ദ്വീപിന്നുണ്ടാ
യിനാമവും * ഗുഹന്റെ ശക്തിയാൽ [illegible] ക്ഷതിയായ് പണ്ടെന്നതിലും
ക്ഷീരാബ്ധിയാൽ നനച്ചു രക്ഷിക്കുന്നു ജലാധിപൻ * ഘൃതപൃഷ്ഠൻ മ

ഹാഭാഗൻ സർവ്വലോകനമസ്കൃതൻ പ്രിയവ്രതസുതൻ ശ്രീമാനദ്ദീപിന്നു
ധിപൻമാനേ! • ഏഴാമദ്ദീപുഭോഗിച്ചു പുത്രന്മാർക്കായിനൽകിനാൻ
അവർതൻപേരെഴും വർഷങ്ങളിൽ പാലകരാക്കിനാൻ • ആയവൻ പ
രമാംവിദ്യപരത്തെയാശ്രയിച്ചിതേ ആമം, മധുരുഹം, പിന്നെമേഘപൃ
ഷ്ഠം, സുധാമകം • ഭ്രാജിഷ്ഠം, ലോഹിതാർണ്ണം, കേരവനസ്പതിയുമിങ്ങ
നെ നലിയോരെഴുഗിരികളും ഭൂമിയിങ്കൽ കീർത്തികൂടുവ • ഉപബർഹണവും,
ശുക്ലം, ഭോജനം, വർദ്ധമാനവും നന്ദനം, സർവ്വതോഭദ്രം, നന്ദാ, ശൈലേങ്ങ
ളിവയിവ • അരുണതരഹാ തീർത്ഥവതി, ആയാ, പിന്നെയാർത്ഥ്യയും വൃത്തി
രൂപവതി, ശുക്ലാ, പവിത്രവതിയങ്ങനെ • ഇവതൻ നൽജലം പാനം
ചെയ്യുന്നു നാലു ജാതിയും പുരുഷർ, ഋഷഭർ, പിന്നെ ദ്രവിണർ, ദേവകർ
തഥാ • നാലുജാതികളിവർണ്ണംവസിക്കുന്നോരതിങ്കലായ് ആപോമയൻ
ദേവനാമപ്പുതിരേയയജന്നങ്ങളും • പൂർണ്ണാഞ്ജലിയിനാൽ മർത്ത്യാഭജി
ക്കുന്നു പലേവിധം അപ്പു! നീ ഭഗവതീയ്ക്കുംത്രൈലോക്യശുദ്ധമാക്ക
വോൻ • നീ പാപഹാരിനീ സ്വർഗ്ഗോൽ ദേഹത്തെ ശുദ്ധമാക്കുക എന്നേവം
ചൊല്ലി സ്തുതിക്കുന്നു പലമട്ടാസ്സുവങ്ങുവാൻ • ക്ഷീരാബ്ധിക്കപ്പുറം ചുറ്റും
ശാകദ്ദീപം മുനീശ്വര! യോജനാനാമെട്ടു ലക്ഷം വിസ്താരത്തോടു മേ
ന്നു • ആ രണ്ടാകിൽ ദധിമയക്കടലാൽ ചൂഴ്ന്നതാണതും അതിൽ
നില്ക്കുന്നതു മനോജ്ഞമാം ശാകം മഹാമരം • അതിൻ മൂലമതിന്നുണ്ടായ്
ശാകദ്ദീപെന്ന നാമവും പ്രിയവ്രതാത്മജൻ മേധാതിഥിയാം നായകനാ
യതേ • സുതർനാമങ്ങളാമേഴുവർഷമാക്കിട്ടവനവിൽ തന്നേഴുപുത്ര
ന്മാരെ സ്ഥാപിച്ചിട്ടവൻ യോഗിയായിതേ • പുരോജവം, പിന്നെ മനോജ
വവും, പവമാനവും ധൂമ്രാനീകം, ചിത്രരേഫം, വിശ്വധൃക്, ബഹുരൂപ
വും • മന്ത്രാദ്രികളേഴു നലിയുമെ ചൊല്ലിടുന്നതേ ഈശാനം, ഉരുശൃം
ഗം, ബലഭദ്രം, ശതകേസരം • സഹസ്രസ്രോതകം, ദേവപാലം, പിന്നെ
മഹാനസം • ഇവയേഴദ്രികൾ ചൊല്ലാം നദീനാമങ്ങളോതുവൻ • അനഘാ,
പിന്നെയായുർദ്ദാ, ഉഭയസ്പൃഷ്ടിയായതും സഹസ്രശ്രുതിയും പഞ്ചനദി
നല്ലപരാജിതാ • കേൾക്കു നിജധൃതി സുപ്തനദികൾ ഭംഗിയുമവ സ
ത്യവ്രതർ, ക്രതുവ്രതർ, ദാനവ്രതരുമങ്ങനെ • അനുവ്രതരുമീനാലു ജാതി
ദ്ദീപവാസികൾ പ്രാണായാമത്തൊടുമപ്പ്രാണ വായുവാം ഭഗവാൻ
പരൻ • ഹരിയെസ്സേവചെയ്യുന്നോർ പാപമെല്ലാമകന്നവർ ഭൂത
ങ്ങൾക്കുള്ളിൽ വാണന്തര്യാമിയായ് പ്രാണവൃത്തിയാൽ • ഭൂതങ്ങളെല്ലാ
രക്ഷിക്കുന്നോൻ രക്ഷിക്കട്ടെ ജഗല്പതി ശാകദ്ദീപതിരട്ടിച്ചു വിസ്താരത്തോ
ടൊത്തുവേ • പുഷ്കരദ്ദീപുണ്ടധിക്കലിന്നപ്പുറം മുനേ! ആ കണ്ണക്കാര്
ശുദ്ധജലക്കടലാൽ ചൂഴ്ന്നതാണതു • തീപ്പാൽ ശോഭിച്ചതിൽ സ്വ

ഷ്ടമയമാംപതിനായിരം യോജനകളോടും രാജിച്ചുനിൽക്കുന്നതൊരുപുഷ്ക
രം ॥ ഇതിനെ ലോകഗുരുവാം വിധിയാം ഭഗവാനുടെ പീഠമായിട്ടു കല്പി
ച്ചു ലോകസൃഷ്ടിക്കുമാമുനേ! ॥ ഇദ്വീപിലൊന്നുതാനദ്രിമാനസോത്തര
മെന്നുള്ള മദ്ധ്യേനിന്നതിരിക്കുന്നു കീഴ്മേൽ രണ്ടു വർഷമായ് ॥ പരപ്പും
പൊക്കവുമതിന്നയുതം യോജനാമുനേ! ഇന്ദ്രാദികൾക്കു പുരികൾ നാലു
ദിക്കിലുമുണ്ടതിൽ ॥ ആദിത്യൻ സഞ്ചരിക്കുന്നതതിൻമേൽ ഭാഗമാമേ
കേറം മേരുപ്രദക്ഷിണം ചെയ്തു ചുറ്റുന്നവിടെയാരവി ॥ അയനം
ഒന്നോട്ടം സംവത്സരചക്രം കേറങ്ങവേ പ്രിയവ്രതസുതൻ വീതിഹോത്ര
നാം ദ്വീപനായകൻ ॥ രമണൻ, ധാതകിയുമാം വർഷനാമങ്ങൾ ചെയ്തി
ട്ടു രണ്ടുപുത്രരെയും രണ്ടുവർഷങ്ങളിലുമാക്കിനാൻ ॥ പിന്നെപ്പൂർവ്വന്മാരെ
പ്പോലെയവരാം ഭരിക്കുന്നനായ് ആവർഷപുരുഷർ ബ്രഹ്മാവായീടും ഭ
ഗവാനെ ॥ കർമ്മയോഗംകൊണ്ടു തന്നെ ഭജിച്ചീടുന്നു സർവ്വദാ കർമ്മത്തിൻ
ഫലരൂപംതാൻ ശാന്തമേകാന്തമഭയം ॥ ബ്രഹ്മമെന്നായ് ഭജിക്കുന്നാ
ഭഗവാനായ് നമിച്ചിടാം.

ശ്രീമദ്ഭാഗവതം അഞ്ചാംസ്കന്ധം
ഭൂദ്വീപാദിവർണ്ണനം
പതിമൂന്നാമദ്ധ്യായം.

പതിന്നാലാമദ്ധ്യായം.

ശ്രീനാരായണൻ പറഞ്ഞു.

ശുദ്ധോദധിക്കപ്പുറമായ് ലോകാലോകാഖ്യപർവ്വതം ലോകാലോ
കങ്ങൾക്കു മദ്ധ്യേനിൽക്കുന്നു മുനിസത്തമ! ॥ മാനസോത്തരമാമദ്രിമുത
ലാമേരുവോളവും മദ്ധ്യസ്ഥലംസ്വർണ്ണഭൂമിയാകുന്നതു ശുദ്ധോദമാണതു ॥ ക
ണ്ണാടിക്കുള്ള പോലുള്ളതില്ലാത്തതൊരു ജന്തുവും ഉണ്ടാകില്ലാസ്ഥലത്തി
ങ്കൽ നൽപദാർത്ഥങ്ങളൊന്നുമേ ॥ അതിനാൽ പ്രാണിവർഗ്ഗങ്ങളൊന്നുമി
ല്ലവിടത്തിലായ് പ്രാണിയുള്ളതു, തില്ലാത്തതിന്നുദേശങ്ങൾക്കു മദ്ധ്യമാ
യ് ॥ നിന്നീടുന്നതിനാൽ ലോകാലോകമെന്നായതിന്നു പേർ അമ്മഹീ
ശനാൽ ത്രൈലോക്യാന്തത്തിലതു നിർമ്മിതം ॥ സൂര്യാദി ധ്രുവപര്യന്തമു
ള്ളവർക്കുള്ള രശ്മികൾ ലോകമെല്ലാം പ്രകാശിപ്പിച്ചീടുന്നവരൊക്കെ
യും ॥ അതിനപ്പുറം വ്യാപിച്ചീടാത്തുള്ള വിധത്തിലായ് പൊക്കം
വിസ്താരമതുമുണ്ടാമഹോ ശ്രീക്കനാരദ! ॥ ഭൂഗോളത്തിൻറെ വിസ്താരം കോ
ടിയൻപതിതന്നതായ് പുരാതനന്മാരായുള്ള വിദ്വാന്മാർ പറയുന്നു
തേ ॥ അതിൻനാലൊന്നു വിസ്താരം ലോകാലോകമതാംഗിരി അതി

ൻറുകളിൽനാലുദിക്കിലുംപാരമുള്ളതാൽ • സ്ഥാപിക്കപ്പെട്ടതാം ദിഗ്ഗജമതാംതന്നെചതുഷ്കമെന്നി ഋഷഭൻ,പുഷ്പചൂഡൻ,വാമനൻ, നല്ലപരാജിതൻ • ചൊല്ലുന്നിവർ സർവ്വലോകസ്ഥിതിക്കായെന്നാ തായ് അവർക്കുംലോകപാലകർക്കുവീര്യവുംപ്രതാപവും • ഐശ്വ ര്യവുംവൃദ്ധിയായിട്ടുവാനായ് ഭഗവാൻഹരി വിഷ്വക്സേനാദികളോടൊ ത്തുപാർഷദികളോടുമായ് • സ്വായുധങ്ങൾകൊണ്ടുകൈകളോടുകൂടി ട്ടുചുററിലും സർവ്വലോകഹിതത്തിനായ് വാഴുന്നു പരമേശ്വരൻ • ആ കല്പമീവണ്ണമേവവിഷ്ണുവാം സനാതനൻ സ്വമായാമയമാംവി ശ്വാരക്ഷിപ്പാൻവാണീടുന്നതേ • മദ്ധ്യവിസ്താരമിതിനാലോകപരി മാണമായ് പറഞ്ഞതാം,ലീലാകാരലോകമെന്നാണുമദ്രിതൻ • വെ ളിയിൽകുത്സിതജ്ഞാനമാർക്കറിവാകാതെയ്ക്കപ്പെട്ടിടം സൂര്യാണ്ഡഗോളമ ധ്യംകേളിവൈഷ്ണവദ്വാരകാടിയാം • സ്വർഗ്ഗമദ്ധ്യമാമണ്ഡമദ്ധ്യത്തിൽ നിൽപവൻരവിമാർത്താണ്ഡനാമമൃതമാമീയണ്ഡത്തിൽവാഴ്കയാൽ • ഹിരണ്യഗർഭൃനതാംഹിരണ്യാണ്ഡമതിനാൽ ദിക്,സ്വർഗ്ഗം,ഭൂ മ്യോ,വിതെല്ലാംവേർതിരിക്കുന്നിതാരവി • സ്വർഗ്ഗാപവർഗ്ഗമേകളിത ലംമൃതലായങ്ങും ദേവതിര്യങ്നരന്മാർക്കുംപരാപരജഗത്തിനും • സർവ്വ പ്രാണികൾക്കുമാത്മാവാകുന്നുവനിസ്സംഗൻനിൽപവൻ ഭൂഗോളസ്ഥിതിയി വണ്ണമേമൊഴിപ്പെടുന്നതേ • ഇങ്ങിപ്പോൾതാൻസ്വർഗ്ഗമതുംവർണ്ണിക്കുന്നി റിവുള്ളവർ ബീജമായമാംഒരുവിനോടൊന്നായ്മാററുമെപ്പോഴുമേ • അന്തരിക്ഷം,ദ്യോവുമിരണ്ടെന്നതാകുട്ടാമദ്ധ്യമാം അതിൻമദ്ധ്യത്തിലാ കന്തരീക്ഷഗോളനാം തപനൻരവി • ആതപത്താൽമൂവുലകുംപ്രകാശിപ്പി ച്ചിടുന്നവൻ ഉത്തരായണമാകുമ്പോൾഗതിമാന്ദ്യംവരുംമുനേ! • കേറി പ്പോകേണ്ടതാസ്ഥാനമ്പോകളൊട്ടുവുമാകയാൽ ദക്ഷിണായനമാക മ്പോൾഗതിവേഗത്തിലാണ്ടതാം • ഇറങ്ങേണ്ടസ്ഥാനമതാപ്പകലൊട്ടുക റഞ്ഞുപോം വിഷുവത്തിൽവരുന്നേരംസാമ്യമായ് തീർന്നിടുംഗതി • സ മമാംസ്ഥാനങ്ങൾതാപ്പകലുംസമമായ് വരും മേടംതുലാംരണ്ടുമാസംസ ഞ്ചരിച്ചീടവേരവി • പകലുംരാത്രിയുംതുല്യമായിത്തീരുംമുനീശ്വര! ഇ ടവംതൊട്ടഞ്ചുരാശികളിൽസൂര്യൻചരിക്കവേ • പകലെല്ലാമേറുമൊ ട്ടുകുറയുംരാത്രിയാകവേ വൃശ്ചികാദികളിൽസൂര്യൻസഞ്ചരിക്കുന്നവേ ളയിൽ • രാത്രിയെല്ലാമേറുമൽപംപകലുംകുറവാകുന്നതാം.

ശ്രീദേവീഭാഗവതം എട്ടാംസ്കന്ധം

ലോകാലോകവർണ്ണനം

പതിനാലാമദ്ധ്യായം

പതിനാലാമദ്ധ്യായം

ശ്രീനാരായണൻ പറഞ്ഞു

ഇനി ഞാൻ പറഞ്ഞീടാം സൂര്യന്റെ ഗതിയുത്തമം ശീഘ്രമന്ദാദിഗതികൾകൊണ്ടു മൂന്നുവിധത്തിലാം ॥ ഗ്രഹങ്ങൾക്കൊക്കയും സ്ഥാനം മൂന്നെന്നറിക നീ മുനിസത്തമ! ജാരൽഗവം മദ്ധ്യമാകുമൈരാവതമുത്തരം ॥ വൈശ്വാനരം ദക്ഷിണവും സ്പഷ്ടമായ് നിശ്ചയിച്ചുവ അശ്വിനി തൊട്ടു മൂന്നു നക്ഷത്രം നാഗവീഥിയാം ॥ രോഹിണ്യാദികളാം മൂന്നും പറയും ഗജവീഥിയായ് പുണർതം തൊട്ടുള്ള മൂന്നൈരാവതവീഥി മുനിശ്രേഷ്ഠ! ॥ ഇമ്മൂന്നു വീഥിയും ചൊല്ലീടുന്നുത്തരമാർഗ്ഗമായ് മകമാദികളാം മൂന്നാർഷഭീവീഥിയാം പിന്നെ ॥ ഹസ്തം ചിത്തിരയും സ്വാതിയും ഗോവീഥിയല്ലോ വിശാഖാദികളാം മൂന്നു ജാരൽഗവീയുമേ! ॥ ഇമ്മൂന്നു വീഥിയും ചൊല്ലീടുന്നു മദ്ധ്യമാർഗ്ഗമായ് മൂലം പൂരാടമുത്രാടമെന്നജവീഥിയാം ॥ തിരുവോണമുതൽ മൂന്നും മൃഗവീഥിയല്ലോ പൂരുരുട്ടാതിതൊട്ടുള്ള മൂന്നും വൈശ്വാനരീയുമേ! ॥ ഇമ്മൂന്നു വീഥിയും ചൊല്ലീടുന്നു ദക്ഷിണമാർഗ്ഗമായ് അച്യുതന്മായതിൽ പിന്നെ വായുവാം ചണ്ഡപാശവും ॥ ഉദരത്തിന്റെ കറങ്ങീടുന്നതാണുത്തരായണം ... സൂര്യരഥത്തിന്റെ ഗതിയാകയാൽ ॥ മാന്ദ്യം ... ദക്ഷിണായനമായീടുന്നു, ദക്ഷിണായനത്തിന്റെ ക്രമമാണിതു ॥ ദക്ഷിണായനമാം പ്രദേശമത്രയും ... വീഥിയിൽ പോയിടുന്നപ്പോളതിനാൽ ഗതിവേഗമാം ॥ പകൽക്കുറഞ്ഞിട്ടു രാത്രിയേറുമെന്നും ചൊല്ലീടും ... സൂര്യന്നാം സമമാം സ്ഥിതിയാകയാൽ ॥ മദ്ധ്യമായീടിനൻ, രാവും പകലും സമമാമല്ലോ പറഞ്ഞുള്ളതിലൊക്കെയും ... ! ॥ അതിൽ പെട്ടിട്ടിനൻ മണ്ഡലങ്ങളോട്ടം വലിഞ്ഞീടും അവയെത്താനെയുള്ളവിടം കാലത്തിലാമല്ലോ ॥ അങ്ങുപോൽ വെളിയിൽ പോമാ സൂര്യന്റെ മണ്ഡലങ്ങളും മേരുവിന്റെ കിഴക്കു പുരിയാം ദേവധാനിക ॥ ... സംയമനീയെന്നാകുന്നുള്ള മഹാപുരി നിമ്ലോചനി പടിഞ്ഞാറുവടക്കുന്നതാം പുരി ॥ ... വിഭാവരിയതാം പുരി ... സൂര്യനുദിക്കുന്നതെന്നു ചൊല്ലിനാർ ॥ മദ്ധ്യാഹ്നം ... നിമ്ലോചനിയിലാം ... സൂര്യൻ വിഭാവരിയിലാകുമ്പോൾ ... രാത്രിയും ॥ ... തൻ പ്രവൃത്തികളും ... സൂര്യന്റെ ഗതിയോതിഞാൻ ... ॥ മേരുവിൽ വസിപ്പോർക്കു സദാ മദ്ധ്യാഹ്നമാമല്ലോ! സൂര്യനാ മേരുവിൽ നിന്നു വലം ചുറ്റുന്നു നിത്യവും ॥ ഉദയത്തിൽ ...

ദിഗ്വിദിക്കുകളെല്ലാറ്റിങ്കലുമാദിത്യനായവൻ • ആരെന്നു സൂര്യനെക്കാ
ണുന്നതവർക്കുദയം മുനേ! മറഞ്ഞീടുന്നതെദ്ദിക്കിലതുതാനസ്തമിപ്പതും •
ഉദയാസ്തമനാദികളവർക്കില്ലെന്നവൻ സദാ അവനെക്കാണ്മതും കാണാതെ
യാകയാലതുമാണവ • സ്വർല്ലോകന്തപുരംമൂന്നമൈന്ദ്ര്യാദികളിൽനിന്നി
നൻ കോണിൽനിന്നാൽതൊട്ടുമൂന്നുകോണാംരണ്ടുപുരങ്ങളും • ദീ
ർഘവർഷങ്ങൾക്കശേഷം ചുടക്കാമേരുവിൻസ്ഥിതി ആരെന്നു സൂര്യനെ
ക്കാണുംകിഴക്കെന്നതുചൊല്ലിടും • അതിന്നിടത്തുഭാഗത്താംമേരുവിൻ
സ്ഥിതിനിശ്ചയം പത്തുരണ്ടുംനാഴികകൊണ്ടെണ്ണിവിട്ടിളകീട്ടിനാൻ
രണ്ടുകോടിയതും മുപ്പത്തേഴുലക്ഷവും, മായിരം ആറുപത്തുമായിട്ടും
യോജനാ, യാമ്യയാംപുരി • അതിങ്കൽ ചെല്ലു, മവിടംവിട്ടമീക്രമമോട
വൻ വാരുണീ, സൗമ്യ, യിന്ദ്രൻ്റെപുരികളിലുമെത്തിടും • കാലച
ക്രാത്മകൻകാലംബോധിപ്പിപ്പാൻകറങ്ങുവോൻ ദ്യോവിൽ ചരിക്കും
ചന്ദ്രൻതൊട്ടുള്ള മറ്റുഗ്രഹങ്ങളും • നക്ഷത്രങ്ങളുമീവണ്ണമുദിച്ചിട്ടസ്ത
മിച്ചിടും മുഹൂർത്തംകൊണ്ടിപ്രകാരം രഥത്തോടൊത്തുഭാസ്കരൻ • ല
ക്ഷംനാലുമുപ്പത്തെണ്ണൂറുംയോജനചുറ്റുമേ പോംനാലുംനാലുമിക്കംപ്ര
വഹാഖ്യൻസമീരണൻ • നിമിത്തംകാലചക്രത്തിൽകറങ്ങുന്നാളയീ
രഥൻ അതേതെന്നാൽചക്രംപന്ത്രണ്ടരംമൂന്നുനാഭിയും • നേമിയാ
റതിന്നെല്ലാംവത്സരാത്മകമെന്നതായ് അച്ചുതണ്ടാമേരുവിങ്കൽ
മാനസോത്തരമെന്നതിൽ • മറ്റേയറ്റം, രഥത്തിൻ്റെചക്രം ചുറ്റു
ന്നതിങ്കലായ് എണ്ണയാട്ടുന്നചക്കിൻ്റെചക്രത്തിന്നുസമാനമായ് •
മാനസോത്തരമെന്നുള്ള മേട്ടിയിൽ ചുറ്റിടുന്നിതാൻ ആ അക്ഷത്തിൽ
ചുവടൊട്ടും "ഒന്നാമക്ഷം" ധ്രുവത്തിലായ് • നാലിലൊന്നളവിൽമേത
ലയന്ത്രത്തിന്നച്ചുതണ്ടുപോൽ മുകൾഭാഗവുമാം, സൂര്യൻതൻരഥത്തി
ങ്കലുള്ളതാം • നീളവും മുപ്പത്താറുലക്ഷംയോജനവിസ്താരം അതിൻ
നാലൊന്നുനീളത്തിലാകന്നാരതന്നേതൻനൊകം • അതിൽകെട്ടീട്ടുവാ
നായിട്ടുണ്ടല്ലോഴുവാജികൾ അവയെയത്തണാൻസൂര്യൻതൻ്റെതേരാ
ളിയായവൻ • ചേർത്താനതുവഹിക്കുന്നുലോകങ്ങൾക്കുസുഖത്തിനാ
യ് സൂര്യൻ്റെതേരിലരുണൻമുൻഭാഗംനോക്കിവാണിടും • സദാതേ
രാളിയായിട്ടുണ്ടഗ്രജനായവൻ അങ്ങുഷ്ഠപർവ്വമാത്രന്മാർബാലഖി
ല്യൃഷീശ്വരർ • ആറുപത്തായിരംപേരായിട്ടുചൊല്ലപ്പെടുന്നവർ സ്തു
തിക്കുന്നുസൂക്തവാക്യങ്ങളെക്കൊണ്ടാദിത്യനെസദാ • അതുപോൽമ
റ്റൃഷികളുംഗന്ധർവ്വോരഗരാക്ഷസർ സുരർ, ഗ്രാമണികൾപിന്നെയപ്സ
രസ്സുകളായവർ, • ഈരേഴുകൂട്ടങ്ങളായ് മാസംതോറുംഭജിച്ചിടും

ക്കോടിയോജനപ്പുറമൻപതിനായിരത്താനൂലക്ഷവുമായിട്ടും • ഭൂമണ്ഡലമാർണ്ണവപ്പുരതാകും നാഴികകൊണ്ടുതാൻ പൂർവ്വന്നമേവമേവേശൻചിരപ്രാപിനിരന്തരം.

ശ്രീമദ്ഭാഗവതം അഞ്ചാംസ്കന്ധം
സൂര്യഗമനം
പതിനഞ്ചാമദ്ധ്യായം.

പതിനാറാമദ്ധ്യായം.

ശ്രീനാരായണൻ പറഞ്ഞു

ചന്ദ്രാദികൾ ഗമിച്ചീടും സ്ഥാനങ്ങൾ കേട്ടീടുകിന്നിയും അവയെക്കൊണ്ടറിഞ്ഞീടാം നരന്മാർതൻ ശുഭാശുഭം • കുലാലചക്രം പോലെ താരകാവലിതിങ്കൾ മേവീടുന്നിട്ടും കീടാദികൾക്കന്യമായ ഗതി, വരുന്നപോലെ താൻ • രാശിവൃന്ദത്തോടൊത്തീടുംകാലചക്രത്തിലൂടവേ മേരുധ്രുവങ്ങളെച്ചുറ്റിയെപ്പൊഴും സഞ്ചരിച്ചിടും • ആദിത്യാദിഗ്രഹങ്ങൾക്കൊന്നുമേ രണ്ടായ്ഗതി രാശിനക്ഷത്രമിവയിൽ ചേർന്നീടുന്ന ഗതിക്കയാൽ • സ്വ, ചക്രഗതികൾ രണ്ടും ഭേദമില്ലാതെ ദൃശ്യം അസ്സാക്ഷാൽ ഭഗവാനാദിപുരുഷൻ ലോകഭാവനൻ • നാരായണൻ ജഗൽക്ഷേമത്തിനായിസ്സഞ്ചരിപ്പവൻ വേദംകൊണ്ടറിവീടുമാദിത്യൻ വെളിച്ചം നൽകുന്ന • ആത്മാവേകൻ ശ്രുതികളായ് പന്ത്രണ്ടായ് വിളങ്ങുന്നവൻ വസന്താദ്യ ലായുള്ള ഋതുക്കളിലും സ്വയം • ശീതോഷ്ണാദികളൊക്കെയുമെല്ലാം പ്രയുക്തകർമ്മയോഗമായ് ആയിപ്പുരുഷൻ ലോകർ സമാവേശിക്കുമാറു • വർണ്ണാശ്രമാചാരമാർഗ്ഗമോടെ കർമ്മങ്ങൾ കൊണ്ടുമേ യോഗാഭ്യാസങ്ങളെക്കൊണ്ടും ധികം ശ്രദ്ധയോടുമായ് • സേവിച്ചീടുന്നിഷ്ടമെല്ലാം സാധിച്ചീടുന്നിതായവർ ലോകത്താവാമവൻ ജ്യോതിശ്ചക്രത്തിൻ മദ്ധ്യവർത്തിയായ് • ഉദിക്കുന്നകാലചക്രവത്സരാവയവങ്ങളാം മാസങ്ങളെ രാശികളാൽ, പക്ഷം രണ്ടായമാസമാം • പിതൃക്കൾക്കദിനം ചന്ദ്രമാസപക്ഷമതാകിനാൽ രണ്ടുമാസം, വത്സരത്തിന്നാറിലൊന്ന് ഋതുക്കളേ • ഋതുവെന്നു ചൊല്ലുന്നു പണ്ടുള്ള ജ്ഞാനികൾ! ഉള്ള ഋതുക്കൾ സൂര്യൻ വ്യോമത്തിങ്കൽ ചരിക്കവേ • പറഞ്ഞീടുന്നയനമെന്നതിനേയ പ്പുരാതനർ അന്തരിക്ഷത്തിലാദിത്യൻ നാഴികമൊക്കയും • ചുറ്റിടുന്നതികാലത്തെച്ചൊല്ലും വത്സരമെന്നതായ് സംവത്സരമിഡാവത്സരം പിന്നെപ്പരിവത്സരം • അനുവത്സരമിദ്വത്സരമെന്നായ ഞ്ചുമാനവിൻ മന്ദാദിഗതികൾ കൊണ്ടു ചൊല്ലുന്നു കലാവിത്തമർ • സൂര്യ

ന്റെ ഗതിയീവണ്ണംകേൾക്ക ചന്ദ്രാദ്യർതൻഗതി ആദിത്യമണ്ഡലംവി
ട്ടുലക്ഷംയോജനമേൽശശി * സൂര്യന്റെ വർഷഗതിയെ രണ്ടുപക്ഷങ്ങളാ
യിട്ടും ഒരുമാസംകൊണ്ടുതന്നേസാധിച്ചീടുന്നിനന്റെയാ* മാസത്തിൽ
ഗതിയെ രണ്ടുകാല്യങ്ങൾകൊണ്ടുമങ്ങനേ രാശിചക്രത്തെയീവണ്ണംശീ
ഘ്രം ചുറ്റുന്ന ചന്ദ്രനും * വർദ്ധിച്ചീടുംകലകളാൽസുരർതൻപ്രീതിദായ
കിയും ക്ഷയിച്ചീടുംകലകളാൽപിതൃക്കൾക്കേകിയുംമുദാ* അവക്ഷരാ
വുംപകലുംപക്ഷങ്ങൾകൊണ്ടു ചെയ്യുമേ പ്രാണികൾക്കൊക്കെയുംപ്രാ
ണൻസർവ്വജീവനകാരണൻ * മുഹൂർത്തംമുപ്പതായോരോരാശിയെല്ലാംഭു
ജിപ്പവൻ ആയിവൻഷോഡശകലൻപുരുഷൻനിത്യനായവൻ * മ
നോമയൻ അന്നമയൻസുധാനിധിസുധാകരൻ പിതൃദേവനരന്മാരും
ചരാചരമശേഷവും * ജീവിപ്പാൻകാരണൻ, സർവ്വമയനെന്നോർത്തുമാക
യാൽ നക്ഷത്രചക്രംകേൾമൂന്നുലക്ഷയോജനമേലിലായ് * ഈശ്വരൻ
കാലചക്രത്തിനോടുമായ് ചേർത്തിരിപ്പതാം നക്ഷത്രമിരുപത്തെട്ടെണ്ണ
മഭിജിത്തോടുകൂടവേ * പിന്നെശ്ശുക്രൻരണ്ടുലക്ഷംയോജനയ്ക്കൂർദ്ധ്വഭാ
ഗമായ് സൂര്യന്മുൻപിലുംപിൻപുംക്രമിയുംസഞ്ചരിപ്പവൻ * ശീഘ്ര
മന്ദസമാനങ്ങളാകുംഗതികൾമൂലമായ് ലോകങ്ങൾക്കനുകൂലൻതാൻ
മിക്കവാറുമിവൻശുക്രൻ * മഴപെയ്യിച്ചീടുന്നോനീശോർവൻസർവ്വദാമു
നേ! ശുക്രനുമേൽരണ്ടുലക്ഷംമേൽഭാഗത്താബുധസ്ഥിതി * ശീഘ്രാ
ദിഗതികൾകൊണ്ടുശുക്രനോടൊത്തവൻബുധൻ സൂര്യനിൽനിന്നുവ്യ
ത്യാസപ്പെട്ടുംകാലത്തിലായവൻ * സൂചിപ്പിക്കുംകൊടുങ്കാറ്റുമനാവൃ
ഷ്ട്യാദിയായതും അതിനുമേൽരണ്ടുലക്ഷയോജനക്കപ്പുറംകുജൻ * മൂ
ന്നുപക്ഷങ്ങൾകൊണ്ടിട്ടിവനോരോരോരാശിയെ കടക്കുംവക്രനായ്
തീരാതിരുന്നീടിൽമഹാമുനേ! * രോഗാദ്യപാർപ്പാൻമിക്കവാറുമീയി
വൻപാപസൂചകൻ അതിനുമേൽരണ്ടുലക്ഷംയോജനക്കപ്പുറംഗുരു *
ഓരോരാശിയുമോരോരോവത്സരത്താൽകടപ്പവൻ വക്രനാകാതിരിക്കിലോ
ബ്രഹ്മവാദികൾക്കനുകൂലനാം * പിന്നെശ്ശനൈശ്ചരൻരണ്ടുലക്ഷം
യോജനമേലിലായ് ഘോരൻസൂര്യസുതൻമുപ്പതുമാസങ്ങൾകൊ
ണ്ടവൻ * ഒരുരാശികടക്കുന്നോൻമഹാഗ്രഹമവൻമുനേ! സർവ്വർക്കശു
ഭൻമന്ദനെന്നോളുംകൊള്ളുവിതെന്മർ * അതിനുമേൽപതിനൊന്നുല
ക്ഷയോജനമേലിലായ് സപ്തർഷികൾസഞ്ചരിക്കുംമണ്ഡലംമുനിസത്ത
മ! * ലോകങ്ങൾക്കുശുഭത്തിന്നായ്മുനിമാരേഴുപേരുമേ പാരംവിഷ്ണുപ
ദസ്ഥാനംവലംവെയ്ക്കുന്നു നാരദ!

ശ്രീദേവീഭാഗവതം എട്ടാംസ്കന്ധം

സോമാദിഗതി

പതിനാറാമദ്ധ്യായം.

പതിനെഴാമദ്ധ്യായം

ശ്രീനാരായണൻ പറഞ്ഞു

ഋഷിസ്ഥാനാൽപതിമൂന്നുലക്ഷംയോജനമീതിലായ് പരമാകും വിഷ്ണുപദസ്ഥാനമെന്നോതിടുന്നതേ ॥ മഹാഭാഗവതൻശ്രീമാൻലോകവന്ദിതനാംധ്രുവൻ വാനിലിന്ദ്രൻകശ്യപനാധൎമ്മനീയിവരോടവൻ സമകാലൻവസിക്കുന്നുത്താനപാദന്റെനന്ദനൻ സദാനോക്കീട്ടുമാനിച്ഛായവർത്തൻതെക്കുഭാഗമായ് ॥ ആകല്പജീവിഭഗവൽപദംസേവിച്ചിട്ടുന്നവൻ ചിരമവ്യക്തവേഗത്തിൽഭഗവാൻതാൻകറക്കിടും ॥ ഗ്രഹനക്ഷത്രാദികളാംജ്യോതിസ്സിന്നൊക്കയും ധ്രുവൻ അവഷ്ടംഭക്കുററിപോലെചമയ്ക്കപ്പെട്ടവനീശനാൽ ॥ ഭാസിപ്പിപ്പാൻതന്റെധാമ്നാൽ ഭാസിപ്പാൻദേവപൂജിതൻ തിരകുററിയതിൽധാന്യംതിരിക്കുംപൈപശുക്കൾപോലവേ ॥ ത്രികാലവുംമണ്ഡലങ്ങൾ ധ്രുവനെച്ചുററീടുന്നതേ ഗ്രഹനക്ഷത്രാദിയെല്ലാമീവണ്ണംതാൻയഥാക്രമം ॥ കാലചക്രത്തിന്നകത്തുംപുറത്തുംകല്പിതങ്ങളായ് ധ്രുവനെതാനാശ്രയിച്ചുകറങ്ങിക്കൊണ്ടുമൂലമായ് കെൽപത്തെത്താലുംചരിക്കുന്നുവാനിൽപക്ഷികളെന്നപോൽ സഹായംവായുവശമാററിൻവശത്താണിവയൊക്കയും ॥ ഈജ്യോതിസ്സിൻകൂട്ടമെല്ലാംഭുവിൽചിരംതിരിപ്പതും അനുഗ്രഹിക്കയാലാണെന്നു സാക്ഷാൽബ്രഹ്മസ്വരൂപിണി ॥ ജ്യോതിശ്ചക്രംചിലർചൊല്ലുംശിംശുമാരസ്വരൂപമായ് നില്ക്കുന്നുഭഗവദ്യോഗധാരണാത്മകമെന്നതായ് ॥ വളഞ്ഞുതലകീഴായിനിന്നീടുമതിന്നുടെ പുച്ഛാഗ്രത്തിങ്കൽകല്പിതനാംധ്രുവനുത്താനപാദജൻ അതിൻവാലിൽ ക്രമേണയായ്പ്രജാപതിയുമഗ്നിയും ॥ ഇന്ദ്രനുംധൎമ്മനുംവാണീടുന്നുവെന്നോതിടുന്നതേ ധാതാ,വിധാതാ,പുച്ഛമൂലത്തെ,മദ്ധ്യേസപ്തൎഷികളുംമുനേ! ॥ വലത്തുഭാഗമായിട്ടുവളഞ്ഞുമേനിതന്നുടെ ദക്ഷപാൎശ്വത്തിലായുത്തരായനൎക്ഷങ്ങളൊക്കയും ॥ വാമപാൎശ്വത്തിലാംദക്ഷിണായനൎക്ഷങ്ങളായവ കുണ്ഡലീകൃതനാംശിംശുമാരൻതന്നിരുഭാഗവും ॥ നക്ഷത്രങ്ങൾപതിനാലുവീതമാകുന്നനാഥ! അജവീഥിപൃഷ്ഠഭാഗേസ്വൎഗ്ഗംഗയുദരത്തിലും ॥ ഇടംവലംശ്രോണികളിൽപൂയംപുണർതമെന്നതും തിരുവാതിരആയില്യംരണ്ടുംപാദങ്ങൾരണ്ടിലും ॥ ഇടംവലംമൂക്കുകളിലുത്രാടമഭിജിത്തുമാം പൂരാടംശ്രവണംരണ്ടുംഇടംവലവുമായിടും ॥ നേത്രങ്ങളിൽപറഞ്ഞീടുന്നിതേച വുംമഹത്തുകൾ അവിട്ടംമൂലവുംദക്ഷവാമകൎണ്ണങ്ങളിൽമുനേ! ॥ മകംമുതലെട്ടെണ്ണംദക്ഷിണായനഭാക്കുകൾ മുതുകിൻവാമപാൎശ്വത്തിൽ ക്രമമായ്ചേർന്നിരുന്നിടും ॥ മൃഗശീരഷംതൊട്ടുത്തരായണൎക്ഷങ്ങൾപി

ന്നതെന്നുമേ വൃഷത്തിൻ്റെ പാർശ്വത്തിൽപ്രതിലോമമായെന്നും • പാതംകേട്ടുകൊണ്ട മഹാഭാഗന്മാരേ! അഗസ്ത്യനന്തരമഗ്ഗത്തിലധരോഷ്ഠത്തിലായമൻ • മുഖത്തിൽകരനായിട്ടുപപദത്തിൽ ശനൈശ്ചരൻ പിൻകഴുത്തിൽസംവർത്തകൻ വക്ഷസ്സിൽ ദിവാകരൻ ഹൃത്തിൽനാരായണൻ ചന്ദ്രൻമനസ്സിൽ മേവുന്നുതേ സ്തനങ്ങളതിൽ നാസത്യർശുക്രൻനാഭിയതിൽ,ബുധൻ • പ്രാണാപാനങ്ങളിൽ,കണ്ഠേരാഹു,കേതുക്കളായവർ സർവ്വാംഗങ്ങളിലും,രോമകൂപതാരാഗണങ്ങളുംതാൻ • വൈകുണ്ഠൻതൻസർവ്വദേവമയമാംരൂപമാണിതു് ശുദ്ധനായ് മൗനിയായെന്നുംസന്ധ്യയിലകത്തസ്സിക്ഷണം • അതുനോക്കിബ്ബുദ്ധിച്ചീടവേണമീമന്ത്രമതിയും ജ്യോതിസ്സകംകാണുമനാഥരാ ചക്രസ്വരൂപിയായ് • സ്വദേശനായമ്മ മധാപുരുഷനായിനമിച്ചിടാം.

ഗ്രഹർക്ഷതാരാമയമാധിദൈവതം । ത്രികാലമീമന്ത്രമുരപ്പവരും ॥ നമിപ്പവരാപ്പവരാംത്രികാലം । നശിക്ക,തൽകാലജമായപാപം ॥

ശ്രീദേവീഭാഗവതം എട്ടാംസ്കന്ധം
ഭുവനകോശവർണ്ണനം
പതിനേഴാമദ്ധ്യായം

―――

പതിനെട്ടാമദ്ധ്യായം

―――

ശ്രീനാരായണൻപറഞ്ഞു

ഇനിയൊരുപതിനായിരംയോജനയ്ക്കുകീഴ് രാഹുമണ്ഡലം നക്ഷത്രംപോൽ ചരിക്കുന്നതെന്നുസംഹികേയനനീതിമാൻ • സൂര്യചന്ദ്രന്മാരെയെന്നും ദ്രോഹിക്കുന്നവനാണവൻ വിഷ്ണുവിൻകൃപയാൽകിട്ടിയമരത്വംഗ്രഹത്വവും • യോജനായുതമാകുന്നു സൂര്യന്റെതന്മണ്ഡലം പതിമൂവായിരമാംസോമമണ്ഡലത്തിന്റെവിസ്താരം • മറയ്ക്കുന്നു പതിമൂവായിരംയോജനരാഹുവും വിരോധത്താൽപർവ്വങ്ങളിൽമാച്ചീടുന്നിതായവൻ • മുന്നമിങ്കൽനിന്നസൂര്യചന്ദ്രന്മാരെ മുനീശ്വര! അതുകേട്ടാരങ്ങിടത്തുംസ്ഥാപിക്കപ്പെട്ടവിഷ്ണുവാൽ • തൻസുദർശനമാം ചക്രംജ്വാലാമാലാതിഭീഷണം അതിൻ്റെദുസ്സഹതേജസ്സിൽ പാർശ്വംവ്യാപിക്കകാരണം • ക്ഷണംമറച്ചുദ്വേഷിച്ചുശങ്കയാലൊത്തുള്ളോരവ പിൻമാറീടുന്നിതായാലുംജനം "ഗ്രഹണ"മെന്നതായ് • ഇതിനെത്താൻകഥിക്കുന്നുലോകമദ്ധ്യത്തിൽനാരദ! രാഹുവിൻകീഴിലായ് പൊല്ലുലോകങ്ങളുംപാവനങ്ങളായ് • സിദ്ധചാരണവിദ്യാധരന്മാർക്കുള്ളവയാണവ യോജനായുതമാരാഹുവി

ങ്കൽനിന്നിട്ടുകീഴിലായ് • പിശാചപ്രേതഭൂതങ്ങളും യക്ഷരക്ഷോഗണ
ങ്ങളും വസിച്ചീടുംസ്ഥാനമതിൻകീഴിലാകുന്നതാരോമലേ! • അന്തരിക്ഷമ
തിൻനാമംതിരുമായിട്ടുവായുവും മേഘവുംസഞ്ചരിച്ചീടുന്നദിക്കിലവധി
യോളമേ • ഭൂലോകമായതിൽനിന്നു നൂറുയോജനതാഴ്ചയായ് പറഞ്ഞു
കൾ കഴുകുകൾ ഹംസങ്ങൾ സാരസാദികൾ • ഭൂചികാദികളാമെത്രപ്പോ
ട്ടുപറക്കുന്നിതേതോളവും വഴിപോൽ ധൃമ്പിലോതീടാൻ ഭൂമണ്ഡലമതിൻ
സ്ഥിതി • ഭൂമിക്കുകീഴിലുണ്ടേഴുവിവരങ്ങളോരോന്നിനും ഓരോന്നുവി
സ്താരവുംയോജനായുതങ്ങൾകൊണ്ടാരോമലേ • സർവ്വർത്തുസുഖമേകീടുന്നവയാ
ണവയൊക്കെയും ഒന്നാമതതലം രണ്ടാമതു വിതലംപിന്നെയുള്ളതു • ഇതി
യം സുതലംപിന്നെച്ചൊൽതാൻ തലാതലം മഹാതലംപിന്നെ മഹാമഹി
ശ്രമമായരസാതലം • സപ്തമംകേൾ പാതാളംവിവരങ്ങളതിലിവ സ്വ
ർഗ്ഗങ്ങളെക്കാളധികമിമ്പമേറും പട്ടണങ്ങളെഴിലും • കാമഭോഗൈശ്വര്യവി
ചെന്നീടുന്നഗൃഹങ്ങളിൽ ഉദ്യാനങ്ങളിലുമാനന്ദായ് ക്രീഡിച്ചുംകൊണ്ടു
സൗഖ്യമായ് • വാഴുന്നുശക്തിയേറീടുംദൈത്യന്മാരും സർപ്പസംഘവും സ
ദാമോദപുത്രബന്ധുവർഗ്ഗങ്ങളോടനവരതമായ് • ഇത്യാദികളൊക്കെക്കും ഗൃ
ഹനായകരായവർ ഈശനാലുംകാമനില്ലാവരാരേതാർമായയുള്ളവർ
വസിക്കുന്നവരൊക്കെയും സർവ്വർത്തുസുഖമോടെ മായയേറുന്നമയനാ
ലവയിൽനിർമ്മിതങ്ങളാം • ശോഭയേറുന്നതോരണങ്ങളെക്കൊണ്ടുള്ളപുരികൾ
ബഹു വിചിത്രമാം മന്ദിരങ്ങൾ മേടകൾ ഗോപുരങ്ങളും • പ്രാസാദ
ങ്ങൾസഭകളുംവാനോളമുള്ളവതാൻ നാഗാസുരസ്ത്രീപുരുഷർ
പ്രാക്കളുംനൽത്തുകങ്ങളും • ചെന്നുകൂത്തിമഞ്ജുരാഗംവിവരശൃംഗങ്ങ
ളാൽ ശോഭിച്ചുണ്ടവിടങ്ങനല്ലാരാമങ്ങളൊട്ടമായ് • മനപ്രസാദ
മുണ്ടാക്കും ഫലപുഷ്പങ്ങൾതിങ്ങീടും സ്ത്രീകൾകളിക്കുംസ്ഥാനങ്ങൾ കൊ
ണ്ടുംശോഭിച്ചീടുന്നതേ • പലപക്ഷികളുംവാഴുംജലരാശികളങ്ങനേ ന
ല്ലതാംജലവും മത്സ്യങ്ങളുംമേളകയങ്ങളും • ജലജന്തുക്കളുംനല്ലനീര
ജത്തിൻസമൂഹവും കുമുദോല്പലകൽഹാരനീലരക്തോല്പലങ്ങളും •
നിറയുന്നവയിൽ ക്രീഡിച്ചുംയിതോഗൃഹങ്ങളും ഇന്ദ്രിയാനന്ദമുണ്ടാക്കും
ശൃംഗാരാവങ്ങളൊട്ടുനും • സ്വർലോകത്തിന്റെശോഭജയിച്ചീടുന്ന
താരമ! ദിനരാത്രികളാൽഭീതിയില്ലവിടെക്കിതാകെ • അഹിപ്രവരർ
തൻമൗലിയിൽകാലകാന്തിയേറീടും രത്നങ്ങൾകളാകുമന്ധകാരം
വരായ്കയാൽ • അവയിൽപാർത്തിടുന്നോർക്കുദിവ്യൗഷധിരസായനം
മൂലംസ്നാനാന്നപാനങ്ങളാലില്ലാധികൾവ്യാധിയും • ജരാനരകൾവൈ
വർണ്ണ്യംസ്വേദദൗർഗ്ഗന്ധമായതും അനന്തസാഹസംവയോവമമെതുംബാധി
ച്ചിടാതുഭദ്രം • മംഗലന്മാരവർക്കില്ലമൃത്യുവിൽനിന്നുഭീതിയും സുദർ

നംവിഷ്ണുതേജസ്സിവയിൽനിന്നുമെന്നിയേ • അതിൽചെന്നാൽദൈ
ത്യനാരിമാർതൻഗർഭങ്ങൾനാരദ! മിക്കവാറുംഭയംമൂലംസ്രവിച്ചില്ലാ
തെവന്നുപോം.

ശ്രീദേവീഭാഗവതം എട്ടാംസ്കന്ധം
ഗ്രഹണലക്ഷണം
പതിനെട്ടാമദ്ധ്യായം.

പത്തൊൻപതാമദ്ധ്യായം.

ശ്രീനാരായണൻ പറഞ്ഞു

അതലാഖ്യമതാമാദ്യവിവരത്തിങ്കൽനാരദ! മയപുത്രൻബലൻ
വാഴുന്നതിഗർവ്വിഷ്ഠനാമവൻ • തൊണ്ണൂററാറുമഹാമായകളെസ്സൃഷ്ടിച്ചു,
വററയിൽ ചിലതെല്ലാംധരിച്ചീടുന്നിന്നുംമായാവികൾചിലർ • ജൃം
ഭമാണനവൻതന്റെമുഖത്തിലുളവായിതേ ലോകമോഹിനികൾമൂന്നും
നാരീവർഗ്ഗങ്ങൾപുംശ്ചലീ • സ്വൈരിണീകാമിനികളെന്നേററവുംകീ
ർത്തികേട്ടവർ അവരെല്ലാംബിലംപ്രാപിച്ചീടുംപുരുഷനെയുമേ • ഹാട
കാഖ്യരസംകൊണ്ടുബലവാനാക്കിയേററവും വിലാസാലോകാനുരാഗ
സ്മിതാദ്യുപഗൂഹനങ്ങളാലെയും • സല്ലാപാദികൾകൊണ്ടിട്ടുംരമിപ്പിക്കും
നിരന്തരം സ്വേച്ഛയാസ്വാദനാലാപുമാന്മാരോർക്കുമിങ്ങനെ • സി
ദ്ധൻഞാനീശ്വരൻഞാൻതാൻപതിനായിരമാനതൻ ബലമുള്ളവനെ
ന്നോർത്തുകയുംചെയ്യുംമദിച്ചുപോൽ • അതലത്തിൻവിധംനിന്നോടീ
വണ്ണമുരചെയ്തുഞാൻ രണ്ടാംവിവരമായിട്ടാംവിതലത്തെധരിക്കനീ • ഭൂ
വിൻകീഴ് വിതലത്തിങ്കൽഭഗവാൻഭവനായവൻ ഹാടകേശാഖ്യയോ
ടൊത്തുവാണീടുന്നുസപാർഷദൻ • ബ്രഹ്മാവുചെയ്യുമീലോകസൃഷ്ടിതൻ
ബംഹണത്തിനായ് ഭവാനീദേവിയോടൊത്തുക്രീഡിച്ചുദേവപൂജിതൻ •
അവർവീര്യത്തിൽനിന്നുണ്ടായ് ഹാടകീനദിയുത്തമാ കാററാലൊത്ത
ഗ്നിതേജസ്സാൽപാറിച്ചീടുന്നൊരുനദി • തീരത്തുജന്മമാർക്കുമതേ
കുന്നുസ്വർണ്ണമായ് ദൈത്യസ്ത്രീകൾധരിക്കുന്നുസമാനൽഭൂഷണങ്ങളാ
യ് • അതിൻകീഴായ് ചൊല്ലുന്നുസുതലാഖ്യംമഹാബിലം വിരോച
നസുതൻവാഴ്കുന്നതിൽപുണ്യവാൻബലി • ദേവേന്ദ്രൻതൻപ്രിയം
ചെയ്യാനവനെഭഗവാൻഹരി ത്രിവിക്രമൻസുതലമാംവിവരത്തിങ്കലാ
ക്കിനാൻ • അദ്ദൈത്യരാട്ടിൻത്രൈലോക്യശ്രീയശേഷംകളഞ്ഞുതാൻ
ഇന്ദ്രാദികൾക്കുംകിട്ടീടാത്തശ്രീവർത്തിക്കുന്നവങ്കലായ് • ഭക്തിയോടൊത്തു
ഹരിയെയാരാധിക്കുന്നവൻസദാ ഇന്നുംവാഴുന്നുസുതലാധിപനായ് ശ്രീ

തിരയുന്നീയെ • പാത്രമാംവിഷ്ണുപിൽഭ്രമിതാനംപ്രസ്ഥഫലത്തിനാൽ എന്നോളുന്നമഹാത്മാക്കൾംയുക്തമല്ലിതുനാരദ! • പുരുഷാർത്ഥപ്രദൻ സാക്ഷാൽഭഗവാനായ്മഹാബലി ഇട്ട [illegible] സ്ഥഫലമീബിലെലശ ഷ്ഠമതല്ലകേൾ • അദ്ദേഹത്തെവെനാമങ്ങളോ [illegible] യാന്തരങ്ങളിലും കർമ്മ ബന്ധംനശിച്ചീട്ടുമുടനേതന്നെനിശ്ചയം • [illegible] ബന്ധനംനീക്കീ ടാൻസാംഖ്യയോഗാദിയായെല്ലാം അനാസ്ഥിക്കുന്നയ [illegible] ഭഗവൽപര മായ്സദാ • സർവ്വക്ലേശത്തിൻമൂലംഅഹംസ്മൃതിവിനാശനം മായാമ യംബിലെലശപൂർവ്വഭോഗമബ്ഭഗവാൻപരൻ • തന്നനുഗ്രഹമായ്നൽകീട്ടുള്ളതല്ലിതുനിശ്ചയം • സർവ്വോപായങ്ങൾതാനാംവിഷ്ണുവുപായാന്തരമെ ന്നിയെ • യാചിച്ചാവ്യാജേനൈശ്വര്യലോകമപഹരിച്ചീടശേഷമായ് ബന്ധിച്ചിട്ടാവരുണമാംപാശത്താൽ,ഗിരിഗഹ്വരേ • അതുകൊണ്ടാകെ കിലുംദുഃഖംവിട്ടേവംചൊല്ലിനാൻബലി: കഷ്ടമിന്ദ്രൻമഹാമൂഢൻസ ഹായിയായവനല്ലയ • ലോകസമ്പത്തിനെത്തുച്ഛമായാചിച്ചുതാനവനെന്നാ വും എത്രയോതുച്ഛമാകുന്നുമന്വന്തരലോകൈശ്വര്യമാക്കിൽ • മോ ക്ഷത്തെവിട്ടതിൽസക്തനായാനാംമൂഢനായവൻ എൻപിതാമഹനാം ശ്രീമാൻപ്രഹ്ലാദൻഭഗവൽപ്രിയൻ • വിഷ്ണുദാസ്യംവരിച്ചാൻസ്സർവ്വ ലോകോപകാരകൻ പിതൃവൈശപാന്തശ്രുതമവനെഹരിയേകിയും • ഭഗവൽപ്രിയനിഷ്ഠിച്ചില്ലവൻതാതൻമരിക്കവെ മഹാന്മാവനാംലോ കോപാധിമാൻഹരിതന്നകേ • അന്തംപാകംവരാത്തുള്ളൊരെൻതുല്യ രറികില്ലതാൻ പൂജ്യൻദൈത്യേശനായുള്ള മഹാബലിയുമിങ്ങനെ • സു തലത്തിൽവസിക്കുന്നഹരിതാൻദ്വാരപാലനായ് ഒരിക്കൽദിഗ്ജയ ത്തിങ്കൽരാവണൻലോകരാവണൻ • സുതലത്തിൽവന്നഭക്തവത്സ ലൻഹരിതൽക്ഷണഃ പാദാംഗുഷ്ഠാഗ്രകോണയുതംയോജനപ്പാടെറി ഞ്ഞുതേ • ഏവംമാഹാത്മ്യമോടൊത്തുസുഖമായിമഹാബലി ദേവദേ വപ്രസാദത്താൽവാഴുന്നുസുതലത്തിലായ്.

ശ്രീഭാഗവതം എട്ടാംസ്കന്ധം
ബലിവർണ്ണനം
പതിനഞ്ചാമദ്ധ്യായം.

ഷോഡശാദ്ധ്യായം.

ശ്രീനാരായണൻ പറഞ്ഞു

അതിന്റെകീഴിലുള്ളോരുവിവരംതാൻതലാതലം മയനാംദാനവ ശ്രേഷ്ഠൻത്രിപുരാധിപനാംമഹാൻ • ശിവനാൽപാലിതൻഭക്തപൂജ

ത്രിതയനായവൻ തൽപ്രീത്യാലബ്ധമായുള്ള രാജ്യശ്രീയോടുമൊന്നവ ൻ • മായാകർമ്മങ്ങളെക്കൊണ്ടു ചാറ്റൻ നാനാമായാവിശാരദൻ വാഴുന്ന രക്ഷോൽക്കൃഷ്ടസിദ്ധിക്കായ് പൂജ്യനായതിൽ • അതിന്നു കീഴിൽവിഖ്യാ തമായുള്ളോരു മഹാതലം കദ്രുപെറവുള്ള സർപ്പങ്ങളനേകം ഫണമുള്ള വ • വാഴുന്നതിലവരിലോരോന്നു പ്രധാനികളെയൊക്കെയും കുഹകൻ,ത ക്ഷകൻ,പിന്നെസ്സുഷേണൻ,കാളിയൻ,മുനേ! • മഹാഫണങ്ങളുള്ളോ രോരോതോർശക്തന്മാർ കോപമേറിയോർ ഇവരെല്ലാം ഗരുഡനെ ഭയ പ്പെട്ടുവസിപ്പവർ • ബന്ധുപുത്രകളത്രങ്ങളോടുമൊന്നിച്ചും ചിലർ പ്രമത്തരായ്ക്കളിക്കുന്നു പ്രമത്തർകളിവർ • രസാതലം വിവര മാണതിൻകീഴിലതിൽ മുനേ! ദൈത്യന്മാരാപ്പണികളെന്നോരുമൊന്ന വവീരരും • കാലകേയരും ഹിരണ്യപുരവാസികൾ നിവാത കവചന്മാരെല്ലാരും ദേവവൈരികൾ • ജന്മനാൽതാൻ സാഹസികർ മഹൌജസ്സുകളായവർ വിഷ്ണുവിൻതേജസാ വിക്രമങ്ങളെല്ലാം നശിച്ചു വർ • സർപ്പങ്ങളെപ്പോൽ പാഴ്നാവിവരത്തിങ്കലെപ്പോഴും അവരി ന്ദ്രൻ ചൊല്ലിവിട്ടു സരമദ്ദൂതിയാൽ സദാ • ചൊല്ലപ്പെട്ടും വാക്കുകളാൽ സഭയം വാണിടുന്നതേ പാതാളമാണതിൻ കീഴിൽ നാഗങ്ങളതിൽ നാ യകർ • വാസുകിപ്രമുഖർ,ശംഖൻ,കുളികൻ,ശ്വേതനായവൻ ധന ഞ്ജയൻ,മഹാശംഖൻ,ധൃതരാഷ്ട്രനങ്ങനേ • ശംഖചൂഡൻ കംബളാ ശ്വതരൻ,ദേവദത്തനും മഹാഫണികൾ കോപിഷ്ഠർ വാണീടുന്ന വിഷോൽബണർ • ഫണമഞ്ചുള്ളവർ ചിലർ ചിലർക്കേഴു പത്തികൾ പ ത്തുപത്തി ചിലർക്കെല്ലാം നൂറുപത്തി ചിലർക്കുകൾ • തോംവിളങ്ങും ഫ ണമുണ്ടോട്ടുചിലർക്കായിരം മുനേ! പാതാളത്തിന്ധകാരം ഫണത്തിൻ രത്നകാന്തിയാൽ • കോപത്തോടു സദാകാലമില്ലാതാക്കുന്നിതായവർ ഇതിൽനിന്നു മുപ്പതിനായിരം യോജനതാഴെയായ് • വസിച്ചീടുന്ന നന്താഖ്യാ സച്ചിദേവപ്രപൂജിതാ ഭഗവാൻ തൻ താമസിയാം കല,നൽ ഭക്തരൊക്കെയും • ഞാനെന്നുള്ളഭിമാനത്താൽ ദ്രഷ്ടൃദൃശ്യങ്ങൾ തന്നു ടെ സമ്യക്കാം കർഷണം മൂലമെ ചൊല്ലും സങ്കർഷണാഖ്യയും • ആയിരം ഫണമുള്ളോനാമനന്തൻ പ്രഭുതന്നുടെ ഫണമൊന്നിൽ ധരിച്ചീടുന്നി ബ്ഭൂമണ്ഡലമൊക്കെയും • കാണപ്പെടുന്നു കടുകിന്നൊപ്പമീബ്ഭൂമി യായതിൽ ചരാചരം സംഹരിപ്പാനൊത്തീടുന്നൊരു കാലമഹാൻ • തൻ ഭ്രൂമദ്ധ്യത്തിൽനിന്നിട്ടായുദ്രൻ സാങ്കർഷണാഭിധൻ ഏകാദശരായുള്ള ഉഗ്രൻ തൻമൂർത്തിയോടുമായ് • മുനമൂന്നുള്ള ശൂലം ധരിച്ചീടും ത്രി ലോചനൻ ഉണ്ടാകുന്നു മഹാസന്താപൻ മഹോഗ്രഭയങ്കരൻ • അന ന്താംഘ്രികളിൽ നാഗങ്ങളാടികളോടൊപ്പമായ്, ചുവന്ന നൽകാന്തി

തിങ്ങിവിളങ്ങീടുന്ന ഗുഹകളിൽ • ദാനവന്മാരും നാഗന്മാരും വസിക്കുന്നിതു തൊട്ടുള്ള പൂജാവിധാനത്താൽ വിളങ്ങീടുന്ന വനങ്ങളും സരസുകളും • ശോഭിക്കുന്ന ഉദ്യാനങ്ങളും പൂത്തുനിന്നീടും മനോഹരങ്ങളാം ഗന്ധസാധനങ്ങളെല്ലാമങ്ങനെ • ദാനവസുന്ദരിമാരായ നാഗരാജകുമാരികളും ധവളങ്ങളായ ഗൃഹനീരാജികളെന്നിട്ടും • ഗന്ധങ്ങളാലെല്ലാമേ ശോഭിച്ചുവിളങ്ങീടും മഹാതലമെന്നല്ലോ കസ്തൂരിയുമണിയുന്നു • അവൻ മയൻ മഹാദാനവൻ പിടികൊണ്ടു തളർന്നവൻ ഇങ്ങനെ പലവിധം കൊണ്ടു വാഴ്ത്തീടുന്നതാണെ • ബലവാനായ മഹേന്ദ്രൻ ചൊല്ലിയപ്രകാരമായ പുരാണ കഥകളുമോർക്കുന്നവനാമഹാബലം • അനന്തൻ മഹാദേവൻ മഹാസാത്വൻ മഹാബലൻ അനന്തനെന്നു നാമമുള്ളവൻ കാന്തികലർന്നവൻ • ലോകങ്ങളെല്ലാം ശിരസ്സിൽ താങ്ങിനിൽക്കുന്നവൻ മഹാസത്വഗുണത്തോടു വാഴുന്നു സുരപൂജിതൻ • സഹസ്രശിരസ്സുകളുള്ളവൻ സിദ്ധഗന്ധർവ്വന്മാരും വിദ്യാധരമുനികളും സ്തുതിച്ചീടുന്നനിത്യവും • സങ്കർഷണനെന്നുള്ള പേരായ വിദ്യുത്, തൻ പാദത്തിൽ വീണു വണങ്ങി വാഴ്ത്തുന്നു • മദിച്ചിളകീടുന്നവൻ വൈജയന്തിയെന്നുള്ള മാലയണിഞ്ഞുള്ളവൻ വിളങ്ങീടും • നീലാംബരം ധരിച്ചവൻ തുളസിമാലയണിഞ്ഞവൻ ഹലായുധൻ ദേവൻ ധരിപ്പവൻ ഗന്ധം • ഐരാവതത്തിന്റെ ഉടലിൽ പൊൻമാലയണിഞ്ഞുള്ളവൻ ഇന്ദ്രൻ വാരണേന്ദ്രൻ പോൽ സഞ്ചരിക്കുന്നവൻ • ലക്ഷ്മീകാന്തൻ അനന്തനെന്നുള്ളവൻ.

ശ്രീമഹാഭാഗവതം അഞ്ചാംസ്കന്ധം

കിളിപ്പാട്ടു

ഇരുപതാമദ്ധ്യായം

ഇരുപത്തൊന്നാമദ്ധ്യായം

നാരദൻ പറഞ്ഞു

സനാതനൻ ബ്രഹ്മപുത്രനനന്തൻ തന്റെ വൈഭവം ബ്രഹ്മാവിൻ സഭയിൽ പാടിക്കൊണ്ടു സേവിച്ചീടുന്നതേ.

സൃഷ്ടിസ്ഥിതിലയകാരണമായ തൻ ഗുണങ്ങളും । സത്വം തമോ രജസ്സുമിവനീക്ഷണാൽ ഭവിച്ചു ॥ ഇല്ലാതെയന്തവുമിവനേകനാകുന്നനേകം । രൂപത്തെയിവനറിയുന്നനന്തതയാം ॥ കൈകൊണ്ടാൻ കൃപയോടീ ദേവൻ സത്വമയം । ഭക്തന്മാർക്കു മനസ്സിൽ സന്തോഷം നൽകി ശരണാഗതമാനസമോടും, തൻ കീർത്തി കേൾക്കാനാണേ,

പൻ ॥ നനാമസൂനെ തത്താനാപതിരൂപൻ । താമനോഴ മസ്തിട നമസ്കരിച്ചുകൊണ്ടും । പാപങ്ങൾ പാരമകന്നു തെളിഞ്ഞുള്ളവരെ । യാതൊരാവന്നകവെടിഞ്ഞു സർവ്വരും ॥ മൂർദ്ധാവിൽ കട്ടകത്തുപോലെ വഹിയ്ക്കുന്നു । ന് ഭൂവലയമെന്നൊഴിവാകെയുമാത്രം ॥ വണ്ണിപ്പാനെവനതിനിക്രമത്താലൊക്കും । ശേഷൻതൻമഹിമാവനേകനാളെങ്കിലുമൊന്നും ॥ ആദ്യവായ്പ്രമാണൻഭഗവാനനന്തൻ । ഉന്നതവീര്യൻ സൽഗുണാധാരൻ ॥ ഭൂചക്രം സകലം പാതാളം ബിഭ്രൂ । വഹിച്ചിട്ടുന്നുജനരക്ഷ ചെയ്യുന്നോൻ.

കർമ്മനിർമ്മിതരാം കാമകാമികരെക്കാട്ടിലുമവരെ ഗമിച്ചീടാമപ്പുറമായ്ഗതിയിൽ പ്രാക്തനമുനേ! ॥ ശാസ്ത്രങ്ങളാലോകങ്ങളെക്കാമിച്ചിരുന്നിട്ടും ധർമ്മമാർഗ്ഗമത്യുഗ്രപക്ഷം ഗമിക്കുന്നിതോ ॥ കർമ്മത്തിൻ ഫലമായിട്ടുംഗതിയിൽവിവിധമാമെ ലഭിച്ചീടുന്നറിഞ്ഞാലുംനീ പാരിച്ചുള്ളതൊക്കെ ഞാൻ.

നാരദൻ പറഞ്ഞു

ലോകത്തിനുള്ളൊരു വൈചിത്ര്യം എന്തിനാൽ നിർമ്മിച്ചതെങ്ങനെ? സൂക്ഷ്മം ചൊല്ലുക കർമ്മങ്ങളും സമമായിട്ടിരിക്കവേ.

നാരായണൻ പറഞ്ഞു.

കർത്താവിൻ ശ്രദ്ധപോൽ കർമ്മഗതികൾ പലമട്ടിലാം ത്രിഗുണത്താലുള്ളതാം ഫലങ്ങളുമതേവിധം ॥ സാത്വികശ്രദ്ധയാൽ കർമ്മികളാകുന്നുസുഖമെപ്പോഴും രാജസശ്രദ്ധയാൽ ദുഃഖകർമ്മികളാകുമല്ലോനേ ॥ താമസശ്രദ്ധയാലുണ്ടാം മൂഢത്വമാത്രവും ശ്രദ്ധതൻ താരതമ്യത്താൽ ഫലവ്യത്യാസമുണ്ടല്ലോ ॥ അനാദ്യവിദ്യയാൽ ചെയ്യും കർമ്മത്തിൻ പരിണാമമായ് അനേകം ഗതിഭേദങ്ങളുണ്ടായിടുന്നു നാരദ! ॥ അതുഭേദങ്ങളെയെല്ലാം ഞാൻ വിസ്തരിച്ചു പറഞ്ഞിടാം ത്രിലോകത്തിന്നന്തരാളത്തെക്കുറിച്ചിനിമേൽ മുനേ! ॥ ഭൂമിക്കുകീഴ്ഭാഗത്തിട്ടങ്ങതലത്തിന്നുമേലിലായ് അഗ്നിഷ്വാത്തൻ പിതൃക്കൾ തൻഗണങ്ങൾ വാണിടുന്നതേ ॥ അവർ തൻ വംശജർക്കെല്ലാമാശിസ്സുകളശേഷവും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു പരമായസമാധിയാൽ ॥ ഭഗവാൻ പിതൃരാജാവാം പ്രാണിവർഗ്ഗം സ്വഭൃത്യരാൽ മരിച്ചു തൻപുരത്തിങ്കൽ നയിക്കപ്പെട്ടവേളയിൽ ॥ ഉന്നധികാരങ്ങളോടു ഭഗവാൻ തന്റെ ആജ്ഞയാൽ കർമ്മദോഷങ്ങളെല്ലാം വിചാരിച്ചിട്ടു ഭംഗിയായ് ॥ ധർമ്മതത്പരനാം തൻ ഭൃത്യന്മാരെയശേഷവും പ്രേരിപ്പിക്കുന്നു സതതം നീതിപോൽ ശിക്ഷചെയ്യുവാൻ ॥ ഇരുപത്തൊന്നു നരകം ചിലർ ചൊല്ലുമെ ഇതു പലതെന്നു ചിലർ പറയാം ഞാനതൊക്കയും ॥ താമിസ്രമ

ന്ധതാമിസ്രം പിന്നാലെ രൗരവം മഹാരൗരവം കുംഭീ പാകമനന്തരം * കാലസൂത്രമതും പിന്നീടസിപത്രവനമെടോ! സൂകരാസ്യമതും പിന്നെ അന്ധകൂപം കൃമിഭോജനം * സന്ദംശം തപ്തസൂർമ്മിയും, വജ്രകണ്ടകശാല്മലി, വൈതരണീ, പിന്നെയും പൂയോദം * പ്രാണരോധം വിശസനം ലാലാഭക്ഷമതും പിന്നെ സാരമേയാദനം പിന്നെ അവീചി * അയഃപാനം, ക്ഷാരകർദ്ദമമതും രക്ഷോഗണഭോജനം ശൂലപ്രോതമനന്തരം * ദന്ദശൂകം, അവടനിരോധം, പര്യാവർത്തനകമെടോ! സൂചീമുഖവുമിങ്ങിനെ ഇരുപത്തെട്ടുണ്ടു കേൾ! * ഇവതാൻ നരകങ്ങളാകുന്നു കർമ്മമാർഗ്ഗത്താൽ ബഹുക്കളായ പ്രാണികൾക്കൊക്കെ ഗതിയാൽ പ്രാപിച്ചീടുന്നവയറികെ *

ശ്രീമഹാഭാഗവതം അഞ്ചാം സ്കന്ധം

നരകസമുദ്രം

ഇരുപത്തഞ്ചാമധ്യായം

ഇരുപത്തിയാറാമധ്യായം

രാജൻ പറഞ്ഞു

എന്തെല്ലാം കർമ്മങ്ങളെക്കൊണ്ടാൽ നരകത്തിൽ പതിച്ചീടും അതൊക്കയും ഭവാൻ ചൊല്ലിക്കേൾപ്പാനാഗ്രഹമുണ്ടു മേ.

ശ്രീശുകമുനി പറഞ്ഞു

പരദ്രവ്യാപത്യദാരങ്ങളെല്ലാമാരൊരുത്തൻ ഹരിച്ചീടുന്നിതിട്ടവൻ തന്നെ കാലന്റെ കിങ്കരർ * ഭയങ്കരന്മാർ പാശത്താൽ കെട്ടി വേഗേനയെറിടും താമിസ്രനരകത്തിങ്കൽ പതിപ്പിച്ചിട്ടനന്തരം * അടിച്ചും ഭീഷണിപ്പിച്ചുമതിക്ലേശം വളർത്തിടും യമകിങ്കരർ ചെയ്യുന്ന പീഡകൊണ്ടു തളർന്നവർ * മൂർച്ഛിച്ചു വിവശന്മാരായ്‌നിന്നിടുന്നു മഹീപതേ! ചതിച്ചു പതിയെയവൻ ഭുജിച്ചീടുന്ന ഭാര്യയെ * അവനെയന്ധതാമിസ്രത്തിങ്കൽ തള്ളുന്നു കിങ്കരർ അതിൽ പതിപ്പവനൊന്നായിട്ടു നഷ്ടമാവനെ * നശിപ്പിടും കണ്ണുകളും ബുദ്ധിയും നേരമാമുടൻ പതിക്കും വേരറ്റുള്ളൊരു വൃക്ഷത്തിനു സമാനമായ് * അതിനാലന്ധതാമിസ്രമെന്നോതുന്നിതിനെ ബുധർ ഇതെന്റേതാണെന്ന ബുദ്ധ്യാ പരദ്രോഹത്തോടേതവൻ * എന്നും കൊണ്ടു സ്വനായ്ക്കൾ തന്റെ കുടുംബത്തെ പുലർത്തിടും അവൻ മരിക്കവേ രൗദ്രജന്തുക്കൾ നിറയുന്നതാം * രൗരവാഖ്യമതിങ്കൽ നരകത്തിൽ പതിച്ചീടും അവൻ മുമ്പിൽ പണ്ടു ഹിംസിച്ച ജന്തുക്കളെല്ലാം രുരുക്കളായും * അവരൊക്കെയിന്നു വന്നു പീഡിപ്പിക്കുന്നിതിങ്കലായ് അതിനാൽ രൗരവംനാമ

മന്തിന്നൊന്നും പാതകൻ • സർപ്പത്തെക്കാളതിക്രൂരനുള്ളവാകുന്നതാകയാൽ
ദന്ദശൂകാഖ്യനരകത്തിൽ, പുരുഷനായവൻ അതിൽപതിച്ചീടും ക്രൂ
രന്മാരാമഞ്ചാസ്യസർപ്പങ്ങളും • ദേഹത്തിലുണ്ടായ്‌ക്കൊണ്ടിക്കുമവൻ
മാംസങ്ങളെ ഏറ്റവും ക്രൂരന്മാർ ഭുജിക്കുന്നു പക്ഷിഗണങ്ങളെ •
ഹിംസിച്ചു ആനവനെ കൊണ്ടുപോകത്തിൽകാലകിങ്കരർ തീയിലിട്ടു
തിൽനിന്നായോരോരോ പഞ്ചരോദനവും • കണ്ണുകാണാതിരുട്ടിൽ വീണു
ടുന്നോരേ! ചില വിപ്രദ്രോഹിയേ, കീഴ്ഗതിയെ ക്ലേശമേറും • തപി
പ്പിക്കുമോ സൂത്രനരകത്തിങ്കലിട്ടിട്ടു ദേഹമുള്ളിൽ വെളിയിൽ ചു
ട്ടും സഹിയാതവൻ • ഏഴിരുപതിനായിരം കിടന്നുമറയുന്നതും
ആതാപത്തിൽ വേദനയും ചുട്ടു പൊള്ളുന്നതായിട്ടും • പാപിയായ സി
ഷ്യന്മാരെ കൊല്ലുന്നവരുടെ കിങ്കരർ തള്ളിയിട്ടിട്ടുമടിക്കുന്നു പലപ്പോ
ഴും • ഛേദിപ്പിക്കുമതിൽ തന്നെയുടനെയവനെയവർ അംഗങ്ങളും നട
ന്നിട്ടു ഭേദിപ്പിച്ചീടുമേറ്റവും • അസിപത്രമതിൻധാരകൊണ്ടു വെട്ടി മു
റിച്ചിട്ടും സർവ്വാംഗവുമുറിഞ്ഞിട്ടു പതിക്കുമ്പോൾ ദുഃഖമേറുമവൻ • ഏഴിക്കാ
പിന്നെയും വീഴുമതിൽ വന്നുള്ളമായ് താൻ ചെയ്തോരാവേദനിന്ദ്യാപാപ
മെല്ലാം ഭുജിച്ചീടും • നീതികെട്ടന്യായം ചെയ്യുന്നത്‌ചില രാജന്മാർ തന്റെ ദേഹ
ദണ്ഡവും ചെയ്തീടുന്നു പന്നിമുഖമായവരുടെ സൂകരമുഖാഖ്യമാം • നരകത്തി
ൽ പതിച്ചീടും യമകിങ്കരന്മാരുമായി ബലമായി പിളർന്നീടും ദേഹമെല്ലാം
കരിമ്പുപോൽ • മൂർച്ഛിച്ചു പോമത്തനായ്‌ത്തന്നെ ദുഃഖിക്കുമേറ്റവും
ബദ്ധപീഡകളാലുണ്ടാമതിവേദനയായതും • ജീവജന്തുക്കളെ ഒരു
റിവില്ലാതെ ഉന്മാദത്തോടെ അറിവില്ലാതെ ചെയ്തീടി
ലുള്ളകൊണ്ടവൻ • അന്ധകൂപാഖ്യനരകത്തിൽ പതിച്ചീ
ട്ടു അതിൽ ക്രൂരങ്ങളായീടും പക്ഷി മൃഗാദിയും • ഉരഗം ദംശകാദികം
ചൊന്നുമൂട്ടക്കൂട്ടവുമങ്ങനെ ഇതൊക്കെയും വന്നു പിന്നെ ഉപദ്രവിപ്പിക്കുന്നി
തല്ലോ • അവൻകാരണമതിലകമാമഹ, ജീവനെന്നപോൽ തനി
ക്കുള്ളതാവും സമ്പത്തും കാകൻപോൽ, ശാസ്ത്രരീതിയായ് • പഞ്ചയജ്ഞ
ത്തിനാൽ വാനോർക്കുകൊടാതെ ഭുജിച്ചീടും പാപിയാകും ദുഷ്ടന്മാർ ബ
ഹുദണ്ഡങ്ങൾ ചെയ്തവൻ • ക്രിമിഭോജനമെന്നുള്ള നരകത്തിലാക്കിടും
ലക്ഷം യോജനവിസ്താരം ക്രിമികുണ്ഡം ഭയങ്കരം • ക്രിമിയായീട്ടുടനെ ഭ
ക്ഷിക്കും ക്രിമിവർഗ്ഗവും ദേവാതിഥികളെ സൽക്കരിക്കാതെ താനതിൽ വീ
ണീടും • വിപ്രാദികൾക്കുള്ള ധനം മോഷ്ടിക്കയുമങ്ങനെ ആപത്തിങ്ക
ലുമല്ലാതെ ബലമായിഹരിക്കയും • ചെയ്യുന്നോരാസംദംശമാകുന്ന നരകേ യ
മകിങ്കരർ കടിച്ചു ചുട്ടുപഴുപ്പിച്ചു തൊലിയെല്ലാം പറിച്ചിടും • വ്യഭി

ചാരംചെയ്തീടുന്ന നരന്മാരെയും * യമകിങ്കരർ ബന്ധിച്ചു ലോഹം
കൊണ്ടുള്ള പാവയെ പഴുപ്പിച്ചതിനെയാലിംഗനം ചെയ്യിച്ചീടുന്നു
ലോകം * നാരികൾ പുരുഷന്മാരും പുമാനപ്പാവനാരിയും മഹാവിശേഷമോ
ടെന്നുമെന്നീടുന്ന പാപിയെ * വജ്രമുള്ളുനിറഞ്ഞുമറ്റുമിരുമ്പാലു
ള്ളുള്ളതാമ [illegible] കൊമ്പുകളിൽ [illegible] വലിച്ചിടും *
രാജാക്കന്മാരും രാജപുത്രന്മാരും [illegible] ധർമ്മാതിരി
വെടിഞ്ഞീടുന്നവരിവർ [illegible] * അസ്ഥി [illegible] നരകത്തി
ലിട്ടീടും ദുർഗന്ധ [illegible] പൂർണ്ണമായീടുന്നതിനു [illegible] * [illegible]
[illegible] കൊല്ലാതെ [illegible] മായ്‌വ
[illegible] * [illegible] മൂലമായ് മുനിപുംഗ
വ! [illegible] * [illegible]
[illegible] കഷ്ടപ്പെടുത്തീടും വൃഷലീപതികളും വിപ്രർ [illegible]
[illegible] * [illegible] അ [illegible]
[illegible] കഫവും [illegible]
[illegible] *
[illegible] വെട്ടിയിട്ടുവി [illegible]
[illegible] * അവർ [illegible] കാലകി
ങ്കരർ [illegible] പ്രയോഗിച്ചു [illegible] * ധാർമ്മികർ [illegible]
[illegible] ചെയ്യാൻ [illegible]
[illegible] * പതിപ്പിച്ചീടുന്നത് [illegible] ചീടുംമറ്റവും
സ്വജാതിബ്രാഹ്മണ [illegible] കൊണ്ടു [illegible] * [illegible]
[illegible] കാലകിങ്കരർ [illegible] തിലിട്ടിട്ടു [illegible]
[illegible] മറ്റവും * [illegible] കിടക്കയോ [illegible]
[illegible] ഗ്രാമങ്ങളെ നശിപ്പിക്കുകയോ [illegible]! * [illegible]
[illegible] മരിക്കുമ്പോളവരെ കാലകിങ്കരർ പതിപ്പിച്ചീടുമാശപാനാഖ
നരകത്തിലായ് * [illegible] കളായ
[illegible] മായിക്കടിപ്പിച്ചീടുമതേറ്റം [illegible]! * ഇനിയും ഞാൻ പറ
ഞ്ഞീടാമവിടെയുള്ളതും.

ശ്രീമദ്ഭാഗവതം അഞ്ചാംസ്കന്ധം

[illegible]

ഇരുപത്തിയാറാമദ്ധ്യായം.

ഇരുപത്തിമൂന്നാമദ്ധ്യായം

ശ്രീനാരായണൻ പറഞ്ഞു

ക്രയവിക്രയകാര്യങ്ങളിൽ സാക്ഷിയായ് കണ്ടുനിന്നവർ ദുർബ്ബുദ്ധികൾ കണ്ടതില്ലെന്നസത്യമുരച്ചെങ്കിൽ • മരിക്കുമ്പോളവരെ ചെന്നുവീഴുമവീചിനരകത്തിലായ് നൂറുയോജനപൊക്കത്തിൽ ഗിരിമൂർദ്ധാവിൽ നിന്നവർ • തലകീഴായതിൽ വീഴുമൊരാലംബവുമെന്നിയേ വീചിയോടൊത്ത ജലമാണിതെന്നാലോർത്താൽ സ്ഥലം • വീചിയേറ്റതിൽ വീണാലുമണുപോൽ തകരുംതന്ന മരിക്കയില്ല പിന്നീടുമീവണ്ണംതന്നെ വീഴണം • ദ്വിജൻ താൻ പത്നിയും മദ്യപാനവും, ക്ഷത്രവൈശ്യരും വ്രതസ്ഥരായ് സോമപാനമല്ലാതെ പശ്ചാൽ പ്രമാദമായ് • അവരെ നിരയത്തിങ്കലിട്ടിട്ട് യമകിങ്കരർ കാരിരുമ്പുലയിൽ വച്ചിട്ടു തിളക്കുമെന്നപോൽ • അതിലിട്ടു കുടിപ്പിക്കുമധികം വിധിനന്ദന! ഏറ്റമത്യാധമൻ തന്റെ സത്ഭാവനനിമിത്തമായ് • വിദ്യാജന്മതപോവർണ്ണാശ്രമമാചാരമിവറ്റയാൽ അധികം ശ്രേഷ്ഠനെയൊട്ടും ബഹുമാനിച്ചതില്ലയോ • അവനെ യമദൂതന്മാർ ക്ഷാരകർദ്ദമമെന്നതിൽ തലകീഴായ് നിറുത്തീട്ടു പീഡിപ്പിച്ചീടുമേറ്റവും • നരന്മാർ നരമേധയാഗം ചെയ്യുവാൻ കീട്ടുകാളിയായ് ഏതവർ നരമേധത്തെ ചെയ്തീടുന്നവരെയുമേ! • കൊലപ്പെട്ട പശുക്കൾ താൻ ചെന്നിട്ടവരുമങ്ങനെ രക്ഷോഗണങ്ങളായ് തീർന്ന് വാളാൽ വെട്ടിമുറിച്ചുടൻ • രക്തപാനമതു ചെയ്തു പാടിയാടീടുമേറ്റവും മാംസം ഭക്ഷിച്ചിടും ക്രൂരന്മാരായ പുരുഷാധമർ • സാധുക്കളായ് കാടുകളിൽ ഗ്രാമങ്ങളിലുമങ്ങനെ ജീവിക്കും ജന്തുവർഗ്ഗത്തെ ചതിയാലെ പിടിച്ചുടൻ • ശൂലസൂത്രാദിയിൽ കോർത്തു കളിച്ചുഴൽവരുണ്ടെങ്കിൽ അവരെച്ചെന്നിട്ടും ശൂലപ്രോതത്തിങ്കൽ മരിക്കവേ • ശൂലത്തിൽ കോർത്തിട്ടും കപോതാദികളെക്കൊണ്ടു വലച്ചിട്ടും കങ്കം കഴുകൻ കാക്കകൾ കൊണ്ടു കൊത്തിപ്പറിച്ചിടും • പീഡയാൽ തൻ പാപമെല്ലാമപ്പോളോർത്തീടുമെന്നെ! സർപ്പങ്ങൾപോൽ ക്രൂരരായ് ജന്തുവർഗ്ഗത്തെയെപ്പോഴും • പീഡിപ്പിക്കുന്നവർ ദന്ദശൂകാഖ്യമായിടും നരകത്തിൽ പതിച്ചീടും സർപ്പങ്ങളതിലൊക്കെയും • അഞ്ചേഴു ഫണം ചേർന്നതിക്രൂരങ്ങളാമവ മൂഷികങ്ങളെയെന്നോണം വിഴുങ്ങുമവരെയുമേ! • പൊട്ടക്കിണറ്റിൽ ഗുഹയിലിട്ടുമറ്റതിനിലും ജന്തുക്കളെയിട്ടടയ്ക്കുന്നവരെ യമകിങ്കരർ • അവയിൽ താനടച്ചിട്ടു വിഷം ചേർന്നഗ്നിയാൽ പുകച്ചു ബുദ്ധിമുട്ടിക്കും മരിച്ചിട്ടങ്ങു ചെല്ലവേ • ഗൃഹസ്ഥരാം ചിലർ കാലത്തെത്തീടും വഴിപോക്കരെ കോപിച്ചിട്ടും പാപദൃഷ്ട്യാ നോക്കുകിലവ്വണ്ണമവർ •

പശ്വാവത്തുപാകേതമുള്ള മേഷിതമുള്ളാതകളുകൾ കഴുകങ്കാക നാമെന്റവും വജ്രംപോലുള്ള കൊക്കിനാൽ • കൊത്തിപ്പറിച്ചുണ്ടിച്ചീടും,ക്രൂരസ്വഭാവികൾ അഹങ്കാരംദ്രവ്യഗർവ്വമിവയാലൊന്നുമോർക്കാവാൻ • പോലും ദ്രവ്യവ്യയം ചിന്തിച്ചുതുംചെയ്യാതെകേവലം വ്യയവും ചിലവുംതന്നെ സദാചിന്തിച്ചുദുഃഖിയായ് • മനസ്സുംമുഖവുംവാടികരിഞ്ഞും ചിന്താമൂലമായ് ഭൂതംപോലെപണംകാക്കുന്നവനങ്ങുമരിക്കുകിൽ • ദുഷ്കർമ്മത്താലിട്ടുംസൂചീമുഖത്തിൽകാലകിങ്കരർ അവനെത്തന്നുപാപന്മാർപോലെസൂചികൾകൊണ്ടവർ • അംഗങ്ങളെല്ലാംനൂൽ കോർത്തുനെയ്യുകുത്തിപ്പെട്ടിടും പാപംചെയ്യുന്നോർവിധത്തിൽതന്നെയുണ്ടുകേൾ • തീവ്രവേദനയേകിടുംനരകങ്ങളസംഖ്യമായ് ചിലപാപികൾമുല്ലൊന്നാന്നവംപാപികളന്യതം • പതിച്ചീടുന്നതെഘോരനരകങ്ങളിലങ്ങനെ പുണ്യവാന്മാർപുണ്യലോകങ്ങളിലുംചെല്ലുമീവിധം • സ്വർഗ്ഗലോകംഗമിച്ചീടാൻഹേതുവാംദേവിതന്റെ പൂജാദികളുംശേഷം ഞാൻ ബഹുധാനിനക്കാദ്ദോതിനേൻ • അവയെച്ചെയ്യുമെന്നാകിൽനരകംവേറെകില്ലതാൻ സംസാരബ്ധികടത്തീടുംപൂജികളവർമർത്ത്യരേ.

ശ്രീദേവീഭാഗവതം എട്ടാംസ്കന്ധം
നരകവർണ്ണന
ഇരുപത്തിമൂന്നാമദ്ധ്യായം.

ഇരുപത്തിനാലാമദ്ധ്യായം

നാരദൻ പറഞ്ഞു

ദേവ്യാരാധനതൻ ധർമ്മലക്ഷണം ചൊല്ലുകെങ്ങനെ പരമാംപരമേശ്വരീം സേവിച്ചാലവളേകിടും • സേവാവിധിയുമെന്താണെന്നാരായിച്ചുള്ളമോതുക എന്തിനാൽഘോരനരകംപോക്കിരക്ഷിക്കമായവർ?

ശ്രീനാരായണൻപറഞ്ഞു

ശ്രദ്ധയായ്കേട്ടുകൊണ്ടാലുംദേവർഷേ! ഞാൻപറഞ്ഞിടാം ധർമ്മാരാധനയാൽദേവിപ്രസാദിക്കുന്നരീതിയെ • സ്വധർമ്മമിന്നതെന്നും ഞാൻപറഞ്ഞീടാംധരിക്കനീ അനാദിയാമിസ്സംസാരേ ദേവിയെപ്പൂജചെയ്യുകിൽ • ഘോരദുഃഖങ്ങളിൽനിന്നുരക്ഷിച്ചീടുമവൾമുനേ! അവളെലോകർപൂജിക്കുംവിധിയേക്കേട്ടുകൊൾകനീ • പ്രഥമാതിഥിയിൽ നെയ്യാൽദേവിയെപൂജചെയ്യണം നൽകണംവിപ്രനായ്നെയ്താൻരോഗശാന്തിയതാംഫലം • ദ്വിതീയതിൽശർക്കരയാൽപൂജിക്കജഗദംബയെ ശർക്കരാദാനവുംചെയ്കദീർഘായുസ്സായ്വരുംനരൻ • തൃതീയയിൽ

പൂജചെയ്യുന്നവൻ ശ്രീമാനാകുന്നു നാരദ! പാൽദാനം ചെയ്യു വിപ്രന്നായ് ദുഃ
ഖമെല്ലാം നശിച്ചിടും * ചതുർത്ഥിയിങ്കൽ പൂജയ്ക്കു ചെയ്യപ്പം തന്നെ
യുത്തമം ചെയ്‌വാനതിന്നും, വിഘ്നമൊന്നാകില്ലതു കാരണം * പഞ്ചമീ
തിഥിയിൽ വാഴപ്പഴം നൈവേദ്യമാക്കണം ഫലം താൻ ദാനവും ചെയ്യു
ബുദ്ധിമാനായ് വരുന്നവൻ * ദേവീപൂജയ്ക്കു തേൻ ചൊല്ലീടുന്നു ഷഷ്ഠി
യിൽ നാരദ! ദാനത്തിന്നതാകുന്നു കാന്തിമാനായ് ഭവിക്കുവാൻ * ഗു
ളം ദേവിക്കു നൈവേദ്യം സപ്തമീതിഥിയിങ്കലായ് ഇതു താൻ ദാനവും
ചെയ്താൽ ദുഃഖമെല്ലാം നശിച്ചിടും * നൈവേദ്യമാക്കണം നാളികേര
മഷ്ടമിയിൽ മുനേ! [illegible] താൻ ദാനം ചെയ്യുന്നോൻ താപഹീന
നാം * ലാജം [illegible] നവമീതിഥിക്കർപ്പിച്ചു ദാനവും ചെയ്യൊരിഹപരം
രണ്ടു ലോകത്തും സുഖമായ് വരും * കാരെള്ളു താൻ ദശമീതിഥിക്കു ബ
ലിയ്ക്കു വിപ്രനും കാലലോകഭയം പാരം സംഭവിക്കാതിരിക്കുവാൻ *
ഏകാദശിക്കു ദേവിക്കു തൈർ വിപ്രന്നു ദാനവും അതു താൻ ചെയ്യുകിൽ ദേ
വിക്കധികം പ്രിയനാമവൻ * ദ്വാദശിക്കു [illegible] വിപ്രന്ന
ർക്കുകിൽ അതു താനാം, അവൻ ദേവീപ്രിയനായി ഭവിച്ചിടും * ത്ര
യോദശിക്കു [illegible] നൈവേദ്യം ചൊല്ലീടുന്നതു അതു താൻ ദാനവും ചെ
യ്യോൻ സന്താനത്തെ ലഭിച്ചിടും * ചതുർദ്ദശിക്കു സക്തുക്കളും നൈ
വേദ്യമാക്കണം അവ [illegible] ശിവപ്രിയനാമവൻ *
പായസം പൗർണ്ണമിക്കും നൈവേദ്യം വിപ്രദാനവും ചെയ്തീടിൽ പി
തൃക്കളെല്ലാം കരകേറുമവനാകേൾ * ദേവീപ്രീതിക്കായ് തിഥിയിൽ
ചെയ്യുന്ന ഹോമവും മുനേ! തിഥിദ്രവ്യങ്ങളെല്ലാം കൊണ്ടു, ദോഷ [illegible]
നാശനം * പായസം ഞായറാഴ്ചയ്ക്കു നൈവേദ്യം പറയപ്പെട്ടു തിങ്ക
ളാഴ്ചയ്ക്കു പാലെന്നും ചൊവ്വയ്ക്കു കദളിപ്പഴം * ബുധനാഴ്ചയ്ക്കു [illegible]
പുതുവെണ്ണ നിവേദ്യമായ് വ്യാഴാഴ്ചയ്ക്കു [illegible]
സാരവും * ശനിയാഴ്ചയ്ക്കു പശുവിൻ നെയ്യെന്നു [illegible] പറഞ്ഞിടും ഇ
രുപത്തേഴു നക്ഷത്രനൈവേദ്യം കേൾക്ക നീ മുനേ! * ഘൃതം, തിലം, ശർ
ക്കര, ദധി, ദുഗ്ധം, കിലാടകം, [illegible], മോദകവും, ഫേണിയും, ഘൃതമ
ണ്ഡകം * കംസാരം, വടപത്രം, [illegible] പൂരങ്ങളെന്ന വടകം,
കോകരസവും, പൂരണം, മധുശീർഷകം * ഗുഡം, പൃഥുകവും, ദ്രാക്ഷാ, ഖ
ർജ്ജൂരം, ശർക്കരാചാരകം, അപൂപം, നവനീതം, കർമ്മുദ്ഗം, മോദകമാ
യതും * മാതുലിംഗവും [illegible] നൈവേദ്യമാകയും വിഷ്ക
മ്ഭാദ്യങ്ങളാം യോഗങ്ങളിൽ നൈവേദ്യമതിതാം * [illegible]
[illegible]
[illegible] * [illegible]

കപ്പഴംപഴംഞാവൽപഴംമാറാവിൻപഴമെല്ലാം * നാരങ്ങാമാതളങ്ങായും നല്ലമുന്തപ്പഴങ്ങളും നെല്ലിക്കാപായസംനല്ലൊരവൽകടലയാതുമും* നാളികേരംസുജംബീരംകാച്ചിയനെല്ലുചനയും ക്രമമായിച്ചൈത്രാന്നത ല്ലാന്നനൈവേദ്യങ്ങളാണ്ടതം * വിസ്തരേണികളാമേയോഗങ്ങളിൽസ ത്തുക്കൾക്കൊപ്പാനവ കരണങ്ങൾക്കെനൈവേദ്യംവേറെപറയാമിനി* കംസാരം,മണ്ഡകം,ഫേണി,മോദകം,വടകം,തൃകം ലഡ്ഡുകം ഘൃത പൂരം,കരംതിലം,ദധിന്യന്നം,മധു*ഇവികരണങ്ങൾക്കനൈവേദ്യ ങ്ങളതിനിവ ദേവിപ്രീതിക്കവേറയുംവിധാനംപറയാമല്ലോ * ശ്രദ്ധ യായിട്ടുനീകേട്ടുകൊൾകനാരദമാമുനേ! ചൈത്രമാസത്തിൽദിതീയയ്ക്കു നൽമധുകശാഖിയും * പൂജിച്ചുപഞ്ചഗവ്യാദിനിവേദിക്കുകയെന്ന് യായ് ത്രിതീയയാകലിംഗ്ങ്ങമാസപഞ്ചമിക്കു ക്രമാൽവിധിപോൽ ശുക്ലപക്ഷത്തിൽനൈവേദ്യംഞാൻപറഞ്ഞിടാം വൈശാഖമാസേ നൈവേദ്യ ശുദ്ധാന്നം മുനിസത്തമ!* ജ്യേഷ്ഠമാസമതിൽദേവിപ്രീതിക്ക മധുപായസം ആഷാഢത്തിന്നുനൈവേദ്യമാഷാഢോപ്പുതുമെന്നുതാൻ* ശ്രാവണേഽധികൈനൈവേദ്യങ്ങളത്തിൽനല്ലശർക്കര ആശ്വിനത്തിൽ പായസം താൻ പാലടപ്പായതിക്കയിങ്കലും* മാർഗ്ഗത്തിൽഫേണിയെന്നോ തുംപൌഷമതിൽദധിക്കൂട്ട്ക മാഘമാസത്തിൽനൈവേദ്യംപശു വിൻനെയ്യൊപ്പം ഫാൽഗുനത്തിൽപറഞ്ഞിട്ടുനാരികേളംനിവേദ്യ മായ് ക്രമാലിട്ടുപന്ത്രണ്ടുനൈവേദ്യംചെയ്കിലക്കണം * മംഗളാ, വൈഷ്ണവി,മായാ, കാളരാത്രി,ദുരത്യയാ മഹാമായാ,മാതംഗി,കാ ളി,കമലവാസിനി*ശിവാ,സഹസ്രചരണാ,സർവമംഗളരൂപിണീ മധു കതിഥീനാമങ്ങളാൽപൂജികൾവിരാ * സ്തുതിക്കണംപിന്നെമധു ദ്രുതത്തിൽവാഴ്മാംബരേ ഇഷ്ടസാമ്രാജ്യത്തിനായിട്ടുവ്രതപൂർത്തിക്കമായ് മുനേ! * നമഃ പുഷ്കരനേത്രായ് ജഗദ്ധാത്രിനമോസ്തുതേ മാഹേ ശ്വരി!മഹാദേവി!മഹാമംഗളരൂപിണി! * പാപഘ്നേ!പാപസംഹർത്രി! പരമേശ്വര്യമായിനി! പരമേശി!ജഗത്കർത്രി!പരബ്രഹ്മസ്വരൂപി ണി! * ദദാത്രി!മമോന്നതേ!മാനഗമ്യേ!മഹോന്നതേ! മനസ്വിനി! മുനിധ്യേയാ!സൂര്യമണ്ഡലവാസിനി! * ജയലോകേശപ്രിയേ!പ്രാണേശ്വരി! പുണ്യാംബുജസന്നിഭേ! മഹാമോഹനാശിപ്പനായ്മധുമർദനപൂജി തേ! * യമലോകനാശിപ്പിക്കയമപൂജ്യേ!യമാഗ്രജേ! യമനെയുംനിഗ്ര ഹിക്കംസർവപൂജ്യനമോനമഃ * സമസ്തരൂപേ!സർവേശി! സർവസംഗ വിവർജ്ജിതേ! സംഗനാശിനി!ഏകകാര്യരൂപേ!കാരുണ്യവിഗ്രഹേ! * കങ്കാളരൂപേ!കാമാക്ഷി!മീനാക്ഷി!മർമ്മഭേദിനി! മാധുര്യരൂപശീ ലേനൽപ്രണവമൊണ്ടുപൂജിതേ! * മഹാമന്ത്രാദിമന്ത്രാഗമ്യേ!നിർമ്മലേ

സപ്രിയങ്കരി! മനുഷ്യമാനസഗേ! ഗന്ധഹാരിപ്രിയങ്കരി! • അതയാൽ വെപ്പുപേരാൽമാവെലന്തകണ്ണവീരവും ഭൂപ്രവെതക്കംവ്യാമേവൃമീ പ്പാദ്യൃക്ഷസംപൂജിതെ! • ദേശം ല്ലിയിൽവാണീടുംദേവീയേയാധികെ! ദാക്ഷിണ്യകരുണാത്മേ! ജയസർവ്വജനാവല്ലഭേ! • പൂജിച്ചശേഷമീസ്തോത്രംകൊണ്ടുനന്നായ്സ്തുതിക്കണം ആവൃതത്തിൻപുണ്യമെല്ലാംലഭിക്കുമുടനേദ്രുതം • ഇന്ദ്രവീപ്രിയമാംസ്തോത്രമെന്നുമാരുജപിക്കമോ അവന്നാധിവ്യാധികളുംശത്രുപീഡയുമററുപോം • അത്ഥാത്ഥികൾത്ഥമുണ്ടാകുംധനാത്ഥികൾധനംവരും കാമിക്കുകാമംസാധിക്കും മോക്ഷാത്ഥികൾക്കുമോക്ഷവും • ബ്രാഹ്മണൻവേദവിത്താകുംജയിക്കും ക്ഷത്രിയൻമുനേ ധനധാന്യാഢ്യനാംവൈശ്യൻശൂദ്രൻസുഖിയുമായിടും • ശ്രാദ്ധകാലത്തിലിസ്തോത്രംശുദ്ധനായിജപിക്കുകിൽ കല്പാന്താളംപിതൃക്കൾക്കനശിക്കാത്തൃപ്തിവന്നിടും • അംബാരാധനമേവംതാനാച്ചുസുപൂജിതം ഭക്ത്യാചെയ്യുന്നവൻദേവീലോകത്തിങ്കൽഗമിച്ചിടും • ശ്രീദേവീപൂജയാൽസവ്വകാമവുംസാധ്യമാംമുനേ അന്ത്യകാലേവരുംപാപഹാനിയുംശുദ്ധബുദ്ധിയും • സവ്വത്രപൂജ്യനായ്മാനധനങ്ങൾകൊണ്ടുമാന്യനായ് തീരുംപൂജിപ്പവൻദേവീപ്രസാദംകൊണ്ടു നാരദ! • സ്വപ്നത്തിലുംഭവിച്ചീടില്ലവന്നുനരകാൽഭയം മഹാമായാപ്രസാദത്താൽപുത്രപൌത്രാദിപൂണ്ണനായ് • ഭവിക്കുംദേവിതൻഭക്തൻവിചാരിക്കേണ്ടതില്ലതിൽ ഏവംനിന്നോടുരച്ചേൻഞാൻനരകോദ്ധാരലക്ഷണം • സവ്വംശ്രവമേകീടുംമഹാദേവീപ്രപൂജനം മധുകപൂജയുംമാസങ്ങളിൽചെയ്യുന്നപൂജയും • മധുകാഹ്വയമാംപൂജയെല്ലാംചെയ്യുന്നതാരവൻ അവന്നുരോഗബാധാദിഭയമുണ്ടാകയില്ലതാൻ • ഇനിയുംഞാൻപറഞ്ഞിടാംപ്രകൃതിക്കുള്ളപഞ്ചകം നാമത്തുപാല്പങ്ങൾകളാൽജഗദാനന്ദദംപരം • മാഹാത്മ്യാഖ്യാനങ്ങളുംചെന്നാലും,കൌതുകമേകിടും മോക്ഷവുംസംഭവിച്ചീടുംകേട്ടുകൊള്ളുക നാരദ!.

ശ്രീദേവീഭാഗവതം ഒമ്പതാംസ്കന്ധം

[illegible]

ഇരുപത്തിനാലാമദ്ധ്യായം.

ഒമ്പതാംസ്കന്ധം സമാപ്തം.

ശ്രീമൂകാംബികായൈനമഃ.

ഒമ്പതാംസ്കന്ധം

ഒന്നാമദ്ധ്യായം.

ശ്രീനാരായണൻപറഞ്ഞു

ഗണേശജനനിയാംദുർഗ്ഗാ, രാധാ, ലക്ഷ്മീ, സരസ്വതീ സാവിത്രീ, സൃഷ്ടിയിൽപഞ്ചവിധംപ്രകൃതിനാരദ!

നാരദൻപറഞ്ഞു

എന്തിനാണായ് പ്രകൃതിയാരാകുന്നുജ്ഞാനവിത്തമ! എന്തുലക്ഷണമഞ്ചോമിതിന്നതെന്തിനാൽചൊല്ലുക! ● അവർതൻചരിതംപൂജാവിധിയുംതൽഫലങ്ങളും എന്താണെന്നവതാരങ്ങളുംചൊല്ലുക നീവിഭോ!

നാരായണൻപറഞ്ഞു

എവൻസമർത്ഥനായീടുംചൊല്ലാൻപ്രകൃതിലക്ഷണം കറച്ചുതാനെങ്കിലുംഞാൻധർമ്മനിൽനിന്നുകേട്ടപോൽ ● പ്രകൃഷ്ടവാചകം താൻ"പ്ര""കൃതി"യസ്സൃഷ്ടിവാചകം സൃഷ്ടിക്കുമുഖ്യയെന്നർത്ഥംപ്രകൃതിക്കുമുനിപ്രവര! ● മുഖ്യസത്വഗുണത്തിനും"പ്ര"ശബ്ദംപറയുന്നതേ "കൃ"യെന്നോതുംരജസ്സിനു"തി"യെന്നോതുംതമസ്സിനും ● ത്രിഗുണാത്മികയായുള്ളശക്തിയോടുകൂടിനിന്നിട്ടും പ്രധാനസൃഷ്ടികർത്രിയെച്ചൊല്ലുംപ്രകൃതിയെന്നപേർ "പ്ര"യ്ക്കുമുഖ്യാർത്ഥംപ്രഗമത്തിങ്കൽ"കൃതി"യസ്സൃഷ്ടിവാചകം സൃഷ്ടിക്കാദ്യമുള്ളവളെന്നർത്ഥമാംപ്രകൃതിക്കു ● സൃഷ്ടിക്കായാത്മാപ്രകൃതിയോടൊത്തുരണ്ടുവിധത്തിലായ് വലത്തുപാതിപുരുഷൻ ഇടത്തുപ്രകൃതീപരാ ● അനാദിയായ് ബ്രഹ്മരൂപയായീട്ടുനിത്യയാണവൾ ആത്മാവെപ്പോലെയഗ്നിതന്നിൽ ദാഹശക്തിപോൽ ● സ്ത്രീപുംഭാവംനിനയ്ക്കാത്തതിനാൽതന്നെയോഗികൾ എണ്ണുംബ്രഹ്മമയം ബ്രഹ്മൻ!നിത്യങ്ങളുവയെന്നുമേ ● സ്വച്ഛന്ദനാകുംശ്രീകൃഷ്ണനിച്ഛപോൽസൃഷ്ടിചെയ്യുവാൻ വേഗത്തിലുണ്ടായ്വന്നാളാമൂലപ്രകൃതിയീശ്വരി ● സ്വേച്ഛയാപഞ്ചവിധമായ്ഭേദിച്ചാൾസൃഷ്ടികാര്യമായ് ഭക്താനുഗ്രഹത്തിനുംഭക്തവത്സലയാകയാൽ ● ഗണേശജനനിയാംദുർഗ്ഗാ ശിവരൂപാശിവപ്രിയാ നാരായണീവിഷ്ണുമായാപൂർണ്ണാബ്രഹ്മസ്വരൂപിണീ ● മനുക്കൾദേവർമുനിമാരിവരാൽപൂജ്യയായവൾ സർവ്വാധിഷ്ഠാത്രിയാംദേവിസർവ്വോപാസനാതനീ ധർമ്മസത്യപുണ്യകീർത്ത്യായശോമംഗളദായിനീ ദുഃഖങ്ങളെല്ലാംപോക്കുന്നോൾബ്രഹ്മാനന്ദംകൊടുപ്പവൾ ● ശരണാഗതദീനാർത്തപരിത്രാണപരായണ തേജഃസ്വരൂപാപരാൾക്കു

ബുദ്ധ്യധിഷ്ഠാതൃദേവത * സർവ്വശക്തിസമാസാക്ഷാൽ ബ്രഹ്മത്തിൻശ
ക്തിയായവരം സിദ്ധേശപരിസിദ്ധിരൂപാസിദ്ധിദാസിദ്ധിധീശ്വരി *
ബുദ്ധി,നിദ്രാ,ക്ഷുൽപിപാസ,ച്ഛായാ,തന്ദ്രാ,ദയാസ്മൃതി,ജാതി,ക്ഷമാ,ഭ്രാ
ന്തി,ശാന്തി,കാന്തി,ചേതനയായതും * തുഷ്ടി,പുഷ്ടിയതും,ലക്ഷ്മി,ധൈ
ര്യം,മായയുമങ്ങനെ കൃഷ്ണനാം പരമാത്മാവിൻ സർവ്വശക്തിയുമാണവരം*
വേദാഗമങ്ങളിൽ ഗുണങ്ങൾ വിസ്തരിച്ചിട്ടും അനന്തമതാകല്പോ
ഞാൻ പറഞ്ഞു,കേൾക്ക കന്യകേ * !സതപസ്വരൂപാംലക്ഷ്മീപരമാ
ത്മാവുതന്നുടെ സർവ്വസമ്പദ്രൂപസമ്പദധിഷ്ഠാത്രിയുമായവരം * കാന്താ
ശാന്താ,ദാന്തയേററം,സുശീലാസർവ്വമംഗല ലോഭമോഹംകാമക്രോധാ
ഹങ്കാരങ്ങളറ്റവരം * മഹാപതിവ്രതാഭക്തവത്സല,പതിയായി
ട്ടും ഭഗവാൻതൻ പ്രാണതുല്യാസ്നേഹപാത്രം പ്രിയംവദ * സർവ്വധാന്യാ
ത്മികാദേവിജീവനോപായരൂപിണി വൈകുണ്ഠത്തിൽ വാഴിക്കുന്ന
പതിസേവയോടാദ്യ * സ്വർഗ്ഗത്തിങ്കൽ സ്വർഗ്ഗലക്ഷ്മിരൂപക്കാരാജ
ലക്ഷ്മിയും ഗൃഹലക്ഷ്മിഗൃഹസ്ഥാനാംഗൃഹസ്ഥന്മാർക്കതുവിധം * ദ്രവ്യങ്ങ
ളുംപ്രാണികൾക്കെല്ലാംസൌന്ദര്യലക്ഷ്മിയും കീർത്തിലക്ഷ്മിസുകൃ
തികൾക്കാഭാലക്ഷ്മിനൃപർക്കവരം * വണിക്കുകൾക്കുവാണിജ്യശ്രീ,ജ്യ
ഷ്ഠാപാപികൾക്കവരം കരുണാശാലിനീവേദഘോഷിക്കുംസർവ്വസ
മ്മത * സർവ്വപൂജ്യാസർവ്വവന്ദ്യ,യന്യയെക്കേൾക്കചൊല്ലിടാം ആത്മാ
വിൻവാഗ് ബുദ്ധിവിദ്യാജ്ഞാനാധിഷ്ഠാത്രിയാംപര * സർവ്വവിദ്യാരൂ
പിണിയാംസരസ്വതിമഹാമുനേ! മേധാനൽ ബുദ്ധികവിതാപ്രതിഭാ
സ്മൃതിയായിനി * !നാനാസിദ്ധാന്തഭേദാർത്ഥങ്ങളെല്ലാം ചെയ്തിടുന്നവ
ൾ സർവ്വസന്ദേഹവും പോക്കും വ്യാഖ്യാബോധസ്വരൂപിണി * വിചാര
കാരിണീഗ്രന്ഥകാരിണീശക്തിരൂപിണി സംഗീതാനുസന്ധാനതാ
ളകാരണരൂപിണി * വിഷയജ്ഞാനവാഗ്രൂപാസർവ്വജീവോപജീവിനി
വ്യാഖ്യാവാദകെഭിശാന്താവീണാപുസ്തകധാരിണി * ശുദ്ധസത്വസ്വ
രൂപാകേൾസുശീലാശ്രീഹരിപ്രിയാ ശുഭ്രപുഷ്പങ്ങൾതിൻ രൂപതുല്യമിവരുടെ
കാന്തിയാർന്നവരം * ആത്മാവാംകൃഷ്ണനെ രത്നമാലയാൽ പൂജചെയ്യുവ
ൾ തപോരൂപാതപസ്യാൽ തപസ്സിൻഫലദേശവാം * സിദ്ധി
വിദ്യാരൂപിണിയാം സർവ്വസിദ്ധിപ്രദായിനി ജനങ്ങളിവളില്ലാഞ്ഞാൽ
മൂകന്മാർശവസന്നിഭർ * വേദാഗമങ്ങൾഘോഷിക്കും മൂന്നാംപ്രകൃതി
ദേവിയെ ചുരുക്കിച്ചൊല്ലിനേൻ,ബോധിച്ചാലും നീയിനിയന്യയെ *
സന്ധ്യാവന്ദനമന്ത്രങ്ങൾ തന്ത്രങ്ങൾ നാലുജാതികൾ സാംഗവേദങ്ങൾ
ഛന്ദസ്സുകൾക്കും ജനനിയായവരം * വിപ്രജാതിസ്വരൂപാനൽ ജപരൂ
പാതപസ്വിനി ബ്രഹ്മണ്യതേജോരൂപാകേൾ സർവ്വസംസ്കാരരൂപി

ണ്ണീ॰ ശുദ്ധസത്വസ്വരൂപാ സാവിത്രീഗായത്രീവിധിതൻപ്രിയ ഓക്കുന്നാകിൽ
വിശുദ്ധിക്കായ്തൻസ്പർശതീർത്ഥമാകയും॰ ശുദ്ധസ്ഫടികസങ്കാശാശു
ദ്ധസത്വസ്വരൂപിണീ പരമാനന്ദരൂപാ സാക്ഷാൽകൃഷ്ണാനിത്യയായവ
ൾ॰ നിർവ്വാണപദമേകീടും പരബ്രഹ്മസ്വരൂപിണീ ബ്രഹ്മതേജോമയീ
ബ്രഹ്മതേജോധിഷ്ഠാത്രിയാകും॰ ജഗത്തെല്ലാം ശുദ്ധമാക്കിയവൾതൻപാ
ദധൂളിയാൽ നാലാം പ്രകൃതിയെച്ചൊല്ലാം നന്നായോർത്തു കേട്ടീടുക॰ ജ്ഞാ
പ്രാണനധിഷ്ഠാത്രി പഞ്ചപ്രാണസ്വരൂപിണീ പ്രാണാധികാ പ്രേമാധി
ക മഹാസുന്ദരിയായവൾ॰ ഗൌരവർണ്ണത്തോടുകൂടിയുള്ളോൾ സർവ്വസൌഭാ
ഗ്യമാനിനി ഗുണകാന്തികളാൽ തുല്യയാവാതാം ഗോപീസ്വരൂപിണീ॰ പരാവ
രസാരഭൂതാ പരമാദ്യാ സനാതനി ധന്യമാന്യാ സർവ്വപൂജ്യാ പരമാനന്ദ
മയി॰ ശ്രീകൃഷ്ണപരമാത്മാവിൻ രാസക്രീഡക്കധീശ്വരി രാസമണ്ഡ
ലസംഭൂതാ രാസമണ്ഡലമണ്ഡിതാ ॰ രാസേശ്വരി സുരസികാ രാസാവാ
സനിവാസിനി ഗോപസ്ത്രീകൾക്കെല്ലാമീ ഗോലോകത്തിൽ വസിപ്പവ
ൾ॰ ആഹ്ലാദരൂപിണീ മഹാസന്തോഷരൂപിണി ഗുണാതീതാ നി
രാകാരാ നിർല്ലിപ്താത്മസ്വരൂപിണി॰ നിരീഹാ നിരഹങ്കാരാ ഭക്താനുഗ്രഹ
കാരിണി വേദോക്തമാകും ധ്യാനത്താൽ ധ്യാനിക്കപ്പെട്ടവളുമെന്ന! ॰
സുരേശമുനിമാരെല്ലാം കണ്ണാൽ കാണപ്പെടാത്തവൾ തീയുമേ ദഹിപ്പിക്കാ
ത്താട ഭൂഷണങ്ങളുമാണവൾ॰ കോടിചന്ദ്രപ്രഭാപൂർണ്ണാ സർവ്വസൌന്ദ
ര്യവിഗ്രഹ! ശ്രീകൃഷ്ണഭക്തിയും സർവ്വസമ്പത്തുകളുമേകുവോൾ വാരാഹ
കല്പേ "വൃഷഭാനു"വിൻ സുതയായവൾ അവൾതൻ പാദപത്മത്തിൻ
സ്പർശത്താൽ ഭൂമി ശുദ്ധയായ്॰ ബ്രഹ്മാദ്യർക്കദൃഷ്ടാ വൃന്ദാവനേ സർവ്വദൃഷ്ടാ
യായ് സ്ത്രീരത്നസാരഭൂതാ ശ്രീകൃഷ്ണവക്ഷസ്സിൽ വാഴുവോൾ॰ വാനിൽ
കാർമേഘമദ്ധ്യത്തിൽ മിന്നൽക്കൊടിയതെന്നപോൽ അറുപതായി
രം വർഷം തപിച്ചുള്ളാൻ പണ്ടു പത്മജൻ॰ തൽപാദമോർത്തതിന്നായാത്മ
ശുദ്ധിക്കവേണ്ടിയും കിനാവിലും കണ്ടതില്ല പ്രത്യക്ഷകഥയെന്തുവാൻ!॰
ആ തപസ്സിൻ ബലംകൊണ്ടു കണ്ടാൻ വൃന്ദാവനത്തിലായ് അഞ്ചാമ
ത്തെ പ്രകൃതിയാം രാധയെയും പറഞ്ഞു ഞാൻ॰ അംശങ്ങളായ് കലകളാ
യ് കലാംശാംശങ്ങളായുമേ ജഗത്തിൽ സ്ത്രീകളായ് തീർന്നെല്ലാം പ്രകൃ
തിതാൻ ദ്രവം॰ പൂർണ്ണാവതാരമെവരിൽ വച്ചിട്ടീയഞ്ചു ദേവിമാർ പ്രകൃ
ത്യംശങ്ങളാം ദേവിമാരെയോരോന്നേ ചൊല്ലിടാം॰ തദംശത്താൻ ജഗൽശുദ്ധി
വരുത്തും ഗംഗയായവൾ പ്രകൃത്യംശിന്നനാം വിഷ്ണുവിൻ കാൽനിന്നൊഴുകു
ന്നവൾ!॰ പാപമാം വിറകിന്നേറെ ജ്വലിക്കും തീയോടൊത്തവൾ സ്പർശ
നസ്നാനപാനങ്ങൾക്കു കാണ്മമോക്ഷം കൊടുപ്പവൾ॰ ഗോലോകഗമന
ത്തിന്നേകെ വെണ്ണിപ്പടിയായവൾ തീർത്ഥങ്ങളാം നദികളിൽ വാഴുന്നോരം

ശുദ്ധയായവൾ • ശംഭുവിൻജടയാംകൈതവിന്നുനൽഹാരമായവൾ ഭാ
രതത്തിൽതപംചെയ്വോർക്കുതെററംസിദ്ധിയാകുമവൾ • ചന്ദ്ര,പത്മ,
ക്ഷീര,നിഭശുഭ്രസ്വരൂപിണി നിർമ്മലാനിരഹങ്കാരാസതീനാ
രായണപ്രിയ • പ്രകൃത്യംശാതുളസീവിഷ്ണുപ്രിയതുളസിയുംമുനേ! വി
ഷ്ണുഭൂഷണരൂപാത്രീവിഷ്ണുപാദസ്ഥിതാസതി • തപസ്സങ്കല്പപൂജാദിഫ
ലമെല്ലാംകൊടുപ്പവൾ പുഷ്പങ്ങളിൽസാരഭൂതാശുദ്ധാപുണ്യപ്രദായി
നീ • ദർശനസ്പർശനംകൊണ്ടുംക്ഷണംമോക്ഷംജനത്തിനേകുവോൾ ക
ലിയിൽപാപവിറകത്തിനുപോൽഭസ്മീകരിപ്പവൾ • തല്പാദസ്പർശനംമൂ
ലംവേഗമിദ്ധരിത്രീശുദ്ധമായ് തീർത്ഥങ്ങളുമവൾസ്പർശംകൊണ്ടിട്ടുക്കുന്നു
ശുദ്ധിയെ • അവളെന്യേനിഷ്ഫലംതാൻലോകത്തിൽസർവ്വകർമ്മവും കാ
മദാകാമിനീദേവിമുമുക്ഷുക്കൾക്കുമോക്ഷദ • ഭാരതത്തിൽകല്പവൃക്ഷസ്വ
രൂപാവൃക്ഷരൂപിണി പരദേവതതാനൊന്നായ്ഭാരതീയർക്കുമതിനായ് •
പ്രകൃത്യംശംകശ്യപജാ "മനസാ" ദേവിയുംമുനേ! ശങ്കരൻതന്നിഷ്ടശി
ഷ്യാമഹാജ്ഞാനവിശാരദ • നാഗേശനാംവാസുകിതൻഭഗിനീനാഗ
പൂജിതാ നാഗേശ്വരീനാഗമാതാസുന്ദരീനാഗവാഹിനി • നാഗേന്ദ്രഗ
ണസംയുക്താനാഗാഭരണഭൂഷിതാ നാഗേന്ദ്രവന്ദിതാസിദ്ധായോഗിനീ
നാഗശായിനി • വിഷ്ണുരൂപാവിഷ്ണുഭക്താവിഷ്ണുപൂജാപരായണ തപ
സ്സിൻഫലംമേകുന്നോൾതപസ്സായോൾതപസ്വിനി • മൂന്നുലക്ഷംദി
വ്യവർഷംഹരിയെത്തപസ്സുചെയ്തവൾ ഭാരതത്തിൽതപംചെയ്യുന്നവരിൽ
വച്ചുപൂജ്യയായ് • ബ്രാഹ്മണ്യത്താൽജ്വലിക്കുന്നോൾസർവ്വമന്ത്രാധി
ദേവത ബ്രഹ്മസ്വരൂപാപരമാബ്രഹ്മജ്ഞാനാതിതല്പര • കൃഷ്ണാംശമാം
ജരൽക്കാരുമുനിതൻവല്ലഭാസതി മഹാതപസ്വിയാമാസ്തികൻതൻജന
നിയായവൾ • പ്രകൃത്യംശംതാദേവസേനയാംദേവിയുംമുനേ! മാ
തൃകാശ്രേഷ്ഠയെന്നേററംശ്രേഷ്ഠയെന്നുപുകഴ്ന്നവൾ • പുത്രപൌത്ര
ദരേകുന്നോൾജഗദ്ധാത്രിയതാംസതി ഷഷ്ഠാംശമാംപ്രകൃതിതൻഷ
ഷ്ഠിയെന്നോതുമാകയാൽ • മുഖ്യാശിശുക്കൾതൻസ്ഥാനെ,യോഗിനീ
വൃദ്ധയായവൾ പ്രസവംതൊട്ടുപന്ത്രണ്ടുമാസവുംപൂജചെയ്യണം • അ
ല്ലങ്കിലിതുപത്തൊന്നാംദിനമാറാംദിനത്തിലോ സൂതികാമന്ദിരത്തി
ങ്കൽപൂജിക്കുകശുഭത്തിനായ് • മുനിവന്ദ്യയിവൾനിത്യകാമമാതൃക
യായവൾ ജലംസ്ഥലംഗ്രഹസ്ഥാനംവാനിലുംതാൻശിശുക്കളെ • ദ
യാരൂപിണിയാംദേവിസംരക്ഷിച്ചിടുന്നവൾ പ്രകൃത്യംശംതന്നെയാ
ണദ്ദേവിമംഗലചണ്ഡിയും • മുഖത്തിൽനിന്നുത്ഭവിച്ചോൾസർവ്വമംഗ
ലദായിനി സൃഷ്ടിയിൽമംഗലാകാരാ,സംഹാരേകോപരൂപിണി • ശ്രേ
ഷ്ഠർമംഗലചണ്ഡ്യാഖ്യയതിനാൽചൊല്ലിടുന്നതേ പൂജിക്കുന്നുജഗത്തി

ആൎത്തുൎവ്വാരത്തിലൊക്കയും • പുത്രപൌത്രധനൈശ്വൎയ്യയശോമംഗ
ലമായിനി തോഷിപ്പാലിപ്പതെല്ലാംസൎവ്വസ്ത്രീകൾക്കമേകുവോൾ •
കോപിക്കിൽസംഹരിപ്പാനംശക്തയാണീജഗത്തിനെ പ്രകൃത്യംശംത
ന്നെപത്മനേത്രയാംകാളിയുംമുനേ! • ദുൎഗ്ഗാലലാടജാശുംഭനിശുംഭര
ണമായതിൽ ദുൎഗ്ഗാൎദ്ധാംശഗുണംതേജസ്സാലുംദുൎഗ്ഗയൊടൊത്തവൾ •
കോടിസൂൎയ്യപ്രഭാകാന്തിവിളങ്ങുംതനുവാൎന്നവൾ ശക്തികൾക്കൊക്ക
യുംമുഖ്യാശക്തതാമെസന്യയാംപരാ • സൎവ്വസിദ്ധിപ്രദാദേവിപരമാ
യോഗരൂപിണി കൃഷ്ണഭക്താകാന്തിവിക്രമങ്ങളാൽകൃഷ്ണനോടൊത്തവൾ •
കൃഷ്ണഭാവനയാലെന്നുംകൃഷ്ണവൎണ്ണാസനാതനി നിശ്വാസത്താൽപ്രപ
ഞ്ചംസംഹരിപ്പാൻശക്തിയുള്ളവൾ • ലോകശിക്ഷാൎത്ഥദൈത്യരോടുകളി
യായ്പോരിടുന്നവൾ പൂജിക്കിൽധൎമ്മാൎത്ഥകാമമോക്ഷങ്ങൾനൽകി
ടുന്നവൾ • മനുക്കൾമുനിമാർവാഴുന്നോർനരന്മാരുംവാഴ്ത്തിടുന്നവൾ സൎവ്വ
സസ്യങ്ങൾക്കുംപ്രഭവവസുന്ധരയുംമുനേ! • പ്രകൃതിക്കുള്ള താമംശംത
ന്നെയെന്നോതിടുന്നതേ രത്നാകരാജഗൽസൎവ്വരത്നാകരോത്തമാ •
പ്രജാപ്രജേശരാലെന്നുംവന്ദിതാപൂജിതാ,ധരാ സൎവ്വോപജീവ്യയായു
ള്ളോൾസൎവ്വസമ്പത്തുമേകുവോൾ • അവളെന്ന്യേനിരാധാരംജഗത്തു
സചരാചരം പ്രകൃതിക്കുള്ളകലകൾചൊല്ലാംകേൾക്കമുനീശ്വര! •
ഏവൎക്കവൎക്കൊത്തുമാതിരിയിംവൎണ്ണിച്ചിട്ടാംതവ സ്വാഹാദേവിവഹ്നി
പത്നിപൂജിതാലോകമൊക്കയും • അവളെന്ന്യേശക്തരാകാവാഞ്ഞാൻ
വാനോർഹവിസ്സിനെ ദക്ഷപത്നിദക്ഷിണയാംദീക്ഷാസൎവ്വത്രപൂജി
ത • ലോകത്തിലവളില്ലാഞ്ഞാൽനിഷ്ഫലംസൎവ്വകൎമ്മവും സ്വധാപി
തൃക്കൾതൻപത്നിമനുക്കൾമുനികൾനരർ • ഇവരാൽപൂജിതവ്യൎത്ഥ
മവളെന്ന്യേപിതൃക്രിയ സ്വസ്തിദേവിവായുപത്നിപൂജിതാലോകരാൽ
സദാ • ദാനമാദാനവുംവ്യൎത്ഥമവളെവിട്ടുനാരദ! ഗണേശപത്നിയാം
പുഷ്ടിജഗത്തിൽപൂജ്യയായവൾ • സ്ത്രീകളുംപുരുഷന്മാരുംക്ഷീണരാമ
വളെന്നിയേ അനന്തപത്നിയാംതുഷ്ടിപൂജിതാവന്ദിതാസദാ • അവ
ളെന്ന്യേതുഷ്ടരാകില്ലങ്ങാരുമെന്മുനീശ്വര! ഈശാനപത്നീസംപത്തി
സുരമാനവപൂജിത • ദാരിദ്ര്യമവളില്ലെങ്കിലുണ്ടാംലോകത്തിലൊക്ക
യും ധൃതി:കപിലപത്നിയാൾപൂജ്യയാണാൎക്കുമെങ്ങുമേ • അവളില്ലെ
ങ്കിലീലോകരെല്ലാമധൈൎയ്യവിഹീനരാം മുക്തൎക്കുംപൂജ്യയാലോകപ്രിയ
യാംസത്യശക്തികേൾ • അവളില്ലെങ്കിലീലോകരെല്ലാംബന്ധുവിഹീ
നരാം ജഗൽപ്രിയാസതിപൂജ്യാമോഹപത്നിയാംമുനേ! • ആരുമെ
ങ്ങുംക്ഷീണന്മാരായീടുമവളെന്നിയേ പുണ്യപത്നിപുണ്യമേകുംപ്രതി
ഷ്ഠാസൎവ്വപൂജിത • ജീവച്ഛവംതന്നെയാണവളില്ലെന്നിരിക്കുകിൽ സൽ

ന്മപത്നീ സംസിദ്ധാ കീർത്തി, ധന്യപ്രപൂജിത • അവളെന്യേ കീർത്തി
യററുളളപ്രാണതാംജനം ക്രിയ, ഉദ്യോഗത്തിൻ പത്നി പൂജിതാ സർവസ
മ്മത • വിധിഹീനം ജഗത്തെല്ലാമവളില്ലെങ്കിൽനാരദ! അധർമ്മത്തിൻ
പത്നി മിഥ്യാ സർവ്വധൂർത്തപ്രപൂജിത • ജഗത്തിലവളില്ലെങ്കിൽ ധൂർത്ത
രില്ലെന്നു വന്നുപോം അവളില്ലാ കൃതയുഗേ, ത്രേതായാം സൂക്ഷ്മരൂപി
ണി • അർദ്ധരൂപിണിയാകുന്നു ദ്വാപരത്തിങ്കലാവലം മഹാപ്രഗ
ല്ഭയായെങ്ങും വ്യാപിക്കും കലിതൽ യുഗേ • ഭ്രാതാവാം കപടത്തോടും
ഗൃഹന്തോറും ചരിച്ചിടും സുശീലത്തിന്നു നല്ല ശാന്തി ലജ്ജകളെന്ന പ
ത്നികൾ • അവരെന്യേ ജഗത്തെല്ലാമുന്മത്തം പോലെയായിടും ബുദ്ധി
മേധാധൈര്യമെന്നിവ ജ്ഞാനത്തിൻ പത്നികൾ • അവരെന്യേ ജ
ഗത്തെല്ലാം മൂഢമെന്നു സമം സദാ ധർമ്മപത്നി മൂർത്തി, കാന്തിരൂപയാ
യാൾ മനോഹര • പരമാത്മാവുമവളെ വിട്ടീടിൽ നിരാശ്രയൻ ജനൻ
ലക്ഷ്മീമൂർത്തിമതീ ശോഭാരൂപയാ അവളെങ്ങുമേ • ശ്രീരൂപാ മൂർത്തിരൂപാ
കേൾ മാന്യാ ധന്യാ സുപൂജിത കാലാഗ്നിരുദ്രൻ തൻപത്നി സിദ്ധയോഗി
നി നിദ്രയും • ലോകരെല്ലാം രാത്രിതോറുമവളാൽ കൊണ്ടു വാണിടും സ
ന്ധ്യാ രാത്രി ദിനം കാലത്തിന്നിവർ മൂന്നുമാത്മജർ • ഇവരെന്യേ ശക്ത
നാകാ വിധിയും കാലനിർണ്ണയേ മാന്യകൾ പൂജ്യകൾ ക്ഷുൽപിപാസകൾ ലോ
ഭപത്നികൾ • അവരാൽ വ്യാപ്തമായ് ലോകം ചിന്താതുരമായ്
സദാ പ്രഭാ ദാഹികയിരണ്ടും തേജസ്സിന്റെ പത്നികൾ • സൃഷ്ടി
നാശമില്ലിവരെ വിട്ടാൽ കാലീശനിന്നും ജരയും മൃത്യുവും കാലകന്യകൾ ജ്വ
രപത്നികൾ • ഇവരില്ലെങ്കിലീ ലോകം നശ്വരമല്ല സംശയം നിദ്രതൻ
കന്യമാർ തുഷ്ടി, പ്രീതിയും സുഖപത്നികൾ • സൃഷ്ടികാലം മുതൽ വ്യാപ്ത
മവരാൽ സർവലോകവും ശ്രദ്ധയും ഭക്തിയും വൈരാഗ്യത്തിൻ പത്നികൾ
പൂജ്യകൾ • ജഗത്തിലവർ താൻ ജീവന്മുക്തത്വത്തിൻ ഹേതുഭൂതകൾ ദേ
വമാതാവദിതിയും ഗോമാതാ കാമധേനുവും • ദൈത്യമാതാ ദിതി, തന്നെ,
വിനതാ, കദ്രുവും മുനേ! പ്രകൃതിക്കുള്ള കലകൾ താൻ, സൃഷ്ടിക്കുപയുക്ത
കൾ • മറ്റും കലകളുണ്ടേറെച്ചൊല്ലാം ചിലതവറ്റയിൽ ചന്ദ്രപത്നി
രോഹിണിയും സംജ്ഞയാം സൂര്യപത്നിയും • ഇന്ദ്രാണിയാമിന്ദ്രപത്നി
ശതരൂപാ മനുപ്രിയ ബൃഹസ്പതിൻ ഭാര്യയാം താര, വസിഷ്ഠൻ തന്നരുന്ധ
തി • അഹല്യാ ഗൌതമൻ ഭാര്യ യനസൂയാത്രിപത്നിയും ദേവഹൂതി
കർദ്ദമൻ തൻ, ദക്ഷൻതന്നാം പ്രസൂതിയും • പിതൃക്കൾക്കു മാനസീകന്യാ
മേനകയെപ്പററമെന്നതും ലോപാമുദ്രാ കുന്തിദേവീ കുബേരൻ തന്റെ
പത്നിയും • വരുണാനീ സുപ്രസിദ്ധ വിന്ധ്യാവലിയുമങ്ങനെ യശോ
ദാ ദേവകീ കീർത്തിയായിടും മേനയിങ്ങും • ഗാന്ധാരീ ദ്രൗപദീ ശൈബ്യ

യായോരം സത്യവതീപ്രിയ വൃഷഭാനുപ്രിയാരാധാമാതാവായ പതിവ്ര
ത • മന്ദോദരീനൽകൗസല്യാസുഭദ്രാകൈകേയിയുംനന്! ദേവകിസത്യ
ഭാമാനൽകാളിന്ദികളീക്ഷ്മണ • മിത്രവിന്ദാജാംബവതീസുശീനാ
ഗ്നജിതിയുമാ സാക്ഷാലലക്ഷ്മിയെന്നോളംസീതാശുഭിണിയായവ
ൾ • കാളി, യോജനഗന്ധാ, ത്രീവ്യാസമാതാ, സതിമണീ ബാണപുത്രിയു
ഷാ, ചിത്രലേഖ മാമവൾതൻസഖി • പ്രഭാവതീഭാനുമതീമായാവതിയു
മങ്ങനെ രേണുകാഭൃഗുവിൻമാതാ രാമമാതാവുമാംരോഹിണി • ഏകാനംശാ
ദുർഗ്ഗയാകും ശ്രീകൃഷ്ണഭഗിനീ സതി പ്രകൃതിക്കുള്ള കലകൾസതികളേ
ഖർഭാരതേ • ഏവമംശകലകൾ താനെന്നാഗ്രാമദേവികളൊക്കയും ലോക
ത്തിലെസ്ത്രീകളെല്ലാം തൽകലാംശാംശജന്മകൾ • സ്ത്രീകളെയപമാനി
ച്ചാൽ പ്രകൃതിക്കപമാനമാം വസ്ത്രാലങ്കാരഗന്ധങ്ങൾകൊണ്ടുനൽപ
തിപുത്രന്മാം • ഉള്ളോരാബ്രാഹ്മണസ്ത്രീയെപൂജിക്കിലവൾപൂജതാൻ
വസ്ത്രാലങ്കാരഗന്ധങ്ങൾകൊണ്ടിട്ടുവായെന്നുമ്പോഴും • വിപ്രകന്യകയെ
പ്പൂജിക്കിലുംപ്രകൃതിപൂജതാൻ ഉണ്ടായ് പ്രകൃതിയിൽ സ്ത്രീകളുത്തമാധ
മമധ്യകൾ • സത്വാംശകൾസതികളാമുത്തമസ്ത്രീകളാമവർ രജോം
ശകൾമധ്യമകൾ വിഷയാസക്തിയുള്ളവർ • താൻകാര്യംകാണുവോർ
നിത്യംസുഖസംഭോഗവശ്യകൾ തമോംശകൾദുഷ്ടവംശത്തിലുള്ളോരധ
മകളാമവർ! • കലഹപ്രിയകൾദുർമ്മുഖികൾധൂർത്തകൾകുലടാവേശ്യകൾ ഭു
വിൽകുലടകൾസ്വാതന്ത്ര്യമിങ്ങവർപ്പുന്നോരമ്മാർ • ഈസ്ത്രീകളുംപ്രകൃതി
തൻ തമോംശത്തിൽജനിച്ചവർ പ്രകൃതിക്കുള്ളൊരു പണ്ടൊന്നിവർണ്ണമു
ചെയ്യുന്നേൻ • ഇവരെല്ലാംഭാരതമദ്ധ്യേവിൽപൂജ്യകൾതാൻദ്ധ്രുവം സുര
ഥൻ പണ്ടുപൂജിച്ചാൻദുർഗ്ഗാദേവിയെമുന്നേ! • രാമൻപിന്നീടുപൂജി
ച്ചാൻരാവണന്റെ വധത്തിനായ് മൂന്നുലോകത്തിലുംപിന്നെപൂജിക്ക
പ്പെട്ടശങ്കരി • അവൾതാൻദക്ഷസുതയായ് തീർന്നാൾദൈത്യവധത്തി
നായ് ദേഹത്യജിച്ചാൾയാഗത്തിൽപതിയെനിന്ദചെയ്കയാൽ ഹിമ
വാൻപുത്രിയായ് തീർന്നുശിവനെപ്പതിയാക്കിനാൾ ശ്രീകൃഷ്ണൻതാൻഗ
ണപതി, സ്കന്ദൻവിഷ്ണുകലോത്ഭവൻ • പിന്നദ്ദേവിക്കിവർരണ്ടുപു
ത്രന്മാരായ് ഭവിച്ചുതേ ലക്ഷ്മിയെപ്പണ്ടുപൂജിച്ചാൻമംഗലാഖ്യൻധരാ
പതി • സ്വർഗ്ഗംമർത്ത്യംപിന്നെപ്പൂജിച്ചു മൂന്നുലോകവും സാവിത്രിയ
ശ്വപതിയാൽപൂജിക്കപ്പെട്ടിതാദ്യമായ് • പിന്നെപ്പൂജിതയായ് മൂന്നു
ലോകത്തുംദേവമർത്ത്യരാൽ ബ്രഹ്മാവാദ്യംപൂജചെയ്തു സരസ്വതിയെ
ന്നാമൻ! • ത്രൈലോക്യത്തിങ്കലുംപിന്നെപ്പൂജിച്ചാർസുരമാനവർ കൃ
ഷ്ണനാംപരമാത്മാവാൽകാർത്തികപൗർണ്ണമാസിയിൽ • ആദ്യംപൂജിത

യായ്‌രാധാഗോലോകേരാസമണ്ഡലേ ബാലികാബാലകന്മാരുംഗോ
പികാഗോപവൎഗ്ഗവും * ഗോസമൂഹംസുരഭിയുംപിന്നെനാരായണാം
ശത്തെയാൽ ബ്രഹ്മാവുമതാട്ടസുരന്മാരുംമുനിമാരുമുതൻമുദാ * പുഷ്പധൂപാ
ദികൾകൊണ്ടുപൂജിച്ചാർബഹുഭക്തിയായ്‌ ആദ്യംസുയജ്ഞേനാൽഭു
വിൽപൂജിക്കപ്പെട്ടരാധയും * ശിവോപദേശവിധിയോടിബ്ഭാരത
ങ്കലായ്‌ പരമാത്മാവുതാനായതകൊണ്ടുടൻമൂന്നുലോകവും * ധൂപ
ദീപാദികൾകൊണ്ടുഭക്ത്യാപൂജിച്ചൂ,ഋഷീശ്വരർദേവികലകളെയെല്ലാം
പൂജിച്ചീടുന്നുമാരതെ* ഗ്രാമദേവതമാരേയുംപൂജിക്കുന്നുമുനീശ്വര! ഏ
വംപ്രകൃതിതൻനല്ലചരിത്രമുരചെയ്യുന്നേൻ * വേദലക്ഷണമായതു
കേൾപ്പാനാശവാനിനി.

ശ്രീദേവീഭാഗവതം ഒൻപതാംസ്കന്ധം

പ്രകൃതിലക്ഷണം

ഒന്നാമദ്ധ്യായം

ഒ ന്നാ മ ദ്ധ്യാ യം

നാരദൻ പറഞ്ഞു.

പൃഥക്കായ്‌ കേട്ടുഞാനിദ്ദേവീചരിതമൊക്കെയും നല്ലവണ്ണംധരി
ച്ചീടാൻവിസ്തരിച്ചുരചെയ്യണം * സൃഷ്ടിക്കാദ്യാസൃഷ്ടികാലത്തുണ്ടായു
ന്നതുമെങ്ങനെ? അങ്ങോട്ട്‌ തീർന്നതുമെവ്വണ്ണം ചൊൽകനീവേദവിത്ത
മൻ * ത്രിഗുണാത്മികയാംദേവികലയോടിജ്ജഗത്തിൽ ഭവിച്ചവർ
തൻകഥകൾകേൾപ്പാനിന്നിച്ഛയുണ്ടുമേ * ജന്മങ്ങളുമവർകളുടെപൂജാ
ധ്യാനക്രമങ്ങളും സ്തോത്രംകവചമൈശ്വര്യംശൌര്യവുംചൊല്ലണം
മഹാമതേ.

ശ്രീനാരായണൻ പറഞ്ഞു.

നിത്യങ്ങൾതാൻജീവ,കാല,ദിക്‌,നഭസ്സുകളൊക്കെയും ബ്രഹ്മാണ്ഡ
ഗോളങ്ങളും,നിത്യംഗോലോകമായതും * ഗോലോകത്തിന്നേകദേശം
വൈകുണ്ഠമതിന്നുകീഴ്‌ സനാതനീബ്രഹ്മശക്തിയാനിത്യപ്രകൃതിയുംത
ഥാ * വഹ്നിയിൽജ്വാലാ,സോമേചന്ദ്രപത്മങ്ങൾക്കി,നനപ്പുമ വേദാക
ശിവപോലാത്മാവിങ്കൽപ്രകൃതിയുംസദാ * സ്വർണ്ണമെന്യേസ്വർണ്ണ
കാരൻകുണ്ഡലംചെയ്യാത്തപോൽ കുലാലൻമണ്ണുകൂടാതെകുംഭനി
ർമ്മിച്ചിടാത്തപോൽ * ആത്മാവുമവളില്ലാതിസ്സൃഷ്ടിചെയ്യില്ലനിശ്ച
യം സർവ്വശക്തിമതിദേവിശക്തിമാനവളാൽപരൻ * "ശ"എ

എന്നശബ്ദവചനം “ക്തിഃ” പരാക്രമവാചകം അവതൻ്റെരൂപ,യവ
യയേകുന്നാം ശക്തിയെന്നവർ • ജ്ഞാനം സമൃദ്ധിസമ്പത്തി
യശസ്സും ബലവും മേനം അത്ഥുചേർന്നാം ഭഗവതീഭഗരൂപയുമാണ
വർ • അവർ ചേർന്നീ,ടുമാത്മാവേ ഭഗവാനെന്നു ചൊല്ലിടും ദേ
വിതന്നിഷ്ടമവനാനന്ദരൂപൻ രൂപമററവൻ • തേജോരൂപൻ നിരാകാ
രൻ യോഗികൾക്കുള്ളിൽ വാഴുവോൻ പരബ്രഹ്മം പരാനന്ദമെന്നോ
തുന്നവനേവനേ! • അദൃശ്യൻ സർവ്വദ്രഷ്ടാവു സർവ്വജ്ഞൻ സർവ്വകാര
ണൻ അസ്സർവ്വരൂപനേയവരോത്തീടുന്നില്ലവൈഷ്ണവർ • തേജസ്വി
കണ്ണിലതേജസ്സാക്കെന്നോതുന്നിതായവർ തേജോമണ്ഡലമദ്ധ്യസ്ഥ
ൻ ബ്രഹ്മതേജസ്വിയാം പരൻ • സ്വേച്ഛാമയൻ സർവ്വരൂപൻ സർവ്വകാര
ണകാരണൻ അതിസുന്ദരമാംരൂപംധരിപ്പോൻ സുമനോഹരൻ • ബാ
ലൻ ശാന്തൻ സർവ്വകാന്തനായീടുന്ന പരാൽപരൻ പുതുതാംകൊണ്ടലൊ
ടൊത്തനിറത്തിലുള്ളോന്നവൻ • ശരന്മദ്ധ്യാഹ്നപത്മശോഭാ
മോചനലോചനൻ മുത്തിൻകാന്തികളെവെല്ലും പല്ലുകൾകൊണ്ടുമോ
ഹനൻ • മയിൽപീലിയണിഞ്ഞുള്ളോൻ മാലതീമാലപൂണ്ടവൻ സു
നാസൻ സസ്മിതൻ കാന്തൻ ഭക്താനുഗ്രഹകാരണൻ • കാളുന്നഗ്നി
ക്കൊത്തപീതാംബരംകൊണ്ടുവിളങ്ങുവോൻ ദ്വിഭുജൻ മുരളീഹസ്തൻ
രത്നാഭരണഭൂഷിതൻ • സർവ്വാധാരൻ സർവ്വനാഥൻ സർവ്വശക്തിയുതൻ
വിഭു സർവ്വൈശ്വര്യപ്രദൻ സർവ്വസ്വതന്ത്രൻ സർവ്വമംഗലൻ • പരിപൂ
ർണ്ണതമൻ സിദ്ധൻ സിദ്ധേശൻ സിദ്ധികാരകൻ നിത്യനാം ദേവനേയേ
വം ധ്യാനിച്ചീടുന്നു വൈഷ്ണവർ • ജന്മമൃത്യുജരാവ്യാധിശോകഭീതിഹരൻ
പരൻ ബ്രഹ്മാവിൻറവയസ്സാലമവനൊന്നിമേഷമാം • അവനാ
ത്മാപരബ്രഹ്മംകൃഷ്ണനെന്നുപറഞ്ഞിടും “കൃഷ്”ന്നതൽഭക്തിവാക്യ
“ന”തദ്ദാസ്യമുപ്പുള്ള • കൃഷ്ണനാം ഭക്തിദാസ്യങ്ങളേകുന്നവനെന്നു
താൻ “കൃഷ്” പ്രപഞ്ചവചനം “ന” കാരം ബീജവാചകം • അവൻ കൃ
ഷ്ണൻ, സർവ്വസൃഷ്ട്യാദ്യാദിയിൽ സൃഷ്ടികാമനായ് തദംശമായകാലത്താ
ലേററം പ്രേരിതനാകയാൽ • സ്വേച്ഛാമയൻ സ്വേച്ഛയാലേ രണ്ടുരൂപ
ത്തിലായിതേ ഇടത്തുഭാഗം സ്ത്രീരൂപം വലത്തു പുരുഷാകൃതി • അക്കാമേ
ശനൊക്കാമേശ്വരിയെയൊന്നുനോക്കിനാൻ മഹാരസസൗന്ദര്യവതിയാ
ണായവർ സാരസാന്ന • ചന്ദ്രബിംബങ്ങൾ തോററോട്ടം നിതംബയു
ഗമൊത്തവർ കദളീസ്തംഭകല്യങ്ങളൂരുക്കളുള്ളവർ • ശ്രീവളക്കാ
ഷ്ഠംപോൽത്തണ്ടുകചാക്കൊണ്ടുകനിഞ്ഞവർ പൂവണിഞ്ഞോരം സു
ലിയാം ക്രൂരമദ്ധ്യാമനോഹര • ഏററവും സുന്ദരീശാന്താ പുഞ്ചിരി

കൊണ്ടുനോക്കുവോരും നൽനിതംബം ധരിച്ചുള്ളോരും ഘനാലങ്കാരഭൂഷി
ത • മുഖാംബുജനേത്രചകോരങ്ങളാൽ കോടിചന്ദ്രനെ വെല്ലുന്ന കൃഷ്ണവ
ദനേന്ദുവെ നോക്കിബ്ഭുജിപ്പവൾ • നെററിയിൽ നല്ലസിന്ദൂരപ്പൊട്ട
തിൻകീഴിലായ് മുനേ! ചന്ദനപ്പൊട്ടു കസ്തൂരിപ്പൊട്ടും ഭംഗ്യാ ധരിച്ചു
വൾ • വേണിയിൽ മാലതീമാലാജാലം നന്നായണിഞ്ഞവൾ നന്മു
ത്തിമാലപൂണ്ടോൾ കാന്തനിൽ കാമമേറിയോൾ • കോടിചന്ദ്രപ്ര
ഭയൂഖത്തെ ശോഭകൊണ്ടുല്ലസിപ്പവൾ മരാളഗജഗർവ്വെല്ലാമടക്കുംന
ടന്നവൾ • അവളെക്കണ്ടവളോടൊന്നിച്ചേർന്നു രാസമണ്ഡലേ രാ
സോല്ലാസേ സുരസികൻ രാസക്രീഡ കഴിച്ചിതേ • നാനാപ്രകാരശൃംഗാ
രങ്ങളോടു ശൃംഗാരിയാമവൻ സുഖസംഭോഗവും ചെയ്തു ബ്രഹ്മാവി
ൻറെ ദിനംവരെ • തളർന്നിട്ടവളോടൊന്നിച്ചുകൊണ്ടു ജഗൽപിതാ
വീര്യാധാനമതും ചെയ്താൻ ശുഭകാലത്തിലായ് മുനേ! • സുരതാന്ത
ത്തിന്നൊരളവേ ഖേദത്തിൽ നിന്നവൻ ഒഴുകീ നൽശ്രമജലം ഘർമ്മതേജ
സ്സിനാലുലകം • മഹാശ്രമജലമുണ്ടായ് നിശ്വാസമായതും
അത്തോയമെല്ലാം അഖിലമാം വിശ്വഗോളമായിച്ചമതേ • നിശ്വാസവായു
വും സർവ്വാധാരനായ് തീർന്നതൽക്ഷണം ജഗത്തിൽ പ്രാണികൾക്കെല്ലാ
മവൻ നിശ്വാസവായുവായ് • മൂർത്തിമാനായ് തീർന്നു, വാമാംഗത്തിൽ
തല്പത്നി ജാതയായ് പ്രാണികൾക്കുള്ള അഞ്ചുപ്രാണങ്ങളവർതൻ
സുതർ • പ്രാണാപാനൻ സമാനൻ കേളുദാനൻ വ്യാനനിങ്ങനെ ഉപ
പ്രാണന്മാരായ് നാഗാദികളഞ്ചുപേർ • അഥ ഘർമ്മതോയാധിപ
നായുണ്ടായ് വരുണനാം മഹാൻ വാമാംഗത്തിലവൻ പത്നി "വരുണാ
നി" ഭവിച്ചതേ • ഗർഭം ധരിച്ചാളുടനെ കൃഷ്ണശക്തിയാമവൾ ബ്രഹ്മ
തേജസ്സിനോടേററം നൂറുമന്വന്തരംവരെ • കൃഷ്ണപ്രാണാധിദേവി
കൃഷ്ണപ്രാണാധികപ്രിയ കൃഷ്ണനിൽ ചേർന്നവൾ നിത്യാ കൃഷ്ണവക്ഷസ്സിൽ
വാഴുവോൾ • നൂറാം മന്വന്തരാന്തത്തിൽ സുവർണ്ണാഭയാമവൾ പെ
ററാൾ സ്വർണ്ണാഭമാമണ്ഡം വിശ്വാധാരം ഭയങ്കരം • ആയണ്ഡമതിനെ
ക്കണ്ടു ഖിന്നയായിട്ടുടൻ ക്ഷണം ബ്രഹ്മാണ്ഡഗോളതോയത്തിൽ കോപ
ത്തോടിട്ടെറിഞ്ഞിതേ • ശ്രീകൃഷ്ണനതുകണ്ടേററം കഷ്ടമെന്നു പറഞ്ഞു
ടൻ ശപിച്ചുന്നവളെ ദേവദേവൻ തൽകാലയുക്തമായ് • നിഷ്ഠുരേ!
'നീ കോപമോടീ പുത്രനെ സന്ത്യജിക്കയാൽ ഇന്നുതൊട്ടനപത്യതയും നി
നക്കുണ്ടായിടും ധ്രുവം • നിൻറെയംശങ്ങളാം ദേവസ്ത്രീകളുമെത്രവൃന്ദ
ങ്ങളോടും അനപത്യകളായ് തന്നെ തീരും നിന്നോടു തുല്യമായ്'' • ഇത
ന്തരത്തിലദ്ദേവീനാവിന്നഗ്രത്തിൽ നിന്നുതാൻ വെളുത്തനിറമായു

സ്സിൽജഗത്തെല്ലാമസംശയം * നിത്യയാമവർസംസാരവൃക്ഷത്താലേ
തനാദി സമിത്രൂപാബുമിത്രൂപാഫലത്രൂപയുമാണവർ * മൈപെമാ
ഹാത്മ്യമെഴ,ന്ദ്രാക്ഷയുമേടിമയുള്ളവ്വ ശാന്തി,ലജ്ജാ,തുഷ്ടി,പു
ഷ്ടി,ഭ്രാന്തി,കാന്തിയുമാനവർ * അവർസാർവ്വശനെ വാഴ്ത്തീട്ടവൻമുൻ
പിലിരുന്നുതേ ആ സിംഹാസനമവർക്കേകിനാൻആധികേശവൻ *
ഇക്കാലങ്ങളെ സാവിത്രിയോടുകൂടിച്ചതുർമ്മുഖൻ ഉണ്ടായിപത്മനാ
ഭൻതൻനാഭിപത്മത്തിൽനിന്നുടൻ * കമണ്ഡലുധരൻശ്രീമാൻത
പസ്വിജ്ഞാനാധികൻ സ്തുതിച്ചാൻകൃഷ്ണനെനാലുമുഖത്താൽകാന്തി
മാനവൻ * ഉടൻവെളുത്തിട്ടുദേവീശതചന്ദ്രസമപ്രഭ അഗ്നിശുദ്ധാം
ബരധാരേതരാഭരണഭൂഷിത * കൃഷ്ണനാംപരമാത്മാവെസ്തുതിചെയ്തിട്ടു
മുൻപിലായ് ഇരുന്നാരംതൻനാഥനോടുംതന്റെസിംഹാസനേമുദാ *
ഉടനെകൃഷ്ണനാം ദേഹരൂപമായിബ് ഭവിച്ചതേ ഇടഭാഗംമഹാദേവൻവ
ലത്താശ്ശ്രീപികാപതി * ശുദ്ധസ്ഫടികസങ്കാശൻനൂറുകോടിരവി
പ്രഭൻ ത്രിശൂലപട്ടിശധരൻവ്യാഘ്രചർമ്മാടചാർത്തിയോൻ * തപ്ത
പൊൻനിറംകലർന്നുള്ളജടാഭാരധരൻപരൻ ഭസ്മോദ്ധൂളിതസ
ർവ്വാംഗൻസസ്മിതൻചന്ദ്രശേഖരൻ * ദിഗംബരൻനീലകണ്ഠൻസർപ്പാ
ഭരണഭൂഷിതൻ വലംകയ്യിൽസംസ്കരിച്ചരത്നമാലധരിച്ചവൻ * ബ്ര
ഹ്മജ്യോതിസ്സന്തതവുമഞ്ചുവക്ത്രംകൊണ്ടുംജപിപ്പവൻ സത്യസ്വരൂപനാംകൃ
ഷ്ണൻപരമാത്മാപരമേശ്വരൻ * കാരണൻകാരണങ്ങൾക്കും സർവ്വമംഗ
ലമംഗലൻ ജന്മമൃത്യുജരാവ്യാധിശോകഭീതിഹരൻപരൻ* സ്തുതിച്ചിട്ടു
കാലകാലൻതന്നെമൃത്യുഞ്ജയാഖ്യനായ് മുൻപിൽഹരൻതാൻസിംഹാ
സനത്തിങ്കലിരുന്നതേ.

ശ്രീദേവീഭാഗവതം മഹാപുരാണം നവമസ്കന്ധം
പ്രകൃതിഖണ്ഡം
രണ്ടാമദ്ധ്യായം.

മൂന്നാമദ്ധ്യായം!

ശ്രീനാരായണൻ പറഞ്ഞു.

ബ്രഹ്മാവിന്റെവയസ്സൊടുങ്ങിയിട്ടണ്ടാമത്തേല കാലംസമ്പൂ
ർണ്ണമാനപ്പോൾശൂന്യമായിട്ടുപിന്നെതാ* ഉണ്ടായതിൽബാലനേകൻശത
കോടിരവിപ്രഭൻ പിതാക്കളുമാതൃക്കളുമായജലത്തിൽഗതിയെന്നി
യേ * സ്തന്യപാനവുമില്ലാതെവിശന്നാറാംകരഞ്ഞുടൻ ബ്രഹ്മാണ്ഡ

ങ്ങൾക്കീശ, നനാഥൻപോൽ തോല്പിച്ചിട്ടാക്കിനാൻ • സ്ഥൂലത്തിലും
സൂക്ഷ്മത്തിൽ, വിരാട്ടെന്നാണവൻ പേർ അണ്ഡാവിൽ വെച്ചുണ്ടല്ലോ
സ്ഥൂലസൂക്ഷ്മങ്ങളിൽ വെച്ചവൻ • കൃഷ്ണന്റെ ശക്തിയിൽ ഷോഡശാം
ശമാകുന്നിതാശിത്രു വിരാഡായാൻ മഹാവിഷ്ണുരായ പ്രകൃതിസംഭവൻ
• ഇവന്റെയാരോമകൂപത്തോറും വിശ്വങ്ങളെല്ലാമുണ്ടവ തൻ സം
ഖ്യയെ ചൊല്ലുവാൻ ശക്തരാകുന്നില്ലാരുമേ! • ഉണ്ണിക്കുളം പാംസുക്കളെ പാ
ണിവിശങ്ങളെണ്ണുവാൻ അതുപോലറിവാൻ മേലാ ബ്രഹ്മവിഷ്ണുശിവ
സംഖ്യയും • വിശ്വത്തിലെല്ലാമുണ്ടല്ലോ ബ്രഹ്മവിഷ്ണുശിവാദികൾ
പാതാളംതൊട്ട് 'ബ്രഹ്മാണ്ഡം' സത്യലോകംവരെയുള്ളതാം • അതിന്നു
വെളിയിൽ മീതെ വൈകുണ്ഠം മുനിസത്തമ! ഗോലോകമതിന്നു മീതെ വി
സ്താരം കോടിയോജന പത്തു • നിത്യം സത്യസ്വരൂപം ശ്രീകൃഷ്ണനെപ്പോലെ
താനത്രേ ദ്വീപുകളേഴും ഏഴുവീതമുണ്ടിപ്പൃഥിയിൽ • നാല്പത്തൊൻ
പതുപദ്വീപും ബഹുശൈലവനങ്ങളും മേലേയുണ്ടേഴുലോകങ്ങൾ ബ്ര
ഹ്മലോകംവരെയുള്ളതായ് • ഏഴുകീഴിലുമവ്വണ്ണം ബ്രഹ്മാണ്ഡമിതുതാനമു
നേ! ധരയ്ക്കു മേലിൽ ഭൂർലോകം ഭുവർലോകമനന്തരം • അതിന്നു മേൽ
സ്വർല്ലോകം ജനലോകമതിന്നു മേൽ തപോലോകമതിൽ പിന്നെ സ
ത്യലോകമതിന്നു മേൽ • ബ്രഹ്മലോകമതിൻ മീതെ മറ്റൊന്നില്ല നി
റഞ്ഞതു • അങ്ങുമിങ്ങും എല്ലാമോർത്താൽ കൃത്രിമമായതാകയും ഇ
വയെല്ലാം നാശകാലത്തിൽ നശിച്ചീടുന്നശേഷവും • ജലബുദ്ബുദങ്ങൾ പോ
ലെ നിത്യം വിശ്വങ്ങളെല്ലാമതാകയും ഗോലോകം വൈകുണ്ഠലോകം രണ്ടും നി
ത്യമകൃത്രിമം • രോമകൂപങ്ങൾതോറും ബ്രഹ്മാണ്ഡങ്ങളെയെണ്ണുവാൻ
ശ്രീകൃഷ്ണനും സാദ്ധ്യമാകില്ലന്യർ തൻ കഥയെന്തുരാകുമോ? • ബ്രഹ്മാണ്ഡം
തോറുമുണ്ടോരോ ബ്രഹ്മവിഷ്ണുശിവാദികൾ മുപ്പത്തുമുക്കോടിദേവന്മാരു
ണ്ടോരോന്നിലുമങ്ങനെ • ദിക്പാലന്മാരുമെല്ലാനക്ഷത്രങ്ങൾ ഗ്ര
